# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ജൂലൈ 29, വ്യാഴം

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

402/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യം- വനിത-ശിശു വികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..86

**II അടിയന്തരപ്രമേയം**

നിയമസഭയിൽ നടന്ന പ്രതിഷേധങ്ങളെ സംബന്ധിച്ച കേസ്

— ശ്രീ. പി. ടി. തോമസ്

(അവതരണാനുമതി നിഷേധിച്ചു) ..424

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കയർ മേഖലയ്ക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ്

— ശ്രീ. പി. പി. ചിത്തരഞ്ജൻ ..441

**IV സബ്മിഷൻ**

(1) അമൽകൃഷ്ണയുടെ തിരോധാനം

— ശ്രീ. എൻ. കെ. അക്ബർ ..445

(2) കോളനി നിവാസികളുടെ പുനരധിവാസം

— ശ്രീ. ടി. ഐ. മധുസൂദനൻ ..446

(3) ക്ഷാമബത്ത കുടിശ്ശിക

— ശ്രീ. ഡി. കെ. മുരളി ..448

(4) നാഷണൽ കൺസ്ട്രക്ഷൻ &ഇൻഫ്രാസ്ട്രക്ചർ അക്കാദമി

— ശ്രീ. ജി. എസ്. ജയലാൽ ..449

*പേജ്*


(5) ടൂറിസം സർക്യൂട്ട്

— ശ്രീ. എം. എസ്. അരുൺകുമാർ ..450

(6) സൗജന്യ ഓൺലൈൻ റെയിൽവേ യാത്രാ റിസർവേഷൻ

— ശ്രീ. കെ. ബാബു (നെന്മാറ) ..452

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 166 (1), 47 (2) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ ..453

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ..458

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ..458

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ..458

**VIII ധനകാര്യം**

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും. ..458

ധനാഭ്യർത്ഥന നമ്പർ IX - വാഹനന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ജൂലൈ 29, വ്യാഴം*

| വാല്യം 185] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2021 ജൂലൈ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151.

### മരംമുറി ഉത്തരവിൽ നിയമോപദേശം

1 (*151) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നതുസംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11-3-2020-ന് ഇറക്കിയ ഉത്തരവിന് ഹൈക്കോടതി സ്റ്റേ നിലനിന്ന കാലയളവിൽ കോടതിവിധിയെ മറികടക്കുന്ന രീതിയിൽ 24-10-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവ് നിയമാനുസൃതമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ നിയമങ്ങളിലും ചട്ടങ്ങളിലും പട്ടയഭൂമിയിലെ ചന്ദനം, ഈട്ടി, എബണി, തേക്ക്, കരിമരം എന്നീ മരങ്ങൾ മുറിക്കാൻ സാധിക്കില്ലെന്ന് നിഷ്കർഷിച്ചിരിക്കെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഒരു ഉത്തരവിലൂടെ ഇതിനെ മറികടന്നത് നിയമ വിരുദ്ധമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 4-10-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന് നിയമവകുപ്പിൽനിന്നോ എ.ജി.-യിൽനിന്നോ നിയമോപദേശം ആരാഞ്ഞിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് നൽകിയ നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, (എ) 11-3-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച യു.3/187/2019/ റവന്യൂ നമ്പർ പരിപത്രം റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 8-7-2020-ലെ WP(C)No.13678/2020 കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത പരിപത്രം രണ്ടാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് 24-10-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച സ.ഉ.(കൈ)നമ്പർ 261/2020/റവന്യൂ നമ്പർ ഉത്തരവ് റദ്ദാക്കുന്നതിന് റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഒരു കരട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സമുണ്ടോയെന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി) ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ലെന്നും അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നുമുള്ള അഭിപ്രായം അറിയിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ കരട് ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും നിയമവകുപ്പ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ടും 1964-ലെ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ടുവരണമെന്ന് ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, കഴിഞ്ഞ ദിവസം ഇവിടെ ബഹുമാന്യനായ ശ്രീ. എ. പി. അനിൽ കുമാർ ഒരു വിഷയം ഉന്നയിച്ചിരുന്നു. ചോദ്യം ചോദിക്കുന്ന അംഗങ്ങൾക്ക് ഉത്തരം നേരത്തെ ലഭ്യമായെങ്കിൽ മാത്രമെ അത് വായിച്ച് ഉപചോദ്യങ്ങൾ കൃത്യമായി ചോദിക്കാനുള്ള സൗകര്യമുണ്ടാകൂ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന സമയത്ത് മാത്രമാണ് ഉത്തരം നമുക്ക്

സ്ക്രീനിൽ ലഭ്യമാകുന്നത്. മുൻകാലങ്ങളിൽ ചോദ്യം ചോദിക്കുന്ന അംഗങ്ങൾക്ക് കവറിൽ ഉത്തരം കൃത്യമായി ലഭിക്കുമായിരുന്നു. അതുകൊണ്ടുതന്നെ അതിനനുസരിച്ച് കൃത്യമായി ഉപചോദ്യങ്ങൾ തയ്യാറാക്കാനുള്ള സൗകര്യമുണ്ടായിരുന്നു. ഇക്കാര്യം പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട ചെയർ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നതാണെങ്കിലും ഇതുവരെ അതുണ്ടായിട്ടില്ല. ഒന്നുകൂടി ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

2020 മാർച്ചിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കെത്തന്നെ അതിനെ മറികടക്കുന്ന തരത്തിൽ അല്ലെങ്കിൽ അതിന് കടകവിരുദ്ധമായ ഒരു ഉത്തരവ് പ്രിൻസിപ്പൽ സെക്രട്ടറി വീണ്ടും പുറത്തിറക്കിയതിനെ സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്താൻ നിയമ വകുപ്പ് തയ്യാറാകുമോ; മരം മുറി പോലുള്ള വിവാദമായ കേസുകളിലെ പ്രതികളെയും കൊള്ളക്കാരെയും സഹായിക്കാനായി ഇത്തരത്തിലുള്ള ഉത്തരവുകൾ ഇറക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിലെ തെറ്റായ ഒരു പരാമർശം ഉപചോദ്യത്തിൽ ആവർത്തിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ 2020 ജൂലൈ 11-ന് ഇറക്കിയത് ഒരു സർക്കുലറാണ്, ഉത്തരവല്ല. സർക്കുലറിന് പരിമിതിയുണ്ട്. 1964-ലെ ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-ൽ വന്ന ഭേദഗതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ആ സർക്കുലർ. പക്ഷെ അതൊരു സർക്കുലറായതിന്റെകൂടി അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് സ്റ്റേ ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി ആ ഇന്ററിം സ്റ്റേ ഒന്നുകൂടി റിവൈസ് ചെയ്ത് ചില മാറ്റങ്ങൾകൂടി വരുത്തിയിട്ടുണ്ട്. അത് നിലനിൽക്കുമ്പോൾ മറ്റൊരു ഉത്തരവ് വന്നു എന്നുള്ളത് കോൺട്രഡിക്ടറിയല്ല. 1986-ലെ The Kerala Preservation of Trees Act പ്രകാരമാണ് 2017-ലെ ഉത്തരവ് വന്നതെങ്കിൽ, 2005-ലെ Kerala Promotion of Tree Growth in Non-Forest Areas Act-നെ അടിസ്ഥാനപ്പെടുത്തിയാണ് രണ്ടാമത്തെ ഗവൺമെന്റ് ഓർഡർ വന്നത്. എന്നാൽ ആ ഗവൺമെന്റ് ഓർഡറിൽ ചില അവ്യക്തത വന്നു എന്നുള്ളതുകൊണ്ടാണ് പിന്നീട് അത് റദ്ദാക്കുന്ന സമീപനത്തിലേയ്ക്ക് എത്തിയത്. അതിന്റെ ഭാഗമായാണ് റദ്ദാക്കുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം ആരാഞ്ഞത്. സാധാരണഗതിയിൽ ഒരു നിയമത്തെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് ഓർഡർ ഇറക്കുന്ന ഘട്ടത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടേണ്ടതില്ല. എന്നാൽ നിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചട്ടമാണെങ്കിൽ നിയമ വകുപ്പ് വെറ്റ് ചെയ്ത് കൊടുക്കേണ്ടതുണ്ട്. പക്ഷേ ഇത് ഉത്തരവാണ്. അതിൽ

ആശയക്കുഴപ്പം വന്നതിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കുന്ന ഉത്തരവ് എങ്ങനെയായിരിക്കണം എന്ന് നിയമ വകുപ്പിനോട് ആരായുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ചോദിച്ചത് നിയമ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല. ഏതെങ്കിലും മേഖലയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ suo moto അന്വേഷണം ഏറ്റെടുക്കാനുള്ള അധികാരം നിയമ വകുപ്പിനില്ല. നിയമോപദേശം നൽകാനേ കഴിയൂ. അത് വളരെ ശരിയായ രൂപത്തിൽത്തന്നെ ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. 1964-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട് എന്നുള്ളതാണ് നൽകിയിട്ടുള്ള ഉപദേശം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സാങ്കേതികമായി എന്തൊക്കെ ന്യായവാദങ്ങൾ ഉന്നയിക്കാമെങ്കിലും ഈ ഉത്തരവുകളുടെ ഉദ്ദേശ്യലക്ഷ്യം എന്തായിരുന്നു എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിക്കുണ്ടായ സംശയത്തിന്റെയടിസ്ഥാനത്തിലാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ നിശിതമായ വിമർശനം നടത്തിയതെന്ന് പത്ര-മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചിട്ടുണ്ട്. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഈ കേസുണ്ടായി നിരവധി ദിവസങ്ങളായിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാൻ അന്വേഷണ ഉദ്യോഗസ്ഥർ തയ്യാറാകാത്തത് ഗുരുതരമായ വീഴ്ചയാണ്. പ്രതികളുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനുശേഷം, ഇന്നലെ മാത്രമാണ് അവരെ ഇത്രയും നാളുകൾക്കുശേഷം അറസ്റ്റ് ചെയ്യാൻ അന്വേഷണ ഉദ്യോഗസ്ഥരും സർക്കാരും തയ്യാറായത്. ഇതിൽനിന്നുതന്നെ ഒരു കാര്യം വ്യക്തമാണ്, കോടതിയുടെ നിർദേശങ്ങൾക്കും ഇടപെടലുകൾക്കുമനുസരിച്ച് മാത്രമാണ് ഈ കേസിന്റെ അന്വേഷണം നടക്കുന്നതും പ്രതികളെ അറസ്റ്റ് ചെയ്യാൻപോലും തയ്യാറാകുന്നതും എന്നത് വ്യക്തമായിരിക്കെ കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം മുന്നോട്ട് കൊണ്ടുപോകണമെന്ന് നിയമ വകുപ്പ് ശിപാർശ ചെയ്യുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നിയമ വകുപ്പിന്റെ അധികാര പരിമിതിയെ സംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ പരാമർശത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിൽ ഒരു ഭാഗം ശരിയാണ്. മാധ്യമങ്ങളിൽ വന്ന ഒരു ഭാഗമാണ് അദ്ദേഹം കണ്ടത്. "Even assuming that the Government Order was not cancelled or stayed by this Court, still that does not affect an assignment or condition in the assignment that was issued way back in 1974. Even going by the Government Order dated, 24-10-2020 such a tree could be cut down or felled by the assignee only if he had paid the value of

the timber of the reserved tree" - ഇതാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പ്രതികളുടെ ജാമ്യാപേക്ഷ തള്ളിക്കൊണ്ടുള്ള ഉത്തരവിന്റെ ഇരുപത്തിയഞ്ചാമത്തെ പാരഗ്രാഫിൽ പറയുന്നത്. റദ്ദാക്കിയില്ലെങ്കിൽപ്പോലും പട്ടയം കിട്ടിയ ആളുടെ അവകാശങ്ങൾ ഇല്ലാതാകുന്നില്ല. ഈ ഗവൺമെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിലാണെങ്കിൽത്തന്നെ മുൻകൂട്ടി അനുമതി വാങ്ങേണ്ടതുണ്ടായിരുന്നു. ഈ പാരഗ്രാഫിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നുണ്ട്, "It is true that an assignee is entitled to cut and remove trees which were grown or planted by him subsequent to the assignment". അത് വളരെ കൃത്യമായിത്തന്നെ ഉത്തരവിൽ പറയുന്നുണ്ട്. 1960-ലെ നിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് 1964-ലെ ചട്ടം. അതിൽ 10(3)-ൽ അപ്പെൻഡിക്സ് (A)-യിൽ ഏതെല്ലാം മരങ്ങൾ മുറിക്കാം, മുറിക്കാൻ പാടില്ല എന്നുള്ളത് പറയുന്നുണ്ട്. 2017-ൽ ഈ ചട്ടം ഭേദഗതി ചെയ്തപ്പോൾ '(4) രാജകീയ മരങ്ങൾ' എന്നുള്ള ഷെഡ്യൂൾ ഇല്ലാതായി. 2017-നുശേഷം പട്ടയം നൽകിയ ഭൂമിയിൽ രാജകീയ മരങ്ങളുൾപ്പെടെ മുറിക്കാനുള്ള അവകാശം യഥാർത്ഥത്തിൽ 2017-ലെ ഭേദഗതി ചെയ്ത ചട്ടപ്രകാരം നിലനിൽക്കുന്നുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് നേരത്തെ ഇവിടെ സൂചിപ്പിച്ച സർക്കുലർ ഇറങ്ങിയത്. എന്നാൽ പിന്നീട് ഇറക്കിയ ഉത്തരവ് 2005-ലെ Kerala Promotion of Tree Growth in Non-Forest Areas Act-നെ അടിസ്ഥാനപ്പെടുത്തിയാണ്. അതിൽ S.6-ൽ പറയുന്നത് ചന്ദനമൊഴികെയുള്ള ഏത് മരവും മുറിക്കാമെന്നുള്ളതാണ്. അതിൽ ഒരു പ്രൊവിസോ ഉണ്ട്. പട്ടയം കിട്ടുന്നതിനുമുമ്പുള്ളത് റിസർവ്ഡാണെന്ന് അതിൽ പറയുന്നുണ്ട്. ഈ ആക്ട് പ്രകാരമോ ഫോറസ്റ്റുമായി ബന്ധപ്പെട്ട മറ്റൊരു ആക്ട് പ്രകാരമോ നോട്ടിഫൈ ചെയ്ത ഏരിയയിൽ ഏതുതരത്തിലുള്ള മരങ്ങളാണെങ്കിലും മുറിക്കാൻ പാടില്ല. ഇതാണ് പ്രൊവിസോയിൽ പറയുന്ന മൂന്ന് കണ്ടിഷൻ. ഈ ഉത്തരവ് വേണമെങ്കിൽ ശരിയാണെന്ന് പറയാം. പക്ഷെ പ്രൊവിസോ സ്പെസിഫിക്കായി പറഞ്ഞിട്ടില്ല. എന്നാൽ 1964-ലെ ചട്ടവുമായി നോക്കുമ്പോൾ ഈ ഉത്തരവ് നിലനിൽക്കുന്നതല്ല. അതാണ് അത് സംബന്ധിച്ച് പറയാനുള്ളത്. ഇന്റൻഷൻ വളരെ ക്ലിയറാണ്. കർഷകർക്ക് അവർ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചെടുക്കാനുള്ള അവകാശമാണ് ഇന്റൻഷൻ. അത് സഭയുടെയും കേരളീയ സമൂഹത്തിന്റെയും പൊതുവികാരമാണ്. ആ ഇന്റൻഷൻ അനുസരിച്ച് ഇവിടെ നിരവധി യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത കക്ഷി നേതാക്കളുടെ യോഗങ്ങളും നടന്നിട്ടുണ്ട്. അതിന്റെയെല്ലാം പരിണിതഫലമായാണിത് വന്നത്. അപ്പോൾ ഇങ്ങനെയൊരു പ്രശ്നമുണ്ടായി. സർക്കുലറിന്റെ പരിമിതി കണ്ടതിനാൽ അത് റദ്ദാക്കി. ജി.ഒ.-യും ഓപ്പൺ എൻഡഡാണെന്ന് വേണമെങ്കിൽ വ്യാഖ്യാനിക്കാം. അതുകൊണ്ട് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അത് റദ്ദ് ചെയ്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച 24-10-2020-ൽ പുറപ്പെടുവിച്ച ഉത്തരവ് അങ്ങേയ്ക്കുമറിയാമല്ലോ. ഈ ഗവൺമെന്റ് ഓർഡർ പ്രകാരം ചന്ദനമൊഴികെയുള്ള എല്ലാ മരങ്ങളും മുറിക്കുന്നതിന് ഉത്തരവായി. അങ്ങ് പറയുന്നതനുസരിച്ചാണെങ്കിൽ ഗവൺമെന്റ് ഉത്തരവിറക്കണമെങ്കിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടണമെന്നാണ്. നിയമ വകുപ്പിന്റെ അഭിപ്രായം തേടി. ഞാൻ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ചോദിച്ചത് -പ്രസ്തുത ഉത്തരവ് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോയെന്നും എങ്കിൽ നിയമ വകുപ്പിന്റെ ഉപദേശം എന്തായിരുന്നുവെന്നും പറയാമോ; എന്നതാണ്. അതിനു ലഭിച്ച മറുപടി 3-12-2020-ലെ നിയമ വകുപ്പിന്റെ (ജി) (ഒപ്പീനിയൻ-ജെ) അഭിപ്രായം ആരാഞ്ഞിട്ടുണ്ട്, നിയമവകുപ്പിന്റെ ഉപദേശം അനുബന്ധമായി ചേർക്കുന്നു എന്നാണ്. ആ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നത് ഈ ഉത്തരവിറക്കിയതിനുശേഷമാണ് നിയമവകുപ്പിനോട് ചോദിച്ചിട്ടുള്ളത് എന്നാണ്. നിയമവകുപ്പിന്റെ അഭിപ്രായം എന്താണെന്ന് അങ്ങ് പരിശോധിക്കണം. ഇപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉത്തരവുകൾ പാസ്സാക്കുന്നതോ നേരിട്ട് തടസ്സപ്പെടുത്തുന്നതോ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുമെന്നാണ് ഉത്തരവിനകത്ത് പറഞ്ഞിരിക്കുന്നത്. നിയമവകുപ്പിനോട് താമസിച്ചാണ് ഒപ്പീനിയൻ ചോദിക്കുന്നത്. 3-12-2020-ലായിരുന്നു നിയമവകുപ്പിന്റെ ഒപ്പീനിയൻ. അതേസമയം ഉത്തരവിറക്കുന്നത് അതിന് വളരെ മുൻപാണ്. നിയമവകുപ്പിനോട് ചോദിക്കുന്നത് അതിനുശേഷമാണ്. 'ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ല' എന്ന അങ്ങയുടെ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയനോടൊപ്പം അങ്ങ് നിൽക്കുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് ആ ഉത്തരവ് വായിച്ചപ്പോഴുണ്ടായ ആശയക്കുഴപ്പമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമവകുപ്പിന്റെ ഉത്തരവാണ് ഞാൻ വായിച്ചത്. അതിൽ ആശയക്കുഴപ്പമുണ്ടെങ്കിൽ അങ്ങാണ് തിരുത്തേണ്ടത്.

മി. സ്പീക്കർ: അദ്ദേഹം പറയട്ടെ.

ശ്രീ. പി. രാജീവ്: സർ, അത് വായിച്ചപ്പോഴുണ്ടായ പ്രാഥമിക ആശയക്കുഴപ്പമാണ്. നിയമത്തെയും ചട്ടത്തെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അതത് ഭരണ വകുപ്പുകളാണ് ഒരു ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. അങ്ങനെയൊരുത്തരവ് പുറപ്പെടുവിക്കുമ്പോൾ സാധാരണഗതിയിൽ നിയമവകുപ്പിന്റെ അനുമതി തേടേണ്ടതില്ല. ഈ ഉത്തരവിലും നിയമവകുപ്പിന്റെ

അനുമതി തേടിയിട്ടില്ല. അതുകൊണ്ട് അത് തെറ്റല്ല. അങ്ങനെ അഭിപ്രായം തേടാതെ ഇറക്കിയത് പ്രശ്നമാണെന്ന് ഞങ്ങൾക്ക് ഉപദേശം നൽകിയിട്ടില്ല. അത് നൽകാനും കഴിയില്ല. കാരണം ഇത് റദ്ദാക്കുന്നതിനായി മറ്റൊരു ഉത്തരവ് ഭരണ വകുപ്പ് തയ്യാറാക്കിയിരുന്നു. ആ ഉത്തരവിൽ അവർ കണ്ടീഷൻസും വച്ചിട്ടുണ്ടായിരുന്നു. അങ്ങനെയൊരു ഉത്തരവ് മതിയാകുമോ? ഈ പ്രശ്നമാണ് ഞങ്ങളുടെ മുൻപിൽ വന്നത്. അല്ലാതെ ആദ്യത്തെ ഉത്തരവിനെക്കുറിച്ചുള്ളതല്ല. ഇത് റദ്ദാക്കുമ്പോൾ ഒരു പുതിയ ഉത്തരവിന്റെ വ്യവസ്ഥകളെ സംബന്ധിച്ച് ഭരണ വകുപ്പ് തയ്യാറാക്കിയ കരടിൽ അവർ ചില വ്യവസ്ഥകൾ പറഞ്ഞിട്ടുണ്ട്. അത് പോരായെന്ന് ഞങ്ങൾ കണ്ടു. അത് സംബന്ധിച്ചായിരുന്നു ഞങ്ങളുടെ ഉപദേശം. അങ്ങ് തെറ്റിദ്ധരിച്ചതുപോലെ ആദ്യത്തെ ഉത്തരവിനെ സംബന്ധിച്ചല്ല. ഞങ്ങൾ ഇങ്ങനെ പറഞ്ഞതിനുശേഷമല്ല, അതിന് മുൻപാണ് ഉത്തരവിറക്കിയിരിക്കുന്നത്. അതുകൊണ്ട് എങ്ങനെ ധൈര്യം കാട്ടിയെന്ന പറയാൻ കഴിയില്ല. ആദ്യത്തെ ഉത്തരവ് നിയമാനുസൃതമല്ല, ഈ കരടുകൊണ്ട് പ്രശ്നം പരിഹരിക്കാൻ കഴിയില്ല, അതിന് 1964-ലെ ചട്ടത്തിനകത്താണ് ഭേദഗതി വരുത്തേണ്ടതെന്ന് വളരെ സ്പെസിഫിക്കായിട്ടാണ് നിയമ വകുപ്പ് പറഞ്ഞിട്ടുള്ളത്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് അത് റദ്ദാക്കിയത്. റദ്ദാക്കിയപ്പോൾ പുതിയ ഒരു ഉത്തരവിറങ്ങിയിട്ടില്ല. നിയമ വകുപ്പ് പറഞ്ഞത് പൂർണ്ണമായും റവന്യൂ വകുപ്പ് അംഗീകരിച്ചു. അതിന്റെ ഭാഗമായാണ് റദ്ദാക്കിയെന്നുള്ള ഉത്തരവു മാത്രമിറക്കിയത്. മറ്റ് കാര്യങ്ങൾ എങ്ങനെ വേണമെന്ന് പിന്നീട് ചർച്ച ചെയ്ത് ഭരണവകുപ്പിനോ ഗവൺമെന്റിനോ തീരുമാനിക്കാവുന്നതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് സമർപ്പിച്ച സത്യവാങ്മൂലത്തിൽ 534 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. ഇത് മരം മോഷണമാണ്. ജാമ്യമില്ലാത്ത വകുപ്പനുസരിച്ച് കേസ്സെടുക്കേണ്ടതാണ്. പക്ഷെ, നാളിതുവരെയായി ഒരു അറസ്റ്റും നടന്നിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെത്തുടർന്ന് ഇന്നലെയാണ് അറസ്റ്റുണ്ടായത്. യഥാർത്ഥത്തിൽ ഇത് പ്രതികൾക്ക് രക്ഷപ്പെടാനും തെളിവുകൾ നശിപ്പിക്കാനുമുള്ള ഒരവസരം ഗവൺമെന്റ് മനഃപൂർവ്വം ഉണ്ടാക്കിക്കൊടുക്കുകയാണെന്ന് പരക്കെ ആക്ഷേപമുണ്ട് എന്നതാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 24-10-2020-ലെ ഉത്തരവിന്റെയടിസ്ഥാനത്തിൽ മരം മുറിക്കുന്നതിനെ സംബന്ധിച്ച് വ്യക്തതയ്ക്കുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, രണ്ടുമൂന്ന് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഇവിടെ ഗവൺമെന്റ് എടുത്ത സമീപനം വ്യക്തമാണ്. ഇതിന്റെ നിയമപരമായ പ്രശ്നങ്ങളാണ് ഞാൻ നേരത്തേ വിശദീകരിച്ചത്. ഈ പ്രൊവൈസോയിലുള്ള കാര്യം ഇതിനകത്ത് സ്പെസിഫൈ ചെയ്യാത്തതുകൊണ്ട് വേണമെങ്കിൽ വ്യാഖ്യാനിക്കാനുള്ള അവസരമുണ്ട്. കാരണം 1964-ലെ ചട്ടത്തിൽ സംരക്ഷിത വനങ്ങളെക്കുറിച്ചും പട്ടയം കൊടുക്കുന്നതിനെക്കുറിച്ചും കൃത്യമായ വ്യവസ്ഥ പറഞ്ഞിട്ടുണ്ട്. The full right over all the trees within the grant and specified in the Schedule vests in the Government and the assignee is bound to take care of all such trees standing on the land at the time of assignment or that may come into existence subsequent to it. സംരക്ഷിക്കാനും നിലവിലുള്ളതിനെ വളർത്തിക്കൊണ്ടുവരാനുമുള്ള അവകാശമാണ് രാജകീയ മരത്തിനെക്കുറിച്ചുള്ളത്. ഇത് പോയ ഭാഗമാണ്. പുതിയത് വന്നപ്പോൾ ഓപ്പൺ എൻഡഡാണ്. അതുപയോഗിച്ചുകൊണ്ടാണ് നേരത്തേ പറഞ്ഞതു പോലെയുള്ള തെറ്റായ പ്രവൃത്തി നടന്നിട്ടുള്ളത്. അത് ശ്രദ്ധയിൽപ്പെട്ടയുടൻ ഗവൺമെന്റ് കർശനമായ നടപടികൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാർ നേരത്തേ വിശദീകരിച്ചതായതുകൊണ്ടും ഞങ്ങളുടെ വകുപ്പിന്റെ പരിധിയിൽ വരാത്തതായതുകൊണ്ടും ഞാനതിലേയ്ക്ക് അധികം പോകുന്നില്ല. അത് നല്ല രീതിയിൽ ഗവൺമെന്റ് ടേക്ക് അപ് ചെയ്തു. ശക്തമായ അന്വേഷണം നടത്തി. അതിന്റെ ഭാഗമായി അറസ്റ്റും നടന്നു. ബാക്കി കാര്യങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം ഗവൺമെന്റ് നല്ല ഇച്ഛാശക്തിയോടുകൂടി ഇടപെട്ടു എന്നതിന്റെ തെളിവാണ് ഈ കേസുകൾ രജിസ്റ്റർ ചെയ്തതും അറസ്റ്റ് നടത്തിയതും. അഴിമതിക്കെതിരെ ഈ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നുവെന്നതിന്റെ ഏറ്റവും പ്രകടമായ തെളിവാണിത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങയുടെ മറുപടി ഭൂരിഭാഗവും രാഷ്ട്രീയവും അല്പം ഭരണപരവുമാണ്. അങ്ങ് പറഞ്ഞുവരുന്നത് നിയമവകുപ്പിന്റെ ഉപദേശം തേടിയത് ഒക്ടോബറിലെ ഉത്തരവ് റദ്ദ് ചെയ്യണമോ വേണ്ടയോ എന്ന കാര്യത്തിലാണ്. അതിനു വേണ്ടായെന്ന് മറുപടിയും പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ 11-3-2020-ൽ ഇറക്കിയ ഈയൊരു ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തപ്പോൾ അതിനെ മറികടന്നുകൊണ്ടാണ് ഒക്ടോബർ മാസം മറ്റൊരു ഉത്തരവ് ഗവൺമെന്റ് ഇറക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യുമ്പോൾ അതിനെ മറികടന്നുകൊണ്ട് മറ്റൊരു ഉത്തരവിറക്കുമ്പോൾ നിയമവകുപ്പിന്റെ ഉപദേശം തേടണോ; വേണ്ടയോ; ഇക്കാര്യത്തിൽ നിയമവകുപ്പുമന്ത്രിയെന്ന നിലയ്ക്ക് അങ്ങയുടെ അഭിപ്രായമെന്താണ് എന്നറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ ചോദ്യങ്ങളെല്ലാം രാഷ്ട്രീയമാണ്. ഞാൻ ആദ്യഭാഗത്തെല്ലാം പറഞ്ഞ മറുപടി കൃത്യമായും നിയമത്തെ അടിസ്ഥാനമാക്കിയാണ്. ഒടുവിൽ രാഷ്ട്രീയമായ ചോദ്യം വന്നപ്പോൾ സ്വാഭാവികമായും അതിന് രാഷ്ട്രീയമായി പ്രതികരിക്കുകയെന്നുള്ളത് എന്റെ ഉത്തരവാദിത്വമാണ്. അത് ചോദ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പ്രതികരണം തന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഇപ്പോൾ ചോദിച്ചതും ഈ അവ്യക്തതയിൽ നിന്നാണ്. ആദ്യത്തേത് ഉത്തരവല്ല, പരിപത്രമാണ്. ആ സർക്കുലർ സ്റ്റേ ചെയ്തു. അത്രയേ ബഹുമാനപ്പെട്ട അംഗം കണ്ടിട്ടുള്ളൂ. ആ സ്റ്റേ ചെയ്ത ഓർഡർ പിന്നീട് കോടതി മോഡിഫൈ ചെയ്തിട്ടുണ്ട്. അത് അങ്ങ് കണ്ടിട്ടില്ല. പിന്നീട് വന്ന ഉത്തരവ് ആദ്യത്തെ പരിപത്രത്തെ ക്യാൻസൽ ചെയ്തുകൊണ്ടുള്ള ഉത്തരവല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ ചോദ്യം സ്പെസിഫിക്കാണ്.

ശ്രീ. പി. രാജീവ്: സർ, അതിലേയ്ക്കാണ് വരുന്നത്. ഉത്തരം പറയാനുള്ള അവകാശം എനിക്കുണ്ടല്ലോ. അങ്ങ് ആഗ്രഹിക്കുന്നതുപോലെ മറുപടി പറയാൻ എനിക്കു പറ്റിയെന്നു വരില്ലല്ലോ. വസ്തുതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു മാത്രമല്ലേ മറുപടി പറയാൻ കഴിയൂ. ഏത് രൂപത്തിലാണ് ഒരു ഉത്തരവിറക്കുകയെന്നുള്ളത് ഭരണവകുപ്പിന്റെ വിവേചനാധികാരമാണ്. നിയമ വകുപ്പിനോട് ചോദിക്കുന്ന കാര്യങ്ങൾ നിയമത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ചട്ടമാണെങ്കിൽ സാധാരണഗതിയിൽ വകുപ്പിന്റെ അംഗീകാരം തേടേണ്ടതുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഇത് പുതിയ ഉത്തരവാണ്, പരിപത്രത്തെ ക്യാൻസൽ ചെയ്തുകൊണ്ടുള്ള ഉത്തരവല്ല. ഏത് വിധത്തിലാണ് ഉത്തരവ് ഇറക്കുക എന്നുള്ളത് ഭരണവകുപ്പിന്റെ വിവേചനാധികാരമാണ്. ചട്ടമാണെങ്കിൽ വകുപ്പിന്റെ അംഗീകാരം തേടണം. ഇത് പുതിയ ഉത്തരവാണ്, സർക്കുലർ ക്യാൻസൽ ചെയ്ത ഉത്തരവല്ല. നിയമവകുപ്പിന്റെ മുൻപിൽ വന്നപ്പോൾ, അങ്ങ് പറഞ്ഞതല്ല ഞങ്ങൾ ചെയ്തത്, റദ്ദ് ചെയ്യേണ്ടതില്ല എന്ന് നിയമോപദേശം നൽകിയെന്ന അങ്ങയുടെ പരാമർശം രേഖയിൽ കിടക്കുന്നുവെന്നുള്ളതുകൊണ്ട് പറയുകയാണ്, അങ്ങനെയല്ല, റദ്ദ് ചെയ്യണം, എന്നാൽ ഈ ഉത്തരവ് പോരാ. അവരുടെ കരട് ഉത്തരവ് ഉണ്ടായിരുന്നു. ആ ഉത്തരവുകൊണ്ട് ഈ പ്രശ്നം പരിഹരിക്കില്ല. അതിനുവേണ്ടത് 1964-ലെ ചട്ടത്തിലെ ഭേദഗതിയാണ്. 1960-ലെ നിയമത്തെ അടിസ്ഥാനപ്പെടുത്തി 1964-ലെ ചട്ടമനുസരിച്ചാണ് പട്ടയം നൽകുന്നത്. ആ പട്ടയത്തിലെ വ്യവസ്ഥകൾക്ക് മാറ്റം വരണമെങ്കിൽ സ്വാഭാവികമായും 1964-ലെ ചട്ടമാണ് ഭേദഗതി ചെയ്യേണ്ടത്. ഇതാണ് നിയമവശം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ പ്രശ്നത്തിന് രണ്ട് വശങ്ങളുണ്ട്. ഒന്ന് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ഇത് നിയമവകുപ്പിന് പോകണമെന്ന് ഫയലിൽ എഴുതിയിട്ടുണ്ടായിരുന്നു. എന്നാൽ നിയമവകുപ്പിലേയ്ക്ക് പോയാലുണ്ടാകുന്ന അപകടം മനസ്സിലാക്കി നിയമവകുപ്പിലേയ്ക്ക് അയയ്ക്കാതെ റവന്യൂ വകുപ്പ് ഒക്ടോബർ 24-ാം തീയതി ഈ ഉത്തരവ് ഇറക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്, അന്ന് നിയമവകുപ്പിന്റെ മുമ്പിൽ ഇത് എത്തിയിട്ടില്ലായിരുന്നു. പക്ഷെ 3-12-2020-ൽ ഇതുസംബന്ധിച്ച് നിയമ വകുപ്പ് പറഞ്ഞ അഭിപ്രായം 'പതിവ് നൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും അതിന്റെ നിബന്ധനകളും 1964-ലെ ഭൂപതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പേടേണ്ടതാകയാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ല; അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പേടേണ്ടതാണ് എന്നാണ്. അതായത് സർക്കാർ മാർച്ചിൽ ഇറക്കിയ സർക്കുലറും ഒക്ടോബർ 24-ന് ഇറക്കിയ ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ല, അവ റദ്ദ് ചെയ്യപ്പെടേണ്ടതാണ് എന്ന നിയമവകുപ്പിന്റെ അഭിപ്രായം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇന്നലെ റവന്യൂ വകുപ്പുമന്ത്രി ആ ഉത്തരവിനെ പല്ലും നഖവും ഉപയോഗിച്ച് ഈ സഭയിൽ ന്യായീകരിച്ചത്. ആ നിയമവകുപ്പിന്റെ അഭിപ്രായം കയ്യിൽ വച്ചുകൊണ്ട് ആ ഉത്തരവിനെ ന്യായീകരിക്കുകയാണുണ്ടായത്. ഞാൻ ഇവിടെ ഇന്നലെ അവതരിപ്പിച്ച ക്രമപ്രശ്നത്തിലും പറഞ്ഞതാണ് 1964-ലെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്താൽ മാത്രമേ അത്തരത്തിലുള്ള ഒരു ഉത്തരവ് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇതുതന്നെയാണ് ഇപ്പോൾ നിയമവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്, അത് നൂറ് ശതമാനം ശരിയാണ്, ഞാൻ യോജിക്കുന്നു. എന്റെ ക്രമപ്രശ്നത്തിലെ പ്രധാനപ്പെട്ട പ്രശ്നം എന്നത് ചട്ടം ഭേദഗതി ചെയ്ത് കൊണ്ടുവരേണ്ട ഉത്തരവ് ചട്ടം നിലനിൽക്കുമ്പോൾ കൊണ്ടുവന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്നുള്ളതാണ്. ഇപ്പോൾ വളരെ കൃത്യമായി, നിയമവകുപ്പ് അതിന് വ്യക്തത തന്നു. അത്തരത്തിൽ പുറപ്പെടുവിച്ച സർക്കുലറും ഉത്തരവും നിയമവിരുദ്ധമാണെന്ന് വ്യക്തമായിരിക്കെ, ഇതിലെ കൂട്ടുത്തരവാദിത്വം മറന്നുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി ഇതിനെ ഈ സഭയിൽ ന്യായീകരിച്ചത് ശരിയാണോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചത് മുഖ്യചോദ്യത്തിന്റെ പരിധിക്കകത്ത് വരുന്ന ഉപചോദ്യമല്ല. നിയമവകുപ്പ് ഉപദേശം നൽകുകയും അതുസംബന്ധിച്ച് ഏത് രൂപത്തിൽ പ്രവർത്തിക്കണം എന്ന് തീരുമാനിക്കുന്നത് ഭരണവകുപ്പുമാണ്. അവർക്ക് വേണമെങ്കിൽ മറ്റ് രീതിയിൽ

പരിശോധിക്കാം. അത് collective responsibility-യെ ബാധിക്കുന്നതല്ല. കൂട്ടുത്തരവാദിത്വ നിർവ്വഹണത്തിൽ ഓരോ വകുപ്പിനും നിയതമായ ചുമതലകൾ നിശ്ചയിച്ചിട്ടുണ്ട്. നിയമവകുപ്പ് ഉപദേശം നൽകുകയും ഭരണ വകുപ്പ് അത് അടിസ്ഥാനപ്പെടുത്തി ഒരു തീരുമാനത്തിലെത്തുകയുമാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച മറ്റ് ഭാഗങ്ങൾ ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ല, എന്നാലും ഏറെ സന്തോഷമുണ്ട്. നിയമപരമായി അദ്ദേഹത്തിന് കാര്യങ്ങൾ അറിയാവുന്നതുകൊണ്ട്, മറ്റ് അംഗങ്ങളിൽനിന്നും വ്യത്യസ്തമായി ഞങ്ങൾ നൽകിയ മറുപടിയെല്ലാം ശരിയാണെന്ന് പറഞ്ഞതിൽ ഏറെ സന്തോഷമുണ്ട്.

## സാമ്പത്തിക പുനരുജ്ജീവന പദ്ധതി

2(*152) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി വരുമാനം കുറയുന്ന സാഹചര്യത്തിൽ സർക്കാർ ചെലവും കുറഞ്ഞാൽ അത് ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിന് വഴിവെക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) സാമ്പത്തിക വളർച്ച തിരിച്ചുപിടിക്കാൻ ചെലവുകൾ ഉയർത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിൽ സർക്കാർ പ്രഖ്യാപിച്ച ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾക്കൊള്ളുന്നതെന്ന് അറിയിക്കാമോ;

(സി) സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; ഇത്തരം വായ്പ പദ്ധതികളിൽ പലിശയിളവ് നൽകുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു, അത് ഇപ്പോഴും തുടരുകയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ

തുടർച്ചയും നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും കോവിഡും സംസ്ഥാനത്ത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. മേൽ പ്രതിപാദിത വിഷമഘട്ടത്തിൽ സാധാരണ ജനജീവിതവും പൊതുജനാരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാണ് സർക്കാരിന്റെ പ്രഥമ പരിഗണന. അതിനാൽ സാമൂഹ്യ ക്ഷേമ, ആരോഗ്യ മേഖലകളിൽ അധിക ചെലവ് വഹിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ആയത് പരിഗണിക്കുമ്പോൾ ഉയർന്ന വരുമാന കമ്മിയും ധനകമ്മിയുമുണ്ടാകുവാൻ സാധ്യതയുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ഉറപ്പുവരുത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ബഡ്ജറ്റിന് പുറത്തുനിന്നും പണം കണ്ടെത്തേണ്ടതുള്ളതു കൊണ്ടുതന്നെ ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യ പൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ തുടരുന്നതാണ്.

(ബി) ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരമെന്നു തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പി ക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തി വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കും. പലിശയുടെ ഒരു ഭാഗം സംസ്ഥാന സർക്കാർ വഹിക്കും. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി

ഉപയോഗപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും പരമാവധി ഉപയോഗപ്പെടുത്തും. സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(i) Co-operative Initiative for Agriculture Infrastructure in Kerala (CAIK) : കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ ഒരു പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണ്. മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് കഴിയും. ഇതിലൂടെ പഴം, പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വില്പന സൗകര്യങ്ങൾ, കാർഷിക ഉൽപന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടാൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കണമെന്നതാണ് ഉദ്ദേശ്യം.

(ii) തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാപദ്ധതി: കാർഷിക- വ്യാവസായിക- സേവനമേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22 ൽ 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(iii) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ: 2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. 5 ലക്ഷം രൂപ വരെയുള്ള വായ്പയെല്ലാം 4 ശതമാനം പലിശ നിരക്കിൽ ലഭ്യമാക്കും. മേൽ പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശയിളവ് വഹിക്കുന്നതിനായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, സംസ്ഥാന ജി.ഡി.പി.-യുടെ 3.5%-ൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രസർക്കാർ അനുവദിക്കാത്ത ഈ സാഹചര്യത്തിലും ഒന്നിനും ഒരു കുറവ് വരുത്താതെ ജനങ്ങളിലേയ്ക്ക് പണം പമ്പ് ചെയ്ത് കേരളത്തിന്റെ

സാമ്പത്തികരംഗം മുന്നോട്ട് നയിക്കുന്ന സർക്കാരിനെയും ധനകാര്യവകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളാ ബാങ്കിന്റെ ജനകീയ ബാങ്കിംഗ് മാതൃകാപരമാണ്. മറ്റ് ബാങ്കുകൾ അവർ സമാഹരിക്കുന്ന തുകയുടെ വളരെ ചെറിയ ശതമാനം മാത്രമാണ് നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം എസ്.ബി.ഐ. 2,05,000 കോടി രൂപ കേരളത്തിൽനിന്നും സമാഹരിച്ചു. എന്നാൽ വെറും 87,000 കോടി രൂപ മാത്രമാണ് കേരളത്തിന് വായ്പയായി നൽകിയത്. കേരളത്തിലെ കൊമേഴ്സ്യൽ ബാങ്കുകളുടെ വായ്പ അളവ് വർദ്ധിപ്പിക്കാൻ കഴിയുംവിധം ഈ ബാങ്കുകളുടെ ഒരു കൗൺസിൽ രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ബാങ്കുകളുടെ കൗൺസിൽ രൂപീകരിക്കുക എന്ന ആശയത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. അതിൽ നിയമപരമായും സാങ്കേതികവുമായ പ്രശ്നങ്ങളുണ്ട്. കാരണം അത് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടതാണ്. എന്നാൽ കേരളത്തിന് ആവശ്യമായ ലോൺ, നമ്മുടെ നിക്ഷേപവും വായ്പയും തമ്മിലുള്ള പരിധി സംബന്ധിച്ച് പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും, പ്രത്യേകിച്ച് പൊതുമേഖലാ ബാങ്കുകൾ എടുക്കുന്ന നിലപാടുകളിൽ നേരത്തെയും ശക്തമായ വിമർശനങ്ങളുണ്ടായിട്ടുണ്ട്. കൂടുതൽ നിക്ഷേപത്തിനായി ഇത്തരം ബാങ്കുകൾ ശ്രമിക്കേണ്ടതാണ്. അതിന് ഏറ്റവും ശക്തമായി ഗവൺമെന്റ് ഇടപെടുന്നതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, നേരത്തെ മന്ത്രി സൂചിപ്പിച്ചതുപോലെ പ്രളയവും മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധിമൂലം സാമ്പത്തികരംഗത്ത് കേരളം വളരെ പ്രയാസം അനുഭവിക്കുന്നുണ്ട്. ജനങ്ങൾക്ക് വരുമാനമില്ല, നികുതി വരുമാനം കുറയുന്നു, കമ്പോളം സ്തംഭിച്ചു, സ്വകാര്യ സംരംഭങ്ങൾ പണമിറക്കാൻ മടിക്കുന്നു അതുപോലെ കേന്ദ്ര വിഹിതവും കുറഞ്ഞു. ഇവിടെ വിഭവ സമാഹരണത്തിനും കുറഞ്ഞ പലിശയ്ക്ക് ധനം സമാഹരിക്കാനും കേന്ദ്രത്തിന് ഒട്ടേറെ സാധ്യതകളുണ്ട്. ഈ പ്രതിസന്ധികളിലും വൻതോതിൽ ക്ഷേമപദ്ധതികളും വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്ന സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് തീർച്ചയായും വളരെ നല്ലൊരു നിർദ്ദേശമാണ്. കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കേണ്ടതാണ്. പ്രവാസി മേഖലയുമായി ബന്ധപ്പെട്ട്

ഈ കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്. കാരണം കേരളത്തിലേയ്ക്ക് ഏറ്റവും കൂടുതൽ നിക്ഷേപം വന്നുകൊണ്ടിരുന്ന പ്രവാസി മേഖല നിലവിൽ സ്തംഭനാവസ്ഥയിലാണ്. അതുകൂടാതെ തോട്ടം മേഖലയിലൂൾപ്പെടെ ഒരു പ്രത്യേക പാക്കേജ് അനുവദിക്കേണ്ടതാണ് എന്നുള്ള അഭിപ്രായം നമുക്കുണ്ട്. അതുകൊണ്ട് കേരളത്തിനായി കോവിഡുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാം. അതോടൊപ്പം ഒരു കാര്യം കൂടി മനസ്സിലാക്കണം, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഈ പ്രത്യേക അവസ്ഥയിൽ ഇതുപോലുള്ള ആവശ്യങ്ങൾ ചോദിക്കുകയാണ്. കേരളത്തിന് ചില പ്രത്യേക മേഖലയിൽ സഹായം വേണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ട് സംസാരിക്കുന്നുണ്ട്. ഇതിന്റെ പ്രത്യേകതകളെല്ലാം ഉന്നയിച്ചുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെക്കണ്ട് സംസാരിച്ചതിൽ പ്രവാസികളുടെ വിഷയവും മറ്റ് കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും ശക്തമായി നേരിട്ട് ഇടപെടാൻ കഴിയുന്ന സ്ഥലം ഇന്ത്യൻ പാർലമെന്റാണെന്നിരിക്കെ നമ്മുടെ എം.പി.മാർ ഇക്കാര്യത്തിൽ നല്ലതുപോലെ ഇടപെടണം. പ്രവാസികളുടെയും തോട്ടം മേഖലയുടെയും വലിയൊരു സമൂഹം കേരളത്തിലുണ്ട്. കേരളത്തിന്റെ ഇത്തരത്തിലുള്ള പ്രത്യേകതകൾ ചൂണ്ടിക്കാണിച്ച് പാക്കേജിനുവേണ്ടിയും പ്രത്യേക ശ്രദ്ധയ്ക്കുവേണ്ടിയും ഇടപെടൽ നടത്തുന്നതിന് ഈ ഗവൺമെന്റ് മുന്നിലുണ്ടാകും. എല്ലാവരുമൊന്നിച്ച് നമുക്ക് അക്കാര്യം ശ്രമിക്കാവുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റിന്റെ സമീപനം സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം കുറയുകയും സംസ്ഥാനങ്ങളുടെ ബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്യുന്നത് ഈ പ്രതിസന്ധികൾക്കിടയിൽ അധികഭാരം വഹിക്കുന്നതിന് ഇടയാക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഇത്തരം കാര്യങ്ങളുടെ ഭാഗമായി നമുക്ക് ഏറ്റെടുക്കേണ്ടിവരുന്ന ബാദ്ധ്യത പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽവച്ചിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റ് സർച്ചാർജ്ജും സെസ്സും ഇനത്തിൽ പിരിക്കുന്ന പങ്കുവയ്ക്കേണ്ടാത്ത നികുതികളിൽ ഒരു ഭാഗം സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ഇടപെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ചോദ്യത്തിലെ ആദ്യഭാഗം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതം കുറയുന്നുവെന്നുള്ളതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോംസ്തന്നെ സംസ്ഥാനത്തിന് നേരത്തെയുള്ളതിനേക്കാളും ബാദ്ധ്യത

വരുത്തുന്നുണ്ട്. അത് കൊണ്ടുവരുന്ന ആകെ സാമ്പത്തിക ബാദ്ധ്യതകളെക്കുറിച്ച് കൃത്യമായ ഒരു നോട്ടീസ് ലഭിച്ച് പരിശോധിച്ചാൽ മാത്രമേ മറുപടി പറയാൻ കഴിയൂ. രണ്ടാം ഭാഗത്ത് ചോദിച്ചത്, നിലവിൽ സജീവമായി ചർച്ച ചെയ്യുന്ന സാമ്പത്തിക രംഗത്തെ പുതിയ പ്രവണത സംബന്ധിച്ചാണ്. ഇന്നലെ പാർലമെന്റിൽ കൊടുത്ത മറുപടിയനുസരിച്ച് പെട്രോളിയത്തിന് ആറേമുക്കാൽ ലക്ഷം കോടിയോളം രൂപ അധികനികുതി ലഭിച്ചതായാണ് ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളത്. സാധാരണഗതിയിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കുംകൂടി രണ്ട് ലക്ഷത്തോളം കോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ ഇപ്പോൾ നാലേകാൽ ലക്ഷത്തോളം കോടി രൂപ പെട്രോളിയത്തിന്റെ അഡീഷണൽ സെസ്സായി കേന്ദ്ര സർക്കാരിന് ലഭിച്ചു. ഇത് പുതിയതായിവന്ന സംവിധാനമാണ്, സാധാരണഗതിയിൽ വരുന്നതല്ല. ഇന്ത്യയിലെ പെട്രോളിയം കമ്പനികളുടെ ലാഭം നാലും അഞ്ചും മടങ്ങായി വർദ്ധിച്ചു. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കാണ്. സ്വകാര്യമേഖലയിലെ വലിയ കമ്പനികളുടെ കണക്ക് ഇതിൽ വരില്ല. കോവിഡിന്റെ ഈ ദുരിതകാലത്ത് പെട്രോളിയം കമ്പനികളുടെ ലാഭം നാലും അഞ്ചും മടങ്ങായി വർദ്ധിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റിന് ലഭിച്ച ഡിവോൾവ് ചെയ്യേണ്ടതല്ലാത്ത നികുതി ആർബിട്രറിയായി എന്നുപറയേണ്ടിവരും. അങ്ങനെ നികുതിയായി നാലേകാൽ ലക്ഷം കോടി രൂപ കളക്റ്റ് ചെയ്തുവരുന്ന സാഹചര്യത്തിൽ അതിശക്തമായി ഈ വിഷയം ഉന്നയിക്കാനും വിവിധ സംസ്ഥാനങ്ങളുടെ പ്രതിനിധികളെ ഇടപെടുത്തി അടുത്ത ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യം ശക്തമായി ഉന്നയിക്കാനും കേരളം മുൻകയ്യെടുക്കും. അതിനുവേണ്ടി എല്ലാവരെയും ചേർത്ത് ശക്തമായ നിലപാട് സ്വീകരിക്കും.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേരളം വലിയ സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് പോകുന്ന സംസ്ഥാനമായി മാറിക്കഴിഞ്ഞു. കേരളം എല്ലാ മേഖലകളിലും വലിയ തോതിൽ സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അവയിൽ പലതും ഇന്ന് നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. കെ.എസ്.ആർ.ടി.സി. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനുവേണ്ടി വർഷംതോറും ആയിരക്കണക്കിന് കോടി രൂപയാണ് വിനിയോഗിക്കപ്പെടുന്നത്. ഈ സ്ഥാപനങ്ങളെ കൂടുതൽ ആധുനികവത്കരിച്ചുകൊണ്ടും എക്സ്പെർട്ടുകളുടെ സഹായത്തോടുകൂടിയും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭകരമാക്കി മാറ്റിയാൽ നമുക്കുണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കാൻ കഴിയുമോ; അത്തരം കാര്യങ്ങളെക്കുറിച്ച് വ്യവസായ വകുപ്പുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ ആകെ ലാഭകരമാക്കുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് നടത്തിയ പഠനങ്ങളെപ്പറ്റി വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. ലാഭകരമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമെന്നുറപ്പാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഇപ്പോഴത്തെ അവസ്ഥയിൽ നികുതി പിരിച്ചെടുക്കുന്നതിന് വലിയ പ്രയാസങ്ങൾ നിലനിൽക്കുമ്പോൾ നികുതി ദായകരോട് സൗഹാർദ്ദ സമീപനം പുലർത്തിക്കൊണ്ട് നികുതിചോർച്ച ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നികുതിച്ചോർച്ച ഒഴിവാക്കാൻവേണ്ടി ഏറ്റവും സജീവമായ പ്രവർത്തനങ്ങളാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ പ്രവർത്തനങ്ങളിൽത്തന്നെ കൃത്യമായ ആധുനികവൽക്കരണം നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. കോവിഡിന്റെ ഘട്ടമായതിനാൽ കടകമ്പോളങ്ങളെല്ലാം അടഞ്ഞുകിടക്കുന്നു, കച്ചവടം നടക്കുന്നില്ല, വരുമാനമാർഗ്ഗമില്ല തുടങ്ങിയ പരിമിതികളുണ്ട്. ആധുനിക സാങ്കേതികവിദ്യയായ ഐ.ടി. അധിഷ്ഠിത സർവ്വീസ് ഉപയോഗിച്ചുകൊണ്ട് വ്യവസായികളുടെ പൊതുവായ വരുമാനത്തെക്കുറിച്ച് എന്തെങ്കിലും ഒളിച്ചു വയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. പുറത്തു നിന്നുവരുന്നതും വരാത്തതുമായ കാര്യങ്ങളെക്കുറിച്ചൊക്കെ പഠനം നടത്തുന്നുണ്ട്. വകുപ്പിനെ ആധുനികവത്കരിച്ച് കുറച്ചുകൂടി ഊർജ്ജിതമാക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കിഫ്ബിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി.-യിൽനിന്ന് ഏറ്റെടുത്ത് കിഫ്ബി നേരിട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതായി വാർത്ത കണ്ടു. പി.ഡബ്ല്യൂ.ഡി.-യെ ഒഴിവാക്കി കിഫ്ബി നേരിട്ട് ഈ വർക്കുകൾ ഏറ്റെടുക്കാനുള്ള കാരണമെന്താണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് അടുത്ത ചോദ്യത്തിൽ വരുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോവിഡ് സ്റ്റിമുലസ് പാക്കേജ് എന്ന പേരിൽ 20,000 കോടി രൂപയുടെ പാക്കേജ് മുൻധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അങ്ങയുടെ ബഡ്ജറ്റിലും അതിനെക്കുറിച്ച് പരാമർശമുണ്ട്. 20,000 കോടി രൂപയുടെ സ്പ്ലിറ്റ് അപ്പ് പരിശോധിക്കുമ്പോൾ 10,000 കോടി രൂപയിലധികം കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുക്കാനും ഒരു വലിയ തുക മഹാത്മാഗാന്ധി

തൊഴിലുറപ്പ് പദ്ധതിക്കും സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക കൊടുക്കാനും കുടുംബശ്രീയുടെ വായ്പയുമൊക്കെയായിട്ടാണ് വരുന്നത്. ഇവയെല്ലാം committed expenditures ആണ്. പ്രവൃത്തി ചെയ്താൽ കരാറുകാർക്ക് കാശുകൊടുക്കണം. അതിനെ സ്റ്റിമുലസ് പാക്കേജ് എന്നോ കോവിഡ് പാക്കേജെന്നോ വിശേഷിപ്പിക്കാൻ കഴിയില്ല. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർവഴി സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസമായി 6,000 രൂപയും ഈ മേഖലയിൽ ജീവൻ പണയപ്പെടുത്തി ജോലിചെയ്യുന്ന ആരോഗ്യ മേഖലയിലെ സർക്കാർ ജീവനക്കാർക്കും പോലീസുകാർക്കും മറ്റ് സംസ്ഥാനങ്ങൾ കൊടുത്തതുപോലെ റിസ്ക് അലവൻസോ അധിക ശമ്പളമോ ആയും കൊടുക്കുന്ന രീതിയിൽ യഥാർത്ഥ കോവിഡ് സ്റ്റിമുലസ് പാക്കേജ് സഭയ്ക്ക് മുമ്പാകെ പ്രഖ്യാപിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോവിഡ് സ്റ്റിമുലസ് പാക്കേജ് കേരളത്തിൽ നടപ്പാക്കിയതിനെത്തുടർന്ന് വലിയ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലാകെയുള്ള സാമ്പത്തിക വിദഗ്ദ്ധരായ ആളുകൾ അതുസംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അവരൊന്നും കാര്യം മനസിലാക്കാത്തവരല്ല. ആളുകളുടെ കയ്യിൽ പണം പരമാവധി കിട്ടത്തക്കവിധത്തിലുള്ള സ്കീമുകളാണ് സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമായി നടത്തുന്നത്. കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്ത് പ്രഖ്യാപിച്ചതും ഇതേ മാതൃകയിൽത്തന്നെയാണ്. വ്യവസായത്തിനും വ്യാപാരികൾക്കും എം.എസ്.എം.ഇ.-യിലെ ചില പ്രത്യേക കാറ്റഗറിക്കുമൊക്കെ വലിയ തോതിൽ പലിശ കുറച്ച് പണം കൊടുക്കുമെന്ന പദ്ധതിയിപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതെല്ലാം ഇവിടെ വിശദമായി ചർച്ച ചെയ്തതാണ്. 2,800 കോടി രൂപ ആരോഗ്യ മേഖലയ്ക്ക് പ്രത്യേകമായിട്ടുണ്ട്. ഇതുസംബന്ധിച്ച ചില ചർച്ചകളും തർക്കങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ട്. അതിൽ ചിലത് പ്രതിപക്ഷത്തിന് ബോദ്ധ്യപ്പെടാൻ കഴിയില്ല. ഇനി എത്ര തവണ പറഞ്ഞാലും കഴിയുകയുമില്ല. എന്നാലും ജനങ്ങളുടെ കയ്യിലേയ്ക്ക് പണം വരുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തു. ടൂറിസവും പ്രാഥമിക സഹകരണ സംഘങ്ങളുൾപ്പെടെയുള്ള എല്ലാ മേഖലകളും വിചാരിക്കുന്നതിന്റെ അത്രയും സ്പീഡിൽ വന്നിട്ടുണ്ടെന്ന് അഭിപ്രായമില്ല. നിർമ്മാണ ആവശ്യങ്ങൾക്ക്, പുതിയ വാല്യൂ ആഡഡ് പ്രോഡക്ടിനുവേണ്ടി രാഷ്ട്രീയത്തിനതീതമായി എല്ലാവരും മുൻകയ്യെടുക്കണം. അത്തരത്തിലല്ലാതെ കേരളത്തിന് ഈ പ്രതിസന്ധിയിൽനിന്ന് മുന്നോട്ടു പോകാൻ കഴിയില്ല എന്ന നിലപാട് തന്നെയാണ്. കോൺട്രാക്ടർമാർക്ക് പണംകൊടുത്തതും പെൻഷൻകൊടുത്തതും ചെറിയ കാര്യമായി കാണരുത്. ആ പണം കമ്പോളത്തിലേയ്ക്ക് വരുന്നതാണ്. കമ്പോളത്തിലേയ്ക്ക് വരുന്ന പണം സജീവമാകും. അതാണ് ആ പാക്കേജ് കൊണ്ടുദ്ദേശിക്കുന്നത്. വ്യാപാരികളെയും

വ്യവസായികളെയും ചെറുകിടക്കാരെയുമെല്ലാം സഹായിക്കാനുള്ള പദ്ധതി നടപ്പിലാക്കി പണലഭ്യത ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, കോവിഡ് പാക്കേജിനെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. എല്ലാത്തിനും പണം ആവശ്യമാണ്, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനം നിലവിൽ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പ്രധാനപ്പെട്ട വരുമാനമാർഗ്ഗം ചെക്ക് പോസ്റ്റ് സംവിധാനമായിരുന്നു. അതിനെന്ത് ബദൽ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, One country, one tax എന്ന കൺസെപ്റ്റിന്റെ ഭാഗമായാണ് ചെക്ക് പോസ്റ്റുകൾ ഇല്ലാതാക്കുകയെന്ന സംവിധാനം വന്നത്. ചെക്ക് പോസ്റ്റില്ലാതായാലും പഞ്ചാബിൽനിന്നോ ഹരിയാനയിൽനിന്നോ മറ്റേത് സ്ഥലത്തുനിന്നോ അയയ്ക്കുന്നത് E-way ബിൽ വഴി ട്രാക്ക് ചെയ്യാം. അതിന് ജി.എസ്.ടി.എൻ. എന്ന ഒരു നാഷണൽ നെറ്റ്‌വർക്കുണ്ട്. എന്നാൽ പ്രയോഗത്തിൽ ഇപ്പോഴും ചില കാര്യങ്ങൾ അല്ലാതെയും വരുന്നുണ്ടെന്നാണ് വകുപ്പ് മനസ്സിലാക്കുന്നത്. ചെക്ക് പോസ്റ്റില്ലാതെയായി എന്നതുകൊണ്ട് അല്ലെങ്കിൽ പുതിയ സംവിധാനം വന്നതുകൊണ്ട് ടാക്സ് ഇവേഷൻ പൂർണ്ണമായി ഒഴിവാക്കിയിട്ടില്ല. എന്നാലും കുറേയേറെ കാര്യങ്ങൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ ടെക്നോളജി വരുമ്പോൾ പുതിയ തരത്തിലുള്ള സൂത്രങ്ങൾ ആളുകൾ കണ്ടുപിടിക്കും. അത് മനസ്സിലാക്കാൻ വകുപ്പ് സജീവമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അത് ചെക്ക് ചെയ്യാൻ പറ്റുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ചീഫ് വിപ്പ്(ഡോ. എൻ. ജയരാജ്)</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ മാന്ദ്യ കാലത്ത് മണി സപ്ലൈ/വർദ്ധിപ്പിക്കുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. മണി സപ്ലൈ സ്വാഭാവികമായും മാർക്കറ്റിലേയ്ക്ക് വരുന്നതാണ്. അത് സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമാണെന്നുള്ള വിവരം സ്വാഭാവികമായി അറിയാവുന്നതാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തിന് ലഭിക്കാനുള്ള സെസ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതലായി കേന്ദ്ര ഗവൺമെന്റിന് ലഭിക്കുമ്പോഴും ഡിവിസിബിൾ പൂളിൽനിന്ന് സ്വാഭാവികമായിത്തന്നെ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം എത്രയാണ്; അതിൽനിന്നുള്ള തുക കുറവ് വരുത്തിയിട്ടുണ്ടോ; എത്രയാണ് ഇപ്പോൾ ലഭിക്കാനുള്ളതെന്നതിനെ സംബന്ധിച്ച് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത് ഇന്നലെ വളരെ വിശദമായി പറഞ്ഞതാണ്. ഡിവിസിബിൾ പൂളിൽനിന്ന് നമ്മുടെ വിഹിതം ഓരോ ധനകാര്യ കമ്മീഷൻ കഴിയുമ്പോഴും കുറഞ്ഞുവരികയാണ്. 1980-കളിൽ 3.92 ആയിരുന്നു. കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ സമയത്ത് അത് 2.45 ആയിരുന്നു. ഈ ധനകാര്യ

കമ്മീഷന്റെ സമയത്ത് അത് 1.92 ആക്കി. വലിയതോതിലുള്ള നഷ്ടമാണ് കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് വരുന്നത്. മാനദണ്ഡങ്ങൾ ഏകപക്ഷീയമാക്കി മാറ്റിയതിന്റെ പ്രശ്നങ്ങളുണ്ട്. നമ്മൾ അതിൽ കൂടുതൽ സജീവമായി ഇടപെട്ടുകൊണ്ട് വലിയതോതിൽ പ്രചരണം നടത്തുകയാണ്. പക്ഷെ നമുക്ക് വലിയ നഷ്ടമുണ്ടാക്കുന്ന തീരുമാനങ്ങളാണ് ധനകാര്യ കമ്മീഷന്റെ ഭാഗമായി വന്നിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ മന്ത്രി നേരത്തെ മറുപടി പറഞ്ഞപ്പോൾ പ്രവാസികളെ സഹായിക്കണമെന്ന് പറഞ്ഞു. കേന്ദ്ര സർക്കാർ തന്നാൽ പ്രവാസികൾക്ക് ലഭ്യമാക്കാം. അതിനുവേണ്ടി നമ്മൾ എല്ലാപേരുംകൂടി ശ്രമിക്കണമെന്ന് പറഞ്ഞു. ഇവിടെ സൂചിപ്പിക്കാനുള്ളത്, ഇപ്പോൾത്തന്നെ 10 ലക്ഷം പ്രവാസികൾ കേരളത്തിലേയ്ക്ക് മടങ്ങിവന്നു. വർഷത്തിൽ ഒരു ലക്ഷം കോടി രൂപയുടെ വിദേശ പണമാണ് കേരളത്തിലേയ്ക്ക് വന്നിരുന്നത്. നമ്മുടെ സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ലായി പ്രവർത്തിച്ചവരാണ് പ്രവാസികൾ. മുമ്പ് നിതാഖത്തും പ്രശ്നങ്ങളുമുണ്ടായപ്പോൾ നാമമാത്രമായെങ്കിലും അവർക്ക് ചില സഹായങ്ങൾ കൊടുത്തിരുന്നു. ഇപ്പോൾതന്നെ പ്രവാസികളിൽ പലരും ഇവിടെ തട്ടുകടയും ചെറിയ കൃഷിയും ആരംഭിച്ചുകഴിഞ്ഞു. ഇങ്ങനെ ഉപജീവനത്തിന് വിവിധ മാർഗ്ഗങ്ങൾ അവർ തേടിക്കൊണ്ടിരിക്കുകയാണ്. സ്റ്റിമുലസ് പാക്കേജിന്റെ ഭാഗമായി നമ്മൾ ഓരോരുത്തർക്കും കൊടുക്കുന്ന തുക അവരുടെ സാമ്പത്തിക ഉത്തേജനത്തിനും പുനരുജ്ജീവനത്തിനും ആവശ്യമാണ് എന്നുള്ള നിലയിലാണ്. അതിന്റെ ഭാഗമായിട്ടെങ്കിലും പ്രവാസികൾക്ക് സംസ്ഥാനത്തിന്റേതായ ചില സഹായങ്ങളും പദ്ധതികളും പ്രഖ്യാപിക്കുകയെന്നത് മര്യാദയല്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പ്രവാസികളുടെ കാര്യങ്ങൾ ഇപ്പോൾ ആദ്യമായി ആലോചിക്കുകയല്ല. അവർക്കുവേണ്ടി ചില പദ്ധതികൾ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽത്തന്നെ നോർക്ക വകുപ്പ് ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ മോഡിഫൈഡ് ബഡ്ജറ്റ് സ്പീച്ചിനകത്തും ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പ്രവാസികൾക്കുവേണ്ടി വളരെ കുറഞ്ഞ പലിശയിൽ എടുക്കാവുന്ന 1000 കോടിയോളം രൂപയുടെ ചില സ്കീമുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ അത്തരം കാര്യങ്ങൾ കൂടുതലായി നടപ്പിലാക്കുന്നതിന് കൂട്ടായ പ്രവർത്തനം വേണം. പതിനാല് ലക്ഷം ആളുകളാണ് ഇപ്പോൾ കേരളത്തിലേയ്ക്ക് തിരിച്ചുവന്നിട്ടുള്ളത്. അതിൽ നാല് ലക്ഷം ആളുകൾ ജോലിയുള്ളവരല്ല. പത്ത് ലക്ഷം ജോലിയുള്ള ആളുകൾ വന്നിട്ട് തിരിച്ചുപോകാൻ കഴിയാതെ നിൽക്കുന്നുണ്ട്. ആ വസ്തുത കേരളത്തെ ബാധിക്കുന്നതാണ്. ഇപ്പോൾത്തന്നെ രണ്ടോളം പ്രധാനപ്പെട്ട പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, സംസ്ഥാനം പ്രതിസന്ധികളിലൂടെ പോകുമ്പോഴും നിരവധി പദ്ധതികൾ നടപ്പിലാക്കാൻ ഒന്നാം പിണറായി സർക്കാരിന് കഴിഞ്ഞു. ഒരു പ്രശ്നം, എം.എൽ.എ.-മാരുടെ ഫണ്ട് അടക്കമുള്ളവ കൃത്യമായി മോണിറ്ററിംഗ് ചെയ്യുന്നതിനുവേണ്ടിയുള്ള ഇടപെടൽ ശക്തമാക്കാൻ ഐ.ഐ.ഐ.ടി.എം.-ന്റെ സാങ്കേതിക സഹായത്തോടുകൂടി പ്ലാൻ സ്പെയിസിന് രൂപം കൊടുത്തിരുന്നു. എല്ലാവരും പ്രതിസന്ധികളെപ്പറ്റി പറയുമ്പോഴും, കാത്ത് ലാബുകളാണെങ്കിലും 140 സ്കൂൾ കെട്ടിടങ്ങളാണെങ്കിലും ആശുപത്രി കെട്ടിടങ്ങളാണെങ്കിലും എല്ലാം അതിലൂടെ ഇപ്പോൾത്തന്നെ ചെയ്യുകയാണ്. സമയബന്ധിതമായി മോണിറ്ററിംഗ് ചെയ്യുന്നതിനുവേണ്ടി പ്ലാൻ സ്പെയിസിനെ കൂടുതൽ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. പ്ലാൻ സ്പെയിസ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മോണിറ്ററിംഗ്, ഇംപ്ലിമെന്റേഷൻ രീതികൾ പരിശോധിക്കാനും കൂടുതൽ സജീവമായി ഇടപെടുന്നതാണ്.

## അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്ക്

3 (*153) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകത്തക്കവിധം അടിസ്ഥാന സൗകര്യ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പദ്ധതി അവലോകനം, മേൽനോട്ടം, സാങ്കേതിക പരിശോധന എന്നിവ മികച്ച രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് കിഫ്ബി അനുവർത്തിക്കുന്ന നടപടിക്രമം വ്യക്തമാക്കാമോ;

(ഇ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബിവഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനില്ക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കിവരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നല്കികൊണ്ട് വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ് ആക്ടിൽ (KIF Act) നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസിലൂടെയും, മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിക്ക് നൽകുന്ന തുകയിൽ ഏതെങ്കിലും കാരണത്താൽ കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്. കിഫ്ബിമുഖേന നാളിതുവരെ ആകെ 63257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനുപുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടുപോകുന്നത്.

(ബി) ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധനാ വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും, ഒബ്സർവേഷൻ മെമ്മോകളും എസ്.പി.വി.-ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സർവേഷൻ മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

(i) ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കാനും സൈറ്റ് പരിശോധിക്കാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനമാണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തുനടത്തുന്നു.

(ii) ഡ്രോൺ ബേസ്ഡ് ക്വാളിറ്റി/പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശ ചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെ പുരോഗതി മനസ്സിലാക്കുകയും ചെയ്യുന്നു.

(iii) സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു.

(iv) നോൺ-ഡിസ്ട്രക്ടീവ് ടെസ്റ്റിംഗ് എക്യുപ്മെന്റ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

(v) ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ: നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിഫ്ബി ഓഫീസിൽ ഇരുന്നുതന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു.

(vi) നെറ്റ്‌വർക്ക് ലാബ് സിസ്റ്റം: നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാൻ സാധിക്കുന്ന അത്യാധുനിക ടെസ്റ്റിംഗ് ലാബ്.

ടെക്നിക്കൽ റിസോഴ്സ് സെന്റർ: സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ്.പി.വി.-കൾക്ക് ആവശ്യമുള്ള സാങ്കേതികസഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നു.

ഇതോടൊപ്പം കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിലെ ചട്ടങ്ങൾക്കനുസൃതമായാണ് നടന്നുവരുന്നതെന്ന് പരിശോധിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബിവഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്നപക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തുനിന്നും നൽകിവരുന്നു.

(ഡി) സംസ്ഥാന ബഡ്ജറ്റിലൂടെയോ മന്ത്രിസഭായോഗ തീരുമാനങ്ങളിലൂടെയോ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളാണ് കിഫ്ബിയിൽ പരിഗണിക്കപ്പെടുന്നത്. ഇങ്ങനെ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ വിശദമായ പദ്ധതി അവലോകനത്തിനുശേഷം യോഗ്യമായവ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നു.

(ഇ) കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി

ഏർപ്പെടുത്തേണ്ടിവന്ന ലോക്ഡൗൺ സാഹചര്യങ്ങൾ പൊതുസമൂഹത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതിനൊപ്പം, സർക്കാരിന്റെ നികുതി വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി. പ്രതികൂലമായ ഈ സാഹചര്യത്തിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിലും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാന സർക്കാർ അതീവജാഗ്രത പുലർത്തിയിരുന്നു. നികുതിയിനത്തിൽ കാര്യമായ കുറവ് അനുഭവപ്പെട്ടപ്പോഴും, കിഫ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള വിഹിതം കിഫ്ബിക്ക് കൃത്യമായി നൽകുന്നതിൽ സർക്കാർ ജാഗ്രത പുലർത്തി. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസ്സമില്ലാതെ തുടരാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസ്സമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി. ഏതാണ്ട് 13000 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ സാധിച്ചു. സുസജ്ജമായ കിഫ്ബിയുടെ ഓൺലൈൻ സംവിധാനങ്ങൾ ഇതിനൊരു മുഖ്യകാരണമാണ്. ഈ കാലയളവിൽ കിഫ്ബിയിലൂടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളായ ഹൈടെക് സ്കൂളുകൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനുപുറമെ 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകളും, ജില്ലാ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു. വാർഡുകളും കിഫ്ബിവഴി നിർമ്മിക്കുവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളിലൂടെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും മറ്റുമുണ്ടായ മാറ്റങ്ങൾ കോവിഡ് പ്രതിബന്ധങ്ങളിൽനിന്നും കേരള സമൂഹത്തെ സാധാരണഗതിയിൽ എത്തിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുവാൻ കിഫ്ബിക്കുകഴിയുമെന്നാണ് ഫിച്ച് റേറ്റിംഗ് എന്ന ഏജൻസി 2020-ലെ കിഫ്ബിയുടെ വാർഷിക ക്രെഡിറ്റ് അവലോകന റിപ്പോർട്ടിൽ പ്രതിപാദിച്ചത്. 2022-23 കാലഘട്ടത്തിൽ കിഫ്ബിയുടെ നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നിർവ്വഹണം അതിന്റെ പാരമ്യത്തിലായിരിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ആയതിനാൽ കിഫ്ബിമുഖേന ഇത്തരത്തിലുള്ള സകർമ്മകമായ പ്രവർത്തങ്ങൾ കോവിഡ്മൂലം കേരളം നേരിടുന്ന സാമ്പത്തിക മാന്ദ്യം തരണംചെയ്യുന്നതിൽ തുടർന്നും മുഖ്യമായ പങ്കുവഹിക്കുമെന്നതിൽ സംശയമില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, കോവിഡ് പശ്ചാത്തലത്തിൽ രാജ്യത്ത് മാത്രമല്ല ലോകത്താകമാനം വികസന രംഗം വലിയ പ്രതിസന്ധിയിലായിരുന്നുവെന്നത് നമുക്കറിയാം. ഈ ഘട്ടത്തിലും നമ്മുടെ സംസ്ഥാനത്ത് വികസന രംഗത്ത് വലിയ മുന്നേറ്റമുണ്ടായി. സ്കൂളുകൾ, ആശുപത്രികൾ, പാലങ്ങൾ, റോഡുകൾ അങ്ങനെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വലിയ മുന്നേറ്റമാണ് കിഫ്ബിയിലൂടെയുണ്ടായത്. ഏതാണ്ട് 60,000 കോടിയിലധികം രൂപയുടെ പദ്ധതിയാണ് ഇന്ന് സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇത് വികസന രംഗത്ത് വലിയൊരു മുന്നേറ്റത്തിന് വഴിയൊരുക്കുകയാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുക എന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിനുള്ള എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? ചില പുതിയ പദ്ധതികൾകൂടി നമ്മുടെ നാട്ടിൽ അനിവാര്യമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾതന്നെയാണ് നടത്തുന്നത്, പക്ഷെ ക്വാളിറ്റികൂടി നോക്കേണ്ടതുണ്ട്. സ്റ്റിപ്പുലേറ്റഡായ ചില മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതുവരെ 18,418 കോടി രൂപയുടെ ടെണ്ടർ നടത്തിയിട്ടുണ്ട്. അവാർഡ് ചെയ്തത് 16,746 കോടി രൂപയാണ്. 12,830 കോടി രൂപയുടെ പേമെന്റ് നടത്തിയിട്ടുണ്ട്. ഈ തരത്തിൽ വളരെ വേഗത്തിൽത്തന്നെയാണ് കാര്യങ്ങൾ നടക്കുന്നത്. കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടാകാതെ ക്വാളിറ്റി നിലനിർത്തിക്കൊണ്ട് വളരെ വേഗത്തിൽ പൂർത്തീകരിക്കാനുള്ള നടപടികളുണ്ടാകും. പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുമോയെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞ 50,000 കോടി രൂപയ്ക്കുപകരം ഏകദേശം 64,000 കോടി രൂപയുടെ പദ്ധതിക്കുവേണ്ടി ചാർജ്ജ് ചെയ്തിട്ടുണ്ട്. സാമ്പത്തികമായ ലിവറേജ്കൂടി ശാസ്ത്രീയമായി പഠിച്ച് മനസ്സിലാക്കികൊണ്ടുമാത്രമേ അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ.

ശ്രീ. പി. എസ്. സുപാൽ: സർ, ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏകോപനം അനിവാര്യമാണ്. പല നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചില പരിമിതികൾ ഉണ്ടാകുന്നുണ്ട്. പതിനഞ്ച് വർഷത്തിനുമുമ്പ് ആരംഭിച്ച പദ്ധതിയാണ് പുനലൂരിലെ അഞ്ചൽ ബൈപ്പാസ്സ്. ഇപ്പോൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പല പദ്ധതികളുമായി ബന്ധപ്പെട്ട് കെ.ആർ.എഫ്.ബി., കിഫ്ബി, കരാർ തുടങ്ങിയ കാര്യങ്ങളിലെ

ഏകോപനമില്ലായ്മ അതിന്റെ പൂർത്തീകരണത്തിന് കുറച്ച് കാലതാമസം കൂടുതലായിവരുന്ന സാഹചര്യമുണ്ടാകും. ഏകോപനമില്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുസ്യൂതമായി നീണ്ടുപോകുന്ന സാഹചര്യവുമുണ്ടാകും. അതുകൊണ്ട്, കൃത്യമായ ഏകോപനമുണ്ടായി ജോലി ഏറ്റവും വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയണം. എങ്കിൽ മാത്രമേ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ഉണ്ടാകുകയുള്ളൂ, നാടിന് വികസനമുണ്ടാകുകയുള്ളൂ. ഇതുസംബന്ധിച്ച വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. ഒരു ഏകോപനം ഇക്കാര്യത്തിലുണ്ടാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏകോപനമുണ്ടാകുകയും, വളരെ വേഗത്തിൽ കാര്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്യേണ്ടത് വളരെയധികം ആവശ്യമാണ്. ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുൾപ്പെടെ ചില പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും, പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് പറയുകയും ചെയ്യുന്നുണ്ട്. അത് കിഫ്ബിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ സൂചിപ്പിച്ച കാര്യങ്ങൾ കൂടി പരിഗണിച്ച്, പോരായ്മകൾ പരിഹരിച്ച്, പ്രായോഗികമായി വളരെ വേഗത്തിൽ കാര്യങ്ങൾ പരിഹരിക്കാനുള്ള ശ്രമമുണ്ടാകും.

ശ്രീ. പി. ബാലചന്ദ്രൻ: സർ, സംസ്ഥാനത്ത് കിഫ്ബി ഫണ്ട് കൂടുതലായും വിനിയോഗിക്കുന്നത് അടിസ്ഥാന സൗകര്യമേഖലയുടെ വികസനത്തിനു വേണ്ടിയാണ്. പ്രധാനമായും നിർമ്മാണമേഖലയിലാണ് ഈ ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. കൃഷിയിടങ്ങൾ കുറഞ്ഞുവരുന്നു എന്നുള്ളതാണ് കേരളത്തിന്റെ പൊതുപ്രശ്നം. അതുപോലെ പോപ്പുലേഷൻ ഡെൻസിറ്റിയുമായി ബന്ധപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഒരുപാട് തടസ്സങ്ങളും നേരിടുന്നുണ്ട്. ഇവ രണ്ടും പരിഗണിച്ചുകൊണ്ട്, കാർഷിക - വ്യാവസായിക മേഖലകളിൽ കിഫ്ബിയുടെ നേതൃത്വത്തിൽ, കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾ എന്നുള്ള പേരിൽ പണം ചെലവഴിച്ച് ഉത്പാദന മേഖലയ്ക്കും വ്യാവസായിക മേഖലയ്ക്കും നേതൃത്വം കൊടുക്കാൻ സാധിക്കുമോ? അതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ, അനിവാര്യമാണെങ്കിൽ കോർപ്പറേഷനുകൾ രൂപീകരിച്ചുകൊണ്ട് അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് കിഫ്ബി ഫണ്ടിന്റെ വിനിയോഗം വിപുലപ്പെടുത്തുന്നതിന് സാധിക്കുമോ; അതിനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അങ്ങനെയൊരു കാര്യം ഇപ്പോൾ ആലോചിക്കാൻ കഴിയില്ല. ഫണ്ട് ആവശ്യത്തിലധികമില്ല. വലിയ അപര്യാപ്തതയാണുള്ളത് എന്നുള്ള കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, കിഫ്ബിയിലുൾപ്പെടുത്തി കഴിഞ്ഞ സർക്കാരിന്റെ സമയത്ത് പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ നടപടികളെല്ലാം പൂർത്തീകരിച്ചതിനുശേഷവും ടി.എസ്. ഉൾപ്പടെയുള്ളവ ലഭിക്കുന്നില്ല. എന്റെ മണ്ഡലത്തിലെ മൂന്ന് പ്രധാനപ്പെട്ട പദ്ധതികൾക്ക് ടി.എസ്. ലഭിക്കാതെയുണ്ട്. പുതിയ സർക്കാർ വന്നതിനുശേഷം ടി.എസ്. കമ്മിറ്റി നാളിതുവരെ ചേർന്നിട്ടില്ല. അത് ദ്രുതഗതിയിൽ ചേരുന്നതിനും നടപടി സ്വീകരിക്കുന്നതിനും അങ്ങുകൂടി മുൻകയ്യെടുക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും അതിവേഗത്തിൽ ഇക്കാര്യങ്ങൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മുടെ നാടിന്റെ വികസനത്തിനു വേണ്ടിയുള്ള ഗൗരവതരമായ ഇടപെടലാണ് കിഫ്ബി നടത്തിക്കൊണ്ടിരിക്കുന്നത്. ഊർജ്ജ മേഖലയിൽ കിഫ്ബി നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര ധനകാര്യസ്ഥാപനമായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി.)-ൽ നിന്നും വായ്പ നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വായ്പാ വിവരങ്ങൾ വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (ആർ.ഇ.സി.)-ൽനിന്ന് ലോണെടുക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നോട്ടീസ് കിട്ടിയാൽ മാത്രമെ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, തീരദേശവും മലയോര പ്രദേശങ്ങളും കേരളത്തിലെ സാധാരണ ജനങ്ങളും പാവപ്പെട്ടവരും അധികമായി താമസിക്കുന്ന രണ്ട് കേന്ദ്രങ്ങളാണ്. തീരദേശത്തെ കടൽക്ഷോഭം, പ്രദേശത്തെ സാധാരണക്കാരുടെ ജീവിതത്തെ വലിയ പ്രതിസന്ധിയിലാക്കുന്നു. അതുപോലെതന്നെ മലയോര പ്രദേശങ്ങളിൽ വന്യമൃഗശല്യം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നു. എല്ലാ ദിവസവും സഭയിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ചർച്ച വരുന്നു. കേരളത്തിന്റെ വനാതിർത്തികളിൽ ആവശ്യമായ സംരക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഇന്ന് വനം വകുപ്പിന് ഫണ്ടില്ല. അനുവദിച്ചിട്ടുള്ള 22 കോടി രൂപ തീർത്തും അപര്യാപ്തമാണ്. അതുകൊണ്ട്, സംസ്ഥാനത്തെ പൊതുവിൽ കണ്ടുകൊണ്ട് കിഫ്ബി ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് വനം വകുപ്പുമായി ബന്ധപ്പെട്ട് ആലോചിക്കുമോ; നടപ്പിലാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പദ്ധതിയെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ അതിനെപ്പറ്റി ഒരഭിപ്രായം പറയാനുള്ള സാഹചര്യമല്ല.

ശ്രീ. എം. രാജഗോപാലൻ: സർ, കിഫ്ബി വർക്കുമായി ബന്ധപ്പെട്ട് 2016-17, 2017-18 ബഡ്ജറ്റ് വർഷങ്ങളിലെ ചില ദീർഘദൂര റോഡുകൾ, പാലങ്ങൾ തുടങ്ങിയ പല ജോലികളും അതിന്റെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ, ദ്രുതഗതിയിൽ പോകാൻ തടസ്സങ്ങൾ നേരിടുകയാണ്. മോണിറ്ററിംഗ് ടീം ഈ സൈറ്റിൽ എത്തിച്ചേരുന്നതിന് സമയത്തിന്റെ പ്രശ്നമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, കിഫ്ബിയുടെയും പി.ഡബ്ല്യൂ.ഡി.-യുടെയും, കെ.ആർ.എഫ്.ബി.-യുടെയും എഞ്ചിനീയറിംഗ് വിംഗ് തമ്മിൽ ഏകോപനമില്ലായ്മയുമുണ്ട്. അതുകൊണ്ട് നിർമ്മാണത്തിന്റെ വേഗത വർദ്ധിപ്പിക്കാൻ ജില്ലാ തലത്തിലെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് അതാത് ജില്ലകളിലെ കിഫ്ബി വർക്കുമായി ബന്ധപ്പെട്ട യോഗം വിളിച്ചുചേർത്ത് വിശദമായി ചർച്ചചെയ്യാൻ നടപടി സ്വീകരിക്കുമോ? പി.ഡബ്ല്യൂ.ഡി. മന്ത്രിയെക്കൂടി പങ്കെടുപ്പിച്ചാൽ കൂടുതൽ സഹായകരമായിരിക്കുമെന്ന അഭിപ്രായം കൂടിയുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിച്ചശേഷം ഇടപെടാനുള്ള ശ്രമങ്ങളുണ്ടാകും.

ശ്രീ. പി. ഉബൈദുള്ള: സർ, പല പദ്ധതി പ്രവർത്തനങ്ങളും പ്രാവർത്തികമായി നടപ്പിലാക്കുന്നതിനുവേണ്ടി വലിയ കാലതാമസം നേരിടുകയാണ്. കിഫ്ബി പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ള ആദ്യത്തെ വർക്കുകളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഒരു നിയോജക മണ്ഡലത്തിൽ, ഒരു ഹയർസെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ട് എം.എൽ.എ.-മാരോട് വർക്ക് നിർദ്ദേശിക്കാൻ പറഞ്ഞു. ആദ്യത്തെ വർക്കുപോലും പൂർത്തിയാകാതെ കിടക്കുകയാണ്. ചിലയിടത്ത് പൂർത്തിയായിട്ടുണ്ടാകും. ഒറ്റപ്പെട്ട കാര്യമല്ല, മൊത്തത്തിലുള്ള കാര്യമാണ് പറയുന്നത്. സർക്കാർ ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുള്ള കാര്യനിർവ്വഹണ ഏജൻസിയെ ഇടയ്ക്കുവച്ച് മാറ്റേണ്ടി വന്നതുകൊണ്ടാണ് കാലതാമസം നേരിടുന്നത്. 2017-18 വർഷത്തിൽ എന്റെ മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തിയ ഒരു വർക്കാണ് മണപ്പുറം ടൗൺ ഫ്ലൈ ഓവർ. അതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി കിട്ടിയില്ല. നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ വേണ്ടത്ര ജാഗ്രതയോടുകൂടി പ്രവർത്തിച്ച് കാലതാമസംകൂടാതെ പ്രവൃത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കാലതാമസം കൂടാതെ പ്രവൃത്തി നടത്തുകയെന്നുള്ളത് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട മുൻഗണനാ വിഷയമാണ്. അതേസമയം, ഇങ്ങനെയൊരു കാര്യം അവതരിപ്പിക്കുമ്പോൾ ആദ്യമേ പ്രഖ്യാപിച്ചത് നടക്കാത്ത ഒറ്റപ്പെട്ട സ്ഥലമുണ്ടെങ്കിൽ പറയണം. 12830 കോടി രൂപ നേരത്തെതന്നെ കൊടുത്തുകഴിഞ്ഞു. ആവശ്യപ്പെട്ട അര ശതമാനം ലോൺ എടുക്കുന്നതിന് 12000-ലധികം കോടി രൂപ പ്ലാനിനകത്ത് ചെലവാക്കണമെന്ന വ്യവസ്ഥയാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. പ്ലാനിന് പുറത്തുതന്നെ ഇത്രയും തുക ചെലവുചെയ്ത ഒരു സംസ്ഥാനമാണ് കേരളം. നടപ്പിലാക്കിയ കാര്യങ്ങൾകൂടി കാണണം. പോരായ്മകളുള്ളതിൽ ഇടപെടാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഒന്നാം പിണറായി സർക്കാരിന്റെ കിഫ്ബി പദ്ധതിയിലൂടെ ഇന്ത്യയിൽ ഏറ്റവും വികസന പ്രവർത്തനം നടക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറി. കിഫ്ബിയുമായി ബന്ധപ്പെട്ട് ഏകോപനത്തിന്റെ ചില വിഷയങ്ങളുണ്ട്. റോഡ് നിർമ്മാണത്തിന്റെ പ്രവൃത്തി പൂർത്തിയായതിനുശേഷം വാട്ടർ അതോറിറ്റി പൈപ്പുമായി വരും, അതിനുശേഷം ഇലക്ട്രിസിറ്റി ബോർഡ് വരും. ഇങ്ങനെ ചില വിഷയങ്ങൾ എല്ലാ മണ്ഡലത്തിലുമുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകുമോ? കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിലെ മുഴുവൻ സ്കൂളുകളുടെയും പണി പൂർത്തിയായെന്ന കാര്യവും സഭയെ അറിയിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം നല്ലൊരു കാര്യം അറിയിച്ചതിൽ ആദ്യംതന്നെ സന്തോഷം അറിയിക്കുന്നു. ഏകോപനമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത്, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, പി.ഡബ്ല്യു.ഡി. തുടങ്ങിയവയുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തതാണ്. അതിന് ശക്തമായ ഇടപെടലുണ്ടാകും.

ശ്രീ. എ. പ്രഭാകരൻ: സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതിനുശേഷം അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തതു കൊണ്ടോ അല്ലെങ്കിൽ ചില സാങ്കേതിക കാരണങ്ങൾകൊണ്ടോ നടക്കാതെപോയ പ്രവൃത്തികൾ ആ മണ്ഡലത്തിൽത്തന്നെ മാറ്റിക്കൊടുക്കാൻ സാധിക്കില്ലേ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വ്യക്തമായി അങ്ങനെ പറയാൻ കഴിയില്ല. സംസ്ഥാനത്തിന് മൊത്തമായുള്ള ഒരു പദ്ധതിയാണ് കിഫ്ബി.

ശ്രീ. ഷാഫി പറമ്പിൽ: സർ, കിഫ്ബി പദ്ധതി പ്രകാരം ചെലവാക്കുന്ന പണത്തിൽ പാലക്കാട് മെഡിക്കൽ കോളേജിന് ഒരു പ്രത്യേക പരിഗണന ആവശ്യപ്പെടുകയാണ്. അവിടത്തെ റണ്ണിംഗ് കോസ്റ്റിന് വലിയ പ്രയാസമാണ്. ഡോക്ടേഴ്സ്, ഹൗസ് സർജന്റ്സ് തുടങ്ങിയവർക്ക് രണ്ട് മാസമായി ശമ്പളം കൊടുത്തിട്ടില്ല. പാലക്കാട് മെഡിക്കൽ കോളേജിന് പ്രത്യേക പരിഗണന നല്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടിസ്ഥാന സൗകര്യ വികസനമെന്നതാണ് കിഫ്ബിയുടെ സങ്കൽപ്പം. റവന്യൂ എക്സ്പെൻഡിച്ചറിനല്ല എന്ന കാര്യം ഞാൻ അറിയിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ചെറുകിട ജ്വല്ലറിക്കാർ നേരിടുന്ന പ്രതിസന്ധികൾ**

4 (*154) ശ്രീ. മാണി . സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാർ പുതിയ ഹാൾമാർക്കിംഗ് രീതി നടപ്പിലാക്കിയതിനാൽ സംസ്ഥാനത്ത് സ്വർണ്ണ വ്യാപാര രംഗത്ത് പ്രവർത്തിക്കുന്ന ലൈസൻസെടുത്തിട്ടില്ലാത്ത ചെറുകിട ജ്വല്ലറിക്കാർ പ്രതിസന്ധിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുലത്തൊഴിൽ ചെയ്യുന്ന നിരവധി ആഭരണത്തൊഴിലാളികൾ ഇതുമൂലം ആശങ്കയിലാണെന്നതിനാൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

&

(സി) ഹാൾമാർക്കിംഗ് ലൈസൻസെടുക്കുന്നതിന് സാവകാശവും സമയവും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; കുലത്തൊഴിൽ ചെയ്തുജീവിക്കുന്ന ചെറുകിട ജ്വല്ലറിക്കാരുടെ തൊഴിൽ നിലച്ചുപോകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ 15-1-2020-ലെ വിജ്ഞാപനത്തിലൂടെ 15-1-2021 മുതൽ ഹാൾമാർക്കിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. അത് നടപ്പിലാക്കുന്ന തീയതി ആദ്യം 1-6-2021 വരെയും പിന്നീട് 16-6-2021 വരെയും നീട്ടി നൽകിയിരുന്നു. അതിനാൽ ഹാൾമാർക്കിംഗ് ലൈസൻസെടുക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്. കൂടാതെ ഹാൾമാർക്കിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതു വഴിയുണ്ടായ ആഭരണത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ താഴെ വിവരിക്കുന്ന നടപടികളെടുത്തിട്ടുണ്ട്.

1. ഹാൾമാർക്കിംഗ് നിർബന്ധമാണെന്ന ഉത്തരവ് BIS ഹാൾമാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ഇന്ത്യയിലെ 256 ജില്ലകളിൽ മാത്രമേ നിലവിൽ നടപ്പിലാക്കിയിട്ടുള്ളൂ. കേരളത്തിൽ ഇടുക്കി ഒഴികെ 13 ജില്ലകളിൽ ഉത്തരവ് ബാധകമാണ്.

2. 40 ലക്ഷം വരെ വാർഷിക വിറ്റുവരവുള്ള ചെറുകിട ജൂവല്ലറിക്കാരെ മേൽ ഉത്തരവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അവർക്ക് ഹാൾമാർക്കിംഗ് ഇല്ലാതെ ആഭരണങ്ങൾ വിൽക്കാവുന്നതാണ്.

3. ആഭരണങ്ങൾ വിൽക്കുന്നവർക്ക് മാത്രമേ BIS രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ളൂ. ആഭരണ കുലത്തൊഴിൽ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ നിർബന്ധമില്ല. അവർക്ക് നിർമ്മിച്ച ആഭരണങ്ങൾ ജൂവല്ലറികൾക്ക് നൽകാവുന്നതാണ്. ഹാൾമാർക്കിംഗ് ചെയ്യേണ്ട ഉത്തരവാദിത്തം ജൂവല്ലറികൾക്കാണ്.

4. രജിസ്ട്രേഷൻ ഫീസ് പിൻവലിച്ചിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് ഉള്ള എവിടെ നിന്നും www.manakonline.in എന്ന BIS Portal വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.

5. ആഭരണ നിർമ്മാണത്തൊഴിലാളികൾക്കും ഷോപ്പുടമകൾക്കുമായി വിവിധ ജൂവല്ലറി അസോസിയേഷനുകൾ വഴി നിരവധി ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ BIS കൊച്ചി ഓഫീസിൽ ടെലിഫോൺ, ഇ-മെയിൽ വഴിയുള്ള സംശയനിവാരണത്തിന് ഹെൽപ്പ് ഡെസ്ക് നിലവിലുണ്ട്.

6. ഏതെങ്കിലും ഷോപ്പുടമകൾ രജിസ്ട്രേഷൻ നടപടികളിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം അവർക്ക് വേണ്ട സഹായനിർദ്ദേശങ്ങൾ നൽകുവാൻ എല്ലാ BIS ഹാൾമാർക്കിംഗ് കേന്ദ്രങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം

5 (*155) ശ്രീ. വി. ശശി :

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

&

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതു ജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതിനുപുറമേ പല പദ്ധതികളും കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുണ്ട്. ഇതോടൊപ്പം സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉപഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. ഇലക്ട്രിക് കാറുകളുടെ വ്യാപനത്തിനായി നിലവിൽ സർക്കാർ വകുപ്പുകളിലും, സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഓടുന്ന ഡീസൽ/പെട്രോൾ കാറുകൾക്ക് പകരം അനെർട്ട് മുഖേന ഇലക്ട്രിക് കാറുകൾ കരാർ വ്യവസ്ഥയിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 2020-21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ 105 വിവിധ മോഡലുകളിലുള്ള ഇലക്ട്രിക് കാറുകൾ 14 സർക്കാർ വകുപ്പുകൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ ശേഷികളിലുള്ള പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ, ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു. കൂടാതെ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L)

എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക് ക്യാമ്പയിൻ" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ ഇ.എം.സി. നടത്തുന്നു. 2021 ജൂൺ 10-ന് ഇലക്ട്രിക് വാഹനങ്ങളുടെ ഓൺലൈൻ/വെർച്വൽ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന " Go Electric" ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/ അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയ്ക്ക് ഇലക്ട്രിക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ സബ്സിഡിയറിയായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) എനർജി മാനേജ്മെന്റ് സെന്ററും ചേർന്നാണ് പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. ഉയർന്നുവരുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽനിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവനം ചെയ്തുവരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ സബ്സിഡിയറിയായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി. ഈ പദ്ധതി നടത്തുവാനുദ്ദേശിക്കുന്നത്.

(സി) ഇലക്ട്രിക് മൊബിലിറ്റി സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിക്ഷേപം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് പബ്ലിക് ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിക്ഷേപം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്

ഏകദേശം 15 ലക്ഷം രൂപ ചെലവ് വരും. ഇതിനുവേണ്ടിയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സോളാർ സംവിധാനം ഒരുക്കുന്നതിന് അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. കൂടാതെ ജൂൺ 22, 2021-ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി ഇ.എം.സി. മുഖേന കൂടിക്കാഴ്ചയും ചർച്ചയുമുള്ള അവസരം ഒരുക്കി നൽകി. കേരള ഓട്ടോമൊബൈൽസ് നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾക്ക് ദേശീയതലത്തിൽ പ്രചാരണം നടത്താനുള്ള പദ്ധതിക്ക് മാർഗ്ഗ രേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടന്നു.

(ഡി) ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വ്യപകമാക്കുന്നതിന് നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിക് മൊബിലിറ്റി ഇക്കോസിസ്റ്റം വ്യാപകമാക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു:

1. റേഞ്ച് ആൻക്സൈറ്റി
2. ഇലക്ട്രിക് വാഹനങ്ങളുടെ വിപണി മതിയായ രീതിയിൽ ഉയർന്നുവരാത്തത്
3. ഇലക്ട്രിക് വാഹനങ്ങളുടെ ഉയർന്ന വില
4. ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകളുടെ അപര്യാപ്തത
5. പുതിയ സാങ്കേതിക വിദ്യയായതിനാൽ പൊതുജനങ്ങൾക്കുള്ള അജ്ഞത
6. ലോകമെമ്പാടും ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യയിലും പ്രതിഷ്ഠാപനങ്ങൾ/പ്രവർത്തനങ്ങൾ തുടങ്ങിയവയിലും ഉണ്ടാകുന്ന ഗുണകരമായ മാറ്റങ്ങൾ വിപണിയിൽ പ്രതിഫലിക്കുവാനുള്ള കാലതാമസം.

കൂടാതെ ഇലക്ട്രിക് സ്കൂട്ടർ, ഇലക്ട്രിക് റിക്ഷ എന്നിവയുടെ കാര്യത്തിൽ ബാറ്ററിയുടെ വാറന്റി 3 വർഷം മാത്രമാണ്. കൂടാതെ ഇലക്ട്രിക് സ്കൂട്ടർ, ഇലക്ട്രിക്ക് റിക്ഷകളിൽ ഉപയോഗിക്കുന്ന മോട്ടോറിന്റെയും ബാറ്ററിയുടെയും ശേഷി കുറവായതിനാൽ പെട്രോൾ/ഡീസൽ വാഹനങ്ങളിൽ ലഭിക്കുന്ന പെർഫോമൻസ് പല ഇലക്ട്രിക് സ്കൂട്ടറുകൾക്കും, ഇലക്ട്രിക് റിക്ഷകൾക്കും ലഭിക്കുന്നില്ല എന്ന പരിമിതി നിലവിലുണ്ട്.

**ചെറുകിട വ്യപാരികൾക്ക് പ്രത്യേക പാക്കേജ്**

6 (*156) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കോവിഡ് ലോക്ക്ഡൗൺ മൂലമുണ്ടായ പ്രതിസന്ധി കാരണം ചെറുകിട വ്യാപാരികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോവിഡ് കാരണം കടക്കെണിയിൽപ്പെട്ട ചെറുകിട വ്യാപാരികൾക്ക് ആശ്വാസമേകാൻ പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കോവിഡ് കാരണം കടക്കെണിയിൽപ്പെട്ട ചെറുകിട വ്യാപാരികൾക്ക് മാത്രമായി പ്രത്യേക പാക്കേജ് നിലവിലില്ല. സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ ഉൽപ്പാദന പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾക്ക് വ്യവസായ ഭദ്രതാ പാക്കേജ്, കോവിഡ് സമാശ്വാസ പദ്ധതി എന്നീ പേരുകളിൽ ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ചെറുകിട വ്യപാരികൾക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവ് മുടങ്ങി അവ നിഷ്ക്രിയ ആസ്തിയായി മാറുന്ന സാഹചര്യം ഒഴിവാക്കാൻ ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹാരം കാണാൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഡി) ചെറുകിട വ്യാപാരികളുടെയും വ്യവസായികളുടെയും വായ്പ തിരിച്ചടവ് മുടങ്ങി സിബിൽ സ്കോർ നഷ്ടമാവുന്നത് പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

വ്യാപാരമേഖലയിലെ ബാങ്ക് വായ്പകളുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യവസായ വകുപ്പ് ഇടപെടൽ നടത്തിയിട്ടില്ല. പക്ഷേ തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദനരഹിതമായ ആസ്തികളെ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന The Kerala stressed MSMEs Revival & Rehabilitation Scheme എന്ന പദ്ധതി ഈ മേഖലയ്ക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

7 (*157) ശ്രീ . വി. ജോയി:
ശ്രീ . എ. എൻ. ഷംസീർ:
ശ്രീ . എം. എസ് . അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിച്ച് ലാഭകരമാക്കാൻ സാധിച്ചിരുന്നോ എന്നറിയിക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുമുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം മുതലായ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചിരുന്നു. വിപണിയിൽ നേരിടുന്ന കടുത്ത മത്സരം കാരണം പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയിലുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം പ്രത്യേകം ബഡ്ജറ്റിൽ വകയിരുത്തിനൽകിയിരുന്നു. ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പ്രത്യേകം അവലോകനം ചെയ്ത് പ്രശ്നങ്ങൾക്ക് സമയോചിതമായി പരിഹാരം കണ്ടെത്തിയതിനാൽ സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ ഭാവി വികസനത്തിന് രൂപം നൽകാൻ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല

പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും സർക്കാർ അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക വത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത ഒരു പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചുകഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളും കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയുംകൂടി അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധരടങ്ങുന്ന ഒരു സമിതി മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം ആഗസ്റ്റ് മാസം 15-നകം അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളെ വ്യവസായ വികസനത്തിൽ ഇവയുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽതന്നെ നിലനിർത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതുസംബന്ധിച്ച നടപടികൾ തുടർന്നുവരുന്നു. ഇതിൽ എച്ച്.എൻ.എൽ.-നെ സംബന്ധിച്ച് NCLT, Kochi ബെഞ്ചിന്റെ വിധിപ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി പ്രസ്തുത സ്ഥാപനത്തെ കിൻഫ്ര മുഖാന്തരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

പൂർത്തിയായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിച്ച് തുടർനടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതിനാൽ ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

8 (*158) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികളിലൂടെ എത്ര യൂണിറ്റ് വൈദ്യുതിയാണ് അധികമായി ഉത്പാദിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 167.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 456.591 Mu വാർഷിക വൈദ്യുതോൽപാദനവും ലക്ഷ്യമാക്കി 17 ചെറുകിട ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു. ഇവയിൽ ആകെ 93.5 മെഗാവാട്ട് സ്ഥാപിത ശേഷിയും 274.73 Mu വാർഷിക വൈദ്യുതോൽപാദനവുമുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ശേഷിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആകെ 74 മെഗാവാട്ട് സ്ഥാപിത ശേഷിയും 181.861 Mu വാർഷിക വൈദ്യുതോൽപാദനവും ഉള്ളവയുമാണ്. ഇവയുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു*. എനർജി മാനേജ്മെന്റ് സെന്റർ സ്വകാര്യ സംരംഭകർവഴി ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് സർക്കാരിനുവേണ്ടി അനുവദിച്ച നൽകിയ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പെടെ മൊത്തം 45.66 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജല

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. 2013-ൽ അനുവദിച്ചുനൽകിയ 11 പദ്ധതികളിലൂടെയായി 50.4 MW ശേഷിയുള്ള പദ്ധതികളും 2017-ൽ അനുവദിച്ച് 2021-ൽ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായ 20 പദ്ധതികളിൽ നിന്നായി 47.4 MW പദ്ധതികൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി എനർജി മാനേജ്മെന്റ് സെന്റർ കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

2003 മുതൽ ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ്/ബൂട്ട് അടിസ്ഥാനത്തിൽ വിവിധ സ്വകാര്യ സംരംഭകർക്ക് CAPTIVE POWER PROJECTS (CPP), INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ച് നൽകിയിട്ടുണ്ട്. 2012-ൽ ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിച്ചു. അതുപ്രകാരം 2013 മുതൽ പദ്ധതി അലോട്ട്മെന്റ് നടന്നുവരുന്നു.

(സി) പ്രസ്തുത സംരംഭങ്ങളിൽ സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സ്വകാര്യ സംരംഭകരെയും കൂടി ഉൾപ്പെടുത്തിയാണ് 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സർക്കാർ പദ്ധതികൾ അനുവദിച്ച് നൽകുന്നത്. ഇതുവരെ 56 പദ്ധതികളിൽ നിന്നായി 211.4 MW ശേഷിയുള്ള പദ്ധതികൾ അനുവദിച്ച് നൽകി. അതിൽ 42.5 MW സ്ഥാപിതശേഷിയുള്ള പദ്ധതികൾ പണി പൂർത്തിയാക്കി ഗ്രിഡിൽ കണക്റ്റ് ചെയ്തു. 4.5 മെഗാവാട്ടിന്റെ അരിപ്പാറ പദ്ധതിക്ക് സെപ്റ്റംബറോടുകൂടി COMMERCIAL OPERATION DATE (COD) ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### ജി.എസ്.ടി. നഷ്ടപരിഹാരം

9 (*159) <u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരം കവർന്നെടുത്ത ജി.എസ്.ടി. സംവിധാനം കേന്ദ്ര സർക്കാർ നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്നറിയിക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. വരുമാനത്തിൽ കുറവുണ്ടായെങ്കിലും ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെയടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭരണഘടനാനുസരണം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാത്തത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ?

ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി കടമെടുക്കേണ്ടി വരുന്നതിനാൽ പലിശയിനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണെങ്കിലും ഈ പ്രതിസന്ധിഘട്ടത്തിലും സർക്കാർ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികൾ സ്വീകരിക്കുന്നതിലൂടെയും ധനദൃഢീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും ഈ പ്രതിസന്ധി ഒരു പരിധിവരെ നിയന്ത്രിച്ച് നിർത്തുന്നതിന് ശ്രമിച്ചുവരുന്നു.

(സി) കേന്ദ്ര സർക്കാർ അവധാനതയില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതും ഡാറ്റ അനലിറ്റിക്കൽ സംവിധാനം പൂർണ്ണമായി പ്രവർത്തന ക്ഷമമാകാത്തതും കാരണം വരുമാനം പ്രതീക്ഷിത നിലയിലേയ്ക്ക് ഉയരാത്തതിനാൽ ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തിനുശേഷവും തുടരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യവസായ സംരംഭങ്ങൾക്ക് ഭൂമി

10 (*160) ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) ഭൂമി കൂടുതൽ സുതാര്യമായും വേഗതയിലും ലഭ്യമാക്കുന്നതിന് പ്രസ്തുത വ്യവസ്ഥകളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

8-1-2020-ലെ സ.ഉ.(എം.എസ്.)08.2020.വ്യവ. പ്രകാരം ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ വ്യവസായ സംരംഭങ്ങൾക്കായി ഭൂമി അനുവദിക്കുന്നത്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവയ്ക്ക് 30 വർഷത്തെ പാട്ടവ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചുനൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ പാർക്കുകളിലെ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനായി രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി വഴി ഭൂമി അലോട്ട് ചെയ്തുവരുന്നു. ഭൂമി കൂടുതൽ സുതാര്യവും വേഗതയിലും ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് വഴി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് 2019 നടപ്പാക്കിയിട്ടുണ്ട്.

(സി) വ്യവസായ സംരംഭത്തിന് അനുവദിച്ച ഭൂമിയിൽ ആവശ്യത്തിലധികമുള്ളതും സ്ഥാപനം പ്രവർത്തനരഹിതമായതിനെത്തുടർന്ന് ഉപയോഗശൂന്യമായതും കണ്ടെത്തി പുതിയ സംരംഭകർക്ക് നൽകുന്നതിന് ആലോചിക്കുന്നുണ്ടോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ ഭൂമിയിൽ സംരംഭകർക്ക് അനുവദിച്ചതിന്റെ മിച്ചം വരുന്ന ഭൂമിയും കൂടാതെ ഭൂമി അനുവദിച്ചിട്ടും സംരംഭം തുടങ്ങാത്തവരുടെയും പ്രവർത്തനരഹിതമായ സംരംഭങ്ങളുടെയും ഭൂമിയും തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് അനുവദിച്ച് നൽകുന്നുണ്ട്.

(ഡി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സംരംഭം തുടങ്ങാൻ ഭൂമി ലഭ്യമാക്കുന്നതുപോലെ സഹകരണ സംഘങ്ങൾക്കും സംരംഭങ്ങൾ തുടങ്ങുന്നതിന് ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

വ്യവസായ ഭൂമിക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം സഹകരണ സംഘങ്ങൾക്കും ഭൂമി അനുവദിക്കാവുന്നതാണ്. നിലവിൽ സിഡ്കോ, കിൻഫ്ര എന്നീ സ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾക്കും ഭൂമി അനുവദിച്ച് വരുന്നുണ്ട്.

**വൈദ്യുതി രംഗത്തെ ആധുനികീകരണം**

11 (*161) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാർ വൈദ്യുതി നിയമഭേദഗതികളിലൂടെ ദേശീയ തലത്തിൽ വൈദ്യുതി സ്വകാര്യ മേഖലക്ക് ലാഭക്കച്ചവടത്തിനുള്ള ഒരു ചരക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് ബദലായി സംസ്ഥാനം വൈദ്യുതോല്പാദന-പ്രസരണ-വിതരണം പൊതു മേഖലയിൽ നിലനിർത്തി മാതൃകാപരമായ സേവനം നൽകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വൈദ്യുതി മേഖല സ്വകാര്യവത്കരിക്കപ്പെടാനുള്ള സാധ്യത സംസ്ഥാനം പരിശോധിച്ചിട്ടുണ്ട്. കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് സംസ്ഥാന സർക്കാർ അസന്ദിഗ്ദ്ധമായി

വ്യക്തമാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യ വത്കരിക്കുകയോ ചെയ്യാതെതന്നെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനും ഊർജ്ജ നഷ്ടം കുറച്ചു കൊണ്ടും, മെച്ചപ്പെട്ട ബില്ലിംഗ് കളക്ഷൻ ക്ഷമത ഉറപ്പുവരുത്തിക്കൊണ്ടും സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം കുറച്ചും കാര്യക്ഷമത വർദ്ധിപ്പിച്ചും ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയ്ക്ക് വൈദ്യുതി എത്തിക്കുക, എല്ലാവർക്കും എല്ലായ്പ്പോഴും വൈദ്യുതി എന്ന സ്ഥിതി തുടർന്നും ഉറപ്പാക്കുക, വൈദ്യുതി വിതരണം സുരക്ഷിതമാക്കുക, വൈദ്യുതി ആവശ്യകത പരമാവധി പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങി ജനോപകാരപ്രദമായ ബദൽനയങ്ങളാണ് കേരളം നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് 'ഊർജ്ജ കേരള മിഷൻ' പദ്ധതി കേരള സർക്കാർ നടപ്പാക്കി വരുന്നുണ്ട്. വൈദ്യുതി ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് സൗര പദ്ധതി, പ്രസരണ രംഗം മെച്ചപ്പെടുത്താൻ ട്രാൻസ് ഗ്രിഡ് 2.0 വിതരണ ശൃംഖല ശക്തിപ്പെടുത്താനും നവീകരിക്കാനും ആധുനികവൽക്കരിക്കാനും ലക്ഷ്യമിട്ട് ദ്യുതി, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് എന്നീ പദ്ധതികളാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനം വൈദ്യുതോല്പാദനം പൊതു മേഖലയിൽ നിലനിർത്തി മാതൃകാപരമായ സേവനം നൽകുന്നതിലേയ്ക്കായി ചെറുതും വലുതുമായ വിവിധ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കിവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5MW സ്ഥാപിതശേഷിയുള്ളതും 612.63Mu വാർഷിക ഉല്പാദനവുമുള്ള 10 ജല വൈദ്യുത പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. വിവരം അനുബന്ധമായി ചേർക്കുന്നു*. ഇതുകൂടാതെ പുതുതായി 11 ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി 114MW സ്ഥാപിത ശേഷിയും 263.861Mu വാർഷിക ഉൽപാദനവുമാണ് ലക്ഷ്യമിടുന്നത്. ടി 11 പദ്ധതികളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു*. ഇതിനുപുറമേ, നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലം ഉപയോഗിച്ച് 780MW സ്ഥാപിതശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലളിതമാക്കുകയും വിവിധ സേവനങ്ങൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. ഉപഭോക്താക്കൾക്ക് ഓഫീസിൽ എത്താതെ ഓൺലൈനായി പണമിടപാടുകളും മറ്റ് സേവനങ്ങളും തേടുന്നതിനുള്ള സൗകര്യത്തിനുപുറമേ കേവലം ഒരു ഫോൺകോൾ വഴി വൈദ്യുതി സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്ന "സേവനം വാതിൽ പടിക്കൽ" എന്ന പദ്ധതിയും ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ നടപ്പിലാക്കി. 24x7 പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം, HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം എന്നിങ്ങനെ ഒട്ടനവധി ഉപഭോക്തൃ സേവന നടപടികൾ സംസ്ഥാനം ഇതിനോടകം നടപ്പിലാക്കി.

(ബി) കെ.എസ്.ഇ.ബി.എൽ. നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു: സേവനങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 എന്നീ ഹോട്ട് ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. HT, EHT കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനായി ഗ്രീൻ ചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കുവാനായി വെബ് പോർട്ടലും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച സംശയനിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്കും പ്രവർത്തിക്കുന്നുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതിതടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന

'ഊർജ്ജസൗഹൃദ്' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഏതു സെക്ഷൻ ഓഫീസുകളിലും വൈദ്യുത ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുവാൻ നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് , ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എംകേരള മൊബൈൽ ആപ്പ്, പേ.ടി.എം, NACH, ഫോൺപേ, ഗൂഗിൾപേ, മൊബിക്വിക്, പേ യു, ആമസോൺ പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഊർജ്ജ വിതരണരംഗത്ത് സേവന മേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ്പ് മാറ്റം ലോഡ്/താരിഫ്/ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനം വഴി ലഭ്യമാക്കാവുന്നതാണ്. നിലവിൽ 425 സെക്ഷനുകളിൽ "സേവനം വീട്ടുപടിക്കൽ" (Service at doorsteps) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) എല്ലാ വീട്ടിലും വൈദ്യുതി എത്തിച്ച സാഹചര്യത്തിൽ ഉപഭോക്തൃ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ചിരുന്നോ; എങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലഘൂകരിച്ച് നൽകിയ നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണ ഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസ ഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാ സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അങ്കണവാടികൾ, ഹോർട്ടി കോർപ്പുകൾ, മിൽമ ബൂത്തുകൾ എന്നിവയ്ക്ക് സർവീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുകയും, തറവാട്ടു വീടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക്

പ്രത്യേകം സർവീസ് കണക്ഷൻ കൊടുക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. ഇപ്പോൾ പുതിയ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിശോധന നടത്തുകയും ഉടനടി തന്നെ സർവീസ് കണക്ഷനുകൾ ലഭ്യമാക്കുകയും ചെയ്യുന്നു. 19-9-2016-ലെ ബോർഡ് ഉത്തരവ് പ്രകാരം പുതിയ സർവീസ് കണക്ഷൻ നൽകുന്നതിനുള്ള സമയ പരിധി നിഷ്കർച്ചിട്ടുണ്ട്. കാർഷിക കണക്ഷനുകൾ നല്കുന്നതിനായി കൃഷി ആവശ്യത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധി ഒഴിവാക്കുകയും കൃഷി ഓഫീസറുടെ/മൃഗസംരക്ഷണ വകുപ്പിലെ ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഒഴിവാക്കുകയും, തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള അനുമതിയും നല്കിയിട്ടുണ്ട്. പുതിയതായി ലോ ടെൻഷൻ സർവീസ് കണക്ഷനുള്ള അപേക്ഷയിന്മേൽ പ്രത്യേകമായി ഒട്ടിക്കുന്ന സ്റ്റാമ്പ് ഒഴിവാക്കുകയും കോൺട്രാക്ട് ഡിമാൻഡിലുള്ള കണക്ഷനുകൾക്ക് മാത്രം സർവീസ് കണക്ഷൻ എഗ്രിമെന്റ് സ്റ്റാമ്പ് പേപ്പറിൽ നടപ്പിലാക്കുകയോ, ജുഡീഷ്യൽ ഇതര പേപ്പറിൽ സ്റ്റാമ്പ് ഒട്ടിച്ചാൽ മതിയെന്നും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4(9) പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ പുരയിടത്തിൽ ഉപഭോക്താക്കൾ ഹൈടെൻഷൻ കേബിളുകൾ സ്ഥാപിക്കുമ്പോൾ നീക്കം ചെയ്യാവുന്ന കവർ സ്ലാബുകളുള്ള (trench) ട്രെഞ്ചുകളിൽ സ്ഥാപിക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കുകയും ഉടമസ്ഥാവകാശ മാറ്റത്തിനായി അപ്പാർട്ട്മെന്റുകൾക്കും ഡെവലപ്പറോ ബിൽഡറോ നിർമ്മിച്ച വീടുകൾക്കും വില്പന ഡീഡിന്റെ (sale deed) പകർപ്പ് ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

12 (*162) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എപ്പോൾ മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെയടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15-10-2020 -ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെയടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടെയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയടിസ്ഥാനത്തിൽ Request For Proposal (RFP)-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുമ്പാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെയടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021)ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അന്തിമ വിധിക്ക് വിധേയമായി ടെണ്ടർ നടപടികൾ പൂർത്തീകരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മാത്രമേ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കൽ, ഹോസ്പിറ്റൽ എംപാനൽമെന്റ്, തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായുള്ള കരാർ ഉടമ്പടി ഒപ്പു വയ്ക്കൽ തുടങ്ങിയ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ടി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവരാനും കഴിയുകയുള്ളൂ.

## വ്യവസായ സംരംഭങ്ങൾക്കായി നിയമനിർമ്മാണം

13 (*163) ശ്രീ. എ. കെ. എം. അഷ്റഫ്:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമല്ല എന്ന് കരുതുന്നുണ്ടോ;

&

(ബി) വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റും നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. എന്നിരുന്നാലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളിലും നിലവിലുള്ള പല നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇപ്രകാരം നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റം ആവശ്യമെങ്കിൽ പഠനം നടത്തി ശിപാർശ സർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായികളുടെ പരാതി-ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഈ സർക്കാരിന്റെ ആദ്യമന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുവേണ്ട നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. വ്യവസായ സംരംഭം തുടങ്ങുന്നത് സുഗമമാക്കുന്നതിനുള്ള എല്ലാ നടപടികളും പ്രസ്തുത നിയമത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വാർഷിക വായ്പാപരിധി

14 (*164) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) വാർഷിക വായ്പാപരിധി ജി.ഡി.പി.-യുടെ അഞ്ച് ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ബി) കിഫ്ബി അടക്കമുള്ള സ്ഥാപനങ്ങളുടെ വായ്പാതിരിച്ചടവിന്റെ അധിക ബാധ്യത വരാനിരിക്കേ വാർഷിക വായ്പാപരിധി ഉയർത്തി വീണ്ടും കടമെടുത്താൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില കൂടുതൽ തകരാറിലാകുന്ന സാഹചര്യമുണ്ടാകുമോ എന്നറിയിക്കാമോ?

കോവിഡ് മഹാമാരി സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം സംസ്ഥാനങ്ങളുടെയും കേന്ദ്രസർക്കാരിന്റെയും നികുതി വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവും കേന്ദ്ര സർക്കാർ GST Compensation യഥാസമയം സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നതിലുണ്ടായിട്ടുള്ള കാലതാമസവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹര്യത്തിൽ മഹാമാരി സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽനിന്ന് സമ്പദ് വ്യവസ്ഥയെ കരകയറ്റുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുവാനും അധിക വായ്പ ലഭ്യമാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ കണക്കിലെടുത്തുകൊണ്ട് 15-ാം ധനകാര്യ കമ്മീഷൻ നടപ്പുസാമ്പത്തിക വർഷം 2021-22-ൽ സംസ്ഥാനങ്ങളുടെ വായ്പാ പരിധി നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ഡി.പി.-യുടെ 4.5% ആയി നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയിട്ടുള്ള വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം വായ്പയെടുക്കുന്നത്.

(സി) സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതടക്കമുള്ള മറ്റ് മാർഗ്ഗങ്ങൾ തേടാൻ സാധിക്കുമോ എന്ന് വിശദമാക്കാമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 5-11-2020-ലെ സ.ഉ.(അ)നമ്പർ152/ 2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
2. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
3. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

**സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ നിയമനിർമ്മാണം**

15 (*165) ശ്രീ. പി. കെ. ബഷീർ:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ പുതിയ നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് -2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റ് നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. എന്നിരുന്നാലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളിലും നിലവിലുള്ള പല നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇപ്രകാരം നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റം അവശ്യമെങ്കിൽ പഠനം നടത്തി ശിപാർശകൾ സർപ്പിക്കുന്നതിനായി മൂന്നംഗ വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായികളുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഈ സർക്കാരിന്റെ ആദ്യമന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(ബി) എങ്കിൽ പ്രസ്തുത നിയമത്തിൽ വ്യവസായികളുടെ പരാതികളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

&

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിയമനിർമ്മാണം നിയമസഭയുടെ പരിഗണനയിൽ വരുന്ന വേളയിൽ ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## കിഫ്ബിക്കുള്ള സർക്കാർ ഗ്രാന്റ്

16 (*166) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാരിൽനിന്നും കിഫ്ബിക്ക് ഗ്രാന്റിനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് കോർപ്പസായി കൈമാറിയ 2498.4 കോടി രൂപയ്ക്കുപുറമേ 2016-17 സാമ്പത്തിക വർഷം മുതൽ മോട്ടോർ വാഹനനികുതിയുടെ ഒരു നിശ്ചിത ശതമാനവും പെട്രോൾ/ഡീസൽ സെസ്സും കിഫ്ബിക്ക് കൈമാറുന്നുണ്ട്. 2021 ജൂൺ 30 വരെ സർക്കാരിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) നിർദ്ദിഷ്ട കാലയളവിൽ കിഫ്ബിക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും സന്തുലിതമായിരിക്കുമെന്ന് കിഫ്ബി ഉറപ്പുവരുത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ 5 വർഷ കാലയളവിൽ കിഫ്ബി 63259 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാംതന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുകയെല്ലാം മുൻകൂട്ടി സമാഹരിച്ചുവയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിംഗ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറയ്ക്ക് അവയ്ക്ക് പണം നൽകുന്നതിനാവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേയ്ക്കുള്ള ബില്ലുകൾകൊടുക്കുന്നതിനാവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയറാണ് (ALM Software) ഇതിനു സഹായിക്കുന്നത്. കിഫ്ബിക്ക് ഗ്രാന്റായി ലഭിക്കുന്ന തുകയും തിരിച്ചടവ് ബാധ്യതയും ശാസ്ത്രീയമായി വിലയിരുത്തി ഉചിതമായ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസമാഹരണ രീതി നിർദ്ദേശിക്കുന്നതിന് കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശകൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കുന്നതിനും വരുമാനവും തിരിച്ചടവ് ബാധ്യതയും സന്തുലിതമായി കൊണ്ടുപോകുന്നതിനും സഹായിക്കും.

(സി) കിഫ്ബി പദ്ധതികൾക്ക് അനുമതി നൽകുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്താറുണ്ടോ; വിശദമാക്കുമോ?

നാളിതുവരെ കിഫ്ബി അനുമതി നല്കിയ പദ്ധതികളിൽ വരുമാന ദായകമായ പദ്ധതികളും നേരിട്ട് വരുമാനം ലഭിക്കാൻ സാധ്യതയില്ലാത്ത സാമൂഹ്യ-സേവനമേഖയിലെ അവശ്യ പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികൾ വിശദ പരിശോധനക്ക് വിധേയമാക്കുന്ന സമയത്ത് അവയിൽ നിന്നുള്ള വരുമാന സാധ്യതകളെല്ലാം ഉൾക്കൊള്ളിക്കുന്നതിനും പദ്ധതിയെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും പ്രാധാന്യം നല്കുന്നു. പദ്ധതികൾക്കുള്ള തുക വായ്പയായി അനുവദിക്കുമ്പോൾ തിരിച്ചടവ് ബാധ്യത വിലയിരുത്തുകയും സർക്കാരിന് ബാധ്യതയാകാത്ത വിധം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തിയുമാണ് നിലവിൽ ഓരോ പദ്ധതിയും കിഫ്ബി അംഗീകരിക്കുന്നത്. ഇതിന് കിഫ്ബി നൂതന സങ്കേതങ്ങളും അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പ്രവചന മാതൃകകളും അവലംബിക്കുന്നുണ്ട്.

## ചെറുകിട വ്യവസായ വാണിജ്യ മേഖലയ്ക്ക് സഹായ പാക്കേജ്

17 (*167) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചെറുകിട തൊഴിൽ സംരംഭങ്ങൾക്കും വാണിജ്യ മേഖലയ്ക്കും ഉണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പുവഴി കൈകാര്യം ചെയ്യുന്നത് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ വിഷയങ്ങളാണ്. അത്തരം സംരംഭങ്ങൾക്കായി കോവിഡ് രണ്ടാം തരംഗത്തെത്തുടർന്നുള്ള പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി കോവിഡ് സമാശ്വാസപദ്ധതി എന്ന പേരിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായ വാണിജ്യ മേഖലകളിലെ മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ സർക്കാർ പ്രഖ്യാപിച്ച സഹായ പാക്കേജ് പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളിലെ മാന്ദ്യവും പ്രതിസന്ധിയും മറികടക്കാൻ, കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നവയാണ്.

(1) കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻ വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest subvention on term loan and working capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള MSME യൂണിറ്റുകൾ ആണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

(2) നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

(3) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോയൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

(4) നിലവിൽ 5 ലക്ഷം രൂപവരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ

സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും.

(സി) സർക്കാർ പ്രഖ്യാപിച്ച സഹായ പാക്കേജിന് ഫണ്ട് കണ്ടെത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 സമാശ്വാസ പദ്ധതി പ്രകാരം സർക്കാർ ഇളവുകൾ പ്രഖ്യാപിച്ച വിവിധ പദ്ധതികൾക്ക് 2021-22 വർഷം ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. ഫണ്ട് കൂടുതലായി ആവശ്യമാകുന്ന പക്ഷം റീ-അപ്രോപ്രിയേഷൻ മുഖേനയോ അഡീഷണൽ ആതറൈസേഷൻ മുഖേനയോ ഫണ്ട് ലഭ്യമാക്കുന്നതാണ്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഇ.എസ്.എസ്. പദ്ധതിക്കായി 25 കോടിരൂപയും നാനോ ഗ്രാന്റ്-പലിശയിളവ് പദ്ധതികൾക്കായി 15 കോടിരൂപയും അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സഹായ പാക്കേജ് വ്യവസായ ഭദ്രത പദ്ധതി പ്രകാരമുള്ള സഹായവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് സർക്കാർ പ്രഖ്യാപിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി ദുരിതാശ്വാസ പാക്കേജിൽ മുൻ വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പദ്ധതിപ്രകാരമുള്ള പലിശയിളവ് പദ്ധതി സംയോജിപ്പിച്ചിട്ടുണ്ട്. മുൻ വർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതിയിൽ (Scheme for interest subvention on term loan and Working capital Loan) കൂടുതൽ ഇളവുകൾ പുതിയ പാക്കേജിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് നിലവിൽ പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. നിലവിൽ ഇത് 6 മാസത്തേയ്ക്ക് (പരമാവധി 60,000 രൂപ വരെ) മാത്രമായിരുന്നു. പുതിയ പാക്കേജ് പ്രകാരം പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെ സഹായം അനുവദിക്കും. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

## മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ

18 (*168) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>

<u>ശ്രീ. യു. എ. ലത്തീഫ്:</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) കാർഷികോല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ?

വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്സിഡിക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി നൽകിവരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പ്രൈംമിനിസ്റ്റേഴ്സ് ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ല ഒരു ഉത്പന്ന പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അവ ആരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാസ്റ്റർ പ്ലാൻ

19 (*169) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പൊതുമേഖല രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിക്കുന്നതെന്ന് അറിയിക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവയുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുമുള്ള നടപടികളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുകയും സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ ഒന്നാംഘട്ട അവതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പ്രത്യേകം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കുമോ; കരട് മാസ്റ്റർ പ്ലാൻ ഇതിനകം തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ

അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ധരടങ്ങുന്ന ഒരു സമിതി മുമ്പാകെ വിദഗ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ധ സമിതിയുടെ പരിശോധനകൾക്കുശേഷം ആഗസ്റ്റ് മാസം 15-നകം അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥാപനവും അടുത്ത ഒരു പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളത്. വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ വിവിധ മേഖലകളിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾ കൂടി ഉൾകൊണ്ടാണ് പദ്ധതി തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായി ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചാണ് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നത്. ഓരോ സ്ഥാപനവും അവയുടെ നിലവിലെ പ്രവർത്തന മേഖലയുടെ ഭാവി സാധ്യതകൾ കൂടി വിലയിരുത്തിക്കൊണ്ട് ആധുനികവത്ക്കരണം, വിപുലീകരണം എന്നീ പദ്ധതികളോടൊപ്പം, പുതിയ മേഖലകളുടെ സാധ്യതകൾ മുൻനിർത്തി വൈവിധ്യവത്ക്കരണ പദ്ധതികളും ഇതിനോടൊപ്പം ആവിഷ്കരിച്ചുവരുന്നു. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ അതാത് മേഖലകളിലെ സാങ്കേതിക വിദഗ്ധരടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ചതിനുശേഷം ആയിരിക്കും സർക്കാരിന് സമർപ്പിക്കുക. സർക്കാർ തലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷമായിരിക്കും മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നത്.

**ജി.എസ്.ടി. വരുമാനം**

20 (*170) ശ്രീ. എം. വിൻസെന്റ്:
ശ്രീ . ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. സിദ്ദിഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) ജി.എസ്.ടി. നടപ്പിലാക്കിയിട്ട് നാല് വർഷമായ സാഹചര്യത്തിൽ 20 ശതമാനം നികുതി വരുമാന വർദ്ധനവ് നേടാൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുക; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ;

&

(ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഡെസ്റ്റിനേഷൻ ടാക്സായ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ നികുതി വരുമാനത്തിൽ വലിയ വർദ്ധന പ്രതീക്ഷിച്ചിരുന്നോ എന്ന് അറിയിക്കുമോ; ഇത് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ 20% വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നികുതി നിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെയടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനമോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതി നിരക്ക് 28% (എസ്.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 9%, 6% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി. നികുതി എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതി പിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവന മേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല. ജി.എസ്.ടി. നടപ്പിലായതിനുശേഷം വാറ്റ് നികുതി പിരിവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെയടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നികുതി പിരിവിലുണ്ടാകുന്ന കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും, തുടർന്നുവന്ന കോവിഡ് മഹാമാരിയും

അതിനെത്തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.

(സി) ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് മുൻ സർക്കാർ സ്വീകരിച്ചിരുന്നത്; നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ഇടിവ് പ്രസ്തുത നടപടികൾ കാര്യക്ഷമമല്ല എന്നതാണോ സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവര ശേഖരണം നടത്തുകയും അതിൽ നിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി. ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു.

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനി ഫലപ്രദമാകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ ഫയലിംഗ് നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് - വാളയാർ, കാസർഗോഡ് - ബംഗ്ര - മഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-ൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ പൂർണമായും ജി.എസ്.ടി. ജോലികൾക്കായി വിന്യസിച്ചിട്ടുണ്ട്. എന്നാൽ ഇവർ ജി.എസ്.ടി.-ക്കുമുൻപുള്ള നിയമനങ്ങളിന്മേലുള്ള ജോലികളും ചെയ്യുന്നുണ്ട്. അത് പൂർത്തിയാകുന്ന മുറക്ക് മുഴുവൻ ശ്രദ്ധയും ജി.എസ്.ടി. സംബന്ധമായ ജോലികൾക്കായി വിനിയോഗിക്കുവാൻ സാധിക്കും. ജി.എസ്.ടി. സമ്പ്രദായത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഉചിതമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## പാരമ്പര്യേതര വൈദ്യുത പദ്ധതികൾ

21 (*171) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) കടുത്ത വൈദ്യുതി പ്രതിസന്ധി നേരിട്ടിരുന്ന സാഹചര്യത്തിൽ നിന്നും വൈദ്യുതി തടസ്സരഹിതമായി ലഭിക്കുന്ന സംസ്ഥാനമാക്കി മാറ്റുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കും ആവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്ന നയത്തിന് ഊന്നൽ നൽകി മുൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ മുൻ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റു ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള നടപടികൾക്കുപുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി. ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 340.49 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ടും 12.55 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തരവും കൂടാതെ സൗരോർജ്ജ പദ്ധതികളിൽനിന്നും 288.34 മെഗാവാട്ടും കാറ്റിൽനിന്നും

27 MW-ഉം ഉൾപ്പെടുന്നു. പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽനിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കിവരുന്നു. കേരളത്തിലെ ഭാവി വൈദ്യുതി ആവശ്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രസരണ ശൃംഗല (Intra-state Transmission Network) ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് 60 പ്രസരണ സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ ഏഴ് 220 കെ.വി സബ്സ്റ്റേഷനുകളും മുപ്പതു 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് 1473 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു. ഇപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയിൽ മേൽവിവരിച്ച ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതി പ്രവർത്തനങ്ങൾ വഴിയും മറ്റു വികസന പ്രവർത്തനങ്ങൾ വഴിയും 24x7 തോതിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്താനും ഊർജ്ജ മേഖലയിൽ സ്വയം പര്യാപ്തത നേടാനും സംസ്ഥാനത്തിന് കഴിഞ്ഞു. ഊർജ്ജ മേഖലയിൽ വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ 8.7% (2019-20) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന PAT Cycle 2 ലക്ഷ്യങ്ങൾ ഈ കാലയളവിൽ KSEB വിജയകരമായി കൈവരിച്ചു. KSEB-യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.08 ശതമാനത്തിൽ എത്തിക്കാൻ 2019-20-ൽ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് (AT&C loss) 2018-19-ൽ വെറും 10.71 % ആക്കി കുറയ്ക്കാനായി.

(ബി) പാരമ്പര്യേതര വൈദ്യുത സ്രോതസുകൾ കണ്ടെത്തുന്നതിനും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

&

(സി) സോളാർ വൈദ്യുത പദ്ധതികൾ വ്യാപകമാക്കുന്നതിനും പഴയ സോളാർ പദ്ധതികൾ പുനഃക്രമീകരിച്ച് നവീകരിക്കുന്നതിനും പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതിനാണ് സർക്കാർ ഊന്നൽ നല്കിയിട്ടുള്ളത്. 1000 MW സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും കൂട്ടിചേർക്കുന്ന പദ്ധതിയാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട സൗര പദ്ധതി.

1. 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതി ആദ്യ ഘട്ടത്തിൽ 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ തല്പരരായി മുന്നോട്ടുവരികയും ഇവരിൽനിന്നും 42000-ൽപരം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ 46.5 MW കൂട്ടിച്ചേർക്കാനുള്ള പ്രവർത്തികൾ നടന്നുവരുന്നു. ഇതിൽ 7 MW ന്റെ പ്രവർത്തികൾ ഇതുവരെ പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ (2019-20, 2020-21) ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW-ൽ ആദ്യ ഘട്ടത്തിലേയ്ക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു.

2. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിക്കുന്നു.

3. 200 മെഗാവാട്ട് സോളാർ പാർക്കുകൾ കാസർഗോഡ് സോളാർ പാർക്കിൽ 100 MW പൂർത്തിയായി (അമ്പലത്തറ-50 MW പൈവളിക-50 MW). 5 MW-ന്റെ പദ്ധതി നെല്ലിത്തടത്ത് കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

4. 200 MW മറ്റു സൗരോർജ്ജ പദ്ധതികൾ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

5. 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയം നിർമ്മാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി. ഇതിനുപുറമെ ഇടുക്കി ജലസംഭരണിയിലും (300 MW), ബാണാസുരസാഗർ ജലസംഭരണിയിലും (100 MW) ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി കരാറുകൾ: SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും, ബ്രഹ്മപുരത്ത്

9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും KSEB കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽ നിന്ന് 200 MW വൈദ്യുതി റിവേഴ്സ് ബിഡിങ്ങിലൂടെ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സ്വകാര്യസംരംഭകരായ രാമക്കൽമേട് പവർ പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. അനെർട്ട് മുഖേന താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി. 2. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ കൂടാതെ സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളുടെ വൈദ്യുതി ആവശ്യത്തിനായി അതാത് സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് നടത്തിവരുന്നു. ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം പൂർത്തിയായി. അടുത്ത ഘട്ട പ്രവർത്തനം ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി ഗ്രിഡ് കണക്റ്റ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപകമാക്കുന്നതാണ്. ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി

ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുള്ള അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്രയുടെ സേവനം പഴയ സോളാർ പദ്ധതികൾ പുനഃക്രമീകരിച്ച് നവീകരിക്കുന്നതിന് പ്രയോജനപ്പെടുത്തും.

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

22 (*172) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ .ഡി. കെ. മുരളി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ സംസ്ഥാന വികസനത്തിന് ഏതെങ്കിലും തരത്തിൽ മുതൽക്കൂട്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാരിനു പ്രത്യേക നിയമങ്ങൾ നിലവിലില്ല. ഇത്തരം സംഘങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ സംസ്ഥാനത്തെ വികസനത്തിന് ഏതെങ്കിലും തരത്തിൽ മുതൽക്കൂട്ടാവുന്നുണ്ടോ എന്നത് സംബന്ധിച്ച് നിലവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ച പശ്ചാത്തലത്തിൽ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിച്ച് നിക്ഷേപകരുടെ താൽപ്പര്യം പരിരക്ഷിക്കാൻ നടപടിയുണ്ടാകുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിലെ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്.

## ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

23 (*173) ശ്രീ. മുഹമ്മദ് മുഹസിൻ .:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ജി.എസ്.ടി-യിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് റിട്ടേൺ ഫോർമാറ്റ് പ്രതീക്ഷിച്ച രീതിയിൽ നടപ്പാകാത്തതാണ്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ വാങ്ങലും (inward supply) വിൽക്കലും (outward supply) പ്രത്യേകമായി കാണിക്കുന്ന രണ്ടു റിട്ടേണുകളും (GSTR 1 & GSTR 2 ) പേയ്മെന്റ് ചെയ്യുന്നതിനായി മൂന്നാമതൊരു റിട്ടേണും (GSTR 3) അടങ്ങിയ ഒരു ഫോർമാറ്റാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിൽ GSTR 1 മാത്രമാണ് നടപ്പാക്കാനായത്. പേയ്മെന്റ് ചെയ്യുന്നതിനായി GSTR 3B എന്ന പുതിയ റിട്ടേൺ കൊണ്ടുവന്നു. GSTR 1, 2, 3 സമ്പ്രദായം പൂർണമായും നടപ്പാക്കാൻ കഴിയാത്തതിനെത്തുടർന്ന് ANX 1, ANX 2 എന്നിവ ഉൾപ്പെടുന്ന പുതിയ റിട്ടേൺ ഫോർമാറ്റ് പരീക്ഷിച്ചു. എന്നാൽ ഇത് നടപ്പിൽ വന്നില്ല. പരിമിത വിവരങ്ങൾ മാത്രം ഉൾപ്പെടുന്ന GSTR 1, GSTR 3B റിട്ടേണുകളാണ് നിലവിൽ പ്രാബല്യത്തിലുള്ളത്. കൂടുതൽ വിവരലഭ്യതയ്ക്കും നികുതി വെട്ടിപ്പ് തടയുന്നതിനുംവേണ്ടി ഇ-ഇൻവോയിസിങ് സംവിധാനം പോലുള്ള മാർഗങ്ങൾ നടപ്പിലാക്കിവരുന്നു. ജി.എസ്.ടി. നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നൂറ്റിരണ്ടാം ഭരണഘടനാ ഭേദഗതി പ്രകാരം കോമ്പൻസേഷൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കിയിരുന്നു. എന്നാൽ പല സാഹചര്യങ്ങളാൽ ഇത് കൃത്യസമയത്തു പൂർണ്ണമായി കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കാത്ത അവസ്ഥയാണ്. ഇതും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. മേൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ ജി.എസ്.ടി. കൗൺസിലിന്റെ ഇടപെടലിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

(ബി) കൃത്യവും പ്രശ്നരഹിതവുമായ രീതിയിൽ ജി.എസ്.ടി. ശൃംഖല സജ്ജമാക്കാൻ കേന്ദ്രസർക്കാരിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൃത്യവും പ്രശ്നരഹിതവുമായ രീതിയിൽ ജി.എസ്.ടി. ശൃംഖല നടപ്പാക്കാൻ സാധിച്ചിട്ടില്ല.

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്കുള്ള നഷ്ടം നികത്തുമെന്നുള്ള വാഗ്ദാനം കേന്ദ്ര സർക്കാരിൽ നിന്നുണ്ടായിരുന്നു. ഇതനുസരിച്ച് ഭരണഘടനയുടെ നൂറ്റിരണ്ടാം ഭേദഗതി പ്രകാരം കോമ്പൻസേഷൻ നിയമം പാസ്സാക്കി. എന്നാൽ കോമ്പൻസേഷൻ പൂർണമായും കൃത്യസമയത്ത് സംസ്ഥാനങ്ങൾക്ക് നൽകുവാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഭേദഗതികളും സർക്കുലറുകളും നോട്ടിഫിക്കേഷനുകളും ജി.എസ്.ടി. നിയമം കൂടുതൽ സങ്കീർണ്ണ മാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജി.എസ്.ടി. നിയമം പൂർണമായും നിശ്ചയിക്കപ്പെട്ട രീതിയിൽ ആയിട്ടില്ല. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഉണ്ടായിരുന്നതിൽ നിന്നും പലതരത്തിലുള്ള ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും ജി.എസ്.ടി. നിയമത്തിലും ചട്ടങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലും വളരെയധികം മാറ്റങ്ങളുണ്ടായി. അതനുസരിച്ച് നിരവധി നോട്ടിഫിക്കേഷനുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ ഭേദഗതികളും അതുമായി ബന്ധപ്പെട്ട വിജ്ഞാപനങ്ങളും സർക്കുലറുകളും ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്താണ് തീരുമാനമെടുക്കുന്നത്. കേന്ദ്രധനകാര്യ മന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ധനകാര്യ വകുപ്പുമന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്തെടുക്കുന്ന ഓരോ പുതിയ തീരുമാനങ്ങളും പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടിയാണ് ഭേദഗതികളും സർക്കുലറുകളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കേണ്ടി വരുന്നത്.

(ഇ) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന നഷ്ടപരിഹാരത്തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക പൂർണമായും കൃത്യസമയത്തു സംസ്ഥാനത്തിന് നൽകുവാൻ കേന്ദ്ര സർക്കാരിന് സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെയടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി.

ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. 2019 ഡിസംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാരത്തുക 4-6-2020-നും 2020 മാർച്ചിലെ നഷ്ടപരിഹാരത്തുക 23-7-2020 നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷം കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക 12,988 കോടി രൂപ ആണ്. 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിൽ ഉണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശങ്ങളും 2020-21, 2021-22 (ജൂൺ വരെ) സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാരത്തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി

24(*174) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>
<u>ഡോ. സുജിത് വിജയൻപിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പെടെ മുപ്പത്തി അയ്യായിരം കോടിയിലധികം രൂപയുടെ ക്രമക്കേടുകൾ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം കേന്ദ്ര ഏജൻസികൾ കണ്ടുപിടിച്ചെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ജി.എസ്.ടി.-യിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്നതിനാൽ സംസ്ഥാനത്ത് ജി.എസ്.ടി. വെട്ടിപ്പ് തടയാനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജ്ജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം-അമരവിള, പാലക്കാട്- വാളയാർ, കാസർഗോഡ്-ബംഗ്ര-മഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി പോർട്ടലിലേയ്ക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ വാഹന പരിശോധന ഫോറങ്ങൾ പൂർണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ രണ്ടു വ്യക്തികളെ സംസ്ഥാന ചരക്ക സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.

(ബി) ഏതുവർഷം വരെയുള്ള വാർഷിക റിട്ടേണുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിട്ടേണുകളാണ് ഫയൽ ചെയ്തിട്ടുള്ളത്.

(സി) ചെക്ക്പോസ്റ്റ് സംവിധാനം ഇല്ലാതായതിന് ബദൽ എന്ന നിലയിൽ ഇ-വെബിൽ ക്യാമറ നിരീക്ഷണം നടത്തിയ നടപടി എത്രമാത്രം

ഫലപ്രദമായിട്ടുണ്ട്; ക്രോസ് വെരിഫിക്കേഷൻ സാദ്ധ്യമാകും വിധം ഇലക്ട്രോണിക് ഡാറ്റ ലഭ്യമാണോ; വ്യക്തമാക്കാമോ?

എ.എൻ.പി.ആർ. ക്യാമറ നിരീക്ഷണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 22-07-2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ക്യാമറയുടെ ദൃശ്യങ്ങളിൽ നിന്നുള്ള ഡാറ്റ ക്രോസ്സ് വെരിഫൈ ചെയ്യുന്നതിന് ഇ-വേ ബിൽ ഡാറ്റ ഇപ്പോൾ ലഭ്യമാണ്.

**സംരംഭകരുടെ പരാതി പരിഹരിക്കാൻ നടപടി**

25 (*175) ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായാനുകൂല അന്തരീക്ഷത്തെ ഹനിക്കുക എന്ന ലക്ഷ്യത്തോടെ ചില കോണുകളിൽ നിന്നുണ്ടാകുന്ന പ്രചരണങ്ങളുടെ നിജസ്ഥിതി വ്യവസായസമൂഹത്തെയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്താനാവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് വസ്തുതയുമായി യാതൊരു ബന്ധവുമില്ല. സംസ്ഥാനത്ത് നിലനിൽക്കുന്ന നിക്ഷേപസൗഹൃദാന്തരീക്ഷവും സംരംഭകർക്കുള്ള നിക്ഷേപാനുകൂല സാഹചര്യങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലകൾതോറും സംരംഭകരുടെ പ്രശ്നങ്ങൾ കേൾക്കുവാനും സംവദിക്കുന്നതിനുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് 'മീറ്റ് ദി മിനിസ്റ്റർ' എന്ന പരിപാടി സംഘടിപ്പിച്ചുവരുന്നു.

(ബി) വ്യവസായ വകുപ്പുമന്ത്രി വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി അവരുടെ ആശങ്ക ദൂരീകരിക്കാൻ നടപടിയെടുത്തിരുന്നോ;

&

(സി) സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ടു കാണാൻ മീറ്റ് ദ മിനിസ്റ്റർ പരിപാടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA , FICCI , CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാംതന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെപറയുന്നു.

<u>എറണാകുളം ജില്ല:</u> സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 15-7-2021-ന് കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ച് സംരംഭം തുടങ്ങിയവരേയും തുടങ്ങാൻ ആഗ്രഹിക്കുന്നവരേയും സംഘടിപ്പിച്ചു കൊണ്ട് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. വ്യവസായ വകുപ്പുമന്ത്രി നേരിട്ട് പങ്കെടുത്ത പരിപാടിയിൽ 169 അപേക്ഷകൾ/പരാതികൾ ലഭിക്കുകയുണ്ടായി. ആയതിൽ 22 എണ്ണം നടപടിക്രമം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയിൽ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് 29-7-2021-നും 2-8-2021-നും പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി മേൽനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

<u>തിരുവനന്തപുരം ജില്ല:</u> തിരുവനന്തപുരം ജില്ലയിൽ 16-7-2021-നാണ് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടത്തിയത്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആകെ 103 അപേക്ഷകൾ ലഭിച്ചിരുന്നു.

വ്യവസായവകുപ്പുമന്ത്രിയുടെ മുമ്പാകെ 62 കേസുകൾ അവതരിപ്പിക്കുകയും 46 കേസുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോട്ടയം ജില്ലയിൽ 19-7-2021-നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇ-മെയിൽ ആയും നേരിട്ടും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരം ഉണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികളൊഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി പരിപൂർണ്ണ വിജയമാണെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ മറ്റ് ജില്ലകളിലും തുടരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

26 (*176) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായിട്ടും കേരളത്തിന്റെ നികുതിവരുമാനത്തിൽ കുറവുണ്ടായത് നികുതി ഭരണ സംവിധാനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ജി.എസ്.ടി. നികുതി നിരക്കുകളിൽ ജി.എസ്.ടി. കൗൺസിൽ പല ആവശ്യങ്ങൾ പരിഗണിച്ച് ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. കൂടാതെ ജി.എസ്.ടി. വിഭാവന ചെയ്ത തരത്തിൽ പൂർണമായ റിട്ടേൺ നടപ്പിലാക്കാത്തത് ഐ.ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് തടസ്സമായി.

(ബി) പരോക്ഷ നികുതികളുടെ ചരിത്രത്തിൽത്തന്നെ ഏറ്റവും കൂടുതൽ സർവീസ് ടാക്സ് പിരിക്കാനുള്ള അവസരം കൈവന്നിട്ടും സർവീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതി വെട്ടിപ്പ് തടയുന്നതിലും പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സർവീസ് ടാക്സ് സപ്ലൈയേഴ്സിനെ സംബന്ധിച്ച് സർവ്വേകൾ നടത്തുകയും ടാക്സ് നെറ്റിൽ ചേർക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന മുഖ്യലക്ഷ്യം നടപ്പാക്കുന്നതിനായി നികുതി ഭരണസംവിധാനം കാര്യക്ഷമമായി പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിനും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവിധാനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യവസായ പാർക്കുകൾ**

27 (*177) <u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) നിക്ഷേപം ആകർഷിക്കുന്നതിൽ വ്യവസായ പാർക്കുകളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ പാർക്കുകളുടെ സ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വയനാട് ഒഴികെ മറ്റു ജില്ലകളിലായി ആകെ 40 വ്യവസായ വികസന പാർക്കുകൾ നിലവിലുണ്ട്. പ്രസ്തുത വ്യവസായ വികസന പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് 25 വ്യവസായ പാർക്കുകൾ നിലവിലുണ്ട്. ടി പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 22 എണ്ണത്തിൽ 90% അലോട്ട്മെന്റ് പൂർത്തീകരിക്കുകയും 3 എണ്ണത്തിൽ

അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വ്യവസായ വകുപ്പിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 7 വ്യവസായ പാർക്കുകളും നിലവിലുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്കും പാലക്കാട് ജില്ലയിൽ ഒരു ലൈറ്റ് എഞ്ചിനിയറിംഗ് പാർക്കും ചേർത്തലയിൽ ഒരു മെഗാ ഫുഡ് പാർക്കും നിലവിലുണ്ട്.

(സി) നിക്ഷേപകരെ ആകർഷിക്കാൻ ഇത്തരം പാർക്കുകളിൽ പുതുതായി എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിക്ഷേപകരെ ആകർഷിക്കുന്നതിനായി സർക്കാർ ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി വ്യവസായങ്ങളാരംഭിക്കുന്നതിനാവശ്യമായ അനുബന്ധ ലൈസൻസുകൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനം വഴി സമയബന്ധിതമായി ഇവ ലഭിക്കുന്നതിനുള്ള പോർട്ടൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിനായി K-SWIFT എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമാക്കി എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട്-2019 നടപ്പാക്കിയതിലൂടെ 10 കോടി രൂപയിൽ താഴെയുള്ള നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുകയും സെൽഫ് ഡിക്ലറേഷൻ സംവിധാനം വഴി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇങ്ങനെ തുടങ്ങുന്ന വ്യവസായങ്ങൾക്ക് അനുബന്ധ അനുമതികൾ 3 വർഷം കഴിഞ്ഞ് ആറു മാസത്തിനുള്ളിൽ നേടിയെടുത്താൽ മതിയാകും. കിൻഫ്രയുടെ ഭരണ നിയന്ത്രണത്തിലുള്ള പാർക്കുകളിലെ സംരംഭകർക്ക് അപേക്ഷിച്ച് 24 മണിക്കൂറിനുള്ളിൽ KINESCO Power Utilities Private Limited എന്ന അനുബന്ധ സ്ഥാപനം വഴി വൈദ്യുതി കണക്ഷൻ നൽകിവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുപുറമേ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, പവർ ഫീഡർ എന്നിങ്ങനെ പുതിയ സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കാനാണുദ്ദേശിക്കുന്നത്. കൂടാതെ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതിയും നിലവിലുണ്ട്. കൂടുതൽ നിക്ഷേപകരെ സംരംഭ രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ഏകീകൃത

ലാൻഡ് അലോട്ട്മെന്റ് പോളിസിയും രൂപീകരിക്കുന്നുണ്ട്. കൂടാതെ മൊത്തത്തിൽ സംരംഭകർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ഇളവുകളും ആനുകൂല്യങ്ങളും പാർക്കുകളിലെ സംരംഭകർക്കും നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തിന് പ്രാരംഭം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര നടപ്പിലാക്കിവരുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് പെട്രോ കെമിക്കൽ പാർക്ക്. ഇതിനായി കൊച്ചിയിലെ ഫാക്ടിൽ നിന്നും 481 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറി കിട്ടി. ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു.

**എം.എസ്.എം. സംരംഭകർക്ക് പ്രത്യേക പാക്കേജ്**

28 (*178) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യവും തൊഴിൽ ദായക ശേഷിയുള്ളതുമായ എം.എസ്.എം. സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം പദ്ധതികൾ ഉണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ധനസഹായ പദ്ധതികൾ താഴെപ്പറയുന്നവയാണ്. സംരംഭക സഹായപദ്ധതി: വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 5 ലക്ഷം രൂപവരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ

വീടിനോടുചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻമണി ഗ്രാന്റ് വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻമണി നല്കികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായ ഭദ്രത കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായഭദ്രത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായവാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ്പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ മുതൽ പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. കോവിഡ് -19 സമാശ്വാസ പദ്ധതി കോവിഡ് രണ്ടാംതരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഈ സർക്കാർ രൂപീകരിച്ച ഒരു ദുരിതാശ്വാസ പാക്കേജാണ് കോവിഡ് -19 സമാശ്വാസ പദ്ധതി. ഇതു കൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കിവരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്.

(ബി) കോവിഡ് രണ്ടാം തരംഗം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് ഈ മേഖലയിലുള്ള സംരംഭങ്ങൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് കോവിഡ് രണ്ടാം തരംഗംമൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ, COVID-19 സമാശ്വാസപദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച്

നടപ്പിലാക്കിവരുന്നു. പ്രസ്തുത പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന ഇനിപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരുവർഷത്തേക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവന മേഖല നാനോ യൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. ഈ പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ ഒടുക്കിയും ബാക്കി 80% അഞ്ചു വർഷം

കൊണ്ട് പലിശ രഹിത ഒടുക്കായും വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്കാവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

(സി) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ നിയമം പാസ്സാക്കിയത് എം.എസ്.എം. സംരംഭകരുടെ വളർച്ചക്ക് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുന്നതിന് 7 നിയമങ്ങളും 10 ചട്ടങ്ങളും ഭേദഗതി വരുത്തുന്നതിനുള്ള നിയമമാണ് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ നിയമം 2018. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ നിയമപ്രകാരം അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാവുന്നതാണ്. മേൽ വിവരിച്ച പ്രകാരം അനുമതി അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നു വർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകളെടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മേൽ സൂചിപ്പിച്ച നിയമനിർമ്മാണങ്ങൾ സൂക്ഷ്മ -ചെറുകിട - ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. 2018 ഫെബ്രുവരിയിൽ K-SWIFT നിലവിൽ വന്നതു മുതൽ ഇന്നുവരെ ഈ സംവിധാനം വഴി 11,940 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്കു അനുമതി നല്കിയിട്ടുണ്ടെന്ന വസ്തുത ഈ വളർച്ചയെ സൂചിപ്പിക്കുന്നു.

(ഡി) നാനോ വ്യവസായങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് നൽകുന്ന പദ്ധതി കൂടുതൽ ആകർഷകമാക്കാൻ നടപടി സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കുമോ?

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് മാർജിൻ മണിഗ്രാന്റ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിതപ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/ പട്ടികവർഗ്ഗം എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ – ആകെ പ്രോജക്ട് ചെലവിന്റെ 40%
2. പ്രൊമോട്ടർമാരുടെ സംഭാവന – ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ
3. വ്യവസായ വകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം. എസ്.സി/എസ്.ടി/വനിതകൾ/ വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണിഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവും ആയിരിക്കും.

കോവിഡ് പശ്ചാത്തലത്തിൽ ഈ സർക്കാർ പ്രഖ്യാപിച്ച COVID-19 സമാശ്വാസപദ്ധതി പാക്കേജിൽ ടി പദ്ധതിയിലേയ്ക്കായി കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോയൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

**സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം**

29 (*179) ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിലേയ്ക്കായി ഏകീകൃത സോഫ്റ്റ് വെയർ (CBS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ കൃത്രിമം കാണിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിലേയ്ക്കായി, വകുപ്പ് നടപ്പിലാക്കുന്ന ഏകീകൃത സോഫ്റ്റ് വെയറിൽ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ RFP-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലൂടെ സംഘങ്ങളുടെ കണക്കുകളിൽ/സോഫ്റ്റ് വെയറിൽ സംഘം ജീവനക്കാർക്ക് ഭേദഗതികൾ വരുത്തുന്നതിനുള്ള അവസരം ഉണ്ടാകുന്നില്ല. ആയത് അഴിമതി കുറയുന്നതിന് കാരണമാകും.

2. കമ്പ്യൂട്ടറൈസ് ചെയ്യിട്ടില്ലാത്ത 47 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും വാർഷിക പദ്ധതി 2020-21-ൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള പലവക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി ഒരു സംഘത്തിന് പരമാവധി 3.00 ലക്ഷം രൂപ (ഓഹരി, വായ്പ, സബ്സിഡി ആയി

1:1:4 എന്ന അനുപാതത്തിൽ) ധനസഹായം അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി അംഗീകരിക്കുകയും 2018-19 സാമ്പത്തിക വർഷം 58 സംഘങ്ങൾക്ക് 170.00 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 44 സംഘങ്ങൾക്ക് 112.27334 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷം 60 സംഘങ്ങൾക്ക് 166.74417 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകിയിട്ടുണ്ട്.

4. ICDP പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പാദന യൂണിറ്റുകൾ Value Added Product ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് സഹായം നൽകുന്നുണ്ട്.

5. ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDC, RIDF എന്നീ പദ്ധതികളിൽപെടുത്തി ആധുനിക സൗകര്യങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ Value Added Product, Agri Infrastructure facilities എന്നിവ സൗകര്യാർത്ഥം Agri Infrastructure Fund ഉപയോഗിച്ച് നടപ്പിലാക്കുന്നതാണ്.

7. കോവിഡ്-19-ന്റെ സാഹചര്യത്തിൽ ഹോസ്പിറ്റൽ സൊസൈറ്റികളിൽ Testing Facilities ഏർപ്പെടുത്താൻ സഹായം അനുവദിക്കുന്നതാണ്.

(ബി) സഹകരണ മേഖലയിൽ എന്തെല്ലാം ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ആഫീസുകളെ ഒരു ഏകീകൃത കോർബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും അതുമുഖാന്തരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അവസാനഘട്ടത്തിലുമാണ്. ഏകീകൃത കോർബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, മൊബൈൽ ബാങ്കിംഗ്, IMPS (Immediate payment System), ഇന്റർനെറ്റ് ബാങ്കിംഗ്, UPI (Unified Payment Interface) BBPS (Bharath Bill Payment System), ATM, മൈക്രോ ATM, FASTag, AEPS (Aadhar Enabled Payment System) E-KYC, CKYC, PFMS (Public Finance Management System) DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങളെല്ലാംതന്നെ കേരള ബാങ്കിലൂടെ

ലഭ്യമാകുന്നതാണ്. കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറന്റ്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. കെ.ബി സീനിയർ സേവിംഗ്സ്, കെ.ബി വനിത സേവിംഗ്സ്, കെ. ബി യംഗ് സേവിംഗ്സ്, കെ.ബി മൈനർ സേവിംഗ്സ്, കെ.ബി സഹായം സേവിംഗ്സ്, കെ.ബി പെൻഷണർ സേവിംഗ്സ്, കെ.ബി കുടുംബം സേവിംഗ്സ്, കെ.ബി ഫ്രീഡം സേവിംഗ്സ് (PACS)

(സി) സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തുന്നതിലേയ്ക്കായി എല്ലാ വർഷവും നിക്ഷേപ സമാഹരണ യജ്ഞം നടത്തിവരുന്നുണ്ട്. സഹകരണ വായ്പാ മേഖലയിലെ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനത്തിലേക്ക് കൂടുതലായി ആകർഷിക്കുക, കേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ 2021 ഫെബ്രുവരി 1 മുതൽ 2021 മാർച്ച് 31 വരെ " സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി" എന്ന മുദ്രാവാക്യത്തോടെ നിക്ഷേപ സമാഹരണ പരിപാടി നടത്തുകയുണ്ടായി. യുവജനങ്ങളെ കൂടുതലായി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കുന്നതിലേയ്ക്കായി സംഘംതല അംഗത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും ടി ക്യാമ്പയിനിലൂടെ കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെകുറിച്ചും സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചും സാമ്പത്തിക മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ സംബന്ധിച്ചും യുവജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനും പ്രവർത്തന പരിധിയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളേയും ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും തദ്വാര സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും ഭാവിയിലെ സഹകാരികളെ വാർത്തെടുക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവർത്തന പരിധിയിലെ ഒരു ഭവനത്തിൽനിന്നും ഒരാളെങ്കിലും സംഘത്തിൽ കൂടുതലായി അംഗമാക്കുന്നതിനും നിക്ഷേപം, വായ്പ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി ഏർപ്പെടുത്തുന്നതിനും ഓരോ പ്രാഥമിക ബാങ്കുകളുടേയും പ്രവർത്തനപരിധിയിലുള്ള വിദ്യാലയങ്ങൾ, ഭവനങ്ങൾ,

കുടുംബശ്രീ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിക്ഷേപങ്ങൾ സമാഹരിക്കുന്നതിന് സംഘം തലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ടില്ലാത്ത അംഗങ്ങളെ ഒരു നിക്ഷേപ അക്കൗണ്ടെങ്കിലും ആരംഭിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും ആവശ്യമായ നടപടി സംഘം തലത്തിൽ സ്വീകരിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെയും നടപടികളുടെയും ഫലമായി 2021-ലെ നിക്ഷേപ സമാഹരണ യജ്ഞം വൻവിജയമായിത്തീരുകയും സംസ്ഥാനത്തെ സംഘങ്ങളിലെ/ബാങ്കുകളിലെ ആകെ നിക്ഷേപത്തിൽ 8440 കോടി രൂപ വർദ്ധനവ് കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 31-3-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ ആകെ നിക്ഷേപം 246326.9712 കോടി രൂപയാണ്. ഇനിയുള്ള വർഷങ്ങളിലും ഇത്തരത്തിലുള്ള നൂതന ആശയങ്ങൾ ഉൾപ്പെടുത്തി സഹകരണ സമാഹരണ യജ്ഞങ്ങൾ നടപ്പിലാക്കി സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളുന്നതാണ്.

## വൻകിട കിഫ്ബി പദ്ധതികൾ

30 (*180) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന നാളിതുവരെ അനുമതി നൽകിയ വൻകിട പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി (50 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 228 പദ്ധതികളിലായി 46559.35 കോടി രൂപയാണ് കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ളത്. വൻകിട പദ്ധതികൾക്കായി നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മുൻ സർക്കാർ അഞ്ചുവർഷം കൊണ്ട് അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചത് നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

അഞ്ചു വർഷം കൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുക എന്നതായിരുന്നു മുൻ സർക്കാരിന്റെ ലക്ഷ്യം. എന്നാൽ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് വൻകിട നിർമ്മാണ മേഖലകളായ റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലായി മുൻ സർക്കാർ കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു*. ഇതിൽ നാളിതുവരെ 2,956.14 കോടി രൂപയുടെ 201 പദ്ധതിഘടകങ്ങൾ പൂർണ്ണമായി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. നിർദ്ദിഷ്ട സമയ ക്രമത്തിനുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകുന്നതുൾപ്പടെ കൃത്യമായ ഇടവേളകളിൽ പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച അവലോകന യോഗങ്ങൾ കിഫ്ബി നടത്തിവരുന്നുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം-3 ആയി ചേർക്കുന്നു.*

## II നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡ് നിയന്ത്രണങ്ങളും ബാങ്ക് വായ്പകളും

1 (1724) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണങ്ങൾ കാരണം ബാങ്ക് വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ സാധിക്കാത്തതിനാൽ വ്യാപാരികളുടെ ക്രെഡിറ്റ് സ്കോറിൽ ഇടിവ് വരുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ക്രെഡിറ്റ് സ്കോറിൽ ഇടിവ് വരുന്നതുകാരണം വ്യാപാരികൾക്ക് ഭാവിയിൽ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാൻ സാധിക്കാത്ത ഗുരുതരമായ അവസ്ഥ കണക്കിലെടുത്ത് ആവശ്യമായ ഇടപെടലുകൾ നടത്താൻ സർക്കാർ ശ്രമിക്കുമോ?

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് 2020-ൽ അനുവദിക്കപ്പെട്ട മോറട്ടോറിയംമൂലം വ്യാപാരികളുടെ വായ്പകളിന്മേൽ ബാങ്കുകൾ വരുത്തുന്ന മാറ്റങ്ങൾ, ഉപഭോക്താക്കളുടെ ക്രെഡിറ്റ് ഹിസ്റ്ററിയെ ബാധിക്കാതിരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് -19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെതന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചിട്ടുണ്ട്. രണ്ടുവർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. 2021-ലെ കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് റിസർവ് ബാങ്ക് പുറത്തിറക്കിയ Resolution Framework - 2-ൽ ബാങ്കുകൾ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുന്ന ഉപഭോക്താളുടെ ക്രെഡിറ്റ് ഹിസ്റ്ററിയിൽ "restructured due to COVID-19" എന്ന് തന്നെ രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുണ്ട്.

## ധന ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച ലക്ഷ്യങ്ങൾ

2 (1725) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

&

(ബി) ഏതെങ്കിലും കാര്യത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയുംപ്രകാരമാണ്:

(ശതമാനത്തിൽ) ധന സൂചകങ്ങൾ

| ധന സൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ ജി.എസ്. ഡി.പി | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.83 | 3.41 | 2.79 |
| കടബാധ്യത/ ജി.എസ്. ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.04 | 29.82 | 30.46* |

(*സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ട് നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവും കാരണമാണ് ധനഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി

ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക്സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പാ പരിധിക്ക്പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്.

(സി) പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചപ്രകാരമുള്ള ലക്ഷ്യം നേടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ കേന്ദ്ര സർക്കാരിൽനിന്ന് ഇക്കാര്യത്തിൽ സർക്കാരിന് പൊതുനിർദ്ദേശങ്ങൾ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ ഓരോ വർഷവും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിക്കുന്ന വായ്പപരിധിക്കും ഇതിന് പുറമെ അനുവദിക്കുന്ന അധികവായ്പയ്ക്കും അനുസൃതമായി ധനസംബന്ധമായ ഉത്തരവാദിത്ത നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന നിബന്ധന വയ്ക്കാറുണ്ട്.

### ചെലവ് ചുരുക്കൽ നടപടികൾ

3 (1726) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനായി എത്ര ഉത്തരവുകളാണ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് കാലാകാലങ്ങളിൽ

നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ആണ് ഇക്കാര്യത്തിൽ അവസാനമായി പുറപ്പെടുവിച്ച പ്രധാനപ്പെട്ട സർക്കാർ ഉത്തരവ്.

(ബി) ചെലവ് ചുരുക്കൽ നടപടി വകുപ്പുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

ചെലവ് ചുരുക്കൽ നടപടികൾ ബന്ധപ്പെട്ട വകുപ്പ്/സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

**ബാങ്കുകൾ ജപ്തി നടപടി നടത്തുന്നതായ പരാതികൾ**

4 (1727) ശ്രീ. തോമസ് കെ. തോമസ് :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ബാങ്കുകൾ ജപ്തി നടപടികൾ നടത്തുന്നതായ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

ബാങ്കുകൾ സാധാരണ നിഷ്ക്രിയ ആസ്തിയായിട്ടുള്ള അക്കൗണ്ടുകളിലാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റെസല്യൂഷൻ ഫ്രെയിം വർക്കും മോറട്ടോറിയവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകിയതുമൂലം പ്രതിസന്ധി നേരിടുന്ന വായ്പകൾക്ക് നിഷ്ക്രിയ ആസ്തി ആകുന്നതിൽനിന്നും സാവകാശം ലഭിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉപാധികൾക്ക് വിധേയമായി റിസർവ് ബാങ്കിന്റെ റെസല്യൂഷൻ ഫ്രെയിം വർക്കിൽ നിർദ്ദേശിക്കുന്നുണ്ട്.

(ബി) ലോണെടുത്ത സാധാരണക്കാരുടെ കിടപ്പാടം ജപ്തി ചെയ്യുന്ന സർഫാസി നിയമം പിൻവലിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടുമുള്ളവരെ ഒഴിവാക്കണമെന്ന കേരള നിയമസഭയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലും സർഫാസി നിയമം സംബന്ധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിലും സർഫാസി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

## ഹിന്ദു ബാങ്ക് പ്രവർത്തനം

5 (1728) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിന്ദു ബാങ്ക് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ബാങ്ക് പ്രവർത്തിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുവാദം ആവശ്യമുണ്ടോ;

&

(സി) ഉണ്ടെങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മേൽ പിരിവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി

6 (1729) ശ്രീ. എം. എം. മണി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ടി. ഐ. മധുസൂദനൻ :
ശ്രീ. കെ. പ്രേംകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സർക്കാരിനോട് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിരുന്നോ?

കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യം, സാമൂഹ്യക്ഷേമം, പുനരധിവാസം എന്നീ മേഖലകളിലുണ്ടായേക്കാവുന്ന കുത്തനെയുള്ള അധിക ചെലവുകൾ നേരിടുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതിവിഹിതം 50 ശതമാനമായി ഉയർത്തണമെന്നും, നിപ്പ, കോവിഡ്-19 തുടങ്ങിയ പൊതു ആരോഗ്യ ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും കോവിഡുമൂലം സംസ്ഥാന ധനസ്ഥിതിക്കുണ്ടായ കനത്ത ആഘാതം നേരിടുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ/ ധനകമ്മിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് അയച്ച 26-04-2020-ലെ കത്ത് പ്രകാരം കോവിഡ് 19-ഉം തുടർന്നുള്ള ലോക്ക്ഡൗണും

കാരണം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിലുണ്ടായ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അഡീഷണൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കോവിഡ്-19 മൂലമുള്ള അധിക ചെലവ് വഹിക്കുന്നതിന് ആർട്ടിക്കിൾ 282 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത സർചാർജ്ജ്, സെസ് ഇനങ്ങൾ ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളുടെ മേൽ നികുതിഭാരം വർദ്ധിപ്പിക്കുകയും എന്നാൽ സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട നികുതി വിഹിതം യഥാസമയം നല്കാതിരിക്കുന്നത് പരിഹരിക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് പ്രത്യേക ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർചാർജ്ജ്, സെസ് എന്നിവ വർദ്ധിക്കുന്നതുമൂലം സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന നികുതി വിഹിതത്തിൽ കുറവ് വരുന്നതായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനങ്ങൾക്കായി വിഭജിക്കേണ്ട നികുതി 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക ഗ്രാന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

(സി) പൊതുനിക്ഷേപം വർദ്ധിപ്പിച്ച് സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവിന് വഴിയൊരുക്കുന്നതിൽ റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള ഗണ്യമായ ഇടിവ് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം സംസ്ഥാനങ്ങളുടെയും കേന്ദ്രസർക്കാരിന്റെയും നികുതി വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മഹാമാരി സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽ നിന്ന് സമ്പദ്‌വ്യവസ്ഥയെ കരകയറ്റാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്താനും അധിക വായ്പ ലഭ്യമാക്കേണ്ട

സാഹചര്യമാണ് നിലവിലുള്ളത്. കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് കേരളത്തിന്റെ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി നടപ്പ് സാമ്പത്തികവർഷം 2021-22-ൽ നമ്മുടെ വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ 4.5 ശതമാനമായി കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അധിക വായ്പയിലൂടെയും 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകി വരുന്ന Revenue Deficit Grant - ലൂടെയും റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് ഒരു പരിധിവരെ നികത്താൻ കഴിയുമെന്നാണ് കരുതുന്നത്. കൂടാതെ, സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ഉറപ്പുവരുത്താൻ ബഡ്ജറ്റിന് പുറത്തുനിന്ന് പണം കണ്ടെത്തുന്നതിനായി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യ പൂർത്തികരണത്തിനുതകുന്ന രീതിയിൽ തുടരുന്നതാണ്.

**വിവിധ ഏജൻസികൾ വഴി എടുത്ത കടത്തിന്റെ വിശദാംശങ്ങൾ**

7 (1730) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിന് പുറത്ത് 2016 മുതൽ വിവിധ ആവശ്യങ്ങൾക്കായി വിവിധ ഏജൻസികൾ വഴി എടുത്ത കടത്തിന്റെ തുക, ഏജൻസി, വർഷം, എന്നുമുതൽ തിരിച്ചടവ് നൽകണം, ഇവയുടെ പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016 മുതൽ കിഫ്ബി വഴി എടുത്തിട്ടുള്ള വായ്പകളുടെ തുക, ഏജൻസി, വർഷം, എന്നുമുതൽ തിരിച്ചടവ് നൽകണം, ഇവയുടെ പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

(ബി) ടി ഇനത്തിൽ പശ്ചാത്തല സൗകര്യ സൃഷ്ടിക്കലിന് പണം ചെലവഴിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2021 ജൂൺ 30 വരെ വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 26-7-2021-ലെ കണക്കുകൾ പ്രകാരം 12830.03 കോടി രൂപ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി നൽകുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനവ്**

8 (1731) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചക വാതക വില അനുദിനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഉല്പന്നങ്ങളിൽനിന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതിവരുമാനം യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ?

22-7-2021-ലെ അടിസ്ഥാന വിലയനുസരിച്ച് പെട്രോളിന് യൂണിറ്റടിസ്ഥാനത്തിലുള്ള വില്പന നികുതി ലിറ്ററിന് 22.48 രൂപയും അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും സെസ്സ് ലിറ്ററിന് 23 പൈസയും ഈടാക്കുന്നു. നിലവിൽ ഡീസലിന് യൂണിറ്റടിസ്ഥാനത്തിലുള്ള നികുതി വരുമാനം ലിറ്ററിന് 16.92 രൂപയും അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും സെസ്സ് ലിറ്ററിന് 18 പൈസയും ഈടാക്കുന്നു. നിലവിൽ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന് 5% (2.5% CGST + 2.5% SGST) നികുതിനിരക്കും ഗാർഹിക ആവശ്യത്തിനു പുറമേയുള്ള പാചകവാതകത്തിന് 18% (9% CGST + 9% SGST) നികുതിനിരക്കും ബാധകമാണ്. പാചക വാതകം ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുന്നതാണ്. ചരക്കുകളുടെ അളവുകൾ സംബന്ധിച്ച വിവരങ്ങൾ നിലവിൽ ചരക്ക് സേവന നികുതി നിയമ പ്രകാരം റിട്ടേൺ സമർപ്പിക്കുന്നതിന് നിർബന്ധമല്ലാത്തതിനാൽ യൂണിറ്റടിസ്ഥാനത്തിൽ പ്രസ്തുത ഉൽപ്പന്നത്തിൽനിന്ന് ലഭിക്കുന്ന നികുതി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

(സി) ഈ ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഓരോ ഉൽപ്പന്നത്തിനും യൂണിറ്റടിസ്ഥാനത്തിൽ നികുതിയായി ലഭിക്കാവുന്ന ഉയർന്ന തുക എത്രയായിരിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചരക്കുസേവന നികുതി നിയമ പ്രകാരം പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ വിജ്ഞാപനം 360/2017 പ്രകാരം ചരക്കുകൾക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്ക് 28% മാത്രമാണ് (14% CGST + 14% SGST). പെട്രോളും ഡീസലും ചരക്കുസേവന നികുതിക്കു കീഴിൽ ഉൾപ്പെടുത്തിയാൽ ഓരോന്നിനും നിലവിലെ ഷെഡ്യൂൾ നിരക്കനുസരിച്ച് പരമാവധി നികുതി 28% (14% CGST+14% SGST) ചുമത്തിയാൽ സംസ്ഥാനത്തിന്

യൂണിറ്റടിസ്ഥാനത്തിൽ നികുതിയായി ലഭിക്കാവുന്ന ഉയർന്ന തുക പെട്രോളിന് ലിറ്ററിന് 5.86 രൂപയും ഡീസലിന് ലിറ്ററിന് 5.96 രൂപയും നികുതിയായി ലഭിക്കുന്നു. നിലവിൽ പാചകവാതകം ചരക്കുസേവന നികുതി നിയമത്തിൻ കീഴിൽ ഉൾപ്പെടുന്നതാണ്.

(ഡി) തൊഴിലില്ലായ്മമൂലവും കോവിഡ് മഹാമാരിയാലും ജീവിതക്ലേശം നേരിടുന്ന സാധാരണക്കാരായ ജനങ്ങളെ ഈ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം ഉണ്ടാകുന്ന വൻ വിലക്കയറ്റത്തിൽനിന്ന് രക്ഷിക്കുന്നതിനായി പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിയന്ത്രണത്തിനായുള്ള ഇടപെടൽ നടത്തുമോയെന്ന് വിശദമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിനിടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയെയും നിക്ഷേപ സാധ്യതയെയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

## കോവിഡ് രോഗബാധയും ജപ്തി നടപടികളും

9 (1732) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ ഇടയിലും സംസ്ഥാനത്തെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും സ്വകാര്യ ബാങ്കുകളും സ്വർണ്ണം, മറ്റു ജാമ്യ വസ്തുക്കൾ എന്നിവയിന്മേൽ വാങ്ങിയ വായ്പകൾക്ക് പലിശയിളവോ തിരിച്ചടവിന് സാവകാശമോ നൽകാതെ ജപ്തി, ലേല നടപടികൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പൊതുവായ നിർദ്ദേശം പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമെടുത്ത വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച് H2/146/ 2020/TD നമ്പർ കത്തുപ്രകാരം 31-7-2020-ൽ പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പ്രകാരം കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി സ്വർണപ്പണയ വായ്പ, ഭവന വായ്പ, മൈക്രോഫിനാൻസ്, മറ്റ് വായ്പകൾ, ചിട്ടി എന്നിവയുടെ തിരിച്ചടവ് താത്ക്കാലികമായി നിർത്തിവയ്ക്കുന്നതിനും അതോടൊപ്പം സംസ്ഥാനത്തെ സ്വകാര്യസ്ഥാപനങ്ങൾ വഴിയുള്ള എല്ലാ ലേലനടപടികളും പൂർണ്ണമായി നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാകുന്നു. കൂടാതെ സ്വകാര്യ ചിട്ടി കമ്പനികളുടെ മാസാമാസങ്ങളിൽ നടത്തുന്ന ലേലം, നറുക്ക് എന്നിവ നടത്തുന്നതിനും ചിട്ടി തുക പിരിച്ചെടുക്കുന്നതിനും നിലവിലുള്ള നിയന്ത്രണം ബാധകമാണെന്ന് സ്വകാര്യ ചിട്ടി കമ്പനികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു. ബാങ്കുകൾ സാധാരണ നിഷ്ക്രിയ ആസ്തിയായിട്ടുള്ള അക്കൗണ്ടുകളിലാണ് ജപ്തി നടപടികൾ സ്വീകരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, Resolution Frame Work -ഉം, മോറട്ടോറിയവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകിയതുമൂലം പ്രതിസന്ധി നേരിടുന്ന വായ്പകൾക്ക് നിഷ്ക്രിയ ആസ്തി ആകുന്നതിൽനിന്നും സാവകാശം ലഭിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉപാധികൾക്ക് വിധേയമായി റിസർവ് ബാങ്കിന്റെ Resolution Frame Work-ൽ നിർദ്ദേശിക്കുന്നുണ്ട്. 30-7-2021-ന് നിയമസഭയിൽ ചട്ടം 300 അനുസരിച്ച് വകുപ്പുമന്ത്രി നടത്തിയ പ്രസ്താവന ഇതിന്റെ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ലെങ്കിൽ ഇത്തരം നടപടികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ചോദ്യം (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രതീക്ഷിത ജി.എസ്.ഡി.പി.**

10 (1733) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പ്രതീക്ഷിത ജി.എസ്.ഡി.പി. നേടാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

&

(ബി) കോവിഡ് കാലത്ത് അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്നറിയിക്കുമോ?

2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2020-21 സാമ്പത്തിക വർഷത്തിലെ ജി.എസ്.ഡി.പി., കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക ആഘാതത്തെത്തുടർന്ന് പ്രതീക്ഷിത ജി.എസ്.ഡി.പി. ആയിരുന്ന 978064.00 കോടി രൂപയിൽനിന്നും 822022.74 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2021-22 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2021-22 വർഷത്തിലെ പ്രതീക്ഷിത ജി.എസ്.ഡി.പി. 876283.09 കോടി രൂപയാണ്. പ്രതീക്ഷിത ജി.എസ്.ഡി.പി. കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നത് സാമ്പത്തിക വർഷം അവസാനിച്ചശേഷം മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരമെന്നാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തി ക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഈ പ്രശ്നത്തെ അതിരൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്ത വിദ്യരെയും പ്രാപ്തമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതുമടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്താനും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യമേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പ്പാണ്.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.

5. 500 കോടി രൂപയുടെ റബ്ബർ സബ്സിഡി.

6. മത്സ്യ സംസ്കരണത്തിനും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.

8. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.

**പതിനൊന്നാം ശമ്പള കമ്മീഷൻ**

11 (1734) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുംവേണ്ടി രൂപീകരിച്ച പതിനൊന്നാം ശമ്പള കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ദീർഘിപ്പിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിലേർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം പ്രവർത്തിദിനങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ കമ്മീഷനെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുന്നതിനായാണ് പ്രധാനമായും കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയത്.

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിമാസം സർക്കാരിനുണ്ടാകുന്ന ചെലവ് ഇനംതിരിച്ച് വ്യക്തമാക്കാമോ?

2021 ജൂൺ മാസത്തെ ചെലവിന്റെയടിസ്ഥാനത്തിൽ ശമ്പള കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രതിമാസ ചെലവുകളുടെ ഇനംതിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## പ്രളയ സെസിലൂടെ ലഭിച്ച തുക

12 (1735) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസിലൂടെ ലഭിച്ച തുക ഏതെല്ലാം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രളയ സെസിലൂടെ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത സെസിന്റെ കാലാവധി വീണ്ടും ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയത്. പ്രളയ സെസ്സ് 1-8-2019 മുതൽ രണ്ട് വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്. ഇതനുസരിച്ച് സെസ്സിന്റെ കാലാവധി 31-7-2021-ൽ അവസാനിക്കും. 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള 2021 ജനുവരി 15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരള പ്രളയ സെസ്സ് 31-7-2021-നുശേഷം തുടരുകയില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ കമ്മി

13 (1736) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ റവന്യൂ കമ്മി എത്രയാണെന്നും ആയത് ജി.എസ്.ഡി.പി.-യുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ റവന്യൂ കമ്മി, ആയതിന്റെ ജി.എസ്.ഡി.പി.-യുടെ ശതമാനത്തിലുള്ള കണക്കും ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ കമ്മി | ജി.എസ്.ഡി.പി.-യുടെ ശതമാനത്തിൽ |
|---|---|---|
| 2015-16 | 9656.81 | 1.72 |
| 2016-17 | 15484.59 | 2.44 |
| 2017-18 | 16928.21 | 2.41 |
| 2018-19 | 17461.92 | 2.21 |
| 2019-20 | 14495.25 | 1.70 |
| 2020-21* | 23256.16 | 2.83 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.

## ചലഞ്ച് ഫണ്ട് മുഖേനയുള്ള കെട്ടിടനിർമ്മാണം

14 (1737) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ചലഞ്ച് ഫണ്ട് സൗകര്യം നിലവിലുണ്ടോ എന്നറിയിക്കാമോ;

&

(സി) ഉടുമ്പൻചോല മണ്ഡലത്തിലെ വലിയ തോവാള ക്രിസ്തുരാജാ ഹൈസ്കൂൾ ചലഞ്ച് ഫണ്ട് മുഖേന കെട്ടിടം പണികഴിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

18-8-2017-ലെ സ.ഉ.(അ) നമ്പർ 109/2017/ധന നമ്പർ ഉത്തരവുപ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി ഒരു കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി ഒരു കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. 5-11-2019-ലെ സ.ഉ.(അച്ചടി) നമ്പർ 156/2019/ധന പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം ഉപയോഗിച്ച് മാനേജ്മെന്റിന് പ്രവൃത്തി ആരംഭിക്കാവുന്നതും സർക്കാർ വിഹിതം ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന പുരോഗതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ബില്ലിന്റെ 50%, 1-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 30/2018/ ധന.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ഖണ്ഡിക (3) പ്രകാരമുള്ള പരമാവധി തുകയിൽ അധികരിക്കാതെ, സർക്കാർ വിഹിതമായി അനുവദിക്കുന്നതാണ്. സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതാണ്.

(ഡി) പ്രസ്തുത സ്കൂൾ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോ എന്നറിയിക്കാമോ?

പ്രസ്തുത സ്കൂൾ കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോയെന്ന വിവരം ശേഖരിച്ചു വരുന്നു.

(ഇ) ചലഞ്ച് ഫണ്ട് പ്രസ്തുത സ്കൂളിന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കെട്ടിട നിർമ്മാണം പൂർത്തിയായതിന്റെ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ പദ്ധതികൾ**

15 (1739) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും മൺപാത്രത്തൊഴിലാളികൾക്കും എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഓരോ വിഭാഗത്തിനും തയ്യാറാക്കിയ പദ്ധതികൾ തരംതിരിച്ച് ലഭ്യമാക്കുമോ;

&

(സി) ഇതിനായി നീക്കിവച്ച തുക എത്രയെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ഹെൽത്ത് ഗ്രാന്റ്**

16 (1740) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഹെൽത്ത് ഗ്രാന്റായി കേരളത്തിന് കേന്ദ്ര സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഹെൽത്ത് ഗ്രാന്റിനത്തിൽ പതിനാലാം ധനകാര്യ കമ്മീഷൻ കേരളത്തിന് തുകയൊന്നുംതന്നെ ശിപാർശ ചെയ്തിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ 2021-2026-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാരിന് ഹെൽത്ത് ഗ്രാന്റിനത്തിൽ 2968 കോടി രൂപ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാർ തുകയൊന്നും റിലീസ് ചെയ്തിട്ടില്ല.

(ബി) ഇപ്രകാരം അനുവദിച്ച തുക കൽപ്പറ്റ മണ്ഡലത്തിലെ ഏതെങ്കിലും കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവ നവീകരിക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) ഹെൽത്ത് ഗ്രാന്റിനൊപ്പം സംസ്ഥാന സർക്കാർ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും സമന്വയിപ്പിച്ച് ആരോഗ്യ സ്ഥാപനങ്ങൾ നവീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മേൽ പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തിക

17 (1741) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ (പരിശോധന-സാങ്കേതികം) വകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിലെ നിയമനങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ; നിലവിൽ ഏതൊക്കെ വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലുള്ളവരെയാണ് അന്യത്ര സേവന വ്യവസ്ഥയിൽ ചീഫ് ടെക്നിക്കൽ എക്സാമിനറായി നിയമിക്കുകയെന്ന് അറിയിക്കാമോ?

26-11-2015-ലെ ധനകാര്യ (ഭരണം-സി) വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ.(പി) നമ്പർ 536/2015 പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിലേയ്ക്ക് വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് സിവിൽ എഞ്ചിനീയറിംഗിൽ 60 ശതമാനം മാർക്കോടെ അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ച ബിരുദമാണ്. കൂടാതെ അഭിലഷണീയമായ യോഗ്യതയായി എഞ്ചിനീയറിംഗിലോ മാനേജ്മെന്റിലോ ഉള്ള ബിരുദാനന്തര ബിരുദവും നിഷ്കർഷിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ കേഡർ അല്ലെങ്കിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ 5 വർഷത്തിൽ കുറയാത്ത പ്രവത്തിപരിചയമുള്ളതും മൊത്തം 20 വർഷത്തെ പ്രവത്തിപരിചയമുള്ള കേരള സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങളിൽനിന്നും സീനിയർ എഞ്ചിനീയർമാരെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണ് ചീഫ് ടെക്നിക്കൽ എക്സാമിനറായി നിയമിക്കാറുള്ളത്. എന്നാൽ സർവ്വീസിലുള്ള യോഗ്യരായ എഞ്ചിനീയർമാരുടെ ലഭ്യതക്കുറവുമൂലം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും റിട്ടർചെയ്ത സീനിയർ എഞ്ചിനീയർമാരെയും പരിഗണിക്കാൻ പിന്നീട് സർക്കാർ ഉത്തരവായിട്ടുണ്ട്. കേന്ദ്രസർക്കാർ, കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാന സർക്കാർ, മറ്റ് സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കേഡറിൽ കുറയാത്ത സീനിയർ എഞ്ചിനീയർമാരെയാണ് (സർവ്വീസിലുള്ളവരും, റിട്ടയർ ചെയ്തവരുമുൾപ്പെടെ) നിലവിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തികയിൽ നിയമിക്കാറുള്ളത്.

(ബി) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ചുമതലകളും സേവനങ്ങളും എന്തെല്ലാമാണ്; ഏതെല്ലാം വകുപ്പുകളിലെ ഏതുതരം ഫയലുകളാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ സാധാരണയായി പരിശോധിക്കാറുള്ളതെന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകളുടെയും/പൊതുമേഖലാ സ്ഥാപനങ്ങളുടെയും മരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ അപ്രൂവൽ, പുതുക്കിയ ഭരണാനുമതി, കരാർ സംബന്ധിച്ച വിഷയങ്ങൾ മുതലായവ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കൽ, പ്രവൃത്തികളെ കുറിച്ചുള്ള പരാതികൾ പരിശോധിക്കുക, പ്രവൃത്തികൾ നിർമ്മാണ ഘട്ടത്തിൽ പരിശോധിക്കുക തുടങ്ങിയ ചുമതലകളാണ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേതൃത്വത്തിലുള്ള ധനകാര്യ (പരിശോധന-സാങ്കേതികം) വകുപ്പ് നിർവ്വഹിക്കുന്നത്.

(സി) ധനകാര്യ വകുപ്പിന്റെ വിശദമായ പരിശോധനകൾക്കുശേഷം ഭരണാനുമതി നൽകിയ പദ്ധതികൾക്ക് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പുനഃപരിശോധനകൾ ആവശ്യമുണ്ടോ; ചീഫ് ടെക്നിക്കൽ എക്സാമിനർ പുനഃപരിശോധനകളിൽ സംശയങ്ങൾ ഉന്നയിക്കുന്നത് പലപ്പോഴും പദ്ധതികളുടെ പൂർത്തീകരണം അകാരണമായി വൈകിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സംസ്ഥാനത്തിലെ ഏത് പൊതുമരാമത്ത് പ്രവൃത്തിയെക്കുറിച്ചും ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ട് പുനഃപരിശോധിക്കാൻ ധനകാര്യ വകുപ്പിന് അധികാരമുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പുനഃപരിശോധന കാരണം ഏതെങ്കിലും പ്രവൃത്തി അകാരണമായി തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലമ്പൂർ ബൈപ്പാസ് നിർമ്മാണം എന്ന ഫയൽ എത്ര തവണയാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ പുനഃപരിശോധിച്ചതെന്നും എന്തെല്ലാം സംശയങ്ങളാണ് വിവിധ പരിശോധനകളിൽ ഉന്നയിച്ചതെന്നും വിശദമാക്കാമോ; ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ക്വറികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

നിലമ്പൂർ ബൈപ്പാസ് പ്രവൃത്തിയുടെ ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിൽനിന്നും രണ്ട് പ്രാവശ്യം ലഭ്യമാക്കിയിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനർ പ്രസ്തുത വിഷയത്തിൽ സർക്കാരിന് സമർപ്പിച്ച ശിപാർശകളുടെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.*

(ഇ) നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്ന ഫയലിൽപോലും ചീഫ് ടെക്നിക്കൽ എക്സാമിനർ ഇടപെടുന്നതുകാരണം പൊതുഖജനാവിന് നഷ്ടമുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സംശയങ്ങൾ കാരണം പണമനുവദിക്കുന്നത് നീണ്ടുപോകുന്നതിനാൽ ഓരോ വർഷം കഴിയുമ്പോഴും സ്ഥലമുടമകൾക്ക് നിശ്ചയിച്ച തുകയുടെ എത്ര ശതമാനം തുകയാണ് പലിശയിനത്തിൽ അധികമായി പൊതുഖജനാവിൽ നിന്ന് നൽകേണ്ടതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഡെബ്റ്റ് മാനേജ്മെന്റ്

18 (1742) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടങ്ങൾ കുറച്ചു കൊണ്ടുവരാനും പലിശഭാരം കുറയ്ക്കാനും സംസ്ഥാനത്ത് ഡെബ്റ്റ് മാനേജ്മെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം നിജപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമായ സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമാണ് സംസ്ഥാനം കടമെടുക്കുന്നത്. അപ്രകാരമെടുക്കുന്ന വായ്പയുടെ പലിശഭാരം ലഘൂകരിക്കുന്നതിനും വായ്പകളുടെ മുതൽ തിരിച്ചടവ് പല വർഷങ്ങളിൽ ക്രമീകരിക്കുന്നതിനും വേണ്ട നടപടി സർക്കാർ സ്വീകരിച്ചുപോരുന്നുണ്ട്. അതേസമയം, Market Conditions, നിക്ഷേപകരുടെ താല്പര്യങ്ങൾ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അടക്കമുള്ള ഘടകങ്ങളും വായ്പാ തിരിച്ചടവ് ഇനത്തിലെ ചെലവുകളെ ബാധിക്കുന്നുണ്ട്. ഇതിലുപരിയായി പ്രകൃതിക്ഷോഭങ്ങളും കോവിഡ് മഹാമാരിയും പോലുള്ള അപ്രതീക്ഷിത ആഘാതങ്ങൾ ആഭ്യന്തര മൊത്ത ഉല്പാദനത്തിലും റവന്യൂ വരുമാനത്തിലുമുണ്ടാക്കുന്ന പ്രതികൂലഫലങ്ങൾ കടത്തിന്റെ സ്ഥായിയായ പരിപാലനമെന്ന ഉദ്യമത്തെ പിറകോട്ടടിക്കുന്നുവെന്നത് വസ്തുതയാണ്.

## വായ്പകളുടെ തിരിച്ചടവ് തുക

19 (1743) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പുസാമ്പത്തിക വർഷം സംസ്ഥാന ഖജനാവിൽനിന്നും വായ്പകളുടെ തിരിച്ചടവ് ഇനത്തിൽ എത്ര രൂപ നൽകേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഹ്രസ്വകാല വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ തിരിച്ചടവൊഴികെ 13021.25 കോടി രൂപ വായ്പകളുടെ തിരിച്ചടവിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഹ്രസ്വകാല വെയ്സ് ആൻഡ് മീൻസ് വായ്പകളുടെ തിരിച്ചടവിനത്തിൽ 39425 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വായ്പകളിന്മേലുള്ള പലിശയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം 15810.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സർക്കാരിന്റെ കടമെടുപ്പ്

20 (1744) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) കടമെടുത്തത് എത്ര കാലത്തേയ്ക്കാണെന്നും പലിശ എത്രയെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം എടുത്ത വായ്പകളുടെ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2021-22 സാമ്പത്തിക വർഷം എത്ര രൂപയാണ് കേരള സർക്കാരിന് കടമെടുക്കാൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നടപ്പു സാമ്പത്തിക വർഷം 2021-22-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പിയുടെ 4.5% (ഏകദേശം 40,597 കോടിരൂപ) ആയി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 0.50 ശതമാനം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മൂലധന ചെലവിന്റെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയ്ക്കും 0.50 ശതമാനം ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾക്കും വിധേയമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

## ലോണുകൾക്ക് മൊറട്ടോറിയം

21 (1745) ശ്രീ. തോമസ് കെ. തോമസ് :
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ധനകാര്യ വകുപ്പിന് കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽനിന്നും നൽകിയിട്ടുള്ള ലോണുകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത വ്യവസായ യൂണിറ്റുകൾക്ക് കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനായി ആർ.ബി.ഐ. സർക്കുലർ RBI/2021-22/32 DOR STR REC I2/21.04.048/20-21-22 Dated 5-5-2021 പ്രകാരം മൊറട്ടോറിയം നൽകുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ധനകാര്യ വകുപ്പിന് കീഴിൽ വരുന്ന വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ?

നാളിതുവരെ നിർദ്ദേശം നൽകിയിട്ടില്ല.

**കിഫ്ബിയുടെ ഓഫീസ് സൗകര്യങ്ങൾ**

22 (1746) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിക്കായി ഏർപ്പെടുത്തിയിട്ടുള്ള ഓഫീസ് സൗകര്യങ്ങൾ വിശദമാക്കുമോ; ഇതിന്റെ വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് അറിയിക്കുമോ?

തിരുവനന്തപുരത്ത് സ്റ്റാച്യുവിലെ ഫെലിസിറ്റി സ്ക്വയർ എന്ന കെട്ടിടത്തിൽ 2,3,6,7 നിലകളിലായും വഴുതയ്ക്കാട് കാർമൽ ടവർ എന്ന കെട്ടിടത്തിൽ നാലാം നിലയിലും കിഫ്ബി ഓഫീസുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 12,07,163 രൂപ ചെലവാകുന്നുണ്ട്. കിഫ്ബിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**മസാലബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക**

23 (1747) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാലബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക എത്രയാണ്; ഇതിന്റെ പലിശനിരക്ക് എത്രയാണ്?

2150 കോടി രൂപയാണ് മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ചത്. ഇതിന്റെ പലിശ നിരക്ക് 9.723% ആണ്.

(ബി) കൊച്ചി മെട്രോയ്ക്കുവേണ്ടി മുൻ യു.ഡി.എഫ്. സർക്കാർ ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽ നിന്നും കടമെടുത്ത തുക എത്രയാണ്; പലിശ നിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

കൊച്ചി മെട്രോയ്ക്കുവേണ്ടി ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽ നിന്നും 180 മില്യൺ യൂറോ വായ്പയെടുക്കുന്നതിനുള്ള എഗ്രിമെന്റ് 2014 ഫെബ്രുവരി മാസം 7 ാം തീയതി കേന്ദ്ര സർക്കാർ ഒപ്പു വച്ചു. ഇതനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 1327.11 കോടി രൂപ (180 മില്യൺ യൂറോ) കേന്ദ്ര സർക്കാരിൽ നിന്നും പാസ് ത്രൂ അസിസ്റ്റൻസായി 2014 മുതൽ 2017 വരെ ലഭിച്ചു. വായ്പയുടെ മൊത്തം കാലാവധി ഫെബ്രുവരി 2014 മുതൽ മാർച്ച് 2039 വരെയാണ്. ഇതിൽ അഞ്ചു വർഷം ഗ്രെയ്സ് പീരീഡും, 20 വർഷം തിരിച്ചടവ് കാലാവധിയും (സെപ്തംബർ 2019 മുതൽ മാർച്ച് 2039 വരെ) ആണ്. ഈ ലോണിന്റെ

പലിശ നിരക്ക് ഓരോ ആറു മാസവും വ്യതിചലിക്കുന്നതാണ്. ഇത് 6 Months EURIDOR + 1.55% p.a (Margin) എന്ന നിരക്കിലാണ്. (വായ്പാ കരാറിന്റെ പ്രസ്തുത പേജുകളും KMRL-ന്റെ വാർഷിക റിപ്പോർട്ടിലെ പ്രസ്തുത ഭാഗങ്ങളും അനുബന്ധത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു). കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ ഈ ലോണിന് വിദേശനാണ്യ വിനിമയ നിരക്കിന്റെ ബാധ്യത (ഫോറിൻ എക്സ്ചേഞ്ച് റിസ്ക്) KMRL കമ്പനിക്ക് വരില്ലായെങ്കിലും ഈ വായ്പ സംബന്ധിച്ച ഉടമ്പടിയുടെ സെക്ഷൻ 12.1 പ്രകാരം ഇത് കേരള സർക്കാരിന്റെ ബാധ്യതയാണ്. KMRL അവർക്ക് ലഭിച്ച തുക ഇന്ത്യൻ രൂപയിൽ കേന്ദ്ര സർക്കാരിന് നൽകുന്നു. എന്നാൽ വായ്പ തിരിച്ചടവ് പൂർത്തിയായ ശേഷം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ വിദേശനാണ്യവിനിമയ നിരക്കിലെ വ്യതിയാനം കണക്കുകൂട്ടി "8680- Miscellaneous Government Accounts" എന്ന ശീർഷകത്തിലേയ്ക്ക് കണക്കുവയ്ക്കുന്നു. ഈ തുക തിരിച്ചടയ്ക്കേണ്ട ബാധ്യത കേരള സർക്കാരിനാണ്. കിഫ്ബിയുടെ മസാല ബോണ്ടും കൊച്ചി മെട്രോ AFD മുഖേന സമാഹരിച്ച വായ്പയുടെയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങളും ഗുണദോഷണങ്ങളും അനുബന്ധമായി* നൽകുന്നു. ലളിതമായി പറഞ്ഞാൽ കഴിഞ്ഞ 15 വർഷത്തെ യൂറോയ്ക്കെതിരെയുള്ള രൂപയുടെ വിലയിടിവ് പരിഗണിച്ചാൽ കൊച്ചിൻ മെട്രോയ്ക്കെടുത്ത 1327.11 കോടി രൂപയുടെ 1.55 ശതമാന നിരക്കിലുള്ള ലോൺ തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടി വരുന്നത് 3327.11 കോടി രൂപ. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ട് തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടി വരുന്നത് 3195.22 കോടി രൂപ. (2150 കോടി രൂപ മുതലും 1045.22 കോടി രൂപ പലിശയും).

**അപ്രൈസൽ ഡിവിഷൻ**

24 (1748) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ അപ്രൈസൽ ഡിവിഷൻ നിലവിലുണ്ടോ; എങ്കിൽ പ്രവൃത്തിയുടെ ഗുണനിലവാര പരിശോധനയ്ക്കായി മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്താനുള്ള കാരണം വ്യക്തമാക്കുമോ?

കിഫ്ബി പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ കിഫ്ബി ആക്റ്റ് പ്രകാരം സ്ഥാപിതമായ ഇൻസ്പെക്ഷൻ അതോറിറ്റിയുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി വേറെ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് ക്വാളിറ്റി ഓഡിറ്റ് നടത്തുന്നതിനായി എസ്.പി.വി.-കൾക്കുവേണ്ടി കേന്ദ്ര പൊതുമേഖല സ്ഥാപനമായ RITES- നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊല്ലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

25 (1749) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതിയടക്കമുള്ള വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച പദ്ധതികൾ

26(1750) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മാർച്ച് 31 വരെ കിഫ്ബിയിൽ നിന്നും എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നതിന്റെയും എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയെന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ?

2021 മാർച്ച് 31 വരെ കിഫ്ബി 63257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. അതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

2021 മാർച്ച് 31 വരെ കിഫ്ബി 63257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. അതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രവൃത്തി നടപ്പാക്കുന്നതിലെ ക്രമക്കേടുകളും, പരാതികളുംമൂലം സ്റ്റോപ് മെമ്മോ നൽകി നിർത്തിവെച്ച കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നതിന്റെ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം നൽകുമോ?

സ്റ്റോപ് മെമ്മോ നൽകി നിർത്തിവെച്ച കിഫ്ബി പദ്ധതികളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

27 (1751) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകി നടപ്പിലാക്കിവരുന്ന ചങ്ങനാശ്ശേരി മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അംഗീകാരം നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംഗീകാരം നൽകിയതും ഇപ്പോൾ പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്*.

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

അംഗീകാരം ലഭിച്ച പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## ചൂളക്കടവ് പാലം

28 (1752) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചൂളക്കടവ് പാലം എന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്?

ചൂളക്കടവ് പാലം പ്രവൃത്തിക്ക് 18.46 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി തുക വർദ്ധിപ്പിച്ച് നൽകാൻ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൊതുമരാമത്ത് പാലം വിഭാഗം പദ്ധതിയുടെ അലൈൻമെന്റ് പുതുക്കിയതായും ആയതുപ്രകാരം എസ്റ്റിമേറ്റ് തുക വർദ്ധിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ധനാനുമതി പുതുക്കി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് .

**കിഫ്ബിയിൽ ലഭിച്ച തുക**

29 (1753) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ; ഇതിൽ സംസ്ഥാന സർക്കാരിന്റെ ഗ്രാന്റും വായ്പകളും പ്രത്യേകം നൽകാമോ; ഓരോ തുകയ്ക്കും നൽകേണ്ട പലിശനിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ദേശീയ/അന്തർദ്ദേശീയ വിപണിയിൽനിന്ന് ധനസമാഹരണം നടത്തുന്നതിന് സീഡ്ക്യാപ്പിറ്റൽ എന്ന നിലയിൽ 2498.4 കോടി രൂപ പ്രാഥമികമായി കൈമാറി. കൂടാതെ ആന്വിറ്റി നൽകുന്നതിനോ തിരിച്ചടവ് ബാധ്യതകൾ വീട്ടുന്നതിനോ ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾക്കായോ കേരള അടിസ്ഥാന സൗകര്യ വികസന നിധി (ഭേദഗതി)ആക്റ്റ്-2016 പ്രകാരം എല്ലാവർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) കൈമാറുന്നുണ്ട്. 2021 ജൂൺ 30 വരെ മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 5862.48 കോടി രൂപയും പെട്രോളിയം സെസിന്റെ വിഹിതമായി 2673.71 കോടി രൂപയും കൈമാറിയിട്ടുണ്ട്. കിഫ്ബി 2021 ജൂൺ 30 വരെ വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. പലിശ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബിയിൽനിന്നും ഇതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; ഏതെല്ലാം പദ്ധതികൾക്കാണ് ചെലവാക്കിയിട്ടുള്ളത്; എത്ര പദ്ധതികൾ പൂർണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ നിന്നും വിവിധ പദ്ധതികൾക്കായി 26-7-2021 വരെ 12,830.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ ഉൾപ്പെടുത്തി 7 CCU, 8 കാത്ത് ലാബുകൾ, 43 ഡയാലിസിസ് കേന്ദ്രങ്ങൾ, പുനലൂർ താലൂക്ക് ആശുപത്രി ഉൾപ്പെടെ ആകെ 199 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഉൾപ്പെടെ ആകെ 996.84 കോടി രൂപയുടെ 24 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 507.61 കോടി രൂപയുടെ 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് (3 കോടി രൂപയുടെ 58 സ്കൂളുകൾ, 5 കോടി രൂപയുടെ 67 സ്കൂളുകൾ). ജലവിഭവ വകുപ്പിനുകീഴിൽ 178.34 കോടി രൂപയുടെ ഒൻപത് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഐ.ടി.ഐ. കെട്ടിടങ്ങൾ/പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങി ആകെ 34.31 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ 28.78 കോടി രൂപയുടെ 25 സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായികയുവജനക്ഷേമ വകുപ്പിനുകീഴിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, ഏടപ്പാൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ മിനി സ്റ്റേഡിയം, പറളി സ്പോർട്സ് പ്രോജക്ട്, അയ്മനം ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം എന്നീ 33.65 കോടി രൂപയുടെ 5 സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 977.46 കോടി രൂപയുടെ പെട്രോ കെമിക്കൽ പാർക്കിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

**നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

30 (1754) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി നാളിതു വരെ ആകെ 8 പദ്ധതികളിലായി 135.95 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എത്ര പദ്ധതികളാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും അവയ്ക്കുണ്ടാകുന്ന തടസ്സങ്ങൾക്ക് പരിഹാരങ്ങളും മറ്റു നിർദ്ദേശങ്ങളും, നിശ്ചിത ഇടവേളകളിൽ നടത്തുന്ന പദ്ധതി അവലോകന യോഗങ്ങളിൽ കിഫ്ബി എസ്.പി.വി.യ്ക്ക് നൽകാറുണ്ട്. അവയെല്ലാം കരാർ പ്രകാരമുള്ള സമയത്തുതന്നെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

**കിഫ്ബി പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും**

31 (1755) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന സ്വന്തം പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും പൂർണ്ണമായും കിഫ്ബി ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അത്തരത്തിൽ ആലോചന നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

(ബി) പുതുതായി ഭരണാനുമതി ലഭിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ എല്ലാ പ്രവൃത്തികളും കിഫ്ബി ഏറ്റെടുക്കുമോയെന്നറിയിക്കാമോ;

&

(സി) കിഫ്ബിയുടെ ഏത് ഘടകമാണ് പ്രവൃത്തികൾ ഏറ്റെടുക്കുക എന്നും ഇത്തരത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ പദ്ധതികൾക്കുള്ള ധനാനുമതിയും ധനസഹായവും കിഫ്ബി നൽകി വരുന്നു. പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.-കൾക്ക് തന്നെയാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി. കൾക്ക് ആവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകിവരുന്നതൊഴിച്ചാൽ പദ്ധതിളേറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ നടന്നുവരുന്ന കിഫ്ബി പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം കരാറുകൾക്കാണ് കുടിശ്ശികയുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, പദ്ധതിയുടെ 40%/80% സാമ്പത്തിക പുരോഗതിക്ക് നേരെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവയൊഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിക്കുന്ന മുറയ്ക്കുതന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകാൻ സാധിക്കുകയുള്ളൂ. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാനാവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിശ്ചിത ഇടവേളകളിൽ ബില്ലുകളുടെ കുടിശ്ശിക ഇല്ലായെന്ന് ഉറപ്പു വരുത്തുന്നു. ഈ സാമ്പത്തിക വർഷം കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 923 ബില്ലുകളിന്മേൽ 72 എണ്ണത്തിന് നിലവിൽ പണം നൽകാനുണ്ട്. ഇവ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതാണ്. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിൽ ഇല്ല.

### പൂഞ്ഞാർ മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പാക്കുന്ന പ്രവൃത്തികൾ

32(1756) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിലവിൽ കിഫ്ബി വഴി നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം നൽകാമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

### മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

33 (1757) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ (ആശുപത്രികൾ, റോഡുകൾ, സ്കൂളുകൾ, ആർ.ഒ.ബി. എന്നിവ ഉൾപ്പെടെ) വിശദ വിവരം ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയും നിർവ്വഹണ ഏജൻസികളും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ തുകയും, നിർവഹണ ഏജൻസിയുടെ വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് *.

### കിഫ്ബിയിൽ ധന വകുപ്പിന്റെ സൂക്ഷ്മപരിശോധന

34 (1758) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താരതമ്യേന വലിയ സാമ്പത്തിക ക്രയവിക്രയങ്ങൾ നടക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ പലതലത്തിലുള്ള ഓഡിറ്റിംഗ് സംവിധാനങ്ങൾ കിഫ്ബിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ട് നിഷ്കർഷിക്കുന്ന വിധത്തിലുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ്, സി&എ.ജി ഓഡിറ്റിംഗ് കൂടാതെ ബോർഡ് ഏർപ്പെടുത്തിയ പിയർ റിവ്യൂ ഓഡിറ്റിംഗ് ഇന്റേണൽ ഓഡിറ്റിംഗ് എന്നിങ്ങനെ വിവിധ സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിനെല്ലാം പുറമെ ആക്ട് നിഷ്കർഷിക്കുന്ന മറ്റൊരു സംവിധാനമായ ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ 6 മാസ കാലയളവിൽ കണക്കുകൾ പരിശോധിച്ച് വിലയിരുത്തി ഫിഡിലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാറുമുണ്ട്. ഈ സംവിധാനങ്ങളെല്ലാമുണ്ടെങ്കിലും ധനകാര്യ വകുപ്പിന്റെ സൂക്ഷ്മ പരിശോധന നടത്തുന്നതിന് നിലവിൽ തടസങ്ങളൊന്നുമില്ല. എങ്കിലും അത്തരമൊരു പരിശോധന അടിയന്തരമായി നടത്തേണ്ട സാഹചര്യങ്ങളൊന്നുംതന്നെ നിലവിലില്ല.

**കിഫ്ബിയിൽ സി.&എ.ജി.-യുടെ ഓഡിറ്റ്**

35 (1759) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഐ. സി .ബാലകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പോലുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളിലെ ധനകാര്യ മാനേജ്മെന്റും പദ്ധതികളിലെ സുതാര്യതയും മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യത്യസ്തവും വളരെ സങ്കീർണ്ണവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്ന ഒരു ധനകാര്യ സ്ഥാപനമായതുകൊണ്ടുതന്നെ ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങളും പരിശോധനാരീതികളും കിഫ്ബി അവലംബിച്ചിട്ടുണ്ട്. ആഗോളതലത്തിൽ നിക്ഷേപകർ നിരീക്ഷിക്കുന്ന ഒരു സ്ഥാപനമായതിനാൽ ഈ സംവിധാനങ്ങളെല്ലാം കിഫ്ബിയിൽ അത്യന്താപേക്ഷിതമാണ്. വിവിധ തലത്തിൽ കാര്യക്ഷമത ഉറപ്പാക്കുന്നതിന് താഴെ പറയുന്ന സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്.

(i) അക്കൗണ്ടിംഗിലെ കാര്യക്ഷമത:- ഉറപ്പുവരുത്തുന്നതിനായി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, ഇന്റേണൽ ഓഡിറ്റ്, പീർ റിവ്യൂ ഓഡിറ്റ്, സി&എ.ജി ഓഡിറ്റ് എന്നിങ്ങനെ വിവിധ തലത്തിലുള്ള ഓഡിറ്റിങ് സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്.

(ii) പദ്ധതികളുടെ നിർവ്വഹണം:- പദ്ധതികളുടെ നിർവ്വഹണത്തിലുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നവീന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയുള്ള സാങ്കേതിക പരിശോധനകളും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട SPV കൾക്ക് പരിശീലന പരിപാടികളും കിഫ്ബി നടത്തിവരുന്നു. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ വിദഗ്ദ്ധാഭിപ്രായങ്ങൾ നൽകുന്നതിനും കിഫ്ബി ശ്രദ്ധ ചെലുത്തുന്നുണ്ട്.

(iii) സുതാര്യത:- കോൺട്രാക്ടർമാർക്ക് ബില്ലിന്റെ തത്സമയ സ്ഥിതി അറിയുന്നതിനുള്ള ഓൺലൈൻ സംവിധാനം, പരാതികൾ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം, വിസിൽ ബ്ലോവർ പോളിസി എന്നിങ്ങനെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്ന നിരവധി സംവിധാനങ്ങൾ കിഫ്ബിയിൽ നിലവിലുണ്ട്. ഇതോടൊപ്പം മറ്റ് ഏജൻസികളിൽനിന്ന് വ്യത്യസ്തമായി കിഫ്ബി പണം നേരിട്ട് കോൺട്രാക്ടർമാരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഈ സംവിധാനങ്ങളെല്ലാം കാലാനുസൃതമായി പുതുക്കുന്നതിനും കിഫ്ബി ശ്രദ്ധ ചെലുത്തുന്നുണ്ട്.

(ബി) ഒരു വർഷം കിഫ്ബി ചെലവഴിക്കുന്ന പണത്തിന്റെ 75 ശതമാനത്തിലധികം സർക്കാർ സഞ്ചിതനിധിയിൽ നിന്നും നൽകാത്ത പക്ഷം ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പ്രകാരം കിഫ്ബിയിൽ സി.&എ.ജി. ഓഡിറ്റ് നടത്താൻ കഴിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കിഫ്ബിയിലെ സി.&എ.ജി ഓഡിറ്റ് ഡി.പി.സി. നിയമത്തിലെ വകുപ്പ് 14(1) പരിധിയിലാണ്. ഇതിൻപ്രകാരം കിഫ്ബിയിൽ 2020 ജൂൺ 30 വരെയുള്ള ഓഡിറ്റ് സി.&എ.ജി. പൂർത്തിയാക്കിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കിഫ്ബിയിലെ സി.&എ.ജി ഓഡിറ്റ് DPC ആക്ടിലെ സെക്ഷൻ 14 (1) ന്റെ പരിധിക്കു പുറത്തുപോകുന്ന പക്ഷം DPC സെക്ഷൻ 14 (2) പ്രകാരമുള്ള സമ്പൂർണ്ണ ഓഡിറ്റിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇത് സി&എ.ജിയെയും ബഹുമാനപ്പെട്ട നിയമസഭയെയും സർക്കാർ ഇതിനോടകം അറിയിച്ചിട്ടുള്ളതാണ്.

(സി) ഇപ്രകാരം കൂടുതൽ പണം ചെലവഴിക്കുമ്പോൾ കിഫ്ബി സി.&എ.ജി.-യുടെ ഓഡിറ്റ് പരിധിയിൽനിന്നും പുറത്തുപോകുന്നത് വലിയ ക്രമക്കേടുകൾക്കും സുതാര്യതയില്ലായ്മയ്ക്കും കാരണമാകുമെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഏതെങ്കിലും സാഹചര്യത്തിൽ കിഫ്ബിയിലെ സി.&എ.ജി ഓഡിറ്റ് DPC ആക്ടിലെ സെക്ഷൻ 14 (1) ന്റെ പരിധിക്കു പുറത്തുപോകുന്നപക്ഷം DPC സെക്ഷൻ 14 (2) പ്രകാരമുള്ള സമ്പൂർണ്ണ ഓഡിറ്റിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച ആശങ്കകൾക്ക് പ്രസക്തിയില്ല. കൂടാതെ കിഫ്ബിയിൽ നിലനിൽക്കുന്ന എല്ലാ സംവിധാനങ്ങളും പൊതുജനത്തിനോടും നിക്ഷേപകരോടും അതിനുള്ള ഉത്തരവാദിത്വം കണക്കിലെടുത്ത് മികച്ച സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായുള്ളതാണ്. ഇത്തരത്തിൽ ഓഡിറ്റിംഗിനും സാങ്കേതിക പരിശോധനകൾക്കും ലോകോത്തര നിലവാരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണെന്നതിനാൽ സുതാര്യത സംബന്ധിച്ച ആശങ്കകളൊന്നും തന്നെയില്ല.

### കിഫ്ബി നടപ്പിലാക്കുന്ന പ്രവൃത്തികൾ

36 (1760) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടു പോകുന്നത്. പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം

നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ പദ്ധതികൾ നിർവ്വഹണഘട്ടത്തിലേയ്ക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോധ്യത്തിൽ കൂടുതൽ മാനവവിഭവശേഷി ഉപയോഗിക്കാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവവിഭവശേഷി വിനിയോഗിച്ചുകൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

## പരസ്യപ്രചരണത്തിനായി കിഫ്ബി ചെലവഴിച്ച തുക

37(1761) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പരസ്യപ്രചരണത്തിനായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നിലവിൽ 63257.74 കോടി രൂപയുടെ 903 പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയ ഒരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിയ്ക്ക് ആശ്രയിക്കേണ്ടി വരുന്നുണ്ട്. മികച്ച പലിശ നിരക്കിൽ വലിയ വായ്പകൾ ഉറപ്പുവരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവെച്ച് പൊതു ജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേക്കും കൂടുതൽ ജനങ്ങളിലേക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായും ഒരു മീഡിയ പദ്ധതി കിഫ്ബിയിൽ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികളും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണങ്ങളും നടത്തുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കിഫ്ബി 2018-19

സാമ്പത്തിക വർഷത്തിൽ 36,04,640 രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 25,33,29,147 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 44,23,72,112 രൂപയും പരസ്യയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

**കാലടി കുന്ന് റെഗുലേറ്റർ കം ബ്രിഡ്ജ്**

38 (1762) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തും കിഫ്ബി വഴി നടപ്പിലാക്കുന്നതുമായ കാലടി കുന്ന് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഇനിയും പൂർത്തിയാക്കാൻ ബാക്കിയുണ്ടോ; എങ്കിൽ അവ എന്താണെന്ന് വിശദമാക്കാമോ;

&

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാങ്കേതികപരമായി തൃപ്തികരമല്ലാത്തതിനാൽ സർവ്വേ ഉൾപ്പടെയുള്ള പരിശോധനകൾ വീണ്ടും നടത്തി കിഫ്ബിയുടെ സഹായത്താൽ പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ടി പദ്ധതി റിപ്പോർട്ട് ഓഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. ഈ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ തുടർന്നുവരുന്ന എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ച് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന**

39 (1763) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ കിഫ്ബി പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർവ്വഹണത്തിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാങ്കേതികപരമായി തൃപ്തികരമല്ലാത്തതിനാൽ സർവ്വേ ഉൾപ്പടെയുള്ള പരിശോധനകൾ വീണ്ടും നടത്തി കിഫ്ബിയുടെ സഹായത്താൽ പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ടി പദ്ധതി റിപ്പോർട്ട് ഓഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല.

(സി) കിഫ്ബി അനുവാദം നൽകി പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കിഫ്ബിയുടെ സഹായത്താൽ തയ്യാറാക്കുന്ന പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ തുടർന്നുവരുന്ന എക്സിക്യൂട്ടീവ്/ജനറൽ ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിച്ച് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കിഫ്ബി പദ്ധതിയിലെ റോഡ് പുനർനിർമ്മാണ മാനദണ്ഡങ്ങൾ

40 (1764) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയൊണെന്ന് വിശദമാക്കാമോ?

കിഫ്ബി റോഡ് പദ്ധതികളിൽ, MoRTH മാനദണ്ഡങ്ങളെ ആധാരമാക്കി തയ്യാറാക്കിയതും, പൊതുവിൽ അനുവർത്തിക്കുന്നതുമായ, മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇങ്ങനെ പുനർനിർമ്മിക്കുന്ന റോഡുകളിൽ ജലവിതരണത്തിനുള്ള പൈപ്പുകൾക്കും ടെലിഫോൺ കേബിളുകൾക്കും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി റോഡ് പദ്ധതികളിൽ ജലവിതരണത്തിനുള്ള പൈപ്പുകൾക്കും ടെലിഫോൺ കേബിളുകൾക്കും ആവശ്യകതയും സ്ഥലത്തിന്റെ ലഭ്യതയും അനുവദിച്ച ഫണ്ടിന്റെ പരിധിയും വിലയിരുത്തി സാധ്യമായതരത്തിൽ യൂട്ടിലിറ്റി ഡക്റ്റ് ഉൾപ്പടെയുള്ള പ്രവൃത്തികൾ വിഭാവനം ചെയ്യാറുണ്ട്.

(സി) റോഡ് നിർമ്മാണത്തിനായി അനുവർത്തിക്കുന്ന നിർമ്മാണ രീതി വിശദമാക്കാമോ?

പൊതുവിൽ ഭൂരിഭാഗം റോഡുകളും ബി.എം, ബി.സി. നിലവാരത്തിലുള്ളതാണ് വിഭാവന ചെയ്ത് നടപ്പിലാക്കാറുള്ളത്. ഇതുകൂടാതെ FDR (ഫുൾ ഡെപ്ത് റിക്ലമേഷൻ) മുതലായ നൂതന സാങ്കേതികരീതികളും അവലംബിക്കാൻ ശ്രമിക്കുന്നുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

41 (1765) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച സ്കൂളുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി മണ്ഡലത്തിൽനിന്നും കിഫ്ബി ധനാനുമതി നൽകിയ സ്കൂളുകളുടെ നിലവിലെ അവസ്ഥ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളുടെയും പദ്ധതി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള ഭൂരിപക്ഷം പദ്ധതികളുടെയും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രവൃത്തികൾ തുടങ്ങാത്ത പദ്ധതികൾ എത്രയുംവേഗം സാങ്കേതിക അനുമതി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി, പ്രവൃത്തി തുടങ്ങുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങളും, സൈറ്റ് പരിശോധനയും കിഫ്ബി നടത്തിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക

42 (1766) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പലിശ നിരക്ക് എത്രയാണ്; മസാല ബോണ്ട് വഴി സമാഹരിച്ച തുകയ്ക്ക് നൽകേണ്ട പലിശ എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

കിഫ്ബിയിലെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നത് കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി പ്രകാരമാണ്. കിഫ്ബിയുടെ നീക്കിയിരുപ്പുതുക ഫലപ്രദമായി നിക്ഷേപിക്കുന്നതിലേയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കായി ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പോളിസി പ്രകാരം നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിന്മേൽ ഉപദേശം നൽകുന്നതും നിക്ഷേപങ്ങളുടെയും നിക്ഷേപ സ്ഥാപനങ്ങളുടെയും സമയബന്ധിതമായ വിശകലനം നടത്തുന്നതും ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ്. പദ്ധതി ചെലവുകൾക്കായി പ്രതീക്ഷിക്കുന്ന തുകയ്ക്ക് ഉപരിയായുള്ള മിച്ച പണമാണ് സുരക്ഷിതത്വവും, മികച്ച വരുമാനവും ഉറപ്പുവരുത്തി വിവിധ നിക്ഷേപങ്ങളാക്കി മാറ്റുന്നത്. കിഫ്ബിയുടെ മസാല ബോണ്ട് ഉൾപ്പെടെ സമാഹരിച്ച എല്ലാ ഫണ്ടുകളും ഈ പോളിസി പ്രകാരമാണ് നിക്ഷേപിക്കുന്നത്. പോളിസി പ്രകാരം മസാല ബോണ്ടിൽ നിന്നും ലഭിച്ച തുക SBI, യൂണിയൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, വിജയ ബാങ്ക് എന്നിങ്ങനെ വിവിധ പൊതുമേഖല ബാങ്കുകളിലും, HDFC, ആക്സിസ്, ICICI, കൊടാക് മഹിന്ദ്ര എന്നിങ്ങനെയുള്ള സ്വകാര്യ ബാങ്കുകളിലും ട്രഷറി ബില്ലുകളിലും നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ബാങ്കുകളിലെ നിക്ഷേപം സുതാര്യമായ ക്വട്ടേഷൻ നടപടിക്രമത്തിലൂടെയാണ് നടത്തിയത്. സ്വകാര്യബാങ്കുകളിൽനിന്ന് ലഭിച്ച ഏറ്റവും ഉയർന്ന പലിശ 7.9%മാണ്. മസാല ബോണ്ട് വഴി 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. 9.723%-മാണ് ഈ ബോണ്ടുകളുടെ കൂപ്പൺ റേറ്റ്. നിലവിൽ മസാല ബോണ്ടു വഴി സമാഹരിച്ച തുക മുഴുവൻ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

## കല്ലൂരിക്കടവ് പാലം

43 (T*1767) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകുന്നതിന് കിഫ്ബി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കിഫ്ബി പദ്ധതികൾ എസ്.പി.വി-കൾ സമർപ്പിക്കുന്നമുറയ്ക്ക് അവലോകനം നടത്തിയാണ് ധനാനുമതി നൽകുന്നത്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി - നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണ പദ്ധതി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ടി പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകൾക്ക് കിഫ്ബി ഫണ്ട്**

44 (1768) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽനിന്നും ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോന്നിന്റെയും എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കളുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**ദേവികുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

45 (1769) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതികളുടെ നിർവ്വഹണ ഏജൻസിയുടെ പേര് ലഭ്യമാക്കാമോ?

പദ്ധതികളുടെ നിർവ്വഹണ ഏജൻസിയുടെ പേര് അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും തരംതിരിച്ച് വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബിയുടെ സഹായത്തോടെയുള്ള പ്രവൃത്തികൾ**

46 (1770) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കിഫ്ബിയുടെ സഹായത്തോടെ നടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലമായി കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

**തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

47 (1771) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തിയായ ചെമ്പാട് - കോപ്പാലം -തലശ്ശേരി റോഡിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ചെമ്പാട് – കോപ്പാലം– തലശ്ശേരി റോഡ് പദ്ധതിക്ക് 69.79 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനുള്ള അർത്ഥന ഫോം എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വേ രേഖകൾ വില്ലേജ് ഓഫീസിൽനിന്നും ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. ടി യോഗത്തിൽ പ്രസ്തുത പദ്ധതികൾക്കുള്ള തടസ്സങ്ങൾ വിലയിരുത്തുകയും അവയ്ക്ക് പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. മേൽ പദ്ധതിക്കായി 587 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് നിർദേശം നൽകിയിട്ടുണ്ട്.

## സി.എ.ജി ഡി.പി.സി. നിയമം

48 (1772) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി&എ.ജി.-യുടെ ഡി.പി.സി. നിയമത്തിന്റെ 20(2) വകുപ്പ് അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിയിൽ നടത്തേണ്ടതില്ല എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിംഗ് സ്ഥാപനമെന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14 പ്രകാരം സി&എ.ജിക്കുണ്ട്. അങ്ങനെയാണെന്നിരിക്കെ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിന് സി&എ.ജിയെ സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തേണ്ട കാര്യമില്ല. കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിൽ DPC ആക്ട് സെക്ഷൻ 14 പ്രകാരം സി&എ.ജി.ക്ക് സമ്പൂർണ്ണ ഓഡിറ്റിംഗിന് അധികാരമുണ്ട്. നിയമപരമായി ഒരു ഓഡിറ്റിംഗ് പരിമിതികളും ഇതിനില്ല. ഇതിനുപുറമെ കിഫ്ബിയിൽ ആക്ട് പ്രകാരം നിലനിൽക്കുന്ന ഓഡിറ്റിന് സമാന്തരമായി സി&എ.ജി.യുടെ ഓഡിറ്റ് സഹവർത്തിക്കാവുന്നതാണ്. 2020 ജൂൺ വരെയുള്ള കാലയളവിലെ കിഫ്ബിയുടെ സമഗ്ര ഓഡിറ്റ് സി&എ.ജി പൂർത്തീകരിച്ചിട്ടുണ്ട്. DPC Act സെക്ഷൻ 20(2) അനുസരിച്ചുള്ള ഓഡിറ്റ് കിഫ്ബിക്ക് ബാധകമല്ല. കൂടാതെ, ഈ ആക്ടിലെ സെക്ഷൻ 14 പ്രകാരമുള്ള ഓഡിറ്റിംഗ് അധികാരം സെക്ഷൻ

20(2)-നെക്കാൾ വിശാലവും സമ്പൂർണ്ണവുമാണെന്ന് നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ സി&എ.ജിയുടെ ഓഡിറ്റ് സംബന്ധിക്കുന്ന വിധിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. DPC Act സെക്ഷൻ 20(2) പ്രകാരമുള്ള ഓഡിറ്റ് സെക്ഷൻ 14(1)-നെക്കാൾ കൂടുതൽ സമഗ്രമാണെന്ന് ആ ആക്ടിൽ എവിടെയും പ്രതിപാദിക്കുന്നില്ല. കൂടാതെ സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റ് സി&എ.ജി നിരുപാധികമായ അധികാര പരിധിയിൽ വരുന്നതാണെന്നിരിക്കെ സെക്ഷൻ 20(2) ഓഡിറ്റിന് ഒരു നടപടിക്രമത്തിലൂടെ നേടിയെടുക്കേണ്ടതാണ്. സമ്പൂർണ്ണമായ ഓഡിറ്റിങ് അധികാരം ഉണ്ടെന്നിരിക്കെ ഇങ്ങനെ ഒരു നടപടി അപ്രസക്തമാണെന്നത് സർക്കാർ സി&എ.ജിയെ അറിയിച്ചിട്ടുണ്ട്.

**കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

49 (1773) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്താൻ ടെറാനസ് എന്ന സ്വകാര്യകമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഇതിനെതിരെ പരാതികളുയർന്നപ്പോൾ സി.എം.ഡി. എന്ന മറ്റൊരു ഏജൻസിയെ ഏല്പിച്ചിരുന്നോയെന്നും അറിയിക്കാമോ?

കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവീണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. വർദ്ധിച്ചുവരുന്ന പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന് പുറമെ പദ്ധതികളുടെ അപ്രൈസൽ നടത്തുന്നതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതുവരെ കിഫ്ബിയുടെ പ്രൊജക്റ്റ് അഡ്വൈസർ കൺസൽട്ടന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവീസസ് എന്ന സ്ഥാപനവും, ടെറനസ്സ് കൺസൽട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട്ചെയ്യുകയും അവരിൽനിന്നും എൽ 1 ബിഡറായ ടെറനസ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു. ടെറനസ്സിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു.

(ബി) എങ്കിൽ സി.എം.ഡി. ഗുണനിലവാര പരിശോധനയ്ക്കായി ടെറാനസ് കമ്പനിയെ തന്നെ ചുമതലപ്പെടുത്തിയോ; എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ കിഫ്ബി ആക്റ്റുപ്രകാരം സ്ഥാപിതമായ ഇൻസ്പെക്ഷൻ അതോറിറ്റിയുണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി വേറെ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പി.ഡബ്ല്യു.ഡി മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് ക്വാളിറ്റി ഓഡിറ്റ് നടത്തുന്നതിനായി എസ്.പി.വി.-കൾക്കുവേണ്ടി കേന്ദ്ര പൊതുമേഖല സ്ഥാപനമായ RITES നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

50 (1774) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

മാനന്തവാടി മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള 2020-21 വർഷത്തെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു. ആംബുലൻസ് വാങ്ങിയതുമായി ബന്ധപ്പെട്ട ബിൽതുക വാഹനം നൽകിയ കമ്പനിക്ക് നൽകിയിട്ടുണ്ടോ?

2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മാനന്തവാടി ജില്ലാ ആശുപത്രിക്ക് ഐ.സി.യു ആംബുലൻസ് വാങ്ങൽ എന്ന പ്രവൃത്തിയുടെ ബിൽതുക വാഹനം നൽകിയ കമ്പനിക്ക് അനുവദിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ അതിന്റെ കാരണവും പ്രസ്തുത ഫയൽ നിലവിൽ എവിടെയാണെന്നും അറിയിക്കാമോ?

ഫണ്ട് അനുവദിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയൽ നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പരിശോധനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ചാലക്കുടി മണ്ഡലത്തിലെ പ്രാദേശിക വികസന ഫണ്ട് വിനിയോഗം

51 (1775) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രാദേശിക വികസനഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

ചാലക്കുടി മണ്ഡലത്തിൽ 2016-17, 2018-19 സാമ്പത്തിക വർഷങ്ങളിൽ പ്രാദേശിക വികസനഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്. 2017-18, 2019-20, 2020-21 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങാൻ കഴിയാത്ത പദ്ധതികൾ

52 (1776) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ 2016-2021 കാലയളവിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടങ്ങാൻ കഴിയാത്ത എത്ര പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ?

2016-17 വർഷത്തെ വിവരം ശേഖരിച്ചുവരുന്നു. നെന്മാറ നിയോജക മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെ കാലയളവിൽ ആസ്തിവികസനപദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ തുടങ്ങാൻ കഴിയാത്ത 11 പദ്ധതികളാണുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് പദ്ധതികൾ

53 (1777) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിലെ ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകുന്നത് എന്ന് വിശദമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് 4-8-2018-ലെ സ.ഉ.(അ) നമ്പർ 119/2018/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 18-8-2017-ാം തീയതിയിലെ സ.ഉ.(അ) നമ്പർ 109/2017/ധന., 15-11-2019-ലെ സ.ഉ.(അ) നമ്പർ 156/2019/ധന. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ കെട്ടിട നിർമ്മാണം, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും/ കളിസ്ഥല നിർമ്മാണം, സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്/സർക്കാർ ധനസഹായമായി നല്കുന്ന തുക വിനിയോഗിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

(ബി) ഇതിനായി വിനിയോഗിക്കാവുന്ന പരമാവധി തുക, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ?

4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന പ്രകാരം എയ്ഡഡ്സ്കൂൾ ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനാണ് അനുമതിയുള്ളത്. 18-8-2017-ലെ സ.ഉ.(അ)നമ്പർ 109/2017/ധന. പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിലായിരിക്കും.

## തൃശ്ശൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

54 (1778) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ;

&

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തെ വിവരം ശേഖരിച്ചുവരുന്നു. തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 2017-18, മുതൽ 2020-21 വരെ സാമ്പത്തിക വർഷത്തിനിടയിൽ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച പ്രവർത്തികളും, അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു. അനുബന്ധത്തിലെ പി.ഡബ്ല്യു.ഡി വകുപ്പ് നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.*

(ഡി) അവ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ആസ്തിവികസന ഫണ്ടിൽ നിന്ന് ആംബുലൻസ്

55 (1779) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് ആംബുലൻസിന് തുക അനുവദിക്കുന്നത് പ്രസ്തുത ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 4-8-2018-ലെ സ.ഉ(അച്ചടി) നമ്പർ 119/2018/ധന പ്രകാരം ആംബുലൻസ് വാങ്ങുന്നത് അനുവദനീയമല്ല.

(ബി) ഈ ആവശ്യം കൂടി പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

**ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പദ്ധതിയിൽ മാറ്റം**

56 (1780) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ച പദ്ധതി, ന്യായമായ കാരണങ്ങളാൽ റദ്ദ് ചെയ്തുകൊണ്ട് മറ്റൊരു പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; പുതിയ നിർദ്ദേശം ആർക്കാണ് സമർപ്പിക്കേണ്ടത്; വിശദമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ ആസ്തിവികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള കാലാവധി അവസാനിച്ചു. ന്യായമായ കാരണങ്ങളാൽ അനുവദിച്ച പദ്ധതി റദ്ദ് ചെയ്തുകൊണ്ട് മറ്റൊരു പദ്ധതി നിർദ്ദേശിക്കുകയാണെങ്കിൽ നടപ്പ് നിയമസഭയിലെ ബന്ധപ്പെട്ട എം.എൽ.എ.മാരുടെ ശിപാർശയോടെ അനുമതിക്കായി അപേക്ഷ ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്.

**പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

57 (1781) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും അത്യാധുനിക സൗകര്യങ്ങളോടുകൂടി ടർഫ് നിർമ്മിക്കുന്നതിനും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സ്ഥലം വാങ്ങുന്നതിനും അത്യാധുനിക സൗകര്യങ്ങളോടുകൂടി ടർഫ് നിർമ്മിക്കുന്നതിനും അനുവാദമില്ലാത്തതാണ്.

## ടെണ്ടർ സേവിംഗ്സ്

58 (1782) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-നുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-നുകീഴിൽ പരിഗണിക്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ബി) ഈ തുക വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ടോ?

ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം വിനിയോഗിക്കാനാണ് അനുമതിയുള്ളത്. ആയതിന് വിരുദ്ധമായി ടെണ്ടർ സേവിംഗ്സ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത സാഹചര്യത്തിൽ ടി തുക വിനിയോഗിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

(സി) എങ്കിൽ ഈ വ്യവസ്ഥ ഒഴിവാക്കി ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ നിന്ന് അനുമതി ലഭ്യമാക്കാവുന്നതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുമോ?

പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ ആസ്തി വികസന ഫണ്ട്

59 (1783) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ആരംഭിച്ചത് മുതൽ 2020-21 സാമ്പത്തിക വർഷം വരെ കാസർഗോഡ് ജില്ലയിൽ എം.എൽ.എ.മാർ പ്രൊപ്പോസൽ നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാക്കി പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ എത്ര കാലമായി മുടങ്ങിക്കിടക്കുന്നെന്നും ഇത്തരത്തിലുള്ള സ്തംഭനാവസ്ഥയ്ക്ക് കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകാത്ത പ്രവൃത്തികളുണ്ടെങ്കിൽ ഏതൊക്കെയാണെന്നും ഭരണാനുമതിക്കുള്ള കാലതാമസം എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ ചെയ്ത് കരാറിൽ ഒപ്പുവെച്ചതിനുശേഷം ഇതുവരെയും തുടങ്ങാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും കരാറുകാരുടെ പേരുവിവരം, എഗ്രിമെന്റ് തീയതി, പ്രവൃത്തിയുടെ കാലാവധി തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ;

(ഇ) പ്രവൃത്തിയേറ്റെടുത്തതിനുശേഷം പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

&

(എഫ്) ജില്ലയിൽ ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവൃത്തികളിൽ എത്ര സേവിംഗ്സ് തുക അവശേഷിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് പ്രവൃത്തി സഹിതം വ്യക്തമാക്കാമോ; പ്രസ്തുത സേവിംഗ്സ് തുക പുതിയ പ്രവൃത്തികൾക്ക് വിനിയോഗിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ പദ്ധതികൾ

60 (1784) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് (എം.എൽ.എ. എ.ഡി.എഫ്., എസ്.ഡി.എഫ്.) വിനിയോഗിച്ച് ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

എം.എൽ.എ. എസ്.ഡി.എഫ്. മുഖേന ഭരണാനുമതി നൽകിയതിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* എം.എൽ.എ. എ.ഡി.എസ്. മുഖേന ഭരണാനുമതി നൽകിയതിൽ പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ മണ്ഡലത്തിലെ ആസ്തിവികസന പ്രവൃത്തികൾ

61 (1785) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിപ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ നാളിതുവരെ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ടെണ്ടർ സേവിംഗ്സ് ഇനത്തിലുള്ള തുക വിനിയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമെന്നും അവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ടെണ്ടർ സേവിംഗ്സ് ഇനത്തിലുള്ള തുക വിനിയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും നിയമസഭ തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി

62 (1786) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിൽ മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് സ്പെഷ്യൽ ഓർഡർ നൽകുന്നതിനുവേണ്ടി എം.എൽ.എ. 2021 ജൂൺ മാസം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ടി വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ നൽകിയ നിവേദനത്തിൻമേൽ NC-B2/37/2021-FIN നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആസ്തി വികസന പദ്ധതിപ്രകാരം ആംബുലൻസ് വാങ്ങുന്നതിന് സ്പെഷ്യൽ ഓർഡർ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ പൊതുവായി ഉത്തരവ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിലില്ല

**എസ്.ഡി.എഫ്., എ.ഡി.എഫ്. തുടങ്ങിയവയുടെ വിനിയോഗം**

63(1787) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയുടെ വിനിയോഗം സംബന്ധിച്ച അവലോകന യോഗങ്ങൾ എല്ലാ മാസവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച അവലോകനം ഒരു വർഷം രണ്ട് തവണയെങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ.മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

(ബി) സ്കൂൾ ഫർണിച്ചർ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂം മോടി പിടിപ്പിക്കൽ, പഠനോപകരണങ്ങൾ വാങ്ങൽ തുടങ്ങിയ കാര്യങ്ങൾക്ക് എം.എൽ.എ. എസ്.ഡി.എഫ്., എ.ഡി.എഫ്. തുടങ്ങിയ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാമോ; ഇതിനായി ഉത്തരവിൽ മാറ്റംവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ119/2018/ ധന ഉത്തരവിലെ അനുവദനീയ പ്രവൃത്തികളിൽ (അനുബന്ധം 1, ഇനം 5) സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ161/2017/ധന ഉത്തരവിലെ അനുവദനീയ പ്രവൃത്തികളിൽ (അനുബന്ധം 1, ഇനം 29)സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി മാർഗ്ഗരേഖയിലെ ഇനം 40 പ്രകാരം സർക്കാർ സ്കൂളുകൾക്ക് ബഞ്ച്, ഡെസ്ക്ക് മുതലായ ഫർണീച്ചർ വാങ്ങാവുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖകളിലെ അനുവദനീയ പ്രവൃത്തികളിൽ പഠനോപകരണങ്ങൾ വാങ്ങൽ ഉൾപ്പെടുത്തിയിട്ടില്ല. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് പഠന സംവിധാനം ഒരുക്കുന്നതിനായി ആസ്തി വികസന ഫണ്ടും പ്രത്യേക വികസനനിധിയും വിനിയോഗിക്കുന്നതിന് 10-6-2020-ലെ സ.ഉ.(സാധാ)നമ്പർ 3510/2020/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അനുബന്ധ നിർദ്ദേശങ്ങൾ 11-7-2020-ലെ സ.ഉ.(സാധാ) നമ്പർ 4094/2020/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം**

64 (1788) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകൾ വിനിയോഗിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയുമുൾപ്പെടുത്തി എല്ലാ മാസവും അവലോകനയോഗം കൂടുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ ധന ഉത്തരവിലെ* ഖണ്ഡിക 5.4 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെയും അവയുടെ പുരോഗതിയെയും സംബന്ധിച്ച

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവലോകനം ഒരു വർഷം രണ്ട് തവണയെങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ.-മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയുമുൾപ്പെടുത്തി അവലോകന യോഗം എല്ലാ മാസവും കൂടുന്ന വിഷയം പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കലണ്ടർ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ അനുബന്ധം 3 പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കലണ്ടർ സംവിധാനം വിവരിച്ചിട്ടുണ്ട്.*

## പ്രാദേശിക വികസന പദ്ധതിപ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

65 (1789) <u>ശ്രീ. പി. ബാലചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; എത്ര തുക ഓരോ പദ്ധതികൾക്കും അനുവദിച്ചെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പൂർത്തികരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അടിയന്തരമായി അവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

**പ്രൊപ്പോസലുകൾക്ക് ഭരണാനുമതി**

66 (1790) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ (2020-21) അവസാനപാദം വിവിധ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ മാതൃകാ പെരുമാറ്റച്ചട്ടംമൂലവും തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതുമൂലവും എം.എൽ.എ.-മാരുടെ പ്രത്യേക വികസനഫണ്ട്, നിയോജക ആസ്തിവികസന ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൽകിയിരുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി കൂടിയേതീരൂ എന്നതിനാൽ ഇതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധിയിൻകീഴിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 12-12-2018-ലെ സ.ഉ.(അച്ചടി)നമ്പർ 194/2018/ധന പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 14-7-2021-ലെ സ.ഉ.(സാധാ.) നമ്പർ 4957/2021/ധന പ്രകാരം 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേന്ദ്ര ധനസഹായങ്ങളിലുണ്ടായ കുറവ്**

67 (1792) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഫെഡറൽ തത്വപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന വിവിധ തലങ്ങളിലുള്ള കേന്ദ്ര ധനസഹായങ്ങളിലുണ്ടായ കുറവ് വർഷം, വിഭാഗം തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന പ്രധാന ധനസഹായങ്ങൾ കേന്ദ്ര നികുതി വിഹിതവും ഗ്രാന്റ് ഇൻ എയ്ഡുമാണ്.

| 1. കേന്ദ്ര നികുതി വിഹിതം (രൂപ കോടിയിൽ) | | | |
|---|---|---|---|
| | BE (Union Budget) | Released by GOI | Shortfall (-) Excess (+) |
| 2014-15 | 8972.51 | 7926.29 | (-) 1046.22 |
| 2015-16 | 13121.77 | 12690.67 | (-) 431.1 |
| 2016-17 | 14282 | 15225.02 | (+) 943.02 |
| 2017-18 | 16891.75 | 16833.08 | (-) 58.67 |
| 2018-19 | 19703.31 | 19038.17 | (-) 664.84 |
| 2019-20 | 20228.33 | 16401.05 | (-) 3827.28 |
| 2020-21 | 15236.6 | 11560.4 | (-) 3676.2 |

| 2. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡുകൾ (രൂപ കോടിയിൽ) | | | |
|---|---|---|---|
| | RE (State Government) | Released by Government of India | Shortfall (-) Excess (+) |
| 2014-15 | 9493.87 | 7507.99 | (-) 1985.88 |
| 2015-16 | 9105.28 | 8921.35 | (-) 183.93 |
| 2016-17 | 10790.14 | 8510.35 | (-)2279.79 |
| 2017-18 | 10822.76 | 8527.84 | (-) 2294.92 |
| 2018-19 | 13971.76 | 11388.96 | (-) 2582.8 |
| 2019-20 | 11127.58 | 11235.26 | (+)107.68 |
| 2020-21 | 28877.59 | *31049.00 | (+) 2171.41 |
| * താല്ക്കാലിക കണക്കുകൾ | | | |

Note:- ഗ്രാന്റ് ഇൻ എയ്ഡ് വിഭാഗത്തിൽ യൂണിയൻ ബഡ്ജറ്റിൽ statewise allocation ലഭ്യമല്ലാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് (RE) അടിസ്ഥാനമാക്കിയാണ് കുറവ് കാണിച്ചിട്ടുള്ളത്.

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന, കേന്ദ്ര വിഹിതത്തിന്റെ അനുപാതങ്ങളിലാണ് കേന്ദ്ര സർക്കാർ മാറ്റം വരുത്തിയതെന്ന് ഉദാഹരണ സഹിതം വിശദമാക്കാമോ;

&

(സി) വിവിധ മേഖലകളിൽ ലഭിക്കേണ്ട കേന്ദ്രസഹായം അപ്രായോഗികമായ പുതിയ നിബന്ധനകൾ വച്ച് കേന്ദ്ര സർക്കാർ ക്രമീകരിക്കുകയോ വെട്ടിക്കുറക്കുകയോ ചെയ്യുന്നുണ്ടോ; ഉദാഹരണങ്ങൾ സഹിതം ചുരുക്കി വിശദമാക്കാമോ?

പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റംവരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്. ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് രൂപീകരിച്ചതിനുശേഷം മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയുംകുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

<u>കോർ ഓഫ് ദ കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

<u>കോർ ഗണം:</u> ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു. ഉദാ:- PMKSY, PMAY മുതലായവ.

<u>ഓപ്ഷണൽ ഗണം</u>: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

## കേന്ദ്ര നികുതി വിഹിതം

68 (1793) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര ധനകാര്യ കമ്മീഷന്റെ തെറ്റായ നിലപാട് കാരണം കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതത്തിൽ വലിയ ഇടിവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽനിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്.

(ബി) എങ്കിൽ മേഖലാധിഷ്ഠിത ഗ്രാന്റായും സംസ്ഥാനാധിഷ്ഠിത ഗ്രാന്റായും എത്ര കോടി രൂപ അനുവദിക്കണമെന്നാണ് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

മേഖലാധിഷ്ഠിത ഗ്രാന്റ്/സംസ്ഥാനാധിഷ്ഠിത ഗ്രാന്റായി 9461 കോടി രൂപ അനുവദിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു.

(സി) കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് എല്ലാ വായ്പകൾക്കും 2021 ഡിസംബർ വരെയെങ്കിലും മൊറട്ടോറിയം അനുവദിക്കണമെന്ന ധനവകുപ്പിന്റെ ആവശ്യത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുകൂല മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

(ഡി) കോവിഡ് പ്രതിസന്ധി കാരണം വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവരെ ഭീഷണിപ്പെടുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി ഉൾപ്പെടെ മറ്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ധനവകുപ്പ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽപെടുന്ന വിഷയമല്ല. എന്നിരുന്നാലും ബാങ്കുകൾ സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരാതികളും സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) മുഖേന പരിഹാരം കാണുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കാറുണ്ട്.

## ടൈപ്പിസ്റ്റ് തസ്തിക

69 (1794) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ് തസ്തികയുടെ പേരുമാറ്റം കഴിഞ്ഞ പത്തും പതിനൊന്നും ശമ്പള കമ്മീഷനുകൾ ശിപാർശ ചെയ്തിട്ടും ആയത് നിലവിൽ വന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികയുടെ പേര് മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ പേരുമാറ്റം ശിപാർശ ചെയ്തിരുന്നെങ്കിലും ഉത്തരവായില്ലായിരുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ടി ശിപാർശ ചെയ്തിട്ടില്ല. പ്രസ്തുത തസ്തികയുടെ പേര് മാറ്റുന്നതിന് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുമോ; പതിനാല് ജില്ലകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ?

നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തിക ഇല്ല. പുതിയതായി തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെയും തസ്തികയുടെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ടൈപ്പിസ്റ്റുമാരുടെ പുനർവിന്യാസം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ; പുനർവിന്യാസത്തിന്റെ പേരിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന ഉത്തരവ് (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*) പ്രകാരം ഫയലുകൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈകാര്യം ചെയ്യുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിച്ചുവരുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകൾ മറ്റ് തസ്തികകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണ്.

(ഡി) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ 2021 ജൂൺ 2-ാം തീയതി നാല് ടൈപ്പിസ്റ്റ് തസ്തികയും ഒരു ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയും നിലവിലുള്ള ജീവനക്കാർ വിരമിച്ച മുറയ്ക്ക് ഇല്ലാതാക്കിയതായി അറിയുന്നു; പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2-6-2021-ലെ പ്രസ്തുത ഉത്തരവ് പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ല

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

70 (1796) <u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്)-യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal(RFP) 22-01-2021-ൽ പ്രസിദ്ധീകരിച്ച് റീടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലെയും, തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും

ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേകെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്നുവില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic) രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

1. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

2. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരം ആയിരിക്കും:

(i) അടിസ്ഥാന പരിരക്ഷ-പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക്ക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നിർത്തിവയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതി നാളിതുവരെ നിർത്തിവച്ചിട്ടില്ല. RGICL (Reliance General Insurance Company Ltd.) സർക്കാറിനെതിരെ ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളൂവെന്ന് ഇടക്കാല ഉത്തരവായ സാഹചര്യത്തിലും റിട്ട് അപ്പീൽ എത്രയുംവേഗം തീർപ്പാക്കി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) മെഡിസെപ്പ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാരിനെതിരെ നിലവിലുള്ള റിട്ട് അപ്പീൽ (WA.615/2021) സംബന്ധിച്ച നിയമനടപടികൾ പൂർത്തിയാകുന്നപക്ഷം താമസംവിനാ പദ്ധതി ആരംഭിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

71 (1797) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്നറിയിക്കാമോ ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുകയെന്ന സർക്കാർനയം നടപ്പാക്കുന്നതിനായി നിയമിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പി.എഫ്.ആർ.ഡി. ആക്ടിലോ സംസ്ഥാന സർക്കാർ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിലോ ഇത് സംബന്ധിച്ച് പരാമർശങ്ങളുണ്ടോ; വിശദാംശം നൽകുമോ?

പ്രത്യേക പരാമർശമില്ല.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

72 (1798) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി, സംസ്ഥാന സർക്കാർ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പുനരാരംഭിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വിദ്യാഭ്യാസ വായ്പയെടുത്തശേഷം തിരിച്ചടവിന് കഴിയാതിരുന്ന തൊഴിൽരഹിതരെ സഹായിക്കുന്നതിനായി 16-5-2017-ലെ സ.ഉ. (പി) നമ്പർ 65/2017 പ്രകാരം സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ നിലവിൽ ആനുകൂല്യം നൽകി വരികയാണ്. പദ്ധതിയുടെ കീഴിൽ ഇതുവരെ 207.29 കോടി രൂപ യോഗ്യരായ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## സംസ്ഥാനത്തിന്റെ തനത് വരുമാനം

73 (1799) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനമായി പ്രതീക്ഷിച്ചിരുന്ന തുകയും പിരിച്ചെടുത്ത തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ തനത് വരുമാനം

(തുക കോടിയിൽ)

| | പ്രതീക്ഷിത റവന്യൂ വരുമാനം | | | ലഭിച്ച റവന്യൂ വരുമാനം | | |
|---|---|---|---|---|---|---|
| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | ആകെ | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം | ആകെ |
| 2016-17 | 47613.61 | 11359.52 | 58973.13 | 42176.38 | 9699.98 | 51876.36 |
| 2017-18 | 53411.49 | 12037.79 | 65449.28 | 46459.61 | 11199.61 | 57659.22 |
| 2018-19 | 58588.44 | 14271.14 | 72859.58 | 50644.1 | 11783.24 | 62427.34 |
| 2019-20 | 65784.6 | 15070.07 | 80854.67 | 50323.14 | 12265.22 | 62588.36 |
| 2020-21* | 67420.01 | 14587.00 | 82007.01 | 47671.99 | 6420.02 | 54092.01 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

## ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും നടപ്പാക്കാൻ കഴിയാഞ്ഞതുമായ പദ്ധതികൾ

74 (1800) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഏതെല്ലാം പദ്ധതികളാണ് 2016-2021 കാലയളവിൽ നടപ്പാക്കിയിട്ടുള്ളത്;

(ബി) നടപ്പുകാലയളവിൽതന്നെ നടപ്പാക്കുന്നതിന് ഉത്തരവായ പദ്ധതികളുടെ വിവരങ്ങൾ അറിയിക്കുമോ;

(സി) അപ്രകാരം നടപ്പുകാലയളവിൽ നടപ്പാക്കുന്നതിന് ഉത്തരവാകുകയും എന്നാൽ നടപടിക്രമങ്ങളുടെ കാലതാമസംകൊണ്ട് പ്രസ്തുത കാലയളവിൽ നടപ്പാക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ;

&

(ഡി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നടപ്പാക്കാനോ നടപടിക്രമങ്ങൾ നടത്താനോ സാധിക്കാതിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

75 (1801) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## വടകര മോഡൽ പോളിടെക്നിക് കോളേജ് സെമിനാർ ഹാൾ

76 (1802) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ ബഡ്ജറ്റിൽ വടകര മോഡൽ പോളിടെക്നിക്ക് കോളേജ് സെമിനാർ ഹാൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് 10 ലക്ഷം രൂപ വകയിരുത്തുകയുണ്ടായോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ആരാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; ഈ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിക്കായി തുക വകയിരുത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിലെ പദ്ധതികൾ**

77 (1803) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2021-22 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതിനൊക്കെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2021-22-സാമ്പത്തിക വർഷത്തിൽ ദേവികുളം മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും, നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെകീഴിൽ അഞ്ച് കോടി രൂപയും വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നുവരുന്നത്. ഇതുകൂടാതെ, ദേവികുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ ആകെ 2082.33 ലക്ഷം രൂപയുടെ പ്രവൃത്തികളും, പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗത്തിനുകീഴിൽ ആകെ 418 ലക്ഷം രൂപയുടെ പദ്ധതികളും വിവിധ ഘട്ടങ്ങളിലായി പുരോഗതി പ്രാപിക്കുന്നു. അതോടൊപ്പം, 2021-22-സാമ്പത്തിക വർഷത്തിൽ, പട്ടികജാതി വികസന വകുപ്പിന് കീഴിൽ വിവിധ സഹായധനമായും മറ്റിനങ്ങളിലുമായി 360.78 ലക്ഷം രൂപ, വകയിരുത്തുകയും വിനിയോഗിച്ചുവരികയും ചെയ്യുന്നു. ദേവികുളം മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും വിവിധ വകുപ്പുതലവന്മാരും ലഭ്യമാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി സമർപ്പിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ**

78 (1804) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-21) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം ബഡ്ജറ്റ് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തി പൂർത്തിയായെന്നും പൂർത്തിയാകാത്ത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമായ ബഡ്ജറ്റ് പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തി ഇനിയും ആരംഭിക്കാൻ കഴിയാത്തതുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

&

(ഇ) ഭരണാനുമതി ലഭ്യമായിട്ടും ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**വിധവാ പെൻഷൻ**

79 (1807) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹമോചിതരും പുനർവിവാഹം കഴിക്കാത്തവരുമായ സ്ത്രീകൾക്ക് വിധവ പെൻഷൻ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

ഉണ്ട്. വിധവാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹ മോചനത്തിനായി കേസ് നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രദേശിക സർക്കാരുകൾ തുടർന്നുവന്നിരുന്നു. അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

കൈപ്പറ്റുന്നത് തടയുന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമായതിനാലും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂയെന്ന് ഉറപ്പാക്കുന്നതിലേയ്ക്കും വിധവാ പെൻഷൻ അനുവദിക്കുന്നതിൽ വ്യക്തത വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർക്കുമാത്രമേ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലായെന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂവെന്നും നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകാത്തതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും ഭർത്താവിൽ നിന്നും അകന്നുകഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിനായി 25-04-2019-ലെ സർക്കുലർ നമ്പർ 35/2019/ധന, 11-12-2019-ലെ സർക്കുലർ നമ്പർ 97/2019/ധന, 23-9-2020-ലെ സ.ഉ.(എം.എസ്.)നമ്പർ 97/2020/ധന. എന്നിവ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ

80 (1808) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾക്ക് സാമൂഹ്യ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടോ;

&

(ബി) ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹരായ എല്ലാവർക്കും ഒരു ക്ഷേമ പെൻഷനെങ്കിലും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർനയം. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡുൾപ്പെടെയുള്ള 16 ക്ഷേമനിധി ബോർഡുകൾ നിലവിൽ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. നിലവിലെ ഉത്തരവുകൾപ്രകാരം, 6-2-2017-നുമുൻപ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും നൽകുന്നുണ്ട്. എന്നാൽ പ്രസ്തുത തീയതിക്കുശേഷം ഏതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. ഗുണഭോക്താവിന്റെ താത്പര്യ പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതു വേണമെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർക്ക് അത് ഉപേക്ഷിച്ചുകൊണ്ട് ക്ഷേമനിധി ബോർഡ് പെൻഷൻ തെരഞ്ഞെടുക്കാവുന്നതാണ്.

**കെ-റെയിൽ, ഭാരത് മാല പദ്ധതികൾ**

81 (1809) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭാവിയിൽ ആവശ്യമായി വരുന്ന ചെലവിനെക്കുറിച്ച് ധാരണയില്ലാതെ വൻകിട പദ്ധതികൾ പ്രഖ്യാപിക്കുന്ന പ്രവണത കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒരു വർഷത്തിലേറെ ദൈർഘ്യം വരുന്ന പദ്ധതികൾക്ക് അനുവാദം നൽകുമ്പോൾ ഭാവിയിൽ വരുന്ന ചെലവ് പ്ലാൻ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

വൻകിട പദ്ധതികളുടെ ചെലവുകൾ ആവശ്യാനുസരണം മേജർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രൊജക്ട്സിന്റെ ശീർഷകത്തിൽ നിന്നും വഹിച്ചു പോരുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്.

(സി) കെ-റെയിൽ, ഭാരത് മാല എന്നീ പദ്ധതികളുടെയെല്ലാം സ്ഥലമെടുപ്പ്, പുനരധിവാസം തുടങ്ങിയവയ്ക്ക് ഉണ്ടായേക്കാവുന്ന ഭാരിച്ച ചെലവുകൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി വച്ച് എങ്ങനെ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്?

വിവരം ശേഖരിച്ചുവരുന്നു.

## കേരള വാറ്റ് ആംനസ്റ്റി സ്കീം

82 (1810) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ, കേരള വാറ്റ് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നോ; ഇതിലൂടെ എത്ര കോടി രൂപയുടെ വാറ്റ് കുടിശ്ശിക പിരിച്ചെടുക്കാനാണ് ഉദ്ദേശിച്ചത്;

&

(ബി) 2020 ഡിസംബർ 31 വരെ എത്ര കോടി രൂപ പിരിച്ചെടുത്തെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## നികുതി നെറ്റ്‌വർക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

83 (1811) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേവനമേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി നികുതിയുടെ നെറ്റ്‌വർക്ക് വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റെസ്റ്റോറന്റുകൾ, കേബിൾ ടി.വി ഓപ്പറേറ്റർമാർ തുടങ്ങി സേവനമേഖലയിലുള്ള വ്യക്തികളുടെ നികുതി വകുപ്പിൽ ലഭ്യമായതും ബാങ്കുകൾ, ഇ-കൊമേഴ്സ് ഓപ്പറേറ്റേഴ്സ്, കെ.എസ്.ഇ.ബി. തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമായതുമായ വിവരങ്ങൾ വിശകലനം ചെയ്ത് രജിസ്ട്രേഷനെടുക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളെ ചരക്ക സേവന നികുതി നിയമപ്രകാരം രജിസ്ട്രേഷനെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക

84 (1812) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റിക്കവറി നടത്തി പിരിച്ചെടുക്കേണ്ട തുക സംബന്ധിച്ച് നികുതി വകുപ്പിന്റെ പക്കൽ വ്യക്തമായ വിവരങ്ങൾ ഇല്ലെന്നുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

നികുതി വകുപ്പിന്റെ 31-3-2021-ലെ കണക്കനുസരിച്ച് റവന്യൂ റിക്കവറി നടത്തി ജില്ലാ കളക്ടർ മുഖേന പിരിച്ചെടുക്കുവാനായി നികുതിയിനത്തിൽ മാത്രം 4029.18 കോടി രൂപയും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇപ്പോഴത്തെ ഡെപ്യൂട്ടി കമ്മീഷണർ) മുഖേന പിരിച്ചെടുക്കാനായി നികുതിയിനത്തിൽ 3832.81 കോടി രൂപയും ഉണ്ട്.

(ബി) നികുതി-റവന്യൂ വകുപ്പുകളിൽ ഇത് സംബന്ധിച്ചുള്ള കണക്കിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ജി.എസ്.ടി. വിഹിതം**

85 (1813) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

ജി.എസ്.ടി.-യിൽനിന്ന് ലഭ്യമാകുന്ന പണത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുമെന്ന പ്രഖ്യാപനം പാലിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ ഇപ്രകാരം എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ജി.എസ്.ടി. വിഹിതം**

86 (1814) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് കേന്ദ്രം നൽകേണ്ട വിഹിതം ലഭിക്കാത്തതുകൊണ്ട് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നുണ്ടോ?

ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിക്കുന്നതിനായി കടമെടുക്കേണ്ടിവരുന്നതിനാൽ പലിശയിനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിലും സർക്കാരിന്റെ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികളുടെയും ധനദൃഢീകരണ പ്രവർത്തനങ്ങളുടെയും ഫലമായി വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്താൻ സാധിച്ചിട്ടുണ്ട്.

(ബി) എത്ര കോടി രൂപ ജി.എസ്.ടി. ഇനത്തിൽ കേന്ദ്രം സംസ്ഥാന സർക്കാരിന് വിഹിതമായി നിലവിൽ നൽകാൻ ബാക്കിയുണ്ട് എന്നറിയിക്കാമോ?

സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

**നികുതി ചോർച്ച**

87 (1815) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ 2021 ജൂൺ വരെ നികുതി/നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ചതിൽനിന്നും കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ കുറവ് വന്നിട്ടുണ്ടെന്ന് പട്ടിക തിരിച്ച് വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം എസ്.ജി.എസ്.ടി., സി.ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നീ ഇനങ്ങളിലായി പിരിച്ചെടുത്ത തുകകൾ സംബന്ധിച്ച വിശദവിവരം പ്രതിമാസ പട്ടികയായി ലഭ്യമാക്കാമോ?

എസ്.ജി.എസ്.ടി., സി.ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നീ ഇനങ്ങളിലായി പിരിച്ചെടുത്ത തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്ന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുക പ്രതിമാസ പട്ടികയായി നൽകാമോ?

കേന്ദ്ര സർക്കാരിൽനിന്ന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) നികുതി ചോർച്ച തടയാൻ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവരശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ് പെയേഴ്സിനെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈനായി സെലക്ട് ചെയ്ത് വിശദ പരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായമില്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയും നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. എക്സൈസ് വകുപ്പ് വഴി ലഭിക്കുന്ന നികുതി വരുമാനത്തിൽ ലോക്ക്ഡൗണിനെത്തുടർന്ന് കുറവ് സംഭവിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനാവശ്യമായ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിർത്തി ചെക്ക്പോസ്റ്റുകളിൽ കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് വാഹന പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്. അതിർത്തി ചെക്ക്പോസ്റ്റുകൾ ഒഴിവാക്കിയുള്ള കടത്ത് ചെറുക്കുന്നതിന് ചെക്ക്പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി എക്സൈസ് വകുപ്പിൽനിന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

സാധുവായ രേഖകളില്ലാതെ കടത്തിക്കൊണ്ടുവരുന്ന സാധനങ്ങൾ കണ്ടെത്തി ജി.എസ്.ടി വകുപ്പിന് കൈമാറി തുടർനടപടി സ്വീകരിച്ചുവരുന്നു. രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിച്ച്, ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾതന്നെ സ്റ്റാമ്പ് ഡ്യൂട്ടിയും ഫീസും ഈടാക്കിവരുന്നു. എന്നിരുന്നാലും വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ യഥാർത്ഥ വിലയെക്കാളും കുറച്ചാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളതെന്ന് സബ് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ ടി ആധാരം അണ്ടർ വാല്യൂവേഷൻ നടപടികൾക്ക് വിധേയമാക്കുന്നതാണ്. കൂടാതെ കമ്പോളവിലയേക്കാളും കുറച്ച് കാണിച്ചിട്ടുള്ള ആധാരങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടാകുന്ന സാഹചര്യത്തിലും സബ് രജിസ്ട്രാർ ആധാരം അണ്ടർവാല്യൂവേഷൻ നടപടികൾക്ക് വിധേയമാക്കുന്നതാണ്. അതുപോലെ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിലുള്ള കെട്ടിടത്തെ സംബന്ധിച്ച് വാല്യൂവേഷൻ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്.

**സാമ്പത്തിക രംഗത്ത് വരാനിരിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം**

88 (1816) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം സാമ്പത്തിക രംഗത്ത് വരാനിരിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

&

(ബി) സമിതിയെ നിയോഗിച്ചിട്ടുണ്ടെങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Commitee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3032/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ടു വിദഗ്ധ സമിതികളെ

നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അ) നമ്പർ 152/2020/ധന പ്രകാരം ധനദൃഢീകരണം സാധ്യമാക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 5-5-2020- ലെ സർക്കാർ ഉത്തരവുപ്രകാരം നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ (COVID -19 Pandemic and Kerala : A Response Strategy) മറ്റു നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

**ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം**

89 (1817) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ആസ്തി/പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിലെ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം സാമൂഹ്യനീതി വകുപ്പ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ. (അച്ചടി)നമ്പർ 161/2017/ധന ഉത്തരവ് പ്രകാരവും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവ് പ്രകാരവും ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കുന്നത് അനുവദനീയമല്ല. ആയതിനാൽ, ടി പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

**സ്പാർക്ക്**

90 (1819) ശ്രീ. പി. അബ്ദുൽ ഹമീദ്.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധസർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ/എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരടക്കമുള്ളവരുടെ സേവന/വേതനവ്യവസ്ഥകൾക്കായുള്ള സ്പാർക്ക് എന്ന ഓഫീസിൽ, ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7- ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മതിയായ ജീവനക്കാരുടെ താൽക്കാലികമായിട്ടുള്ള അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ സേവന/വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ അതിവേഗം പരിഹരിക്കുംവിധം ആവശ്യത്തിന് ജീവനക്കാരെ നിയോഗിക്കുന്ന കാര്യവും ഒരു കോൾ സെന്റർ മാതൃകയിൽ പ്രത്യേക ഹെൽപ്പ് ഡസ്ക് രൂപീകരിക്കുന്ന കാര്യവും പരിശോധിക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 11-ാം ശമ്പളപരിഷ്കരണവും യു.ജി.സി ജീവനക്കാരുടെ 7-ാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി താൽക്കാലികമായി കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. സ്പാർക്ക് (പി.എം.യു) കോൾ സെൻറർ മാതൃകയിലുള്ള ഹെൽപ്പ് ഡെസ്കായിട്ടാണ് പ്രവർത്തിച്ചുവരുന്നത്.

(സി) ജില്ലാതല ഓഫീസുകളിൽ കൂടുതൽ അധികാരം വികേന്ദ്രീകരിച്ച് ജില്ലാതലത്തിൽതന്നെ പരമാവധി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആറ് ജില്ലാ ട്രഷറികളിൽ സ്പാർക്ക് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്പാർക്ക് (പി.എം.യു) ഓഫീസിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്). ബാക്കിയുള്ള ജില്ലാ ട്രഷറികളിൽകൂടി സ്പാർക്ക് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു .

**ഭാഗ്യക്കുറി വില്പന**

91 (1820) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതിയേതര വരുമാനത്തിന്റെ എൺപത് ശതമാനത്തോളം നൽകുന്ന ഭാഗ്യക്കുറി വില്പന കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ബാധിച്ചിട്ടുണ്ട്. കോവിഡ് - 19-ന്റെ ഒന്നാം ഘട്ട വ്യാപനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 160-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് വകുപ്പിനേറെ സാമ്പത്തിക പ്രത്യാഘാതം സൃഷ്ടിച്ചിരുന്നു. തുടർന്നുണ്ടായ രണ്ടാം വ്യാപനംനിമിത്തം നടപ്പുസാമ്പത്തികവർഷത്തിൽ നാളിതുവരെ 71 ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദ് ചെയ്യേണ്ടതായിവന്നിട്ടുണ്ട്. നികുതിയേതര വരുമാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | നികുതിയേതര വരുമാനം |
|---|---|
| 2019-20 | 9972.09 |
| 2020-21 | 4910.83 |
| 2021-2022 (ജൂൺ മാസം 30 വരെ) | 701.92 |

2019-20 സാമ്പത്തിക വർഷത്തിൽ നികുതിയേതര വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാൽ കോവിഡ് മഹാമാരിമൂലം പ്രതീക്ഷിത വരുമാനത്തിൽ 2020-21 സാമ്പത്തിക വർഷം ഏകദേശം 5000 കോടി രൂപയുടെ കുറവും നടപ്പ് സാമ്പത്തിക വർഷത്തിൽ ജൂൺ മാസം 30 വരെ ഏകദേശം 1795.73 കോടി രൂപയുടെ കുറവും വന്നിട്ടുണ്ട്.

**വഖഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി എന്നിവയ്ക്ക് നൽകിയ സാമ്പത്തിക സഹായം**

92 (1821) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വഖഫ് ബോർഡ്, ഹജ്ജ് കമ്മിറ്റി, എന്നിവയ്ക്ക് നൽകിയ സാമ്പത്തിക സഹായം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

വഖഫ് ബോർഡിന് സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള പ്രത്യേക ധന സഹായം .

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2010-11 | 100 |
| 2011-12 | 100 |
| 2012-13 | 110 |
| 2013-14 | 110 |
| 2014-15 | 120 |
| 2015-16 | 120 |
| 2016-17 | 120 |
| 2017-18 | 219.95 |
| 2018-19 | 250 |
| 2019-20 | 42.34 |
| 2020-21 | 332 |
| ആകെ | 1624.29 |

വഖഫ് ബോർഡിന് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2010-11 | 100 |
| 2011-12 | 100.25 |
| 2012-13 | 100.25 |
| 2013-14 | 69.58 |
| 2014-15 | 69.58 |
| 2015-16 | 72 |
| 2016-17 | 200 |
| 2017-18 | 72 |
| 2018-19 | 0 |
| 2019-20 | 21.6 |
| 2020-21 | 122.40 |
| ആകെ | 927.66 |

സംസ്ഥാനത്തെ വഖഫ് വസ്തുവകകളുടെ സർവ്വേ ഇനത്തിൽ അനുവദിച്ച തുക

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2018-19 | 30 |
| 2019-20 | 0 |
| 2020-21 | 15.00 |
| ആകെ | 45.00 |

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വഖഫ് ബോർഡിന് അനുവദിച്ച തുക (ലക്ഷത്തിൽ) :2596.95

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം അനുവദിച്ച തുക

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2010-11 | 34.48 |
| 2011-12 | 41.37 |
| 2012-13 | 46.18 |
| 2013-14 | 82.73 |
| 2014-15 | 92.57 |
| 2015-16 | 89.12 |
| 2016-17 | 0 |
| 2017-18 | 129.12 |
| 2018-19 | 85 |
| 2019-20 | 49.61 |
| 2020-21 | 245.09 |
| ആകെ | 895.27 |

(ബി) പ്രസ്തുത സംവിധാനങ്ങളിൽനിന്ന് സർക്കാരിന് നേരിട്ട് എന്തെങ്കിലും സാമ്പത്തിക വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന വഖഫ് ബോർഡിൽനിന്നും ഹജ്ജ് കമ്മിറ്റിയിൽനിന്നും സർക്കാരിന് നേരിട്ട് സാമ്പത്തിക വരുമാനമൊന്നും ലഭിക്കുന്നില്ല.

**സ്വയം തൊഴിൽ സംരംഭങ്ങൾക്ക് കെ.എഫ്.സി. വായ്പ**

93 (1822) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രവാസികൾക്കും പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവർക്കും സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുന്നുണ്ടോ?

പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയവർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, നോർക്ക വഴി NDPREM പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുന്നുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെ സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്?

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്.

(സി) മൃഗപരിപാലന സംരംഭങ്ങൾക്ക് വായ്പ അനവദിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല. 1951-ലെ സംസ്ഥാന ധനകാര്യ കോർപ്പറേഷൻ നിയമം പ്രകാരം മൃഗപരിപാലന സംരംഭങ്ങൾക്ക് വായ്പ നൽകാനാകില്ല.

**കണ്ണേങ്ങാത്ത് - കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ് നിർമ്മാണം**

94 (1823) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തി വർക്ക് അപ്പൻഡിക്സ് II, വോള്യം II-ൽ 1543-ാം ക്രമനമ്പരായി ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ കണ്ണേങ്ങാത്ത്-കുമ്പുള്ളി കെ.എൽ.ഡി.സി. ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ധനാനുമതി/ഭരണാനുമതി നൽകിയിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ കണ്ണേങ്ങാത്ത് - കുമ്പുള്ളി കെ.എൽ.ഡി.സി ബണ്ട് റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വരുന്ന മേൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ?

ബാധകമല്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും**

95 (1824) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടും ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയിട്ടുണ്ടോയെന്നറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും സർക്കാർ വകുപ്പിതര സ്ഥാപനങ്ങൾക്ക് ചെലവഴിക്കുന്നതിനായി സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയിടാറുണ്ട്.

(ബി) പ്രസ്തുത തുകകൾ പിന്നീട് തിരിച്ചെടുക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

അത്തരം അക്കൗണ്ടുകളിലെ ചെലവാകാത്ത തുകകൾ സാമ്പത്തിക വർഷാവസാനം തിരിച്ചെടുക്കാറുണ്ട്. സർക്കാരിന്റെ കടമെടുപ്പ് പരിധിയെ ഇത്തരം അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് ബാധിക്കുമെന്നതിനാലാണ് അത്തരം നടപടി സ്വീകരിക്കുന്നത്.

**തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറി കെട്ടിട നിർമ്മാണം**

96 (1825) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ സ്ഥലം അനുവദിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വെളപ്പായ വില്ലേജിൽ സർവ്വേ നമ്പർ 12/10 ൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 12 സെന്റ് ഭൂമി, തൃശ്ശൂർ ജില്ലാ കളക്ടറുടെ 28-7-2020-ലെ ഇ 2-2875/18 നമ്പർ നടപടിക്രമം പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം അനുവദിച്ച പ്രസ്തുത സ്ഥലത്ത് ഒരു ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി ചർച്ചകൾ നടത്തി കെട്ടിടത്തിന്റെ രൂപരേഖ പൂർത്തിയാക്കിയിട്ടുള്ളതാകുന്നു. നിർമ്മാണ ഏജൻസിയെ സർക്കാർ തലത്തിൽ അനുവദിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിക്ക് വിധേയമായി പ്രസ്തുത സ്ഥലത്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ?

നിർമ്മാണ എജൻസിയെ സർക്കാർ തലത്തിൽ അനുവദിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ ഭരണാനുമതിക്ക് വിധേയമായി പ്രസ്തുത സ്ഥലത്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുന്നതാണ് .

**കിഫ്ബി വായ്പകളുടെ തിരിച്ചടവ്**

97 (1826) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വായ്പകളുടെ തിരിച്ചടവിനായി പണം വകയിരുത്തിയിരിക്കുന്നത് ഏത് ബഡ്ജറ്റ് ശീർഷകത്തിലാണ്; ഇതിനായി കിഫ്ബിക്ക് പണം കൈമാറുന്നതിന്റെ നടപടിക്രമം വിശദമാക്കുമോ?

ആന്വിറ്റി നൽകുക, തിരിച്ചടവ് ബാധ്യതകൾ വീട്ടുക തുടങ്ങി ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾക്കായി കേരള അടിസ്ഥാന സൗകര്യ വികസന നിധി (ഭേദഗതി) ആക്ട്-2016 പ്രകാരം സർക്കാർ വർഷാവർഷം ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതുണ്ട്. ഇതിൻപ്രകാരം നിലവിൽ മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള വിഹിതം 5475-00-115-98 ശീർഷകത്തിലും പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതം 5475-00-115-97 ശീർഷകത്തിലും വകയിരുത്തിനല്കുന്നു. ബാധ്യത തീർക്കുന്നതിനും

തിരിച്ചടവിനുമായി ഇതിനുപുറമേ തുക ആവശ്യമായി വരുന്ന പക്ഷം '5475-00-115-96 ശീർഷകത്തിൽ തുക വകയിരുത്തിനൽകുന്നതാണ്. സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പ്രസ്തുത തുക ധനവകുപ്പ് ദിവസേന കിഫ്ബിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഡിസംബർ 31-നുമുമ്പായി ഈ തുക മുഴുവനും കിഫ്ബിക്ക് നൽകുന്നുണ്ട്.

### കിഫ്ബി പദ്ധതികളുടെ നടത്തിപ്പ്

98 (1827) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ഏറ്റെടുക്കാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ എപ്രകാരം നടപ്പിലാക്കാനാണ് കിഫ്ബി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട് ഇതിനകം എത്ര പ്രവൃത്തികളുടെ ഫയലുകൾ പൊതുമരാമത്ത് വകുപ്പ് കിഫ്ബിക്ക് കൈമാറിയിട്ടുണ്ട്; പാലങ്ങൾ, റോഡുകൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ?

വിവിധ പദ്ധതികൾക്കുള്ള ധനസഹായം കിഫ്ബി നൽകിവരുന്നു. പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി.കൾക്കാണ്. പദ്ധതി നടത്തിപ്പിന് ഈ എസ്.പി.വി.കൾക്കാവശ്യമായ വിവിധ സഹായങ്ങൾ കിഫ്ബി നൽകിവരുന്നതൊഴിച്ചാൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം കിഫ്ബിയുടെ പരിഗണനയിലില്ല.

### ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

99 (1828) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ സാമ്പത്തിക അനുമതി നൽകിയിട്ടുള്ള കിഫ്ബി പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ ബാലുശ്ശേരി മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്നും ഇപ്പോൾ സാമ്പത്തിക അനുമതിക്കായി കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും ഇപ്പോൾ സാമ്പത്തികാനുമതിക്കായി പരിഗണയിലുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വെള്ളൂർ-പാടിയോട്ട്ചാൽ റോഡ്**

100 (1829) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ട്ചാൽ റോഡ് എന്ന പ്രവൃത്തി കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ വെള്ളൂർ - പാടിയോട്ട് ചാൽ റോഡ് പദ്ധതി ഉൾപ്പെട്ടിട്ടില്ല.

**കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ**

101 (1830) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ മന്ദഗതിയിലാണ് നടക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കായംകുളം മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള കായംകുളം ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 79 ശതമാനം പ്രവൃത്തി പൂർത്തിയായതായും, കോവിഡ് -19 പകർച്ചവ്യാധിമൂലമുള്ള പൊതുകാലതാമസം പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്നും പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

30-9-2021-ൽ പദ്ധതി പൂർത്തീകരിക്കുമെന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

102 (1831) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പദ്ധതികൾക്കാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിട്ടുള്ളതെന്നും എത്ര തുകയാണ് ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുവദിച്ച തുക സഹിതം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായിട്ടുള്ളത്?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലെ " 229 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം" പദ്ധതിയിലുൾപ്പെടുന്ന വില്ലടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാക്കാനുള്ളത്; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ പൂർത്തിയാകാനുള്ള പദ്ധതികൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.* കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളും അവയ്ക്കുണ്ടാകുന്ന തടസ്സങ്ങൾക്ക് പരിഹാരങ്ങളും നിശ്ചിത ഇടവേളകളിൽ നടത്തുന്ന പദ്ധതി അവലോകന യോഗങ്ങളിൽ എസ്.പി.വി.-ക്ക് നൽകാറുണ്ട്. അവയെല്ലാം കരാർ പ്രകാരമുള്ള സമയത്തുതന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജ്

103 (1832) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിലൂടെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി നിർദ്ദിഷ്ട പദ്ധതി നിർവഹണ ഏജൻസിയായ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) കിഫ്ബിയിൽ സമർപ്പിച്ച പദ്ധതിക്ക് 38.22 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസിക്കാണ്. നിലവിൽ ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കുന്നതിനുള്ള General Alignment Drawing -ന് റെയിൽവെയിൽനിന്നും അനുമതി ലഭിച്ചിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയാക്കി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ സാധിക്കുകയുള്ളു.

## മലമ്പുഴ മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ

104 (1833) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി ഇതിനകം സാമ്പത്തികാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മലമ്പുഴ മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞ പദ്ധതികളിന്മേൽ കിഫ്ബി വീണ്ടും ഡിസൈൻ റിവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഡിസൈൻ റിവ്യൂ നടത്താനുള്ള സാഹചര്യം വിശദമാക്കാമോ?

എസ്.പി.വി.-കൾ സമർപ്പിച്ചിട്ടുള്ള ചില പദ്ധതികൾ ഡിസൈൻ റിവ്യൂ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി കൊടുക്കുന്ന സമയത്ത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിമിതമായ ഡ്രോയിംഗാണ് എസ്.പി.വി.-കൾ സമർപ്പിക്കുന്നത്. അതിനുശേഷം വിശദമായ രേഖകളോടെ സാങ്കേതികാനുമതി നേടിയ ശേഷമാണ് എസ്.പി.വി.-കൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടത്. എന്നാൽ ഈ ഘട്ടത്തിനുശേഷവും ചുരുക്കം ചില പദ്ധതികളിൽ വിശദമായ ഡിസൈനുകളുടെ അഭാവംനിമിത്തം, നിർമ്മാണം, നിർമ്മാണ പരിശോധന, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഡീവിയേഷൻ മാനേജ്മെന്റ്, ബിൽ പരിശോധന എന്നിവ നിർവ്വഹിക്കുന്നതിൽ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. CRZ, KMBR, NBC നിബന്ധനകൾ പാലിക്കുന്നതിലുള്ള പോരായ്മകളും ഇതിൽപ്പെടും. ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനും PED/GFC ഡ്രോയിംഗുകളിൽ ഉൾപ്പെടുത്തേണ്ട എഞ്ചിനീയറിംഗ് വിശദാംശങ്ങൾ ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഡിസൈൻ റിവ്യൂ നടത്തുന്നത്.

(സി) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളെയാണ് ഇപ്രകാരം ഡിസൈൻ റിവ്യൂവിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഡിസൈൻ റിവ്യൂവിന്റെ നടപടിക്രമങ്ങൾ എത്ര സമയത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

റെയിൽവേ കോളനി - ധോണി - മുട്ടിക്കുളങ്ങര റോഡ്, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് എന്നീ രണ്ട് പ്രവൃത്തികളാണ് ഡിസൈൻ റിവ്യൂവിന് തെരഞ്ഞെടുത്തിട്ടുള്ളത്. കാലാവസ്ഥ അനുകൂലമാണെങ്കിൽ 45 ദിവസങ്ങൾകൊണ്ട് ഡിസൈൻ റിവ്യൂ പൂർത്തീകരിക്കാവുന്നതാണ്.

### ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

105 (1834) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിലുള്ള കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ധനാനുമതിക്കായി അവലോകനത്തിലുള്ളതും കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിന്മേൽ നാളിതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭാ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്ബി അവലോകന വിഭാഗം പരിശോധിക്കുന്നു. വിവിധ മേഖലകളിലെ സങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ടുൾപ്പെടെ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുന്നത്. അതിനുശേഷം പദ്ധതികൾക്ക് സങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടത് അതത് എസ്.പി.വി.കളാണ്. അനുബന്ധത്തിലെ ധനാനുമതി നൽകിയിട്ടുള്ള പദ്ധതികൾ കിഫ്ബി മേൽ രീതിയിൽ അവലോകനം നടത്തി അനുമതി നൽകിയിട്ടുള്ളവയാണ്. മറ്റ് പദ്ധതികൾ ധനാനുമതിക്കായി അവലോകനത്തിലുള്ളവയാണ്.

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കൽ**

106 (1835) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മണലൂർ മണ്ഡലത്തിന്റെ ഭാഗമായ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് നാലുവരിയാക്കി വികസിപ്പിക്കുന്നതിന് 2017-18-ലെ ബഡ്ജറ്റിൽ എത്ര കോടി രൂപയാണ് അനുവദിച്ചത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണ് പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അന്തിമ അംഗീകാരം നൽകാൻ കഴിയാതിരുന്നതെന്ന് വെളിപ്പെടുത്താമോ;

&

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ചരക്ക് സേവന നികുതി കുടിശ്ശിക**

107 (1836) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

31-3-2021 -ലെ കണക്കനുസരിച്ച് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയാണ്; കുടിശ്ശിക പിരിക്കാത്തതിനാൽ ജി.എസ്.ടി ഇനത്തിൽ സർക്കാരിന് എത്ര തുക നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**കേരളത്തിലെ സ്വർണ്ണവ്യാപാര മേഖല**

108 (1837) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വർണ്ണവ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണമാണ് വിൽക്കപ്പെടുന്നതെന്ന കണക്ക് ലഭ്യമാണോ; കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര ടൺ സ്വർണ്ണം വീതമാണ് വിറ്റത് എന്നറിയിക്കാമോ;

(ബി) സ്വർണ വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും എത്ര രൂപയാണ് നികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) കിട്ടേണ്ടിയിരുന്ന തുകയിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ലഭിക്കേണ്ടിയിരുന്ന തുകയിൽ എത്ര ലഭിച്ചുവെന്ന് അറിയിക്കാമോ;

കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച നികുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 629.65 |
| 2017-18 | 538.39 |
| 2018-19 | 425.51 |
| 2019-20 | 435.06 |
| 2020-21 | 478.20 |

## വാറ്റ്, കെ.ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് കുടിശ്ശിക

109 (1838) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാറ്റ്, കെ.ജി.എസ്.ടി., സി.എസ്.ടി., ലക്ഷ്വറി ടാക്സ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ജി. എസ്. ടി. നഷ്ടപരിഹാരം

110 (1839) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ജി. എസ്. ടി. നഷ്ടപരിഹാരം അനുവദിക്കാൻ വൈകുന്നതിനാൽ ആയത് യഥാസമയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തികവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട

നഷ്ടപരിഹാരത്തുകയെക്കാൾ കുറഞ്ഞ തുകയാണ് നഷ്ടപരിഹാരം Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാരത്തുക 4-6-2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാരത്തുക 23-7-2020-നുമാണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും, നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രംതന്നെ പൊതുവിപണിയിൽനിന്നും 110000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 15-7-2021-ലെ കേന്ദ്ര സർക്കാർ ഉത്തരവുപ്രകാരം ജൂലൈ മാസത്തിൽ Special Window Loan വഴി ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 4122.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാരമായി എത്ര രൂപയാണ് സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷനിനത്തിൽ ലഭിക്കാനുള്ള ബാക്കി തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**ജി.എസ്.ടി. ഫൈൻ**

111 (1840) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തെ ജി.എസ്.ടി. കണക്കുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നാണെന്ന് അറിയിക്കുമോ?

ഏപ്രിൽ മാസത്തെ പ്രതിമാസ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 20-ഉം ഏപ്രിൽ മാസം അവസാനിക്കുന്ന പാദവാർഷിക റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 22-ഉം ആയിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിക്കാത്തവർ കാലതാമസം വരുത്തിയ ഓരോ ദിവസത്തിനും ഫൈൻ അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ എത്ര രൂപ നിരക്കിലാണ് അടയ്ക്കേണ്ടത്; വിശദാംശം നൽകുമോ?

നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിക്കാത്തവർ കാലതാമസം വരുത്തിയ ഓരോ ദിവസത്തിനും ലേറ്റ് ഫീ അടയ്ക്കേണ്ടതുണ്ട്. ഇത്തരക്കാർക്ക് പ്രതിദിനം 50 രൂപയും (Rs.25 CGST & Rs.25 SGST) നിൽ റിട്ടേൺ (വിറ്റുവരവ് ഇല്ലാത്തവർ) സമർപ്പിക്കുന്നവർക്ക് പ്രതിദിനം 20 രൂപയും (Rs.10 CGST & Rs.10 SGST) ലേറ്റ് ഫീ ബാധകമാണ്.

(സി) കോവിഡ് സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിയന്ത്രണങ്ങൾ നിലനിൽക്കെ ജി.എസ്.ടി. ഇനത്തിലും ഫൈൻ ഇനത്തിലും വൻ തുകകൾ അടയ്ക്കേണ്ടി വരുന്നത് വ്യാപാരികളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സമ്മർദ്ദത്തിലുമാക്കുമെന്ന് കരുതുന്നുണ്ടോ?

കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപ വരെ വിറ്റുവരവ് ഉള്ളവർക്ക് മാർച്ച് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ, റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 60 ദിവസത്തേയ്ക്കും ഏപ്രിൽ മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 45 ദിവസത്തേയ്ക്കും മേയ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയാൽ റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 30 ദിവസത്തേയ്ക്കും ലേറ്റ് ഫീ ഒഴിവാക്കിനൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 5 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവർക്ക് മാർച്ച്, ഏപ്രിൽ, മേയ് മാസത്തെ റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം വരുത്തിയവർക്ക് റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിന്നും 30 ദിവസത്തേയ്ക്കും ലേറ്റ് ഫീ ഒഴിവാക്കിനൽകിയിട്ടുണ്ട്.

(ഡി) വ്യാപാര പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങളുള്ളപ്പോഴും കെട്ടിട വാടക, ഇലക്ട്രിസിറ്റി, ലോൺ തിരിച്ചടവ് തുടങ്ങിയവയിലൊന്നും ഇളവുകൾ ലഭ്യമാക്കാതിരിക്കുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് ജി.എസ്.ടി.യിലും ഫൈനിലും ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ചരക്കുസേവന നികുതിയിൽ ഇളവുകൾ നൽകുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടെ മാത്രമെ കഴിയുകയുള്ളൂ. സംസ്ഥാനത്തിന് മാത്രമായി തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല.

## ജി. എസ്. ടി. നഷ്ടപരിഹാരം

112 (1841) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ മാസത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

15-7-2021-ലെ കേന്ദ്ര സർക്കാർ ഉത്തരവുപ്രകാരം ജൂലൈ മാസത്തിൽ Special Window Loan വഴി ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 4122.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ കേന്ദ്രത്തിൽനിന്നും തുക ലഭിക്കാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

2020-21-ലും, 2021-22 (2021 ജൂലൈ) വരെ സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ് അവസാനിക്കാനിരിക്കെ ആയത് അഞ്ച് വർഷത്തേയ്ക്കുകൂടി നീട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചുവർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം കഴിഞ്ഞിട്ടും കേരളത്തിന്റെ തനതുനികുതി വരുമാനം ഉയർത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതിവിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്നുവന്ന Covid മഹാമാരിയും അതിനെത്തുടർന്ന് ഉണ്ടായ lock down സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നികുതി പിരിവിലുണ്ടാകുന്ന കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നുണ്ട്.

### വ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ

113 (1843) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വ്യാപനം തടയാൻ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം ഇരുപതിനായിരത്തിലധികം വ്യാപാരസ്ഥാപനങ്ങൾ രജിസ്ട്രേഷൻ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ജി.എസ്.ടി. വകുപ്പിന് അപേക്ഷ നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കലിന്റെയും പുതിയ രജിസ്ട്രേഷന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അടച്ചുപൂട്ടുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾ**

114 (1844) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :
ശ്രീ. സനീഷ്കുമാർ ജോസഫ് :
ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോവിഡ് പ്രതിസന്ധി കാരണം സംസ്ഥാനത്ത് നിരവധി വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

(സി) ഇത്തരത്തിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് കാരണം ഈ മേഖലയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) ഇവരെ സഹായിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രതിസന്ധി കാരണം തുറന്നുപ്രവർത്തിക്കാൻ കഴിയാത്തതിനാൽ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നിരവധി വ്യാപാരി വ്യവസായികൾ അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് പ്രതിസന്ധി കാരണം വ്യാപാര സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കലിന്റെയും പുതിയ രജിസ്ട്രേഷന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**കോട്ടക്കൽ മണ്ഡലത്തിലെ ട്രഷറികൾ**

115 (1845) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ ട്രഷറികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കണമെന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളറിയിക്കുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ പൊതുമരാമത്ത്/ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ?

കോട്ടക്കൽ, വളാഞ്ചേരി സബ്ട്രഷറികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടക്കൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇതുവരെ സ്ഥലമൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ട്രഷറി ഡയറക്ടറേറ്റിലെ മുഴുവൻ ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ?

പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ

116 (1846) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്ത ജീവനക്കാർ പ്രൊമോഷനിലൂടെ അക്കൗണ്ടന്റ് തസ്തികയിൽ എത്തി വിരമിക്കുമ്പോൾ വരുന്ന ഒഴിവുകളിൽ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിട്ടി ലിസ്റ്റിൽ നിന്നുതന്നെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

വ്യവസ്ഥയുണ്ട്. തസ്തികമാറ്റ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ 3-1-2014-ലെ സ.ഉ.(പി)നമ്പർ 1/14/ഉ.ഭ.പ.വ., 19-7-2014-ലെ സ.ഉ.(പി)നമ്പർ 21/14/ഉ.ഭ.പ.വ., 27-01-2017-ലെ സ.ക.നമ്പർ റൂൾസ് 2-10-17 ഉ.ഭ.പ.വ. എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% അതതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്നവിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റംവഴി ജൂനിയർ അക്കൗണ്ടന്റ് (എൽ.ഡി.ക്ലാർക്ക്)/ എൽ.ഡി ടൈപ്പിസ്റ്റ് ആയി നിയമനം നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലുണ്ടാകുന്ന ആദ്യ ഒഴിവ് തസ്തിക മാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റിവയ്ക്കുകയും തുടർന്ന് ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി. ക്ലാർക്ക്)/എൽ.ഡി. ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്ത്തിന്റെ 10% ഇപ്രകാരമുള്ള തസ്തികമാറ്റം നിയമനം എത്തിച്ചേരുന്നതുവരെ ഈ പ്രക്രിയ തുടരണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം തസ്തികമാറ്റ നിയമനം ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി ക്ലാർക്ക്)/എൽ.ഡി ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്ത്തിന്റെ 10 ശതമാനത്തിൽ എത്തിച്ചേർന്നതിനുശേഷം തസ്തികമാറ്റം നൽകിയ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ തസ്തികമാറ്റ നിയമനം മുഖേന നികത്തേണ്ടതാണെന്നും 27-1-2017 തീയതിയിലെ സ.ക.നമ്പർ റൂൾസ് 2-10-2017 ഉ.ഭ.പ.വ. ഉത്തരവ് മുഖേന വ്യക്തമാക്കിയിരുന്നു.

(ബി) അപ്രകാരം വ്യവസ്ഥയുണ്ടെങ്കിൽ അത് പാലിക്കപ്പെടുന്നുണ്ടോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരിക്കുമോ?

പാലിക്കപ്പെടുന്നുണ്ട്.

**എസ്.റ്റി.എസ്.ബി. അക്കൗണ്ടുകൾ**

117 (1847) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്. റ്റി.എസ്.ബി.) അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുക എത്രയാണ്; ഇതിൽ എത്ര തുക തിരിച്ചെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ചെലവാകാത്ത സർക്കാർ ഫണ്ടുകളും ഗ്രാന്റുകളും എന്ന ഇനത്തിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.റ്റി.എസ്.ബി.) അക്കൗണ്ടുകളിലേക്ക് ഫണ്ട് ട്രാൻസ്ഫർ നടത്തിയിട്ടില്ല. 2017-18 മുതൽ എസ്.റ്റി.എസ്.ബി. അക്കൗണ്ടിൽനിന്നും സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് സാമ്പത്തികവർഷാവസാനം മാറ്റിയ തുകകൾ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക |
|---|---|
| 2016-17 | ഇല്ല |
| 2017-18 | 30,28,19,67,335 |
| 2018-19 | 12,25,56,74,954 |
| 2019-20 | 23,59,02,15,199 |
| 2020-21 | 26,75,39,93,290 |

(ബി) മേല്പറഞ്ഞ തുകകൾ മുഴുവനായും മുമ്പ് ട്രാൻസ്ഫർ ചെയ്ത അക്കൗണ്ടുകളിൽ തിരിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

2017-18, 2018-19 വർഷങ്ങളിൽ അപേക്ഷ ലഭിക്കുന്നമുറയ്ക്കും 2019-20, 2020-2021 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെതന്നെ മുഴുവൻ തുകയും തിരികെ അതത് അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**എസ്.ടി.എസ്.ബി. അക്കൗണ്ടിലെ നിക്ഷപത്തുക**

118 (1848) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് എസ്.ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ച തുക പിന്നീട് തിരിച്ചെടുത്ത വിഷയം പബ്ലിക് എക്സ്പൻഡിച്ചർ റിവ്യൂ കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ കെ.പി.ഇ.ആർ.സി.-യുടെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. 2017-18-ലെ Finance Accounts-ൽ ഫണ്ടുകൾ തിരിച്ചെടുക്കൽ സംബന്ധിച്ച് C&AG നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ 4-ാം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം നഷ്ടമാകുന്നത് ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തികവർഷാവസാനം സഞ്ചിതനിധിയിലെ ചെലവഴിക്കാത്ത തുക എസ്.ടി.എസ്.ബി. അക്കൗണ്ടുകളിലേയ്ക്ക് മാറ്റി ക്രെഡിറ്റ് ചെയ്യുന്നത് വർഷങ്ങളായി തുടർന്നുവന്നിരുന്നെന്ന് നാലാം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അതിന്റെ നാലാം റിപ്പോർട്ടിൽ നിരീക്ഷിക്കുകയുണ്ടായി. ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് വിമർശനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടിയാണ് ആയത് എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതെന്നും ഇത് ധനനിയന്ത്രണത്തെയും ധനആസൂത്രണത്തെയും സാരമായി ബാധിക്കുമെന്നും

ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വരുംവർഷങ്ങളിൽ ബഡ്ജറ്റ് തുകയോടൊപ്പം എസ്.ടി.എസ്.ബി അക്കൗണ്ടിലെ ബാക്കി തുകയും വകുപ്പുകൾക്ക് ചെലവാക്കാൻ സാധിക്കുമെന്ന് കമ്മിറ്റി വിലയിരുത്തി. ഇതുമൂലം വകുപ്പുകളുടെ ചെലവുകളുടെ സുതാര്യത നഷ്ടമാകുന്നുവെന്നും അവ ഉചിതമായ പരിശോധനയ്ക്ക് വിധേയമാകുന്നില്ലെന്നും ഇത് ബഡ്ജറ്റിന്റെ സുതാര്യത നഷ്ടമാക്കുമെന്നും ആയത് അപ്രതീക്ഷിതമായ സമ്മർദ്ദം സർക്കാരിന്റെ സഞ്ചിതനിധിയിൽ സൃഷ്ടിച്ചിരുന്നെന്നും ആയതിനാൽ എസ്.ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക സർക്കാർ പിൻവലിക്കുന്ന രീതിയെ കമ്മിറ്റി സ്വാഗതം ചെയ്യുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

**ട്രഷറികളുടെ ആധുനികവത്ക്കരണം**

119(1849) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ്‌വർക്ക് കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ - ൽ നിന്നും Rail.Tel.-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം

ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ്.- സംയോജിത ധനകാര്യ മാനേജ്മെ ന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS- ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS- ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BiMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആൻഡ് മീൻസിന് WAMS, ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിങ്, ട്രഷറി അക്കൗണ്ടുടമകൾക്ക് " Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് " Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ

ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധനഇടപാടുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലെയും മാസ ശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മെയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്.

(ബി) ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യമേർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**ട്രഷറി സേവിംഗ്സ് അക്കൗണ്ട് സംവിധാനം**

120 (1850) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ബാങ്കുകളുമായി സഹകരിച്ച് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് അക്കൗണ്ടിലെ തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതും സേവിംഗ്സ് ബാങ്ക് ചെക്ക് ട്രഷറിയിൽ സമർപ്പിച്ചാൽ RTGS/NEFT മുഖേന തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ബാങ്ക് അക്കൗണ്ടിലെ തുക ഇ-ട്രഷറി പോർട്ടൽ മുഖേന അക്കൗണ്ട് ഉടമയ്ക്ക് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്. ട്രഷറിയിൽ സമർപ്പിക്കുന്ന ബാങ്ക് ചെക്ക് കളക്ഷൻ നടത്തി തുക അക്കൗണ്ട് ഉടമയുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകാനും കഴിയുന്നതാണ്.

(ബി) ട്രഷറി കോർ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

tsbonline.kerala.gov.in എന്ന ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ഉടമകൾക്ക് ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽനിന്നും തുക ഓൺലൈനായി ബാങ്ക് അക്കൗണ്ടിലേയ്ക്കോ, മറ്റ് ട്രഷറി അക്കൗണ്ടിലേയ്ക്കോ, മാറ്റാവുന്നതും

സേവിംഗ്സ് ബാങ്ക് ചെക്ക് ട്രഷറിയിൽ സമർപ്പിച്ചാൽ RTGS/NEFT മുഖേന തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകാനും കഴിയുന്നതാണ്. Internet banking, Debit Card/Credit Card, UPI, e-pos എന്നിങ്ങനെ ആധുനികമായ പണമിടപാട് സംവിധാനങ്ങൾ വഴി സർക്കാരിലേയ്ക്ക് സേവന നികുതി, മറ്റ് നികുതികൾ എന്നിവ ഒടുക്കാൻ ഇ-ട്രഷറി പോർട്ടൽ മുഖേന കഴിയുന്നതാണ്. മറ്റ് വകുപ്പുകളുടെ ആപ്ലിക്കേഷനുകളുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം, സർക്കാർ നൽകുന്ന സേവനങ്ങൾക്കുമുള്ള ഫീസ് ഒടുക്കൽ എന്നിവ കോർ ബാങ്കിംഗ് സംവിധാനം മെച്ചപ്പെടുത്താനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

(സി) ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴിയാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ജീവനക്കാരുടെ ശമ്പളം ട്രഷറി അക്കൗണ്ട് വഴിയാക്കുന്നതിനായി ജീവനക്കാർക്ക് മാത്രമായി എംപ്ലോയീസ് ട്രഷറി സേവിംഗ്സ് ബാങ്ക് (ETSB) അക്കൗണ്ട് എന്ന ഒരു പ്രത്യേക കാറ്റഗറി അക്കൗണ്ട് ആരംഭിക്കുകയുണ്ടായി. സ്പാർക്കിൽനിന്നും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചാണ് ടി അക്കൗണ്ട് ആരംഭിച്ചത്. ഇ.ടി.എസ്.ബി. അക്കൗണ്ടുകൾക്ക് ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ സൗകര്യം നൽകുകയുണ്ടായി. KYC ലഭ്യമാക്കിയതിനുശേഷം ഇ.ടി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ചെക്ക് ബുക്ക് നൽകുകയുണ്ടായി. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുകയും ജീവനക്കാരൻ മുൻകൂട്ടി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ടി അക്കൗണ്ടിലെ തുക മുഴുവനായിട്ടോ ഭാഗികമായിട്ടോ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്. ഇ.ടി.എസ്.ബി. അക്കൗണ്ടിൽ തുക നിലനിർത്താൻ ജീവനക്കാരെ പ്രേരിപ്പിക്കുന്നതിനായി ആകർഷകമായ പലിശ നൽകി വരുന്നു. ഇത്തരം അക്കൗണ്ടിൽ ഓരോ മാസത്തിലെയും നാലാം തിയതി മുതൽ പതിനെട്ടാം തിയതി വരെയുള്ള കുറഞ്ഞ നീക്കിയിരുപ്പ് തുകയ്ക്ക് വാർഷിക പലിശ 6% എന്ന നിലയ്ക്ക് തൊട്ടടുത്ത മാസത്തെ ആദ്യ പ്രവർത്തി ദിവസംതന്നെ പലിശ അക്കൗണ്ടിൽ വരവുവച്ച് നൽകുന്നു.

### തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്

121 (1851) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗിനായി എന്തൊക്കെ മാറ്റങ്ങളാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത്?

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കണമെങ്കിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ഓഡിറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശം ലഭിക്കുകയുണ്ടായി. എന്നാൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2011 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് AIMS (Audit Information Management System) എന്ന സോഫ്റ്റ്‍വെയർ ഉപയോഗിക്കുന്നതിനാൽ ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ്‍വെയർ നടപ്പിലാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം 9-9-2020 തീയതിയിലെ F.No.M-11015/ 251/2021/FD നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ചു. ആയതനുസരിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കുന്ന Audited Report Data, AIMS Software-ൽ ലഭ്യമാക്കുകയും തുടർന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ഓഡിറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ Audited Report Data ലഭ്യമാകുന്ന തരത്തിൽ അതാത് Key performance indicators-ൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ നിബന്ധന പ്രകാരം 2019-20 സാമ്പത്തിക വർഷം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ഓഡിറ്റ് (ആദ്യം ഗ്രാമപഞ്ചായത്തുകളുടെ) എയിംസ് സോഫ്റ്റ്‍വെയർ മുഖേന നടത്തുന്നതിലേയ്ക്കായി വിവിധതരം ഓഡിറ്റ് ഹെഡുകൾ, അവയ്ക്ക് അനുബന്ധമായ മൈനർ ഹെഡുകൾ, സബ് ഹെഡുകൾ, ഡീറ്റയിൽഡ് സബ്-ഹെഡ്ഡുകൾ എന്നിവ എയിംസ് സോഫ്റ്റ്‍വെയറിൽ ക്രമീകരിച്ച് ഓഡിറ്റ് ആരംഭിക്കുകയും പൂർത്തിയാക്കിയിട്ടുള്ള Audited Report Data-കൾ ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ്‍വെയറിൽ Integration ചെയ്യുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടുമുണ്ട്. അതോടൊപ്പം IKM-ന്റെ സാംഖ്യ, സുലേഖ സോഫ്റ്റ്‍വെയറിൽ നിന്നും ലഭ്യമാകുന്ന grant wise AFS ഓഡിറ്റ് വേളയിൽ പഞ്ചായത്തുകളിൽ നിന്നുതന്നെ ലഭ്യമാക്കും വിധമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ 2019-20-ലെ Audited Report Data, AIMS-Audit Online ഇന്റഗ്രേഷനിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 14-7-2021-ലെ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ D.O.No.R-16012/1/2020-FD നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും 2020-21-ലെ ഓഡിറ്റ് റിപ്പോർട്ടുകൾ ഇപ്രകാരം തന്നെ ലഭ്യമാക്കേണ്ടതുണ്ട്. അതിലേയ്ക്കായി എയിംസ് സോഫ്റ്റ്‍വെയറിൽ ഓഡിറ്റ് ഹെഡ്ഡുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓഡിറ്റ് പരിഷ്കരണത്തിനും മാന്വൽ തയ്യാറാക്കുന്നതിനുമായി 2016-2021 കാലയളവിൽ ഉദ്യോഗസ്ഥരെയും വിദഗ്ധരെയും പങ്കെടുപ്പിച്ച് എത്ര വർക്ക്ഷോപ്പ്, ക്യാമ്പ്, അനുബന്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇവയ്ക്ക് ഓരോന്നിനും എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ട്?

(1) ഓഡിറ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് എയിംസ് സോഫ്റ്റ്‌വെയർ ഘട്ടം II-ന് വേണ്ടി 16-6-2015 തീയതിയിലെ സ.ഉ.(കൈ)നമ്പർ 229/2015/ധന ഉത്തരവ് പ്രകാരം 21 ലക്ഷം രൂപയും, ഘട്ടം II-ന് വേണ്ടി 4-2-2016-ലെ സ.ഉ.(കൈ)നമ്പർ 59/2016/ധന ഉത്തരവ് പ്രകാരം 29,64,000 രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഘട്ടങ്ങൾ പൂർത്തീകരിച്ച് ചെലവ് നടത്തിയിട്ടുണ്ട്.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഓഡിറ്റിന്റെ കാര്യക്ഷമത ഉയർത്തണമെന്ന നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശിപാർശ പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തുന്ന എല്ലാ മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട് ലോകബാങ്കിന്റെ സഹായത്തോടെ ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിന് 16-7-2014-ലെ 86307/എസ്റ്റാ.ഡി1./2013/ധന നമ്പർ കത്ത് പ്രകാരം സർക്കാർ പ്രൈസ് വാട്ടർ കൂപ്പേഴ്സിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് അനുമതി നൽകുകയുണ്ടായി. അതിൻപ്രകാരം ഓഡിറ്റ് മാന്വൽ തയ്യാറാക്കുകയും നടപടികൾ പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി ഉദ്യോഗസ്ഥരെയും വിദഗ്ധരെയും പങ്കെടുപ്പിച്ച് നടത്തിയ വർക്ക്ഷോപ്പുകൾ ക്യാമ്പുകൾ, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ 23 യോഗങ്ങൾ സംഘടിപ്പിക്കുകയും 1,15,406 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(സി) വകുപ്പിനായി വെബെക്സ് സോഫ്റ്റ് വെയർ നിർമ്മിച്ചതിന് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും ഈ സോഫ്റ്റ് വെയർ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കുമോ?

(1) വകുപ്പിൽ നടപ്പിലാക്കിയ IT Assisted Learning Tools and Platform Including VC Solutions (Webex) എന്ന പദ്ധതിക്ക് സർക്കാരിൽ നിന്നും 86,92,026 രൂപയുടെ ഭരണാനുമതി 29-1-2020-ലെ ഉത്തരവ് സ.ഉ.(സാധാ)നമ്പർ 844/2020/ധന, 14-10-2020-ലെ സ.ഉ.(സാധാ) നമ്പർ 5887/2020/ ധന എന്നീ ഉത്തരവുകൾ പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10,35,421 രൂപയുടെ അധിക ഭരണാനുമതിയും 5-3-2021-ലെ സ.ഉ.(സാധാ)നമ്പർ 2065/2021/ധന പ്രകാരം വകുപ്പിന് ലഭ്യമായിട്ടുണ്ട്. (ആകെ തുക 97,27,447 രൂപ)

(2) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ പരിശീലന കേന്ദ്രത്തിലും ഡയറക്ടറേറ്റിലും മറ്റ് സബ് ഓഫീസുകളിലും ലഭ്യമാക്കി സ്ഥാപിച്ച യന്ത്രങ്ങളുടെ Technical Evaluation, IT Mission technical Experts-ന്റെ സാക്ഷ്യപ്പെടുത്തൽ ലഭ്യമായശേഷം ആകെ 70,57,973 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണം നടത്തിയ മരാമത്ത് പണികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും Implementing Agency-യിൽ നിന്നും ഇൻവോയിസ് ലഭിക്കാത്ത സാഹചര്യത്തിൽ തുക ചെലവഴിച്ചിട്ടില്ല.

(3) വകുപ്പിന്റെ പരിശീലന കേന്ദ്രത്തിൽ 1-3-2021 മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ച ഓഡിറ്റർമാർക്ക് മേൽപ്പറഞ്ഞ പദ്ധതിയിലൂടെ അംഗീകരിച്ച മൊഡ്യൂൾ പ്രകാരം വെബെക്സ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഓൺലൈനായും ഓഫ്‌ലൈനായും പരിശീലനം നൽകി വരുന്നുണ്ട്. അതോടൊപ്പം പരിശീലന ക്ലാസ്സുകളുടെ വെബെക്സ് റിക്കാർഡിംഗ് പൂർണ്ണമായും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടത്തുകയും അതോടൊപ്പം പരിശീലനാർത്ഥികളുടെ ഇവാലുവേഷനും മോണിറ്ററിംഗും ഡയറക്ടറേറ്റിൽ നടത്തിവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളും, ബോർഡുകളും മേൽപ്പറഞ്ഞ വെബെക്സ് സാങ്കേതിക വിദ്യ മുഖേനയാണ് നിലവിൽ നടത്തി വരുന്നത്. ഇവയുടെയെല്ലാം റിക്കാർഡിംഗുകൾ ശേഖരിച്ച് സൂക്ഷിക്കുന്നുണ്ട്. Intosai P 12 (Principle 12) അടിസ്ഥാനമാക്കി സംസ്ഥാനത്തെ വിവിധ സബ് ഓഡിറ്റ് ഓഫീസ് മേധാവികളുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുടെ ടീം രൂപീകരിച്ച് Realtime യോഗങ്ങളും മെസ്സേജിംഗും നടത്തുന്നതിനും വെബെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ചുവരുന്നു. യോഗ വിവരങ്ങൾ Cloud based digital storage facility-കളിൽ സൂക്ഷിക്കുന്നതിനും വെബെക്സ് ഉപയോഗിക്കുന്നുണ്ട്.

(ഡി) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗിനുള്ള മനുഷ്യദിനം കുറയ്ക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എപ്രകാരം ക്രമീകരിക്കാനാണ് ആവശ്യപ്പെട്ടത്; പ്രസ്തുത ഉത്തരവ് ലഭ്യമാണോ?

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗിനുള്ള മനുഷ്യദിനം കുറയ്ക്കുന്നതിന് വകുപ്പിന് നിർദ്ദേശമോ ഉത്തരവോ നൽകിയിട്ടില്ല.

(ഇ) വകുപ്പിൽ ഓഡിറ്റ് ബോർഡ് രൂപീകരിച്ചത് സർക്കാർ അനുമതിയോടെയാണോ; ആണെങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാണോ?

കാര്യക്ഷമവും ഫലപ്രദവുമായ ഓഡിറ്റ് നിർവ്വഹണം സാധ്യമാക്കുന്നതിലേയ്ക്കായി സർക്കാരും കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷനുകളും

കാലാകാലങ്ങളിൽ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓഡിറ്റ് നടപടിക്രമങ്ങൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേയ്ക്കായി 2021 മാർച്ച് 8, 9, 10 തീയതികളിൽ നടന്ന കാര്യാലയ മേധാവികളുടെ യോഗത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 18-ലെ വ്യവസ്ഥകൾക്ക് വിധേയമായി, ഡയറക്ടറും വകുപ്പിലെ എല്ലാ ജോയിന്റ് ഡയറക്ടർമാരും ലോ-ഓഫീസറും ഉൾപ്പെടുന്ന ഒരു ഓഡിറ്റ് ബോർഡ്, ഡയറക്ടറുടെ 9-4-2021, 30-4-2021-ലെ DKSA/866/Estt.1/2021 ഉത്തരവുകളിലൂടെ രൂപീകരിക്കുകയും, 29-6-2021 തീയതിയിലെ DKSA/857/SS3/2021 കത്തിലൂടെ സർക്കാരിന്റെ അംഗീകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

(എഫ്) ഓഡിറ്റ് വകുപ്പിനെ കമ്മീഷനാക്കുവാനായി സർക്കാർ വകുപ്പിനോട് ശിപാർശ ആരാഞ്ഞിരുന്നോ;

&

(ജി) ഓഡിറ്റ് കമ്മീഷന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച് ഡയറക്ടറോട് അഭിപ്രായം എഴുതി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഡയറക്ടർ അപ്രകാരം എഴുതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓഡിറ്റ് കമ്മീഷൻ രൂപീകരണം പ്രഖ്യാപിച്ചത് പ്രകാരം 23-5-2017 -ലെ എസ്റ്റാ.ഡി1/57/2017/ധന നമ്പർ കത്തിലൂടെ ഓഡിറ്റ് കമ്മീഷൻ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വകുപ്പിനോട് സർക്കാർ ആവശ്യപ്പെടുകയും അതനുസരിച്ച് 17/01/2018-ലെ K.S.A.6381/SS1/2017-നമ്പർ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർ പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*) എന്നാൽ 2021-22-ലെ ആദ്യം അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ 326-ാം ഖണ്ഡികയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ഓഡിറ്റ് കമ്മീഷനായി പുനഃസംഘടിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആറാം ധനകാര്യ കമ്മീഷന്റെ കത്ത് നമ്പർ SSFC-C1/6(3A)2001/FIN തീയതി:23/04/2021 പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ കൺവീനറായും ഓഡിറ്റ് കമ്മീഷൻ-വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ

122 (1852) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ വിവിധ ഓഫീസുകളിലായി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത എത്ര ഒഴിവുകളുണ്ട്; റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം ഓഫീസുകളിലാണ് നിലവിലുള്ളതെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള 169 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ 31-12-2021 വരെ പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്; ഏതെല്ലാം തീയതികളിൽ എത്ര ഒഴിവുകൾ വീതം ഏതെല്ലാം ഓഫീസുകളിൽ നിലവിൽ വരും; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ.-യിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നതും ഒഴിവുകൾ കണക്കാക്കുന്നതും ആറ് മാസത്തിലൊരിക്കൽ നടത്തുന്ന ബിസിനസ്സ് പുനരവലോകനങ്ങൾ ആധാരമാക്കിയാണ്. എല്ലാ വർഷവും മാർച്ച്, സെപ്തംബർ മാസങ്ങളിലാണ് ബിസിനസ്സ് പുനരവലോകനങ്ങൾ നടത്തുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും മാർച്ച് 2021 വരെയുള്ള ബിസിനസ്സ് പുനരവലോകനങ്ങൾ കമ്പനി പൂർത്തിയാക്കിയിട്ടുണ്ട്. മാർച്ച് 2021 പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടെ വിവിധ എൻട്രി കേഡർ തസ്തികകളിൽ കണക്കാക്കപ്പെട്ട ഒഴിവുകൾ 29-6-2021-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടുത്ത ബിസിനസ്സ് പുനരവലോകനം സെപ്തംബർ 2021 ആധാരമാക്കി നടത്തുന്നതും ഒഴിവുകൾ കണ്ടെത്തുന്നപക്ഷം ആയത് ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്. ഒരു സാമ്പത്തിക സ്ഥാപനമായ കെ.എസ്.എഫ്.ഇ.-യിൽ ഒഴിവുകൾ മുൻകൂട്ടി നിശ്ചയിക്കാൻ നിർവ്വാഹമില്ല. ബിസിനസ്സിന്റെ വ്യാപ്തിയാണ് ആവശ്യമായ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നത്.

(സി) കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ലാപ്ടോപ്പ് വിതരണ പദ്ധതി

123 (1853) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കുന്നതിനായി കുടുംബശ്രീകൾ മുഖേന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചിട്ടുണ്ടോ?

കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി "കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.എഫ്.ഇ. നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ലാപ്ടോപ്പ് വിതരണത്തിനായി എംപാനൽ ചെയ്ത കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികളാണ് പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളത്.

(സി) ഈ പദ്ധതിയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര കുട്ടികൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

പദ്ധതിയിൽ ഇതുവരെ അപേക്ഷിച്ചിട്ടുള്ള 95,293 അപേക്ഷകരിൽ 68,498 അപേക്ഷകരാണ് ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ COCONICS കമ്പനിയുടെ 2,150 ലാപ്ടോപ്പുകളും ACER കമ്പനിയുടെ 3,049 ലാപ്പ്ടോപ്പുകളുമടക്കം മൊത്തം 5,199 ലാപ്ടോപ്പുകളാണ് കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

(ഡി) എല്ലാ അപേക്ഷകർക്കും ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോളതലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ലഭ്യതക്കുറവുമൂലം കമ്പനികൾക്ക് എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

### കെ.എസ് എഫ്.ഇ. പുതിയ ബ്രാഞ്ച് അനുവദിക്കൽ

124 (1854) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

സാധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

### പെരിയയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്

125 (1855) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. പുതുതായി എത്ര ബ്രാഞ്ചുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്?

കെ.എസ്.എഫ്.ഇ.-യുടെ 100 പുതിയ ബ്രാഞ്ചുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്.

(ബി) ഇവ തുടങ്ങാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അതിൽ 36 ബ്രാഞ്ചുകൾ നാളിതുവരെ തുടങ്ങാനായിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ സെൻട്രൽ യൂണിവേഴ്സിറ്റിയടക്കമുള്ള വിവിധ സ്ഥാപനങ്ങളുള്ള പെരിയയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

പെരിയയിൽ ബ്രാഞ്ച് തുടങ്ങാൻ ഉദ്ദേശിച്ചിരുന്നു.

(ഡി) ഈ ബ്രാഞ്ച് ഇതുവരെ തുടങ്ങിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എങ്കിൽ ഈ ബ്രാഞ്ച് എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ?

തൊട്ടടുത്തുള്ള ബ്രാഞ്ചുകളായ ഉദുമ, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് ബ്രാഞ്ചുകളുടെ ബിസിനസ്സിനെ ബാധിക്കും എന്നതുകൊണ്ട് പെരിയയയിൽ ബ്രാഞ്ച് തുടങ്ങുന്നത് ഇപ്പോൾ അനുയോജ്യമല്ല എന്ന് അസ്സിസ്റ്റന്റ് ജനറൽ മാനേജർ (കണ്ണൂർ) റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പെരിയ ബ്രാഞ്ച് ആരംഭിക്കുന്നത് തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിച്ച് അനുയോജ്യമായ പരിസ്ഥിതി സംജാതമാകുന്ന സാഹചര്യത്തിൽ ഈ ബ്രാഞ്ച് തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുന്നതാണ്.

**പെൻഷൻകാർക്കുള്ള മെഡിസെപ് പദ്ധതി**

126 (1856) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) കേരളത്തിലെ സർവ്വീസ് പെൻഷൻകാർക്കുള്ള മെഡിസെപ് പദ്ധതി നടപ്പിലാക്കാൻ 2015-ൽ പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായത്. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ ആരോഗ്യരംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ (technical bids) Technical

Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെൻഡർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021)ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള കോടതി വ്യവഹാരങ്ങളിൽപ്പെട്ടതിനാലാണ് പദ്ധതി നാളിതുവരെ നടപ്പിലാക്കാൻ കഴിയാതെ പോയത്.

(ബി) സർവ്വീസ് പെൻഷൻകാരിൽ അധികവും നിരവധി വാർദ്ധക്യ സഹജമായ അസുഖങ്ങളുമായി ബുദ്ധിമുട്ടനുഭവിക്കുന്നവരായതിനാൽ ആയത് കണക്കിലെടുത്ത് മറ്റെന്തെങ്കിലും ചികിത്സ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർവ്വീസ് പെൻഷൻകാർക്ക് മറ്റേതെങ്കിലും ചികിത്സാ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മെഡിസെപ് പദ്ധതി

127 (1857) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാനിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടെയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്തിരുന്നു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളു എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിലും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നിയമ നടപടി ത്വരിതപ്പെടുത്തി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഹെൽത്ത് ഇൻഷ്വറൻസ് കമ്പനിയായ RGICL (Reliance General Insurance Company Ltd.) സർക്കാറിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

128 (1858) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലുള്ള പുരോഗതികൾ വിശദമാക്കാമോ?

ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടെയും സാങ്കേതിക ബിഡ്ഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021)ഫയൽ ചെയ്തിരുന്നു. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ

(WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിലും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നിയമ നടപടി ത്വരിതപ്പെടുത്തി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**മെഡിസെപ് പദ്ധതി**

129 (1859) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal(RFP) 22-1-2021-ൽ പ്രസിദ്ധീകരിച്ച് റീ ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത

ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic) രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

1. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

2. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരമായിരിക്കും:

(i) അടിസ്ഥാന പരിരക്ഷ-പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി പീരിയഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പീരിയഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) ഈ പദ്ധതിക്കായി തെരഞ്ഞെടുത്ത ആശുപത്രികളുടെ വിശദാംശം നൽകുമോ?

മെഡിസെപ് പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുക്കുന്ന മുറയ്ക്ക് മാത്രമേ ആശുപത്രികളുടെ എംപാനൽമെന്റ് സാദ്ധ്യമാകുകയുള്ളൂ.

(സി) ഗുണഭോക്താക്കൾക്കായി പ്രത്യേക തിരിച്ചറിയൽ കാർഡ് സംവിധാനമുണ്ടോ?

പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതാണ്.

(ഡി) ഗുണഭോക്താക്കൾക്ക് ആശുപത്രികളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic) രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻ കീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻപ്രകാരമായിരിക്കും:

(i) അടിസ്ഥാന പരിരക്ഷ-പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ, കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി പീരിയഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക്ക് പീരിയഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

130 (1860) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പേറേഷൻ മുഖേന നൽകിവരുന്ന വായ്പകളുടെ തിരിച്ചടവിന് ഈ കോവിഡ് കാലത്ത് ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കെ.എഫ്.സി. മുഖേന നൽകിയ വായ്പകളുടെ തിരിച്ചടവിന് റിസർവ് ബാങ്ക് അംഗീകരിച്ച വായ്പ പുനഃക്രമീകരണ പാക്കേജ് പ്രകാരം ഈ കോവിഡ് കാലത്ത് ഇളവുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം മുഖേന നൽകിവരുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിനുവേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. നിഷ്ക്രിയ ആസ്തിയിലുള്ള വായ്പകൾക്ക് നീക്കിയിരിപ്പിന്റെ (Balance Outstandiing) 10% അല്ലെങ്കിൽ മുതൽ തുകയുടെ 25% (ഏതാണോ കുറവ്) അടയ്ക്കുന്ന മുറയ്ക്ക് കെ.എഫ്.സി.യിൽ നിന്നും ഒറ്റത്തവണ പദ്ധതി പ്രകാരം തീർപ്പാക്കുവാനുള്ള സൗകര്യം നിലവിലുണ്ട്.

**കെ. എഫ്. സി.-യിൽ നിന്ന് വായ്പയെടുത്ത വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം**

131 (1861) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത എത്ര വ്യവസായ യൂണിറ്റുകൾ കോവിഡ് പ്രതിസന്ധിമൂലം പ്രവർത്തന രഹിതമായിയെന്ന് വ്യക്തമാക്കാമോ?

കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത നിരവധി വ്യവസായ യൂണിറ്റുകൾക്ക് കോവിഡ് പ്രതിസന്ധിമൂലം താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇവയുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനായി കോവിഡ് പദ്ധതി പ്രകാരം കുറഞ്ഞ പലിശയ്ക്ക് വായ്പകൾ അനുവദിക്കുകയും, വായ്പകൾ തിരിച്ചടയ്ക്കുന്നതിന്

ആർ.ബി.ഐ. നിബന്ധനകൾക്ക് വിധേയമായി മൊറട്ടോറിയം നൽകുകയും തിരിച്ചടവ് പുനഃക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം യൂണിറ്റുകൾക്ക് ആറ് മാസത്തേയ്ക്ക് പലിശ പൂർണ്ണമായും ഇളവുചെയ്ത് വായ്പ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വായ്പകൾക്ക് ആർ.ബി.ഐ. നിബന്ധനകൾക്ക് വിധേയമായി മുതൽ തിരിച്ചടയ്ക്കാൻ മൊറട്ടോറിയം നൽകുകയും തിരിച്ചടവ് പുനഃക്രമീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**സ്റ്റാമ്പ് വെണ്ടർമാരുടെ നിയമനം**

132 (1862) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്; ഇവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

രണ്ട്; ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുനിസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി 1-ന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല.

(ബി) താലൂക്ക് ഓഫീസ് അടക്കമുള്ള നിരവധി സർക്കാർ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ സ്റ്റാമ്പ് വെണ്ടർമാരില്ലാത്തതിനാൽ ആവശ്യമായ സ്റ്റാമ്പും പത്രങ്ങളും വാങ്ങുന്നതിന് പൊതുജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ഗൗരവമായി കാണുമോ?

വെണ്ടർമാരുടെ കുറവ് കാരണം പ്രദേശത്തെ ജനങ്ങൾക്ക് സ്റ്റാമ്പ് പേപ്പറുകൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വർഷം തന്നെ മഞ്ചേശ്വരം താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ പുതിയ സ്റ്റാമ്പ് വെണ്ടർമാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

**വെണ്ടർ ലൈസൻസ് കൈമാറ്റം**

133 (1863) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് വെണ്ടർമാർക്ക് പ്രായാധിക്യം കാരണം ജോലിചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ വെണ്ടർ ലൈസൻസ് അവരുടെ അനന്തരാവകാശികൾക്ക് കൈമാറ്റം ചെയ്യുന്നതിന് നിയമം ഉണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇല്ല; ബാധകമല്ല.

(ബി) സ്റ്റാമ്പ് വെണ്ടർമാർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ വെണ്ടർ ലൈസൻസ് അവരുടെ അനന്തരാവകാശിക്ക് കൈമാറുന്നതിന് നിയമമുണ്ടോ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള മുദ്രപത്ര നിർമ്മാണവും വില്പനയും, 1960 ചട്ടം 35(22) അനുസരിച്ച് ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറുടെ മരണം സംഭവിക്കുന്നത് 65 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പാണെങ്കിൽ, മറ്റു നിയമാനുസൃത അനന്തരാവകാശികൾ യഥാവിധി അധികാരപ്പെടുത്തിയ ഒരു നിയമാനുസൃത അനന്തരാവകാശി ആരെങ്കിലും ഉള്ള പക്ഷം, അയാൾ വെണ്ടറായി നിയമിക്കപ്പെടുവാൻ മറ്റുവിധത്തിൽ യോഗ്യത ഉണ്ടായിരിക്കുകയും മരണത്തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ജില്ലാ ട്രഷറി ഓഫീസർ മുമ്പാകെ അപേക്ഷിക്കുകയും ചെയ്യുന്നവെങ്കിൽ ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടറായി നിയമിക്കാവുന്നതാണ്. എന്നാൽ, സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ ഇത്തരം സാഹചര്യങ്ങളിൽ നിലവിൽ സ്പെഷ്യൽ സ്റ്റാമ്പ് വെണ്ടർ ലൈസൻസാണ് നൽകിവരുന്നത്.

## കാലഹരണപ്പെട്ട നിയമങ്ങൾ

134 (1864) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാലഹരണപ്പെട്ട 102 ആക്റ്റുകൾ റദ്ദാക്കുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. 14-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതോടുകൂടി പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം (5)-ാം ഖണ്ഡപ്രകാരം ലാപ്സായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ ഉൾപ്പെടുന്ന 102 ആക്റ്റുകളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കാലഹരണപ്പെട്ട 15 ആക്റ്റുകളിൽ 3 എണ്ണം ഇതിനകം റദ്ദാക്കിയിട്ടുള്ളതിനാൽ ബാക്കിയുള്ള 12 ആക്റ്റുകളും ഉൾപ്പെടുത്തി കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ വകുപ്പ് സ്വീകരിച്ചുവരികയാണ്. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള ശിപാർശകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിലേയ്ക്കായി 9-3-2017-ലെ G.O.(MS) No.45/2017/ LAW നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ടി. തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) നിയമങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് നിയമ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

നിയമങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനായി നിയമ വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ആക്റ്റുകളുടെയും ഓർഡിനൻസുകളുടെയും വാർഷിക വാല്യങ്ങൾ പ്രസിദ്ധീകരിക്കുക, സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങളടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ് എന്ന പുസ്തകം പത്തു വർഷം കൂടുമ്പോൾ പ്രസിദ്ധീകരിക്കുക, അതത് വർഷം കേന്ദ്ര ഗവൺമെന്റ് നിയമങ്ങളുടെ പുനഃപ്രസിദ്ധീകരണം, കേരള കോഡ് തയ്യാറാക്കലും അവയുടെ കാലോചിതമായ പുതുക്കലും, സംസ്ഥാന നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കുക, കേന്ദ്ര നിയമങ്ങളുടെയും സംസ്ഥാന നിയമങ്ങളുടെയും ഫോൾഡർ വാല്യങ്ങളുടെ സൂക്ഷിപ്പും വിതരണവും എല്ലാ സംസ്ഥാന ആക്റ്റുകളുടെയും ഫോൾഡറുകൾ യഥാസമയം പുതുക്കലും സ്റ്റേറ്റ് ഗസറ്റ് കൈകാര്യം ചെയ്യലും നിയമാനുസൃതമായ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും വിജ്ഞാപനങ്ങളുടെയും സൂചിക തയ്യാറാക്കലും പ്രസിദ്ധീകരണവും.

(സി) ഇത്തരത്തിൽ ക്രോഡീകരിച്ച നിയമങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

നിയമനിർമ്മാണ വകുപ്പുകൾ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഈ വകുപ്പിൽനിന്നും ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ അതതു വർഷം ഗവണ്മെന്റ് പ്രസ്സിൽനിന്നും പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്തു വർഷം കൂടുമ്പോൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങളടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ്, കേരള കോഡ് എന്നീ പ്രസിദ്ധീകരണങ്ങളും, നിയമ നിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിശ്ചിത എണ്ണം ഗവൺമെന്റ് പ്രസ്സിൽ നിന്നും വിലനിശ്ചയിച്ച് ലഭ്യമാക്കാറുണ്ട്.

## നടപ്പിലാക്കാൻ കഴിയാത്ത നിയമങ്ങൾ

135 (1865) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനിർമ്മാണം നടന്നിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതിന്റെ പേരിൽ നടപ്പിലാക്കാൻ കഴിയാത്ത എത്ര നിയമങ്ങളുണ്ടെന്നും അത് ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

നിയമനിർമ്മാണം നടന്നിട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നത് അതാത് ഭരണ വകുപ്പുകളാണ്. ഭരണവകുപ്പ് തയ്യാറാക്കുന്ന കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന നിയമവകുപ്പാണ് നിർവ്വഹിക്കുന്നത്. നിയമവകുപ്പിൽ ഒരു നിയമമാണ് ചട്ടങ്ങൾ രൂപീകരിക്കാതെയുള്ളത്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതുമായി ബന്ധപ്പെട്ട 2016 - ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്ട്, (2016-ലെ 21-ാം ആക്ട്) നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയമങ്ങൾ നടപ്പിലാക്കാൻ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണ വകുപ്പുകളാണ്. നിയമ (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) വകുപ്പിൽ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതുമായി ബന്ധപ്പെട്ട 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിൻകീഴിൽ (2016-ലെ 21-ാം ആക്റ്റ്) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മരംമുറി ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച നിയമോപദേശം

136 (1866) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ വിവാദമായ മരംമുറി ഉത്തരവ് റദ്ദാക്കുന്നത് സംബന്ധിച്ച് നിയമവകുപ്പിന്റെ ഉപദേശം റവന്യൂ വകുപ്പ് തേടിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

തേടിയിട്ടുണ്ട്. 11-3-2020-ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച യു.03/187/2019/റവന്യൂ നമ്പർ പരിപത്രം റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c)No.13678/2020 കേസിലെ 8-7-2020-ലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത പരിപത്രം രണ്ടാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് 24-10-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച സ.ഉ.(കൈ)നമ്പർ 261/2020/റവന്യൂ നമ്പർ ഉത്തരവ് റദ്ദാക്കുന്നതിലേയ്ക്ക് റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഒരു കരട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സം ഉണ്ടോയെന്നത് സംബന്ധിച്ച നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ലെന്നും അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നുമുള്ള അഭിപ്രായം അറിയിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ കരട് ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും നിയമവകുപ്പ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ടും 1964-ലെ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ടുവരണമെന്ന് ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള ഫയൽ റവന്യൂ വകുപ്പിൽനിന്നും നിയമവകുപ്പിന് ലഭിച്ചത് എന്നാണെന്നും പ്രസ്തുത ഫയൽ പരിശോധനയ്ക്കുശേഷം തിരികെ റവന്യൂ വകുപ്പിന് നൽകിയത് എന്നാണെന്നതിന്റെയും വിശദാംശം നൽകുമോ?

24-10-2020-ലെ സ.ഉ.(കൈ)നമ്പർ 261/2020/റവ നമ്പർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതുക്കിയ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതുസംബന്ധിച്ച അഭിപ്രായത്തിനായി പ്രസ്തുത ഫയൽ 3-12-2020-ന് നിയമവകുപ്പിന് നൽകുകയും ആയതിൻമേൽ നടപടി സ്വീകരിച്ചശേഷം നിയമ വകുപ്പ് സെക്രട്ടറിയിൽനിന്നും 20-1-2021-ന് റവന്യൂ വകുപ്പിന് നിയമോപദേശം നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന് തിരികെ നൽകാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന് തിരികെ നൽകാൻ അകാരണമായ കാലതാമസം ഉണ്ടായിട്ടില്ല.

**കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും ലഭിച്ച പദ്ധതികൾ**

137 (1867) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും 2015-16 മുതൽ 2020-21 വരെ ഓരോ വർഷവും ഗ്രാന്റായി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഓരോ വർഷവും കോർപ്പറേഷന് എത്ര തുകയുടെ പദ്ധതികൾ അനുവദിച്ചുവെന്നും പ്രസ്തുത പദ്ധതികൾ അനുവദിച്ചുകൊണ്ടുള്ള അനുമതി ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

(1) 2015-16 മുതൽ Integrated Development and Promotion of Handicrafts in Kerala (IDPH) എന്ന പദ്ധതി പ്രകാരം 9.09 കോടി രൂപ.

(2) 2016-17 - തുക ഒന്നും ലഭ്യമായിട്ടില്ല.

(3) 2017-18 - തുക ഒന്നും ലഭ്യമായിട്ടില്ല.

(4) 2018-19 - തുക ഒന്നും ലഭ്യമായിട്ടില്ല.

(5) 2019-20-ഡിസൈൻ വർക്ക് ഷോപ്പുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുന്നതിലേയ്ക്കായി 62,42,230 രൂപ

(6) 2020-21- തുക ഒന്നും ലഭ്യമായിട്ടില്ല. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത കാലയളവിൽ കേരള കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും ഓരോ വർഷവും എത്ര തുകയുടെ പദ്ധതികൾ അനുവദിച്ചുവെന്നും, എത്ര തുക കോർപ്പറേഷന് ലഭിച്ചുവെന്നും എത്ര തുക ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഐ. ഡി. പി. എച്ച്. എന്ന പ്രത്യേക കേന്ദ്ര പദ്ധതിപ്രകാരം 2015-16 ൽ കേരള കരകൗശല വികസന കോർപ്പറേഷന് ഗ്രാന്റായി കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും അനുവദിച്ച 29.20 കോടി രൂപയുടെ (25.15 +4.055) പദ്ധതിയിൽ നിന്നും എത്ര കോടി രൂപയുടെ പദ്ധതികൾ ഓരോ വർഷവും കോർപ്പറേഷൻ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

| വർഷം | ലഭിച്ച തുക | ചെലവാക്കിയ തുക |
|---|---|---|
| 2015-16 | 9.09 കോടി | - |
| 2016-17 | തുക ഒന്നും ലഭ്യമായിട്ടില്ല | 86,79,444 |
| 2017-18 | തുക ഒന്നും ലഭ്യമായിട്ടില്ല | 1,81,97,796 |
| 2018-19 | തുക ഒന്നും ലഭ്യമായിട്ടില്ല | 3,29,91,930 |
| 2019-20 | 62,42,230 രൂപ. | 2,17,07,191 |
| 2020-21 | തുക ഒന്നും ലഭ്യമായിട്ടില്ല. | 41,79,043 |

(ഡി) ആദ്യ ഗഡുവായി അനുവദിച്ച 9.09 കോടി രൂപയുടെ കേന്ദ്ര പദ്ധതി നടപ്പിലാക്കി ധന വിനിയോഗ സർട്ടിഫിക്കറ്റ് സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം തുടർന്ന് ലഭ്യമാകേണ്ടിയിരുന്ന 20.11 കോടി രൂപയുടെ ഗ്രാന്റ് നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 20.11 കോടി രൂപയുടെ ഗ്രാന്റ് നഷ്ടപ്പെടുന്നത് ഒഴിവാക്കാനായി കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

IDPH എന്ന കേന്ദ്ര പദ്ധതി പ്രകാരം കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര സർക്കാർ 25.15 കോടി രൂപയുടെ പദ്ധതിയിൽ നൽകിയ തുക 9.09 കോടി രൂപയാണ്. അനുവദിച്ച തുകയായ 9.09 കോടി രൂപയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കണമെന്നും അതനുസരിച്ച് പദ്ധതിയുടെ ഘടകങ്ങൾ പുനഃക്രമീകരിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് പദ്ധതി പുനഃക്രമീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ യാതൊരു തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന് നഷ്ടപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത കേന്ദ്ര പദ്ധതി തുടർന്ന് നടപ്പിലാക്കാനായി സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

IDPH എന്ന കേന്ദ്ര പദ്ധതി പ്രകാരം കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര സർക്കാർ 25.15 കോടി രൂപയുടെ പദ്ധതിയിൽ നൽകിയ തുക 9.09 കോടി രൂപയാണ്. അനുവദിച്ച തുകയായ 9.09 കോടി രൂപയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കണമെന്നും അതനുസരിച്ച് പദ്ധതിയുടെ ഘടകങ്ങൾ പുനഃക്രമീകരിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്

പദ്ധതി പുനഃക്രമീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ യാതൊരു തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന് നഷ്ടപ്പെട്ടിട്ടില്ല.

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം 10000 കരകൗശല തൊഴിലാളികൾക്ക് 10000 രൂപയുടെ പണിയായുധങ്ങൾ സൗജന്യമായി നൽകാമെന്നിരിക്കെ, 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എത്ര കരകൗശല തൊഴിലാളികൾക്ക് പണിയായുധങ്ങൾ സൗജന്യമായി നൽകിയെന്ന് വ്യക്തമാക്കുമോ?

| | |
|---|---|
| 2016-17 | -നൽകിയിട്ടില്ല |
| 2017-18 | - നൽകിയിട്ടില്ല |
| 2018-19 | - 557 തൊഴിലാളികൾക്ക് |
| 2019-20 | - 350 തൊഴിലാളികൾക്ക് |
| 2020-21 | - 35 തൊഴിലാളികൾക്ക്. |

(ജി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പൊതുസേവനകേന്ദ്രങ്ങൾ അനുവദിച്ചുവെന്നും, അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും ഏതെല്ലാം പൊതുസേവനകേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തുവെന്നും ഏതൊക്കെ പൊതുസേവനകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും ഓരോ പെതുസേവനകേന്ദ്രത്തിനും എത്ര തുക ചെലവഴിച്ചുവെന്നും, വ്യക്തമാക്കുമോ?

അഞ്ച് പൊതുസേവന കേന്ദ്രങ്ങൾ അനുവദിച്ചു. അതിൽ 2 എണ്ണം (കടവൂർ, കൊല്ലം – സ്ക്രൂപിക്ചർ ക്രാഫ്റ്റ്, കുഞ്ഞിമംഗലം, കണ്ണൂർ - ബെൽമെറ്റൽ ക്രാഫ്റ്റ്) പ്രവർത്തനം ആരംഭിച്ചു. ഒരെണ്ണം (ചേർപ്പ്, തൃശ്ശൂർ - വുഡ് ക്രാഫ്റ്റ്) പണി പൂർത്തിയാക്കിയിട്ടുണ്ട്. അനുവദിച്ചത്-5, ചെലവാക്കിയ തുക-62,47,635 കുഞ്ഞിമംഗലം, കണ്ണൂർ- ബെൽമെറ്റൽ കൊല്ലം, കടവൂർ, സ്ക്രൂപിക്ചർ പ്രവർത്തിക്കുന്നു, ചേർപ്പ്, തൃശ്ശൂർ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

**വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള പ്രത്യേക പാക്കേജ്**

138 (1868) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ച വരുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കായി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായ സഹകരണ സംഘങ്ങൾക്കായി നിലവിൽ പ്രത്യേക പാക്കേജുകൾ നടപ്പിലാക്കിവരുന്നില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര വ്യവസായ സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്; ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘങ്ങളുടെ എണ്ണം-368. ഇതിൽ 3 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു.

(സി) പ്രവർത്തനം നിലച്ചതോ അടച്ചുപൂട്ടേണ്ടി വന്നതോ ആയ വ്യവസായ സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സഹായമാവശ്യപ്പെട്ട് സഹകരണ സംഘങ്ങൾ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വകുപ്പിന് അപേക്ഷ നൽകിയ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം 1. കാർപ്പെന്ററി ആന്റ് ബ്ലാക്ക് സ്മിത്ത് വ്യവസായ സഹകരണ സംഘം ലി നമ്പർ എസ്.ഇൻഡ് ക്യൂ.604 കൊല്ലം 1. കൊല്ലം ജില്ല എഞ്ചിനീയറിംഗ് ടെക്നീഷ്യൻസ് ഇൻസ്ട്രിയൽ (വർക്ക് ഷോപ്പ്) സഹകരണ സംഘം ലി. നമ്പർ എസ്.ഇൻഡ് ക്യൂ.300 (ക്വിറ്റ്കോസ്) എറണാകുളം 1.ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് സഹകരണ സംഘം ലി. നമ്പർ എസ്. ഇൻഡ് (ഇ)101 (DAPCO) പാലക്കാട് 1.ചിറ്റൂർ മാറ്റ് വീവേഴ്സ് വ്യവസായ സഹകരണ സംഘം ലി നമ്പർ 315 മലപ്പുറം 1.നിലമ്പൂർ കരകൗശല കുടിൽ വ്യവസായ സഹകരണ സംഘം. ലി. നമ്പർ സി.ഇൻഡ് (ഡി )190 കാസർഗോഡ് 1.നീലേശ്വരം ബ്ലോക്ക് വനിത പെയിന്റ് നിർമ്മാണ വ്യവസായ സഹകരണ സംഘം ലി.നമ്പർ എസ്.ഇൻഡ് (എസ്)15 2.നീലേശ്വരം ജ്വല്ലറി ആന്റ് ഡൈ വർക്കേഴ്സ് സഹകരണ കോട്ടേജ് വ്യവസായ സംഘം സി.ഇൻഡ് (സി )41

**സിഡ്കോ ടൂൾ റൂം ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ**

139 (1869) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ ടൂൾ റൂം ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടൂൾ റൂം ജീവനക്കാരുടെ ഇൻക്രിമെന്റ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ടൂൾറൂം ജീവനക്കാരുടെ നാളിതുവരെ തടഞ്ഞുവച്ച വാർഷിക ഇൻക്രിമെന്റ് സിഡ്കോ അനുവദിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

(ബി) വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടൂൾ റൂം ജീവനക്കാർക്ക് നാളിതുവരെ തടഞ്ഞുവെച്ച വാർഷിക ഇൻക്രിമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സിഡ്കോ ടൂൾ റൂം ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ 6-11-2020-ന് മുൻ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടൂൾ റൂമിലെ അർഹരായ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിക്കുവാൻ തീരുമാനിച്ചിരുന്നു. ആയതിനുള്ള നടപടി സിഡ്കോയിൽ സ്വീകരിച്ചുവരുന്നു.

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

140 (1870) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട് എന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് നിലവിൽ 114 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇവയിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻവേണ്ടി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഉൽപ്പാദന സംവിധാനങ്ങളുടെ കാലാനുസൃതമായ നവീകരണം, വിപുലീകരണം, വിപണന സാധ്യത എന്നിവ കണക്കിലെടുത്ത് ഉല്പാദന രംഗത്ത് വൈവിധ്യവത്ക്കരണം നടപ്പിലാക്കുക, നിലവിലെ വിപണി വിപുലീകരിക്കുക എന്നീ കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. പ്രവർത്തന മൂലധനത്തിന് പ്രയാസം നേരിടുന്ന സ്ഥാപനങ്ങൾക്ക് അത്യാവശ്യ ധനസഹായവും സർക്കാർ നൽകുന്നുണ്ട്. ഇതു കൂടാതെ ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകമായി അവലോകനത്തിന് വിധേയമാക്കുന്നതിനാൽ പ്രവർത്തനം സംബന്ധിച്ച വിവിധ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ഇതിന്റെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വർദ്ധനവുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാരിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നയം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മോശമായി ബാധിച്ചിട്ടുണ്ടോ?

ഉണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും സ്വകാര്യവത്കരിക്കുന്ന നയം കേന്ദ്ര സർക്കാർ പിന്തുടരുമ്പോൾ വ്യവസായ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ബദൽ വികസന കർമ്മ പരിപാടികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിഡറ്റിന്റെ പാലക്കാട് യൂണിറ്റ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ), കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡും, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡ് (ഭെൽ)-മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്നിവ ഏറ്റെടുക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ഇ) കോവിഡ് പ്രതിസന്ധി കാരണം പ്രയാസത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ വ്യാപനം കാരണം രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗതാഗത സംവിധാനങ്ങൾ നിർത്തലാക്കിയതിനെത്തുടർന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഉൽപ്പാദന ശേഷിയിലുണ്ടായ കുറവ്, ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ നേരിട്ട പ്രയാസങ്ങൾ, ഉല്പന്നങ്ങൾക്കുണ്ടായ വിലയിടിവ് എന്നിവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട പ്രധാന പ്രതിസന്ധികൾ. സർക്കാർ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുന്ന

പ്രവർത്തന മൂലധന സഹായം കോവിഡ്മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി സ്ഥാപനങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിനായി 30 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുക അടിയന്തര സഹായം ആവശ്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുകയുണ്ടായി. എന്നാൽ പ്രതികൂല സാഹചര്യത്തിലും പ്രവർത്തനങ്ങൾ വിപുലീകരിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഭരണനടപടികളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

**ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിന്റെ പ്രവർത്തനം**

141 (1871) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി ആറാലുംമൂട് കേരളാ ആട്ടോമൊബൈൽസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന രീതിയിൽ ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ എന്നിവ ഇ.പി.എഫ്. അതോറിറ്റി സ്ഥിരമായി അറ്റാച്ച് ചെയ്ത് തുക വസൂലാക്കുന്ന നടപടിക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ ഏന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഇ.പി.എഫ്. കുടിശിക നിലനിൽക്കുന്നതിനാൽ കഴിഞ്ഞ 5 വർഷമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ബാങ്ക് /ട്രഷറി അക്കൗണ്ടുകൾ നിരവധി തവണ ഇ.പി.എഫ്. അതോറിറ്റിയുടെ അറ്റാച്ച്മെന്റിന് വിധേയമായിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 4 കോടി രൂപ ഇ.പി.എഫ്. ഇനത്തിലും 1 കോടി 72 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിലും കമ്പനി അടച്ചു കഴിഞ്ഞു. ഇ.പി.എഫ്. അതോറിറ്റിയുടെ അറ്റാച്ച്മെന്റ് നടപടികൾ ശാശ്വതമായി പരിഹരിക്കുന്നതിനായി നിലവിൽ കുടിശ്ശികയായിട്ടുള്ള 2017 മുതലുള്ള employee വിഹിതമായ ഒരു കോടി 12 ലക്ഷം രൂപയും employer വിഹിതമായ 1 കോടി 26 ലക്ഷം രൂപയും interest and damage ഇനത്തിലുള്ള 2.28 കോടി രൂപയും കൂടി ആകെ 4.66 കോടി രൂപ എത്രയും വേഗം അടച്ചുതീർക്കുവാനാണ് കമ്പനി പരിശ്രമിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ അതാത് സ്ഥാപനത്തിന്റെ പ്രവർത്തനലാഭത്തിൽ/ വരുമാനത്തിൽ നിന്നാണ് അടയ്ക്കേണ്ടത്. കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, ഇലക്ട്രിക് ഓട്ടോ നിർമ്മാണത്തിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും പ്രവർത്തന സഹായമായും കഴിഞ്ഞ 5 വർഷ കാലയളവിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഏകദേശം 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) കമ്പനിയിലെ നിയമനത്തിനെതിരെ ചില ട്രേഡ് യൂണിയനുകൾ നൽകിയ കേസ് (നമ്പർ WPC No.29015/20) കാരണവും ജീവനക്കാരുടെ കുറവ് കാരണവും കമ്പനിയുടെ പ്രവർത്തനം സുഗമമായി നടത്താൻ കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരം കാണാൻ കഴിയുമെന്ന് വിശദമാക്കാമോ?

WP(C)29015/2020-ന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ പുതിയ നിയമനങ്ങൾ നടത്തുവാനുള്ള നടപടി നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കനുസൃതമായി പുതിയ നിയമന നടപടികൾ തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ കേസുകൾ കാരണം കമ്പനിയുടെ പ്രവർത്തനം നടക്കാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു എന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ 2013 മുതൽ റിട്ടയർ ചെയ്ത 82 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിൽ ആകെ 2.9 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. ഗ്രാറ്റുവിറ്റി സമയബന്ധിതമായി നൽകാത്തതുമായി ബന്ധപ്പെട്ട് ലോകായുക്തയിൽ കേസ് നിലനിൽക്കുന്നുണ്ട്. മേൽപ്പറഞ്ഞ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ഉദ്ദേശിക്കുന്നത്. അതിനായി ഓരോ മാസവും കുറഞ്ഞത് 5 ജീവനക്കാരുടെ കുടിശ്ശിക തുക വീതം ഒടുക്കി കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഗ്രാറ്റുവിറ്റി ഇനത്തിലുള്ള ബാധ്യത തീർത്ത് ഈ വിഷയത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നത്.

(ഡി) കണ്ണൂരിൽ ആരംഭിക്കുന്ന കെ. എ. എൽ. ഫാക്ടറിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ ഒരു ഫാക്ടറി കണ്ണൂർ ജില്ലയിലെ പിണറായിയിൽ സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്. കണ്ണൂർ ജില്ലയിലെ പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ഒരേക്കർ സ്ഥലം ലീസിനെടുത്ത് ഫാക്ടറി സ്ഥാപിക്കുവാനാണ് കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സ്ഥലവാടക കുറയ്ക്കുന്നതിനായി പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അധികാരികളുമായി കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് ചർച്ചകൾ നടത്തിവരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇലക്ട്രിക് ആട്ടോകളുടെ ഡ്രൈവ് എവേയ് ചെയ്സിസ് വിപണനം

142 (1872) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) കേരള ആട്ടോമൊബൈൽസിൽ ഇലക്ട്രിക്ക് ആട്ടോകൾ ഡ്രൈവ് എവേയ് ചെയ്സിസായി വിപണനം നടത്താൻ തടസ്സങ്ങളുണ്ടോ; എത്രതരം ഡ്രൈവ് എവേയ് ചെയ്സ് മോഡലുകൾ വിൽപ്പന നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിർമ്മിക്കുന്ന ഇലക്ട്രിക് ആട്ടോകൾ ഡ്രൈവ് എവേയ് ചെയ്സിസായി വിപണനം നടത്താൻ തടസങ്ങളില്ല. മുൻപ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ചിരുന്ന ഡീസൽ ഓട്ടോകൾ ഡ്രൈവ് എവേയ് ചെയ്സിസ് മാത്രമായായിരുന്നു വിപണനം നടത്തിയിരുന്നത്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 9 തരത്തിലുള്ള വ്യത്യസ്ത ഡ്രൈവ് എവേയ് ചെയ്സ് മോഡലുകൾ വിൽപ്പന നടത്തുവാൻ സാധിക്കും. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള ആട്ടോമൊബൈൽസിൽ പുതിയതായി ആരംഭിക്കുന്ന ഏതൊക്കെ പദ്ധതികൾക്കാണ് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ പിണറായിയിൽ ആരംഭിക്കുന്ന കെ.എ.എൽ.-ന്റെ പുതിയ ഫാക്ടറി, ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മാണവുമായി ബന്ധപ്പെട്ട് ആരംഭിക്കുവാനിരിക്കുന്ന ലോഡ്സ്റ്റാർക്ക് കമ്പനിയുമായി ചേർന്നുള്ള Joint Venture Company, കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് ഡീസൽ ബസിനെ ഇലക്ട്രിക്ക് ആക്കി മാറ്റുവാനുള്ള പ്രോട്ടോ ടൈപ്പ് പ്രൊജക്റ്റ് എന്നീ പദ്ധതികൾക്കായുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്ന പ്രവർത്തികളാണ് നടന്നുവരുന്നത്. കൂടാതെ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന പുതിയ ഇലക്ട്രിക്ക് ഓട്ടോ മോഡലുകളായ ഇലക്ട്രിക്ക് കാർഗോ ഓട്ടോ, ഇലക്ട്രിക്ക് റിക്ഷ എന്നിവയ്ക്ക് ARAI സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) പുതിയ ഇലക്ട്രിക്ക് വാഹന വിപണനവുമായി ബന്ധപ്പെട്ട് ബാങ്കുകൾ വായ്പ നൽകാത്തതിനാൽ ഇതിന് ശാശ്വത പരിഹാരം കാണാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇലക്ട്രിക് വാഹനത്തിന്റെ വിപണനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രധാന പ്രശ്നമാണ് ബാങ്ക് വായ്പകളുടെ അഭാവം. ഇതിന്റെ പ്രധാന കാരണം ലോൺ എടുക്കുന്ന ഓട്ടോ ഡ്രൈവേഴ്സ് ലോൺ തിരിച്ചടവ് കൃത്യമായി നടത്താത്തതാണ്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന ഇ-ഓട്ടോയ്ക്ക് ബാങ്ക് ലോൺ സുഗമമായി ലഭ്യമാക്കുന്നതിനായി കമ്പനി വിവിധ ബാങ്കുകളുമായി ചർച്ചകൾ നടത്തിവരുന്നു. ആവശ്യമെങ്കിൽ സർക്കാർ തലത്തിലും ബാങ്ക് പ്രതിനിധികളുമായി ചർച്ചകൾ സംഘടിപ്പിച്ച് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാനാണ് ശ്രമിക്കുന്നത്.

**കെൽട്രോൺ യൂണിറ്റുകളുടെ വികസനം**

143 (1873) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൂടുതൽ സ്ഥല സൗകര്യങ്ങളുള്ള കെൽട്രോൺ യൂണിറ്റുകൾ നൂതന ഇലക്ട്രോണിക്സ്, മെഡിക്കൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കൂടുതൽ സ്ഥലസൗകര്യങ്ങളുള്ള കെൽട്രോണിന്റെ യൂണിറ്റുകളിൽ പുതിയ ഉൽപ്പാദന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണിന് പദ്ധതിയുള്ളതുമായ വികസന പദ്ധതികൾ അടങ്ങിയ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതുകൂടാതെ മെഡിക്കൽ ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള ആദ്യഘട്ട നടപടികൾ കെൽട്രോൺ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനായി കെൽട്രോണിന് തുക വകയിരുത്തിയിട്ടുമുണ്ട്.

(ബി) ഇത്തരത്തിൽ പുതിയ ഉൽപാദന കേന്ദ്രങ്ങളായി കെൽട്രോൺ യൂണിറ്റുകളെ വികസിപ്പിക്കുന്നതിനുതകുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ?

ഉണ്ട്. പുതിയ ഉൽപാദന കേന്ദ്രങ്ങളായി കെൽട്രോൺ യൂണിറ്റുകളെ വികസിപ്പിക്കുന്നതിനുതകുന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക വിദഗ്ധരടങ്ങുന്ന സമിതി മുൻപാകെ ആദ്യഘട്ടം അവതരണം കഴിഞ്ഞിട്ടുണ്ട്.

തുടർന്ന് അവലോകനത്തിനുശേഷം മാറ്റങ്ങൾ വരുത്തി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാർ രൂപീകരിക്കുന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരം പദ്ധതികളിന്മേൽ തുടർനടപടികൾ സ്വീകരിക്കുവാനുമാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പവർ ഇലക്ട്രോണിക്സ് ഡിവിഷൻ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 3 kVA, 5 kVA യു.പി.എസ്.-കൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കാനുള്ള പദ്ധതി.

2. സോളാർ പമ്പ് കൺട്രോളർ നിർമ്മാണപദ്ധതി.

3. യു പി എസുകൾ, വൈദ്യുത വാഹനങ്ങൾ എന്നിവയ്ക്കാവശ്യമായിട്ടുള്ള ലിഥിയം അയൺ ബാറ്ററി, ബാറ്ററി മാനേജ്മെന്റ് സിസ്റ്റം അസംബ്ലിങ് പദ്ധതി.

4. വിവിധ മെഡിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണ പദ്ധതി.

(സി) ധാരാളം സ്ഥലം ലഭ്യമായിട്ടുള്ള കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ നന്തി കെൽട്രോൺ യൂണിറ്റിന്റെ വികസനത്തിന് ഇത്തരത്തിൽ മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കെൽട്രോൺ യൂണിറ്റിന്റെ നവീകരണവും മേൽപ്പറഞ്ഞ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുന്നുണ്ട്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് വിനിയോഗം

144(1874) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടിന്റെ വിനിയോഗം കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ആരോഗ്യമേഖലയ്ക്കും മാരക രോഗങ്ങൾക്ക് അടിമപ്പെടുന്ന സാധാരണക്കാർക്കും പ്രത്യേക പരിഗണന ലഭിക്കുന്ന വിധത്തിൽ സി.എസ്.ആർ. ഫണ്ടിന്റെ വിനിയോഗം ക്രമീകരിക്കുമോയെന്ന് അറിയിക്കുമോ?

ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിന്റെ ഒരു വിഹിതം സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി വിനിയോഗിക്കണമെന്ന് കമ്പനി നിയമം അനുശാസിക്കുന്നുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡുകളാണ് ഇതിന്മേൽ തീരുമാനമെടുക്കുന്നത്. ഇതനുസരിച്ച് തുടർച്ചയായ മൂന്ന് വർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കിവെക്കണമെന്ന് 2013-ലെ കമ്പനി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ, വിറ്റുവരവ് 1000 കോടി രൂപയ്ക്ക് മുകളിലോ, അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ ഉള്ള കമ്പനികളാണ് ഇത്തരത്തിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗിക്കുന്നത്. മൂന്നോ അതിലധികമോ ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് തലത്തിലുള്ള കമ്മിറ്റിക്കാണ് സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള ചുമതല. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കാറുള്ളത്. കൂടാതെ പരിസ്ഥിതി സംരക്ഷണം, വിവിധ എൻ.ജി.ഒ.കളുമായി ചേർന്നുള്ള സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, കായിക വികസന പദ്ധതികൾ, പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കാറുണ്ട്. കമ്പനീസ് ആക്ടിലെ സി.എസ്.ആർ. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ആക്ടിൽ 22-1-2021-ലെ കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം മരുന്നുകൾ, വാക്സിൻ, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന കമ്പനികൾക്ക് അവരുടെ സി.എസ്.ആർ. ഫണ്ട് 2020-21 മുതൽ 2022-23 വരെ കോവിഡ്-19-മായി ബന്ധപ്പെട്ട മരുന്നുകളും വാക്സിനും മെഡിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കേരള ആട്ടോമൊബൈൽസിന് അടിസ്ഥാന സൗകര്യങ്ങൾ**

145 (1875) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോ മൊബൈൽസിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും എഞ്ചിനീയർ, മാനേജർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവവും കമ്പനിയെ തകർച്ചയിലേയ്ക്കു നയിക്കും എന്നതിനാൽ ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

40 വർഷത്തിന് മുകളിൽ പഴക്കമുള്ള കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് കമ്പനിയിൽ എഞ്ചിനീയർ, മാനേജർ, സൂപ്പർവൈസർ, വർക്കർ തുടങ്ങി എല്ലാ കാറ്റഗറിയിലും ജീവനക്കാരുടെ അഭാവം നിലനിൽക്കുന്നുണ്ട്. ഒരു

വർഷത്തിനകം ഒഴിവുവന്ന 19 തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയെങ്കിലും ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിക്കനുസൃതമായി നിയമന നടപടികൾ പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഇലക്ട്രിക്ക് ഓട്ടോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടും മറ്റും കഴിഞ്ഞ 5 വർഷത്തിനിടെ 34 കോടിയോളം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷത്തെ ബഡ്ജറ്റിലും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) റിസർച്ച് ആൻഡ് ഡെവലപ്മെന്റിനുവേണ്ടിയുള്ള ഇപ്പോഴത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കമ്പനിക്കാവശ്യമായ റിസർച്ച് & ഡെവലപ്മെന്റ് സൗകര്യങ്ങളും ടെസ്റ്റിംഗ് സൗകര്യങ്ങളും പുതിയ CMVR (Centre Motor vehicle Rule) മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ മാത്രമേ പുതിയ വാഹന മോഡലുകൾ പുറത്തിറക്കുവാനും നിലവിലുള്ള മോഡലുകളുടെ നവീകരണം നടത്തുവാനും സാധിക്കുകയുള്ളൂ. എന്നാൽ ഇതിന് വലിയ തോതിലുള്ള ധനലഭ്യത ആവശ്യമായി വരുമെന്നതിനാൽ കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളുമായി ചേർന്ന് Industry-Institution linkage programme എന്ന പദ്ധതിയിലൂടെ സ്ഥാപനത്തിലെ റിസർച്ച് & ഡെവലപ്പ്മെന്റ് സൗകര്യങ്ങളുടെ അപര്യാപ്തതയ്ക്ക് താല്ക്കാലിക പരിഹാരം കണ്ടെത്താൻ കമ്പനി ശ്രമിച്ചുവരികയാണ്.

(സി) റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ജീവനക്കാരുടെ വിവരങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; കുറവുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കഴിഞ്ഞ 10 വർഷമായി കമ്പനിയിലെ റിസർച്ച് & ഡെവലപ്മെന്റ് വിഭാഗത്തിൽ പ്രാപ്തരായ ജീവനക്കാർ ഇല്ല. ജീവനക്കാരുടെ അഭാവം നികത്തുന്നതിന് ആദ്യ നടപടിക്രമമായി ഒരു വർഷത്തിനകം ഒഴിവ് വന്ന തസ്തികകളിൽ നിയമനം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വന്നതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുവാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടം

146(1876) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 43 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

147 (1877) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2015-16-ൽ വ്യവസായ വകുപ്പിന് കീഴിൽ നഷ്ടത്തിലായിരുന്ന 8 പൊതുമേഖലാ സ്ഥാപനങ്ങളെ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ ഈ സർക്കാർ എന്തെങ്കിലും തുടർ നടപടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും അവലോകനം ചെയ്യുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈവിദ്ധ്യവത്ക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെയായിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ വിദഗ്ദ്ധരടങ്ങിയ കമ്മിറ്റി പരിശോധിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തതിനുശേഷമായിരിക്കും നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുക.

**കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ്**

148 (1878) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ആട്ടോ മൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ച ഇലക്ട്രിക്ക് ഓട്ടോ വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് നിർമ്മിച്ച ഇലക്ട്രിക് ഓട്ടോ വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം നിലവിലുണ്ട്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് ഓട്ടോ നിർമിച്ച് വിപണനം നടത്തുന്നതിനാവശ്യമായ ARAI സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ഓട്ടോയുടെ വിപണനത്തിനായി കേരളത്തിലുടനീളം 13 ഡീലർമാരെ നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിച്ച ഡീലർമാരെ ഏകോപിപ്പിച്ച് ഇ-ഓട്ടോയുടെ വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനത്തിന്റെ മാർക്കറ്റിംഗ് ഡിപ്പാർട്ടുമെന്റിലും സർവ്വീസ് ഡിപ്പാർട്ടുമെന്റിലും മതിയായ ജീവനക്കാർ ഇല്ലാത്തത് ഇ-ഓട്ടോയുടെ വിപണനത്തെ ബാധിക്കുന്നുണ്ട്. കൂടാതെ ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകളുടെ കുറവും ഇ-ഓട്ടോയുടെ വിപണനത്തെ ബാധിക്കുന്ന മറ്റൊരു ഘടകമാണ്. മൊത്തവിതരണക്കാരെ നിയമിച്ച് വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്പനി തലത്തിലും സ്വീകരിച്ചുവരുന്നു.

(ബി) മൂന്ന് വർഷമായി കെ. എ. എൽ. എല്ലാവിധ നടപടിക്രമങ്ങളിലൂടെ തുടങ്ങിവച്ച സംയുക്ത സംരംഭങ്ങളായ ഇലക്ട്രിക്കൽ ബസ് സ്വിറ്റ്സർലാൻഡ് കമ്പനിയുമായി (ഹെസ്സ്) ചേർന്നുള്ള ഇലക്ട്രിക് ബസ് നിർമ്മാണം, ജപ്പാൻ കമ്പനിയായ തോഷിബയുമായി ചേർന്നുള്ള ലിഥിയം ടൈറ്റാനിയം ബാറ്ററി

നിർമ്മാണം, ലോഡ്സ്മാർക്ക് ഇൻഡസ്ട്രീസുമായി ചേർന്നുള്ള ഇലക്ട്രിക് സ്കൂട്ടർ നിർമ്മാണം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

&

(സി) ഇതിനായി സർക്കാർ തലത്തിൽ ഏതൊക്കെ തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചതെന്നും നിർമ്മാണപ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

2019-20 സാമ്പത്തികവർഷം ഇ-ടെണ്ടർ നടപടികളിലൂടെ തുടങ്ങിവച്ച സ്വിറ്റ്സർലാന്റിലെ ഹെസ്സ് (HESS) കമ്പനിയുമായി ചേർന്നുള്ള ബസ് നിർമ്മാണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. സർക്കാരിന്റെ ഇലക്ട്രിക് വെഹിക്കിൾ നയത്തിന്റെ ഭാഗമായി ഇലക്ട്രിക് സ്കൂട്ടറിന്റെ വിപണനസാധ്യത പരിഗണിച്ചും കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന് ഇവ നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യ ഇല്ലാത്തതിനാലും ഒരു സംയുക്ത സംരംഭമായി ഇലക്ട്രിക് സ്കൂട്ടർ നിർമ്മിക്കുവാനുള്ള ഒരു Joint Venture കമ്പനി ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി ഇ-ടെണ്ടർ നടപടികളിലൂടെ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് എന്ന കമ്പനിയെ Joint Venture കമ്പനിയുടെ പാർട്ട്ണറായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസുമായി MOU ഒപ്പു വയ്ക്കുന്നതിന് കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കേരള ആട്ടോമോബൈൽസ് ലിമിറ്റഡും ജപ്പാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന തോഷിബയുമായി ചേർന്ന് ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് തോഷിബയെ ടെക്നോളജി പാർട്ട്ണറായി നിലനിർത്തി ലിഥിയം ടൈറ്റാനേറ്റ് ബാറ്ററി നിർമ്മിക്കുന്ന സാധ്യതകൾ പരിശോധിച്ച് വിശദമായ ഡി.പി.ആർ. സർക്കാരിന് സമർപ്പിക്കുവാൻ കേരള ആട്ടോമോബൈൽസ് ലിമിറ്റഡിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകാൻ സർക്കാർ ഏജൻസി

149 (1879) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്ന ഏതെങ്കിലും സർക്കാർ ഏജൻസി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏതെങ്കിലും ഏജൻസിക്ക് സർക്കാർ തലത്തിൽ ചുമതല നൽകാമോ എന്നറിയിക്കാമോ?

വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ് മുതലായ സഹായം നൽകുന്ന പ്രത്യേക ഏജൻസി നിലവിൽ ഇല്ല. വാണിജ്യ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പിന് കീഴിൽ കൊമേഴ്സ് മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുതലായ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ മാർക്കറ്റ് റിസർച്ച് നടത്തി വരുന്നുണ്ട്. ഇതിനു പുറമേ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ദേശീയ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രസ്തുത വിഷയങ്ങളിൽ പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. വ്യവസായ മേഖലയിൽ 'കേരള' എന്ന ബ്രാൻഡ് അവതരിപ്പിക്കണമെന്ന വ്യവസായ ലോകം മുന്നോട്ടുവച്ച ആശയം നടപ്പിൽ വരുത്താൻ കഴിയുമോയെന്ന സാദ്ധ്യത പരിശോധിക്കുന്നതാണ്.

**വ്യാവസായിക നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ**

150 (1880) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടു വരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

DIC സംരംഭക സഹായ പദ്ധതി നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാൻഡ്, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായം, വ്യവസായ ഭദ്രത PMFME (Prime Ministers Formalisation of Micro Food Processing Enterprises), സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0), ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ, പുതിയ വ്യവസായ ഭൂമിയുടെ വികസനം, പ്രൈവറ്റ് ഇൻഡസ്ട്രിയൽ

എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം, സംരംഭക വികസന കേന്ദ്രങ്ങൾ (EDCs), KINFRA മെഗാഫുഡ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് പെട്രോകെമിക്കൽ പാർക്ക്, അമ്പലമുകൾ, കൊച്ചി, എറണാകുളം വ്യവസായ പാർക്ക്, മുണ്ടക്കൽ, കൊല്ലം. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ: കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, കഴക്കൂട്ടം കിൻഫ്ര വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ വ്യവസായ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം KSIDC ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നല്കിവരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 -ഉം 1.5:-1-ഉം ആണ്. സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം നല്കുന്നതിനായി 'മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി' എന്ന പേരിൽ ഒരു ധനസഹായ പദ്ധതിക്കു രൂപം കൊടുത്തിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക്

മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതും 50 കോടി മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

(ബി) വ്യവസായ മേഖല കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പൊതു-സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഫലപ്രദമാണോയെന്നും ഇതുവഴി എത്ര പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ഇക്കാലയളവിൽ ആരംഭിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

&

(സി) ഈ പദ്ധതികൾ മുഖേന എത്ര രൂപയുടെ നിക്ഷേപവും എത്ര തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2018 ഫെബ്രുവരിയിൽ K-SWIFT നിലവിൽ വന്നതുമുതൽ ഇന്നുവരെ ഈ സംവിധാനംവഴി 12,022 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. ഇവയിൽനിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ടു ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിന് 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകയ്യെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന്

ജില്ലാതലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

151 (1881) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വികസനം ലക്ഷ്യംവച്ച് സംസ്ഥാനത്ത് ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തനക്ഷമമായിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്രവർത്തനക്ഷമമായിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 5 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 7 |
| കോട്ടയം | 10 |
| ഇടുക്കി | 5 |
| എറണാകുളം | 16 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 6 |
| മലപ്പുറം | 4 |
| കോഴിക്കോട് | 8 |
| വയനാട് | ഇല്ല |
| കണ്ണൂർ | 4 |
| കാസർഗോഡ് | 5 |
| ആകെ | 89 |

വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോ-യുടെ കീഴിൽ 36 മിനി വ്യവസായ എസ്റ്റേറ്റുകളാണുള്ളത്. ആയതിൽ 36 എണ്ണവും പ്രവർത്തനക്ഷമമാണ്.

(ബി) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനരീതി വിശദമാക്കുമോ; ഏതൊക്കെ വ്യവസായ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനരീതിയും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.* സിഡ്കോയുടെ കീഴിലുള്ള ഓരോ മിനി വ്യവസായ എസ്റ്റേറ്റിലും 12 ഷെഡ്ഡുകൾ വീതമാണ് സിഡ്കോ നിർമ്മിച്ചിരിക്കുന്നത്. പ്രസ്തുത ഷെഡ്ഡുകളിൽ 300 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു ഷെഡ്ഡ്, വ്യവസായികൾക്ക് ബാങ്കിൽ നിന്നും ലോൺ ലഭിക്കുന്നതിന് എളുപ്പത്തിൽ സഹായകമാകുന്നതിനായി, bank godown ആയും മറ്റൊരു ഷെഡ്ഡ് എസ്റ്റേറ്റിന്റെ ഓഫീസ് റൂം ആയും പ്രവർത്തിക്കുവാനാണ് തുടക്കത്തിൽ ഉദ്ദേശിച്ചിരുന്നത്. 10 യൂണിറ്റുകൾക്ക് മാത്രമായി ഒരു ബാങ്ക് ഗോഡൗണും ഒരു ഓഫീസ് റൂമും പ്രവർത്തിപ്പിക്കുക എന്നത് പ്രാവർത്തികമല്ലാത്തതിനാൽ പ്രസ്തുത ഷെഡ്ഡുകൾ കൂടി വ്യവസായികൾക്ക് അനുവദിച്ച് നൽകുകയാണുണ്ടായത്. സിഡ്കോ-യുടെ അധീനതയിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകളിലാകെ 423 ഷെഡ്ഡുകളും അതോടൊപ്പം ഒഴിവുള്ള ഭൂമികൾ വ്യവസായികൾക്ക് അനുവദിച്ച വകയിലും ആകെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 351 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പദ്ധതിക്കായി ഭൂമി ഏറ്റെടുത്തശേഷം വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഭൂമി ഏറ്റെടുത്തശേഷവും പദ്ധതി ഇനിയും ആരംഭിക്കാൻ കഴിയാത്തത് എവിടെയൊക്കെയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ തിരുവനന്തപുരം - വെമ്പായം ഗ്രാമപഞ്ചായത്തിലെ കൊപ്പത്ത് ഒരേക്കർ സ്ഥലം സംഘം വിലകൊടുത്തു വാങ്ങിയിരുന്നു. ഇവിടെ വെള്ളം, വൈദ്യുതി, ഇന്റേണൽ റോഡുകൾ, ചുറ്റുമതിൽ മുതലായ അടിസ്ഥാന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യങ്ങൾ ഒരുക്കൽ, ഷെഡ്ഡുകളുടെ നിർമ്മാണം മുതലായവ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം - സംഘം പുതുതായി ഏറ്റെടുത്ത മലയാറ്റൂർ വ്യവസായ എസ്റ്റേറ്റ് ഭൂമിക്ക് "ഇൻഡസ്ട്രിയൽ ഏരിയ ഡിക്ലറേഷൻ" ലഭ്യമായിട്ടില്ലാത്തതിനാൽ ടി എസ്റ്റേറ്റിൽ ഏതാനും യൂണിറ്റുകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ട്. മലപ്പുറം - പുലാമന്തോൾ പഞ്ചായത്തിലെ ചെമ്മലശ്ശേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ നിർമ്മാണം പൂർത്തിയായ 5 ഷെഡ്ഡുകൾ 2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടതിനാൽ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ സംരംഭകർക്ക് ഷെഡ്ഡുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല. മറ്റു പന്ത്രണ്ടു ജില്ലകളിൽ ഈ സാഹചര്യം ഇല്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

വടകര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മിനി വ്യവസായ എസ്റ്റേറ്റുകളില്ല.

### വ്യവസായങ്ങളും തൊഴിലവസരങ്ങളും

152 (1882) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂടുതൽ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും വ്യവസായികളുടെ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ

സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച്, വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതും 50 കോടിയിൽ അധികം മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും കാലാനുസൃതമായ മാറ്റം ആവശ്യമെങ്കിൽ പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചുനൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തി Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തുകയും വ്യവസായ സംരഭകർ മുന്നോട്ടുവച്ചിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee) രൂപീകരിക്കുന്നതിനുള്ള കരട്

ബില്ല് ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദ്ദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

## വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിന് നടപടി

153 (1883)<u>ശ്രീ. എ. എൻ. ഷംസീർ:</u>

<u>ശ്രീ. കെ. പ്രേംകുമാർ:</u>

<u>ശ്രീമതി ഒ. എസ്. അംബിക:</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിനും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും എല്ലാ ജില്ലകളിലും ഒരു പ്രത്യേക ഉല്പന്നാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി (പി.എം.എഫ്.എം.ഇ.പി.)-യിൽപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് " ഒരു ജില്ല ഒരു ഉത്പന്നം" എന്ന പദ്ധതി. ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉത്പന്നത്തെ തെരെഞ്ഞെടുത്ത് അതിനെ വളർത്തിയെടുക്കൊണ്ടുവരാനാണ് ശ്രമം. മരച്ചീനി, ചക്ക, അരി ഉത്പന്നം, കൈതച്ചക്ക, സുഗന്ധവ്യഞ്ജനം, ഏത്തക്കായ, നാളീകേരം, പാലുത്പന്നങ്ങൾ, വെളിച്ചെണ്ണ തുടങ്ങി 9 ഉത്പ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളിലായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രകാരം കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിനായി പ്രോജക്ട് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സബ്സീഡിയായി നൽകുന്നതാണ്.

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

&

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടികളുടെ മേൽനോട്ട ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഏത് ഏജൻസിയെയാണോന്നറിയിക്കുമോ?

വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്കായുള്ള വിവിധ പരിശീലന പരിപാടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് കളമശ്ശേരിയുടെ നേതൃത്വത്തിലും വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധയിനം പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഇതിന് പുറമെ പി.എം.എഫ്.എം.ഇ. പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിട്ടുള്ള കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

(ഡി) ഒരു ജില്ലയിൽ ഒരു വ്യവസായോല്പന്നം പദ്ധതി ഏതെല്ലാം ജില്ലകളിൽ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരളത്തിലെ എല്ലാ ജില്ലകളിലും ടി പദ്ധതി ആരംഭിക്കുന്നുണ്ട്. പദ്ധതിക്കുള്ള അപേക്ഷകൾ എല്ലാ ജില്ലകളിലും ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത പദ്ധതിക്ക് നല്ല രീതിയിലുള്ള അനുകൂല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

## അസന്റ് കേരള 2020

154 (1884) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊച്ചിയിൽ സംഘടിപ്പിച്ച അസന്റ് കേരള 2020-ൽ ലഭ്യമായ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത ധാരണാപത്രങ്ങൾ പ്രകാരമുള്ള പദ്ധതികൾ എന്തെല്ലാമെന്നും ഇവ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം അസെൻഡ് കേരള 2020 മുഖേന 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്റ്റുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത സംഗമത്തിൽ ലോജിസ്റ്റിക്സ്, ജീവശാസ്ത്രം, പെട്രോകെമിക്കൽ, ഭക്ഷ്യസംസ്കരണം, ഇ-മൊബിലിറ്റി തുടങ്ങിയ അനവധി മേഖലകളിലുമുള്ള വൻകിട ചെറുകിട സംരംഭങ്ങൾ പ്രാവർത്തികമാക്കാനുള്ള നിക്ഷേപക നിർദ്ദേശങ്ങളാണ് ലഭിച്ചത്. അസെൻഡ് 2020 വിഭാവനം ചെയ്ത വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി.യിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ സ്ഥാപിച്ചിട്ടുണ്ട്. അസെൻഡ് 2020-ൽ ഒപ്പുവച്ച ധാരണാപത്രത്തിനും താൽപര്യപത്രത്തിനും പുരോഗതി ഉറപ്പുവരുത്താൻ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. മാത്രമല്ല, പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്താൻ നോഡൽ ഓഫീസർമാരുടെ യോഗം കൃത്യമായ ഇടവേളകളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മത്സ്യലഭ്യതയാൽ സമൃദ്ധവും വിനോദസഞ്ചാര സാധ്യതകളുള്ള പ്രദേശങ്ങളുടെ സാമീപ്യവും വ്യവസായാവശ്യങ്ങൾക്ക് ഉപയുക്തമാക്കാവുന്ന ഭൂമിയുടെ ലഭ്യതയും കണക്കിലെടുത്ത് വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, മുളവുകാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വിനോദസഞ്ചാര-വ്യവസായ-മത്സ്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച് നിലവിൽ വ്യവസായ വകുപ്പിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

**ലാഭത്തിലാക്കിയ വ്യവസായസ്ഥാപനങ്ങൾ**

155 (1885) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ KSWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'M.S.M.E Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതും 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നതുമായ M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ -

ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC, KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നല്കുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Lease Policy പുറപ്പെടുവിക്കുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി ചെലവാക്കി അന്തർദേശീയ നിലവാരത്തിലുള്ള ഒരു Exhibition cum Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. രണ്ട് മാസത്തിനുള്ളിൽ വിവിധ തലത്തിലുള്ള വ്യവസായ സംഘടനാ പ്രതിനിധികളുമായി 6 തവണ ഇതിനകം ആശയ വിനിമയം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 2011-2016 കാലഘട്ടത്തിൽ അടച്ചുപൂട്ടിയ എത്ര വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിപ്പിച്ച് ലാഭത്തിലാക്കിയതെന്ന് വിശദമാക്കുമോ?

2011-2016 കാലഘട്ടത്തിൽ അടച്ചുപൂട്ടിയ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ 66 സ്ഥാപനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്.

## വ്യവസായ സൗഹൃദ നടപടികളിലൂടെ നിക്ഷേപം ആകർഷിക്കാൻ പദ്ധതി

156 (1886) ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ സ്വീകരിച്ച വ്യവസായ സൗഹൃദ നടപടികളുടെ ഫലമായി സംസ്ഥാനത്ത് എഴുപതിനായിരത്തിലധികം ചെറുകിട സംരംഭങ്ങൾ പുതുതായി ആരംഭിച്ചത് കണക്കിലെടുത്ത് കൂടുതൽ വ്യവസായ സൗഹൃദ നടപടികളിലൂടെ നിക്ഷേപം ആകർഷിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

കേരളത്തിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭാനുകൂലമാണ്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തുടങ്ങിവച്ചിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2018-ലാണ് 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' അഥവാ Kerala Investment Promotion & Facilitation Act നിലവിൽവന്നത്. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഈ നിയമപ്രകാരം അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിച്ചാൽ മതിയാവുന്നതാണ്. മേൽ വിവരിച്ച പ്രകാരം അനുമതി അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക്

മൂന്നു വർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മേൽ സൂചിപ്പിച്ച നിയമനിർമാണങ്ങൾ സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഇതുകൂടാതെ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ?

സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാനും, വകുപ്പുകളും ഏജൻസികളും വ്യവസായ സംരംഭകനും പൊതുജനത്തിനും നൽകുന്ന സേവനങ്ങൾക്കുവേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഉതകുന്ന നിർദ്ദേശങ്ങൾ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (CII), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (FICCI), സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ (KSSIA) എന്നിവർ സമർപ്പിച്ചിരുന്നു. അവയിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നവ നടപ്പിലാക്കുന്നതാണ്.

(സി) വ്യവസായികളുടെ പരാതി പരിഹരിക്കാൻ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; തടസ്സ രഹിത വ്യവസായത്തിനായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര സെൽ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. കൂടാതെ സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബിസിനസ്സ് കമ്മ്യൂണിറ്റികളെയും പൗരന്മാരെയും ബാധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് അവയിലെ അപാകതകൾ ഒഴിവാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 26-7-2021-ലെ സ.ഉ.(സാധാ)നമ്പർ 770/2021/വ്യവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് തടസ്സരഹിത വ്യവസായം നടത്തുന്നതിനായി 2018-ലെ 'കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം' 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നീ നിയമങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

## വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നടപടി

157 (1887) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ രംഗത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കാനും കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനു മുതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ

വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ലെ ' കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതും 50 കോടിയിൽ അധികം മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച " 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതികൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള വ്യവസായങ്ങളെ തകർക്കുന്നതും പുതിയ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നതുമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അത്തരത്തിൽ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിംഗിലെ സ്ഥാനം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) 2019-ൽ പ്രസിദ്ധീകരിച്ച റാങ്കിംഗിൽ കേരളം 28-ാം സ്ഥാനത്താണ് കാണുന്നത്. കേരളത്തിനു പ്രത്യേകമായുള്ള ചില സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുക്കാതെയുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ റാങ്കിങ്ങിൽ പിന്നോട്ടുപോയിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ട്. 2020 -ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാനനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.-ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെയിടയിൽ നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിങ് നിശ്ചയിക്കുന്നത്.

## അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ പശ്ചാത്തല സൗകര്യ വികസനം

158 (1888) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കൈപ്പറമ്പ് പഞ്ചായത്തിലെ മുണ്ടൂരിലെ അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ കുടിവെള്ള ലഭ്യത, വൈദ്യുതി തടസ്സം, ചുറ്റുമതിൽ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന പശ്ചാത്തല സൗകര്യ വികസനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റ് യൂണിറ്റുകളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി RMU Installation നുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കെ.എസ്.ഇ.ബി.-യ്ക്ക് കൈമാറുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റേറ്റിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തി തുക കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത വ്യവസായ എസ്റ്റേറ്റുകളിൽ അനുവദിച്ച പ്ലോട്ടുകളിലെ യൂണിറ്റുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ?

അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ 3 യൂണിറ്റുകൾ ഒഴികെ ബാക്കിയുള്ളവ കൃത്യമായി പ്രവർത്തിച്ചു വരുന്നു.

(സി) ഈ എസ്റ്റേറ്റുകളിൽ ഏതെങ്കിലും പ്ലോട്ടുകൾ ഇനി അനുവദിക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ഡി) ഈ എസ്റ്റേറ്റുകളിൽ നിലവിൽ പ്രവർത്തനം നിർത്തലാക്കിയ യൂണിറ്റുകളുണ്ടോ?

3 യൂണിറ്റുകളുണ്ട്.

(ഇ) ഉണ്ടെങ്കിൽ റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

2 യൂണിറ്റുകൾ കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. ഒരു യൂണിറ്റ് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടാണ്.

**ചങ്ങനാശ്ശേരി വെരൂർ വ്യവസായ എസ്റ്റേറ്റ് നവീകരണം**

159 (1889) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി വെരൂർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പ്രത്യേക നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

(ബി) പ്രസ്തുത എസ്റ്റേറ്റ് നവീകരണത്തിനുള്ള നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പ് ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള പൊതുവായ നിർദ്ദേശം പരിഗണിക്കുന്ന വേളയിൽ ചങ്ങനാശ്ശേരി വെരൂർ എസ്റ്റേറ്റും ഉൾപ്പെടുത്തുന്നതാണ്.

(സി) നിലവിൽ പ്രസ്തുത വ്യവസായ എസ്റ്റേറ്റിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

വ്യവസായ എസ്റ്റേറ്റിൽ ആകെ 73 യൂണിറ്റുകളാണുള്ളത്. അതിൽ 72 എണ്ണം പ്രവർത്തിച്ചുവരുന്നു.

## കാട്ടാക്കട മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

160 (1890) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; അവ ആരുടെ നിയന്ത്രണത്തിലാണെന്നും ഓരോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനും എത്ര ഭൂമി ഉണ്ടെന്നും വിശദമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിൽ കിള്ളി കാട്ടാക്കട മിനി വ്യവസായ എസ്റ്റേറ്റ്, മറുകിൽ മിനി വ്യവസായ എസ്റ്റേറ്റ് എന്നിങ്ങനെ രണ്ട് എസ്റ്റേറ്റുകൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. രണ്ട് എസ്റ്റേറ്റുകൾക്കും ഓരോ ഏക്കർ ഭൂമി വീതമാണുള്ളത്.

(ബി) ഓരോ എസ്റ്റേറ്റിലും നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വ്യവസായ യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത എസ്റ്റേറ്റിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോ; എങ്കിൽ ഇതിനായുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ല.

## പുല്ലുപാറയിലെ സൈബർ പാർക്കിന്റെ സ്ഥലത്ത് വ്യവസായ വകുപ്പിന്റെ പദ്ധതികൾ

161 (1891) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ സൈബർ പാർക്കിനായി കണ്ടെത്തിയ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ 25 ഏക്കർ സ്ഥലമാണ് പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ സൈബർ പാർക്കിനായി ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത ഭൂമിയിൽ കോമ്പൗണ്ട് വാൾ, Lt കണക്ഷൻ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യമുണ്ട്. 50,000 Square feet കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ട്രക്ചറൽ മെറ്റീരിയൽസ് 10 വർഷമായി കാര്യമായ കേടുപാടുകളില്ലാതെ കോമ്പൗണ്ടിൽ കിടക്കുന്നുണ്ട്. ബിൽഡിംഗിനാവശ്യമായ ഫൗണ്ടേഷൻ, ബോൾട്ട്, പൈപ്പ് ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയ അവസ്ഥയിലാണ്. ലേബർ ചെലവും പുതുതായി നിർമ്മിക്കുന്നതിനാവശ്യമായ തുകയുടെ ശരാശരി 30%-വും മുടക്കിയാൽ മേൽ കെട്ടിടം പൂർത്തിയാവുന്നതും അവശേഷിക്കുന്ന ഭൂമി സംരംഭകർക്ക് കൈമാറാവുന്നതുമാണ്. എന്നാൽ ഇതിന്റെ നിലവിലെ ഉടമസ്ഥാവകാശം IT വകുപ്പിനാണ്. പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്കുവാങ്ങി വ്യവസായ പാർക്കുണ്ടാക്കുന്നത് പ്രായോഗികമല്ലെന്ന് ഐ.ടി. വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിലനിർണ്ണയം സംബന്ധിച്ച വിഷയം ഐ.ടി.വകുപ്പിന്റെ പരിഗണനയിലാണ്.

### കിറ്റെക്സിന്റെ നിക്ഷേപം സംബന്ധിച്ച താത്പര്യപത്രം

162 (1892) ഡോ. കെ. ടി. ജലീൽ:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി കിറ്റെക്സ് നിക്ഷേപം സംബന്ധിച്ച് താത്പര്യപത്രം നൽകിയതിന്റെ തുടർനടപടിയെന്ന നിലയിൽ ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനായി വ്യവസായ വകുപ്പ് അധികൃതരുമായി നടത്തിയ ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ടുവെച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ചർച്ചയിൽ നിലവിലുള്ള ഏതെല്ലാം നിയമത്തിൽ എന്തെല്ലാം മാറ്റം വരുത്തണമെന്നാണ് ആവശ്യപ്പെട്ടതെന്ന് അറിയിക്കാമോ;

&

(സി) ഇതിൽ ഏതെല്ലാം ആവശ്യങ്ങളിലാണ് സർക്കാർ അനുകൂല തീരുമാനം കൈക്കൊണ്ടതെന്ന് അറിയിക്കുമോ?

കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനുശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചക്ക് സന്നദ്ധമായിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽനിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ഡി) എന്നാൽ തുടർചർച്ചകൾ നടത്താതെ സർക്കാരിനെതിരായുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പിന്നിൽ എന്തെങ്കിലും പ്രത്യേക താല്പര്യമുള്ളതായി കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിലവിലുള്ള വ്യവസായാനുകൂല അന്തരീക്ഷത്തെ കണക്കിലെടുക്കാതെ തെറ്റായ വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനെതിരെ ബോധപൂർവ്വം പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**പള്ളിപ്പുറത്തെ മണൽ ഇഷ്ടിക ഫാക്ടറി**

163 (1893) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ചേർത്തല-പള്ളിപ്പുറത്ത് പ്രവർത്തിച്ചിരുന്ന മണൽ ഇഷ്ടിക ഫാക്ടറിയുടെ ഏക്കർ കണക്കിന് ഭൂമി വർഷങ്ങളായി തരിശായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ സ്ഥിതിചെയ്യുന്ന 6.64 ഹെക്ടർ ഭൂമി കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് എന്ന കമ്പനിയുടേതായിരുന്നു. ടി കമ്പനി പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിനെത്തുടർന്ന് കെ.എസ്.ഐ.ഡി.സി.-യുടെ കൈവശമാണ് നിലവിൽ പ്രസ്തുത ഭൂമിയുള്ളത്.

(ബി) പ്രസ്തുത സ്ഥലം മറ്റേതെങ്കിലും വകുപ്പിന് കൈമാറുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

പ്രസ്തുത ഭൂമി പരമ്പരാഗത വ്യവസായങ്ങളുടെ മാതൃകാ വില്ലേജ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-ക്ക് ഇതിന്റെ വില നൽകും എന്ന വ്യവസ്ഥയിൽ കയർ വികസന വകുപ്പിന് കൈമാറുന്നതിന് 27-6-2013-ലെ സ.ഉ.(കൈ)നമ്പർ 284/2013/റവന്യൂ പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

(സി) പ്രസ്തുത സ്ഥലം മറ്റേതെങ്കിലും പ്രോജക്ടിനായി ഉപയോഗിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

'ബി' പിരിവിനുള്ള മറുപടി കണ്ടാലും.

**സംരംഭകത്വ സഹായ പദ്ധതി**

164 (1894) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം ചെറുകിട, ഇടത്തരം വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതികസഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. കോവിഡ് 19 – ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വസഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK യെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി

വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഈ വായ്പ ഒരു വർഷത്തേയ്ക്കുള്ള മൃദു വായ്പാ (സോഫ്റ്റ് ലോൺ) ആയിട്ടാണ് അനുവദിക്കുന്നത്. പലിശനിരക്ക് അതാത് സമയത്ത് ആർ.ബി.ഐ. ബാങ്ക് വായ്പ നിരക്ക് അനുസരിച്ചായിരിക്കും. ഒരു വർഷത്തിനുശേഷം ഈ വായ്പയുടെ അടിസ്ഥാന വിലയ്ക്കുള്ള ഓഹരി, മൂലധനമായി മാറ്റുകയോ അല്ലെങ്കിൽ അതാത് സമയത്തെ വായ്പ നിരക്ക് അനുസരിച്ച പലിശ അടക്കം വായ്പ തുക തിരിച്ചടയ്ക്കുകയോ ചെയ്യണം.

(ബി) യുവാക്കൾക്കും, വനിതകൾക്കും തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോൽസാഹനം നൽകുന്നതിനും, കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ള സംരംഭകർക്ക് സഹായം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

നൂതന ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രോൽസാഹനം നൽകുക എന്നതുൾപ്പെടെയുള്ള ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പ് വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ യുവാക്കൾ, വനിതകൾ, SC/ST വിഭാഗം, NRK എന്നിവർക്ക് പ്രത്യേക പ്രാധാന്യം നൽകി അധികമായി 10% സബ്സിഡി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, എന്നീ പദ്ധതികളിലും എസ്.സി./എസ്.ടി./വനിതകൾ/ വിമുക്തഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് അർഹമായ പരിഗണന നൽകുന്നുണ്ട്. കൂടാതെ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസനപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ യുവസംരംഭകരുടെ സംരംഭക ആശയങ്ങൾക്കുള്ള സഹായങ്ങൾ നൽകുന്നതിനു ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ മിനി ബിസിനസ് ഇൻകുബേഷൻ സെന്ററുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി

കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശങ്ങളും സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തി വരുന്നു. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്) ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവൽകരണത്തിനോ വേണ്ടി കെ.സ്.ഐ.ഡി.സി. ഒരു ഹ്രസ്വകാല വായ്പ്പാപദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

1. വായ്പ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ, പങ്കാളിത്ത സ്ഥാപനമോ, സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50% കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനക്ഷമമായിട്ടുള്ളതും, കഴിഞ്ഞ വർഷത്തെ ആകെ വിൽപ്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയും ആയിരിക്കണം. വായ്പയുടെ പരിധി ആവശ്യമായ മൊത്ത നിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും.

2. പലിശ നിരക്ക് 7.5% ആയിരിക്കും. കൂട്ടുപലിശ കണക്കാക്കുന്നത് ത്രൈമാസ അടിസ്ഥാനത്തിലായിരിക്കും

3. വായ്പ കാലാവധി പരമാവധി 5-6 വർഷമായിരിക്കും. ഇതിൽ വായ്പ അനുമതിക്കുശേഷമുള്ള 6 മാസം അല്ലെങ്കിൽ പദ്ധതി നിർവഹണം ഇതിൽ ഏതാണോ ആദ്യം, അത് നിയമപരമായ അവധി (മൊറട്ടോറിയം) യായി കണക്കാക്കും.

**വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങൾ**

165 (1895) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്ക് വകുപ്പിന് കീഴിൽ നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്:

<u>സംരംഭക സഹായ പദ്ധതി</u>: വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിര മൂലധനനിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19-ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രതാ പാക്കേജ് പ്രകാരം സംരംഭകത്വ സഹായപദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK-യെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി</u>: 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/ വർഗ്ഗവിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നല്കുന്നത്.

<u>ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്</u>: വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണി നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖലഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപവരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്തഭടന്മാർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധിസഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

1. ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ- ആകെ പ്രോജക്ട് ചെലവിന്റെ 40%

2. പ്രൊമോട്ടർമാരുടെ സംഭാവന - ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനമോ അതിൽ കൂടുതലോ.

3. വ്യവസായവകുപ്പിന്റെ മാർജിൻ മണിഗ്രാന്റ് - ആകെ പ്രോജക്ട് ചെലവിന്റെ പരമാവധി 30 ശതമാനം. എസ്.സി/എസ്.ടി/ വനിതകൾ/ വിമുക്തഭടന്മാർ/40 വയസ്സു വരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേകവിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവുമായിരിക്കും.

വ്യവസായഭദ്രത: കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന scheme for Interest Subvention on Term Loan and working capital loan പദ്ധതിപ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working Capital) 30,000 രൂപ പരമാവധി 60,000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID 19 സമാശ്വാസപദ്ധതി എന്നപേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസപദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നവയാണ്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻ വർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (scheme interest Subvention on term Loan and Working Capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പയ്ക്കാണ് പലിശയിളവ് നല്കിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപവരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്ക് പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോയൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോയൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC, KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പൂട്ടിപ്പോയ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. Revival and rehabilitation scheme for defunct MSMEs & cashew processing units കശുവണ്ടി സംസ്കരണയൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിരനിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival rehabilitation scheme for defunct MSMEs and cashew processing units. പദ്ധതിയിൽ താഴെപ്പറയും പ്രകാരം സാമ്പത്തികസഹായം അനുവദിക്കുന്നു:

<u>കെട്ടിടനവീകരണം:</u> മൊത്തം പുനരുദ്ധാരണ പദ്ധതിചെലവിന്റെ 25%, 2 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്ലാന്റും മെഷിനറിയും വൈദ്യുതീകരണവും:</u> മൊത്തം പുനരുദ്ധാരണപദ്ധതി ചെലവിന്റെ 40%, 8 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്രവർത്തന മൂലധനം (മാർജിൻ):</u> ധനകാര്യസ്ഥാപനം അനുവദിക്കുന്ന പ്രവർത്തന മൂലധന വായ്പയുടെ മാർജിന്റെ 50%, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ-കൾക്ക് 2 ലക്ഷമായും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് 5 ലക്ഷമായും നിജപ്പെടുത്തി അനുവദിക്കുന്നു. പദ്ധതിയിലൂടെയുള്ള ആകെ ധനസഹായം പ്രവർത്തനരഹിതമായ MSME-കൾക്ക് 12 ലക്ഷമായും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് 15 ലക്ഷമായും നിജപ്പെടുത്തിയിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിന് ഒരു വെബ്സൈറ്റും പരാതി പരിഹാര സെല്ലും ആരംഭിക്കാമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്റ്റാറ്റ്യൂട്ടറി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 'മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ (CMO Portal)', 'വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമായ പരാതി പരിഹാരം എന്ന പേരിലുള്ള ലിങ്ക്' എന്നിവ മുഖാന്തരം വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ നൽകാവുന്നതാണ്. വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാതലത്തിൽ നേരിട്ട് കേൾക്കുന്നതിന് ബഹുമാനപ്പെട്ട വ്യവസായ വാണിജ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും പരാതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റബ്ബർ അധിഷ്ഠിത ചെറുകിടവ്യവസായം ആരംഭിക്കാൻ നടപടി**

166(1896) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള സാധ്യത പരിഗണിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായസംരഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല. റബ്ബർ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി CIAL Model-ലിൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ കീഴിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ചുള്ള തീരുമാനങ്ങളെടുത്തുവരികയാണ്. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലാൻഡിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ ഉന്നമനം

167 (1897) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം വ്യവസായ സൗഹൃദമാക്കുവാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയംസാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ

വാണിജ്യ ഡയറക്ടറേറ്റ് ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി, ഗാർഹിക നാനോ സംരംഭകർക്കുള്ള പലിശയിളവ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി തുടങ്ങിയ സാമ്പത്തിക സഹായ പദ്ധതികളും വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി നൽകി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. മേൽപ്രകാരം സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളിലൂടെ MSME യൂണിറ്റുകളുടെ എണ്ണത്തിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ട്. ആയതിന് ആനുപാതികമായി കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നുണ്ട്.

(ബി) തദ്ദേശീയമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട സംരംഭങ്ങൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശീയമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട സംരംഭങ്ങൾ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.എഫ്.എം.ഇ. (PM Formalisation of Micro Food processing Enterprises Scheme) പദ്ധതി ഒരു ജില്ലയിൽ ഒരു ഉൽപ്പന്നം എന്ന രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ ജില്ലയിലും ഭക്ഷ്യസംസ്കരണ മേഖലയിൽ നിന്നുള്ള ഒരു ഉൽപ്പന്നം വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രോജക്ട് ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപ വരെ 60:40 അനുപാതത്തിൽ കേന്ദ്ര-കേരള സർക്കാരുകൾ സബ്സിഡിയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി.

നിലവിൽ പ്രവർത്തിച്ചു വരുന്ന വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് ഇതര ഭക്ഷ്യ മൂല്യവർധന സംരംഭങ്ങൾക്കും ഈ പദ്ധതി വഴി സഹായം ലഭ്യമാകും. പുതിയതായി തുടങ്ങുന്ന സ്ഥാപനങ്ങൾക്ക് സഹായം ലഭിക്കാൻ പ്രസ്തുത ജില്ലയിലെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് ഉൽപ്പന്നം ആകണം എന്നത് പദ്ധതിയിലെ പ്രധാന കാര്യമാണ്. ഓരോ ജില്ലയിലും തദ്ദേശീയമായി ലഭ്യമായ ഉത്പന്നങ്ങളാണ് അതത് ജില്ലകളുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് ആയി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) കോവിഡുമൂലം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് പ്രവർത്തന മൂലധന വായ്പയും പലിശയിളവും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി സർക്കാർ 2020-ൽ രൂപം നൽകിയ വ്യവസായ ഭദ്രത പദ്ധതിയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ (യൂണിറ്റിന് പരമാവധി 60000 രൂപ വരെ) അനുവദിച്ച് വരുന്നുണ്ട്. കോവിഡ്-19 രണ്ടാം വരവിനെത്തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജിന്റെ ഒരു രണ്ടാം പതിപ്പായി കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം വ്യവസായ വകുപ്പ് താഴെപ്പറയുന്നവ നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (scheme interest Subvention on term Loan and Working Capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരുവർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോയൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിനുയോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോയൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും ഈ പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ കിൻഫ്ര പാർക്കുകളിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടകയും കോമൺ ഫെസിലിറ്റി ചാർജ്ജും 3 മാസത്തേയ്ക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. കോവിഡ് 19 സമാശ്വാസ പദ്ധതി പ്രകാരം കിൻഫ്ര പാർക്കുകളിലെ ഭൂമിയുടെ വില 2020 മാർച്ചിലെ സ്ഥിതി തുടരുന്നതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം സംരംഭകന് 20 ശതമാനം ഡൗൺ പേയ്മെന്റ് അടച്ച ശേഷം അടുത്ത 5 വർഷത്തിനുള്ളിൽ തുല്യ തവണകളായി പലിശ ഒഴിവാക്കിക്കൊണ്ട് അടച്ചുതീർത്താൽ മതിയാകും. കിൻഫ്ര പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ള സംരംഭകർക്ക് അവരുടെ കുടിശ്ശികയിനത്തിൽ വന്ന കടബാധ്യത തീർപ്പാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കും.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

168(1898) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം National Industrial Corridor Development & Implementation Trust (NICDIT) യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് " എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക്

ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി തൃശ്ശൂർ ജില്ലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എവിടെയാണെന്ന് വെളിപ്പെടുത്തുമോ?

നിലവിലുള്ള മാനദണ്ഡ പ്രകാരം National Industrial Corridor Development & Implementation Trust (NICDIT)-യുമായി ചർച്ച ചെയ്തശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്**

169 (1899) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) പാലക്കാട് ജില്ലയിൽ കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്ന ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശേരി വില്ലേജിൽ 34.05 ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു വിവിധോദ്ദേശ പാർക്കാണ്.

(ബി) ലൈറ്റ് എൻജിനീയറിംഗ് വ്യവസായങ്ങൾക്ക് പുറമേ മറ്റേതെല്ലാം വ്യവസായങ്ങളും അനുബന്ധ സ്ഥാപനങ്ങളുമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്ക് പുറമെ മറ്റു ജനറൽ വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്കും പാർക്കിൽ സ്ഥലം അനുവദിക്കുന്നുണ്ട്.

(സി) പാർക്കിലെ അടിസ്ഥാന സൗകര്യവും അനുബന്ധ സ്ഥാപനങ്ങളുടെ നിർമ്മാണവും ഏതു ഘട്ടം വരെയായിട്ടുണ്ട് എന്ന് അറിയിക്കുമോ?

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ പുതുശേരി വില്ലേജിൽ 34.05 ഏക്കർ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് ലൈറ്റ് എഞ്ചിനീയറിംഗ് വ്യവസായങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു വിവിധോദ്ദേശ പാർക്കാണ്. പാലക്കാട് - കോയമ്പത്തൂർ നാഷണൽ ഹൈവേയിലെ കനാൽപിരിവിൽ നിന്നും ഏകദേശം 500 മീറ്ററിനുള്ളിലായിട്ടാണ് പ്രസ്തുത പാർക്ക് സ്ഥിതി ചെയ്യുന്നത്. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങ്, സെക്യൂരിറ്റി മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ഈ പാർക്കിൽ 15 ഓളം യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. KSEB-യുടെ 22 കെ.വി. ഡെഡിക്കേറ്റഡ് പവർ ലൈനും ഇവിടെ വിഭാവന ചെയ്യുന്നുണ്ട്. കൂടാതെ 56,000 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 9 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പുതുതായി പ്രവർത്തന സജ്ജമാക്കുന്ന രണ്ടാമത്തെ SDF-ന് 61,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണുള്ളത്. 2000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള 24 മൊഡ്യൂൾ ആയി തിരിച്ചിട്ടുള്ള മൂന്ന് നിലകളിലായി സ്ഥിതി ചെയ്യുന്ന പ്രസ്തുത SDF ബിൽഡിംഗിൽ മെറ്റീരിയൽ ലിഫ്റ്റ്, പാസ്സഞ്ചർ ലിഫ്റ്റ്, ഡോക് ലെവലർ, 12 ലോറികൾക്ക് ഒരേസമയം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 50 ആളുകൾക്ക് ഒരേസമയം ഭക്ഷണം കഴിക്കാനാവുന്ന കാന്റീൻ, കൂടാതെ ബാങ്ക് കൗണ്ടർ, എ.ടി.എം. എന്നിവയും നിർമ്മിക്കുന്നു. പ്രകൃതി വാതക പൈപ്പ് ലൈനിന്റെ കൺട്രോൾ സ്റ്റേഷൻ, സിറ്റി ഗേറ്റ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി GAIL-നും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ഏജൻസി ആയ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനും ഈ പാർക്കിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഇവിടെയുള്ള സ്ഥാപനങ്ങൾക്ക് പ്രകൃതിവാതകം സുഗമമായി ലഭ്യമാകുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

പാർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തോട്ടഭൂമിയിൽ വ്യവസായ പാർക്ക്

170 (1900) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമികളിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂപരിഷ്കരണ നിയമങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

1-1-1970-നശേഷം ഒരാളും പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ പാടില്ലെന്ന് കേരള ഭൂപരിഷ്കരണ നിയമത്തിലെ 83-ാം വകുപ്പിൽ പരാമർശിക്കുന്നു. എന്നാൽ പൊതുതാൽപര്യമുള്ള കേസുകളിൽ വ്യാവസായിക ആവശ്യമുൾപ്പെടെയുള്ള ചില കാര്യങ്ങൾക്ക് സർക്കാരിന്റെ അനുമതിക്ക് വിധേയമായി കേരള ഭൂപരിഷ്കരണ നിയമം 81(3)-ാം വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവ് നൽകി സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം ലഭ്യമാക്കാമോ?

കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81(3) ൽ (a) ഏതെങ്കിലും ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ടോ (b) ഏതെങ്കിലും ഭൂമി തോട്ടമായി മാറ്റുന്നതിനോ അഥവാ നിലവിലുള്ള ഒരു തോട്ടത്തിന്റെ വികസനത്തിനോ പരിരക്ഷണത്തിനോ ആയുള്ള ആവശ്യത്തിനായോ അഥവാ വാണിജ്യപരമോ വ്യവസായികമോ, വിദ്യാഭ്യാസപരമോ ധർമ്മാത്മപരമോ ആയ ആവശ്യത്തിനായോ യഥാർത്ഥത്തിൽ ആവശ്യമായതു കൊണ്ടോ, പൊതുതാൽപ്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം ഗവൺമെന്റിന് ഗസറ്റിൽ പരസ്യപ്പെടുത്തിക്കൊണ്ട് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ നിന്ന് അങ്ങനെയുള്ള ഭൂമിയെ, അവർക്ക് ചുമത്താൻ യുക്തമെന്ന് തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഒഴിവാക്കാവുന്നതാണ്.

## കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ

171 (1901) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും, വ്യവസായ വകുപ്പിന്റെ കീഴിൽ ഓരോ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

നിശ്ചയിച്ചിട്ടുണ്ട്. ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനം സ്വീകരിച്ചുകൊണ്ട് ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം മുഖേന സംസ്ഥാന സർക്കാരുമായി സഹകരിച്ച് പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയ്ക്ക് നിശ്ചയിച്ചിരിക്കുന്ന, വാഴയ്ക്ക അടിസ്ഥാനമാക്കിയുള്ള സംരംഭകർക്ക് ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലന പരിപാടികളും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

സംരംഭകർക്കാവശ്യമായ പരിശീലനം നൽകുന്നതിലേയ്ക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്.

(സി) ഇല്ലെങ്കിൽ അത്തരം പരിശീലന പരിപാടികൾ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

സംരംഭകർക്കാവശ്യമായ പരിശീലനം നൽകുന്നതിലേയ്ക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ അസംസ്കൃത വസ്തുക്കളുടെ വാങ്ങലും വിൽപ്പനയും

172 (1902) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽ 2020-21, 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് വന്ന ചെലവും ഉൽപ്പന്നം വിറ്റതിന് ലഭിച്ച തുകയും എത്രയാണ്?

പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽ 2020-21, 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് വന്ന ചെലവും ഉൽപ്പന്നം വിറ്റതിന് ലഭിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വാങ്ങൽ, വിൽപ്പന എന്നിവ നടത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; അറിയിക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ വാങ്ങൽ നടപടിക്രമങ്ങൾ സംസ്ഥാന സ്റ്റോർ പർച്ചേസ് മാനുവൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ചെയ്തുവരുന്നത്. അഞ്ച് ലക്ഷം രൂപ വരെ മൂല്യമുള്ള വാങ്ങലുകൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും അഞ്ച് ലക്ഷത്തിന് മുകളിൽ മൂല്യമുള്ള വാങ്ങലുകൾ കേരള സർക്കാരിന്റെ ഇ-ടെണ്ടർ വെബ് പോർട്ടൽ മുഖേനയുമാണ് നടത്തിവരുന്നത്. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കാവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ പരുത്തി, കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം മുഖേനയും, കേന്ദ്രീകൃത കോട്ടൺ പർച്ചേസ് കമ്മിറ്റി, ഇ-ടെണ്ടർ മുതലായ സംവിധാനങ്ങൾ മുഖേനയുമാണ് വാങ്ങുന്നത്. കമ്പനികളുടെ പ്രവർത്തന മേഖലയനുസരിച്ച് വ്യത്യസ്ത രീതിയിലാണ് ഉൽപ്പന്നങ്ങളുടെ വില്പന നടത്തുന്നത് മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുത്തുകൊണ്ടും വില്പനയ്ക്കായി ഡീലർമാരെ നിയമിച്ചുകൊണ്ടും വില്പന നടത്താറുണ്ട്. കൂടാതെ ചില സ്ഥാപനങ്ങളിൽ ഉപഭോക്താക്കൾക്ക് നേരിട്ട് നൽകിയും ഷോ റൂമുകൾ മുഖേനയും ഉൽപ്പന്നങ്ങളുടെ വില്പന നടത്തിവരുന്നു. എൻജിനീയറിംഗ് ഇലക്ട്രോണിക്സ് മേഖലയിലുള്ള സ്ഥാപനങ്ങളിൽ ഉപഭോക്താവിന്റെ ആവശ്യമനുസരിച്ച് ഡിസൈൻ ചെയ്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ഇതിനാവശ്യമായ ചെലവ് കണക്കിലെടുത്ത് ഉപഭോക്താവുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന വിലനിലവാരമനുസരിച്ചും വില്പന നടന്നുവരുന്നു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളുടെ പ്രധാന ഉൽപ്പന്നമായ നൂലിന്റെ വില്പന സ്ഥാപന മേധാവികൾ ഉൾപ്പെടുന്ന കമ്മിറ്റി പൊതു വിപണിയിലെ വിലയെ അടിസ്ഥാനപ്പെടുത്തി കാലാകാലങ്ങളിൽ അടിസ്ഥാന വില നിശ്ചയിച്ച് വിപണിയിൽ ലഭ്യമായ മികച്ച വിലയ്ക്ക് വില്പന നടത്തുന്നു. ചില സ്ഥാപനങ്ങൾ അംഗീകൃത ഉപഭോക്താക്കളിൽനിന്നും ക്വട്ടേഷനുകൾ ക്ഷണിച്ച് അതാത് ദിവസത്തെ ഉയർന്ന കമ്പോള വിലയനുസരിച്ചും വില്പന നടത്തിവരുന്നു.

(സി) ഈ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ, ഇ.പി.എസ്., ഇ.എസ്.ഐ. മറ്റ് സ്റ്റാറ്റ്യൂട്ടറി ഇനത്തിൽ അടക്കമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ, ഇ.പി.എഫ്., ഇ.എസ്.ഐ., മറ്റ് സ്റ്റാറ്റ്യൂട്ടറി ഇനത്തിലടക്കമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിർമ്മാണമേഖലയിലെ പ്രതിസന്ധി

173 (1903) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ഡൗണും ഇന്ധന വിലവർദ്ധനയും നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റവും നിർമ്മാണമേഖലയിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വിലകൂടുന്നതു കാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു. സംസ്ഥാനത്തിനാവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കും. എന്നിരുന്നാലും സർക്കാർ സിമന്റ്/സ്റ്റീൽ ഉല്പാദകരുടെ യോഗം 1-6-2021-ൽ വിളിച്ചിരുന്നു. അതിനുശേഷം ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി ഗണ്യമായ കുറവ് വിലയിൽ വരുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഒരു താത്കാലിക ആശ്വാസമെന്ന നിലയിൽ മലബാർ സിമന്റ്സിനോട് നിലവിലെ വിൽപ്പന വിലയിൽ 5 രൂപ കുറച്ച് വിൽക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ഡൗൺ സമസ്ത മേഖലകളെയും കൂടാതെ ധാതുഖനനം, ചരക്കുകടത്ത് എന്നിവയെയും ബാധിക്കുകയും തത്ഫലമായി ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്ക് ഗതാഗത തടസ്സം വരാതിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണമേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം

കൂടി ദീർഘിപ്പിച്ചു. പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രവാസി നിക്ഷേപം**

174 (1904) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ സഹകരണത്തോടെ സംസ്ഥാനത്ത് പുതിയ ഏതൊക്കെ സംരംഭങ്ങളാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും ഇതിലൂടെ എത്ര കോടി നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന പ്രവാസി നിക്ഷേപ കമ്പനിയുടെ ആദ്യ സംരംഭമായി അന്താരാഷ്ട്ര നിലവാരത്തിൽ 30 വഴിയോര വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. 450 കോടി രൂപ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന ഈ കേന്ദ്രങ്ങളിൽ 32500 ജോലി സാധ്യതകൾ ഉണ്ടാകും. പ്രവാസി മലയാളികൾക്ക് ഇതിൽ നിക്ഷേപം ചെയ്യാനുള്ള അവസരം ലഭിക്കും.

(ബി) പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനായി അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങളിൽ ഏതെല്ലാം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കുമോ?

പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനായി അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങളിൽ പ്രാവർത്തികമായിട്ടുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു:

മെ. കേരൾ ട്രാൻസ്ഫോർമേഴ്സ്, കോരാണി, (തിരുവനന്തപുരം) മെ. ക്ലീൻ & ക്ലീൻ, ഡി.എ.,വേളി, (തിരുവനന്തപുരം) ടി.എസ്.ടി.പി, കിൻഫ്ര, കുന്നന്താനം, (പത്തനംതിട്ട) മെ. സായാസ് കിച്ചൻ, ഹരിപ്പാട്, (ആലപ്പുഴ) മെ. ജോയ്സോ പിഗ്-മെൻസ്, കിൻഫ്ര പാർക്ക് നെല്ലാട്, (എറണാകുളം) മെ. പോപുലർ ഇൻഡ്സ്ട്രീസ്, ഡി.എ, എടയാർ (എറണാകുളം), മെ. ഗാലക്സി അലുമിനിയം ഇൻഡസ്ട്രീസ്, പിറവം (എറണാകുളം), മെ. ഭാരത് ഗാർമെന്റ്സ്,

എറണാകുളം, മെ. ത്രീസ്റ്റാർ ക്രിയേഷൻസ് ആലുവ, എ മെ. ഭാരത് ജെ.എം. എഞ്ചിനീയറിംഗ്, തൊടുപുഴ (ഇടുക്കി), മെ. ആർട്ടിക് ബാത്ത് പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക്, കൊരട്ടി (തൃശ്ശൂർ), മെ. സ്റ്റീലെക്സ് ഇന്നോവേഷൻസ്, ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ കഞ്ചിക്കോട് (പാലക്കാട്), മെ. ട്രസ്റ്റീൽ പെബ് പ്രൈവറ്റ് ലിമിറ്റഡ് കഞ്ചിക്കോട് (പാലക്കാട്), ബ്ലൂ-മൗണ്ട് ഗ്രൂപ്പ്, വെസ്റ്റ്ഹിൽ കോഴിക്കോട്. മെ. സിൻസിയർ എക്സ്ട്രാക്ഷൻ, കുറ്റിപ്പുറം (മലപ്പുറം), കോഴിക്കോടൻ അഗ്രോഫുഡ് & എക്സ്പോർട്ടേഴ്സ് ലിമിറ്റഡ് കാക്കൻചേരി, (മലപ്പുറം) മലയിൽ ഫുഡ് പാർക്ക്, മലപ്പുറം അല്യ ക്രാഫ്റ്റ് മാനുഫാക്ചറിംഗ് & മാർക്കറ്റിങ്, പെരിന്തൽമണ്ണ, മലപ്പുറം മെ. നിസാമി ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക് നാടുകാണി (കണ്ണൂർ). മെ. മാർഷൽ ഇൻഡസ്ട്രീസ്, കൊലക്കോട് (കണ്ണൂർ), മെ. സൺറൈസ് അഗ്രോ ഫുഡ് പ്രോഡക്ട്സ് അനന്തപുരം (കാസർഗോഡ്) .

(സി) പ്രവാസി വ്യവസായികളെ ആകർഷിക്കുന്നതിനായി മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് നിക്ഷേപം സാധ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ?

അസെൻഡ് 2020 ഉൾപ്പെടെയുള്ള നിക്ഷേപ സംഗമങ്ങളിൽ താൽപ്പര്യം പ്രകടിപ്പിച്ച് പ്രവാസി ഗൾഫ് മലയാളികൾ ഉൾപ്പെടെയുള്ളവർ മുന്നോട്ടു വന്നിട്ടുള്ളത് ഇത്തരം ഔദ്യോഗിക സന്ദർശനങ്ങളിൽ നടത്തുന്ന ഫലപ്രദമായ ഇടപെടലുകൾമൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാരുടെ നിയമനം**

175 (1905) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എം. ഡി. നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്

സഹിതം പ്രസ്തുത തസ്തികയിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുത്ത് നൽകുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം KPESB യുടെ വെബ് സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, അതിൽനിന്നും യോഗ്യരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി അനുയോജ്യരായവരെ അറിയിക്കുകയും ചെയ്യുന്നു. വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം ക്യാബിനറ്റിൽ വച്ച് അംഗീകാരം നേടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ നിലവിൽ എം.ഡി.-മാരായി തുടരുന്നവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, നിയമന കാലാവധി എന്നിവ വിശദമാക്കുമോ?

വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എം. ഡി. തസ്തികയിൽ ഒന്നിൽ കൂടുതൽ (ഇരട്ടപദവിയിൽ) മേൽ സ്ഥാപനങ്ങളിൽ തുടരുന്നവരുടെ വിശദാംശങ്ങൾ നൽകുമോ?

എം. ഡി. തസ്തികയിൽ ഒന്നിൽ കൂടുതൽ (ഇരട്ടപദവിയിൽ) തുടരുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഏതെല്ലാം എം.ഡി.-മാരുടെ പേരിൽ വിജിലൻസ് പരാതിയിന്മേൽ അന്വേഷണം നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന മുൻ/നിലവിലുള്ള മാനേജിംഗ് ഡയറക്ടർമാർക്കെതിരെ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അന്വേഷണം നടക്കുന്നുണ്ട്.

(1) ശ്രീ. എൻ. ആർ.സുബ്രഹ്മണ്യൻ മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്

(2) ശ്രീ. പ്രഭാത് കുമാർ, മുൻ മാനേജിംഗ് ഡയറക്ടർ, ടെൽക്

(3) ശ്രീ. സജി ബഷീർ, മുൻ മാനേജിംഗ് ഡയറക്ടർ, സിഡ്കോ & മുൻ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്.

(4) ശ്രീ. അസിം ഇസ്മയിൽ, മാനേജിംഗ് ഡയറക്ടർ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്.

(5) ശ്രീ. സായ്ദേവ്, എം. ഡി., സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(6) ശ്രീ. കെ. വി. മേനോൻ, മുൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ടെക്സ്റ്റൈൽ ഫെഡറേഷൻ കേരള ലിമിറ്റഡ്.

(7) ശ്രീ. ടി. സി. ഖാലിദ്, മുൻ മാനേജിംഗ് ഡയറക്ടർ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്.

(8) ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്.

(9) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്. മുൻ മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്.

(10) ശ്രീ. എം. പ്രകാശ്, മുൻ മാനേജിംഗ് ഡയറക്ടർ, ഹാന്റക്സ്.

(11) ശ്രീ. എം. കെ. സലിം, മാനേജിംഗ് ഡയറക്ടർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ.

(12) ശ്രീ. കെ. പത്മകുമാർ, മുൻ മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ് ലിമിറ്റഡ്.

**ചക്കയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ**

176 (1906) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചക്കയിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതികൊണ്ട് എന്തെല്ലാമാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്ന് വിശദമാക്കുമോ?

വയനാട് ജില്ലയിൽ ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളെ വ്യവസായ വകുപ്പിന്റെ സംരംഭകത്വ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

177 (1907) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2016 മുതൽ കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) - 82.43 ലക്ഷം രൂപ
2. പി.എം.ഇ.ജി.പി. (മാർജിൻ മണി ഗ്രാന്റ്) - 95.65 ലക്ഷം രൂപ
3. ഗാർഹിക നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി - 18,000 രൂപ
4. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി - 2.8 ലക്ഷം രൂപ
5. വ്യവസായ ഭദ്രത (പലിശയിളവ് പദ്ധതി) - 89,000 രൂപ
6. താലൂക്കുതല നിക്ഷേപക സംഗമം - 1.27 ലക്ഷം രൂപ
7. താലൂക്കുതല ബോധവൽക്കരണ പരിപാടി - 97,000 രൂപ
8. സാങ്കേതിക മാനേജ്മെന്റ് വികസന പരിപാടി - 2.6 ലക്ഷം രൂപ
9. എൽ.എസ്.ജി.ഡി. ബോധവൽക്കരണ പരിപാടി -1.80 ലക്ഷം രൂപ
10. സാങ്കേതിക ശിൽപ്പശാല - 7,000 രൂപ

## പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം

178 (1908) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെയും പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ കൊല്ലക്കടവ് ഡെവലപ്മെന്റ് ഏരിയയിൽ നിലവിൽ 16.22 ഏക്കർ സ്ഥലം ഉണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.* കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിനു കീഴിൽ വരുന്ന 4 നൂൽപ് കേന്ദ്രങ്ങളും ഒരു ഖാദി സൗഭാഗ്യയും (ഏജൻസി ഭവൻ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്. താമരക്കുളം, വള്ളികുന്നം-I & II, മാങ്കാംകുഴി എന്നീ സ്ഥലങ്ങളിൽ നൂൽപ് കേന്ദ്രങ്ങളും ചാരുംമൂട് എന്ന സ്ഥലത്ത് ഖാദി സൗഭാഗ്യയും പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് എ. ഡി. എഫിൽ അനുവദിച്ച തുക ഹെഡ് ഓഫ് അക്കൗണ്ട് മാറിയതിനെത്തുടർന്ന് വ്യവസായ വകുപ്പ് വകമാറ്റി ചെലവഴിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തിക്ക് അനുവദിച്ച തുക ഹെഡ് മാറിപ്പോയതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ആലപ്പുഴ സർവ്വോദയ സംഘം അറിയിച്ചിട്ടുണ്ട്.

(സി) ഈ ഭരണാനുമതിയും തുകയും വിനിയോഗിച്ച് പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാവേലിക്കര നിയോജക മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി സൗഭാഗ്യ, കേന്ദ്ര ഖാദി കമ്മീഷന്റെ അംഗീകാരത്തോടെ ആലപ്പുഴ സർവ്വോദയ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ മുഖേന നടപ്പാക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന് ഈ കാര്യത്തിൽ തടസ്സമില്ല. ഭരണാനുമതി ലഭിച്ച ഈ പദ്ധതിക്ക് ലഭിച്ച തുക വിനിയോഗിക്കാൻ കഴിയുന്നില്ല എന്ന വിഷയം ആലപ്പുഴ സർവ്വോദയ സംഘം ഖാദി ബോർഡ് മുഖേന സർക്കാർ തലത്തിലും കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ തലത്തിലും ബന്ധപ്പെട്ട് മാത്രമേ പരിഹരിക്കാൻ കഴിയൂ.

**ആലത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

179 (1909) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി വ്യവസായ വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

1. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)
2. പി.എം.ഇ.ജി.പി. പദ്ധതി
3. വ്യവസായ വികസന ഓഫീസർമാർ മുഖേന ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതി
4. സംരംഭകത്വ ക്ലബ്ബുകൾ (ED Club) ഇ.എസ്.എസ് - സംരംഭക സഹായ പദ്ധതി മുഖേന 8 യൂണിറ്റുകൾക്കായി 15,80,056 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. വ്യവസായ വികസന ഓഫീസർമാർ മുഖേന ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതി പ്രകാരം 90,19,787 രൂപ സബ്സിഡിയായി നൽകുകയും 353 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എട്ട് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുകയും 80,000 രൂപ ഗ്രാന്റായി നൽകുയും ചെയ്തിട്ടുണ്ട്.

## കിറ്റെക്സിൽ നടത്തിയ പരിശോധന

180 (1910) <u>ശ്രീ. എം. എം. മണി:</u>
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u>
<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ യുവാക്കളുടെ പട്ടിക ഉന്നയിച്ചുകൊണ്ട് കിറ്റെക്സ് മാനേജിംഗ് ഡയറക്ടർ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തിയിട്ടുള്ള ആരോപണങ്ങൾ സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അപകീർത്തിപ്പെടുത്തുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിലെ വ്യവസായ മേഖലയിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭ സൗഹൃദമാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെ വസ്തുതാപരമല്ലാത്ത ചില ആരോപണങ്ങൾ ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. വ്യവസായ സംരംഭകർക്ക് അനുകൂലമായ രീതിയിൽ സർക്കാർ സ്വീകരിക്കുന്ന വിവിധ നടപടികളെ വ്യവസായികളെ പ്രതിനിധീകരിക്കുന്ന വിവിധ സംഘടനകൾ പിന്തുണച്ചിട്ടുണ്ട്.

(ബി) കിറ്റെക്സിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ?

കിറ്റെക്സിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് സർക്കാരിന് പരാതി നൽകിയിട്ടില്ല.

(സി) പരിശോധന നടത്താനിടയായ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ?

കിറ്റെക്സ് കമ്പനിയിൽ ജാർഖണ്ഡ്, ഒറീസ, സ്വദേശികളായ നിരവധി വനിതാ ജീവനക്കാർ നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും, ആയതിനെതിരെ ബഹുമാനപ്പെട്ട എം. പി. ശ്രീ. ബെന്നി ബെഹനാൻ ബഹുമാനപ്പെട്ട ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ 293/11/3/2020BLM-II നമ്പറായി പരാതി സമർപ്പിക്കുകയും, ടി പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുന്നത്തുനാട് തഹസീൽദാറിൽനിന്നും ജില്ലാ ലേബർ ഓഫീസറിൽനിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടുള്ളതും ആയത് ക്രോഡീകരിച്ച് ബഹു. ദേശീയ മനുഷ്യാവകാശ കമ്മീഷനിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. കൂടാതെ വിവിധ പരാതികളിൽ ജില്ലാ ലേബർ ഓഫീസറും, പൊല്യൂഷൻ കൺട്രോൾ ബോർഡും ജില്ലാ ലീഗൽ സെൽ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം മറ്റ് ചില വകുപ്പുകളും പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) മുൻ വർഷം നടത്തിയ ആഗോള നിക്ഷേപക സംഗമത്തിൽ കമ്പനി താത്പര്യപത്രം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

നൽകിയിരുന്നു.

(ഇ) ആയതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അധികൃതരുമായി നടത്തിയ ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങളാണ് കമ്പനി മുന്നോട്ടുവച്ചതെന്ന് അറിയിക്കാമോ?

താല്പര്യപത്രം നൽകിയതിനുശേഷം 2020 മാർച്ചിൽ ഒരു മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി ചർച്ചയ്ക്ക് അവർ സന്നദ്ധമായിട്ടില്ല.

**മലമ്പുഴയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

181 (1911) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നത് പേര് സഹിതം അറിയിക്കാമോ;

പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡും, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒലവക്കോട് ഉള്ള യൂണിറ്റും മലമ്പുഴ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ 2020-21-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം മലബാർ സിമന്റ്സ് ലിമിറ്റഡ് ലാഭത്തിലും, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

## വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക

182 (1912) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട് 2018-19, 2019-20 വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; പ്രസ്തുത സൂചിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

2018-19-ൽ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ വ്യവസായവുമായി ബന്ധപ്പെട്ട സൂചകങ്ങൾ ലക്ഷ്യം 9-ലും 2019-20-ൽ ലക്ഷ്യം-8, ലക്ഷ്യം -9 എന്നിവയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആയവയുടെ 2018-19, 2019-20 വർഷങ്ങളിലെ സുസ്ഥിര വികസന സൂചികയിലെ സ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു:

| ലക്ഷ്യം | 2018-19 | | 2019-20 | |
|---|---|---|---|---|
| | സ്കോർ | റാങ്ക് | സ്കോർ | റാങ്ക് |
| ലക്ഷ്യം 8 | -- | -- | 61 | 23 |
| ലക്ഷ്യം 9 | 68 | 2 | 88 | 1 |

2019-20-ൽ ലക്ഷ്യം 8-ൽ വ്യവസായവുമായി ബന്ധപ്പെട്ട് പരിഗണിക്കുന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ' എന്ന സൂചകം കണക്കാക്കുന്നത് മിനിസ്ട്രി ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് എന്ന കേന്ദ്ര മന്ത്രാലയം തയ്യാറാക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിലെ കേരളത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സ്കോർ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ 2020-21 മുതൽ കേരളത്തിന്റെ ഫീഡ്ബാക്ക് സ്കോർ ആണ് സൂചകത്തിന് കണക്കാക്കുന്നത്.

ലക്ഷ്യം 9-ൽ വ്യവസായവുമായി ബന്ധപ്പെട്ട 4 സൂചകങ്ങളും ആയത് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു:

| സൂചകം | മാനദണ്ഡം |
|---|---|
| ലീഡ്സ് ഇൻഡക്സിലെ സ്കോർ | മിനിസ്ട്രി ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് തയ്യാറാക്കുന്ന ലീഡ്സ് ഇൻഡക്സ് റിപ്പോർട്ടിലെ കേരളത്തിന്റെ സ്കോർ പരിഗണിക്കുന്നു |
| Percentage Share of GVA in manufacturing to total GVA | സൂചകം കണക്കാക്കുന്നതിനുള്ള ഡാറ്റ MoSPI യുടെ ഡാറ്റാബേസിൽ നിന്നാണ് ശേഖരിക്കുന്നത്. |
| Manufacturing employment as a percentage of total employment (ഉൽപ്പാദന മേഖലയെ അടിസ്ഥാനമാക്കി തൊഴിലവസരങ്ങളുടെ അനുപാതം മൊത്തം തൊഴിലവസരങ്ങളുമായി തട്ടിക്കുമ്പോൾ) | Periodic Labours Force Survey (PFLS)ൽ നിന്നുള്ള ഡാറ്റ അടിസ്ഥാനമാക്കി |
| Innovation Score as per Innovation index | നീതി ആയോഗ് തയ്യാറാക്കുന്ന Innovation Index-ലെ കേരളത്തിന് ലഭിച്ച സ്കോർ പരിഗണിക്കുന്നു. |

(ബി) രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് ആരാണ്; ഇതിനായി ഇവർ എന്തൊക്കെ കാര്യങ്ങളാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഫീസ് അടയ്ക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരിക

എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്.

(സി) ഇതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാനനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസ വ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്ന് കാട്ടി സംസ്ഥാനം പലതവണ DPIIT യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനം DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

**കോവിഡ് സമാശ്വാസ പദ്ധതി**

183 (1913) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യവസായ വാണിജ്യ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സമാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽനിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതിയനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രസ്തുത പാക്കേജനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷംകൊണ്ട് പലിശ രഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്കാവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ

കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്.

(ബി) സമാശ്വാസ പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ മേഖലകൾക്കായി പ്രഖ്യാപിച്ച നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുവാനും കൂടുതൽ ധനസഹായം നൽകുവാനും തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ അറിയിക്കുമോ?

ഇല്ല.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, യുവജനങ്ങൾ എന്നിവർക്കൊപ്പം പ്രവാസി മലയാളികളെയും പ്രത്യേക വിഭാഗമായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളിലായാണ് സഹായം നല്കുന്നത്.ഈ പദ്ധതിപ്രകാരം ഉല്പാദനസംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. കോവിഡ് 19 - ന്റെ ഭാഗമായി പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജ് പ്രകാരം സംരംഭകത്വസഹായ പദ്ധതി പ്രകാരം പ്രത്യേക വിഭാഗത്തിൽ ഉൾപ്പെട്ട യുവാക്കൾ, വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി നൽകുന്ന സബ്സിഡി 5% എന്നത് 10% ആയി വർദ്ധിപ്പിക്കുകയും പ്രത്യേക വിഭാഗത്തിൽ NRK- യെകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭ സഹായ സബ്സിഡി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭ സഹായ സബ്സിഡി ഉയർത്തിയിട്ടുണ്ട്:

1. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന

വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

3. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

## മൂല്യവർദ്ധിത ഉത്പന്നങ്ങൾ

184 (1914) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗതമായി വ്യവസായത്തിന് മൂല്യം കണ്ടെത്തുന്ന സുഗന്ധദ്രവ്യങ്ങൾ, മൽസ്യം, മറ്റ് കാർഷിക വിഭവങ്ങൾ മുതലായ ഉത്പന്നങ്ങളുടെ ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ അനുബന്ധ വ്യവസായപാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1. ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം
2. കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല – മലപ്പുറം.
3. ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ
4. ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ
5. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
6. സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ

ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി വ്യവസായ പാർക്കിൽ ഭക്ഷ്യ സംസ്കരണ കാർഷിക ഉല്പന്നാധിഷ്ഠിത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് മെഗാഫുഡ് പാർക്ക്, നാളികേരാനുബന്ധ വ്യവസായങ്ങൾ എന്നിവ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**സൗരോർജ്ജ ഉത്പാദന പദ്ധതികൾ**

185 (1915) <u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉത്പാദനപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ നടത്തിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉല്പാദന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കെൽട്രോൺ കൺട്രോൾസ് അരൂരിൽ 2 മെഗാവാട്ട് ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ്, ആലുവ നേവൽ ആർമ്മമെന്റ് ഡിപ്പാർട്ട്മെന്റിൽ 1 മെഗാവാട്ടിന്റെ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കെ. എസ്. ഇ. ബി. പാലക്കാട് ഡിവിഷനുവേണ്ടി 500 കിലോ വാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ് സെപ്തംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. സി-ഡാക്കിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇടുക്കി രാമക്കൽമേട്ടിൽ കെൽട്രോൺ നിർമ്മിക്കുന്ന ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 500 കിലോവാട്ട് പ്ലാന്റിന്റെ സ്ഥാപനം ഓഗസ്റ്റ് മാസത്തോടെയും ബാക്കി 500 കിലോവാട്ട് പ്ലാന്റിന്റെ സ്ഥാപനം ഡിസംബർ മാസത്തോടെയും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെൽട്രോൺ സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ് (പി.സി.യു) നിർമ്മാണത്തിനും ഉൽപ്പന്നങ്ങളുടെ വാണിജ്യവൽക്കരണത്തിനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) കരകുളത്തെ കെൽട്രോൺ പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കരകുളത്തെ കെൽട്രോൺ പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി വിദഗ്ദ്ധസമിതി മുൻപാകെ സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള കാര്യം കെൽട്രോൺ സ്വീകരിച്ചുവരുന്നു.

**വ്യവസായ പ്രതിസന്ധി**

186 (1916) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം പ്രതിസന്ധിയിലായ വ്യവസായസ്ഥാപനങ്ങൾ, വ്യാപാരികൾ എന്നീ വിഭാഗങ്ങളുടെ സംരക്ഷണത്തിന് പുതുതായി ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വ്യാപാര മേഖലയ്ക്കായി മാത്രം പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് മുൻവർഷം സർക്കാർ രൂപം നൽകി നടപ്പിലാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങുപലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ പരമാവധി 60000 രൂപ വരെ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായസംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നവയാണ്.

1. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായമനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനവ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപവരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ.

ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. ഈ പാക്കേജനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേയ്ക്ക് KSIDC-യുടെ SDF-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടുകൂടി 80%, 5 വർഷംകൊണ്ട് പലിശരഹിത അടവോടുകൂടി വ്യാവസായികവളർച്ച കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ KSIDC-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. ഇത് കൂടാതെ കിൻഫ്ര പാർക്കുകളിലെ ബഹുനില ഫാക്ടറി കെട്ടിടസമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടകയും കോമൺ ഫെസിലിറ്റി ചാർജ്ജും 3 മാസത്തേയ്ക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. കോവിഡ് 19 സമാശ്വാസ പദ്ധതി പ്രകാരം കിൻഫ്ര പാർക്കുകളിലെ ഭൂമിയുടെ വില 2020 മാർച്ചിലെ സ്ഥിതിയിൽ തുടരുന്നതാണ്. കിൻഫ്ര പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ള സംരംഭകർക്ക് അവരുടെ കുടിശ്ശികയിനത്തിൽ വന്ന കടബാധ്യത തീർപ്പാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതാണ്.

(ബി) വ്യവസായ മേഖലയ്ക്കുവേണ്ട അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനവ് പരിഹരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന പദ്ധതികളും സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന എം.എസ്.ഇ.-സി.ഡി.പി. പദ്ധതിപ്രകാരം ക്ലസ്റ്റർ അധിഷ്ഠിത പൊതുസേവനകേന്ദ്രമായി റോ മെറ്റീരിയൽ ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം വ്യവസ്ഥചെയ്തിട്ടുണ്ട്.

**വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

187 (1917) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരെ ബുദ്ധിമുട്ടിക്കുന്നതും യുക്തിരഹിതമായി പ്രവർത്തിക്കുന്നതുമായ വകുപ്പുകളെകുറിച്ച് പരിശോധിക്കുവാൻ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) എങ്കിൽ അപ്രകാരം നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതി അംഗങ്ങൾ ആരൊക്കെയെന്ന് അറിയിക്കുമോ; സമിതി റിപ്പോർട്ട് എത്ര ദിവസത്തിനകം നൽകാനാണ് സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

വകുപ്പുകളെ സംബന്ധിച്ച പഠനത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല. എന്നാൽ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഏതെങ്കിലും നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. കെ. സി. സണ്ണി, വൈസ് ചാൻസലർ, NUALS, ചെയർമാനായും ശ്രീ. കെ. ശശിധരൻ നായർ, നിയമപരിഷ്കാര കമ്മീഷൻ ചെയർമാൻ മെമ്പറായും ശ്രീ. ജെ. നന്ദകുമാർ എം.എസ്. (കില) special invitee ആയും 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയെ 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) വ്യവസായ സംരംഭകർക്ക് ഉദ്യോഗസ്ഥർ തുടങ്ങി ഇതര വിഭാഗങ്ങളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകളും ആവലാതികളും വ്യവസായവകുപ്പിനെ അറിയിക്കാൻ എന്തൊക്കെ നടപടികളാണ് അടിയന്തരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ

കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനായി താലൂക്ക് വ്യവസായ ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഓഫീസുകളിൽ സംവിധാനം നിലവിലുണ്ട്. ഇതുകൂടാതെ ബ്ലോക്ക് തലത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സേവനവും ലഭ്യമാണ്. സൂക്ഷ്മചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ. എസ്. ഐ. ഡി. സി. -യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ സംരംഭകർക്കാവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ജില്ലാ-സംസ്ഥാനതലങ്ങളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വ്യവസായപുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി ബഹുമാനപ്പെട്ട വ്യവസായ കയർ നിയമ വകുപ്പുമന്ത്രി ജില്ലാടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയവിനിമയം നടത്തുന്ന മീറ്റ് ദി മിനിസ്റ്റർ എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്.

**വാണിജ്യ സംരംഭങ്ങൾക്ക് ഏകജാലകം**

188 (1918) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭങ്ങൾ ആരംഭിക്കുന്നതിന് വാണിജ്യ മേഖലയ്ക്കും ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ: എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിലുള്ള കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ വാണിജ്യമേഖലയിലെ സംരംഭങ്ങൾക്കും സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ ലഭ്യമാകുന്നതാണ്.

(ബി) സംരംഭകർക്കായി പരാതി പരിഹാര ഫോറം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി

നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി ബഹുമാനപ്പെട്ട മന്ത്രിസഭ ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിയും ബാങ്കുകളുടെ ഭീഷണിയും അവ്യക്തമായ സർക്കാർ ഉത്തരവുകളും ഓൺലൈൻ വ്യാപാര സംവിധാനങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ വ്യവസായവും വാണിജ്യവും പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ ഭദ്രത കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്വഴി നടപ്പിലാക്കുന്നവയാണ്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (scheme interest Subvention on term Loan and Working Capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപവരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിനനുയോഗ്യമാക്കും.

4. നിലവിൽ 5 ലക്ഷം രൂപവരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപവരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോയൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. കൂടാതെ മൂലധന ഗ്രാന്റുകളുടെയും, പ്രവർത്തന മൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ/നഷ്ടത്തിൽ പ്രവർത്തിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

a. The Kerala stressed MSMEs Revival & Rehabilitation Scheme തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനരഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപവരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ്. The Kerala stressed MSMEs Revival & Rehabilitation Scheme പ്രകാരം,

1. നിലവിലുള്ള ബാങ്ക് വായ്പ പുനഃക്രമീകരിച്ച് ബാങ്ക് നൽകുന്ന അധിക വായ്പയ്ക്കാവശ്യമായ ഗുണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നു.

2. വിദഗ്ദ്ധസമിതി ശിപാർശ ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ബാങ്ക് നൽകുന്ന അധിക വായ്പയിൽ ആദ്യവർഷം 6% പലിശ സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ നൽകുന്നു.

3. പുനഃപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പാസഹായമില്ലാതെ പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധസമിതി ശിപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷീനറികളുടെ വിലയുടെ 50% പരമാവധി 1.5 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു.

4. നിലവിലുള്ള മെഷീനറികളുടെയും കെട്ടിടത്തിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള ചെലവിന്റെ 50% പരമാവധി 1 ലക്ഷം രൂപ തിരിച്ച് നൽകുന്നു.

5. കെ.എസ്.ഇ.ബി, ജി.എസ്.ടി, എക്സ്സൈസ്, മലിനീകരണ നിയന്ത്രണബോർഡ് തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള കുടിശ്ശിക തീർക്കുന്നതിന് 50% പരമാവധി 40000 രൂപവരെ സഹായം നൽകുന്നു.

6. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10000 രൂപ വരെ) തിരികെ നൽകുന്നു.

(b) Revival and rehabilitation scheme for defunct MSMEs and cashew processing units കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിരനിക്ഷേപത്തിനും പ്രവർത്തനമൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival rehabilitation scheme for defunct MSMEs and cashew processing units. പദ്ധതിയിൽ താഴെപ്പറയും പ്രകാരം സാമ്പത്തികസഹായം അനുവദിക്കുന്നു:

<u>കെട്ടിടനവീകരണം</u>: മൊത്തം പുനരുദ്ധാരണ പദ്ധതിച്ചെലവിന്റെ 25%, 2 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്ലാന്റും മെഷീനറിയും വൈദ്യുതീകരണവും:</u> മൊത്തം പുനരുദ്ധാരണ പദ്ധതിച്ചെലവിന്റെ 40%, 8 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്രവർത്തനമൂലധനം (മാർജിൻ):</u> ധനകാര്യസ്ഥാപനം അനുവദിക്കുന്ന പ്രവർത്തന മൂലധനവായ്പയുടെ മാർജിന്റെ 50%, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ.-കൾക്ക് 2 ലക്ഷമായും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് 5 ലക്ഷമായും നിജപ്പെടുത്തി അനുവദിക്കുന്നു. പദ്ധതിയിലൂടെയുള്ള ആകെ ധനസഹായം പ്രവർത്തനരഹിതമായ MSME-കൾക്ക് 12 ലക്ഷമായും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് 15 ലക്ഷമായും നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംരംഭക സഹായപദ്ധതി (ഇ.എ.എസ്) പ്രകാരം നിലവിലുള്ള സംരംഭങ്ങൾ ആധുനികവത്കരണം, വൈവിധ്യവത്കരണം, വിപുലീകരണം എന്നിവയുടെ ഭാഗമായി നടത്തുന്ന സ്ഥിരനിക്ഷേപത്തിന്മേൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. കൂടാതെ കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട

വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. ഈ പാക്കേജനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാകേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലാനുസൃതമായി മാറ്റം വരുത്തുന്നതിനുള്ള കരട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

## മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്

189 (1919) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വീട് നിർമ്മിക്കുന്നതിനായി സാധാരണ മണ്ണെടുത്തുമാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് കീഴിൽ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ?

601 അപേക്ഷകൾ.

(ബി) വീട് നിർമ്മിക്കുന്നതിന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി മണ്ണെടുക്കാനായി നൽകിയ അപേക്ഷയിൽ നിലവിൽ കൊല്ലം ജില്ലയിൽ എന്നുവരെയുള്ള അപേക്ഷകൾ തീർപ്പാക്കിയെന്ന് അറിയിക്കുമോ?

അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ 13-10-2020 വരെയുള്ള അപേക്ഷകളിലും പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളിൽ (ലൈഫ് മിഷൻ, ദുരന്തനിവാരണം, ജവാൻ, കോടതി ഉത്തരവുകൾ) 10-3-2021 വരെയുള്ള അപേക്ഷകൾക്കുമാണ് കൊല്ലം ജിയോളജിസ്റ്റ് അനുമതി നൽകിയിട്ടുള്ളത്.

(സി) അപേക്ഷകൾ ആവശ്യമായ പരിശോധനകൾ നടത്തി സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകുമോ;

&

(ഡി) ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ?

6 മാസത്തിലേറെയായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം സ്ഥലപരിശോധന നടത്തി വേഗത്തിൽ തീർപ്പാക്കാൻ കൊല്ലം ജില്ലാ ജിയോളജിസ്റ്റിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ**

190 (1920) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖല ഈ കോവിഡ് കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലം കൈത്തറി മേഖലയിൽ നൂൽക്ഷാമം, തൊഴിൽനഷ്ടം, വിപണനക്കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. കുടിശ്ശിക കൂലി നൽകുന്നതിനും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനുമായി, 2020-21 സാമ്പത്തിക വർഷം റിബേറ്റ് ദിനങ്ങൾ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡുവഴി ധനസഹായ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായുള്ള 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

(ബി) ഒരു വർഷത്തേയ്ക്ക് രണ്ടുമാസം മാത്രം നെയ്യാനുള്ള നൂൽ നൽകിയിരുന്നിടത്ത് ഇപ്പോൾ ഒരു തൊഴിലാളിക്ക് 150 മീറ്റർ നൂൽ മാത്രമേ നെയ്യാൻ നൽകുകയുള്ളൂവെന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ടോ?

കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി ഒരു നെയ്ത്ത് തൊഴിലാളിക്ക് പരമാവധി, ഒരു ദിവസം ആറ് മീറ്റർ നെയ്യുന്ന കണക്കുപ്രകാരം ഒരു മാസം 150 മീറ്റർ നൂലാണ് വിതരണം ചെയ്തുവരുന്നത്.

(സി) സംസ്ഥാനത്തെ ടെക്സ്റ്റൈൽ കോർപ്പറേഷനുകളിലെ മില്ലുകളെല്ലാം നൂലിന്റെയും അസംസ്കൃത വസ്തുക്കളുടെയും ക്ഷാമം മൂലവും ഭീമമായ വൈദ്യുതി

കുടിശ്ശികയുടെ പേരിലും അടഞ്ഞുകിടക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നൂലിന്റെയും അസംസ്കൃത വസ്തുക്കളുടെയും ക്ഷാമം മൂലവും ഭീമമായ വൈദ്യുതി കുടിശ്ശികയുടെ പേരിലും നിലവിൽ അടഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ കീഴിലെ മില്ലുകളെല്ലാം 80%-90% വരെ ഉല്പാദനക്ഷമതയോടെ പ്രവർത്തിച്ചുവരികയാണ്. കോർപ്പറേഷന്റെ ഒരു യൂണിറ്റായ കോട്ടയം ടെക്സ്റ്റൈൽസ്, വൈദ്യുതി കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് കെ.എസ്.ഇ.ബി വൈദ്യുതിബന്ധം വിച്ഛേദിക്കുകയും 7-2-2020 മുതൽ മിൽ ലേ-ഓഫിലാകുകയും ഉണ്ടായി. ടി മിൽ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി സർക്കാർ 4.72 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

**കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി**

191 (1921) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി കാരണം കേരളത്തിലെ കൈത്തറി മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19 മഹാമാരിമൂലം കൈത്തറി മേഖലയിൽ നൂൽ ക്ഷാമം, തൊഴിൽനഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്. കുടിശ്ശികയായിരുന്ന കൂലി നല്കുകയും വിപണനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിനായി റിബേറ്റ് ദിനങ്ങൾ അധികമായി അനുവദിക്കുകയുംചെയ്തു. ക്ഷേമനിധി ബോർഡ് വഴി ധനസഹായം നൽകുകയും ചെയ്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടെക്സ്റ്റൈൽസ് മേഖലയുടെ പുനരുദ്ധാരണത്തിനായി 28-5-2020-ലെ സ.ഉ.(സാധാ)നമ്പർ 352/2020/വ്യവ. പ്രകാരം 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ ഹാൻഡ് വിവിനടക്കം നൽകാനുള്ള കുടിശ്ശിക നൽകാതെ നെയ്ത്തു വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) കടുത്ത പ്രതിസന്ധി നേരിടുന്ന ഹാൻഡ് വിവിന് സാമ്പത്തിക സഹായം ലഭ്യമാക്കുമോ; നിലവിൽ സർക്കാർ ഹാൻഡ് വിവിന് കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ആക്ഷേപമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലും ഹാൻവീവിന് കുടിശ്ശികത്തുക നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുടിശ്ശിക തീർക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഹാൻവീവിന് സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

192 (1922) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്ഫെഡിന്റെ കീഴിൽ നടുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി മെഷീനറിയുടെ കാലപ്പഴക്കവും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുംമൂലം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇരുന്നൂറിലധികം തൊഴിലാളികൾ ജോലിചെയ്യുന്ന പ്രസ്തുത സൊസൈറ്റി ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവത്കരണത്തിനായി 2017-18 -ൽ 10 ലക്ഷം രൂപയും 2020-21 സാമ്പത്തികവർഷം 23 ലക്ഷം രൂപയും അനുവദിച്ചുനൽകി. കൂടാതെ 2021-22 സാമ്പത്തിക വർഷം 33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**കൈത്തറി മേഖല**

193 (1923) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതിയാണ് "കൈത്തറി മിത്ര". കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ നെയ്ത്തുകാർക്ക് ആകർഷകമായ വരുമാനം ഉറപ്പുവരുത്തുവാനായി വിപണിക്കനുയോജ്യമായവിധം തുണികൾ, കൈത്തറിയിൽ ഉല്പാദിപ്പിച്ചുനൽകുന്ന പദ്ധതിയാണിത്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി". "ഒരു വീട്ടിൽ ഒരു തറി പദ്ധതി" പ്രകാരം കൂടുതൽ നെയ്ത്തുകാരെ നെയ്ത്തിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. യുവതലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് "യുവവീവ്." പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള, 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് നെയ്ത്തിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിനായി "ടെക്നോളജി അപ്ഗ്രഡേഷൻ" പദ്ധതി പ്രകാരമുള്ള കൈത്തറി സംഘങ്ങളുടെ നവീകരണത്തിനായി തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും സംഘങ്ങളുടെ വർക്ക്ഷെഡ്, വ്യക്തിഗത വർക്ക്ഷെഡ്, ഡൈ ഹൗസ് എന്നിവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നു. കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിത നെയ്ത്തുകാർക്ക് വിശ്രമമുറികൾ, ടോയ്‌ലെറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ച് കൊടുക്കുന്നതിന് "റെസ്റ്റ് റൂം ആന്റ് ടോയ്‌ലെറ്റ് മെയിന്റനൻസ്" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യസംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ ഉൾപ്പെടെ പട്ടുനൂൽ ഉത്പാദനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**കേരള കരകൗശല വികസന കോർപ്പറേഷൻ**

194 (1924) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും 2015-16 മുതൽ 2020-21 വരെ ഓരോവർഷവും ഗ്രാന്റായി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഓരോ വർഷവും കോർപ്പറേഷന് എത്രതുകയുടെ പദ്ധതികൾ അനുവദിച്ചുവെന്നും പ്രസ്തുത പദ്ധതികൾ അനുവദിച്ചുകൊണ്ടുള്ള അനുമതി ഓർഡറുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

1. 2015-16 മുതൽ Integrated Development and Promotion of Handicrafts in Kerala (IDPH) എന്ന പദ്ധതി പ്രകാരം 9.09 കോടി രൂപ
2. 2016-17 - തുക ഒന്നും ലഭ്യമായിട്ടില്ല.
3. 2017-18 - തുക ഒന്നും ലഭ്യമായിട്ടില്ല.
4. 2018-19 - തുക ഒന്നും ലഭ്യമായിട്ടില്ല.
5. 2019-20-ഡിസൈൻ വർക്ക് ഷോപ്പുകൾ, ട്രെയിനിംഗ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുന്നതിലേയ്ക്കായി 62,42,230 രൂപ.
6. 2020-21 - തുക ഒന്നും ലഭ്യമായിട്ടില്ല.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) പ്രസ്തുത കാലയളവിൽ കോർപ്പറേഷന് കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽ നിന്നും ഓരോ വർഷവും ഗ്രാന്റായി ലഭിച്ച തുക എത്രയെന്നും ചെലവഴിച്ച തുക ഓരോ വർഷവും എത്രയെന്നും വ്യക്തമാക്കുമോ?

| വർഷം | ലഭിച്ച തുക | ചെലവാക്കിയ തുക |
|---|---|---|
| 2015-16 | 9.09 കോടി | 86,79,444 |
| 2016-17 | തുകയൊന്നും ലഭ്യമായിട്ടില്ല | 1,81,97,796 |
| 2017-18 | തുകയൊന്നും ലഭ്യമായിട്ടില്ല | 3,29,91,930 |
| 2018-19 | 62,42,230 രൂപ. | |
| 2019-20 | തുകയൊന്നും ലഭ്യമായിട്ടില്ല | 2,17,07,191 |
| 2020-21 | തുകയൊന്നും ലഭ്യമായിട്ടില്ല | 41,79,043 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഐ. ഡി. പി. എച്ച്. എന്ന പ്രത്യേക കേന്ദ്ര പദ്ധതി പ്രകാരം 2015-16-ൽ പ്രസ്തുത കോർപ്പറേഷന് ഗ്രാന്റായി കേന്ദ്ര കരകൗശല കമ്മീഷണറേറ്റിൽനിന്നും അനുവദിച്ച 29.2075 കോടി രൂപയിൽ (25.1525+4.055) നിന്നും ആദ്യ ഗഡുവായി അനുവദിച്ച 9.09 കോടി രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് കോർപ്പറേഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

IDPH എന്ന കേന്ദ്ര പദ്ധതിപ്രകാരം കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര സർക്കാർ 25.15 കോടി രൂപയുടെ പദ്ധതിയിൽ നൽകിയ തുക 9.09 കോടി രൂപയാണ്. പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് 1.50 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കോർപ്പറേഷൻ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ കാലയളവ് 2021 മാർച്ച് മാസം വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിക്കുകയുമുണ്ടായി.

(ഡി) ഈ പദ്ധതിയുടെ ആദ്യ ഗഡുവിനുശേഷമുള്ള ബാക്കി തുകയായ 20.1175 കോടി രൂപയുടെ രണ്ടാമത്തെയും അവസാനത്തെയും ഗഡുക്കൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തുക കോർപ്പറേഷന് നഷ്ടപ്പെടാതിരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

IDPH എന്ന കേന്ദ്ര പദ്ധതി പ്രകാരം കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര സർക്കാർ 25.15 കോടി രൂപയുടെ പദ്ധതിയിൽ നൽകിയ തുക 9.09 കോടി രൂപയാണ്. അനുവദിച്ച തുകയായ 9.09 കോടി രൂപയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കണമെന്നും അതനുസരിച്ച് പദ്ധതിയുടെ ഘടകങ്ങൾ പുനഃക്രമീകരിക്കണമെന്നും കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് പദ്ധതി പുനഃക്രമീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന് തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പതിനായിരം കരകൗശല തൊഴിലാളികളിൽ ഒരാൾക്ക് വീതം പതിനായിരം രൂപയുടെ പണിയായുധങ്ങൾ സൗജന്യമായി നൽകാമെന്നിരിക്കെ, 2016-17 മുതൽ 2020-21 വരെ ഓരോവർഷവും എത്ര കരകൗശല തൊഴിലാളികൾക്ക് പണിയായുധങ്ങൾ സൗജന്യമായി നൽകിയെന്ന് വ്യക്തമാക്കുമോ?

2016-17 -നൽകിയിട്ടില്ല

2017-18- നൽകിയിട്ടില്ല.

2018-19- 557,

2019-20- 350,

2020-21- 35.

**ഖാദി തൊഴിലാളി ക്ഷേമനിധി**

195 (1925) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള നിർദ്ദേശം പ്രസ്തുത ബോർഡ് സർക്കാരിന് സമർപ്പിച്ചിരുന്നുവോ?

സമർപ്പിച്ചിരുന്നു.

(ബി) എങ്കിൽ തൊഴിലാളികൾക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ക്ഷേമനിധിയിൽനിന്നും തൊഴിലാളികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം, മാരക രോഗങ്ങൾക്കുള്ള ചികിത്സാ സഹായം പ്രസവാനുകൂല്യം, ശവസംസ്കാരത്തിനുള്ള ധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നത്.

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികബാധ്യത സർക്കാർ ഏറ്റെടുക്കേണ്ടിവരുന്നതിനാൽ കേരള ഖാദിതൊഴിലാളി ക്ഷേമനിധി ചട്ടങ്ങളുടെ ഭേദഗതി അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന വിവരം ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ്, സി.ഇ.ഒ.- യെ അറിയിക്കുകയുണ്ടായി.

(ഡി) ഖാദി തുണിത്തരങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ചർക്കയിൽ യന്ത്രം ഘടിപ്പിക്കണമെന്ന ആവശ്യം (സെമി ഓട്ടോമേഷൻ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പരമ്പരാഗതമായ ഉത്പാദന രീതിയിൽ കാലോചിതമായമാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത, 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദിമേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദിഗ്രാമം പദ്ധതി നടപ്പിലാക്കിവരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നുണ്ട്.

**കയർ ഉല്പന്നങ്ങളുടെ പുതിയ ഉപയോഗ സാധ്യതകൾ**

196 (1926) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനും ആഭ്യന്തരമാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനായി പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കയർ അകൗസ്റ്റിക് പാനൽ: ശബ്ദം നിയന്ത്രിക്കാനായി ജൈവ നാരായ കയർ ഉപയോഗിച്ച് അകൗസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. ശബ്ദം ആഗിരണം ചെയ്യുന്നതിനുപുറമേ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിൽ ഫലപ്രദമാണ് ഈ ഉല്പന്നം. ഇതിന് ഗുണഭോക്താക്കളിൽ സ്വീകാര്യത ലഭിക്കുകയും പി.പി.പി മോഡലിൽ വ്യവസായിക ഉല്പാദനത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

കയർ കോമ്പോസിറ്റ്സ്: ചകിരിനാരും, പോളിമറും സംയോജിപ്പിച്ച് നിർമ്മിക്കുന്ന പാർട്ടിക്കിൾബോർഡുകളാണ് കയർ കോമ്പോസിറ്റ്സ്. ഇവ എം.ഡി.എഫ്, എച്ച്.ഡി.എഫ്, പ്ലൈവുഡ് മുതലായ ബോർഡുകൾക്ക് ബദലായ ഒരു ഉല്പന്നമാണ്. ഇതിന്റെ വ്യവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ കണിച്ചുകുളങ്ങര കോമ്പോസിറ്റ് ഫാക്ടറിയിൽ ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു. കയർ മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. ആഭ്യന്തര വിപണിയിൽ ഈ ഉല്പന്നത്തിന് നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്.

ബൈൻഡർലെസ് ബോർഡ്: അനുയോജ്യമായ ഊഷ്മാവിലും, മർദ്ദത്തിലും കയർ പിത്തും, കുട്ടിക്കയർ നാരുകളും സംയോജിപ്പിച്ച് ഉല്പാദിപ്പിക്കുന്ന രാസവസ്തുരഹിതമായ ഉല്പന്നമാണ് ബൈൻഡർലെസ് ബോർഡുകൾ. വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളെ അപേക്ഷിച്ച് തികച്ചും പരിസ്ഥിതി സൗഹാർദ്ദവും കോസ്റ്റ് എഫക്ടീവുമായ ഉല്പന്നമാണിത്. കൂടാതെ വിപണിയിൽ ലഭ്യമായ മറ്റ് പാർട്ടിക്കിൾ ബോർഡുകളുടെ അതേ നിലവാരത്തിലുള്ള ബലവും ഗുണവും ബൈൻഡർലെസ് ബോർഡുകൾക്കുണ്ട്. അഗ്നിബാധയെ ചെറുക്കാനും ഇവയ്ക്ക് ശേഷിയുണ്ട്.

കയർ ജിയോസെൽ: ചരിവ് പ്രദേശങ്ങൾ മണ്ണൊലിപ്പ് തടഞ്ഞ് കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ്പ്രദേശത്ത് കൃഷിചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

കയർ മൾച്ചിംഗ് മാറ്റ്: വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽവസ്തുക്കൾ വികസിപ്പിക്കുന്നതിന് പഠനങ്ങൾ നടക്കുന്നു. കോവിഡ്കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവച്ച് സാനിമാറ്റ്, സാനിപാഡ് എന്നീ പേരുകളിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി. ഗവൺമെന്റ് അംഗീകൃത ഏജൻസികളും തിരുവനന്തപുരത്തെ ശ്രീചിത്തിര ഇൻസ്റ്റിറ്റ്യൂട്ടും അംഗീകരിച്ച അണുനാശിനിയോടൊപ്പമാണ് സാനിമാറ്റുകൾ തയ്യാറാക്കപ്പെടുന്നത്. വിവിധ ശ്രേണിയിലുള്ള പരിസ്ഥിതി സൗഹാർദ്ദപരമായ ടി ഉല്പന്നത്തിന് വൻതോതിലുള്ള സ്വീകാര്യത ഇതിനകം ലഭിച്ചുകഴിഞ്ഞു. നിലവിൽ ടി ഉല്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും ആഭ്യന്തരവിപണിയിൽ വിറ്റഴിച്ചുവരികയുമാണ്.

പൊതുസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ സാനിമാറ്റുകൾ വിതരണം ചെയ്തുവരുന്നു. സാനിമാറ്റുകളിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള പരിസ്ഥിതി മാനദണ്ഡങ്ങൾക്കിണങ്ങുന്ന രീതിയിൽ കൈത്തറി തടുക്കുകൾ വിപണനം നടത്തിവരുന്നു. ആഭ്യന്തരവിപണി വികസിപ്പിക്കുന്നതിനായി കേരളത്തിനുള്ളിലും പുറത്തുമുള്ള പ്രധാനപ്പെട്ട ഷോപ്പിംഗ്മാളുകൾ, സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ് എന്നിവരുമായി കരാറുകളിൽ ഏർപ്പെട്ട് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ റിലയൻസ്, വാൾമാർട്ട് എന്നീ കമ്പനികളുമായും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾവഴി കയറുല്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഉല്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റുള്ളത് കയർഭൂവസ്ത്രത്തിനാണ്. ഉറപ്പുള്ളതും കൂടുതൽകാലം നീണ്ടുനിൽക്കുന്നതുമായ പൊതുമരാമത്ത് റോഡുകൾ നിർമ്മിക്കുന്നതിനുവേണ്ടി നടത്തിയ ഗവേഷണങ്ങളുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയ ഏറ്റവും ഉപയുക്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൻപ്രകാരം പൊതുമരാമത്ത് മാനുവലിൽ കയർ ഭൂവസ്ത്ര ഉപയോഗപ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനും, കേന്ദ്ര-പൊതുമരാമത്ത് മാനുവലിലുൾപ്പെടെ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗത്തിന് അംഗീകാരം നേടിയെടുക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ആയത് അംഗീകരിക്കപ്പെടുകയും ഉത്തരവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിനനുബന്ധമായി പുതുതായി നിർമ്മിക്കുന്ന പൊതുമരാമത്ത് റോഡുകളിലും നിലവിലുള്ള റോഡുകളിലും കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം ഉറപ്പുവരുത്തുന്നതിനുള്ള സർക്കാർ ഉത്തരവുകൾ ലഭ്യമായിട്ടുണ്ട്. കൂടാതെ കേരളത്തിനുവെളിയിൽ ഖനികളിലും ഊഷരഭൂമികളിലും റോഡുനിർമ്മാണത്തിനും, ഖനികളുടെ വശങ്ങൾ ബലപ്പെടുത്തുന്നതിനും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണ ഭിത്തികൾ ഉണ്ടാക്കുന്നതിനുള്ള കരാറുകൾക്കുവേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കുടുംബശ്രീ മിഷനുമായി ചേർന്ന് സംസ്ഥാനമാകെ മുന്നൂറോളം കയർ & ക്രാഫ്റ്റ് ഷോപ്പുകൾ തുടങ്ങുന്നതിന് ധാരണയായിട്ടുണ്ട്. 3 ഷോപ്പുകൾ തുടങ്ങുകയും കൂടുതൽ ഷോപ്പുകൾ തുടങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നു. കയറിന്റേയും മറ്റ് പ്രകൃതിദത്ത നാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ "കയർ കേരള" എല്ലാ വർഷവും നടത്തിവരുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021-ലെ വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുകവഴിയും ആഭ്യന്തര-വിദേശ വിപണി വിപുലീകരിക്കുന്നതിന്

സാധിക്കുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 2021-22-ലെ ബഡ്ജറ്റിൽ " Publicity propaganda including trade exhibition" 2851-00-106-95 ശീർഷകത്തിൽ 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ആയത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. ബയോബിന്നുകളിൽ ഉപയോഗിക്കുന്നതിന് കയർപിത്ത് ഉപയോഗിച്ച് നിർമ്മിക്കുന്ന 'ഇനോക്കുലേറ്റഡ് പിത്ത്' നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടുകൂടി ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനും, പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും കയർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ**

197 (1927) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധിയിലായ കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധിയിലായ കയർത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ ആശ്വാസമായി 1,000 രൂപ വീതം ധനസഹായം നല്കിവരുന്നു. കൂടാതെ കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിൻപ്രകാരം കയർ സഹകരണ സംഘങ്ങളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാകുടിശ്ശികകൾ, ഇ.പി.എഫ്. ഇ.എസ്.ഐ. കുടിശ്ശിക തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി, വൈദ്യുതി, വെള്ളക്കരം മുതലായ കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി 25 കോടി രൂപ അനുവദിക്കുകയും അതിൽ 24.98 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദീകരിക്കാമോ?

കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ

ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്നരംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ഇതുകൂടാതെ കയർ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കയർ ഭൂവസ്ത്ര പ്രവർത്തനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണൊലിപ്പ് തടയൽ, നീർത്തട വികസനം, പാടശേഖരങ്ങളുടേയും ബണ്ടുകളുടെയും പുറംഭിത്തി ബലപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളിൽ കയർഭൂവസ്ത്രം വർദ്ധിച്ച രീതിയിൽ ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം നടത്തിവരുന്നു.

2. ഗ്രാമീണ റോഡുകൾ ഉറപ്പുള്ളതാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കൽ, കേരളത്തിന്റെ പൊതുമരാമത്ത് റോഡുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാലം നിലനിർത്തുന്നതിനും ഉതകുന്നതരത്തിൽ നിർമ്മാണ പ്രക്രിയയിൽ കയർഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കൽ എന്നീ മേഖലകളിലും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.

3. കയർ ഉല്പന്നങ്ങളും മറ്റ് അനുബന്ധ ഉല്പന്നങ്ങളും വിദേശവിപണികളിലും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പരമാവധി വിറ്റഴിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുക.

4. കയർഭൂവസ്ത്ര പ്രവർത്തനങ്ങൾ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിക്കുക.

5. കയർ ഉല്പന്നമേഖലയിൽ പുതിയതരം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പരിപാടികൾ ശക്തിപ്പെടുത്തുക.

6. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ (ചകിരി, വിവിധതരം കയറുകൾ) കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്റർ നിലവാരത്തിൽ തൊണ്ട് തല്ല്, ചകിരിപിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴവൻ തൊണ്ടുകളും ഇവിടെത്തന്നെ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുക.

7. കയർ വ്യവസായരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പുതിയ സാങ്കേതികവിദ്യകളിൽ പ്രാവീണ്യം നേടിയെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ ശക്തിപ്പെടുത്തുക.

8. കയർമേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവസന്ധാരണത്തിന് ഉതകുന്നതരത്തിലുള്ള സേവന-വേതനഘടനകൾ നടപ്പിലാക്കുക.

**കശുവണ്ടി മേഖലയിലെ പ്രവർത്തനങ്ങൾ**

198 (1928) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുവാൻ കഴിഞ്ഞ അഞ്ചുവർഷമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന് 30 ഫാക്ടറികളും സഹകരണ അപ്പെക്സ് സൊസൈറ്റിയായ കാപ്പെക്സിന്റെ അധീനതയിൽ 10 കശുവണ്ടി ഫാക്ടറികളുമാണുള്ളത്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ കേരളാ കാഷ്യൂ ബോർഡ് രൂപീകരിച്ചിരുന്നു. പ്രസ്തുത സ്ഥാപനം മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നത്. കൂടാതെ സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടിവികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം

ഉറപ്പുവരുത്തിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ സംസ്ഥാനം അഭിമുഖീകരിച്ച കാലവർഷക്കെടുതിയിലും 2020-21 കാലയളവിൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽ ദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പ്രവർത്തിക്കുന്നത്.

(ബി) കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കഴിഞ്ഞിട്ടുണ്ട്. കേരളാ കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം 20 സ്വകാര്യ കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത് തുറന്ന് പ്രവർത്തിപ്പിച്ചുവരുന്നു. കൂടാതെ പ്രസ്തുത ആക്ട് പ്രകാരം ഏറ്റെടുത്ത 10 സ്വകാര്യ ഫാക്ടറികൾ കാപ്പെക്സിന്റെ അധീനതയിലും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ഡി) സ്വകാര്യ കശുവണ്ടി വ്യവസായികളുടെ വായ്പ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി 6-2-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽയോഗ തീരുമാനത്തെത്തുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും

പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട വ്യവസായ (കശുവണ്ടി) വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 3 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-7-2021-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

**കശുവണ്ടി ഫാക്ടറികൾ**

199 (1929) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലും എത്ര കശുവണ്ടി ഫാക്ടറികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമേഖലയിൽ 7 ഫാക്ടറികളും സ്വകാര്യ മേഖലയിൽ 145 ഫാക്ടറികളും നിലവിലുണ്ട്. പൊതുമേഖലയിലെ 7 ഫാക്ടറികളിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികളും ഉൾപ്പെടുന്നു.

(ബി) 2020-21 കാലഘട്ടത്തിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ എത്ര ദിവസം പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

2020-21 കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ 5 ഫാക്ടറികൾ 89 ദിവസവും കാപ്പെക്സിന്റെ കീഴിലുള്ള 2 ഫാക്ടറികളിൽ പെരിനാട് ഫാക്ടറി 117 ദിവസവും പെരുമ്പുഴ ഫാക്ടറി 142 ദിവസവും പ്രവർത്തിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ ശരാശരി 150 ദിവസവും പ്രവർത്തിച്ചിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

200 (1930) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ ആകെ 150 കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നതിൽ 83 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) കുണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ എത്ര ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ 104 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 5 ഫാക്ടറികളിൽ 89 തൊഴിൽദിനങ്ങളും കാപ്പെക്സിന്റെ അധീനതയിലുള്ള പെരിനാട് ഫാക്ടറിയിൽ 117-ഉം പെരുമ്പുഴ ഫാക്ടറിയിൽ 142 തൊഴിൽദിനങ്ങളും നൽകിയിരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ശരാശരി 150 ദിവസം പ്രവർത്തിച്ചിട്ടുണ്ട്.

**കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം**

201 (1931) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ ആധുനികവത്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പാക്കേജ് വിശദമാക്കുമോ?

പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോളബോധ വത്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ കാപ്പെക്സിന്റെ അധീനതയിലുള്ള 10 കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തികവർഷം 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 371.5 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയവിപണിയിലും അന്താരാഷ്ട്രവിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി കാപ്പെക്സിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും പ്രവർത്തിച്ചുവരുന്നത്. കൂടാതെ ഗവൺമെന്റ് ഫാമുകളിലും മറ്റ് പൊതുമേഖലാ പ്ലാന്റേഷനുകളിലും ഉൽപാദിപ്പിക്കുന്ന തോട്ടണ്ടിയും ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള കാഷ്യൂബോർഡ് ലിമിറ്റഡ് ഈ സാമ്പത്തിക വർഷം 5117.064 മെട്രിക് ടണ്ണിലധികം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ ഐവറി കോസ്റ്റിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടിയുടെ ഇറക്കുമതി നടന്നുവരുന്നു. ഇതുകൂടാതെ ഗിനി ബസാവോയിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി 2021 ഒക്ടോബർ മാസം വരെ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ പ്രവർത്തിപ്പിക്കാനാവശ്യമായ തോട്ടണ്ടി ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം ആവശ്യത്തിന് തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാനുള്ള നടപടി സ്വീകരിച്ചതുവഴി തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നത് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷയും പെൻഷനും ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുകയും കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി അംശദായവും, ഇ.എസ്.ഐ. കോൺട്രിബ്യൂഷൻ, ഇ.പി.എഫ് കോൺട്രിബ്യൂഷൻ എന്നിവയും കൃത്യമായി ഒടുക്കിവരുന്നതുമാണ്. അർഹമായ ഇ.എസ്.ഐ ആനുകൂല്യങ്ങളും ഇ.പി.എഫ്.-ൽ നിന്നും കശുവണ്ടി തൊഴിലാളി ക്ഷേമനിധിബോർഡിൽ നിന്നും പെൻഷനും കൃത്യമായി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഇനിയും തുറന്നുപ്രവർത്തിക്കാത്ത കശുവണ്ടി ഫാക്ടറികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവ പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളും ഈ വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി നടപ്പാക്കുന്ന പദ്ധതികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 867 കശുവണ്ടി ഫാക്ടറികൾ ഉള്ളതിൽ 427 എണ്ണം പ്രവർത്തിക്കുന്നവയും 439 ഫാക്ടറികൾ അടഞ്ഞുകിടക്കുന്നവയുമാണ്. തകർച്ചയിലായതും സാമ്പത്തിക പ്രതിസന്ധിമൂലം അടഞ്ഞുകിടക്കുന്നതുമായ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിക്കുന്നതിനായി പുനരുദ്ധാരണപാക്കേജ് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 21-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും,

പുനഃക്രമീകരിക്കാനാകാത്ത വായ്പകളിൻമേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കാനായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, SLBC കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കാനും തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനപ്രകാരം സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റി ഇതിനകം 3 മീറ്റിംഗുകൾ ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-7-2021 ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തിവയ്ക്കണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും സമവായത്തിലെത്തുന്ന മുറയ്ക്ക് പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ ഒരു പരിധിവരെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്.

## കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും സമന്വയം

202 (1932) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും വ്യവസായ അപ്പെക്സ് സഹകരണ സ്ഥാപനമായ കാപ്പെക്സും സമന്വയിപ്പിച്ച് ഒറ്റ പൊതുമേഖലാ സ്ഥാപനമാക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത നിർദ്ദേശം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമോ?

കാപ്പെക്സിന്റെ മുഖ്യ ഓഫീസും അതിന്റെ അധീനതയിലുള്ള 10 ഫാക്ടറികളും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാവസായിക സഹകരണസംഘമാണ്. കേരളാ കശുവണ്ടി വികസന കോർപ്പറേഷനും, അനുബന്ധ ഫാക്ടറികളും വ്യാവസായിക വാണിജ്യ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി നിയമപ്രകാരം പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ്. ഈ രണ്ടു സ്ഥാപനങ്ങളും സമന്വയിപ്പിച്ച് ഒറ്റ പൊതുമേഖലാ സ്ഥാപനമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

(ബി) പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളുടെ വികസനത്തിനായി സർക്കാർ മുമ്പാകെയുള്ള പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാനസൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിതനിലവാരവും ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കൂടുതൽ തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽപേർക്ക് തൊഴിൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പാരിറ്റിയനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പൂർണ്ണമായും പിൻവലിക്കുന്ന മുറയ്ക്ക് കാപ്പെക്സ് ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് എന്നീ ഒഴിവുള്ള തസ്തികകളിൽ കൂടുതൽ തൊഴിലാളികളെ നിയമിച്ച് കൂടുതൽപേർക്ക് ജോലിനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി**

203 (1933) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്ന അവസ്ഥയിലോ ഉപേക്ഷിക്കപ്പെട്ട നിലയിലോ ഉള്ളതെന്ന വിവരം ലഭ്യമാണോ; അത്രയും തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ജോലിയും കൂലിയും

ഉറപ്പുവരത്തക്കരീതിയിൽ എന്തെങ്കിലും കർമ്മപദ്ധതി വ്യവസായവകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് നിലവിൽ 14 തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നത്. നിലവിൽ വ്യവസായ വകുപ്പിൽ കർമ്മപദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

(സി) കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പ്ലാന്റേഷൻ നയം നടപ്പിലാക്കുവാൻ എന്ത് കർമ്മപദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

22-1-2021-ലെ സ.ഉ.(കൈ) നമ്പർ 6/2021 തൊഴിൽ നമ്പർ പ്രകാരം പ്ലാന്റേഷൻ നയം അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ഡി) തോട്ടമുടമകൾ ഉപേക്ഷിച്ചിട്ട് പോയ തോട്ടങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷനോ മറ്റ് ഗവൺമെന്റ് സംവിധാനങ്ങളോ ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

നിലവിൽ ഇപ്രകാരം ഒരു തീരുമാനം ഇല്ലാത്തതാകുന്നു.

**അധികമായി ഉല്പാദിപ്പിച്ച വൈദ്യുതി**

204 (1934) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലം ജലവൈദ്യുത പദ്ധതികളിൽ നിന്നായി എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലം ജലവൈദ്യുതോൽപാദനത്തിൽ 12.6 മെഗാവാട്ട് വർദ്ധന ഉണ്ടായിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിൽ സ്വകാര്യ സംരംഭകർ വഴി 20.5 MW സ്ഥാപിതശേഷി വരുന്ന 3 പദ്ധതികൾ ഗ്രിഡിൽ കണക്ടുചെയ്തു. (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW കമ്മീഷൻ ചെയ്തിട്ടുണ്ട് ആനക്കാംപോയിൽ 8 MW ഗ്രിഡിൽ കണക്ട് ചെയ്ത് ട്രയൽ റണ്ണിലായി.)

(ബി) സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണെന്നും ഇതിൽ ജലവൈദ്യുത പദ്ധതിയിൽ നിന്നും ലഭിക്കുന്നത് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

2021 ജൂലൈ മാസം 21-ാം തീയതി വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 67.11 ദശലക്ഷം യൂണിറ്റും ജലവൈദ്യുത പദ്ധതികളിൽനിന്നുമുള്ള പ്രതിദിന ശരാശരി ഉല്പാദനം 28.3159 ദശലക്ഷം യൂണിറ്റുമാണ്. ഇത് മൊത്തം ഉപഭോഗത്തിന്റെ 42.19% ആണ്.

## പുതിയ വൈദ്യുതി സബ് സ്റ്റേഷൻ

205 (1935) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി പുതിയ വൈദ്യുതി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിവരങ്ങളും നിലവിലിത് ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ഉണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളിയിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. പദ്ധതിയുടെ സാങ്കേതിക സാധ്യതാപഠനം നടത്തി അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർപ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

(ബി) ഏതൊക്കെ പ്രദേശങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത്; ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എത്ര ഭൂമിയാണ് ആവശ്യമായി വരുന്നത്; ഏത് രീതിയിലാണ് ഭൂമി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

സീതാംഗോളിയിൽ അനുയോജ്യമായ ഭൂമി കണ്ടെത്താനായിട്ടില്ല. 2 ഏക്കർഭൂമിയാണ് സബ്സ്റ്റേഷനായി ആവശ്യമായിട്ടുള്ളത്. റവന്യൂ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതിനോ, അല്ലെങ്കിൽ സ്വകാര്യ ഭൂമി പൊന്നുംവില കണക്കാക്കി വാങ്ങുന്നതിനോ ആണ് ഉദ്ദേശിക്കുന്നത്.

(സി) പുതിയ സബ്സ്റ്റേഷൻ നിലവിൽ വരുമ്പോൾ പൊതുജനങ്ങൾക്കും കെ.എസ്.ഇ.ബി.-ക്കും എന്തൊക്കെ ഗുണങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

പുതിയ സബ്സ്റ്റേഷൻ നിലവിൽ വരുമ്പോൾ ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ**

206 (1936) ശ്രീ. എം. രാജഗോപാലൻ: താഴെകാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ സെക്ഷൻ ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ എത്ര ഓഫീസുകൾ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും, വാടകയിനത്തിൽ ഓരോ വർഷവും ഇതിനായി എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ സെക്ഷനുകൾ ഉൾപ്പെടെ 614 ഓഫീസുകൾ ഇപ്പോഴും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാടകയിനത്തിൽ പ്രതിവർഷം ഏകദേശം 9.46 കോടിരൂപ ചെലവഴിക്കുന്നുണ്ട്.

**110 കെ.വി. സബ് സ്റ്റേഷൻ 220 കെ.വി. സബ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി**

207 (1937) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം 110 കെ.വി. സബ് സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ വിശദാംശം അറിയിക്കുമോ?

അഴീക്കോട് മണ്ഡലത്തിൽ വളപട്ടണത്തിന് സമീപമുള്ള അഴീക്കോട് 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് ഇപ്പോൾ വൈദ്യുതി ലഭ്യമാകുന്നത് തളിപറമ്പ്, കാഞ്ഞിരോട് എന്നീ 220 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്നുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ വഴിയാണ്. ഭാവിയിൽ പ്രതീക്ഷിക്കുന്ന വൈദ്യുതി ആവശ്യകതകൂടി കണക്കിലെടുത്ത് ഈ ലൈനുകൾ ശേഷികൂട്ടി ഡബിൾ സർക്യൂട്ട് ആക്കാനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. അതുകൊണ്ട് 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി ആക്കാനുള്ള നടപടി പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

208 (1938) ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലയളവിൽ വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും, നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു. കൂടാതെ 60,48,806 രൂപ ചെലവഴിച്ച് ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയ നിർമ്മാണം 25-11-2020-നു പൂർത്തിയാക്കിയിട്ടുണ്ട്. 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരിയിൽനിന്നും ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷനുവേണ്ടി ഒരു 11 കെ.വി. ഫീഡർ ഔട്ട് ലെറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും 30-7-2019-ന് പൂർത്തീകരിക്കുകയും ചെയ്തു. ഇതിന് ചെലവഴിച്ച തുക 2,44,000. കൂടാതെ 66 കെ.വി. സബ്സ്റ്റേഷൻ ചങ്ങനാശ്ശേരി 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പദ്ധതിക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിക്കുകയുണ്ടായി. എസ്റ്റിമേറ്റ് തുക: 15.8 കോടിരൂപ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. ചെലവഴിച്ച തുക എത്രയെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായ* ചേർക്കുന്നു.

## വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി

209 (1939) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണി ചെയ്യുമ്പോൾ ലൈൻ ഓഫാക്കിയാലും ജനറേറ്റർ, ഇൻവെർട്ടർ എന്നിവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതിബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യാൻ പാടുള്ളൂവെന്ന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക് സൈറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്). വൈദ്യുതിലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാനടപടികളെക്കുറിച്ച് സുരക്ഷാമാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേഫ്റ്റി പോളിസി ആൻഡ് സേഫ്റ്റി പ്രൊസീജിയർ (വിതരണ മേഖല) ഭാഗം 2.2.9 സ്റ്റെപ് 12 പ്രതിപാദിക്കുന്നതുപോലെ, "ജോലി ചെയ്യുന്ന പോസ്റ്റുകളിലെ എല്ലാ സർവീസ് വയറുകളും ലൈനുകളും ശ്രദ്ധയോടെ അഴിച്ചുമാറ്റണം. സർവീസ് വയർ അഴിച്ചുമാറ്റുന്നതിനുമുമ്പ് ബന്ധപ്പെട്ട കൺസ്യൂമർ പ്രിമിസസിലെ മെയിൻ ഐസൊലേറ്റർ ഓഫ് ചെയ്താൽ", വൈദ്യുതി സർവീസ് വയർ വഴി ലൈനിലേയ്ക്ക് വരില്ല". ഇത് ഉറപ്പുവരുത്തിയാൽ കൺസ്യൂമർ പ്രിമിസസിലെ ഇൻവെർട്ടറുകൾ, ജനറേറ്ററുകൾ, സോളാർപാനലുകൾ എന്നിവയിൽ നിന്നുമുള്ള വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻകഴിയും. ഏതെങ്കിലും കൺസ്യൂമർ പ്രിമിസസിൽ നിന്നും ഗ്രിഡ് സപ്ലൈ ഓഫ് ചെയ്ത ശേഷവും, വൈദ്യുതി ലൈനിലേയ്ക്ക് പ്രവഹിച്ചാൽ, ഉടൻതന്നെ ആ പ്രിമിസസിലേയ്ക്കുള്ള സപ്ലൈ വിച്ഛേദിക്കേണ്ടതാണ്. (കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, റെഗുലേഷൻ 138 1(d)). നിലവിൽ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷനുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അനുമതിയോടു കൂടിയാണ് നൽകുന്നത്. 10 kw-നു മുകളിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും ആവശ്യമാണ്. എന്നാൽ 10 KVA-ക്കു താഴെയുള്ള ജനറേറ്ററുകൾ, സോളാർ ഇതര ഇൻവെർട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയോ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയോ അനുമതി നിലവിൽ വാങ്ങുന്നില്ല. അതിനാൽ ഇപ്രകാരം സ്ഥാപിക്കുന്ന ജനറേറ്ററുകൾ, ഇൻവെർട്ടറുകൾ എന്നിവയിൽ നിന്നും ഗ്രിഡ് സപ്ലൈ ഓഫ് ചെയ്താലും വൈദ്യുതി പ്രവാഹം ഉണ്ടാവാനുള്ള സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ " ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പിലാക്കി പണിയെടുത്താൽ അപകടം ഒഴിവാക്കാൻ കഴിയും.

(ബി) അപകട മരണങ്ങൾ സംഭവിക്കുന്നത് കണക്കിലെടുത്ത് വൈദ്യുതി വകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അപകടമരണങ്ങൾ സംഭവിക്കുന്നത് കണക്കിലെടുത്ത് കെ.എസ്.ഇ.ബി.എൽ ഇതിനെക്കുറിച്ച് പഠനം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഓവർഹെഡ് കണ്ടക്ടർ പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാൻവേണ്ടി ഭാവിയിൽ എല്ലാ ലോ ടെൻഷൻ ലൈനുകളും സർവീസ് കണക്ഷനുകളും എൽ.ടി ഏരിയൽബഞ്ച്ഡ് കേബിൾ (LT ABC) ഉപയോഗിച്ച നിർമ്മിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കാൻവേണ്ടി വൈദ്യുത സുരക്ഷയെക്കുറിച്ചുള്ള

പൊതുജന ബോധവത്കരണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മീറ്റർ റീഡർമാർ, കുടുംബശ്രീ പ്രവർത്തകർ മുഖേന നൽകുന്നതിനായുള്ള നോട്ടീസ് നൽകിക്കഴിഞ്ഞു. കൂടുതൽ സെൻസിറ്റീവായ പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 11 കെ.വി ലൈനിലെ തകരാർ കണ്ടുപിടിക്കുന്നതിനായി " Communicable Fault Pass Detector " എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാർ ഉണ്ടായ സ്ഥലം അറിയിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. കേരളത്തിലെ വൈദ്യുതിമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിന്റെ" ഭാഗമായി വൈദ്യുതി വിതരണമേഖല ലോകോത്തരമാക്കുന്നതിന് ‘ ദ്യുതി 2021’ എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്റ്ററിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെകടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോറുകൾക്ക് സംരക്ഷണവേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സുരക്ഷാ മാനുവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ നടപടികൾ പാലിക്കുന്നതിലെ വീഴ്ചമൂലമാണ് വൈദ്യുതിലൈനിൽ പണിയെടുക്കുമ്പോൾ അപകടങ്ങൾ സംഭവിക്കുന്നത്. വൈദ്യുത ലൈനിൽ അറ്റകുറ്റപ്പണി ചെയ്യുമ്പോൾ, ജനറേറ്റർ, ഇൻവെർട്ടർ എന്നിവയിലെ സർക്യൂട്ട് തകരാറ് കാരണം ബാക്ക് ഫീഡിംഗ് മൂലം അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അപകടങ്ങൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അന്വേഷിക്കുകയും അപകടങ്ങളും അവയുടെ കാരണങ്ങളും കൃത്യമായി പരിശോധിക്കുകയും ആയത് ആവർത്തിക്കാതിരിക്കാൻവേണ്ട സുരക്ഷാ സംവിധാനങ്ങളും ഉപകരണങ്ങൾ സ്ഥാപിക്കാൻവേണ്ട നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ-നും ഉടമസ്ഥനും നൽകുന്നു.

**പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്**

210 (1940) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ മക്കരപ്പറമ്പ്, ആനക്കയം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ എത്ര വൈദ്യുത ഉപഭോക്താക്കൾ നിലവിലുണ്ടെന്നും ഉപഭോക്താക്കളുടെ ബാഹുല്യം സെക്ഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കാമോ?

(ബി) നിലവിൽ ഈ സെക്ഷനുകളുടെ കീഴിലുള്ള കൂട്ടിലങ്ങാടി പഞ്ചായത്തിലെ വൈദ്യുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും ഈ ഉപഭോക്തൃബാഹുല്യം തടസ്സം സൃഷ്ടിക്കുന്നുണ്ടെന്നത് ജനപ്രതിനിധികൾ ഉൾപ്പെടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ;

&

(സി) കൂട്ടിലങ്ങാടി ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിക്കണമെന്നത് ഈ പ്രദേശത്തെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണെന്നത് പരിഗണിച്ച് ആയതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷനിൽ 18177 ഉപഭോക്താക്കളും ആനക്കയം ഇലക്ട്രിക്കൽ സെക്ഷനിൽ 25916 ഉപഭോക്താക്കളുമുണ്ട്. ഉപഭോക്താക്കളുടെ ബാഹുല്യം ഈ സെക്ഷൻ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനപ്രതിനിധികളുടെ ആവശ്യം പരിശോധിക്കുകയും മക്കരപ്പറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുകയും 21-11-2017-ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി ഓഫീസുകളാരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതിനിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും, സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുതസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

## 110 കെ.വി. സബ്സ്റ്റേഷൻ

211 (1941) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലക്കോട് പഞ്ചായത്തിലെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ആലക്കോട് പഞ്ചായത്തിൽ ഉൾപ്പെട്ട തിമിരിയിൽ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം സംബന്ധിച്ചും 110 കെ.വി ലൈൻ സംബന്ധിച്ചുമുള്ള പ്രാഥമിക പരിശോധനകളും അനുബന്ധനടപടികളും പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആരംഭിച്ചിട്ടുണ്ട്. തിമിരി വില്ലേജിൽ സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

(സി) സബ്സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതോടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## ദ്വൈമാസ മീറ്റർ റീഡിംഗ്

212 (1942) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ സ്ലാബുകളിൽ വരുന്ന മാറ്റംകൊണ്ട് വൈദ്യുതി ചാർജ് വർദ്ധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ, സംസ്ഥാനത്തെ ഒരു ഉപഭോക്താവിന്റെ പക്കൽനിന്നും അധിക വൈദ്യുതിചാർജ്ജ് ഈടാക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ് സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കി

വരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകളിൽ പ്രതിമാസ ഉപഭോഗ സ്ലാബുകൾക്കാണ് (Monthly Consumption Slabs) നിരക്കുകൾ കാണിച്ചിരിക്കുന്നത്. എന്നാൽ, ഭൂരിഭാഗം വരുന്ന ഉപഭോക്താക്കൾക്കും, സാമ്പത്തികമായി യാതൊരുവിധ നഷ്ടവുമില്ലാതെ ദ്വൈമാസത്തിലൊരിക്കലാണ് ബില്ലുകൾ നൽകിവരുന്നത്. നിലവിൽ, രണ്ടുമാസത്തിലൊരിക്കൽ മീറ്റർറീഡിംഗ് എടുത്ത്, ദ്വൈമാസ ഉപഭോഗം കണക്കാക്കുകയും, അതിൽനിന്ന് ഒരു മാസത്തെ ഉപഭോഗം കണക്കാക്കി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൊണ്ട് ഗുണിക്കുമ്പോൾ ഒരു മാസത്തെ വൈദ്യുതിചാർജ് ലഭിക്കുകയും, ഇതിനെ 2 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന തുക, ദ്വൈമാസ വൈദ്യുതി ബിൽ തുകയായി രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നു. അതായത്, പ്രതിമാസ ബില്ലായാലും ദ്വൈമാസ ബില്ലായാലും ഉപഭോക്താവിന് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല.

(ബി) എങ്കിൽ റീഡിംഗ് മാസംതോറുമാക്കി ഈ അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ 20 കിലോവാട്ടിനു മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, 10 കിലോവാട്ടിനു മുകളിലുള്ള ഗാർഹികേതര ഉപഭോക്താക്കൾ, തെരുവു വിളക്കുകൾ, വ്യാവസായിക ഉപഭോക്താക്കൾ, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ, എന്നിവർക്ക് പ്രതിമാസ ബില്ലുകളാണ് നൽകിവരുന്നത്. ഇത് 2.90 ലക്ഷത്തോളം ഉപഭോക്താക്കൾ വരും. ബാക്കിയുള്ള 1.29 കോടി വരുന്ന ഉപഭോക്താക്കളെ രണ്ടുമാസത്തിലൊരിക്കലാണ് ബില്ലു ചെയ്തുവരുന്നത്. അതായത് 64.5 ലക്ഷം നിലവിൽ ദ്വൈമാസം ബില്ലുചെയ്യുന്ന ഉപഭോക്താക്കളെ പ്രതിമാസം, റീഡിംഗ് എടുത്ത് ബിൽ ചെയ്യേണ്ടതായിവരും. ഇത് ബോർഡിന്റെ പ്രവർത്തന പരിപാലനചെലവ് (Operation & Maintenance Cost) വലിയ തോതിൽ വർദ്ധിക്കുകയും തദ്വാര താരിഫ് വർദ്ധനവിന് കാരണമാകുകയും ചെയ്യും. ആയതിനാൽ, ഉപഭോക്താക്കൾക്ക് അധിക സാമ്പത്തിക ബുദ്ധിമുട്ടില്ലാത്തതിനാൽ നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് അഭികാമ്യമായിട്ടുള്ളത്.

## വൈദ്യുതി കണക്ഷൻ

213 (1943) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച വീടുകൾക്ക് കെ.എസ്.ഇ.ബി. വൈദ്യുതി കണക്ഷൻ നൽകാറുണ്ടോ?

ഉണ്ട്

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

മതിയായ ഉടമസ്ഥാവകാശരേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് കെട്ടിടനമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതികണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി നല്കിയിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതികണക്ഷൻ നല്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 4-5-2021-ലെ ബോർഡ് ഉത്തരവുപ്രകാരം, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4 (9) പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശരേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും, സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും, കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഓൺ-ലൈൻ പഠന സൗകര്യത്തിനായി കെ.എസ്.ഇ.ബി. എന്തൊക്കെ കർമ്മപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്?

1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽനിന്നും നൽകുന്നുണ്ട്. ഇത് ഓൺലൈൻ പഠനത്തിനായി വൈദ്യുതി കണക്ഷൻ ആവശ്യപ്പെടുന്ന BPL വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുള്ള

വീടുകൾക്കും ബാധകമാണ്. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തികസ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകിയും സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർഭാഗത്തു സ്ഥിതിചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായിവരുമെന്നതും വളരെക്കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽതുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണപ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന, ജില്ലാതല സമിതികൾ 5-7-2021-ലെ ഗവൺമെന്റ് ഉത്തരവ് G.O.(Rt)no.87/2021/Power Department പ്രകാരം രൂപീകരിക്കുകയും, സമിതിയുടെ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതികണക്ഷൻ ഇല്ലാതെ ഓൺലൈൻ പഠനം സാധ്യമാകാത്ത എത്ര വീടുകൾക്ക് നാദാപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ പഠന ആവശ്യത്തിനായി നൽകിയ വൈദ്യുതി കണക്ഷനുകൾ എന്ന കണക്ക് ലഭ്യമല്ല. കെട്ടിട നമ്പർ ഇല്ല എന്ന കാരണത്താൽ വൈദ്യുത കണക്ഷനുകൾ നിഷേധിക്കുന്നില്ല.

**വൈദ്യുതി ബോർഡിന്റെ നഷ്ടം**

214 (1944) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വൈദ്യുതി ബോർഡ് എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നറിയിക്കാമോ?

2019-20–ലെ ആഡിറ്റ് പൂർത്തിയായ കണക്കുപ്രകാരം വൈദ്യുതി ബോർഡ് 269.55 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2020-21 വർഷത്തിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

(ബി) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം, ഉരുൾപൊട്ടൽ, മഹാമാരിയായ കോവിഡിന്റെ ഭാഗമായുണ്ടായ ഇളവുകൾ എന്നിവ മൂലം വൈദ്യുതിബോർഡിന് എത്ര രൂപയുടെ നഷ്ടമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വൈദ്യുതി ബോർഡിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*. കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, ബോർഡ് സ്വമേധയാ നൽകിയതുമൂലവും, ബോർഡിന് സാമ്പത്തികനഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

1. 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ വ്യാവസായിക/ വാണിജ്യ വിഭാഗം ഉപഭോക്താക്കൾക്ക് 25% ഇളവുകൾ നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടിരൂപ ബോർഡിന് ചെലവായിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം, കേന്ദ്ര വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽ നിന്നും, PGCIL-ൽ നിന്നും (Power Grid Corporation of India Limited) 54.89 കോടി രൂപ മാത്രമാണ്, കെ.എസ്.ഇ.ബി. ലിമിറ്റഡിനു ലഭ്യമായത്. ഇതു നികത്തിത്തരണമെന്നാവശ്യപ്പെട്ട് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചുവെങ്കിലും 2020 മാർച്ച് 23 മുതൽ മേയ് 31 വരെയുള്ള കാലയളവിലേയ്ക്ക് മാത്രമാണ് ഇളവുകൾക്ക് സാധൂകരണം നൽകിയിട്ടുള്ളത്. ഇതുമൂലം, 18.94 കോടി രൂപ ബോർഡിന്റെ നഷ്ടമായി അവശേഷിക്കുകയാണ്.

2. സിനിമാ മേഖലയ്ക്ക് 28-1-2021-ലെ സ.ഉ.(സാധാ)നമ്പർ 14/2021/ ഊ.വ. -യുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (03/2020 മുതൽ 12/2020 വരെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ നൽകിയ 50% ഇളവുകൾ) മൂലം 3.28 കോടി രൂപയുടെ അധികബാധ്യതയുണ്ടായിട്ടുണ്ട്. ഇത് നികത്തിത്തരുന്നതിന് കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

3. 28-6-2021-ലെ സ.ഉ.(സാധാ) നമ്പർ 84/2021/ഊ.വ. -യുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവുകൾ (സിനിമാ തിയേറ്ററുകളുടെ ഫിക്സഡ് ചാർജ്ജിലുള്ള 50% ഇളവും, വാണിജ്യ വ്യാവസായ ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിൽ നൽകുന്ന 25% ഇളവും (മേയ് 2021-ലേയ്ക്ക്) നൽകുന്നതുമൂലം 24.37 കോടി രൂപയുടെ അധികബാധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇത് നികത്തിത്തരുന്നതിന് റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്?

30-6-2021-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി കുടിശ്ശികയിനത്തിൽ 2935.77 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യ സ്ഥാപനം എന്നിവ ഏതെല്ലാമാണെന്നും എത്ര തുകയുടെ കുടിശ്ശികയാണ് ഇത്തരത്തിൽ ഓരോ സ്ഥാപനവും വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേന്ദ്ര സർക്കാർ സ്ഥാപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനം, സ്വകാര്യസ്ഥാപനം എന്നിവയുടെ 30-6-2021-ലെ കണക്കുപ്രകാരമുള്ള തൻമാസകുടിശ്ശികകൂടി ഉൾപ്പെട്ട പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ മൈലാട്ടി പവർ പ്ലാന്റ്

215 (1945) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി പവർ പ്ലാന്റ് പൂട്ടിയിട്ട് എത്ര വർഷമായി;

(ബി) കമ്പനിയുമായുള്ള കെ.എസ്.ഇ.ബി.-യുടെ കരാർ കാലാവധി അവസാനിച്ചുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

&

(ഡി) പവർ പ്ലാന്റ് പൂട്ടിയ സ്ഥിതിക്ക് എൻ.എച്ച് 66 -നോട് ചേർന്നുള്ള ഈ സ്ഥലം പ്രയോജനപ്പെടുത്താൻ കെ.എസ്.ഇ.ബി. എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 5 ഏക്കർ ഭൂമിയിൽ 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള കരാർ ഇലക്ട്രോൺ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 1-3-2018-ൽ ഒപ്പുവച്ചു. കമ്പനിയുടെ അപേക്ഷ പരിഗണിച്ച് പലതവണ സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനാൽ, ഈ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനിയുമായുള്ള കരാർ 31-3-2021-ന് കെ.എസ്.ഇ.ബി.എൽ. അവസാനിപ്പിച്ചു. കമ്പനിയുമായുള്ള വ്യവഹാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. വ്യവഹാരം തീർപ്പ് കൽപ്പിക്കുന്നമുറയ്ക്ക്, മയിലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം**

216 (1946) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണശൃംഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനിലെ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പ്രസരണലൈനുകൾ ഉയർന്ന വോൾട്ടേജിലേയ്ക്ക് ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപം നൽകിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ പ്രസരണനഷ്ടത്തിൽ 107 മെഗാവാട്ട് കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് ലാഭിക്കാൻ കഴിയും.

(ബി) വൈദ്യുത മേഖലയുടെ സ്വകാര്യവത്കരണം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിസിറ്റി ആക്ട് 2003, വൈദ്യുതി ബിൽ 2021, വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് എന്നിവയിൽ കേന്ദ്രസർക്കാർ വൈദ്യുതിമേഖലയുടെ സ്വകാര്യവത്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട്, 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പലഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യ വത്കരണം ഉദ്ദേശിക്കുന്നില്ലെന്നത് അസന്നിദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും, പൊതുസമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്നും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ലെന്നും കെ.എസ്.ഇ.ബി.-യും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യാതെതന്നെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനുള്ള ബദൽനയങ്ങൾ കേരളം നടപ്പാക്കിവരുന്നു. വൈദ്യുതി വിതരണം പൊതുമേഖലയിൽ നിലനിർത്താനായതിനാലാണ് കേരളത്തിന് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

## മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ്

217(1947) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈമാസ മീറ്റർ റീഡിംഗ് സ്ലാബുകളിൽ വരുത്തുന്ന മാറ്റം വൈദ്യുതിചാർജിൽ വർദ്ധനവ് ഉണ്ടാക്കുന്നത് സാധാരണക്കാരുടെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ, സംസ്ഥാനത്തെ ഒരു ഉപഭോക്താവിന്റെ പക്കൽനിന്നും അധിക വൈദ്യുതിചാർജ്ജ് ഈടാക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 456286 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ്, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതിചാർജ്ജ് ഈടാക്കിവരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി

കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന താരിഫ് ഉത്തരവുകളിൽ പ്രതിമാസ ഉപഭോഗ സ്ലാബുകൾക്കാണ് (Monthly Consumption Slabs) നിരക്കുകൾ കാണിച്ചിരിക്കുന്നത്. എന്നാൽ, ഭൂരിഭാഗം വരുന്ന ഉപഭോക്താക്കൾക്കും, സാമ്പത്തികമായി യാതൊരുവിധ നഷ്ടവുമില്ലാതെ ദ്വൈമാസത്തിലൊരിക്കലാണ് ബില്ലുകൾ നൽകിവരുന്നത്. നിലവിൽ രണ്ട് മാസത്തിലൊരിക്കൽ, മീറ്റർ റീഡിംഗ് എടുത്ത്, ദ്വൈമാസ ഉപഭോഗം കണക്കാക്കുകയും, അതിൽ നിന്ന് ഒരു മാസത്തെ ഉപഭോഗം കണക്കാക്കി കമ്മീഷൻ ഗുണിക്കുമ്പോൾ ഒരു മാസത്തെ വൈദ്യുതിചാർജ്ജ് ലഭിക്കുകയും, ഇതിനെ 2 കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്നതുക ദ്വൈമാസ വൈദ്യുതിബിൽ തുകയായി രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നു. അതായത്, പ്രതിമാസ ബില്ലായാലും ദ്വൈമാസ ബില്ലായാലും ഉപഭോക്താവിന് യാതൊരുവിധ നഷ്ടവും സംഭവിക്കുന്നില്ല.

(ബി) ഉണ്ടെങ്കിൽ ആയത് ലഘൂകരിക്കുന്നതിനായി മാസത്തിലൊരിക്കൽ മീറ്റർ റീഡിങ്ങ് എടുക്കുന്ന കാര്യം പരിഗണിക്കുമോയെന്നും അത് എപ്രകാരം നടപ്പിലാക്കുമെന്നും വ്യക്തമാക്കാമോ?

നിലവിൽ 20 കിലോവാട്ടിന് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾ, 10 കിലോവാട്ടിനുമുകളിലുള്ള ഗാർഹികേതര ഉപഭോക്താക്കൾ, തെരുവു വിളക്കുകൾ, വ്യാവസായിക ഉപഭോക്താക്കൾ, ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ബില്ലുകളാണ് നൽകി വരുന്നത്. ഇത് 2.90 ലക്ഷത്തോളം ഉപഭോക്താക്കൾ വരും. ബാക്കിയുള്ള 1.29 കോടിവരുന്ന ഉപഭോക്താക്കളെ രണ്ടുമാസത്തിലൊരിക്കലാണ് ബിൽ ചെയ്തുവരുന്നത്. അതായത് നിലവിൽ 64.5 ലക്ഷം ദ്വൈമാസ ബില്ല് ചെയ്യുന്ന ഉപഭോക്താക്കളെ പ്രതിമാസം, റീഡിംഗ് എടുത്ത് ബിൽ ചെയ്യേണ്ടതായിവരും. ഇത് ബോർഡിന്റെ പ്രവർത്തന പരിപാലനചെലവ് (Operation & Maintenance Cost) വലിയ തോതിൽ വർദ്ധിക്കുകയും, താരിഫ് വർദ്ധനവിന് കാരണമാകുകയും ചെയ്യും. ആയതിനാൽ, ഉപഭോക്താക്കൾക്ക് യാതൊരുവിധ സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലാത്ത നിലവിലുള്ള സമ്പ്രദായം തുടരുന്നതാണ് അഭികാമ്യം.

**പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി**

218 (1948) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി അണക്കെട്ടിന്റെ ഭാഗമായ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി പ്രോജക്ട് ആരംഭിച്ചത് ഏത് വർഷത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പഴശ്ശി അണക്കെട്ടിന്റെ ഭാഗമായുള്ള പഴശ്ശി സാഗർ പദ്ധതിയുടെ പ്രോജക്ട് (സിവിൽ വർക്ക്) ആരംഭിച്ചത് 2017-ലാണ്. 26-10-2017-ൽ M/s RS Development & Construction (India) Private Limited, Erode മായുള്ള എഗ്രിമെന്റ് വച്ചു.

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

അനുബന്ധ തുരങ്കനിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. തുരങ്കത്തിനകത്ത് ഉരുക്കുപാളികൾ ഘടിപ്പിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. പവർ ഹൗസ് നിർമ്മാണത്തിനായുള്ള പാറ പൊട്ടിക്കൽ പ്രവൃത്തിയും ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. സിവിൽ ജോലികൾ 30.78% പുരോഗമിച്ചിട്ടുണ്ട്. പദ്ധതി നിർമ്മാണം 2023 ഫെബ്രുവരിയിൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

## കെ. എസ്. ഇ. ബി. എസ്റ്റിമേറ്റുകൾ

219 (1949) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസര പ്രദേശങ്ങളിൽ എ.ബി.സി. ലൈനുകളും അണ്ടർ ഗ്രൗണ്ട് ലൈനുകളും സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി.യു.ജി കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും, ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റുമാണ് തയ്യാറാക്കിയിട്ടുള്ളത്.

നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി: ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ്

ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട്, ബാക്കിത്തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

<u>ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി:</u> ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ടുണ്ടാകുന്ന വൈദ്യുതിതടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കിത്തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ MLA ശ്രീ. ആർ. രാജേഷ് നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ, ബഹുമാനപ്പെട്ട എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിന് ശേഷം, വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 1-7-2021 സമർപ്പിക്കുകയുണ്ടായി.

## പ്രാദേശിക വൈദ്യുതി വിതരണം

220 (1950) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മൂന്ന് ജലവൈദ്യുത പ്രോജക്ടുകളിൽ വിലങ്ങാട്, ചാത്തൻകോട്ടുനട എന്നീ പ്രോജക്ടുകളിൽ പ്രാദേശികമായി വൈദ്യുതിവിതരണം ലഭ്യമാണെങ്കിലും, പഴയ പദ്ധതിയായ പൂഴിത്തോട് പദ്ധതിയിൽനിന്നും വൈദ്യുതി പ്രാദേശികമായി നേരിട്ട് ലഭിക്കുക എന്ന പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

&

(ബി) വൈദ്യുതി നേരിട്ട് വിതരണം ചെയ്യുന്നതിൽ നിലവിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

പൂഴിത്തോട് പദ്ധതിയിൽ നിന്നും പ്രാദേശിക വൈദ്യുതി വിതരണത്തിനുള്ള ആവശ്യകത സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല. പ്രാദേശിക വിതരണം സംബന്ധിച്ച ആവശ്യകത ബോധ്യപ്പെടുന്നപക്ഷം സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ പദ്ധതികൾ**

221 (1951) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അറിയിക്കുമോ?

വിതരണ വിഭാഗത്തിൽ, ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ടുപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി പൂഞ്ഞാർ നിയോജക മണ്ഡലത്തിലും നടപ്പിലാക്കിവരുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 65.69 കി. മീ. എച്ച്.ടി ലൈൻ, 15 കി. മീ. എച്ച്.ടി.എ.ബി.സി ഉപയോഗിച്ച് ലൈൻ വലിക്കുന്ന പ്രവൃത്തി, 0.6 കി. മീ എച്ച്. ടി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി, 8 കി. മീ എൽ.ടി എ ബി സി ലൈൻ നിർമ്മിക്കുക, 35 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, 601 കി. മീ എൽ.ടി ലൈനിന്റെ സ്റ്റാൻഡേർഡൈസേഷൻ എന്നീ പ്രവൃത്തികൾക്കായി ആകെ 16 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെട്ട പിണ്ണാക്കനാട് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതിയായിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികളാരംഭിച്ചു. അടങ്കൽത്തുക - 1463 ലക്ഷം.

(ബി) ദ്യുതി 2021 പദ്ധതി പ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി, പൂഞ്ഞാർ മണ്ഡലത്തിൽ, 26.5 കി.മീ. ഹൈ ടെൻഷൻ 11 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തി, 5.5 കി.മീ. ഹൈ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തി, 13 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, 35 ഫോൾട്ട് പാസ് ഡിറ്റക്റ്റർ സ്ഥാപിക്കുന്ന പ്രവൃത്തി, 6.1 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC) ലൈൻ വലിക്കുന്ന പ്രവൃത്തി, 165 കി.മീ. ലൈൻ സ്റ്റാൻഡേഡൈസേഷൻ പ്രവൃത്തി എന്നിവയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**നിലാവ് പദ്ധതി**

222 (1952) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന നിലാവ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് നടത്തുന്ന നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴ് വർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ സ്ഥാപിച്ച് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം തെരുവുവിളക്കുകളും രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകളുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലെ രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30 ഓടെ സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടത്തിലെ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലേയ്ക്ക് വേണ്ട തെരുവുവിളക്കുകളുടെ യഥാർത്ഥ ആവശ്യകത എത്രയെന്ന തദ്ദേശ സ്വയം ഭരണ വകുപ്പ് കണക്കാക്കികൊണ്ടിരിക്കുന്നു. കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് ആണ് മത്സരാധിഷ്ഠിത ടെൻഡർ വഴി LED തെരുവുവിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. ആവശ്യമായ തെരുവുവിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ - നെ അറിയിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ, പദ്ധതിയുടെ രണ്ടാംഘട്ടത്തിനുവേണ്ടിയുള്ള, പർച്ചേയ്സ് ഓർഡർ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡിന് നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി.-യുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

ഇതുവരെ 667 ഗ്രാമപഞ്ചായത്തുകളും (PRIs) 44 കോർപ്പറേഷൻ/ നഗരസഭകളും (ULBs) ഉൾപ്പെടെ 711 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

**പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

223 (1953) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പിറവം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

കൂത്താട്ടുകുളം സബ്സ്റ്റേഷന്റെ ശേഷി 66 കെ.വി-യിൽ നിന്നും 110 കെ.വി. ആയി ഉയർത്തി. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിരുന്നു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. പിറവം മണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

കൂത്താട്ടുകുളം സബ്സ്റ്റേഷൻ 110 കെ.വി. കമ്മീഷൻ ചെയ്തു. പിറവം മണ്ഡലത്തിലെ പള്ളിക്കവല എന്ന സ്ഥലത്ത് ആരംഭിച്ച ഊർജ്ജമിത്ര കേന്ദ്രം മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറും പരിപാലനവും നടത്തിവരുന്നു.

(സി) അനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളുടെ തടസ്സമെന്താണെന്ന് അറിയിക്കാമോ?

ബാധകമല്ല.

(ഡി) പുതിയ ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കുത്താട്ടുകുളം 110 കെ.വി. സബ്സ്റ്റേഷനിൽ നിലവിലുള്ള 10 MVA 66/11 കെ.വി. പവർ ട്രാൻസ്ഫോമർ മാറ്റി 12.5 MVA കപ്പാസിറ്റിയുള്ള 110/11 കെ.വി. ട്രാൻസ്ഫോമർ സ്ഥാപിക്കാനുള്ള പ്രവൃത്തികളാരംഭിച്ചു.

**ആനക്കയം ജലവൈദ്യുത പദ്ധതി**

224 (1954) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വിവിധ വൈദ്യുത നിലയങ്ങളിൽനിന്നും ലഭ്യമായ വൈദ്യുതിയിൽ ഏറ്റവും ലാഭകരമായത് ഏതാണ്?

ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയാണ് ലഭ്യമായ വൈദ്യുതിയിൽ ഏറ്റവും ലാഭകരം.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ശരാശരി മൂലധനച്ചെലവ് എത്ര രൂപയാണെന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വരെയുള്ള വൈദ്യുതോൽപ്പാദനമാണ് നടത്തുന്നതെന്നും അറിയിക്കാമോ?

25 മെഗാവാട്ടിന് താഴെയുള്ള ജലവൈദ്യുത പദ്ധതികളെയാണ് ചെറുകിട ജലവൈദ്യുത പദ്ധതികളായി പരിഗണിക്കുന്നത്. അവയുടെ ശരാശരി മൂലധന ചെലവ് 10 Cr./MW (ഏകദേശം).

(സി) നിർദ്ദിഷ്ട ആനക്കയം ജലവൈദ്യുത പദ്ധതിയിൽ നിന്ന് എത്ര മെഗാവാട്ട് ഊർജ്ജത്തിന്റെ വൈദ്യുതി ഉത്പാദനമാണ് പ്രതീക്ഷിക്കുന്നത്?

നിർദ്ദിഷ്ട ആനക്കയം ജലവൈദ്യുത പദ്ധതിയിൽ നിന്നും 7.5 മെഗാവാട്ടിന്റെ വൈദ്യുതി ഉല്പാദനമാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് മൂലധനച്ചെലവ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതി സാമ്പത്തികമായി ലാഭകരമായിരിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്നും അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി 139.62 കോടി രൂപ (ജി.എസ്.ടി ഉൾപ്പെടെ) മൂലധനച്ചെലവ് ആണ് പ്രതീക്ഷിക്കുന്നത്. (സിവിൽ വർക്ക് - 96.17 കോടി, E&M വർക്ക് - 32.45 കോടി, പവർ ഇവാക്വുവേഷൻ - 11 കോടി) പദ്ധതി ലാഭകരമായിരിക്കുമെന്നാണ് സർക്കാരിപ്പോൾ കരുതുന്നത്.

## കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് പദ്ധതികൾ

225 (1955) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ 193.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ' 10' ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*. ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൻ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജപ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജപ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുതപദ്ധതി എൻ.എച്ച്.പി.സി.-യാണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജപ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ് ബന്ധിത പമ്പുകളെ ഫീഡർതലത്തിൽ സൗരോർജ്ജവത്ക്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജപ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. കേരളത്തെ വൈദ്യുതി മിച്ചസംസ്ഥാനമാക്കാനും പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്താനും 2003 മുതൽ ഇ. എം. സി.- യിലെ SHP Cell വഴി, ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സരദർഘാസ്/ബൂട്ട് അടിസ്ഥാനത്തിൽ വിവിധ സ്വകാര്യസംരംഭകർക്ക് CAPTIVE POWER PROJECTS (CPP), INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ചു നൽകിവരുന്നുണ്ട്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിക്കുകയും, 2013-14 കാലയളവിൽ 110 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 25 (CPP & IPP) പദ്ധതികളും, 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതിയും സർക്കാർ നല്കിയിരുന്നു. സംസ്ഥാനത്തെ, വൈദ്യുതിമിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'ഊർജ്ജ കേരള മിഷൻ' പരിപാടിയോടനുബന്ധിച്ച് മുൻസർക്കാർ ആരംഭിച്ച 'സൗര' പദ്ധതി പൂർത്തിയാക്കും. ഇതിൽ 500 മെഗാവാട്ട്, കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിൽനിന്ന് ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും, ജലോപരിതലത്തിലും സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം, അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) ഏതെല്ലാം പുതിയ ജലവൈദ്യുത പദ്ധതികളാണ് സർക്കാരിന്റെ സജീവ പരിഗണനയിലുള്ളത്?

കെ.എസ്.ഇ.ബി.എൽ. പുതുതായി ‘ 11’ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 114 മെഗാവാട്ട് അധിക സ്ഥാപിതശേഷി ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇതിനു പുറമേ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ ജലമുപയോഗിച്ച്, 780 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ നല്കിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്മേൽ കൂടുതൽ വിശദീകരണത്തോടുകൂടി 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പുതിയ ഉത്തരവിനെത്തുടർന്നുള്ള സംരംഭകരുമായുള്ള ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലവിലുള്ള സോളാർ പദ്ധതികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് വ്യാപകമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദവിവരം നൽകുമോ?

നിലവിൽ എം.എൻ.ആർ.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് ശാസ്ത്രീയമായിട്ടാണ് സോളാർ പദ്ധതികൾ സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പദ്ധതികൾ പുനഃസംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ PM-KUSUM പദ്ധതിയിലുൾപ്പെടുത്തി നിലവിലെ കാർഷിക കണക്ഷനുള്ള പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1 മുതൽ 7.5 എച്ച്.പി. വരെശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന/സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിലൂടെ കർഷകർക്ക് അധികവരുമാനവുമുണ്ടാകും. അനെർട്ട്, കെ.എസ്.ഇ.ബി.എൽ., കൃഷി വകുപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ്ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉല്പാദനത്തിന് സോളാർപ്ലാന്റുകൾ സ്ഥാപിക്കുന്നതിന അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു. സ്വകാര്യപങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി ഗ്രിഡ് കണക്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യാപകമാക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

226 (1956) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ നിലവിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കി.മീ എച്ച്.റ്റി. ലൈൻ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 20 ട്രാൻസ്ഫമറുകൾ സ്ഥാപിക്കുകയും, 20 കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്റ്ററുകൾ (CFPD) സ്ഥാപിക്കുകയും, എൽ.റ്റി. റീകണ്ടക്ടറിംഗ് പ്രവൃത്തികൾ, എ.ബി. സ്വിച്ച് സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ എന്നിവയുൾപ്പടെ ഏകദേശം മൂന്ന് കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലത്തൂർ ടൗണിൽ സുഗമമായ വൈദ്യുതി വിതരണത്തിനായി ഭൂഗർഭ കേബിളുപയോഗിച്ച് ഏകദേശം ഒരു കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന പ്രവൃത്തിയുടെ പ്രാരംഭനടപടികളാരംഭിച്ചിട്ടുണ്ട്. കൂടാതെ കിഴക്കഞ്ചേരി മലയോര മേഖലകളിൽ സുഗമമായ വൈദ്യുതി വിതരണത്തിനായി എ.ബി.സി ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പ്രാരംഭനടപടികളുമാരംഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ ഇത്തരത്തിലുള്ള 4.9 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ വിഭാവനം ചെയ്യുകയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ആലത്തൂർ മണ്ഡലത്തിൽ കണ്ണമ്പുള്ളി 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി ആയി ഉയർത്തുന്നതിനും, അതിനോടനുബന്ധിച്ചുള്ള ലൈൻ 110 കെ.വി ആയി നവീകരിക്കുന്നതിനും വേണ്ടി 1804 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

227(1957) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

&

(ബി) ഇത് സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വിശദീകരിക്കുമോ?

അതിരപ്പിള്ളി പദ്ധതി (163 MW) സർക്കാർ സമവായത്തിലൂടെ മാത്രമേ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

## ഊർജ്ജ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

228 (1958) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ മേഖലയിൽ സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററിംഗ്, ഫീഡർ വേർതിരിക്കൽ, സിസ്റ്റം ഇംപ്രൂവ്മെന്റ് തുടങ്ങിവയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി DISCOM-ന് ധനസഹായം നൽകുന്നതിനുള്ള സഹായ പദ്ധതിക്കായുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഊർജ്ജ വകുപ്പ് ഇതിനോടകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന് UMREPP സോളാർ പാർക്ക് പദ്ധതി കേന്ദ്ര സാമ്പത്തികസഹായം ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി NHPC ആണ് നടപ്പാക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമിയുടെ രേഖകൾ കെ.എസ്.ഇ.ബി.-യുടെ പരിശോധനയ്ക്കായി NHPC ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്കായി 300 ഏക്കർ സ്ഥലം ആവശ്യമായിട്ടുണ്ട്. കെ.എസ്.ഇ.ബി.- യുടെ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ പരിശോധിച്ചുവരുന്നു. ലഭ്യമായ രേഖകൾ പ്രകാരം 215 ഏക്കർ നിലം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി സോളാർ പാർക്കിന് ഉപയോഗിക്കുന്നതിനായും

കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കാൻവേണ്ട പരിശോധനകൾ നടന്നുവരുന്നു. ഇടത്തരം വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള വൈദ്യുതചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം ലക്ഷ്യമാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത മൂലധന സബ്സിഡി പദ്ധതിയിലൂടെ (ഫെയിം2) 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ 20 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ടെൻഡർ നടപടികളും പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കായി എംപാനൽ ചെയ്തിട്ടുള്ള ഇംപ്ലിമെന്റിംഗ് ഏജൻസികളിൽനിന്നും ലിമിറ്റഡ് ടെൻഡറിലൂടെ പദ്ധതികൾ നടപ്പിലാക്കി വരുന്നതിനാൽ ടെൻഡർ നടപടികളുടെ കാലതാമസം കുറയ്ക്കാൻ കഴിയുന്നുണ്ട്. 'പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്തൻ മഹാഭിയാൻ' (PM-KUSUM) പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്. ഈ പദ്ധതിയുടെ ഒരു വിഭാഗമായ കംബോണന്റ്-എ പ്രകാരം സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന, കർഷകരുടെ കൃഷി യോഗ്യമല്ലാത്തതോ തരിശ്ശോ ആയ ഭൂമിയിൽ, 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജനിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതാണ് ഈ പദ്ധതി. പദ്ധതിക്കായി എം. എൻ. ആർ. ഇ.- ൽ നിന്ന് 40 മെഗാവാട്ടാണ് കെ. എസ്. ഇ,. ബി. എൽ-ന് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിനായി രജിസ്റ്റർ ചെയ്ത കർഷകരുടെ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. സർവ്വേ നടത്തിയിട്ടുണ്ട്. കൂടുതൽ സ്ഥലലഭ്യതയ്ക്കായി ഫീൽഡ് തലത്തിൽ സർവ്വേ നടപടികൾ നടത്തികൊണ്ടിരിക്കുന്നു. PM KUSUM പദ്ധതിയുടെ മറ്റൊരു ഉപവിഭാഗമായ കംബോണന്റ്-സി പ്രകാരം ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണം നടപ്പിലാക്കാൻ എം.എൻ.ആർ.ഇ.-ൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് അനുമതി ലഭിച്ചിട്ടുണ്ട്. കൃഷിക്കാവശ്യമായ വൈദ്യുതിയുടെ ഉപഭോഗം കൂടുതലായുള്ള ഫീഡറുകളെ സൗരോർജ്ജവത്ക്കരിക്കുക വഴി കൃഷി ആവശ്യത്തിന് ഇതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉപഭോഗം പരിമിതപ്പെടുത്താൻ സാധിക്കും. ടി പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് 30% സബ്സിഡി നൽകുന്നതാണ്. കാർഷികാവശ്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്ന ഫീഡറുകളിൽ ഈ സൗരോർജ്ജപ്ലാന്റുകളെ ബന്ധിപ്പിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ, കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവരസാങ്കേതികവിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഫേസ്-2 ഐ.ടി പദ്ധതി

2. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് – (E.R.P)

3. റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം – (RT-DAS)

കേന്ദ്രാവിഷ്കൃതപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ പ്രധാന ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും പദ്ധതികളുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന ജീവനക്കാർക്ക് അവർ ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ. ചെയർമാൻ നേരിട്ടുതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം പതിവായി വിളിച്ചുചേർക്കുകയും പദ്ധതികൾ ഫലപ്രദമായി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതികൾ ഫലപ്രദമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഹെഡ് ഓഫീസിൽ ഒരു ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജനിലയം സ്ഥാപിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. എം.എൻ.ആർ.ഇ നിശ്ചയിക്കുന്ന ബഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. സംസ്ഥാനത്ത് 60 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം സൗരോർജ്ജനിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. 30 ശതമാനം കേന്ദ്ര സബ്സിഡിയോടൊപ്പം സംസ്ഥാനവും 30 ശതമാനം സബ്സിഡി ഈ പദ്ധതിക്കായി നൽകുന്നതാണ്. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാലാവധി നീട്ടിനൽകുന്നതിനായി കേന്ദ്രസർക്കാരിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ കാലാവധി നീട്ടി ലഭിക്കുകയാണെങ്കിൽ കൂടുതൽ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത്

കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട്, കെ. എസ്. ഇ. ബി. എൽ., കൃഷിവകുപ്പ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊർജ്ജമേഖലയിൽ സംസ്ഥാനത്ത് എനർജി മാനേജ്മെന്റ് സെന്റർ കേന്ദ്രാവിഷ്കൃതപദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ എനർജി മാനേജ്മെന്റ് സെന്ററിന് എല്ലാ വർഷവും കേന്ദ്രസർക്കാരിന്റെ ഊർജ്ജവകുപ്പിനുകീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഊർജ്ജകാര്യക്ഷമതയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ധനസഹായം നൽകാറുണ്ട്. ഓരോവർഷവും വിവിധ പദ്ധതികൾക്കാണ് ധനസഹായം നൽകിവരുന്നത്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഡെമോൺസ്ട്രേഷൻ പ്രോജക്ട് എനർജി എഫിഷ്യൻസി ആക്ടിവിറ്റീസ് ഇൻ സ്കൂൾസ്, മോഡൽ എനർജി എഫിഷ്യന്റ് വില്ലേജ് സ്റ്റേറ്റ് എനർജി എഫിഷ്യൻസി, റിസർച്ച് ഔട്ട് റീച്ച് വർക്ക്ഷോപ്പ്/കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, സ്റ്റുഡന്റ്സ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, എനർജി കൺസർവേഷൻ അവാർഡ്, ആൻഡ് വീക്ക് അഗ്രിക്കൾച്ചർ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, മുനിസിപ്പൽ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രോഗ്രാം, "ഗോ ഇലക്ട്രിക്" ക്യാമ്പയിൻ, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സെൽ മേല്പറഞ്ഞ പദ്ധതികളുടെ ഭാഗമായി ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ കേരളത്തിലും പുറത്തുമുള്ള 49 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ മുഖേനയാണ് ഊർജ്ജ ഓഡിറ്റ് നടത്തുന്നത്. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് കേരളം സർക്കാർ പൊതുമരാമത്ത് വകുപ്പ് (വൈദ്യുതി വിഭാഗം) മുഖേനയാണ്. ഊർജ്ജസംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി റവന്യൂ-ജില്ലാതലത്തിൽ ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ ജോയിന്റ് കോ-ഓർഡിനേറ്റർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 kW ന് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പുറപ്പെടുവിച്ചിട്ടുണ്ട്. 150-നു മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും, ഇതിന്റെഭാഗമായി ECBC പ്രകാരം

നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി 5 പേരടങ്ങുന്ന BEEE ആദ്യ ബാച്ച് തയ്യാറായി. ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ ഇ.സി.ബി.സി. പ്രകാരമാക്കുന്നതിനുവേണ്ടി സാങ്കേതിക സഹായം നൽകുന്നതിന് ഇ.സി.ബി.സി. സെൽ എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിച്ചുവരുന്നു. സെൽ പ്രവർത്തിപ്പിക്കുന്ന ഏജൻസിയെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നേരിട്ടാണ് നിയമിക്കുന്നത്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി അനുവദിക്കുന്ന വിവിധതരം പദ്ധതികൾ നടപ്പിലാക്കുവാൻ കേരള സർക്കാരിനുകീഴിലുള്ള കേരള സ്റ്റേറ്റ് വൈദ്യുതി വകുപ്പ്, കേരള ജല അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്നാണ് ഇ.എം.സി. പദ്ധതി നടപ്പിലാക്കുന്നത്. കർഷകർക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ശില്പശാലകൾ കൃഷിവിജ്ഞാന കേന്ദ്രങ്ങളുമായി ചേർന്നാണ് നടപ്പിലാക്കുന്നത്.

(സി) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതിനായി വൈദ്യുതി വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

PM KUSUM പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൃഷിക്കാർക്ക് അവരുടെ ഉടമസ്ഥതയിലുള്ള തരിശ്ശായതോ കൃഷിയോഗ്യമല്ലാത്തതോ ആയ ഭൂമി സൗരോർജ്ജനിലയത്തിന് ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ അവസരമൊരുക്കുന്നു. കൃഷിക്കാവശ്യമായ വൈദ്യുതിയുടെ ഉപഭോഗം കൂടുതലായുള്ള ഫീഡറുകളെ സൗരോർജ്ജവത്ക്കരിക്കുക വഴി കൃഷി ആവശ്യത്തിന് ഇതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉപഭോഗം പരിമിതപ്പെടുത്താൻ സാധിക്കും. PM KUSUM പദ്ധതി കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന വൈദ്യുതി മുൻകൂട്ടി നിശ്ചയിച്ച താരിഫ് പ്രകാരമോ ടെൻഡർ വഴി നിശ്ചയിക്കുന്ന താരിഫ് പ്രകാരമോ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടുകൂടി കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജവൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുദ്ദേശിക്കുന്നു. അധിക വൈദ്യുതി കെ.എസ്.ബി.എൽ.-ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. ഇത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നതാണ്. കാർഷികമേഖലയിലെ ഊർജ്ജകാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, ഭൂജല ഉപഭോഗം കുറയ്ക്കുന്നതിനുമായി കർഷകർക്കും ടെക്നീഷ്യന്മാർക്കുമായുള്ള ബോധവൽകരണ

പരിപാടികൾ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖാന്തരം നടത്തിവരുന്നു. കൂടാതെ ഇതേ വിഷയത്തിൽ വെബിനാറുകളും കപ്പാസിറ്റി ബിൽഡിംഗ് ശിൽപശാലകളും നടത്തുന്നുണ്ട്. കുട്ടനാട്ടിലെയും തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലേയും നിലവിൽ വെള്ളം പമ്പ് ചെയ്തുകളയാനുപയോഗിക്കുന്ന ഊർജ്ജകാര്യക്ഷമത കുറഞ്ഞ പെട്ടി-പറ എന്ന സംവിധാനത്തിനുപകരമായി ഉപയോഗിക്കുവാൻ കഴിയുന്ന ഊർജ്ജകാര്യക്ഷമത കൂടിയ പമ്പ് വികസിപ്പിച്ച് പരീക്ഷണാർത്ഥം പ്രവർത്തിപ്പിക്കുന്നുണ്ട്. ഇ.എം.സി., റെയ്ഡ്കോ കേരളയും, പാലക്കാടുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ആർ.ഐ.)-മായി ചേർന്നാണ് പമ്പ് വികസിപ്പിച്ചത്. പെട്ടിയും-പറയെയും അപേക്ഷിച്ച് മൂന്ന് മടങ്ങ് ഊർജ്ജ കാര്യക്ഷമത കൂടുതൽ നൽകുവാൻ ഈ പമ്പിന് സാധിക്കും.

**ഞാറക്കൽ സബ്സ്റ്റേഷൻ**

229(1959) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി മുതൽ ഞാറക്കൽ വരെ 110 കെ.വി. ലൈനിന്റെ നിർമ്മാണത്തിനും 66 കെ.വി ഞാറക്കൽ സബ്സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയെയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചെറായി മുതൽ 66 കെ.വി. ഞാറക്കൽ സബ് സ്റ്റേഷൻ വരെ 14.1 കി.മീ. 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ 51 ടവറുകൾ സ്ഥാപിച്ച് വലിക്കുകയും, ഞാറക്കൽ സബ് സ്റ്റേഷനിൽ നിർദ്ദിഷ്ട 110 കെ.വി. ബേ പണിത് 110/11 കെ.വി, 12.5 എം.വി.എ. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും, പഴയ 11 കെ.വി. പാനലുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭ്യമായതെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

18-2-2020 – ൽ 24 കോടി രൂപ ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ 18 കോടി രൂപ ചെറായി ഞാറക്കൽ 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ നിർമ്മാണത്തിനും, 6 കോടി രൂപ 66 കെ.വി. ഞാറക്കൽ സബ് സ്റ്റേഷൻ 110 കെ.വി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായും വകയിരുത്തിയിരിക്കുന്നു. 14.1 കി.മീ. 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കാനുള്ള വർക്ക് ഓർഡർ ജി.എസ്.ടി ഉൾപ്പെടെ 19,09,56,470

(19.0956 കോടി) രൂപയ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭനടപടിയായ ലെറ്റർ ഓഫ് അക്സപ്റ്റൻസ് 8-3-2021 – ൽ കോൺട്രാക്ടർക്ക് നല്കി. ഒക്ടോബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. ഞാറക്കൽ സബ്സ്റ്റേഷനെ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പ്രവൃത്തികൾക്കായി പ്രസ്തുത സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുംവേണ്ടിയുള്ള സെയിൽ ഓർഡർ കൊടുക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഓഗസ്റ്റ് മാസത്തോടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഡിസംബറോടുകൂടി ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി വാങ്ങൽ കരാർ

230 (1960) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനം വൈദ്യുതി വാങ്ങൽ കരാറിൽ ഏതെല്ലാം സ്ഥാപനങ്ങളുമായി എത്ര രൂപ നിരക്കിൽ എത്ര വർഷത്തേയ്ക്ക് ഒപ്പ് വച്ചു എന്ന് വ്യക്തമാക്കാമോ?

2016 മുതൽ ഒപ്പുവച്ചിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) പുറമേ നിന്നും വൈദ്യുതി വാങ്ങുന്നതിനുപകരം സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കാനും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, പ്രകൃതിവാതകം എന്നിവ വഴി വൈദ്യുതിയുല്പാദനം ത്വരിതപ്പെടുത്താനും പദ്ധതികൾ ആവിഷ്കരിക്കുമോ?

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണിപുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജപ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർപദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർപദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദിശയിലാണ്. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജപ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ. ആർ.ഇ.-ൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശു ഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽ നിന്നും രജിസ്ട്രേഷൻ സ്വീകരിക്കുകയും അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടുമിരിക്കുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജ വത്ക്കരണത്തിനായി എം.എൻ.ആർ.ഇ.-ൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 ഗ്രിഡ്ബന്ധിത പമ്പുകളെ ഫീഡർ തലത്തിൽ സൗരോർജ്ജ വത്ക്കരിക്കുകയാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷിക ആവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷി ആവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. സംസ്ഥാനത്ത് വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാനും പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്താനും 2003 മുതൽ ഇ.എം.സി.-യിലെ SHP Cell വഴി, ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസ്/ബൂട്ട് അടിസ്ഥാനത്തിൽ വിവിധ സ്വകാര്യസംരംഭകർക്ക് CAPTIVE POWER PROJECTS (CPP),

INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ചു നൽകിവരുന്നുണ്ട്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിക്കുകയും, 2014-15 കാലയളവിൽ 110 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 25 (CPP & IPP) പദ്ധതികളും, 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതിയും സർക്കാർ നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'ഊർജ്ജകേരളമിഷൻ' പരിപാടിയോടനുബന്ധിച്ച് മുൻസർക്കാർ ആരംഭിച്ച 'സൗര' പദ്ധതി പൂർത്തിയാക്കും. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിൽ നിന്ന് ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും, ജലോപരിതലത്തിലും സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം, അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാറ്റിൽനിന്നും അതുപോലെ പുനരുപയോഗ ഊർജ്ജസ്രോതസ്സായ ഹൈഡ്രജൻ ഇന്ധനം ഉപയോഗിച്ചും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

## സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം

231 (1961) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതിയാണ് ശരാശരി പ്രതിദിന ഉപഭോഗത്തിന് വേണ്ടിവരുന്നത്?

2021 ജൂലൈ മാസം 21-ാം തീയതി വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 67.11 ദശലക്ഷം യൂണിറ്റാണ്.

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കുന്നത്?

2021 ജൂലൈ മാസം 21-ാം തീയതി വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉത്പാദനം 29.47 ദശലക്ഷം യൂണിറ്റാണ്.

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ടതെന്നും എന്നാൽ നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭ്യമാകുന്നതെന്നും അറിയിക്കുമോ?

കേന്ദ്രപൂളിൽ നിന്നും കേന്ദ്ര വിഹിതമായി പ്രതിദിനം ഏകദേശം 37.8 ദശലക്ഷം യൂണിറ്റാണ് ലഭിക്കേണ്ടത്. എന്നാൽ വാർഷിക അറ്റകുറ്റപ്പണികൾ മൂലവും യന്ത്രത്തകരാറുകൾ മൂലവും ഉണ്ടാകുന്ന കുറവുകൾ കാരണം സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്നത് ഏകദേശം 32.73 ദശലക്ഷം യൂണിറ്റ് ആണ്.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനം വീതമാണ് ഓരോ സ്രോതസ്സുകളിൽ നിന്നും പ്രതിദിനം ലഭ്യമാകുന്നത്?

2021 ജൂലൈ മാസം 21 വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതിദിനം ലഭ്യമാകുന്ന വൈദ്യുതിയുടെ ശതമാന കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഓരോ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ശരാശരി പ്രതിദിന ഉല്പാദനച്ചെലവ് യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ?

2019-20 സാമ്പത്തിക വർഷങ്ങളിലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ വൈദ്യുതോല്പാദന നിലയങ്ങളിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏകദേശം 1.08 രൂപ ചെലവു വരും.

## വൈദ്യുതി ചാർജിൽ ഇളവ്

232 (1962) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വ്യാപാര പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതുമൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലായിരിക്കുന്ന വ്യാപാരികൾക്ക് വൈദ്യുതിചാർജ്ജ് അടയ്ക്കേണ്ടി വരുന്നത് സാമ്പത്തികപ്രതിസന്ധിയുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാനത്തെ വ്യാപാരമേഖലയിൽ ആഘാതം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിലാണ് എല്ലാ വിഭാഗം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം തടയുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിട്ടുള്ള ഒട്ടനവധി കാരണങ്ങളുണ്ട്. എന്നാൽ വൈദ്യുതിചാർജ്ജ് മൂലമുള്ള സാമ്പത്തികാഘാതം കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ ഇളവുകൾ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെട്ടിട വാടക, ലോൺ തിരിച്ചടവ്, മൂലധന വായ്പ തിരിച്ചടവ് തുടങ്ങിയവയ്ക്കൊന്നും ഇളവ് ലഭിക്കാത്ത സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക തുടങ്ങിയ ഇനങ്ങളിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും കോവിഡ് മഹാമാരിമൂലം, വലിയ സാമ്പത്തികപ്രതിസന്ധിയിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും (ഉപഭോഗത്തിലുള്ള ഗണ്യമായ കുറവ്, വൈദ്യുതി ചാർജ്ജ് അടക്കുന്നതിനുള്ള വിമുഖത, ഷെഡ്യൂൾ ചെയ്യാത്ത വൈദ്യുതിക്ക് കൊടുക്കേണ്ടി വരുന്ന ഫിക്സഡ് ചാർജ് എന്നിവമൂലം) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളും, കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വന്തം നിലയ്ക്ക് നൽകിയിട്ടുള്ള ഇളവുകളും, വ്യാപാരസമൂഹം ഉൾപ്പെടെ സംസ്ഥാനത്തെ ഒട്ടുമിക്ക ഉപഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. 1-6-2020-ലെ സർക്കാർ ഉത്തരവുപ്രകാരം, വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും അവരുടെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ (2020 മാർച്ച്, ഏപ്രിൽ, മേയ്) 25% ഇളവും, ബാക്കിയുള്ള ഫിക്സഡ്/ഡിമാന്റ് ചാർജ്ജ് (75%) 15-12-2020-വരെ പലിശ രഹിതമായി അടയ്ക്കുന്നതിന് സാവകാശം നൽകിയിരുന്നു.

2. തുടർന്ന്, 28-6-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം മേയ് 2021-ലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 25% ഇളവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി മാസത്തെ ബാക്കിയുള്ള കറന്റ്ചാർജ്ജ് അടയ്ക്കുന്നതിന് (പലിശ രഹിതമായി) മൂന്ന് തവണകളോടെ 30-9-2021 വരെ അടയ്ക്കാനുള്ള സാവകാശവും നൽകിയിട്ടുണ്ട്.

3. കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31-7-2021-വരെ) ക്യാഷ് ബാക്ക് സൗകര്യം എന്നിവ ഏർപ്പെടുത്തുകയും (31-12-2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31-5-2020 വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു. കേന്ദ്ര വൈദ്യുതിനിലയങ്ങളിൽ നിന്നും, പ്രസരണ യൂട്ടിലിറ്റികളിൽ നിന്നും, ലഭ്യമായ റിബേറ്റുകളെക്കാൾ അധികമായി, ഇളവുകൾ സംസ്ഥാനത്തെ എല്ലാവിഭാഗം ഉപഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. ടി ഇനത്തിൽ, വാണിജ്യ/വ്യാവസായിക ഉപഭോക്താക്കൾക്ക് നൽകിയ ഇളവുകൾ മാത്രം കണക്കിലെടുത്താൽ തന്നെ ഏകദേശം 50 കോടിയോളം രൂപ, നികത്തി തരേണ്ടതായുണ്ട്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ഇളവുകൾ

നൽകിയ സംസ്ഥാനം കേരളമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മീറ്റർ വാടക ഇനത്തിൽ, പ്രതിമാസം തുലോം തുച്ഛമായ തുക (സിംഗിൾ ഫേസ് - 6 രൂപ, ത്രീ ഫേസ് - 15 രൂപ, ത്രീ ഫേസ് (സി.റ്റി) – 30 രൂപ) മാത്രം ഈടാക്കുന്ന സാഹചര്യത്തിൽ, ഇളവുകൾ നൽകുന്ന കാര്യത്തിൽ തീരുമാനങ്ങളൊന്നുംതന്നെ എടുത്തിട്ടില്ല.

**പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി**

233 (1963) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, കച്ചിത്തോട്, കുരിയകുറ്റി എന്നീ ആദിവാസി കോളനികളിൽ ഗ്രിഡ് വൈദ്യുതിയില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കോളനികളിൽ 2017-ലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തി സോളാർ പാനൽവച്ച് വികേന്ദ്രീകൃത വൈദ്യുതീകരണത്തിലൂടെ KSEBL (കൺസ്യൂമർ നമ്പർ ഉൾപ്പെടെ നൽകി KSEBL ന്റെ ഉപഭോക്താക്കളാക്കികൊണ്ടു) വൈദ്യുതി എത്തിച്ചിരുന്നു.

(ബി) ഈ മേഖലയിൽ ഭൂഗർഭ വൈദ്യുതലൈൻ സ്ഥാപിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഈ മേഖലയിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം സമീപ<u>ത്തുല</u>ഭ്യമുള്ള തമിഴ്നാട് ഗ്രിഡിൽനിന്നും വൈദ്യുതി എത്തിക്കുന്നതായിരുന്നു. KSEB-ന്റെ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് റോഡ്സൗകര്യങ്ങൾ ലഭ്യമല്ലാത്ത വനമേഖലയായ മലമുകളിൽക്കൂടി ഏകദേശം 10 കിലോമീറ്റർ ലൈൻ/കേബിൾ വലിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനാലാണ് പ്രസ്തുത കോളനികളിൽ സോളാർ വൈദ്യുതി നൽകിയിരുന്നത്. ഇപ്പോൾ ഈ പ്രദേശത്തേയ്ക്കുള്ള റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഈ റോഡിൽ കൂടി അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഭൂഗർഭലൈൻ സ്ഥാപിച്ച് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി, വൈദ്യുതീകരണത്തിന് ആവശ്യമായ തുക എന്നിവ ലഭ്യമാകുന്നമുറയ്ക്ക് മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയാക്കാവുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണം

234 (1964) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ 522 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഈ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇനി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ, മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ഒരു കുടുംബത്തിനും ഇനി വൈദ്യുതി കണക്ഷൻ നൽകാനില്ല.

(സി) മണ്ഡലത്തിലെ വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി വിതരണ രംഗം ശക്തിപ്പെടുത്തുന്നതിനായി, കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എച്ച്.ടി/എൽ.ടി ലൈൻ നിർമ്മിക്കുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക, പഴയ കമ്പി മാറ്റി പുതിയവ സ്ഥാപിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈൻ ആക്കിമാറ്റുക തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി ദ്യുതി പദ്ധതിയിൽ 949.74 ലക്ഷം രൂപയും DDUGJY പദ്ധതിയിൽ 606.65 ലക്ഷം രൂപയും വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികൾക്കായി 280.61 ലക്ഷം രൂപയും PPS പദ്ധതിയിൽ 156.887 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനു KSEBL-ന്റെ തനതു ഫണ്ടായ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ 562.60 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) മഴുവന്നൂർ 33 കെ.വി സബ്സ്റ്റേഷനിലെ 33/11 കെ.വി 5 എം.വി.എ. ട്രാൻസ്ഫോമറിന്റെ ശേഷി 8 എം.വി.എ. ആയി ഉയർത്തുന്ന പദ്ധതിക്ക്

ഭരണാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ii) കിഴക്കമ്പലം 110 കെ.വി സബ്സ്റ്റേഷനിൽ ഒരു 110/11 കെ.വി. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ട്രാൻസ്ഫോമറിനും ഓർഡർ നൽകിക്കഴിഞ്ഞു.

**വൈദ്യുതിയുടെ പ്രസരണ നഷ്ടം**

235 (1965) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതിയുടെ പ്രസരണ വിതരണനഷ്ടം എത്ര ശതമാനമാണ്?

നിലവിൽ ആഡിറ്റ് ചെയ്ത് അംഗീകരിച്ച കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രസരണ വിതരണ നഷ്ടം 12.08% ആകുന്നു.

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ കുറവാണ് വരുത്തിയിട്ടുള്ളതെന്നും ഇതുവഴി സർക്കാരിന് പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഇത് മുൻ വർഷത്തെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടത്തിൽ 0.39% കുറവാണ്. ഇതുവഴി 2019-20 –ൽ വൈദ്യുതി വാങ്ങലിൽ 83.73 ദശലക്ഷം യൂണിറ്റ് ലാഭിക്കാനായിട്ടുണ്ട്.

**വീടുകളിൽ സൗരോർജ്ജ പാനൽ**

236 (1966) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ചുകൊണ്ട് അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ബോർഡിനുതന്നെ തിരിച്ചുനൽകാൻ കഴിയുന്ന പദ്ധതി നിലവിലുണ്ടോ?

നിലവിലുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ വെബ്സൈറ്റ് മുഖേനയാണ് സ്വീകരിച്ചിരുന്നത്. ഇതുവരെ ഇതിൽ 21167 അപേക്ഷകൾ ലഭിച്ചു. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഇനി മുതൽ ഏകജാലക സംവിധാനമായ E-Kiran Portal മുഖേനയാണ് അപേക്ഷകൾ നൽകേണ്ടത്. നിലവിലുള്ള Portal -ൽ നിന്ന് E-Kiran Portal-ലേയ്ക്കുള്ള data migration പൂർത്തിയാകുന്ന മുറയ്ക്ക് E-Kiran വഴി അപേക്ഷകൾ നൽകാവുന്നതാണ്.

(സി) ഈ പദ്ധതിക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടോ; അറിയിക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജപാനൽ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. സബ്സിഡി പദ്ധതിയിലോ അല്ലാതെയോ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന നിലയങ്ങളിൽ നിന്നുമുള്ള മിച്ചവൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകാവുന്നതാണ്.

## വേസ്റ്റ് ടു എനർജി പ്ലാന്റ്

237 (1967) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ആദ്യപദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ?

മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എറണാകുളത്ത് കൊച്ചി കോർപ്പറേഷൻ പരിധിയിൽ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള പദ്ധതിക്കായി M/s G.J. Eco Power Pvt. Ltd. എന്ന സ്ഥാപനത്തെ നിർണ്ണയിക്കുകയും അവരുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച രേഖകൾ സമർപ്പിക്കാത്തതിനാൽ ഗവൺമെന്റ് ഉത്തരവുപ്രകാരം പദ്ധതി റദ്ദാക്കി പകരം റീ-ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ചാല എരുമക്കുഴിയിൽ ഒരു പദ്ധതി വിഭാവനം ചെയ്തിരുന്നു. അതിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ സമീപവാസികളുടെ എതിർപ്പുകാരണം പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. നിലവിൽ കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മാലിന്യത്തിൽ നിന്നും 6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നിലയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ആരംഭിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി നിരക്ക് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ട കമ്പനി ധാരണയിൽ എത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ; വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച നിരക്കിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മാലിന്യത്തിൽ നിന്നും 6 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച `6.81/Unit എന്ന നിരക്കിൽ വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ. ധാരണയായിട്ടുണ്ട്. നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കരാർ ഒപ്പുവയ്ക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടക്കുകയാണ്.

(സി) കെ.എസ്.ഐ.ഡി.സി.-യുടെ മേൽനോട്ടത്തിലാണോ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എങ്കിൽ എവിടെയൊക്കെയാണെന്നും എത്ര മെഗാവാട്ടിന്റെ പദ്ധതികളാണിവയെന്നും വിശദമാക്കാമോ?

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ കൂടാതെ കൊല്ലം (കരീപ്പുഴ), ഇടുക്കി (മൂന്നാർ), പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

### നിലാവ് പദ്ധതി

238 (1968) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കെ.എസ്.ഇ.ബി. ആവിഷ്കരിച്ച നിലാവ് പദ്ധതി നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; എത്ര സ്ട്രീറ്റ് ലൈറ്റുകളാണ് വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭയിലും സ്ഥാപിച്ചതെന്നും വിശദമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലമ്പൂർ മുനിസിപ്പാലിറ്റി, അമരമ്പലം ഗ്രാമപഞ്ചായത്ത്, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പിലാക്കുന്നത്. ഇതുപ്രകാരം ഇതുവരെ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

നിലമ്പൂർ മുനിസിപ്പാലിറ്റി - 450 എണ്ണം

അമരമ്പലം ഗ്രാമപഞ്ചായത്ത് -500 എണ്ണം

ചുങ്കത്തറ ഗ്രാമപഞ്ചായത്ത് - 450 എണ്ണം.

(ബി) ഏറ്റവും ചുരുങ്ങിയത് എത്ര തെരുവ് വിളക്കുകളാണ് നിലാവ് പദ്ധതിയിൽ സ്ഥാപിക്കാനാവുകയെന്നും ഇതിനായി എത്ര തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം അടവാക്കേണ്ടതെന്നും അറിയിക്കാമോ; സ്വകാര്യ കമ്പനികളുടെ വിലനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ നിലാവ് പദ്ധതിയുടെ തുക കൂടുതലാകുമോ എന്നറിയിക്കാമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി, കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് നിലാവ്. 25-12-2020-ലെ സ.ഉ.(കൈ) 202/2020/ത.സ്വ.ഭ.വ. പ്രകാരം 500 തെരുവുവിളക്കുകൾ അടങ്ങുന്ന അഞ്ച് പാക്കേജുകളിൽ കുറഞ്ഞത് ഒരെണ്ണമെങ്കിലും തിരഞ്ഞെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. കിഫ്ബിയാണ് പദ്ധതിക്കുവേണ്ട ധനസഹായം ചെയ്യുന്നത്. LED വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിയുടെ തിരിച്ചടവ് നടത്തേണ്ടത്. 500 തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 3.44 ലക്ഷം രൂപ മുതൽ 4.19 ലക്ഷം രൂപ വരെ വൈദ്യുതിചാർജ്ജിനത്തിൽ ലാഭം പ്രതീക്ഷിക്കുന്നു. ഇതിന്റെ 75% വരുന്ന തുകയാണ് പ്രതിവർഷം തിരിച്ചടവ് കണക്കാക്കിയിട്ടുള്ളത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.-നെയാണ് നിലാവ് പദ്ധതിക്കുവേണ്ടി LED തെരുവുവിളക്കുകൾ സപ്ലൈ ചെയ്യുവാൻ നിയോഗിച്ചിരിക്കുന്നത്. ഇ.ഇ.എസ്.എൽ. മത്സരാധിഷ്ഠിത ടെണ്ടർവഴി തെരഞ്ഞെടുക്കുന്ന നിർമ്മാതാക്കളിൽനിന്നാണ് എൽ.ഇ.ഡി. തെരുവുവിളക്കുകൾ വാങ്ങുന്നത്. മത്സരാധിഷ്ഠിത ടെണ്ടർ വഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് (Discovered Price) കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കും. ഈ നിരക്കിലാണ് കെ.എസ്.ഇ.ബി.എൽ. പർച്ചേസ് ഓർഡർ ഇ.ഇ.എസ്.എൽ.-നു നൽകുന്നത്. ഇപ്രകാരം മത്സരാധിഷ്ഠിത ടെണ്ടർവഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ പർച്ചേസ് ഓർഡർ നൽകുന്നതിനാൽ സ്വകാര്യ കമ്പനികളുടെ വിലനിലവാരവുമായി താരതമ്യം ചെയ്യുന്നതിന് പ്രസക്തിയില്ല.

(സി) ഇതുപ്രകാരം കേടായ സ്ട്രീറ്റ് ലൈറ്റുകളെക്കുറിച്ച് പരാതി ലഭിച്ചാൽ എത്ര സമയത്തിനകത്താണ് പുനഃസ്ഥാപിക്കാനാകുക എന്നറിയിക്കാമോ; കെ.എസ്.ഇ.ബി.എൽ-ന് എത്ര വർഷത്തേയ്ക്കാണ് പരിപാലന കരാർ ഉള്ളതെന്നും അറിയിക്കാമോ?

സ.ഉ.(കൈ) 202/2020/ത.സ്വ.ഭ.വ. തീയതി 25-12-2020 പ്രകാരം സപ്ലൈ ചെയ്യുന്ന LED തെരുവുവിളക്കുകളുടെ 5% ഇ.ഇ.എസ്.എൽ. ബഫർ സ്റ്റോക്കായി (വില ഈടാക്കാതെ) നൽകേണ്ടതുണ്ട്. ആയതിനാൽ കേടായ വിളക്കുകൾ പരാതി ലഭിച്ച് 48 മണിക്കൂറിനകം മാറ്റി സ്ഥാപിക്കാൻ സാധിക്കുന്നതാണ്. നിലാവ് പദ്ധതി പ്രകാരമുള്ള തെരുവ് വിളക്കുകളുടെയും പരിപാലന ചുമതല മറ്റു തെരുവ്

വിളക്കുകളുടേതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനപ്രകാരം നിലാവ് പദ്ധതിയിലുള്ള തെരുവുവിളക്കുകളുടെ വാർഷിക പരിപാലന കരാർ കെ.എസ്.ഇ.ബി.എൽ.-നും നല്കാവുന്നതാണ്. നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന് നിലാവ് പദ്ധതിയിൽ പരിപാലന കരാറില്ല.

(ഡി) കൂടുതൽ തദ്ദേശസ്ഥാപനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിലാവ് പദ്ധതിയുടെ സ്ലാബുകളിൽ ആകർഷകമായ കുറവ് വരുത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. തയ്യാറാകുമോ; ഇതിനായി തെരുവുവിളക്ക് സ്ഥാപിക്കുന്നതിന്റെ സർക്കാർ - സ്വകാര്യ മേഖലകളുടെ ചെലവുകളുടെ താരതമ്യ പഠന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ അംഗീകരിച്ചിട്ടുള്ളത് 500 തെരുവുവിളക്കുകൾ അടങ്ങുന്ന അഞ്ച് പാക്കേജുകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ജൂലൈ മാസം 8-ന് അവലോകനം നടത്തിയതുപ്രകാരം നിലവിലുള്ള 500 തെരുവുവിളക്കുകൾ അടങ്ങുന്ന അഞ്ച് പാക്കേജുകൾക്ക് പകരം 100 തെരുവുവിളക്കുകളടങ്ങുന്ന അഞ്ചു പാക്കേജുകൾക്ക് പ്രൊപ്പോസൽ സമർപ്പിച്ച് ഉത്തരവ് വാങ്ങി പദ്ധതിയുടെ രണ്ടാം ഘട്ടപ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ട തുടർനടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പാണ് സ്വീകരിക്കേണ്ടത്. ഈ പദ്ധതിയിൽ മത്സരാധിഷ്ഠിത ടെണ്ടർ വഴി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് പ്രകാരം LED തെരുവുവിളക്കുകൾ വാങ്ങുന്നതിനാൽ സ്വകാര്യകമ്പനികളുടെ വിലനിലവാരവുമായി താരതമ്യപ്പെടുത്തുന്നതിന് പ്രസക്തിയില്ല.

(ഇ) നിലാവ് പദ്ധതിയിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ ഗ്രാമങ്ങൾക്കാണോ നഗരപ്രദേശങ്ങൾക്കാണോ ഊന്നൽ നൽകുകയെന്ന് അറിയിക്കാമോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകാമോ?

നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളമുള്ള ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തുല്യ പ്രാധാന്യത്തോടെ LED തെരുവ് വിളക്കുകൾ സ്ഥാപിച്ചുനൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ജനാധിപത്യ വ്യവസ്ഥിതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതത് സഭയിൽ റെസല്യൂഷൻ പാസ്സാക്കിയാണ് നിലാവ് പദ്ധതിയിൽ ചേരുവാൻ തീരുമാനമെടുക്കേണ്ടത്. വിളക്കുകൾ സ്ഥാപിക്കാനുള്ള പോസ്റ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്. സാങ്കേതിക സാധ്യതകൾ പരിശോധിച്ച് കെ.എസ്.ഇ.ബി.എൽ. തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷൻ

239 (1969) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷന് റവന്യൂ വകുപ്പ് 1.5 ഏക്കർ സ്ഥലം അനുവദിച്ചിട്ട് എത്ര മാസമായെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൺ 110 കെ.വി. സബ്സ്റ്റേഷന് റവന്യൂ വകുപ്പ് സ്ഥലം അനുവദിച്ചിട്ട് 9 മാസം ആയി.

(ബി) റവന്യൂ വകുപ്പ് സ്ഥലം കൈമാറിയിട്ടും ഇതിന്റെ അനുബന്ധ രേഖകൾ റവന്യൂ വകുപ്പിൽ നിന്ന് കെ.എസ്.ഇ.ബി. കൈമാറി വാങ്ങി കെ.എസ്.ഇ.ബി.-യുടെ ആസ്തിയാക്കി മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇല്ല. പ്രസ്തുത നിർമ്മാണം നടത്താൻവേണ്ട റവന്യൂഭൂമി കെ.എസ്.ഇ.ബി.ലിമിറ്റഡിന് കൈമാറ്റം ചെയ്യാൻ ഉത്തരവായെങ്കിലും, ലീസ് എഗ്രിമെന്റ് സംബന്ധിച്ച അന്തിമ തീരുമാനത്തിനായി ബോർഡിന്റെ പരിഗണനയിലാണ്. ആയതിനാൽ ഇതുവരെയും ബോർഡിന്റെ ആസ്തിയായി മാറിയിട്ടില്ല.

(സി) തറക്കല്ലിടൽ കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും മേൽ വിഷയത്തിൽ അടിയന്തരനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കമ്പോളവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ ചില വ്യവസ്ഥകളോടെ ഓരോ മൂന്ന് വർഷം കഴിയുമ്പോഴും പാട്ടത്തുക പുതുക്കി നിശ്ചയിക്കണം എന്ന ഉപാധിയിൽ 30 വർഷത്തേയ്ക്ക് കെ.എസ്.ഇ.ബി.എൽ-ന് സ്ഥലം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ പാട്ടത്തുകയിൽ ഉണ്ടാകുന്ന ടി വർദ്ധനവ് കെ.എസ്.ഇ.ബി.എൽ.ന് വളരെയധികം സാമ്പത്തികബാധ്യത ഉണ്ടാകും എന്നുള്ളതുകൊണ്ട് പ്രസ്തുത ഭൂമി വിലയാധാരമായി നൽകുകയോ അല്ലെങ്കിൽ ഒരു നിശ്ചിത പാട്ടവാടകയ്ക്ക് പ്രസ്തുത പ്രോജക്ടിന്റെ മുഴുവൻ കാലാവധിയിലേയ്ക്കായി അനുവദിച്ചുതരികയോ ചെയ്യണമെന്നും പ്രോജക്ടിന്റെ ചെലവ് ചുരുക്കുന്നതിനുവേണ്ടി 3 ഏക്കർ ഭൂമി എന്നത് 1.5 ഏക്കറായി ചുരുക്കി അനുവദിച്ച് നൽകണമെന്നും കെ.എസ്.ഇ.ബി.എൽ. അപേക്ഷിച്ചിരുന്നു. കെ. എസ്. ഇ. ബി. എൽ. അപേക്ഷിച്ച രണ്ട് ആവശ്യങ്ങളിൽ 3 ഏക്കർ ഭൂമി 1.50 ഏക്കർ ആക്കി ചുരുക്കി നൽകി ഉത്തരവായി. ഭൂമിയുടെ വിസ്തൃതി കുറച്ച് നൽകാനുള്ള ആവശ്യം മാത്രം അംഗീകരിച്ചുകൊണ്ട് നിലവിലുള്ള ഉത്തരവ്

ഭേദഗതിവരുത്തി വിലയാധാരമായി നൽകുകയോ അല്ലെങ്കിൽ അതാത് കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിക്കുന്ന ന്യായവിലയുടെ 2% വാർഷിക പാട്ടനിരക്കിൽ അനുവദിച്ച് തരികയോ ചെയ്യണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം ഇപ്പോൾ പരിശോധിച്ചുവരികയാണ്.

(ഡി) നടപടികൾ പൂർത്തീകരിച്ച് മേൽ 110 കെ.വി. സബ്സ്റ്റേഷന്റെ പണി എന്ന് തുടങ്ങാനാവും എന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.-എൽ-ന്റെ ആവശ്യപ്രകാരമുള്ള ഭേദഗതിയിൽ തീരുമാനമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

240 (1970) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ നഗരസഭാപരിധിയിൽ ഭരണാനുമതി ലഭിച്ച 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ആകെ എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചത്?

കൊയിലാണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി 20.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഗരപരിധിയിൽ 3 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ മൂന്ന് സ്ഥലങ്ങളിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഏറ്റവും അനുയോജ്യമായ സ്ഥലം നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു താരതമ്യപഠനം നടത്തിയ റിപ്പോർട്ട് പ്രകാരം വിയ്യൂർ വില്ലേജ് ഓഫീസിനു എതിർവശമുള്ള 79 സെന്റ് ഭൂമിയാണ് ശിപാർശ ചെയ്തിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബോർഡ് Approval അടക്കമുള്ള അനന്തരനടപടികൾ പുരോഗമിക്കുന്നു.

(സി) പ്രവൃത്തി ഏത് തീയതിക്കകം ടെണ്ടർ ചെയ്ത് ആരംഭിക്കാമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

സ്ഥലമേറ്റെടുക്കൽ പൂർത്തിയായതിനുശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ.

## സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭ്യമാക്കുവാൻ നടപടി

241 (1971) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി വൈദ്യുതി സെക്ഷനുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായികം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി എത്ര കെ.വി.എ. ലോഡ് കെ.എസ്.ഇ.ബി.യുടെ നെറ്റ് വർക്കിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലായി കഴിഞ്ഞ ഒരു വർഷത്തിനിടെ ഗാർഹികം, വ്യവസായം, വാണിജ്യം, കൃഷി എന്നീ ആവശ്യങ്ങൾക്കായി പ്രതിമാസം ശരാശരി കൂട്ടിചേർക്കപ്പെടുന്ന ലോഡ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വേനൽക്കാലങ്ങളിൽ വൈദ്യുതി ഉപയോഗം കൂടിയ സന്ദർഭങ്ങളിൽ പ്രസ്തുത സെക്ഷനുകളിൽ ഉള്ള ഭൂരിഭാഗം 11 കെ.വി. ഫീഡറുകളും ഓവർലോഡ് ആയി ട്രിപ്പാകുകയും ലോഡ് കുറയ്ക്കാതെ ഫീഡർ ചാർജ്ജ് ചെയ്യാൻ പറ്റാത്ത അവസ്ഥ വരികയും ചെയ്തിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി സെക്ഷനുകളിലെ 11 കെ.വി ഫീഡിംഗ്, 110 കെ.വി ചേളാരി സബ്സ്റ്റേഷനിലെ അയിക്കരപ്പടി, പുത്തൂർ കൂടാതെ കിഴിശ്ശേരി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള കൊണ്ടോട്ടി, കരിപ്പൂർ, പുളിക്കൽ, എ.ആർ.നഗർ, ഒമാനൂർ, കുമ്മിനി പറമ്പ്, ഇടപ്പറമ്പ്, ഇന്റർനാഷണൽ എയർപോർട്ട് എന്നീ 11 കെ.വി ഫീഡറുകളിൽ നിന്നുമാണ്. കീഴിശ്ശേരി 110 കെ വി സബ് സ്റ്റേഷനിലെ ട്രാൻസ്ഫോമറിന്റെ ശേഷി വർദ്ധിപ്പിച്ചതിനുശേഷം പ്രസ്തുത ഫീഡറുകളിൽ വേനൽക്കാലങ്ങളിൽ ഓവർലോഡായി ഫീഡർ ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറില്ല. എന്നാൽ ഏതെങ്കിലും ഫീഡറുകൾ അറ്റകുറ്റപ്പണികൾ നിമിത്തം ചാർജ്ജ് ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ മറ്റ് ഫീഡറുകളിൽ പരിധിയിൽ കൂടുതൽ ലോഡ് കണക്ട് ചെയ്താൽ ഫീഡറുകൾ ഓവർലോഡ് ആകാനുള്ള സാദ്ധ്യതയുണ്ട്.

(സി) പ്രസ്തുത സെക്ഷനുകളിൽനിന്നും പ്രതിമാസം ബോർഡിന് ശരാശരി എത്ര രൂപ വരുമാനം ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സെക്ഷനുകളുടെ പ്രതിമാസ ശരാശരി വരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബോർഡിന് ലാഭകരമായ വരുമാനം നൽകുന്ന പ്രസ്തുത സെക്ഷനുകളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിന് ശാശ്വത പരിഹാരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ, കാരാട്, മുണ്ടക്കുളം, കൊണ്ടോട്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മതിയായ അളവിൽ വൈദ്യുതി ലഭിക്കുന്നതിനായി പുളിക്കൽ ഭാഗത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ മലപ്പുറം ട്രാൻസ്മിഷൻ സർക്കിളിനുകീഴിൽ പുരോഗമിക്കുന്നു.

**പെരിങ്ങണ്ടൂർ ഇലക്ട്രിക്കൽ മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ്**

242 (1972) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്, പെരിങ്ങണ്ടൂരിൽ ഉള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുദ്ദേശിച്ചുകൊണ്ട് തുടങ്ങിയ പെരിങ്ങണ്ടൂർ മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, മെഡിക്കൽ കോളേജിൽനിന്ന് അകലെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെളപ്പായ ശിവക്ഷേത്രത്തിനു സമീപം പ്രവർത്തിച്ചുവന്നിരുന്ന മെഡിക്കൽ കോളേജ് സെക്ഷൻ ഓഫീസ്, ടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും ജീവനക്കാരുടെ സുരക്ഷയെ ബാധിക്കുന്ന സാഹചര്യവും കണക്കിലെടുത്ത് മെഡിക്കൽ കോളേജ്, യൂണിവേഴ്സിറ്റി ആസ്ഥാനം, സിൽക്ക്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നീ സ്ഥാപനങ്ങൾക്കെല്ലാം എല്ലാതരത്തിലും സൗകര്യമായ അത്താണിക്കു സമീപമുള്ള വാടകകെട്ടിടത്തിൽ 2020 ജൂലൈ 01 മുതൽ പ്രവർത്തിച്ചുവരുന്നു.

(ബി) മെഡിക്കൽകോളേജിന്റെയും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെയും സമീപത്ത് പുതിയകെട്ടിടം നിർമ്മിച്ച് സെക്ഷനോഫീസിന്റെ പ്രവർത്തനം മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(സി) ഇ.എസ്.ഐ. ആശുപത്രി കോമ്പൗണ്ടിലോ, മെഡിക്കൽ കോളേജ് കോമ്പൗണ്ടിലോ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ടിലോ, നിലവിലെ 110 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ടിലോ ഇതിനുവേണ്ടി സ്ഥലം കണ്ടെത്തി ഉപയോഗപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കാമോ?

നിലവിലെ 110 കെ. വി. സബ് സ്റ്റേഷൻ (അത്താണി) കോമ്പൗണ്ടിൽ സെക്ഷൻ ഓഫീസിനു പര്യാപ്തമായ സ്ഥലമില്ല. 26.10.2019 ൽ തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ ചേർന്ന മെഡിക്കൽകോളേജ് വികസന യോഗതീരുമാനപ്രകാരം ഫുട്ബോൾ പ്രാക്ടീസ് ഗ്രൗണ്ടിനും വ്യവസായ പാർക്കിനുമിടയിലുള്ള മെഡിക്കൽ കോളേജിന്റെ 20 സെന്റ് ഭൂമി സൗജന്യമായി അനുവദിക്കുന്നതിന് അനുകൂലതീരുമാനമെടുത്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് കെട്ടിടനിർമ്മാണം പരിഗണിക്കാവുന്നതാണ്.

## കെ.എസ്.ഇ.ബി- മസ്ദൂർ തസ്തികയിലെ നിയമനം

243 (1973) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി. വഴി മസ്ദൂർ നിയമനം ഇപ്പോൾ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; വിശദാംശം ലഭ്യമാക്കുമോ;

&

(സി) പി. എസ്. സി. വഴി മസ്ദൂർ നിയമനം നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിലേയ്ക്ക് 15-12-2004-ലെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിയമിച്ച 1486 പെറ്റി കോൺട്രാക്ടർമാരിൽ ഭൂരിഭാഗം പേരേയും സൂപ്പർ ന്യൂമററിയായിട്ടാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമന സമയത്ത് 165 ഒഴിവുകൾ മാത്രമാണ് മസ്ദൂർ തസ്തികയിലുണ്ടായിരുന്നത്. എന്നിരുന്നാലും വിവിധ കോടതിവിധികളുടെ അനുസരണാർത്ഥം ഒഴിവുകളുടെ അഭാവത്തിൽ ബാക്കിയുള്ള 1321 പേരെ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി കണക്കിലെടുത്ത് സൂപ്പർ

ന്യൂമററിയായിട്ടാണ് നിയമിക്കപ്പെട്ടത്. പ്രസ്തുത നിയമന തീയതിക്കുശേഷം ഇറങ്ങിയ പ്രൊമോഷൻ ഉത്തരവുകൾ വഴിയുണ്ടായ മസ്ദൂർ തസ്തികയിലെ ഒഴിവുകളിൽ ഭൂരിഭാഗംപേരേയും ഉൾക്കൊണ്ടെങ്കിലും നിലവിൽ 132 മസ്ദൂർമാർ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവദനീയമായ എണ്ണത്തിലുപരി ജോലിചെയ്തുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സി.ഇ.എ. റെഗുലേഷൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതാ പുനർനിർണ്ണയം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ മസ്ദൂർ തസ്തികയിൽനിന്നും ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ നിർവ്വാഹമില്ല. അതിലുപരി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ വിഭാഗത്തിന്റേയും ഘടന പുനർനിർണ്ണയം സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതേത്തുടർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുനഃസംഘടന സംബന്ധിച്ച് വിശദമായ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഇതു സംബന്ധിച്ച് തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ ആവശ്യമായ തസ്തികകൾ, ഇവയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം എന്നിവ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പി.എസ്.സി നിയമനങ്ങൾ ഉൾപ്പെടെ വിവിധതരത്തിലുള്ള നിയമനങ്ങളെ സംബന്ധിക്കുന്ന പൊതുവായ സവിശേഷ ചട്ടങ്ങൾ (Special Rules) രൂപവത്കരിക്കുന്നതിലേയ്ക്കായി ഒരു ഉന്നതതല കമ്മിറ്റി ബോർഡ് രൂപീകരിക്കുകയും ഈ കമ്മിറ്റി സമർപ്പിച്ച പൊതുവായ സവിശേഷ ചട്ടങ്ങളുടെ കരട് കൂടുതൽ ചർച്ചകൾക്കും അംഗീകൃത തൊഴിലാളി, ഓഫീസേഴ്സ് സംഘടനകളുടെ നിർദ്ദേശങ്ങൾക്കുമായി നൽകിയിരിക്കുകയാണ്. മേൽ പ്രതിപാദിച്ച വിഷയങ്ങളിൽ തീരുമാനമാകുന്ന മുറയ്ക്ക് മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**കക്കയം ഹൈഡൽ ടൂറിസം പദ്ധതി**

244 (1974) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. 2016-ലെ നിരക്കിൽ 15.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ വ്യൂ ടവേഴ്സ്, പവലിയൻ, സ്പൈസ് ഗാർഡൻ, ചിൽഡ്രൻസ് പ്ലേ ഏരിയ, ലാന്റ് സ്കേപ്പിങ്ങ്, പ്ലേ എക്യുപ്മെന്റ്സ്, സോളാർ ഇൻസ്റ്റലേഷൻ, ഡ്രെയിനേജ് ഫെസിലിറ്റി, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ?

ഇല്ല

(സി) കക്കയം ഹൈഡൽ ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി അനുമതി നൽകുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ?

വനം വകുപ്പുമായി നിലവിലുള്ള വ്യവഹാരവും പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിലുള്ള പ്രയാസവുമാണ് പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ.

## വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടികൾ

245 (1975) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് കുട്ടനാട്ടിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ കുട്ടനാട് ഭാഗത്തെ മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി എന്നീ സെക്ഷനുകളിലായി KSEBL-ന്റെ ദ്യുതി സ്കീമിൽപ്പെടുത്തി 53.46 കോടി രൂപ വരുന്ന 1016 വർക്കുകൾ ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 19.34 കോടി രൂപ വരുന്ന 522 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദ്യുതി സ്കീമിൽ 2156 കി.മീ 11 കെ.വി കമ്പി മാറ്റുക, 3400 ഓളം പോസ്റ്റുകൾ, ട്രാൻസ്ഫമർ സ്റ്റേഷൻ എന്നിവ പുതുക്കുക, പുതിയ 47 കി.മീ. എച്ച്.റ്റി. ലൈൻ, 35 കി.മീ. എൽ.റ്റി ലൈൻ വലിക്കുക, 38 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നിവ കൂടാതെ 46.75 കി.മീ. എച്ച്.റ്റി. എ.ബി.സി., 122.46 എൽ.റ്റി. എ.ബി.സി. എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഹരിപ്പാടിന് കീഴിൽ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സമീപത്തായി 100 മീറ്റർ 11 kV ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോമർ (ആനാരി റോഡിൽ) സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. പള്ളം ഡിവിഷന് കീഴിലുള്ള പള്ളം പുഞ്ച സെക്ഷനിലെ വൈദ്യുതിതടസ്സം ഒഴിവാക്കാൻ ആർ ബ്ലോക്കിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ, കവചിത കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന ജോലി പുരോഗമിക്കുന്നു.

(ബി) കുട്ടനാട്ടിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച് കാത്തിരിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം എത്രയാണെന്നും ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നല്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കുട്ടനാട് ഭാഗത്തെ പള്ളം പുഞ്ച, മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി, ഹരിപ്പാട് എന്നീ സെക്ഷനുകളിൽ, 22-7-2021-വരെ ലഭിച്ച എല്ലാ അപേക്ഷകൾക്കും വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ട്.

(സി) ടൂറിസം ഉൾപ്പെടെ ഉള്ള മേഖലകൾക്ക് വൈദ്യുതി അത്യന്താപേക്ഷിതമായിരിക്കെ പവർകട്ട് ഉണ്ടാകാതിരിക്കാൻ കുട്ടനാട്ടിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ടി പ്രദേശത്ത് തടസ്സരഹിതമായ വൈദ്യുതി എത്തിക്കുന്നതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെചേർക്കുന്നു:

ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ കുട്ടനാട് ഭാഗത്തെ മങ്കൊമ്പ്, കിടങ്ങറ, കൈനകരി, ചമ്പക്കുളം, എടത്വ, തകഴി എന്നീ സെക്ഷനുകളിലായി KSEBL-ന്റെ ദ്യുതി സ്കീമിൽപ്പെടുത്തി 53.46 കോടി രൂപവരുന്ന 1016 വർക്കുകൾ ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 19.34 കോടി രൂപവരുന്ന 522 വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദ്യുതി സ്കീമിൽ 2156 കി.മീ. 11 കെ.വി കമ്പി മാറ്റുക, 3400-ഓളം പോസ്റ്റുകൾ, ട്രാൻസ്ഫോമർ സ്റ്റേഷൻ എന്നിവ പുതുക്കുക, പുതിയ 47 കി.മീ. എച്ച്.റ്റി. ലൈൻ, 35 കി.മീ. എൽ.റ്റി. ലൈൻ വലിക്കുക, 38 പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുക എന്നിവ കൂടാതെ 46.75 കി.മീ. എച്ച്.റ്റി. എ.ബി.സി., 122.46 എൽ.റ്റി. എ.ബി.സി. എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു. ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ ഇലക്ട്രിക്കൽ സെക്ഷൻ ഹരിപ്പാടിന് കീഴിൽ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സമീപത്തായി 100 മീറ്റർ 11 kV ലൈൻ വലിച്ച് 100 kVA ട്രാൻസ്ഫോർമർ (ആനാരി റോഡിൽ) സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. പള്ളം ഡിവിഷന് കീഴിലുള്ള പള്ളം പുഞ്ച സെക്ഷനിലെ വൈദ്യുതി തടസ്സം ഒഴിവാക്കാൻ ആർ ബ്ലോക്കിൽ നിലവിലുള്ള 11 കെ.വി. ഓവർഹെഡ് ലൈനുകൾ, കവചിത കണ്ടക്ടർ ഉപയോഗിച്ച് മാറ്റുന്ന ജോലി പുരോഗമിക്കുന്നു. എ.സി. റോഡിനിരുവശത്തുമുള്ള ലൈനുകൾ മാറ്റി 29 കി.മീ. എച്ച്.റ്റി. എ.ബി.സി., 31 കി.മീ. എൽ.റ്റി. എ.ബി.സി., 5 പുതിയ ട്രാൻസ്ഫമറുകൾ എന്നിവയും, 33 കെ.വി. കിടങ്ങറ, 110 കെ.വി. കാവാലം എന്നീ രണ്ട് സബ്സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽപ്പെടുത്തി അനുമതി ലഭ്യമായിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ 11 കെ.വി. ഫീഡറുകളുടെ ദൈർഘ്യം കുറയുന്നതിലൂടെ വൈദ്യുതി തടസ്സം ഗണ്യമായ രീതിയിൽ കുറയ്ക്കാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ, കായലിലേയ്ക്കുള്ള ഫീഡർ ഇൻസുലേറ്റഡ് കേബിളാക്കാനുള്ള പദ്ധതികളും പരിഗണനയിലാണ്.

## വൈദ്യുതി കണക്ഷൻ

246 (1976) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾ തടഞ്ഞുകൊണ്ട് ഹൈക്കോടതിയുടെ സ്റ്റേയോ, ഉത്തരവോ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്റ്റോപ്പ് മെമ്മോയോ നിലനിൽക്കുന്ന കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ നൽകുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി കണക്ഷൻ നല്കാൻ കഴിയില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ?

കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകേണ്ടത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 -ലെ റെഗുലേഷൻ 39 പ്രകാരം ഒരു മേഖലയ്ക്കോ കോളനിയിലേയ്ക്കോ കെട്ടിടത്തിലേയ്ക്കോ വൈദ്യുതി നൽകുന്നതിന് ഏതെങ്കിലും കോടതിയോ ഗവൺമെന്റോ പ്രാപ്തനായ അധികാരിയോ ഉത്തരവിറക്കി നിയന്ത്രിക്കുകയോ അല്ലെങ്കിൽ നിരോധിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ലൈസൻസി അവിടെ വൈദ്യുതി നൽകേണ്ടതില്ല. ഇതുകൂടാതെ കൽപ്പിക്കാനധികാരമുള്ള ഒരു അധികാരി വൈദ്യുതിബന്ധം വിച്ഛേദിക്കുവാൻ ആവശ്യപ്പെടുകയാണെങ്കിൽ നൽകിയ വൈദ്യുതി കണക്ഷനുകളും മറ്റു കാരണങ്ങളില്ലെങ്കിലും വിച്ഛേദിക്കാൻ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 138 (i) (f) വ്യവസ്ഥ ചെയ്യുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ന്റെ 39, 138 (i) (f) റെഗുലേഷനുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വൈദ്യുതീകരിക്കാത്ത വീടുകളിലെ ഓൺലൈൻ പഠനം

247 (1977) ശ്രീ . മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വൈദ്യുതി കണക്ഷൻ ഇല്ലാത്തതു കാരണം ഓൺലൈൻ പഠനം മുടങ്ങുന്ന വിദ്യാർഥികളുടെ വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച അപേക്ഷകളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കുന്നില്ലെന്നുള്ള നിവേദനങ്ങളിൽ അവരുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പ്രത്യേക പരിഗണന നൽകി സൗജന്യമായി വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി.എൽ. നൽകുന്നുണ്ട്. 1000W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ. ബി.എൽ- ന്റെ തനതു ഫണ്ടിൽ നിന്നും നൽകി വരുന്നു.

(ബി) വീട്ടുനമ്പർ ലഭിക്കാത്തതു കാരണം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളിൽ പഠനം മുടങ്ങിയ വിദ്യാർഥികൾക്ക് വൈദ്യുതി സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്?

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താല്ക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുത കണക്ഷൻ നല്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. 4-5-2021 ലെ ബോർഡ് ഉത്തരവ് പ്രകാരം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Electricity (Rights of Consumers) Rules, 2020-ലെ റെഗുലേഷൻ 4 (9)പ്രകാരം, ലോടെൻഷൻ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും, പുതിയ കണക്ഷനുള്ള അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിലാസത്തിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖയായി കണക്കാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ചിരിക്കുന്ന എല്ലാ ഇളവുകളും വിദ്യാർഥികളുള്ള വീടുകൾക്കും ബാധകമാണ്.

(സി) ഓൺലൈൻ പഠനം ആരംഭിച്ച സാഹചര്യം വിലയിരുത്തി വൈദ്യുതീകരിക്കാത്ത വീടുകളിൽ വിദ്യാർത്ഥികളുടെ പഠനത്തിന് സൗകര്യമൊരുക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിർദ്ദേശം സർക്കാർ കെ.എസ്.ഇ.ബി.എൽ.-ന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത 64 ആദിവാസി

കോളനികൾ കണ്ടെത്തുകയും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ വനാന്തർ ഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതലസമിതികൾ 5-7-2021-ലെ ഗവണ്മെന്റ് ഉത്തരവ് G.O. (Rt)No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.*

## പാലക്കാട് ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ

248 (1978) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പാലക്കാട് ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്തിന് 4.5 MW-ന്റെ കൂടം, 6.5-MW-ന്റെ ചെമ്പുകട്ടി എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ 2015-ൽ സർക്കാർ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്ത് നിർമ്മിക്കുന്ന മറ്റൊരു ചെറുകിട ജല വൈദ്യുത പദ്ധതിയായ പാലക്കുഴി (1 MW) പദ്ധതിയുടെ സിവിൽ വർക്ക് കഴിയാറായിട്ടുണ്ട്, ടർബൈൻ ടെണ്ടർ സ്റ്റേജിലാണ് എന്ന് പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയിൽ നിന്ന് വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി എവിടെയൊക്കെയാണ് സ്ഥല പരിശോധനകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, ആലത്തൂർ, ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകളിലായി ഏകദേശം 95 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നു. കൂടാതെ നിലവിലുള്ള തടയണകളിൽ നിന്നും അണക്കെട്ടിൽ നിന്നും ഒഴുകിവരുന്ന ജലം ഉപയോഗിച്ച് വൈദ്യുതോല്പാദനത്തിനുള്ള അഞ്ചിൽപരം പദ്ധതികളുടെ വിഭാവനവും പര്യവേക്ഷണവും നടന്ന് വരുന്നു. എനർജി മാനേജ്മെന്റ് സെന്റർ കനാലുകളിലെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴുക്കിൽനിന്ന് (ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികം) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ പാലക്കാട് ജില്ലയിലെ മലമ്പുഴ, മൂലത്തറ കനാലുകളിൽനിന്ന് തിരഞ്ഞെടുത്ത ഇടത്തിൽ 100 KW-ന്റെ പൈലറ്റ് ഹൈഡ്രോ കൈനറ്റിക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതോടൊപ്പം പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന്റെ ഉള്ളിൽ സ്ഥിതി ചെയ്യുന്ന പുദൂർ പഞ്ചായത്ത്, ആനവായിക്കടുത്തുള്ള തടുക്കിയിലെ ആദിവാസി ഊരുകളിൽ കുന്തിപ്പുഴയിലേയ്ക്ക് വരുന്ന അരുവിയിൽനിന്ന് ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കി വൈദ്യുതി എത്തിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഇ.എം.സി. ആരംഭിച്ചു.

## വൈദ്യുതി കുടിശ്ശിക

249 (1979) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനിക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഇതുവരെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 30-6-2021-ലെ കണക്കുപ്രകാരം ലോടെൻഷൻ വിഭാഗത്തിൽ നിന്നും 296.09 കോടി രൂപ ലഭിക്കാനുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗങ്ങളിലെ 30-6-2021-ലെ കണക്കനുസരിച്ച് കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ എന്നിവയുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നായി 542.4 കോടി രൂപ പിരിഞ്ഞ്കിട്ടാനുണ്ട്.

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ എത്രവീതം കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ലോടെൻഷൻ വിഭാഗത്തിലുള്ള സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ 30-6-2021-ലെ കണക്കുപ്രകാരമുള്ള കുടിശ്ശിക പട്ടികയും എച്ച്.റ്റി., ഇ.എച്ച്.റ്റി. വിഭാഗത്തിന്റെ പട്ടികയും അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട/ചെറുകിട കെട്ടിട സ്ഥാപനങ്ങൾ, വൻകിട കെട്ടിട സമുച്ചയങ്ങൾ എന്നിവയിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക എത്രയെന്ന് വിശദമാക്കുമോ?

സ്വകാര്യ വ്യക്തികളുടെ ഗാർഹിക വിഭാഗത്തിൽ നിന്നും 698.02 കോടി രൂപയും, ചെറുകിട സ്ഥാപനങ്ങളിൽ നിന്നും 453.44 കോടി രൂപയും വൻകിട സ്ഥാപനങ്ങളിൽ നിന്നും 637.9 കോടി രൂപയും 30-6-2021-ലെ കണക്കുപ്രകാരം പിരിഞ്ഞുകിട്ടാനുണ്ട്. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട/ചെറുകിട സ്ഥാപനങ്ങൾ, വൻകിട സമുച്ചയങ്ങൾ എന്നീ വിഭാഗങ്ങളിലുള്ള എച്ച്.റ്റി/ ഇ.എച്ച്.റ്റി. ഉപഭോക്താക്കളിൽ നിന്നും 2021 ജൂൺ 30-ലെ കണക്കനുസരിച്ച് 913.5 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ / വ്യക്തികൾ എന്നിവരിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോട് കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്ന് കുടിശ്ശിക ഈടാക്കുവാൻ KSEBL നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019-ലും 2021-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി

പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. കൂടാതെ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിലും വൈദ്യുതി കുടിശ്ശിക സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും അവ ഈടാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിരുന്നു. കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവൺമെന്റ് നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തു കൊടുത്തും,വൺ ടൈം സെറ്റിൽമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചും ഡിസ്കണക്ഷൻ നടത്തിയും റവന്യൂ റിക്കവറി നടപടികളിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വിശദ വിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി എല്ലാ മാസങ്ങളിലും നൽകുന്നു. കോടതി കേസുകളുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ കേസ് തീർപ്പുകൽപ്പിക്കുന്നതിനുവേണ്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകിക്കൊണ്ടിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട അദാലത്തുകളിലും സജീവമായി പങ്കെടുത്ത് കുടിശ്ശിക നിവാരണ നടപടികൾ ചെയ്തുവരുന്നു.

**ഗുജറാത്ത് മോഡൽ സഹകരണ നിയമം**

250 (1980) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേന്ദ്രസർക്കാർ കൊണ്ടുവന്ന പുതിയ സഹകരണ വകുപ്പിനെ സർക്കാർ ഏതുരീതിയിലാണ് കാണുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(ബി) ഗുജറാത്ത് മോഡൽ സഹകരണ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

## സഹകരണ ബാങ്ക് ഡയറക്ടർമാരുടെ സിറ്റിംഗ് ഫീയും ഓണറേറിയവും

251 (1981) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ ബാങ്കുകളിലെ ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീ അല്ലാതെ മറ്റെന്തെങ്കിലും തുക നൽകുന്നുണ്ടോ?

സഹകരണ ബാങ്കുകളിലെ ഡയറക്ടർമാർക്ക് സിറ്റിംഗ് ഫീയും ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ആസ്ഥാനത്ത് നിന്ന് 8 കിലോമീറ്ററിലധികമുള്ള യാത്രയ്ക്ക് യാത്രാബത്തയും വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടിവരുന്ന ഭരണസമിതി അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കും. സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണസമിതി അംഗങ്ങൾക്കും, യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാത് സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയുണ്ടായിരിക്കും. (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്നപക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും). വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ഭരണസമിതിയംഗങ്ങൾ യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നില്ലെങ്കിൽ അവർക്ക് ഒന്നാംക്ലാസ്/ രണ്ടാംക്ലാസ് എ.സി.-യിലുള്ള ട്രെയിൻ യാത്രാ നിരക്കോ റോഡ് മാർഗ്ഗമാണ് യാത്രയെങ്കിൽ എക്സ്പ്രസ്/സൂപ്പർഫാസ്റ്റ് നിരക്കും അതത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രയ്ക്കും അനുവദനീയമായ ഇൻസിഡെന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും. കേരള സർവ്വീസ് റൂളിലെ വ്യവസ്ഥക്കനുസൃതമായി ഭരണസമിതി അംഗങ്ങൾക്ക് അതത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി.എ.-യ്ക്ക് അർഹതയുണ്ടായിരിക്കും. സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള ദിനബത്ത സാധാരണ നിരക്കിലും 50% അധികമായിരിക്കും. മുറിവാടകയിനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ടായിരിക്കും.

(ബി) സിറ്റിംഗ് ഫീ ഇനത്തിൽ നൽകുന്നത് എന്ത് തുകയാണെന്ന് വ്യക്തമാക്കാമോ?

സിറ്റിംഗ് ഫീ ഇനത്തിൽ നൽകുന്ന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ തുക ഏത് വർഷമാണ് അവസാനമായി വർദ്ധിപ്പിച്ചത്; തുക കൂട്ടി നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

2014-ലാണ് അവസാനമായി വർദ്ധിപ്പിച്ചത്. തുക കൂട്ടി നൽകുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്.

(ഡി) ഡയറക്ടർമാർക്ക് മാസംതോറും ഓണറേറിയമായി നിശ്ചിത തുക നൽകുന്ന കാര്യം പരിഗണിക്കുമോ?

ഡയറക്ടർമാർക്ക് മാസംതോറും ഓണറേറിയമായി നിശ്ചിത തുക നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മാരക രോഗബാധിതരായ സഹകാരികൾക്ക് ധനസഹായം**

252 (1982) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മാരകരോഗം ബാധിച്ചിട്ടുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം; വിശദമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗ സമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം. (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

**സഹകരണ സംഘങ്ങളിലെ സ്റ്റാഫ് പാറ്റേൺ**

253 (1983) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിലെ ജനറൽ വിംഗിൽ അവസാനമായി സ്റ്റാഫ് പാറ്റേൺ പുതുക്കിയത് എപ്പോഴാണെന്ന് അറിയിക്കാമോ?

1982 -ൽ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചതും ആയത് കാര്യക്ഷമതയെ ബാധിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) സംഘങ്ങളുടെ വർദ്ധനയനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിന് പദ്ധതി**

254 (1984) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി . ഉബൈദുള്ള:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. യു. എ. ലത്തീഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സഹകരണ മേഖല വഴി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

നഗര/അർദ്ധ നഗരമേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതു മാർക്കറ്റിനേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തിവരുന്നു. ഇതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ഇ-ടെണ്ടർ മുഖേന പരമാവധി വിലകുറച്ച് സാധനങ്ങൾ വാങ്ങി ലാഭവും നഷ്ടവും ഇല്ലാത്ത രീതിയിൽ ചില്ലറ വിൽപ്പന വില നിശ്ചയിച്ച് സ്റ്റോറുകളിൽ എത്തിച്ചു നൽകുന്നുണ്ട്. ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താല്ക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തിവരുന്നുണ്ട്.

## സഹകരണ നിയമത്തിന്റെ സമഗ്ര പരിഷ്കരണം

255 (1985) ശ്രീ ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. വിജിൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സഹകരണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് നിലവിലുള്ള സഹകരണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ഇതിനായി അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കമ്മിറ്റി അംഗങ്ങളിൽ നിന്നും വകുപ്പിൽനിന്നും ലഭ്യമായ ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൻപ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കിവരുന്നു.

(സി) പുതിയ മേഖലകളിൽ വ്യത്യസ്തങ്ങളായ സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സഹകരണ സംഘങ്ങൾ പ്രതികൂല സാഹചര്യത്തെ അതിജീവിക്കാൻ കഴിയാതെ നിലച്ച് പോകാതിരിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കുമോ?

ഈ വിഷയത്തിൽ പ്രത്യേക പരിശോധന നടത്തുന്നതാണ്.

(ഡി) നിലവിലുള്ള വനിത-പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഹരി ശീർഷകത്തിൽ പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധനഗ്രാന്റിനത്തിൽ സബ്സിഡിയായി പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം, സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിച്ച് വരുന്നു. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ ഓഹരി ശീർഷകത്തിൽ 150 ലക്ഷം രൂപയും സബ്സിഡി ശീർഷകത്തിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000 രൂപ നിരക്കിൽ ആദ്യത്തെ അഞ്ച് വർഷവും ടി അഞ്ച് വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്നപക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു.

4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും 40 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. 2021-22 വാർഷികപദ്ധതിയിൽ മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സബ്സിഡി ശീർഷകത്തിൽ 1160 ലക്ഷം രൂപയും ഓഹരി ശീർഷകത്തിൽ 240 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്രമായ പുനരുദ്ധാരണത്തിനായി ‘ പുനർജ്ജനി’ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുക**

256 (1986) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുക മുഴുവൻ കൈമാറിയിട്ടുണ്ടോ?

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ എത്ര തുക ഇനി കൈമാറാനുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച തുകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ ഉത്തരവ് മുഖേന അനുവദിച്ച് ലഭിച്ച തുകയിൽ 2,68,879 രൂപ കൃഷി ഡയറക്ടറുടെ ആഫീസിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാക്കി മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 28 അപേക്ഷകളിന്മേൽ 5,95,556 രൂപയുടെ കടാശ്വാസ തുക അനുവദിച്ച് ലഭിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച 11,02,56,895 രൂപയുടെ 1808 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് അയച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ബാക്കി തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പരിശോധനാ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മിച്ചഫണ്ട് ഉപയോഗിച്ച് ഗ്രാമീണ വികസനം

257 (1987) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സഹകരണ സംഘങ്ങളുടെ പക്കലുള്ള മിച്ചഫണ്ടുപയോഗിച്ച് ഗ്രാമീണ മേഖലയിലെ വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ സംഘങ്ങളുടെ പക്കലുള്ള മിച്ച ഫണ്ടുപയോഗിച്ച് ഗ്രാമീണ മേഖലയിലെ വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നത് പരിഗണനയിലില്ല.

## കേരള സഹകരണ നിയമം പരിഷ്കരണം

258 (1988) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേരള സഹകരണ നിയമം സമഗ്ര പരിഷ്കരണ കമ്മിറ്റി നാളിതുവരെ എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

21-12-2019, 1-2-2020, 15-2-2020, 29-2-2020, 14-3-2020, 15-3-2020 എന്നീ ദിവസങ്ങളിലായി 6 സിറ്റിംഗ് നടത്തിയിട്ടുള്ളതാണ്.

(ബി) പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിയമ പരിഷ്കരണം സംബന്ധിച്ച് കമ്മിറ്റി വിവരം തേടിയിട്ടുണ്ടോ?

കമ്മിറ്റി അംഗങ്ങളിൽനിന്നും വകുപ്പിൽനിന്നും ലഭ്യമായ ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൻപ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കുകയും ആയത് മാധ്യമങ്ങളിലും വെബ് സൈറ്റിലും പ്രസിദ്ധീകരിച്ച് ജില്ലാ തലങ്ങളിൽ ഇതുസംബന്ധിച്ച് യോഗങ്ങൾ നടത്തി പൊതുജനങ്ങളുടെയും സഹകാരികളുടെയും നിർദ്ദേശങ്ങൾ ലഭ്യമാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ നിലവിലെ കോവിഡ് 19 മഹാമാരിയുടെ ഭീഷണി നിലനിൽക്കുന്നതിനാൽ ജില്ലാ തല യോഗങ്ങൾ നടത്താൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത കമ്മിറ്റി നിയമപരിഷ്കരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കമ്മിറ്റി അംഗങ്ങളിൽനിന്നും വകുപ്പിൽനിന്നും ലഭ്യമായി ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൽ പ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

**സഹകരണ മേഖലയിലെ പരിഷ്കാരങ്ങളും ആശങ്കയും**

259 (1989) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ മേഖലയിൽ പുതുതായി നടപ്പിലാക്കപ്പെടുന്ന നിയമങ്ങളും പരിഷ്കാരങ്ങളും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് ആശങ്കയുണ്ടാകാനിടയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഈ ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കേന്ദ്ര സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ വഴിവിട്ട നിക്ഷേപ സമാഹരണവും പ്രവർത്തനങ്ങളും നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് വിശദമായ റിപ്പോർട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ആദായ നികുതി വകുപ്പിന്റെ ഇടപെടൽമൂലം സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഈ വിഷയം എം.പി.-മാരുടെ കോൺഫറൻസിലും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവരുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുള്ളതുമാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ വിദ്യാ തരംഗിണി പദ്ധതി**

260 (1990) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിദ്യാ തരംഗിണി വായ്പ പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാതരംഗിണി വായ്പാ പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ഇതിനകം 667 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വായ്പയുടെ വിശദാംശം നൽകാമോ?

പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ 356 വായ്പകളിലായി 29,09,800 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഇല്ലാത്തത് കാരണം ടി വായ്പയുടെ ആനുകൂല്യം പ്രസ്തുത പ്രദേശത്തെ വിദ്യാർഥികൾക്ക് ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) മേൽ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്കും പ്രസ്തുത വായ്പയുടെ ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുണ്ടറ മണ്ഡലത്തിലെ വിദ്യാ തരംഗിണി പദ്ധതി**

261 (1991) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിദ്യാ തരംഗിണി പദ്ധതി പ്രകാരം മൊബൈൽ ഫോൺ വാങ്ങുന്നതിന് കുണ്ടറ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സഹകരണ ബാങ്കുകളാണ് വിദ്യാർത്ഥികൾക്ക് വായ്പ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ കുണ്ടറ നിയോജകമണ്ഡലത്തിലെ താഴെ പറയുന്ന സഹകരണ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് വായ്പ അനുവദിച്ചിട്ടുള്ളതാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എങ്കിൽ ഓരോ സ്ഥാപനവും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ഓരോ സ്ഥാപനവും വിതരണം ചെയ്ത തുകകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഓരോ സ്ഥാപനവും എത്ര മൊബൈൽ ഫോണുകൾക്കുള്ള തുകകളാണ് വിതരണം ചെയ്തതെന്ന് തരംതിരിച്ച് നൽകാമോ?

ഓരോ സ്ഥാപനവും വിതരണം ചെയ്ത മൊബൈൽഫോണുകളുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാർഷികോല്പന്നങ്ങളുടെ വിപണനം

262 (1992) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നിന്നുള്ള കാർഷിക വായ്പ തോത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളിൽ നിന്നും (പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെ) വിതരണം നടത്തുന്ന കാർഷിക വായ്പകളുടെ തോത് (Scale of Finance) നിശ്ചയിക്കുന്നത് ഇതിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. കാലാകാലങ്ങളിൽ നബാർഡിന്റെയും, സർക്കാരിന്റെയും മറ്റും നിർദ്ദേശാനുസരണം വായ്പാതോതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്.

(ബി) കാർഷികോല്പാദന രംഗത്തെന്നപോലെ മൂല്യവർദ്ധിതോല്പന്നങ്ങളുടെ പ്രോത്സാഹനത്തിനും വിപണി ശാക്തീകരണത്തിനും വേണ്ട മൂലധനം ലഭ്യമാക്കാൻ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള എന്ന പദ്ധതി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണെന്നും മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് സാധ്യമാകും. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം. മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിലെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തലസൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം.

(സി) കാർഷികോല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന് വിപണന സഹകരണ സംഘങ്ങൾ ഏതൊക്കെ രീതിയിൽ ഇടപെടുന്നുണ്ടെന്ന് അറിയിക്കാമോ?

വിവിധ കാർഷികോത്പന്നങ്ങളുടെ വിപണന, അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്താൻ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ധനസഹായമായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികോല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ചില സംഘങ്ങൾ സീസണൽ ഉൽപ്പന്നങ്ങളായ കാപ്പി, കുരുമുളക്, ഏലം എന്നീ മലഞ്ചരക്ക് ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് സൂക്ഷിച്ചുകൊണ്ട് മൂല്യവർദ്ധിതമാക്കിയും അല്ലാതെയും വിപണിയിൽ എത്തിച്ച് വിൽപ്പന നടത്തുന്നുണ്ട്. വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിനായി പച്ചതേങ്ങയും കൊപ്രയും കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നുണ്ട്. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് നാട്ടുചന്ത സംവിധാനം ഒരുക്കിയിട്ടുണ്ട്. കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് എന്ന പേരിൽ കേരളത്തിലെ 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടുമുള്ള കൃഷി വകുപ്പിന്റെ 26-10-2020-ലെ G.O.(Ms)No.80/2020/Agri നമ്പർ ഉത്തരവുപ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart-Veg Fresh എന്ന പേരിൽ കാർഷികോൽപന്ന സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചുകൊണ്ട് പച്ചക്കറികൾ പ്രാദേശിക കർഷകരിൽ നിന്നും ശേഖരിച്ച് വിപണനം ചെയ്യുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ " ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിക്കുകയും, ടി പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 14 സഹകരണ ഉൽപന്ന വിപണനശാലകളായ coopmart കൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**മലമ്പുഴ മണ്ഡലത്തിലെ റിസ്ക് ഫണ്ട് സഹായം**

263 (1993) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സഹകരണ വകുപ്പിന്റെ റിസ്ക് ഫണ്ട് പദ്ധതി മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചെന്നും ആകെ എത്ര തുകയാണ് ഇത്തരത്തിൽ സഹായമായി നൽകിയതെന്നും അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ 115 ഗുണഭോക്താക്കൾക്കായി 93,41,868 രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി നാൽപ്പത്തിയൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) യുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കോവിഡ് പ്രതിസന്ധി നേരിടുന്നതിനുള്ള സഹായ പദ്ധതികൾ**

264 (1994) പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. നജീബ് കാന്തപുരം :
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡുമൂലം പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

&

(ബി) എങ്കിൽ എന്തെല്ലാം സഹായ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

കോവിഡുമൂലം പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള സഹായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

SLF (സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി) വായ്പ പദ്ധതി കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി

വിനിയോഗിക്കുന്നതിന് സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF - II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശിക ഇല്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യംവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസതവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000 രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്. കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്സ് ആപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോംഡെലിവറിയായി വീടുകളിലെത്തിച്ചു നൽകുന്നു. ക്വാറന്റൈൻ ഇരിക്കുന്നവരുടേയും, കണ്ടയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടേയും, കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടേയും വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചു നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും, സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര, തീരദേശ മേഖലകളിലും, കണ്ടയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും, മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും, കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും

വിപണിയിലെത്തിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യ സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു. കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗസംഘങ്ങൾക്ക് ക്ലോത്ത്ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ്, സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകിവരുന്നു. ഈ ഇനത്തിൽ 14,00,000 രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ.കിറ്റ്, തുടങ്ങിയവ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിത സഹകരണ സംഘങ്ങൾ മുഖേന 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയെത്തുടർന്ന് സർക്കാർ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമാക്കുന്ന ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അതത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർ നൽകുന്ന പട്ടിക പ്രകാരമുള്ളതോ, അല്ലെങ്കിൽ ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ, ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ വഴി സംഭാവന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള ക്ലാസുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപ വരെ പലിശരഹിതവായ്പ നൽകുന്നതിനായി ‘ വിദ്യാ തരംഗിണി വായ്പ പദ്ധതി’ നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ചുവടെ ചേർക്കുന്ന വായ്പ പദ്ധതി 2020-ൽ നടപ്പിലാക്കിയിരുന്നു. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM’ s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെത്തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ “ മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM’ s Helping Hand Loan Scheme- CMHLS)” പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/ 10,000/15,000/20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിൽ വിദ്യാ തരംഗിണി പദ്ധതി**

265 (1995) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ, ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ വിദ്യാ തരംഗിണി പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

അതാത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്കു പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ ‘ എ’ ക്ലാസ്/‘ സി ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പാ ധനസഹായത്തിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/ 'സി' ക്ലാസ് മെമ്പർ ആയിരിക്കണം. ഒരു ഗുണഭോക്താവിന് 10,000 രൂപ വരെ മാത്രമേ അനുവദിക്കുകയുള്ളൂ. അർഹരായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സംഘം/ബാങ്ക് തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ക്രമപ്രകാരമുള്ള അപേക്ഷകൾ ബാങ്ക്/സംഘം നിരസിക്കുന്ന പക്ഷം അപേക്ഷകന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരെ സമീപിക്കാം. വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴി അനുവദിക്കുന്നതു സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; (സർക്കുലർ നമ്പർ 22/2021, 25/2021). ഇതു കൂടാതെ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിശ്ചയിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 25-6-2021 മുതൽ 31-7-2021 വരെയാണ്.

(ഡി) ഈ പദ്ധതിയിലേയ്ക്ക് മണലൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽനിന്നും 771 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 379 പേർക്ക് ധനസഹായം നൽകുകയുണ്ടായി.

(ഇ) ഈ പദ്ധതി പ്രകാരം വായ്പ നൽകിയ മണലൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പട്ടിക നൽകാമോ; ഓരോ സ്ഥാപനവും എത്ര തുക വീതമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

വായ്പ നൽകിയ സംഘം/ബാങ്കുകൾ-അറ്റാച്ച്മെന്റ് കാണ്ടാലും.*

**കെയർഹോം പദ്ധതി**

266 (1996) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2091 വീടുകൾ. ഇതിൽ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കെട്ടിട സമുച്ചയങ്ങളാണ് നിർമ്മിച്ചു നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെയർഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങൾ (flat) നിർമ്മിച്ച് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

**കോവിഡ് കാലത്ത് സഹകരണ വകുപ്പിന്റെ സഹായങ്ങൾ**

267 (1997) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് കാലത്ത് പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സഹകരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെന്തെല്ലാം; പേര് സഹിതം വിശദമാക്കാമോ?

കോവിഡ് കാലത്ത് പ്രയാസമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS) കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്കുണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ് -19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന്

5,000/10,000/15,000/20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽ നിന്ന് സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

(2) SLF (Special Liquidity Facility) വായ്പ പദ്ധതി-കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility(SLF) എന്ന പേരിൽ 2020 വർഷത്തിൽ 2000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1670 കോടി രൂപയും (SLF – II) നബാർഡിൽ നിന്ന് കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശികയില്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME(സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റായോ, മാസത്തവണകളായി ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക 2,00,000 രൂപയാണ്. ഒരു വർഷകാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

(3) കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്നിരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്ട്സ്ആപ്പ് നമ്പറുകളിൽ

ഓർഡറുകൾ സ്വീകരിച്ച് ഹോംഡെലിവറിയായി വീടുകളിലെത്തിച്ച് നൽകുന്നു. ക്വാറന്റൈൻ ഇരിക്കുന്നവരുടെയും, കണ്ടയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടെയും, കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ച് നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും, സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വിടുകളിലെത്തിക്കുകയും മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര, തീരദേശ മേഖലകളിലും, കണ്ടയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും, മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും, കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും വിപണിയിലെത്തിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യ സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു.

(4) കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗ സംഘങ്ങൾക്ക് ക്ലോത്ത്ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ്, സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകിവരുന്നു. ഈ ഇനത്തിൽ 14,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(5) കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ.കിറ്റ്, തുടങ്ങിയവ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിത സഹകരണ സംഘങ്ങൾ മുഖേന 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) കൊവിഡ്-19 മഹാമാരിയെത്തുടർന്ന് സർക്കാർ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമാക്കുന്ന ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അതത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർ നൽകുന്ന പട്ടിക പ്രകാരമുള്ളതോ, അല്ലെങ്കിൽ ബാങ്ക്

കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ, ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ വഴി സംഭാവന നൽകുന്നതിന് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) 1 മുതൽ 12 വരെയുള്ള ക്ലാസുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപ വരെ പലിശരഹിതവായ്പ നൽകുന്നതിനായി 'വിദ്യാ തരംഗിണി വായ്പ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകൾ നടപ്പിലാക്കി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ് 19 മഹാമാരിയെത്തുടർന്ന് സർക്കാർ വിക്ടേഴ്സ് ചാനൽ വഴി ലഭ്യമാക്കുന്ന ഓൺലൈൻ ക്ലാസുകൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അതത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർ നൽകുന്ന പട്ടിക പ്രകാരമുള്ളതോ, അല്ലെങ്കിൽ ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ, ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ വഴി സംഭാവന നൽകുന്നതിന് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. 1 മുതൽ 12 വരേയുള്ള ക്ലാസുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപ വരെ പലിശരഹിതവായ്പ നൽകുന്നതിനായി ' വിദ്യാതരംഗിണി വായ്പ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

(സി) കോവിഡ് കാലത്തെ സഹകരണ ബാങ്ക് വായ്പ തിരിച്ചടവുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ? വിശദമാക്കാമോ?

കോവിഡ് കാലത്തെ സഹകരണ ബാങ്ക് വായ്പ തിരിച്ചടവുകൾക്ക് റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം 1-3-2020 മുതൽ 31-8-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. കോവിഡ്-19 മഹാമാരിമൂലം പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ നടപ്പിലാക്കിയ 2020-ലെ നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 മാർച്ച് 31 വരെ

ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31-8-2021 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കോവിഡ് സാഹചര്യം പരിഗണിച്ച് സഹകരണ ഹൗസിംഗ് ഫെഡറേഷൻ 2020 ഡിസംബർ മുതൽ പലിശയിനത്തിൽ ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ 1-2-2019 മുതൽ 31-3-2021 വരെ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുകയും പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്ക് ഡിമാന്റ്/കുടിശ്ശിക അടയ്ക്കുന്നതിന് സാവകാശം നൽകുകയും ചെയ്തിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

268 (1998) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ എത്ര വീടുകൾ വച്ച് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പ്രദേശങ്ങളിലാണ് ഇതെന്നും വ്യക്തമാക്കാമോ?

പാലമറ്റം, പുന്നേക്കാട്, കുട്ടമ്പുഴ, നേര്യമംഗലം എന്നീ സ്ഥലങ്ങളിൽ 4 വീടുകൾ നിർമ്മിച്ച് നല്കിയിട്ടുണ്ട്.

(ബി) കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതർക്കും ഭവന രഹിതർക്കും ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വാരപ്പെട്ടി പഞ്ചായത്തിൽ വിട്ടുകിട്ടുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സ്ഥലം ഹോം കെയർ പദ്ധതിക്കായി വിട്ടുകിട്ടുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1 എ/8/28 സർവ്വേ നമ്പരിൽപ്പെട്ട ഒരേക്കർ സ്ഥലത്ത് കെയർഹോം പദ്ധതി പ്രകാരം ഭവനസമുച്ചയം നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) സഹകരണ വകുപ്പിന്റെ കെയർ ഹോം രണ്ടാംഘട്ട പദ്ധതിക്കായി സ്ഥലം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥലം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ഏറ്റെടുക്കുന്നതാണ്.

## കേരള ബാങ്കും നിക്ഷേപ വർദ്ധനവും

269 (1999) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. വിജിൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേന്ദ്ര സർക്കാർ ദേശസാത്കൃത ബാങ്കുകളെ ലയനം വഴിയും സ്വകാര്യവൽക്കരണം വഴിയും ദുർബ്ബലപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ദരിദ്ര ജനവിഭാഗങ്ങളുടെ സാമ്പത്തിക ഏകീകരണത്തിനായി സഹകരണ മേഖലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ?

കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള കറണ്ട്/സേവിംഗ്സ് നിക്ഷേപങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ അഗ്രി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, അനിമൽ ഹസ്ബന്ററി ഇൻഫ്രാ ഡിപ്പാർട്ട്മെന്റ് ഫണ്ട്, പ്രധാൻമന്ത്രി ഫോർമോലൈസേഷൻ ഓഫ് മൈക്രോ പ്രോസസ്സിങ്ങ് എന്റർപ്രൈസസ് എന്നീ പദ്ധതികൾ കേരള ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ കൃഷി, മൃഗസംരക്ഷണ, മത്സ്യ വികസന വകുപ്പുകളുടെ വിവിധ പദ്ധതികളും ബാങ്കിന്റെ ദീർഘകാല കാർഷികവായ്പയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു. കോവിഡ് അതീജീവനത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി പ്രകാരം സ്വയംസഹായ സംഘങ്ങൾക്ക് പരമാവധി 4 ലക്ഷം രൂപവരെ ഗ്രൂപ്പ് വായ്പകൾ നൽകിയിരുന്നു. മത്സ്യബന്ധന മേഖലയിലെ വനിതകളുടെ ജീവനോപാധികൾക്കുമായും കേരള ബാങ്ക് വായ്പ നൽകിവരുന്നു. കേരള ബാങ്ക് രൂപീകരണത്തിന്റെ ഫലമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് നൽകുന്ന കിസാൻ ക്രെഡിറ്റ് കാർഡ് വായ്പയ്ക്ക് 1% പലിശ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 6 % പലിശയ്ക്ക് കർഷകർക്ക് നൽകുന്ന വായ്പയ്ക്ക് 3% പലിശ സബ് വെൻഷൻ ലഭിക്കും(ജില്ലാ സഹകരണ ബാങ്കിന്റെ ഇടനില മാർജിൻ ഒഴിവായതിനാൽ 3 ശതമാനം പലിശയ്ക്ക് കർഷകർക്ക് ലഭിക്കുന്നു).

(ബി) കേരള ബാങ്കിനെ സംസ്ഥാനത്തെ ഏറ്റവും വലിയ ബാങ്കായി വളർത്തിയെടുത്ത് സംസ്ഥാനത്തെ ജനങ്ങളുടെ സമ്പാദ്യം സംസ്ഥാനത്ത് നിക്ഷേപ വർദ്ധനവ് സാധ്യമാക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ?

ഉണ്ട്. കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കുമുതകുന്ന രൂപത്തിൽ കറണ്ട്/സേവിംഗ്സ് നിക്ഷേപങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

KB സീനിയർ സിറ്റിസൺ സേവിംഗ്സ്, KB വനിത സേവിംഗ്സ്, KB യങ് സേവിംഗ്സ്, KB മൈനർ സേവിംഗ്സ്, KB സഹായം സേവിംഗ്സ്, KB പെൻഷണർ സേവിംഗ്സ്, KB കുടുംബം സേവിംഗ്സ്, KB ഫ്രീഡം സേവിംഗ്സ് (PACS) നിക്ഷേപങ്ങൾക്ക് ദേശസാത്കൃത ബാങ്കുകളേക്കാൾ പലിശ നിരക്ക് സഹകരണ ബാങ്കുകൾ നൽകുന്നുണ്ട്.

(സി) പുതുതലമുറയിൽപ്പെട്ടവരെക്കൂടി സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കത്തക്ക രീതിയിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടു കൂടി RTGS/NEFT, മൊബൈൽ ബാങ്കിംഗ്, IMPS (Immediate Payment System), ഇന്റർനെറ്റ് ബാങ്കിംഗ്, UPI (Unified Payment Interface), BBPS (Bharath Bill Payment System), CTS (Cheque Truncation System), ATM, മൈക്രോ ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങളെല്ലാം തന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്.

## സഹകരണ ബാങ്കുകളിലെ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

270 (2000) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ചതും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ കേന്ദ്ര സർക്കാർ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ

പരിധിയിൽ കൊണ്ടുവന്നതും സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ;

&

(ബി) കേന്ദ്ര സർക്കാരിന്റെ ഈ നടപടികൾ കേരള ബാങ്കിന്റെ പ്രവർത്തനത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുമോ?

സഹകരണ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മന്ത്രാലയത്തിന്റെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഇക്കാര്യത്തിൽ ഒരു നയം രൂപീകരിക്കാനാകൂ. ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ 2020 ൽ വരുത്തിയ ഭേദഗതികൾ പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. തന്മൂലം പ്രാഥമിക ബാങ്കുകൾക്ക് ബാങ്ക്, ബാങ്കിംഗ് എന്ന പേരുകൾ ഉപയോഗിക്കാനാകില്ല. ആയത് പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നു. BR ആക്ടിലെ സെക്ഷൻ 10,12,36AA എന്നിവയിൽ വരുത്തിയ ഭേദഗതികൾ സഹകരണ സ്ഥാപനങ്ങളുടെ മേൽ ആർ.ബി.ഐയുടെ അധികാരം സ്ഥാപിക്കുന്നതാണ്. സെക്ഷൻ 45(4) പ്രകാരം ഭരണ സമിതിയെ നിയന്ത്രിക്കുന്നതിനും ആർ. ബി. ഐ. -ക്ക് അധികാരം നൽകുന്നുണ്ട്.

(സി) മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണോയെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് സഹകരണ നിയമം 2002 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള അധികാരം സെൻട്രൽ രജിസ്ട്രാർ, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചറിൽ നിക്ഷിപ്തമാണ്.

(ഡി) മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിലെ സഹകരണ ബാങ്കുകളെയും സൊസൈറ്റികളെയും നിയന്ത്രിക്കാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ;

&

(ഇ) ഇത് തടയാൻ നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ?

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലൂടെ കേന്ദ്ര സർക്കാർ കേരളത്തിലെ ബാങ്കുകളെയും സൊസൈറ്റികളെയും നിയന്ത്രിക്കാൻ സാധ്യതയുള്ളതായി നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സഹകരണ അർബൻ ബാങ്കുകളിലെ തസ്തികകൾ

271 (2001) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിന് മുൻപ് കേരളത്തിലെ സഹകരണ അർബൻ ബാങ്കുകളിൽ നിലവിലുണ്ടായിരുന്ന ഓഡിറ്റർ, സെയിൽ ആഫീസർ തസ്തികകൾ എത്രയെന്നും, ആയതിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ?

അനുബന്ധമായിചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത തസ്തികകളിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

Reserve Bank പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഓഡിറ്റ് നടത്തേണ്ടതിനാൽ വകുപ്പുതല ജീവനക്കാരെ ബാങ്ക് ആവശ്യപ്പെടുന്നില്ല.

(സി) ഈ തസ്തികകളിലുണ്ടായ കുറവ് വകുപ്പ് ജീവനക്കാരുടെ പ്രൊമോഷനെ ഏത് രീതിയിൽ ബാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

വകുപ്പിൽ 26 ഗസറ്റഡ് തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിഷയം Government പരിശോധിക്കുന്നതാണ്.

## സഹകരണ ബാങ്കുകളുടെ ഓഹരി വിൽപ്പന

272 (2002) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) സഹകരണ ബാങ്കുകളുടെ ഓഹരി വിൽപ്പന സംബന്ധിച്ച റിസർവ് ബാങ്കിന്റെ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച സംസ്ഥാന സർക്കാർ നിലപാടെന്തെന്ന് അറിയിക്കാമോ;

&

(ബി) ഓഹരി വിൽപ്പന നയം സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഏത് തരത്തിലാണ് ബാധിക്കുകയെന്നറിയിക്കാമോ?

നിയമ ഭേദഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചർച്ച നടത്തിയിട്ടില്ല.

(ഡി) കേന്ദ്രസർക്കാരിന്റെ സഹകരണ നയം സംസ്ഥാനത്തെ ഏത് തരത്തിൽ ബാധിക്കുന്നു എന്ന് വ്യക്തമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ(ഭേദഗതി) നിയമത്തിലൂടെ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകളിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. കൂടാതെ ആദായനികുതിയുമായി ബന്ധപ്പെട്ട് 2020-ലെ ബഡ്ജറ്റ് പ്രകാരമുള്ള നികുതി ഘടന, വകുപ്പ് 80(P)(2) പ്രകാരമുള്ള നികുതിയിളവ് പിൻലിച്ചത്, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വകുപ്പ് 194 N ബാധകമാക്കിയത് തുടങ്ങിയവയും സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇപ്പോൾ രൂപീകരിച്ചിട്ടുള്ള സഹകരണ മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

**സഹകരണവായ്പകൾക്ക് റിസ്ക് ഫണ്ട് സഹായം**

273 (2003) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത സഹകാരികളിൽ മരണപ്പെട്ടവരെയും മാരക രോഗങ്ങൾ പിടിപെട്ടവരെയും റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് അപേക്ഷ നല്കിയിട്ട് യഥാസമയം ആശ്വാസം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഇത്തരത്തിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകെ 8617 അപേക്ഷകൾ നടപടിക്രമം പൂർത്തിയാക്കാനായി നിലവിലുണ്ട്.

(ബി) അപേക്ഷകർക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ആധുനിക സാങ്കേതിക സംവിധാനം സജ്ജീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വായ്പ തിരിച്ചടക്കാത്തതിൽ അന്വേഷണം

274 (2004) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഭരണസമിതി അംഗങ്ങളായിരുന്ന ചിലർ ബിനാമി പേരുകളിൽ വായ്പയെടുത്ത ഭീമമായ തുക തിരിച്ചടക്കുന്നില്ലെന്ന് മലപ്പുറം ജില്ല സഹകരണ രജിസ്ട്രാർ ഓഫീസിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശം ലഭ്യമാക്കാമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഭരണസമിതി അംഗമായിരുന്ന ശ്രീ. ഇസ്മയിൽ മൂത്തേടത്തിന്റെ പേരിൽ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്കിലും മൂത്തേടം സർവ്വീസ് സഹകരണ ബാങ്കിലും മൂത്തേടം സഹകരണ അർബ്ബൻ സൊസൈറ്റിയിലും ടിയാനും ടിയാന്റെ കുടുംബാംഗങ്ങൾക്കും വായ്പ ഉണ്ടെന്നും ആയതിൽ ഒന്നും തന്നെ തിരിച്ചടവില്ലെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. ജോസഫ് മാത്യു നിലമ്പൂർ 10-12-2019 ന് മലപ്പുറം ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പരാതി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പരാതി അന്വേഷിക്കുന്നതിന് നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തുകയും, ടി ഉദ്യോഗസ്ഥർ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സഹകരണ ബാങ്കുകളുടെ ഓഹരി വില്പന വ്യവസ്ഥ

275 (2005) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ബാങ്കിങ് കമ്പനികളുടെ മാതൃകയിൽ സഹകരണ ബാങ്കുകളുടെ ഓഹരി വിൽക്കാമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12-ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI -യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്.

(ബി) ഇത്തരത്തിൽ ഓഹരി എടുക്കുന്നവർ സഹകരണ ബാങ്കുകളിൽ അംഗങ്ങളാണോയെന്നും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓഹരിയുടമകൾക്ക് വോട്ട് ചെയ്ത് ഭരണസമിതിയെ തെരഞ്ഞെടുക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഒരു നയം രൂപീകരിക്കുന്നതാണ്.

(സി) ഈ വ്യവസ്ഥ നിരാകരിച്ചാണോ റിസർവ് ബാങ്ക് പുതിയ കരട് വിജ്ഞാപനം ഇറക്കിയതെന്നും ഇത് കേരളത്തിലെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നും വ്യക്തമാക്കാമോ?

റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളൂ.

(ഡി) സംസ്ഥാനത്തെ ഭൂരിപക്ഷം അർബൻ ബാങ്കുകൾക്കും കേരള ബാങ്കിനും നിലവിൽ എത്ര ശതമാനം മൂലധനപര്യാപ്തതയാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേരള ബാങ്കിൽ എത്ര ഓഹരികളാണുള്ളതെന്ന് അറിയിക്കുമോ; റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം ഇറങ്ങിയാൽ ഈ ഓഹരി പിൻവലിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള 60 അർബൻ സഹകരണ ബാങ്കുകളിൽ 49 ബാങ്കുകളും നിലവിൽ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള 9% മൂലധനപര്യാപ്തത കൈവരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 31-3-2021-ലെ

മൂലധനപര്യാപ്തത 9.73% ആണ്. കേരള സംസ്ഥാന സഹകരണ ബാങ്കിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ 943.30 കോടി രൂപയുടെ 94,33,000 ഓഹരികളുണ്ട്. റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിന് ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളൂ.

(ഇ) കേരളത്തിലെ സഹകരണ മേഖലയുടെ ഘടനയെ പുതിയ പരിഷ്കരണം ബാധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകുകയുള്ളൂ. അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നയം രൂപീകരിക്കുന്നതാണ്.

**അർബൻ സഹകരണ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ്**

276 (2006) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ പോലെ അർബൻ സഹകരണ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങളിലെ പോലെ അർബൻ സഹകരണ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പിലാക്കിയിട്ടില്ല.

(ബി) സഹകരണ അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് അനുവദിക്കുമോ; വിശദമാക്കുമോ?

പ്രാഥമിക സഹകരണ സംഘങ്ങളിലെ പോലെ അർബൻ സഹകരണ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് നടപ്പിലാക്കിയിട്ടില്ല.

**സഹകരണ സംഘങ്ങളുടെ പ്രവർത്തന വിപുലീകരണം**

277 (2007) ശ്രീ. റ്റി. പി .രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി 1969-ലെ കേരള സഹകരണ സംഘ നിയമം

കാലോചിതമായി പരിഷ്കരിക്കണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി 1969-ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ, ഈ വിഷയത്തെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് നടപ്പാക്കിയ 'മുറ്റത്തെ മുല്ല' ലഘു വായ്പാ പദ്ധതി എത്രമാത്രം വിജയകരമായിരുന്നുവെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 2018 ൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി പൈലറ്റ് പ്രോജക്ടായി പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് റൂറൽ സഹകരണ സംഘത്തിലാണ് ആരംഭിച്ചത്. ആയത് വൻ വിജയമായതിനെ തുടർന്ന് സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പിലാക്കിവരികയുമാണ്. 30-6-2021 വരെ ടി പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾ മുഖേന ആവശ്യക്കാർക്ക് 1207,00,52,457.00 (ആയിരത്തി ഇരുന്നൂറ്റി ഏഴ് കോടി അൻപത്തി രണ്ടായിരത്തി നാനൂറ്റി അൻപത്തി ഏഴ് രൂപ) രൂപയുടെ വായ്പ വിതരണം നടത്തിയിട്ടുണ്ട്.

(സി) കൂടുതൽ കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലും "മുറ്റത്തെ മുല്ല" ലഘു വായ്പ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

## പുതിയ സഹകരണ സംഘങ്ങൾ

278 (2008) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ സഹകരണ സംഘങ്ങൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ യുവജനങ്ങൾക്കും, കലാകാരൻമാർക്കും, നെൽ കർഷകർക്കും, സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. യുവജന സഹകരണ സംഘത്തിന്റെയും നെൽകർഷകർക്കുള്ള സഹകരണ സംഘത്തിന്റെയും രൂപീകരണം സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംഘങ്ങളുടെ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നുള്ളതാണ് യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്തുനൽകുന്നത്. യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചു. സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന കലാകാരൻമാരുടെ സാമ്പത്തിക ഉന്നമനത്തിനായി സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തനപരിധിയായി കലാകാരൻമാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോവിഡ് 19 സാഹചര്യത്തെ അതിജീവിക്കുന്നതിനായി കലാകാരൻമാർക്ക് ജില്ലാ അടിസ്ഥാനത്തിൽ/ടൂറിസം മേഖലകളിൽ അവരുടെ കലകൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദി ഒരുക്കി അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ടാണ് പ്രസ്തുത സംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ നെൽകർഷകരുടെ പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിനായി സംഭരണ, സംസ്കരണ, വിപണന രംഗത്ത്

സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടാകുംവിധം സംസ്ഥാനമാകെ അധികാര പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും കുട്ടനാട്ടും അപ്പർ കുട്ടനാട്ടും രണ്ട് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനുമുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും 1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ്, ചട്ടം 3 മുതൽ 15 വരെയുള്ള വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും. സഹകരണ തത്വങ്ങൾ പ്രകാരം പൊതുതാത്പര്യത്തോടെയോ അംഗങ്ങളുടെ സാമ്പത്തിക താത്പര്യങ്ങളോ ലക്ഷ്യമാക്കിയുള്ള സഹകരണ സംഘം രജിസ്റ്റർ ചെയ്യാം. സംഘം രൂപീകരിക്കുന്നതിന് താത്പര്യപ്പെടുന്നവരെ പ്രൊമോട്ടേഴ്സ് എന്നറിയപ്പെടും. പ്രൊമോട്ടേഴ്സ് ഏറ്റവും ചുരുങ്ങിയത് 25 പേർ ഉണ്ടായിരിക്കുകയും അവർ വ്യത്യസ്ത കുടുംബങ്ങളിൽ ഉൾപ്പെട്ടവരായിരിക്കുകയും വേണം. സംഘം രജിസ്ട്രേഷൻ സംബന്ധിച്ച് ഒരു ആലോചനായോഗം കൂടേണ്ടതും നിർദ്ദിഷ്ട സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾ ചർച്ച ചെയ്യേണ്ടതുമാണ്. സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയും മറ്റ് നടപടികളും കൈക്കൊള്ളുന്നതിനായി പ്രൊമോട്ടേഴ്സ് അവരിൽ നിന്നും ഒരു ചീഫ് പ്രൊമോട്ടറെ തെരഞ്ഞെടുക്കേണ്ടതാണ്. നിർദ്ദിഷ്ട സംഘം രജിസ്റ്റർ ചെയ്ത് നിലവിൽ വരുന്നതുവരെയുള്ള കത്തിടപാടുകൾ ചീഫ് പ്രൊമോട്ടറുടെ പേരിലായിരിക്കും. സഹകരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള മാതൃകാ ബൈലായുടെ മാതൃകയിൽ പ്രൊമോട്ടേഴ്സിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി ബൈല തയ്യാറാക്കാവുന്നതും, ആയത് സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സംഘം രജിസ്ട്രേഷന് ആവശ്യമായ വിവരങ്ങൾക്കും സേവനങ്ങൾക്കുമായി സഹകരണ വകുപ്പിന്റെ താലൂക്ക് ആഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്. സംഘം രൂപീകരിക്കുന്നതിനുള്ള അപേക്ഷയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചുള്ള വിവരങ്ങളും അതാത് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ നിന്ന് ലഭ്യമാകുന്നതാണ്. അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് ട്രഷറിയിൽ ഒടുക്കിയ ചെല്ലാൻ സമർപ്പിക്കേണ്ടതാണ്. നിർദ്ദിഷ്ട സംഘം ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിലുള്ള പ്രൊജക്ട് റിപ്പോർട്ട് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും, പ്രൊമോട്ടേഴ്സിന്റെ പേര്, മേൽവിലാസം ഓഹരികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

സംഘം രജിസ്ട്രേഷനുള്ള അപേക്ഷ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വഴി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിക്കേണ്ടതാണ്.

(സി) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, നഗരസഭ കേന്ദ്രങ്ങളിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുള്ള ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി ടി പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നു. അതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപ്പനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഇതിലൂടെ ഗ്രാമീണ കമ്പോളങ്ങളുടെ സാമീപ്യം, ന്യായവില, പാഴ്ചെലവ് ഇല്ലാതാക്കൽ, ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവ മെച്ചപ്പെടുത്താൻ കഴിയും. 2021-22 ബഡ്ജറ്റിൽ ഈ പദ്ധതിയുടെ കീഴിൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കായി 400.00 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതി ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കേന്ദ്ര സർക്കാരിന്റെ സഹകരണ മന്ത്രാലയം രൂപീകരണം**

279 (2009) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണമേഖല എന്ന വിഷയം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നതായതിനാൽ പുതിയ സഹകരണ മന്ത്രാലയം

രൂപീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന സമീപനമെന്താണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(ബി) ഇത് സംസ്ഥാനത്തെ വിപുലമായ സഹകരണ പ്രസ്ഥാനങ്ങളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന അഭിപ്രായം സഹകാരികളിൽ നിന്ന് ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കാനിടയുള്ള ഇത്തരം പ്രഖ്യാപനങ്ങളിൽനിന്നും നടപടികളിൽ നിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

## കൊച്ചിൻഷിപ്പ് യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി

280 (2010) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ അംഗീകാരമുള്ള കൊച്ചിൻ ഷിപ്‌യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി (ഇ-346)-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

സംഘത്തിന് വേണ്ടിയോ സംഘാംഗങ്ങൾക്ക് വേണ്ടിയോ സ്ഥലം വാങ്ങുക, വസ്തു പണയപ്പെടുത്തുക, ഹൗസ് പ്ലോട്ടുകൾ, വീടോടുകൂടിയ സ്ഥലം വാങ്ങുക, റിപ്പയറുകളോ, കൂട്ടിച്ചേർക്കലുകളോ നടത്തുക, സൊസൈറ്റിയുടെ പൊതു ആവശ്യത്തിനുവേണ്ടി കെട്ടിടങ്ങൾ പണിയുക, വീടുകൾ പണിയുക, വാടകയ്ക്ക് കൊടുക്കുക, സംഘത്തിലെ അംഗങ്ങൾക്ക് പ്രയോജനം കിട്ടത്തക്കവിധത്തിൽ

അനുയോജ്യമായ രീതിയിൽ സ്ഥലം തരം തിരിച്ച് റോഡുകളോ, ചന്തയോ, പോസ്റ്റ് ഓഫീസോ തുടങ്ങത്തക്ക രീതിയിലാക്കുക, ഭവന നിർമ്മാണത്തിനാവശ്യമായ ഫണ്ടുകൾ സമാഹരിക്കുക, സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുന്നതിനായി സ്ഥാവര ജംഗമ വസ്തുക്കൾ കൈവശം വയ്ക്കുകയോ, വിൽക്കുകയോ, പണയത്തിലോ, പാട്ടവ്യവസ്ഥയിലോ, വാടകയ്ക്കോ നൽകുക, സാമൂഹിക, വിദ്യാഭ്യാസ, ആരോഗ്യ, ചികിത്സാ, വിനോദ മേഖലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നിവയാണ് നിയമാവലി പ്രകാരമുള്ള പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി സംഘം നാളിതുവരെ പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു:

1. കൃഷ്ണവിഹാർ കോളനി പ്രോജക്ട്
2. വികാസ് നഗർ ഹൗസിംഗ് കോളനി പ്രോജക്ട്
3. കുരീക്കാട് പ്രോജക്ട്
4. ചിറ്റൂർ പ്രോജക്ട്
5. ചോറ്റാനിക്കര പ്രോജക്ട്
6. നടക്കാവ് പ്രോജക്ട്

(ബി) പ്രസ്തുത സൊസൈറ്റിയുടെ അഞ്ചാമത്തെ പദ്ധതിയായ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത് ടി സംഘം ഭരണസമിതിയായതിനാൽ വകുപ്പ് തലത്തിൽ യാതൊരു നടപടികളും കൈക്കൊള്ളേണ്ടതില്ല.

(സി) സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയാണോ നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനായി ഒപ്പിട്ടിട്ടുള്ള കരാറെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പിന്റെ അംഗീകാരത്തോടെയല്ല നടക്കാവ് സ്കീം നടപ്പിലാക്കുന്നതിനുള്ള കരാർ ഒപ്പിട്ടിട്ടുള്ളത്.

(ഡി) പ്രസ്തുത സ്കീമുമായി ബന്ധപ്പെട്ട ഭൂമി ഇടപാടിനെയും നടത്തിപ്പിനെയും സംബന്ധിച്ച ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആരോപണങ്ങളെ സംബന്ധിച്ച് സഹകരണ വകുപ്പുതല അന്വേഷണമോ വിജിലൻസ്

അന്വേഷണമോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ ഉത്തരവാകുകയും അന്വേഷണ ഉദ്യോഗസ്ഥൻ 29-11-2014-ൽ 65-ാം വകുപ്പ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്.

(ഇ) ഇതു സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട കേസിൽ സഹകരണ വകുപ്പ് എൻക്വയറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നടക്കാവ് പ്രോജക്ടുമായി ബന്ധപ്പെട്ട് സംഘം ഫയൽ ചെയ്തിട്ടുള്ള WP(c) No.34456/2014-ന്റെ അന്തിമവിധി പ്രകാരം ടി പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള ARC കേസ് 24/2010 സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുള്ളതും, ടി കേസ് സഹകരണസംഘം രജിസ്ട്രാർ കേട്ടുകൊണ്ടിരിക്കുന്നതും ആയതിൽ അന്തിമതീർപ്പായിട്ടില്ലാത്തതുമാണ്.

### നെൽ സഹകരണ സംഘങ്ങളുടെ രൂപീകരണം

281 (2011) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് സഹകരണ മേഖല ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

1. മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)-ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാ പദ്ധതിയാണ് " മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)"

2. സ്പെഷ്യൽ ലിക്യുഡിറ്റി ഫെസിലിറ്റി (SLF) വായ്പാ പദ്ധതി കോവിഡ്- 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായമേഖലയേയും (MSME) സജീവമായി

നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ കൂടി വിനിയോഗിക്കുന്നതിനുള്ള പദ്ധതിയാണ് സ്പെഷ്യൽ ലിക്യൂഡിറ്റി ഫെസിലിറ്റി (SLF) പദ്ധതി.

3. വിദ്യാതരംഗിണി പദ്ധതി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യാർത്ഥം മൊബൈൽ ഫോൺ വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ പലിശരഹിത വായ്പ നൽകുന്ന പദ്ധതിയാണ് ഇത്. കോവിഡ് മഹാമാരിയെ തുടർന്ന് ഓൺലൈൻ വഴി പഠനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ആയതു ലഭ്യമാക്കുന്നതിനുവേണ്ടി അതാത് പ്രദേശങ്ങളിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കനുസരിച്ച് അനുമതി നൽകുകയുണ്ടായി.

4. കൺസ്യൂമർ ഫെഡിന്റെ കോവിഡ്കാല ഇടപെടൽ-കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യ ശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും, വാട്ട്സാപ് നമ്പരുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോംഡെലിവറിയായി വീടുകളിലെത്തിച്ച് നൽകുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യസർവ്വീസായി തുറന്ന് പ്രവർത്തിച്ച് കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നു.

5. ഹൗസിംഗ് ഫെഡറേഷൻ-ഇളവ് നൽകി-കോവിഡ് സാഹചര്യം പരിഗണിച്ച് ഹൗസിംഗ് ഫെഡറേഷൻ 2020 ഡിസംബർ മുതൽ പലിശയിനത്തിൽ ഒരു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്.

6. മാസ്ക് നിർമ്മാണത്തിനും ക്ലോത്ത് ബാഗ് നിർമ്മാണത്തിനും വനിതാ ഫെഡ് വായ്പ

7. യുവജന ക്ഷേമത്തിനായി പുതിയ യുവജന സംഘങ്ങൾ

8. കലാകാരന്മാരുടെ ഉന്നമനത്തിനായി പ്രത്യേക സഹകരണ സംഘം

9. കോവിഡ് പ്രതിരോധ സാമഗ്രി നിർമ്മാണ യൂണിറ്റുകൾ.

(ബി) കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നെൽ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) നെൽ കർഷകരെ സ്വകാര്യ മില്ലുകളുടെ ചൂഷണത്തിൽ നിന്ന് മുക്തരാക്കുന്നതിന് കുട്ടനാട്ടിൽ ആധുനിക അരിമില്ലുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാ തരംഗിണി വായ്പകൾ**

282 (2012) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ എത്ര വിദ്യാർഥികൾ വിദ്യാതരംഗിണി വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 517 വിദ്യാർത്ഥികൾ വിദ്യാതരംഗിണി വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ 170 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(ബി) വായ്പയ്ക്ക് അർഹരായവരെ കണ്ടെത്താൻ സഹകരണ ബാങ്കുകൾ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപേക്ഷകർ സഹകരണ സംഘത്തിലെ 'എ ക്ലാസ് '/'സി ക്ലാസ്' അംഗങ്ങളായിരിക്കണം. മെമ്പർഷിപ്പിനുള്ള അപേക്ഷയും വായ്പയുടെ അപേക്ഷയും ഒന്നിച്ച് സംഘത്തിൽ നൽകാവുന്നതാണ്. 31-7-2021 വരെ ലഭ്യമാകുന്ന മെമ്പർഷിപ്പിനുള്ള എല്ലാ അപേക്ഷയും പരിഗണിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികളുടെ ആവശ്യത്തിന് സംഘം/ ബാങ്ക് തുക അനുവദിക്കുന്നതിന് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ആവശ്യമാണ്. ഈ വിവരങ്ങളെല്ലാം സംഘങ്ങളുടെ നോട്ടീസ് ബോർഡിൽ പതിച്ചിരുന്നു. ഇപ്രകാരമാണ് വിദ്യാതരംഗിണി വായ്പയ്ക്ക് അർഹരായവരെ സഹകരണ ബാങ്കുകൾ കണ്ടെത്തിയത്.

(സി) പ്രസ്തുത വായ്പയ്ക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ പരിരക്ഷ ലഭിക്കുമോ; ഇല്ലെങ്കിൽ ആയതു ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ വിദ്യാ തരംഗിണി വായ്പക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ പരിരക്ഷ ലഭിക്കില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

283 (2013) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ മേഖലയിലെ ധനലഭ്യത ഉപയോഗപ്പെടുത്തി കുട്ടനാട് പോലെയുള്ള പിന്നോക്ക മേഖലകളിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ആലപ്പുഴ ജില്ലയിൽ പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (IMT), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദ ബെസ്റ്റ് (KIMB) എന്നിവ സഹകരണമേഖലയിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. കുട്ടനാട് പോലെയുള്ള പിന്നോക്ക മേഖലകളിൽനിന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് ആയതു പരിശോധിച്ച് സഹകരണ മേഖലയിലെ ധനലഭ്യത ഉപയോഗപ്പെടുത്തി അവ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

(ബി) ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ നൽകുന്നതിന് സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരമെന്നവണ്ണം ടി ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1449(പാപ്കോസ്) കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് അരിയാക്കി മാറ്റി വിപണിയിൽ എത്തിക്കുക എന്ന സേവന ലക്ഷ്യത്തോടെ ആധുനിക റൈസ് മിൽ സൈലോ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ Coopkerala എന്ന ഏകീകൃത സഹകരണ ബ്രാൻഡിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള " ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 13 സഹകരണ ഉൽപ്പന്ന വിപണനശാലകളായ Coopmart കൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ &

വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ നെൽകർഷകരുടെ പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിനായി സംഭരണ, സംസ്കരണ, വിപണന രംഗത്ത് സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടാകുംവിധം സംസ്ഥാനമാകെ അധികാര പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘവും കുട്ടനാടും അപ്പർ കുട്ടനാടും രണ്ട് ആധുനിക റൈസ് മില്ലുകളും സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു. കൺസ്യൂമർഫെഡ്, ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ ധനസഹായത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ഇത് തുടർന്നും നടപ്പിലാക്കുന്നതാണ്. നഗര/അർദ്ധനഗര മേഖലകളിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ത്രിവേണി സ്റ്റോറുകളിലൂടെയും സർക്കാർ പദ്ധതിയുടെ ഭാഗമായി ഗ്രാമ പ്രദേശത്തുൾപ്പെടെ പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലൂടെയും വർഷത്തിൽ എല്ലാ ദിവസവും പൊതു മാർക്കറ്റിനേക്കാൾ വില കുറച്ച് നിത്യോപയോഗ സാധനങ്ങൾ വിൽപന നടത്തുന്നതാണ്. ഇതിനുവേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ഇ-ടെണ്ടർ മുഖേന പരമാവധി വിലകുറച്ച് സാധനങ്ങൾ വാങ്ങി ലാഭവും നഷ്ടവും ഇല്ലാത്ത രീതിയിൽ ചില്ലറ വിൽപന വില നിശ്ചയിച്ച് സ്റ്റോറുകളിൽ എത്തിച്ച് നൽകുന്നുണ്ട്. ജനങ്ങൾക്ക് കൂടുതൽ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനായി കേരള സംസ്ഥാന സഹകരണ ബാങ്കിൽ ചുവടെ ചേർക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും അത് മുഖാന്തരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് പലിശ രഹിത വായ്പ നൽകുന്ന വിദ്യാ തരംഗിണി എന്ന പദ്ധതി സഹകരണസംഘങ്ങൾ മുഖേന 25-6-2021 മുതൽ 31-7-2021 വരെ നടപ്പാക്കുന്നുണ്ട്. 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി വനിതാ സഹകരണസംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക്

വിതരണം ചെയ്യുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്ന പദ്ധതി സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ, സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹിക സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതാണ് ഇത്തരത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന കലാകാരൻമാരുടെ സാമ്പത്തിക ഉന്നമനത്തിനായി സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയായി കലാകാരൻമാരുടെ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള ബാങ്ക് വഴി ഓൺലൈൻ പഠനസൗകര്യങ്ങൾക്ക് വായ്പ**

284 (2014) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് കേരള ബാങ്ക് ശാഖകൾ വഴി ലാപ്ടോപ്പുകൾ, മൊബൈലുകൾ, ടാബുകൾ എന്നിവ വാങ്ങുന്നതിനായി പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ നീക്കി പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഓൺലൈൻ പഠന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് കേരള ബാങ്ക് ശാഖകൾ വഴി മൊബൈലുകൾ, ടാബുകൾ എന്നിവ വാങ്ങുന്നതിനായി പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

**സഹകരണ ആശുപത്രികൾ**

285 (2015) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സഹകരണ ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 75 സഹകരണ ആശുപത്രികളെ സംബന്ധിച്ച വിവരം ജില്ലാ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കോവിഡ് വ്യാപനംമൂലം നല്ലൊരു വിഭാഗം സഹകരണ ആശുപത്രികളും വരുമാന നഷ്ടം കൊണ്ട് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത ആശുപത്രികൾക്കായി ആശ്വാസ പദ്ധതികൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് വ്യാപനംമൂലം സാമ്പത്തിക പ്രതിസന്ധിയിലായ സംഘങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേകമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന ആശുപത്രി സഹകരണ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഏതൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ആശുപത്രി സഹകരണ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സഹകരണ ആശുപത്രി ഫെഡറേഷന്റെ പ്രതിനിധികളുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

**പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് സഹകരണ വായ്പ**

286 (2016) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) പി.എം.എ.വൈ.(അർബൻ) പദ്ധതി പ്രകാരം നഗരസഭകളിൽ വീട് വെയ്ക്കുന്നതിന് 4 ലക്ഷം രൂപ അനുവദിക്കപ്പെടുന്ന 1.5 സെന്റ് ഭൂമി മാത്രം കൈവശമുള്ള ഗുണഭോക്താക്കൾ പ്രസ്തുത തുകകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാനാവാതെ വായ്പയ്ക്കായി സഹകരണ സംഘങ്ങളെ സമീപിക്കുമ്പോൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വായ്പ അനുവദിക്കുന്നതിന് 2 സെന്റ് ഭൂമി വേണമെന്ന നിബന്ധന സഹകരണസംഘങ്ങൾ മുന്നോട്ട് വയ്ക്കുന്നത്മൂലം പ്രസ്തുത ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ച്കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ പി.എം.എ.വൈ.(അർബൻ) പദ്ധതിയുടെ എല്ലാ ഗുണഭോക്താക്കൾക്കും വായ്പ ലഭിക്കുന്നതരത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കാമോ?

ബാധകമല്ല.

**ഓൺലൈൻ പഠനോപകരണങ്ങൾക്കായി പലിശ രഹിത വായ്പ**

287 (2017) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങുന്നതിന് സഹകരണ ബാങ്കുകൾ വഴി പലിശ രഹിത വായ്പകൾ അനുവദിക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

അതത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപവരെ പലിശരഹിത വായ്പയായി നൽകും. വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ഗുണഭോക്താക്കൾ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കണം. വായ്പാ കാലാവധിക്ക് ശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. ആൾ ജാമ്യ വ്യവസ്ഥയിലാണ് വായ്പ അനുവദിക്കുന്നത്. അപേക്ഷകൻ സംഘത്തിലെ 'എ' ക്ലാസ്/'സി' ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പയ്ക്കുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും ഒന്നിച്ച് പരിഗണിക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ.

(ബി) ഇത്തരം വായ്പകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകുന്നതിന് പ്രത്യേക ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വായ്പകൾ എല്ലാ സഹകരണ സംഘം/ബാങ്കുകൾ വഴിയും അനുവദിക്കുന്നത് സംബന്ധിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇത് കൂടാതെ അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പല ബാങ്കുകളും പ്രാഥമിക സഹകരണ സംഘങ്ങളും ഇത്തരം വായ്പകൾ നിഷേധിക്കുന്നതും മതിയായ സെക്യൂരിറ്റി വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഏത് രീതിയിലാണ് ഉപഭോക്താക്കൾക്ക് അനുകൂലമായി പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നെങ്കിലും ഈ പദ്ധതിയെ സംബന്ധിച്ച് അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഈ പരാതി പരിഹരിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്ത ശേഷം പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

**കാർഷിക വായ്പകൾ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം**

288 (2018)<u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-നുമുമ്പ് സഹകരണ കാർഷിക ബാങ്കുകളിൽനിന്ന് എടുത്തിട്ടുള്ള രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ പൂർണമായും എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നോ?

ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും കർഷകരുടെ കാർഷിക കടങ്ങൾ 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി രണ്ട് ലക്ഷം രൂപ വരെ നിലവിൽ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്.

(ബി) എങ്കിൽ ഈ കാര്യത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ

സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്.

(സി) വായ്പകൾ എഴുതിത്തള്ളുന്ന നടപടിയിൽനിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല.

**റിസ്ക് ഫണ്ട്**

289 (2019) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ ബാങ്കുകൾ അനുവദിക്കുന്ന റിസ്ക് ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

&

(ബി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

വിവിധ വായ്പ സഹകരണ സംഘങ്ങളിൽ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റിതര വായ്പ സഹകരണ സംഘങ്ങൾ) നിന്ന് നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പയെടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100 രൂപയും പരമാവധി 1,000 രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/ മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ

ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകുന്നതാണ്. വായ്പയെടുത്തതിന് ശേഷം മാരക രോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ മേൽ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി വായ്പ കുടിശിക അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചുവരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

(ഡി) വായ്പ തുകയുടെ എത്ര ശതമാനം വരെ റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി ഇളവ് ചെയ്ത് കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം കേരള സഹകരണ വികസനക്ഷേമ നിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ച് വരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*)

**കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ഇടപെടലുകൾ**

290 (2020) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ രണ്ടാം ലിസ്റ്റിലെ 32 എൻട്രി പ്രകാരം സഹകരണം ഒരു സംസ്ഥാന വിഷയമായതിനാൽ കേന്ദ്ര സർക്കാരിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി സഹകരണ മന്ത്രാലയം രൂപീകരിക്കുന്ന നടപടി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ സംസ്ഥാന സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന വിലയിരുത്തൽ നടത്താനാകൂ.

(ബി) പ്രസ്തുത മന്ത്രാലയം പ്രവർത്തനം ആരംഭിക്കുമ്പോൾ സംസ്ഥാന സഹകരണ മേഖലയിൽ ഉണ്ടാകാവുന്ന ഇടപെടലുകളെ എങ്ങനെ പ്രതിരോധിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ സംസ്ഥാന സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന വിലയിരുത്തൽ നടത്താനാകൂ.

**കേന്ദ്ര സർക്കാരിന്റെ സഹകരണ മന്ത്രാലയ രൂപീകരണം**

291 (2021) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

**സഹകരണ ജീവനക്കാരുടെ ശമ്പളവും പെൻഷനും**

292 (2022) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ മേഖലയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടൊപ്പം പെൻഷൻ പരിഷ്കരണവും പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പെൻഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) നിലവിൽ സഹകരണ പെൻഷൻകാർക്ക് അനുവദിച്ചിട്ടുള്ള മെഡിക്കൽ അലവൻസ് വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സഹകരണ പെൻഷൻകാർക്ക് മെഡിക്കൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

&

(സി) പ്രസ്തുത ജീവനക്കാരോടൊപ്പം പെൻഷൻകാർക്കും ഡി.എ. അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്ന് പെൻഷൻ വാങ്ങിവരുന്ന പെൻഷൻകാർക്ക് 26-2-2021-ലെ സ.ഉ.(സാധാ)നമ്പർ 176/2021/സഹ ഉത്തരവ് പ്രകാരം 1-3-2021 പ്രാബല്യത്തിൽ പെൻഷൻ പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. എല്ലാ വിഷയങ്ങളും പരിഗണിച്ചാണ് പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയത്.

(ഡി) ഇ.പി.എഫ്. പെൻഷൻ ഫണ്ടിൽ കേന്ദ്ര സർക്കാരിന് പങ്കാളിത്തമുള്ളതുപോലെ സഹകരണ പെൻഷനിൽ സംസ്ഥാന സർക്കാരിനും പങ്കാളിത്തമുറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണം**

293 (2023) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് ഏതൊക്കെ വിഭാഗത്തിന് എത്ര ശതമാനം വീതമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ?

(ബി) പി.എസ്.സി. നിയമനങ്ങളിലെപ്പോലെ ഒ.ബി.സി. വിഭാഗത്തിന് പ്രത്യേകം സംവരണം നിലവിലുണ്ടോ; ഇല്ലെങ്കിൽ സംവരണം നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ;

&

(സി) ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ?

സഹകരണ നിയമം വകുപ്പ് 80(4) പ്രകാരം ഓരോ സഹകരണ സംഘങ്ങളിലെയും ജീവനക്കാരുടെ പത്ത് ശതമാനം തസ്തികകൾ

പട്ടികജാതി/പട്ടിക വർഗ്ഗക്കാരിൽ നിന്ന് നിയമനം നടത്തുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ നിയമം വകുപ്പ് 80(5) പ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ആകെ തസ്തികകളിൽ മൂന്ന് ശതമാനം അംഗപരിമിതരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. വഴി ആയതിനാൽ പി.എസ്.സി. നിയമന ചട്ടപ്രകാരമുള്ള സംവരണം പാലിക്കുന്നു.

## ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ

294 (2024) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ആലപ്പുഴ ജില്ലയിൽ സഹകരണ വകുപ്പിലെ എൽ.ഡി. ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഒഴിവുകളില്ല.

## രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം

295 (2025) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതിയകാലം പുതിയസേവനം എന്ന മുദ്രാവാക്യം മുൻനിർത്തി പൊതുജനങ്ങൾക്കായി നൽകിവരുന്ന സേവനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ പുതിയ കാലം പുതിയ സേവനം എന്ന മുദ്രാവാക്യം മുൻനിർത്തി പൊതുജനങ്ങൾക്കായി നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുമുള്ള സംവിധാനം

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം

8. സ്പെഷ്യൽ മാര്യേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷന് വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം

11. ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം

12. രജിസ്ട്രേഷൻ വകുപ്പിന് കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം

13. സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം

15. സബ് രജിസ്ട്രാർ ഓഫീസുകളിൽ സംരക്ഷിച്ചു പോരുന്ന ആധാര വിവരങ്ങളടങ്ങിയ റെക്കോർഡ് വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്ത്, ആധാരപകർപ്പുകൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന അനശ്വര പദ്ധതി. ഈ പദ്ധതി 6 തെക്കൻ ജില്ലകളിൽ നടപ്പിലാക്കി.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഓഫീസുകളാണ് നവീകരിക്കുന്നത്; വിശദമാക്കാമോ?

പൊതുജനങ്ങൾക്കായുള്ള സേവനത്തിന്റെ ഭാഗമായി ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സബ് രജിസ്ട്രാർ ഓഫീസ് കിഫ്ബി പദ്ധതി പ്രകാരം നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഹരിപ്പാട് സബ് രജിസ്ട്രാർ ഓഫീസ് റവന്യൂ ടവറിലും മാന്നാർ സബ് രജിസ്ട്രാർ ഓഫീസ് മിനി സിവിൽ സ്റ്റേഷനിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിപ്രകാരം പുളിങ്കുന്ന് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം ആരംഭിച്ചു. ആലപ്പുഴ രജിസ്ട്രേഷൻ കോംപ്ലക്സിൽ പൊതുജനങ്ങൾക്കുവേണ്ടി ജെൻഡർ ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം പുരോഗമിച്ചുവരുന്നു.

**രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരുടെ അജ്ഞത മൂലമുള്ള ബുദ്ധിമുട്ട്**

296 (2026) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരുടെ അജ്ഞതമൂലം യഥാസമയം ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരുടെ അജ്ഞതമൂലം യഥാസമയം ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായ പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണം

297 (2027) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ആധാര രജിസ്ട്രേഷൻ നടപടികളുടെ കമ്പ്യൂട്ടർവൽക്കരണവും പ്രസ്തുത നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിനായി രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ആധാര രജിസ്ട്രേഷൻ നടപടികൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനും പ്രസ്തുത നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുള്ള സംവിധാനം

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം ഡിജിറ്റൈസേഷൻ പദ്ധതിക്ക് തുടക്കം കുറിക്കുകയും പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തീകരിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതി മുഖേന 2019-20 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള

കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും, തുടർ പദ്ധതിയെന്നോണം മേൽ ജില്ലകളിലെ 2005-ന് മുമ്പുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

(ബി) മലപ്പുറം ജില്ലയിൽ മുദ്രപത്രങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും 15-7-2021 -ന് മലപ്പുറം സ്റ്റാമ്പ് ഡിപ്പോയ്ക്ക് മുദ്രയും മുദ്രപ്പത്രങ്ങളും ലഭ്യമാക്കിയിട്ടുള്ളതിനാൽ നിലവിൽ മലപ്പുറം ജില്ലയിൽ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കരണ നടപടികൾ**

298 (2028) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഭൂമി സംബന്ധമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

1. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.
2. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം
3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ
4. ഒരു ആധാരത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തരം ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

(ബി) രജിസ്ട്രേഷൻ വകുപ്പിലെ ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നതിനും രേഖകൾ സൂക്ഷിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിലെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠനം നടത്തി വരുന്നു. രേഖകൾ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനമായ കോംപാക്ടറുകൾ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 43 ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിലും പ്രസ്തുത സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ

299 (2029) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ?

സബ് രജിസ്ട്രാർ ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുള്ള സംവിധാനം

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം

3. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികളുടെ ത്വരിതപ്പെടുത്തൽ

4. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

6. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നതിനായി ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം.

8. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ' Anywhere Registration' സംവിധാനം.

(ബി) പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്നതിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കുള്ള സന്ദർശനം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമോ; ഇതിനായി പ്രത്യേക നിർദ്ദേശങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അറിയിക്കാമോ?

പ്രോപ്പർട്ടി രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിലൂടെ ആധാര രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസുകളിലേയ്ക്കുള്ള സന്ദർശനം നിയമപ്രകാരം ഒഴിവാക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(സി) രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി ഹെൽപ്പ ഡെസ്ക് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് വടകര താലൂക്കതലത്തിലെ വിവരങ്ങൾ ലഭ്യമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് അറിയുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ ഹെൽപ്പ് ഡെസ്ക് നിലവിലുണ്ട്. താലൂക്കതലത്തിൽ ഹെൽപ്പ് ഡെസ്ക് നിലവിലില്ല.

(ഡി) സംസ്ഥാനത്തൊട്ടാകെ എത്ര ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഓൺലൈൻ പ്രോപ്പർട്ടി രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടില്ല.

(ഇ) ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ വരുത്തിയ ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഹൈവേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട അധിക ജോലി കാരണം സബ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിൽ ഒരു ക്രമീകരണവും ഏർപ്പെടുത്തിയിട്ടില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ**

300 (2030) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

രജിസ്ട്രേഷൻ വകുപ്പിലെ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യം.
2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.
3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കണെടുക്കുന്നതിനുമുള്ള സംവിധാനം.
4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജോഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനുള്ള സംവിധാനം.
5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.
6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

9. KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

11. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസൊടുക്കുന്നതിനുമുള്ള സംവിധാനം

12. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും, ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം

13. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ' Anywhere Registration' സംവിധാനം.

**കുമ്പളയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ്**

301 (2031) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മഞ്ചേശ്വരം, ബദിയടുക്ക, കാസർഗോഡ് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ ഏതൊക്കെ വില്ലേജുകളാണ് ഉൾപ്പെടുന്നത്; വിശദമാക്കുമോ?

മഞ്ചേശ്വരം, ബദിയടുക്ക, കാസർഗോഡ് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന വില്ലേജുകളുടെ വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഒരു സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

പ്രത്യേകമായ മാനദണ്ഡം നിലവിലില്ല. ഓഫീസിന്റെ ജോലിഭാരം, സബ് രജിസ്ട്രാർ ഓഫീസുകൾ തമ്മിലുള്ള അകലം, പൊതുജനങ്ങൾക്ക് ഓഫീസിലേയ്ക്ക് എത്താനുള്ള യാത്രാ ക്ലേശം , ഓഫീസിന്റെ പരിധിയിൽ വരുന്ന വില്ലേജുകളുടെ എണ്ണം, പ്രദേശത്തിന്റെ ജനസാന്ദ്രത, ഭരണപരമായ സൗകര്യം തുടങ്ങിയ കാര്യങ്ങൾ പുതിയ ഓഫീസ് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങളായി പരിഗണിക്കപ്പെടുന്നു.

(സി) ബദിയടുക്ക, കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന മഞ്ചേശ്വരം താലൂക്കിലെ വില്ലേജുകൾ ഉൾപ്പെടുത്തി കുമ്പളയിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

## എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട വാടക

302 (2032) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന് നിലവിൽ വാടക ഇനത്തിൽ കുടിശ്ശികയുണ്ടോ?

ഉണ്ട് .

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

11-3-2012 മുതൽ വാടകമാറ്റി നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പിൽ നിന്നും റെന്റ് സർട്ടിഫിക്കറ്റ് ലഭിച്ചതിൻപ്രകാരം വാടക മാറ്റി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

303 (2033) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഇരുനിലകളിലായി വിഭാവനചെയ്ത മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ രണ്ടുനിലകളും വാർ<u>ത്തു</u>കഴിഞ്ഞു. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ അലംഭാവം കാണിച്ചതിനാൽ മേൽ പ്രവർത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ ഒഴിവാക്കിയതിനെ<u>ത്തു</u>ടർന്ന് ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം

304 (2034) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കാൻ രജിസ്ട്രേഷൻ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇല്ല; കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിനുള്ള എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ

സമിതിയുടെ 28-1-2019-ലെ യോഗതീരുമാനത്തിന്റെയടിസ്ഥാനത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് സ്വീകരിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത ഓഫീസിന് വർഷത്തിൽ വാടകയിനത്തിൽ എത്ര രൂപ നൽകിവരുന്നെന്ന് വ്യക്തമാക്കാമോ?

10-3-2015 വരെ 75,228(എഴുപത്തയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തെട്ട്) രൂപ വാർഷിക വാടകയാണ് നൽകിയിരുന്നത്. അതിന് ശേഷമുള്ള വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോഴിക്കോട് ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ എത്ര ഓഫീസുകളാണ് വാടക കെട്ടിടത്തിൽപ്രവർത്തിച്ച് വരുന്നത്; വിശദമാക്കുമോ?

9 സബ് രജിസ്ട്രാർ ഓഫീസുകൾ സ്ഥിരമായും, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മാണം നടക്കുന്നതിനാൽ 6 സബ് രജിസ്ട്രാർ ഓഫീസുകൾ താൽക്കാലികമായും വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

സ്ഥിരമായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ:

1. ചാലപ്പുറം

2. ബാലുശ്ശേരി

3. ചേമഞ്ചേരി

4. എടച്ചേരി

5. കക്കട്ടിൽ

6. മീഞ്ചന്ത

7. മേപ്പയ്യൂർ

8. മാവൂർ

9. തിരുവമ്പാടി.

താൽക്കാലികമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ:

1. അഴിയൂർ

2. ചാത്തമംഗലം

3. ഫറോക്ക്

4. നാദാപുരം

5. വില്ല്യാപ്പള്ളി

6. വെസ്റ്റ് ഹിൽ.

**ആലപ്പുഴയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ**

305 (2035) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ആലപ്പുഴ ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഒഴിവുകളില്ല.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(നക്ഷത്രചിഹ്നമിടാത്ത 1738, 1791, 1795, 1805, 1806, 1818, 1842 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

10.00 AM]

## II അടിയന്തരപ്രമേയം

### നിയമസഭയിൽ നടന്ന പ്രതിഷേധങ്ങളെ സംബന്ധിച്ച കേസ്

മി. സ്പീക്കർ: 2015 മാർച്ച് 13-ാം തീയതി നിയമസഭയിലുണ്ടായ സംഭവങ്ങളെ സംബന്ധിച്ച കേസ്സിൽ സർക്കാരിന്റെ അപ്പീൽ തള്ളുകയും മന്ത്രിസഭയിലെ ഒരു മന്ത്രിയടക്കമുള്ള കുറ്റാരോപിതർ വിചാരണ നേരിടണമെന്നുമുള്ള സുപ്രീംകോടതിയുടെ വിധിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുന്നിലുണ്ടായിരുന്ന അപ്പീൽ ഇന്നലെ തള്ളിയെന്നത് വസ്തുതയാണ്. രാജ്യത്തെ പരമോന്നത കോടതിയായ സുപ്രീംകോടതിയുടെ വിധി അംഗീകരിക്കാൻ നാമെല്ലാവരും ബാദ്ധ്യസ്ഥരാണ്. ആ നിലയ്ക്കുള്ള സമീപനമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചുപോകുന്നത്. നിയമസഭയിൽ നടന്ന സംഭവത്തിന്റെ പേരിലുണ്ടായ കേസ് പിൻവലിക്കാനുള്ള അവകാശം സംസ്ഥാന സർക്കാരിനുണ്ടോയെന്ന പ്രശ്നമാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. പതിമൂന്നാം കേരള നിയമസഭയിൽ, 2015 മാർച്ച് 13-ന് നടന്ന ചില പ്രതിഷേധങ്ങളെയും മറ്റുസംഭവങ്ങളെയും ആസ്പദമാക്കി മ്യൂസിയം പോലീസ് ക്രൈം നമ്പർ 236/2015 -ആയി കേസ് രജിസ്റ്റർ ചെയ്തു. ഇന്ത്യൻ പീനൽകോഡിലെ 447, 427, 34 വകുപ്പുകൾ പ്രകാരവും പൊതുമുതൽ നശീകരണംതടയൽ നിയമത്തിലെ 3(1) വകുപ്പുപ്രകാരവുമാണ് കേസ്സെടുത്തിരുന്നത്. ഇതുസംബന്ധിച്ച് 19-4-2017-ൽ സർക്കാരിന് ലഭിച്ച അപേക്ഷയുടെയടിസ്ഥാനത്തിൽ പരിശോധനകൾ നടന്നു. 9-2-2018-ൽ പ്രസ്തുത കേസ് പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന് തിരുവനന്തപുരം ജില്ലാകളക്ടറെ അറിയിച്ചതിനെത്തുടർന്ന് 2018 ജൂലൈ 21-ന് പബ്ലിക് പ്രോസിക്യൂട്ടർ ക്രിമിനൽനടപടി ചട്ടം 321 പ്രകാരം കേസ് പിൻവലിക്കാൻ അപേക്ഷ നൽകുകയും ചെയ്തു. പ്രോസിക്യൂഷന്റെ നിർദ്ദേശത്തെ വിചാരണക്കോടതി അംഗീകരിച്ചില്ല. ഇതിനെതിരെ ഹൈക്കോടതിയിലും തുടർന്ന് സുപ്രീംകോടതിയിലും കേസ് ഫയൽ ചെയ്തു. ഹൈക്കോടതി കേസ് പിൻവലിക്കാൻ അനുമതി നൽകിയില്ലെങ്കിലും പ്രോസിക്യൂട്ടറുടെ നടപടിയിൽ യാതൊരു അസ്വാഭാവികതയും കണ്ടിരുന്നില്ല. ഇവിടെ ഉയർന്നുവന്നത് കേസ് പിൻവലിക്കലിനെ സംബന്ധിച്ചുള്ള നിയമപ്രശ്നമാണ്. ഫയൽ ചെയ്ത കേസ്സിലെ

വിചാരണയോ വിധിയോ അടിസ്ഥാനപ്പെടുത്തിയുള്ള സുപ്രീംകോടതി നിർദ്ദേശമല്ല. കേസ് പിൻവലിക്കൽ കോടതിയുടെ തെളിവുകൾ കണക്കിലെടുത്തുള്ള വിധിയായി പരിഗണിക്കാൻ സാധിക്കില്ലെന്ന് ചൂണ്ടിക്കാട്ടുന്ന സുപ്രീംകോടതിയുടെ വിധിന്യായങ്ങൾ നിലവിലുണ്ട്. കേസ് പിൻവലിക്കാനുള്ള അപേക്ഷ സമർപ്പിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർക്ക് എല്ലാ അവകാശവുമുണ്ട്. ഇക്കാര്യത്തിൽ അനുമതി നൽകുമ്പോൾ കോടതി മേൽനോട്ടച്ചുമതലയാണ് വഹിക്കുന്നതെന്നും സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുണ്ട്. സുപ്രധാന വിധിന്യായങ്ങളായ 'Rajendra Kumar Jain Vs. State through Special Police Establishment & Ors. 1980 AIR SC 1510' എന്ന കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ജോർജ്ജ് ഫെർണാണ്ടസിനും കൂട്ടർക്കുമെതിരെ രജിസ്റ്റർ ചെയ്ത കേസ് പിൻവലിച്ചതിനെതിരെ ഫയൽ ചെയ്ത ഹർജിയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കി:

- The Public Prosecutor is an officer of the court and responsible to the Court.
- The court performs a supervisory function in granting its consent to the withdrawal.
- The court's duty is not to reappreciate the grounds which led the Public Prosecutor to request withdrawal from the prosecution but to consider whether the Public Prosecutor applied his mind as a free agent, uninfluenced by irrelevant and extraneous consideration.

ഇത് വ്യക്തമാക്കുന്നത് കേസ് പിൻവലിക്കാൻ സർക്കാർ സ്വീകരിച്ച നടപടി ഒരുതരത്തിലും നിയമവിരുദ്ധമാകുന്നില്ലെന്നാണ്. അതിനാൽ സർക്കാർ നടപടിയെ അസാധാരണമായോ നിയമവിരുദ്ധമായോ കാണേണ്ടതില്ല. എന്തടിസ്ഥാനത്തിലാണ് ഒരു കേസ് പിൻവലിക്കുന്നത്. ഇതിന്റെ പ്രധാനകാരണം പൊതുതാല്പര്യമാണ് (general public interest). ഒരു കാലഘട്ടത്തിൽ ചില പ്രശ്നങ്ങളാൽ പ്രക്ഷുബ്ധമായ അന്തരീക്ഷമുണ്ടായപ്പോൾ നടന്ന ചില സംഭവങ്ങൾ ആസ്പദമാക്കിയെടുക്കുന്ന കേസ്സുകൾ പൊതുതാല്പര്യം മുൻനിർത്തി പിൻവലിക്കുന്നതിന് അപേക്ഷ നൽകാൻ പബ്ലിക് പ്രോസിക്യൂട്ടർക്ക് എല്ലാ അവകാശങ്ങളുമുണ്ട്. കേസ്സിലെ തെളിവുകളോ മറ്റുവിഷയങ്ങളോ കേസ് പിൻവലിക്കാൻ നൽകുന്ന അപേക്ഷയ്ക്ക് അടിസ്ഥാനമാകണമെന്നില്ല. സംസ്ഥാനത്തെ അല്ലെങ്കിൽ രാജ്യത്തെ രാഷ്ട്രീയ-സാമൂഹ്യ അന്തരീക്ഷം പ്രക്ഷുബ്ദ്ധമല്ലാതാകുമ്പോൾ പഴയ സംഭവങ്ങളെ

ആസ്പദമാക്കിയെടുത്ത കേസ്സുകൾ മുന്നോട്ടുകൊണ്ടുപോകേണ്ടതില്ലെന്ന തീരുമാനം നിയമപരമായി തെറ്റല്ല. ഇത്തരമൊരു അപേക്ഷ പബ്ലിക് പ്രോസിക്യൂട്ടർ നൽകിയത് ദുരുദ്ദേശ്യപരമല്ലെന്നും മറ്റുകാരണങ്ങൾകൊണ്ടല്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിൽ മുമ്പ് പറഞ്ഞിട്ടുണ്ട്. ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ, ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകളുണ്ടായെന്ന് പറയാൻ കഴിയുന്നതല്ല. എന്നാൽ ഇതിന്റെ തുടർനടപടികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തുടർന്നു പോകുകയാണ് ചെയ്യുന്നത്. സുപ്രീംകോടതി വിധി അനുസരിക്കാൻ നാമെല്ലാവരും ബാദ്ധ്യസ്ഥരാണ്. അതിനാൽ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു വിഷയമേയല്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരള നിയമസഭയുടെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായ നിയമസഭ കയ്യാങ്കളി കേസിൽ പൊതുവിദ്യാഭ്യാസ മന്ത്രിയടക്കം വിചാരണ നേരിടണമെന്ന കേരള ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ നൽകിയ അപ്പീൽ തള്ളുകയും പൊതുവിദ്യാഭ്യാസ മന്ത്രിയടക്കം വിചാരണ നേരിടണമെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലുണ്ടായ അതീവഗുരുതരമായ സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. മുഖ്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ ഞങ്ങളാണോ പ്രതികളെന്നും കോടതിയിൽ പോകേണ്ടത് ഞങ്ങളാണോയെന്നും സംശയിച്ചു പോയി. കേരളത്തിലെ ഇന്നത്തെ പ്രമുഖ പത്രങ്ങളുടെ തലക്കെട്ടുകളായി കാണുന്നത് കയ്യാങ്കളിക്ക് തിരിച്ചടി, ചോദിച്ചുവാങ്ങി, കളി കാര്യമായി, കയ്യാങ്കളിയിൽ കൈപൊള്ളി, പുറത്തുപോകൂ, വിചാരണ നേരിടണം, കയ്യാങ്കളിക്ക് കരണത്തടി, സഭാ കയ്യാങ്കളി മാപ്പില്ലാകുറ്റം, 'SC deals Kerala government a blow in ruckus case; No Immunity for acts of vandalism..... Supreme court,' എന്നിങ്ങനെയുള്ള തലക്കെട്ടിലാണ് പത്രങ്ങളിൽ വന്നിട്ടുള്ളത്. ഇത് എന്താണ് സൂചിപ്പിക്കുന്നത്? ഈ സംഭവം സഭയ്ക്കാകെ അപമാനമുണ്ടാക്കിയതാണ്. 2015 മാർച്ച് 13 കേരള നിയമസഭയുടെ ചരിത്രത്തിലെ കറുത്ത ദിനമായിരുന്നു. ദൈവത്തിന്റെ സ്വന്തംനാടെന്ന കേരളത്തിന്റെ യശസ്സ് ലോകജനതയുടെ മുമ്പിൽ സി.പി.ഐ.(എം.) നേതൃത്വം നൽകുന്ന ഇടതുമുന്നണി കളങ്കപ്പെടുത്തിയ കറുത്ത വെള്ളിയാഴ്ച, കേരള നിയമസഭയ്ക്ക് എക്കാലവും ഇതൊരു ദുഃഖവെള്ളിയാഴ്ചയായി മാറിയിരിക്കുകയാണ്. അഴിമതിക്കാരനായ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല. ഇതാണ് നിയമസഭാ കയ്യാങ്കളിക്കാധാരമായ സംഭവത്തിന്റെ രത്നച്ചുരുക്കം. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാതിരിക്കുന്നതിനുവേണ്ടി സി.പി.ഐ.(എം.) എല്ലാവഴികളും ബ്ലോക്ക് ചെയ്ത് പ്രകോപനം സൃഷ്ടിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പിൽ വനിതാസാമാജികരെ നിരത്തി തടസ്സപ്പെടുത്താൻ നോക്കി. അന്നത്തെ ഗവൺമെന്റിന്

ബുദ്ധിയുണ്ടായിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കറിൽനിന്നും നേരത്തെ അനുമതി വാങ്ങി സി. എൻ. ബാലകൃഷ്ണന്റെ സീറ്റിലേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെ സീറ്റ് മാറ്റി. ഈ വിവരം അവർ അറിഞ്ഞില്ല. അങ്ങനെ കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചു. കെ.എം.മാണിയെ സംബന്ധിച്ച് അന്നൊരു സുപ്രധാന ദിനംകൂടിയായിരുന്നു. അദ്ദേഹത്തിന്റെ പതിമൂന്നാമത്തെ ബഡ്ജറ്റും അന്ന് പതിമൂന്നാം തീയതിയും പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സെഷനുമായിരുന്നു. അങ്ങനെ നാല് പതിമൂന്നുകളുടെ സംഗമ സ്ഥാനത്താണ് സി.പി.ഐ.(എം.) പ്രശ്നമുണ്ടാക്കിയത്. ഇക്കാര്യത്തിൽ ഹൈക്കോടതി മുതൽ സുപ്രീംകോടതി വരെയുള്ള വിധിയിൽ ഏറ്റവും സന്തോഷിക്കുന്നത് കെ. എം. മാണി സാറിന്റെ ആത്മാവായിരിക്കും. കലിതുള്ളി സമനില തെറ്റിയ പ്രതിപക്ഷത്തെ ഒരുപറ്റം എം.എൽ.എ.-മാർ സ്പീക്കറുടെ ചേംബറിലേയ്ക്ക് ഇരച്ചുകയറി കണ്ണിൽ കണ്ടതെല്ലാം തകർത്ത്, ആന കരിമ്പിൻകാട്ടിൽ കയറിയതുപോലെ ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി അടക്കം നടത്തിയ അഴിഞ്ഞാടൽ ലോകം മുഴുവൻ കണ്ടു. ഇപ്പോൾ ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെയല്ല ശ്രീ. വി. ശിവൻകുട്ടി നിയമസഭയിൽ കയറിയതുപോലെയെന്നാണ് ലോകമെമ്പാടും പറയുന്നത്. സ്പീക്കറുടെ കസേരയെടുത്തെറിഞ്ഞ് തകർത്തു. മൈക്ക് സെറ്റ്, എമർജൻസി ലാമ്പുകൾ, കമ്പ്യൂട്ടറുകൾ, മോണിറ്ററുകൾ, കസേരകൾ, മേശകൾ തുടങ്ങിയ കണ്ണിൽ കണ്ടതെല്ലാം തകർത്തു മുന്നേറിയ സംഘത്തിന്റെ പ്രവർത്തനം ക്രിമിനലുകൾക്കുപോലും ലജ്ജ തോന്നുന്നതായിരുന്നു. ശ്രീ. വി. ശിവൻകുട്ടി, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ഇ. പി. ജയരാജൻ, ഡോ. കെ. ടി. ജലീൽ, വൈക്കം എം.എൽ.എ. ശ്രീ. കെ. അജിത്, ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ, ബഹുമാനപ്പെട്ട മുൻസ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അടക്കം നിരവധി പ്രതിപക്ഷ എം.എൽ.എ.-മാർ അക്ഷരാർത്ഥത്തിൽ അഴിഞ്ഞാടുകയായിരുന്നു. നിരവധിപേർക്ക് പരിക്ക് പറ്റുകയും ചെയ്തു. പത്തനതിട്ട എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായരെ വനിതാ അംഗം ബഹുമാന്യയായ ജമീലാ പ്രകാശം കടിക്കുന്ന രംഗംപോലും പുറത്തുവന്നു. സി.പി.എം. നേതൃത്വം നൽകിയ ആക്രമണത്തിൽ നിയമസഭയ്ക്കുണ്ടായ പൊതുനഷ്ടം പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയത് 2,20,093 രൂപയാണ്. ഇതിൽ കുഞ്ചൻ നമ്പ്യാർ പറഞ്ഞിട്ടുള്ള ഒരു കാര്യം, 'അടിച്ച് പൊളിക്കടാ',

"ഉരുളികൾ കിണ്ടികളൊക്കെയുടച്ചു,

ഉരലുവലിച്ചു കിണറ്റിൽ മറിച്ചു;

ചിരവയെടുത്തഥ തീയിലെരിച്ചു,

അരകല്ലങ്ങു കുളത്തിലെറിഞ്ഞു;

അതുകൊണ്ടരിശം തീരാഞ്ഞവനാ

പുരയുടെ ചുറ്റും മണ്ടി നടന്നു."

ഇതായിരുന്നു നിയമസഭയിൽ അരങ്ങേറിയ ചിത്രം. ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ മാതൃകാ പുരുഷനാകാൻ കഴിയുമോ; കേരളത്തിലെ പതിനായിരക്കണക്കിന് അദ്ധ്യാപകർക്ക് നേതൃത്വം കൊടുക്കാൻ കഴിയുമോ; ഒരു ചൊല്ലുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാമല്ലോ; "ആശാനക്ഷരമൊന്ന് പിഴച്ചാൽ അമ്പത്തൊന്ന് പിഴയ്ക്കും ശിഷ്യന്" എന്ന ചൊല്ല് ശ്രീ. വി. ശിവൻകുട്ടിയെക്കുറിച്ച് പണ്ടേ എഴുതിയതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഉത്തരമലബാറിൽ മറ്റൊരു ചൊല്ലുണ്ട്, "ഗുരുക്കൾ നിന്നു പാത്തിയാൽ ശിക്ഷ്യൻമാർ നടന്നു പാത്തും" ഈ ചൊല്ലും അങ്ങയുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി യാഥാർത്ഥ്യമാക്കി. മുണ്ടു മടക്കി കുത്തി, കഠാരി ഊരി പിടിച്ച്, 'അനുഭവങ്ങൾ പാളിച്ചകൾ' എന്ന സിനിമയിലെ സത്യൻ വരുന്നതുപോലെ ശ്രീ. വി. ശിവൻകുട്ടിയുടെ വരവുണ്ട്. അങ്ങനെ ഉറഞ്ഞുതുള്ളിയ രംഗം വിക്ടേഴ്സ് ചാനലിൽ പ്രദർശിപ്പിക്കാമെങ്കിൽ കുട്ടികൾക്ക് കാണാൻ സാധിക്കും. ശിവൻകുട്ടി മാമൻ വരുന്നുവെന്ന് പറഞ്ഞ് നമ്മുടെ കുഞ്ഞുങ്ങൾ മാതൃകാ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കണ്ട് കോരിത്തരിച്ച് ഭാവി ശാശ്വതമാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചില്ലെങ്കിൽ ശ്രീ. വി. ശിവൻകുട്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലെ എല്ലാ കോഴ്സുകളുടെയും അംഗീകാരം വിദേശ സർവ്വകലാശാലയിലും കേരളത്തിന് വെളിയിലുള്ള സർവ്വകലാശാലയിലും നിരസിക്കാനുള്ള സാധ്യത ഞാൻ തള്ളിക്കളയുന്നില്ല. ശ്രീ. പി. ഡി. ശാരംഗധരൻ ജ്യുഡീഷ്യൽ സർവ്വീസിൽ ഏറെ നാൾ പ്രവർത്തിച്ച് പരിചയമുള്ള നിയമസഭാ സെക്രട്ടറിയായിരുന്നു. മ്യൂസിയം പോലീസിൽ അദ്ദേഹം നൽകിയ പരാതിയെത്തുടർന്ന് സെക്ഷൻ 447 കുറ്റകരമായ കടന്നുകയറ്റം, 427 നാശനഷ്ടമുണ്ടാക്കുക, IPC 34 ഉദ്ദേശ്യ കാര്യത്തിനായി കുറ്റകരമായി സംഘം ചേരുക, പൊതുമുതൽ നശിപ്പിക്കലിന്റെ സെക്ഷൻ 3, സബ് സെക്ഷൻ 1 എന്നീ വകുപ്പുകൾ പ്രകാരം ശ്രീ. വി. ശിവൻകുട്ടി, ശ്രീ. കെ. അജിത്, ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. സി. കെ. സദാശിവൻ, ഡോ. കെ. ടി. ജലീൽ എന്നിവരെ യഥാക്രമം ഒന്നു മുതൽ ആറ് വരെ പ്രതികളാക്കി മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ജ്യുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് മുൻപാകെ കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് പിണറായി സർക്കാർ കോടതിയെ സമീപിച്ചു. അത് മുഖ്യമന്ത്രി പറഞ്ഞു. കോടതി നിരുപാധികം ഈ ആവശ്യം 22-10-2020-ൽ തള്ളി. കീഴ്ക്കോടതിയിൽനിന്നും കനത്ത പ്രഹരമേറ്റുവാങ്ങിയ കേരള സർക്കാർ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതിയിൽ ചെന്നപ്പോൾ പ്രോസിക്യൂട്ടറുടെ നടപടിയെ ന്യായീകരിച്ചുവെന്നാണ് ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്. 'Operation is success but patient died.' നിശിതമായി വിമർശിച്ചതിനെത്തുടർന്ന് ഹൈക്കോടതി 12-3-2020-ൽ ഈ ആവശ്യവും തള്ളി. ഇതിനെതിരെ രാജ്യത്തെ പരമോന്നത കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചു. സർക്കാരിന് കീഴ്ക്കോടതിയിലുണ്ടായതിനേക്കാൾ നിശിതമായ വിമർശനം ഏറ്റെടുക്കേണ്ടി

വന്നു. നിയമത്തിന് മുന്നിൽ കീഴടങ്ങണമെന്ന് പറഞ്ഞു. ഈ കേസിൽ അഞ്ചാം പ്രതിയായ ശ്രീ. വി. ശിവൻകുട്ടി ഇന്ന് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. പൊതുമുതൽ നശിപ്പിക്കാൻ നേതൃത്വം നൽകിയ മന്ത്രിക്ക് എങ്ങനെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയും; എങ്ങനെ കുട്ടികൾക്ക് മാതൃകാപരമായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാകാൻ കഴിയും? അതിനാൽ, ഒരു നിമിഷം വൈകാതെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പിടിച്ച് പുറത്താക്കാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം. അങ്ങ് കാണിക്കുന്നില്ലെങ്കിൽ ശ്രീ. വി. ശിവൻകുട്ടിയെക്കാൾ വലിയൊരു കുറ്റവാളിയായി ചരിത്രത്തിൽ അങ്ങയെ രേഖപ്പെടുത്തുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സത്യപ്രതിജ്ഞാലംഘനം നടത്തിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഒരു നിമിഷം പോലും ഈ പദവിയിൽ ഇരിക്കാൻ അനുവദിക്കരുത്. ജ്യുഡീഷ്യൽ സർവ്വീസിൽ ഏറെ നാളത്തെ പ്രവൃത്തി പരിചയമുള്ള നിയമസഭാ സെക്രട്ടറിയുടെ പരാതിയെത്തുടർന്നുള്ള കേസാണ്. ഞങ്ങളാരും കൊടുത്തതല്ല. സഭയിൽ 1-12-2014-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണനും 10-3-2014-ൽ ശ്രീ. എസ്. ശർമ്മയും 12-3-2015-ൽ ശ്രീ. പി. തിലോത്തമനും ബാർ കോഴ സംബന്ധിച്ച അടിയന്തരപ്രമേയം അവതരിപ്പിച്ചു. പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ് അച്ചുതാനന്ദൻ അടിയന്തരപ്രമേയത്തിലിടപെട്ട് നൽകിയ മുന്നറിയിപ്പ് "മാണി കെടാത്ത തീയും ചാകാത്ത പുഴുക്കളും നിറഞ്ഞ നരകത്തിൽ അകപ്പെടാനിടയുണ്ട്, തനിക്കത് ഓർക്കാൻ പോലും കഴിയില്ല" എന്നാണ്. മന്ത്രിയായിരുന്ന പ്രിയപ്പെട്ട കെ. എം. മാണി സാറിന്റെ ഭാര്യ കുട്ടിയമ്മ ചേട്ടത്തിയെപ്പോലും ഈ വിഷയത്തിലേയ്ക്ക് വലിച്ചിഴച്ചു. കുട്ടിയമ്മ ചേട്ടത്തിക്ക് നോട്ട് എണ്ണുന്ന ആധുനിക യന്ത്രമുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ പറഞ്ഞത്. അഴിമതിക്കാരനായ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെയുള്ള സമരമായതിനാൽ ഇത് ന്യായീകരിക്കാനുള്ള അവകാശമുണ്ടെന്നാണ് സുപ്രീം കോടതി കേസ് പരിഗണിക്കവെ പിണറായി സർക്കാരിന്റെ അഭിഭാഷകൻ ആദ്യം പറഞ്ഞത്. കെ. എം. മാണിസാറിന്റെ മകൻ കണ്ണുരുട്ടിയ ഉടനെ ശ്രീ. പിണറായി വിജയൻ നയം മാറ്റി.

<u>മി. സ്പീക്കർ:</u> അങ്ങനെ അനിയന്ത്രിതമായി സമയം അനുവദിക്കാൻ കഴിയില്ല. അങ്ങ് വാക്കുകൾ ചുരുക്കണം. എല്ലാവരും സമയപരിധിക്കകത്താണ് സംസാരിക്കുന്നത്. പത്ത് മിനിട്ട് അങ്ങേയ്ക്ക് തുടർച്ചയായി സമയം ലഭിച്ചു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, അഞ്ച് മിനിട്ട് ആവശ്യമാണ്. കെ. എം. മാണിയുടെ പ്രിയപുത്രന്റെ പാർട്ടിയുൾപ്പെട്ട സർക്കാർ സുപ്രീംകോടതിയിൽ സ്വന്തം പിതാവിനെ അഴിമതിക്കാരനെന്ന് ഔദ്യോഗികമായി അഭിഭാഷകൻ പറയുമ്പോൾ, നാണംകെട്ട് മന്ത്രിസഭയിൽ തുടരുന്ന ഗതികേടുണ്ടായില്ലേ; കെ. എം. മാണി ബഡ്ജറ്റ് തുക്കിവിറ്റെന്നും വീട്ടിൽ നോട്ടെണ്ണുന്ന യന്ത്രമുണ്ടെന്നും പറഞ്ഞത് ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ; 'കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും

പറ്റില്ല' എന്നതാണ് അതിനർത്ഥം. യു. ഡി. എഫ്. കാലത്ത് ചീഫ് വിപ്പായിരുന്ന ശ്രീ. പി. സി. ജോർജ് ഒരു കാര്യം പറഞ്ഞു; 'ബഹുമാനപ്പെട്ട ഇപ്പോഴത്തെ മുഖ്യമന്ത്രിയെയും ശ്രീ. കോടിയേരി ബാലകൃഷ്ണനെയും ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനെപ്പറ്റി ഒരു ഒത്തുതീർപ്പുണ്ടാക്കാൻവേണ്ടി കണ്ടു, അപ്പോൾ ശ്രീ. ഉമ്മൻചാണ്ടി ബഡ്ജറ്റ് അവതരിപ്പിച്ചോട്ടെ എന്ന് പറഞ്ഞുവെന്ന്'. ഇന്നിപ്പോൾ നിങ്ങൾ സുപ്രീം കോടതിയിൽ കൊടുത്തിരിക്കുന്നത് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെയാണ് അല്ലെങ്കിൽ യു. ഡി. എഫ്.-ന് എതിരെയാണെന്നുള്ളത് ശരിയാണോ; ഞാൻ കെ. എം. മാണിയുടെ പാർട്ടിക്കാരോട് ചോദിക്കുന്നു. കെ. എം. മാണിസാറടക്കം കൊടുത്ത കേസിനെയാണോ നിങ്ങളുൾക്കൊള്ളുന്നത്, അതോ ഇപ്പോഴത്തെ സുപ്രീം കോടതിയിൽ പിൻവലിക്കണമെന്ന നിലപാടിനെയാണോ? ഏതാണെന്ന് ഞങ്ങൾക്കറിയാൻ താല്പര്യമുണ്ട്. മാണിക്കെതിരെയല്ല, യു.ഡി.എഫ്.-നെതിരെയാണ് സമരമെന്ന് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതുപോകട്ടെ, അണികളെയെങ്കിലും ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല കേസ് എടുത്തതാണ് കുറ്റമെന്ന് പറയുന്നു. നീതിയുക്തമായ ഗവൺമെന്റാണ് യു.ഡി.എഫ്. എന്നതിന് തെളിവല്ലേ ശ്രീ. രമേശ് ചെന്നിത്തല കേസെടുത്തത്? നിങ്ങളുടെ മരംമുറി മന്ത്രിമാരുണ്ടല്ലോ; അവർക്കെതിരെ നിങ്ങൾ കേസെടുത്തോ; ഞങ്ങൾ കേസെടുത്തതുകൊണ്ടല്ലേ മാണിസാർ അഗ്നിശുദ്ധിവരുത്തി വന്നത്. അപ്പോൾ എന്തുണ്ടായി? മന്ത്രിസഭയിലെ പ്രമുഖനായ മന്ത്രിയായിരുന്നിട്ടും ഞങ്ങൾ കേസെടുത്തു. "മാണിമകനെ" തൃപ്തിപ്പെടുത്തുവാൻ സർക്കാർ അഭിഭാഷകനെക്കൊണ്ട് നേരിട്ടുപറഞ്ഞു; തള്ളിപ്പറഞ്ഞു. 'സർവ്വ രാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ' എന്ന മുദ്രാവാക്യം നിങ്ങൾ മാറ്റി അദ്ധ്വാനവർഗ്ഗത്തിന്റെ സിദ്ധാന്തമേറ്റെടുത്ത മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കത്തോലിക്കാ സഭയാണ് വിശുദ്ധന്മാരെ പ്രഖ്യാപിക്കുന്നത്. സി.പി.ഐ.(എം.)-ന് അധികാരം കൊടുത്താൽ കെ. എം. മാണിയെ വിശുദ്ധനായി പ്രഖ്യാപിക്കാനും നിങ്ങളിപ്പോൾ മടിക്കില്ല. അദ്ദേഹം ജീവിച്ചിരുന്ന കാലം മുഴുവൻ കേരളം കണികണ്ട കള്ളനാണെന്ന് നിങ്ങൾ പറഞ്ഞു.

മി. സ്പീക്കർ: ഇനി അവസാനിപ്പിക്കണം. ഇനി അവസാനിപ്പിക്കണം...

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സുപ്രീം കോടതിയിൽ കേരള ഗവൺമെന്റ് ഒരു കാര്യം പറഞ്ഞു. എന്താണെന്ന് അറിയാമോ?

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കാമെന്ന വാഗ്ദാനം മാത്രമേ നൽകുന്നുള്ളൂ.... അവസാനിപ്പിക്കുന്നില്ല.......

ശ്രീ. പി. ടി. തോമസ്: സർ, ഇത് പറഞ്ഞ് അവസാനിപ്പിക്കാം. സുപ്രീം കോടതിയിൽ ഒരു കാര്യം പറഞ്ഞു. നിയമസഭാ കയ്യാങ്കളി വീഡിയോയിൽ

പകർത്തിയത് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയില്ലാതെയാണ്. ഇത് ഒരു ഗുരുതരമായ കുറ്റമാണ്. പണ്ട് മാതാപിതാക്കളെ ഒരാൾ കൊന്നു.

മി. സ്പീക്കർ: കഥ പറയുകയാണോ? അടിയന്തര പ്രമേയം നമുക്ക് അടിയന്തരമായിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനാണ്.

ശ്രീ. പി. ടി. തോമസ്: സർ, അപ്പോൾ തൂക്കിക്കൊല്ലാൻ വിധിച്ചു. അന്തിമ അഭിലാഷം വല്ലതുമുണ്ടോ എന്ന് ചോദിച്ചപ്പോൾ എനിക്ക് അപ്പനും അമ്മയുമില്ലാത്തതിനാൽ രക്ഷിക്കണമെന്ന് പറഞ്ഞതുപോലെയാണ് ഇപ്പോഴും നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ തെറ്റായ നടപടികളുടെ പ്രതിരൂപമായി നിൽക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവച്ച് പുറത്തുപോകണം. ഇല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി...(മൈക്ക് ഓഫ്).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കത്തക്ക ഒരു പ്രശ്നമായിട്ടല്ല ഇതിനെ കാണേണ്ടത്. ഇത് നാം പൊതുവിൽ ഒരു വിഷയമായെടുത്ത് പരിശോധിക്കേണ്ട കാര്യമാണ്. നിയമസഭയിൽ നടന്ന ചില സംഭവങ്ങളുടെ പേരിൽ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ സഭാചട്ടങ്ങൾപ്രകാരം ചില അംഗങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിരുന്നു. നിയമസഭയുടെ നടത്തിപ്പിനായുള്ള ചട്ടങ്ങൾ രൂപീകരിക്കാനും നിയമസഭയുടെ അന്തസ്സിന് നിരക്കാത്ത രീതിയിൽ കാണുന്ന പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും ബഹുമാനപ്പെട്ട സ്പീക്കർക്ക് അധികാരമുണ്ട്. ഇതിനായുള്ള ചട്ടങ്ങൾ രൂപീകരിക്കാൻ നിയമസഭയ്ക്ക് ഭരണഘടനയുടെ അനുച്ഛേദം 208 പ്രകാരം അവകാശവും നൽകുന്നുണ്ട്. സഭയിലെ സംഘർഷവും കയ്യാങ്കളിയും ഇത്തരത്തിൽ നടപടിക്ക് വിധേയമായി പരിഹരിച്ചുപോകേണ്ട ഒന്നുതന്നെയാണ്. ഇവിടെ പ്രശ്നങ്ങൾ ഒരു ഭാഗത്ത് മാത്രമായിരുന്നു. ഏതായാലും സഭാചട്ടങ്ങൾക്കനുസരിച്ച് ചില എം.എൽ.എ.-മാർക്കെതിരെ നടപടിയെടുത്തു. എന്നിട്ട് ക്രിമിനൽ കേസിനകത്തേയ്ക്ക് കൊണ്ടുവരുന്ന ഒരു രീതിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ബഹുമാന്യനായ പ്രമേയാവതാരകൻ ഞങ്ങൾക്കല്ല അതിന്റെ ഉത്തരവാദിത്വം എന്നുപറഞ്ഞ് ഒഴിയുന്നതായികണ്ടു. അതേസമയം വനിതാ എം.എൽ.എ.-മാരുൾപ്പെടെയുള്ളവരുടെ പരാതി പോലീസിന് നൽകിയതുമില്ല. സഭയുടെ പൊതുവായ അന്തസ്സ് കാത്തുസൂക്ഷിച്ചില്ലെന്ന് മാത്രമല്ല ഏകപക്ഷീയമായ നടപടിക്രമമാണുണ്ടായത്. ഇത് പരിഹരിച്ച് സഭ യഥാവിധി മുന്നോട്ടുപോകുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചത്. ഭരണഘടനയുടെ അനുച്ഛേദം 105-ഉം 194-ഉം പാർലമെന്റിനും നിയമസഭകൾക്കും അതിലെ അംഗങ്ങൾക്കും ചില പ്രിവിലേജുകൾ നൽകിയിട്ടുണ്ട്. മറ്റ് ഇടപെടലുകൾ കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന നിയമ

നിർമ്മാണസഭകൾ അവയ്ക്കുള്ളിൽ നടക്കുന്ന ചില സംഭവങ്ങൾ ഭരണഘടനാനുസൃതമായി നിർമ്മിച്ചിട്ടുള്ള ചട്ടങ്ങൾവഴി പരിഹരിക്കുന്ന രീതിയാണ് പൊതുവെ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ പോലീസ് ഇടപെടലുകളും കോടതി വ്യവഹാരങ്ങളുണ്ടായാൽ അത് സഭയ്ക്കാകെ ഗുണകരമാണോയെന്ന് ഈ വ്യവഹാരങ്ങളെ പിന്തുണയ്ക്കുന്ന ബഹുമാനപ്പെട്ട സാമാജികർ ആലോചിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ വിവിധ നിയമസഭകളിൽ പ്രക്ഷുബ്ദ്ധമായ ഒട്ടേറെ രംഗങ്ങളുണ്ടായിട്ടുണ്ട്. അത്തരം ചില സംഭവങ്ങൾ ഈ ഘട്ടത്തിൽ ഓർക്കുന്നത് നല്ലതായിരിക്കും. ഓരോ സംഭവത്തിനും ഇടയാക്കിയ ഓരോ പ്രശ്നങ്ങളും കാണും. 1988 ജനുവരിയിൽ തമിഴ്നാട് നിയമസഭയിൽ നടന്ന വിശ്വാസവോട്ടെടുപ്പുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങൾ തമ്മിൽ അടിപിടിയുണ്ടായി. മൈക്കും സ്റ്റാൻഡും ചെരുപ്പുമൊക്കെ ഉപയോഗിച്ച് അംഗങ്ങൾ പരസ്പരം ആക്രമിച്ചു. കോൺഗ്രസ്, ഡി. എം. കെ., എ. ഡി. എം. കെ. അംഗങ്ങൾ തമ്മിലായിരുന്നു ആക്രമണം. ഒടുവിൽ പോലീസ് ലാത്തിചാർജ്ജ് നടത്തുന്ന തലത്തിലെത്തി. 1989 മാർച്ച് 25-ന് ബഡ്ജറ്റ് അവതരണവുമായി ബന്ധപ്പെട്ട് തമിഴ്നാട് നിയമസഭയിൽ ഡി.എം.കെ., എ.ഡി.എം.കെ. അംഗങ്ങൾ തമ്മിൽ അടിപിടിയുണ്ടാകുകയും കരുണാനിധിയും ജയലളിതയും ഉൾപ്പെടെയുള്ളവർ ആക്രമിക്കപ്പെടുകയുമുണ്ടായി. 1997 ഒക്ടോബർ 22-ന് ഉത്തർപ്രദേശിൽ നടന്ന വിശ്വാസവോട്ടെടുപ്പിൽ നിയമസഭയ്ക്കുള്ളിൽ വലിയ തോതിൽ അക്രമങ്ങളുണ്ടാവുകയും സ്പീക്കറുൾപ്പെടെ നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. കസേര, പലക, മൈക്ക്, മറ്റുപകരണങ്ങൾ എന്നിവയൊക്കെ ഉപയോഗിച്ച് അംഗങ്ങൾ പരസ്പരം ആക്രമിച്ചതിനെത്തുടർന്ന് ആംബുലൻസ് എത്തിയാണ് പലരെയും ആശുപത്രിയിലാക്കിയത്. കോൺഗ്രസ്, ബി.ജെ.പി., എസ്.പി., ബി.എസ്.പി., അംഗങ്ങൾ പരസ്പരം ആക്രമിച്ച ഈ സംഭവം ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിലെതന്നെ ഏറ്റവും വലിയ അക്രമമായിരിക്കും. 2007 സെപ്തംബർ 14-ന് ഡൽഹി നിയമസഭയിൽ ഒരു കോൺഗ്രസ് അംഗം ബി.ജെ.പി.-യുടെ ചീഫ് വിപ്പിനെ തല്ലി. 2009 ഡിസംബർ 10-ന് സത്യപ്രതിജ്ഞാവാചകം മറാഠിയിൽ ചൊല്ലാതെ ഹിന്ദിയിൽ ചൊല്ലിയെന്ന കാരണത്താലാണ് മഹാരാഷ്ട്രാ നിയമസഭയിലെ ഒരംഗം മറ്റൊരംഗത്തെ സഭയ്ക്കുള്ളിൽവച്ച് ആക്രമിച്ചത്. മഹാരാഷ്ട്ര നവനിർമ്മാൺ സേനാ അംഗം സമാജ്‌വാദി അംഗത്തെയാണ് മർദ്ദിച്ചത്. 2011 ഡിസംബറിൽ ഒഡീഷാ നിയമസഭാ സ്പീക്കർക്കുനേരെ ഒരു കോൺഗ്രസ് അംഗം കസേരയെറിഞ്ഞു. സ്പീക്കർ ബിജു ജനതാദൾ അംഗമായിരുന്നു. 2013-ൽ തമിഴ്നാട് നിയമസഭയിൽ ഡി.എം.ഡി.കെ.-യിൽപ്പെട്ട പ്രതിപക്ഷാംഗങ്ങൾ തമ്മിൽതല്ലി. റിബൽ അംഗമായ ഒരാൾ മുഖ്യമന്ത്രിയെ പ്രകീർത്തിച്ചതായിരുന്നു കാരണം. 2014-ൽ തെലങ്കാന രൂപീകരണബിൽ അവതരണ സമയത്ത് പാർലമെന്റിൽ കോൺഗ്രസ് നേതാവ് കുരുമുളക് സ്പ്രേ ഉപയോഗിച്ചു. 2017 മേയ് മാസത്തിൽ ഡൽഹി

നിയമസഭാംഗമായിരുന്ന ആം ആദ്മി പാർട്ടി (AAP) അംഗത്തെ മറ്റൊരു ആം ആദ്മി പാർട്ടി (AAP) അംഗം വലിച്ചിഴച്ച് സഭയിൽനിന്നും പുറത്താക്കി. 2019 ഡിസംബറിൽ മഹാരാഷ്ട്രാ നിയമസഭയിൽ ബി.ജെ.പി.- ശിവസേന അംഗങ്ങൾ തമ്മിൽ സംഘർഷമുണ്ടായി. 2021 മാർച്ച് 23-ന് ബീഹാറിലെ പ്രതിപക്ഷ എം.എൽ.എ.മാർ സ്പീക്കറെ ചേംബറിൽ തടഞ്ഞുവച്ചതിനെത്തുടർന്ന് പോലീസെത്തി അവരെ ബലമായി നീക്കം ചെയ്തുവെങ്കിലും ഉന്തിലും തള്ളിലുംപെട്ട് ഒരു ആർ.ജെ.ഡി. അംഗത്തിന് പരിക്കേറ്റു. സ്പീക്കർ ബി.ജെ.പി. അംഗമാണ്. 2021 ജൂലൈയിൽ മഹാരാഷ്ട്ര അസംബ്ലിയിൽ ബി.ജെ.പി. എം.എൽ.എ.-മാർ സ്പീക്കറുടെ ചേംബറിലെത്തി കയ്യാങ്കളി നടത്തി. സ്പീക്കർ എൻ.സി.പി. അംഗമായിരുന്നു. ഇതിൽ ശ്രദ്ധിക്കേണ്ടൊരുകാര്യം ബീഹാർ നിയമസഭയിൽ ലാത്തിച്ചാർജ് നടത്തിയ പോലീസുകാർക്കെതിരെയാണ് കേസെടുത്തത്. ഒരു എം.എൽ.എ.-യുടെ പേരിലും നിയമസഭയിലെ പ്രതിഷേധങ്ങളുടെ പേരിൽ ക്രിമിനൽ കേസ്സെടുക്കുന്ന രീതി പൊതുവെ രാജ്യത്തുണ്ടായിട്ടില്ല. ഇന്ത്യൻ നിയമസഭയുടെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത രീതി പിന്തുടരാനാണ് യു.ഡി.എഫ്. ശ്രമിച്ചതെന്ന് കാണാൻ സാധിക്കും. നിയമസഭയുടെ പ്രിവിലേജുമായി ബന്ധപ്പെട്ട സംവിധാനത്തെ നിലനിർത്താനാണ് സംസ്ഥാന സർക്കാർ പരിശ്രമിച്ചത്. ആർക്കെങ്കിലുമെതിരെ നിയമസഭയ്ക്കകത്തെ പ്രവർത്തനത്തിന്റെ പേരിൽ ഒരു കേസ് സർക്കാർ സ്വീകരിച്ചിട്ടില്ല. കാലാകാലങ്ങളിൽ പല പ്രശ്നങ്ങളുണ്ടാകും. അതിന്റെയടിസ്ഥാനത്തിൽ സമൂഹത്തിലും സ്ഥാപനങ്ങളിലും ചിലപ്പോൾ പാർലമെന്റിലും നിയമനിർമ്മാണ സഭകളിലും പ്രതിഷേധത്തിന്റെ അലകൾ ഉയരാറുണ്ട്. സമരങ്ങളും പ്രശ്നങ്ങളും അവസാനിക്കുമ്പോൾ സാധാരണ ഗതിയിൽത്തന്നെ അതിനോടനുബന്ധിച്ചുണ്ടായ കേസുകൾ പിൻവലിക്കാൻ സർക്കാർ പബ്ലിക് പ്രോസിക്യൂട്ടർക്ക് അനുമതി നൽകുന്നതും അവ പിൻവലിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർ കോടതിയുടെ അനുമതി തേടുന്നതും ഈ സംസ്ഥാനത്തിന്റെയോ രാജ്യത്തിന്റെയോ ചരിത്രത്തിൽ ആദ്യമല്ല. ഇതൊരു പുതിയ സംഭവമാണെന്ന് തോന്നുംവിധം പർവ്വതീകരിച്ച് ചിത്രീകരിക്കുന്നത് യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. നിയമസഭയെ സംബന്ധിച്ച് പൊതുവിൽ രാജ്യത്താകമാനം സ്വീകരിക്കുന്ന നയം കേരള നിയമസഭയ്ക്ക് ബാധകമാകേണ്ടതില്ലെന്ന നയം നമ്മുടെ അന്തസ്സ് തകർക്കാനേ ഇടവരുത്തുകയുള്ളൂവെന്നോർക്കണം. കേസ് പിൻവലിക്കലുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന കാര്യങ്ങൾ ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതാണ്. സംസ്ഥാന ഖജനാവിന് കോടികൾ നഷ്ടമുണ്ടാക്കിയ പാമോലിൻ കേസ് സ്വന്തം ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചുവെന്നാണ് അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ ചാണ്ടി പറഞ്ഞിരുന്നത്. ഇവിടെ അദ്ദേഹം പറഞ്ഞ വാചകം അതുപോലെതന്നെ പറയുകയാണ് 'അഴിമതിയുടെ പേരിൽ നിരപരാധികളെ കുരുക്കാൻ ശ്രമിച്ചാൽ അതിനൊരിക്കലും ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ല'. പാമോലിൻ കേസിലെ

പ്രതികളെപ്പറ്റിയാണ് അദ്ദേഹം നിരപരാധികളെന്ന് പറയുന്നത്. 'അതുകൊണ്ടാണ് രണ്ടുപ്രാവശ്യം ഈ കേസ് പിൻവലിച്ചത്. ഇതിൽ കെ. കരുണാകരൻ അടക്കം ഇങ്ങോട്ടുള്ളവരെല്ലാം നിരപരാധികളാണെന്ന് എനിക്കറിയാം. അത് എനിക്ക് പൂർണ ബോദ്ധ്യമുണ്ട്. എന്റെ ആ ബോദ്ധ്യമാണ് വിമർശനമുണ്ടായിട്ടും, കൂടുതൽ വിമർശനമുണ്ടാകുമെന്ന് അറിഞ്ഞിട്ടും, ശക്തമായ നടപടിയുമായി കേസ് പിൻവലിക്കാൻ തയ്യാറായത്.' ഇത് അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞകാര്യമാണ്. നാം ഓർക്കേണ്ടത് കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടം വരുത്തിയെന്ന് സി.&എ.ജി.-യും പി.എ.സി.-യും കണ്ടെത്തിയ കേസാണിത്. അതിനാലാണ് ആരെയും കുറ്റവിമുക്തരാക്കാൻ കഴിയില്ലെന്നും അതോടൊപ്പം കേസിന്റെ വിചാരണ തുടരട്ടെയെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിട്ടത്. ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ബഞ്ചാണ് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിനെതിരെ കടുത്ത വിമർശനം ഉയർത്തിയെന്നതും നാം മറന്നുപോകരുത്. നമ്മുടെ സംസ്ഥാനത്ത് കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ നടപടികൾ ഇതിനുമുമ്പുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം വിജിലൻസ് കേസുകളടക്കമുള്ളവ പിൻവലിച്ചുവെന്നുള്ളതാണ്. ചിലപ്പോൾ പ്രക്ഷോഭവുമായി ബന്ധപ്പെട്ട കേസുകളൊക്കെ ഞങ്ങൾ പിൻവലിച്ചിട്ടുണ്ടാകാം. എന്നാൽ 7-12-2015-ലെ അന്നത്തെ ആഭ്യന്തരം, വിജിലൻസ് വകുപ്പുകളുടെ മന്ത്രിയായ ശ്രീ. രമേശ് ചെന്നിത്തല അന്ന് നിയമസഭാംഗമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് നൽകിയ മറുപടി വളരെ പ്രധാനമാണ്- '5,600 ക്രൈം കേസുകളും 12 വിജിലൻസ് കേസുകളും പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നല്കിയെന്നുള്ളതാണ്.' അഴിമതി കേസുകൾപോലും പിൻവലിച്ചവരാണ് ഇപ്പോൾ പുതിയ ന്യായവാദവുമായി ഇറങ്ങുന്നത്. രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി എന്തും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ ഒരു ലീലാവിലാസമായി മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ. നേരത്തെയുള്ള കേസുകളുമായി ബന്ധപ്പെട്ട് ഒട്ടേറെ വിവരങ്ങൾ അന്ന് ചോദ്യത്തിനുള്ള ഉത്തരങ്ങൾ എന്നുള്ളനിലയ്ക്ക് ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല നൽകിയത് എന്റെ കയ്യിലുണ്ട്. ഞാൻ ഇപ്പോഴത് ആവർത്തിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പാർലമെന്ററി പ്രിവിലേജിന്റെ അതിര് ഏതുവരെയെന്ന സഭാ നടപടിക്രമം സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട സുപ്രീംകോടതി പരിശോധിച്ചിട്ടുണ്ട്. കോടതി ഏതെങ്കിലും വ്യക്തിയെ കുറ്റക്കാരനായി കണ്ടിട്ടില്ല. ആരുടെയും പേരെടുത്ത് പരാമർശിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ ഈ വിധത്തിലുള്ളൊരു അടിയന്തര പ്രമേയത്തിന് പ്രസക്തിയില്ല. നാം ഓർക്കേണ്ടൊരുകാര്യം, നേരത്തെ വിജിലൻസ് കോടതി പാമോലിൻ കേസ് മുൻനിർത്തി കേസെടുക്കാൻ നിർദ്ദേശിച്ചപ്പോൾ ആ ജഡ്ജിയെ ഗവൺമെന്റ് ചീഫ് വിപ്പ് തന്നെ അതിമ്ലേച്ഛമായ ഭാഷയിൽ

അധിക്ഷേപിച്ച കാര്യം ഈ സഭയും നാടിനും മറക്കാവുന്നതല്ല. കേവലമായൊരു വകുപ്പ് കൈമാറ്റംകൊണ്ട് പ്രശ്നം തീർക്കാൻ ശ്രമിച്ചവരാണ് ഇന്ന് കോടതിയുടെ പേരെടുത്തുള്ള പരാമർശം പോലുമില്ലാത്തൊരു കാര്യത്തിൽ രാജി ആവശ്യപ്പെട്ടുകൊണ്ടുവരുന്നത്. പാമോലിൻ കേസിൽ അന്ന് ബന്ധപ്പെട്ട വ്യക്തി വിജിലൻസ് വകുപ്പ് മറ്റൊരാൾക്ക് കൈമാറിക്കൊണ്ട് അധികാരത്തിൽ തുടരുകയായിരുന്നുവെന്ന് ഞാൻ പ്രത്യേകം അവരെ ഓർമ്മിപ്പിക്കേണ്ട കാര്യമില്ലല്ലോ; ഇവിടെ എല്ലാവർക്കും ഓർമ്മയുള്ള ഒരു കാര്യമാണല്ലോ? അതുകൊണ്ട് നിയമനിർമ്മാണസഭ ഒരു പരമാധികാരസഭയാണ്. അതിലെ നടപടിക്രമങ്ങളുടെ, ചട്ടങ്ങളുടെ കസ്റ്റോഡിയൻ ആത്യന്തികമായി നിയമസഭാ സ്പീക്കറാണ്. സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾ സഭയിൽ അവസാനിക്കണം. അതിനെ പുറത്തേയ്ക്ക് കൊണ്ടുപോയാൽ അത് സഭയുടെ പരമാധികാരത്തെതന്നെ ഇല്ലായ്മ ചെയ്യുന്ന പ്രവണതകളെയാകും ശക്തിപ്പെടുത്തുക. ഇവിടെ സഭയിലുണ്ടായ പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർ തീർപ്പുകൽപ്പിച്ച് നടപടിയുമെടുത്തതാണ്. ആ നടപടി നിലനിൽക്കെ സഭയിലെ കാര്യങ്ങളെ കേസ്സിലേയ്ക്ക് വലിച്ചിഴച്ചത് ജനാധിപത്യമൂല്യങ്ങൾക്ക് നിരക്കുന്നതല്ല. ഒരു കുറ്റത്തിന് രണ്ട് ശിക്ഷയെന്നത് നമ്മുടെ നിയമ സങ്കൽപ്പത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കുതന്നെ എതിരാണ്. സഭയിൽ ഇതുമായി ബന്ധപ്പെട്ട അംഗങ്ങളെ അന്നത്തെ സ്പീക്കർ സസ്പെൻഡ് ചെയ്തകാര്യം നാം ഓർക്കേണ്ടതാണ്. അതൊരു ശിക്ഷാ നടപടിയാണ്. സഭയിൽനിന്നുള്ള സസ്പെൻഷൻ സർക്കാർ സർവ്വീസിൽ നിന്നുള്ള സസ്പെൻഷൻ പോലെയല്ല. സഭയിൽ ഒരു ശിക്ഷ തന്നെയാണ്. അതാണ് ഭരണഘടന വിഭാവന ചെയ്ത അധികാര വിഭജനത്തിന്റെ അടിസ്ഥാന പ്രമാണം. ഞാൻ നേരത്തെ പറഞ്ഞ ഉദാഹരണങ്ങളിൽനിന്നും സഭയിലുള്ള കാര്യങ്ങൾ സഭയിൽ തീരുകയെന്നതാണ് രാജ്യത്താകെയുള്ള നിയമസഭകൾ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം. അതിൽനിന്നും വ്യത്യസ്തമായ നിലയാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ഇക്കാര്യത്തിൽ ഇപ്പോൾ സുപ്രീംകോടതിയുടെ വിധിയുമായി ബന്ധപ്പെട്ട് മറ്റ് വിശദാംശങ്ങൾ പരിശോധിക്കുമെന്ന് ഞാൻ ആദ്യംതന്നെ വ്യക്തമാക്കി. അതനുസരിച്ചുള്ള നടപടികൾതന്നെയാണ് സർക്കാർ സ്വീകരിക്കുകയും ചെയ്യുക. അതുകൊണ്ട് രാജിയുടെ പ്രശ്നമൊന്നും ഇതിൽ ഉദിക്കുന്നില്ല. കോടതി ആരെയും പ്രത്യേകമായി പേരെടുത്ത് പരാമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിട്ടില്ല. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയവും ഇതിലടങ്ങിയിട്ടുമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചില വക്കീലന്മാർ കോടതിയിൽ വാദവും കഴിഞ്ഞ് കേസും തള്ളി കോടതി പിരിഞ്ഞതിനുശേഷം കോടതി വരാന്തയിൽനിന്ന് ആർഗ്യുമെന്റ് നടത്തുന്നതുപോലെയാണ് സുപ്രീംകോടതി തള്ളിക്കളഞ്ഞ ഒരു കേസ്സിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ വന്ന് ആർഗ്യു ചെയ്യുന്നത്. ഗൗരവമായ നിയമ വിഷയങ്ങൾ സുപ്രീംകോടതി പരിഗണിച്ച് അത് ഡിസ്പോസ് ചെയ്തതാണ്. ആ കേസ് ഈ നിയമസഭയിൽ വന്ന് പറയുന്നത് നിയമവിരുദ്ധമാണ്. നിയമവിരുദ്ധമായ കാര്യങ്ങൾ ആരുപറഞ്ഞാലും അത് തെറ്റാണ്. സുപ്രീംകോടതി നിഗമനത്തിലെത്തിയ ഒരു കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറയുന്നത് സുപ്രീംകോടതി വിധിയുടെ സ്പിരിറ്റിന് എതിരായിട്ടാണ്. സുപ്രീംകോടതി വിധിക്കെതിരായിട്ടാണ് ഇവിടെ സംസാരിച്ചത്. നിങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗം റെക്കോർഡ് ചെയ്തത് എടുത്ത് നോക്കൂ. അദ്ദേഹം സുപ്രീംകോടതി നിഗമനത്തിലെത്തിയ കാര്യങ്ങൾക്കെതിരായിട്ടാണ് ഇവിടെ അഭിപ്രായം പറഞ്ഞത്. അതിന് ഇന്ത്യയിലൊരു പൗരനും ഒരു മുഖ്യമന്ത്രിക്കും അവകാശമില്ല. ഇന്ത്യയിലെ എല്ലാ പൗരന്മാരും സുപ്രധാന നീതിന്യായപീഠമായ സുപ്രീംകോടതിയുടെ അന്തിമ വിധി സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഒരുവശത്ത് വിധി സ്വീകരിക്കാൻ തയ്യാറാണെന്ന് പറയുകയും മറുവശത്ത് ആ വിധിയുടെ ഓരോ ഘടകത്തെയുമെടുത്ത് അദ്ദേഹം ചോദ്യം ചെയ്യുകയുമാണ്. ഞാൻ അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ നമുക്ക് മനസ്സിലാകുന്നതെന്താ, ഈ സുപ്രീംകോടതി വിധിയിൽ ഞങ്ങൾ തൃപ്തരല്ല. വേണമെങ്കിൽ ഒരു ഒമ്പത് അംഗ ഫുൾബെഞ്ചിലേയ്ക്ക് ഇത് വിടണമെന്ന മട്ടിലാണ് സംസാരിക്കുന്നത്. അത്രയും വലിയ സുപ്രധാന നിയമപ്രശ്നമാണെന്ന മട്ടിലാണ് സംസാരിക്കുന്നത്. പ്രോസിക്യൂട്ടറുടെ അപേക്ഷ ട്രയൽ കോടതി തള്ളിയതാണ്. പ്രോസിക്യൂട്ടറുടെ അപേക്ഷ വാദത്തിനുവേണ്ടി വിചാരണക്കോടതിയിൽ വന്നപ്പോൾ ഈ ഗവൺമെന്റിന്റെ അഭിഭാഷക ശ്രീമതി ബീനാ സതീഷ് ശക്തിയായി പറഞ്ഞു; ഇത് നിലനിൽക്കുന്ന കേസല്ല. ഒരു കാരണവശാലും ഈ കേസ് പിൻവലിക്കാൻ കഴിയില്ല. ഇവരുടെ പാർട്ടി കുടുംബത്തിലെ അംഗമാണ് അവർ. അറിയപ്പെടുന്ന പാർട്ടി നേതാക്കളുടെ ബന്ധുവാണ്. പാർട്ടി കുടുംബമാണ്. അവർ കാണിച്ച സാമാന്യമായ നിയമബോധം ഇവിടെ പിന്നീട് ആരെങ്കിലും കാണിച്ചോ? വേറൊരു അഭിഭാഷകനെ വിട്ട് അവരെ ഭീഷണിപ്പെടുത്തിയെന്ന അവരുടെ പരാതിയാണ് ഇന്ന് പത്രത്തിൽ വന്നിരിക്കുന്നത്. ഇന്ത്യൻ ലോയേഴ്സ് യൂണിയനിലെ ഒരു അഭിഭാഷകനെ വിട്ട് ആ വനിതാ അഭിഭാഷകയെ, സർക്കാരിന്റെ പ്രോസിക്യൂട്ടറെ, ഭീഷണിപ്പെടുത്തി. എന്നുമാത്രമല്ല, അടുത്തദിവസം അവരെ ട്രാൻസ്ഫർ ചെയ്തു. ഒരു ടോയ്‌ലറ്റ് പോലുമില്ലാത്ത ആലപ്പുഴയിലേയ്ക്ക്. അവർക്ക് രോഗം വന്നു. സുഖമില്ലാത്ത സാഹചര്യം വന്നു. ആ സാഹചര്യത്തെക്കുറിച്ച്

അവർ മാധ്യമങ്ങളോട് പറഞ്ഞിരിക്കുന്നു. അതെല്ലാം നമുക്ക് വ്യക്തമായി കാണാൻ കഴിയുന്നതാണ്. അപ്പോൾ അവർ കാണിച്ച നിയമബോധം പോലുമുണ്ടായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് വിചാരണക്കോടതിയുടെ വിധി, അതുപോലെ ഹൈക്കോടതിയുടെ വിധി, സുപ്രീംകോടതിയുടെ വിധി എന്നിവയെല്ലാം വായിച്ചുനോക്കണം. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെയും ഭരണഘടനയുടെയും ബാലപാഠങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ ഇതുപോലൊരു അപ്പീലുമായി ഹൈക്കോടതിയിലേയ്ക്കും സുപ്രീംകോടതിയിലേയ്ക്കും ഗവൺമെന്റ് പോകില്ലായിരുന്നു. നിയമസഭാ സ്പീക്കർ നടപടി എടുത്തുവെന്ന് ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. സസ്പെൻഡ് ചെയ്തു. പിന്നെ ഡബിൾ ശിക്ഷ പാടില്ല. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ സെക്രട്ടേറിയറ്റിൽ ഒരാൾ ഒരു കളവുനടത്തി. അതൊരു ഒഫൻസ് ആണല്ലോ? അയാളെ പ്രഥമദൃഷ്ട്യാ സെക്രട്ടേറിയറ്റിൽനിന്നും ചീഫ് സെക്രട്ടറി സസ്പെൻഡ് ചെയ്യും. അതുകഴിഞ്ഞ് അയാൾ ചെയ്ത ക്രിമിനൽ കുറ്റത്തിന് അയാൾ വേറെ വിചാരണയ്ക്ക് വിധേയമാകേണ്ടെന്നാണോ ആ പറഞ്ഞതിന്റെ അർത്ഥം; (....ബഹളം...) ഇങ്ങനെ പ്രസംഗം തടസ്സപ്പെടുത്തിയാൽ ശരിയാകില്ല. (....ബഹളം...)

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഞാൻ ഇവിടെ പറഞ്ഞത് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച സാധാരണയിൽനിന്നും വ്യത്യസ്തമായ നടപടിക്രമത്തെ ക്കുറിച്ചാണ്. നമ്മുടെ രാജ്യത്താകെ നടന്ന കാര്യങ്ങൾ ഞാൻ എടുത്തുപറഞ്ഞു. അതിൽനിന്നും വ്യത്യസ്തമായാണ് യു.ഡി.എഫ്. സർക്കാർ നടപടികൾ സ്വീകരിച്ചത്. ഇവിടെ അങ്ങ് പരാമർശിച്ച നടപടിക്രമങ്ങൾ അത് നിയമവാഴ്ചയുള്ള ഒരു രാജ്യത്ത് നടക്കുന്ന കാര്യമാണ്. ഭരണഘടനാപരമായി നിയമസഭയ്ക്കും പാർലമെന്റിനും പ്രത്യേക അവകാശങ്ങളുണ്ട്. അതിന്റെ ഭാഗമായാണ് ഞാൻ നേരത്തെ പരാമർശിച്ച സംസ്ഥാന നിയമസഭകളൊന്നും പോലീസ് കേസിലേയ്ക്ക് പോകാതിരുന്നത്. അതിന് നിങ്ങൾക്ക് കഴിഞ്ഞില്ലെന്നതാണ് ഞാൻ ഇവിടെ ആവർത്തിച്ച് പറഞ്ഞകാര്യം.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, അങ്ങ് പറഞ്ഞ കാര്യം സുപ്രീംകോടതി ഗൗരവമായി ചർച്ച ചെയ്തു. ഭരണഘടനയുടെ ആർട്ടിക്കിൾ 194 അനുസരിച്ച് നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കുമുള്ള പ്രിവിലേജ് എന്താണ്? ഇവിടെ നമുക്ക് ആരെയും ഭയക്കാതെ സംസാരിക്കാം. നമുക്ക് ഇവിടെ വോട്ട് ചെയ്യാം. ഇവിടെ വോട്ട് ചെയ്തതിന്റെയും സംസാരിച്ചതിന്റെയും പേരിൽ, നമുക്കെതിരായി ഒരു കേസും ഉണ്ടാകാൻ പാടില്ലായെന്നുള്ളത് പ്രിവിലേജ് ആണ്. ഞാൻ തന്നെ ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ചോദിച്ചു. ഇവിടെ ഒരു ഒഫൻസ് കമ്മിറ്റ് ചെയ്താലോ, ഒരു എം.എൽ.എ. വേറൊരു എം.എൽ.എ.യെ കുത്തിക്കൊന്നാലോ, ഇവിടെ പ്രിവിലേജ് കിട്ടുമോ? അതുതന്നെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ചോദിച്ചത്. ഒരു

റിവോൾവറുമായി വന്ന് ഒരു എം.എൽ.എ. മറ്റൊരാളെ വെടിവച്ചാൽ അതൊരു ഒഫൻസ് അല്ലാതാകുമോ? ഇവിടെ തീർക്കാൻ പറ്റുമോ? ഞാൻ പറയട്ടെ, പ്രിവിലേജും ഒഫൻസും രണ്ടാണ്. ഇവിടെ ഈ എം.എൽ.എ.-മാർ ഒരു ഒഫൻസ് കമ്മിറ്റ് ചെയ്തു. എന്ത് ഒഫൻസാണ് കമ്മിറ്റ് ചെയ്തത്? ഒഫൻസ് കമ്മിറ്റ് ചെയ്തതിൽ പ്രധാനം പൊതുമുതൽ നശിപ്പിച്ചതാണ്. പി.ഡി.പി.പി. ആക്ട് സെക്ഷൻ 3 അനുസരിച്ചാണ് ഒരു കേസ്. പൊതുമുതൽ നശിപ്പിച്ച ഒരു ഒഫൻസ് അത് വേറെയാണ്. അത് ഇന്ത്യയിലെ ഏത് പൗരൻ എവിടെ വച്ച് തെറ്റ് ചെയ്താലും, രാഷ്ട്രപതി ഭവനിൽ വച്ച് രാഷ്ട്രപതി തെറ്റ് ചെയ്താലും വിചാരണയ്ക്ക് വിധേയമാകണം. ഇല്ലെങ്കിൽ നീതിന്യായ സംവിധാനത്തിന് അത് അപമാനകരമാണ്. നീതിന്യായ വ്യവസ്ഥയോടുള്ള ആളുകളുടെ വിശ്വാസം നഷ്ടപ്പെടും. എം.എൽ.എ.-മാർക്ക് കൊമ്പുണ്ടോ എന്ന് ജനങ്ങൾ ചോദിക്കില്ലേ? നിങ്ങൾക്കെന്താണ് പ്രത്യേകത? ഒരു പ്രത്യേകതയുമില്ല. പൊതുമുതൽ നശിപ്പിച്ചതിനാണ് കേസ്. അതിലെ കുറ്റവാളികളെ രക്ഷിക്കാൻ നിങ്ങൾ എന്താണ് ചെയ്തത്? പൊതുമുതൽ നശിപ്പിച്ചതിലെ കുറ്റവാളികളെ (ക്രിമിനൽ കുറ്റം ചെയ്ത കുറ്റവാളികളെ) രക്ഷിക്കാൻ വീണ്ടും ജനങ്ങളുടെ നികുതി പണത്തിൽനിന്ന്, പൊതുമുതലിൽനിന്ന്, പണമെടുത്ത് സുപ്രീംകോടതിയിൽ പോയി. സത്യത്തിൽ നിങ്ങളുടെ പാർട്ടിയാണ് ആ പണം അടയ്ക്കേണ്ടത്. സർക്കാരിൽനിന്നും അടയ്ക്കാൻ പാടില്ല. വക്കീൽ ഫീസ് നിങ്ങളുടെ പാർട്ടി അടയ്ക്കണം. ജനങ്ങൾക്കിടയിൽ നിയമവാഴ്ചയെ ഇകഴ്ത്തിക്കാണിക്കുന്ന രീതിയിലാണ് ഇക്കാര്യങ്ങൾ കൊണ്ടുപോകുന്നത്. ഇവിടെ തെളിവുകളുടെ പോരായ്മയുണ്ടെന്ന് സുപ്രീംകോടതിയിൽ വാദിച്ചതാണ്. എന്റെ ഓർമ്മയിൽ ലോകത്ത് ഇത്രമാത്രം സാക്ഷികളുണ്ടായിട്ടുള്ള ഒരു കേസ്സില്ല. കാരണം ഇത് ലൈവ് ടെലികാസ്റ്റ് കാണുകയാണ്. ലോകത്തിലെ മുഴുവൻ മലയാളികളും ലൈവ് ടെലികാസ്റ്റ് കണ്ട കേസ്സിൽ തെളിവുകളില്ലെന്ന് സുപ്രീംകോടതിയിൽ വാദിച്ചു. സുപ്രീംകോടതിയിൽ ആദ്യം നിങ്ങളിതിന് കാരണമെന്താണ് പറഞ്ഞത്? ഇത് അഴിമതിക്കെതിരായ സമരമാണ്. കെ. എം. മാണി എന്ന ധനകാര്യ വകുപ്പുമന്ത്രിക്കെതിരായ സമരമാണ്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാതിരിക്കാൻ വേണ്ടി നടത്തിയ സമരമാണ്. അതുകൊണ്ട് ഇതിന് ഇളവ് തരണമെന്നാണ് പറഞ്ഞത്. പിന്നീട് കേരള കോൺഗ്രസ് അതിൽ പ്രതിഷേധം പ്രകടിപ്പിച്ചപ്പോൾ മാറ്റിപ്പറഞ്ഞു. ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. പി. ടി. തോമസ് വളരെ വിശദമായി സൂചിപ്പിച്ചു. ശ്രീ. ഉമ്മൻ ചാണ്ടിക്ക് വേണമെങ്കിൽ ബഡ്ജറ്റ് അവതരിപ്പിക്കാമെന്ന് ഒത്തുതീർപ്പ് നിർദ്ദേശം വച്ച നിങ്ങൾ എങ്ങനെയാണ് അത് യു.ഡി.എഫ്.-നെതിരായ സമരമാക്കി മാറ്റുന്നത്. പ്രതിപക്ഷനേതാവ് പറയുന്നതാണല്ലോ പ്രതിപക്ഷത്തിന്റെ പോളിസി. കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള നരകത്തെക്കുറിച്ചാണ് അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ കസേരയിലിരുന്ന് കെ. എം. മാണിയെ ബൈബിൾ വാചകം പറഞ്ഞ് ഓർമ്മിപ്പിച്ചത്. പിന്നെയുമുണ്ട് അദ്ദേഹത്തിന്റെ ഒരു പ്രസംഗം.

"ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബാർ കോഴ, ബാർ കോഴ, കോഴ മാണി, കോഴ മാണി, അഴിമതി മന്ത്രിസഭ, അഴിമതി മന്ത്രിസഭ എന്ന് കേട്ടുതുടങ്ങിയിട്ട് നാളുകളെത്രയായി. കോഴ വാങ്ങിയതും സ്വന്തം കീശ വീർപ്പിച്ചതും ശ്രീ. കെ. എം. മാണിയാണെങ്കിലും ഇതിന്റെ നാണക്കേട് കേരളം ഒന്നടങ്കമാണ് നേരിടുന്നത്. ശ്രീ. കെ. എം. മാണിക്ക് ഇതിൽ വലിയ നാണമൊന്നും തോന്നുന്നുണ്ടാവില്ല. കാരണം ശ്രീ. കെ. എം. മാണി കഴിഞ്ഞ 50 കൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്ന കാര്യം ഇത്തവണയും ആഘോഷപൂർവ്വം നടത്തുകയാണ്. പണ്ട് ഇതൊന്നും ആരും അറിഞ്ഞിരുന്നില്ല. ഇപ്പോൾ ജനങ്ങൾ തിരിച്ചറിയുകയും മാണിയുടെ കള്ളം വെളിച്ചത്താകുകയും ചെയ്തു."

രണ്ടാമത്തെ അടിയന്തരപ്രമേയത്തിൽ അദ്ദേഹം പറയുകയാണ്.

"സർ, കോഴ വാങ്ങിയ മാണി, കോഴപ്പണം എണ്ണാൻ സ്വന്തമായി യന്ത്രം വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന മാണി, ബഡ്ജറ്റ് വിറ്റ് കാശാക്കുന്ന മാണി ഇത്രയും കൊള്ളരുതായ്മകൾകൊണ്ട് മുഖം വികൃതമായ ശ്രീ. കെ. എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഞങ്ങൾ സമ്മതിക്കില്ല. ഈ നാടിന്റെ മാനം, ഈ നാടിന്റെ മാനം അപ്പാടെ വിറ്റുതുലച്ച് നാണക്കേടിന്റെ ഇരിക്കപ്പിണ്ഡമായ മാണിയെക്കൊണ്ടുതന്നെ ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് എന്താണ് മിസ്റ്റർ ഉമ്മൻ ചാണ്ടി നിങ്ങൾക്കിത്ര വാശി." ഇത് കേട്ടിട്ട് ഈ മന്ത്രിസഭയിലിരിക്കാൻ നിങ്ങൾക്ക് നാണമുണ്ടോ? (...ബഹളം....) ഇപ്പോൾ നിങ്ങളെ ചേർത്ത് പിടിച്ചിരിക്കുന്നു. ഞാൻ നിങ്ങളെ വിനയപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ചേർത്ത് പിടിച്ചിരിക്കുന്നത് ധൃതരാഷ്ട്രാലിംഗനമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ നേതാവ് കെ. എം. മാണിയെക്കുറിച്ച് ഈ സി.പി.ഐ.(എം.) നേതാക്കന്മാർ പറഞ്ഞതുപോലെ കേരളത്തിലോ ലോകത്തോ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? (...ബഹളം....) ബഹളംവച്ച് ഭയങ്കരമായി ശല്യപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് ഒരു പ്രൊട്ടക്ഷനും തരുന്നില്ല. പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാൻ സംസാരിക്കുമ്പോൾ എനിക്ക് ഒരു പ്രൊട്ടക്ഷനും അങ്ങ് നൽകുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്താൽ മതി.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അപ്പോൾ അവർ ബഹളം നിർത്തുമോ? ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടന്ന അക്രമസംഭവങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. പക്ഷേ, ഒരു കാര്യം വിട്ടുപോയി. എം. വി. രാഘവനെ ഇവിടെ വലിച്ചിട്ട് ചവിട്ടിയിട്ടുണ്ട്. നിലത്തിട്ട് ചവിട്ടിക്കൂട്ടിയിട്ടുണ്ട്. അദ്ദേഹത്തെ ചവിട്ടിക്കൂട്ടിയതിന് പശ്ചാത്താപം തീർത്തത് മകൻ ശ്രീ. നികേഷ് കുമാറിന് സി.പി.ഐ.(എം.)-ന്റെ സീറ്റ് കൊടുത്തിട്ടാണെങ്കിൽ

കെ. എം. മാണിയെ അപമാനിച്ചതിന് അദ്ദേഹത്തിന്റെ മകനെ എ.കെ.ജി. സെന്ററിൽ കൊണ്ടുപോയി ജ്ഞാനസ്നാനം ചെയ്യിച്ചു. നിങ്ങൾ വലിയ രാഷ്ട്രീയമൊന്നും ഞങ്ങളോട് പറയല്ലേ; ഇങ്ങനെയുള്ള രാഷ്ട്രീയമൊന്നും ഞങ്ങളെ പഠിപ്പിക്കല്ലേ? യു. പി. നിയമസഭയിലും ബീഹാർ നിയമസഭയിലും തർക്കം നടന്നതിനെക്കുറിച്ചും അടി നടന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെനിന്ന് പ്രസംഗിക്കുകയാണ്. യു.പി. നിയമസഭയും തമിഴ്നാട് നിയമസഭയുമാണോ കേരള നിയമസഭ. നമ്മുടെ നിയമസഭ എന്ന് നമ്മൾ അഭിമാനത്തോടെ പറയുന്നു. ഇതൊരു കറുത്ത വെള്ളിയാഴ്ച എന്ന് ശ്രീ. പി. ടി. തോമസ് ഇവിടെ പറഞ്ഞില്ലേ? ഇപ്പോഴും ആ കറുത്ത വെള്ളിയാഴ്ചയെ നിങ്ങൾ ന്യായീകരിക്കുകയാണ്. സുപ്രീംകോടതി വിധി വന്നിട്ടും നിങ്ങൾ ന്യായീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ കേസ് തള്ളിയിരുന്നെങ്കിലോ? ബഹുമാനപ്പെട്ട സുപ്രീംകോടതി നമ്മുടെ ജീവനും സ്വത്തിനുമാണ് സംരക്ഷണം തന്നിരിക്കുന്നത്. ഈ കേസ് തള്ളിയിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി? സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രി വിചാരണ കോടതിയിലെ പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. ഇത് ഉദാത്തമായ ജനാധിപത്യ ബോധത്തിനും സംസ്ഥാനത്തിന്റെ കീഴ്വഴക്കങ്ങൾക്കും ചേർന്നതല്ല. ശ്രീ. കെ. പി. വിശ്വനാഥനെതിരായി ഒരു നിസ്സാര കേസ് വന്നതിന്റെ പേരിൽ എന്തൊക്കെയാണ് ഇവിടെ നടന്നത്? ഒരു പ്രതി കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ മന്ത്രിയുടെ ഓഫീസിലേയ്ക്ക് ഫാക്സ് അയച്ചിരുന്നു എന്ന്. അപ്പോൾ കോടതി ഒരു കമന്റ് എഴുതി. "മന്ത്രിയുടെ ഓഫീസും ഈ പരാതിക്കാരനും തമ്മിൽ ബന്ധമുണ്ടെങ്കിൽ അത് സീരിയസ്സായ കാര്യമാണ്". (If there is a nexus between the office of the Minister and the complainant it is a serious matter). ഇതിന്റെ പേരിൽ എല്ലാവരും ചേർന്ന് ശ്രീ. കെ. പി. വിശ്വനാഥൻ രാജിവയ്ക്കണമെന്ന് പറഞ്ഞു. 'If there is a nexus' - അങ്ങനെയൊരു ബന്ധമുണ്ടെങ്കിൽ ശ്രീ. കെ. പി. വിശ്വനാഥൻ രാജിവച്ച് ഇവിടെനിന്നും ഇറങ്ങിപ്പോകും. കെ. എം. മാണി രാജി വയ്ക്കണമെന്നുപറഞ്ഞ് നിങ്ങൾ സമരം നടത്തിയതെന്തിനാണ്? അദ്ദേഹത്തി നെതിരായി ഒരു ചാർജ്ജ് ഷീറ്റുപോലും കൊടുത്തിട്ടില്ല. അദ്ദേഹം വിചാരണ നേരിടണമെന്നുപോലും ഒരു കോടതിയും പറഞ്ഞിട്ടില്ല. കെ. എം. മാണിക്കെതിരായി സമരം ചെയ്ത ആളുകൾ അദ്ദേഹത്തിന്റെ പേരിൽ എഫ്.ഐ.ആർ. എടുത്തതിന്റെ പേരിലാണ് അദ്ദേഹത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിക്കില്ലെന്ന് പറഞ്ഞത്. ഇവിടെ എഫ്.ഐ.ആർ. മാത്രമല്ല, മുമ്പിൽ ഇനിയൊരു ഓപ്ഷനുമില്ലെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുന്നു. വിചാരണ നേരിടണമെന്ന് സുപ്രീംകോടതി പറയുമ്പോൾ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കയ്യുംകെട്ടി വിചാരണക്കോടതിയിലെ പ്രതിക്കൂട്ടിൽ നിൽക്കുന്ന സാഹചര്യം ഒഴിവാക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. (....ബഹളം....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കാനിരിക്കുകയാണ്. നിങ്ങൾ ബഹളം വയ്ക്കാതിരിക്കുക. നിങ്ങൾ എല്ലാത്തിനും അഭിപ്രായം പറയാതിരിക്കു. അങ്ങ് പ്രസംഗം അവസാനിപ്പിക്കു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മുണ്ട് മടക്കിക്കുത്തി ബഞ്ചിനും ഡസ്കിനും മീതെ പറന്നുനടന്ന് ഒരു മര്യാദയുമില്ലാതെ പൊതുസ്വത്തുക്കൾ നശിപ്പിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തിലെ കുട്ടികൾക്ക് ബെസ്റ്റ് മോഡൽ. ഇതിനേക്കാൾ നല്ല മാതൃകയുണ്ടോ? ഇന്ത്യയിലെ മുഴുവൻ ദേശീയ മാധ്യമങ്ങളിലും വിഷ്വൽ മീഡിയയിലും പ്രിന്റ് മീഡിയയിലും സോഷ്യൽ മീഡിയയിലും കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി മുണ്ട് മടക്കിക്കുത്തി സ്പീക്കറുടെ ഡയസ്സിൽ കയറി പൊതുമുതൽ നശിപ്പിക്കുന്ന കാഴ്ചയാണ് ഇന്നും ഇന്നലെയുമായി കാണുന്നത്. അത് കേരളത്തിന് ഭൂഷണമാണോ; അങ്ങ് കേരളത്തിനെക്കുറിച്ച് പുറത്തേയ്ക്ക് കൊടുക്കാൻ പോകുന്ന മെസ്സേജ് ഇതാണോ; ഇതാണോ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി? അങ്ങനെയാണെങ്കിൽ നമ്മുടെ കുട്ടികൾ എവിടെയാണ് എത്തിച്ചേരാൻ പോകുന്നത്. ഉദാത്തമായ ധാർമ്മിക ബോധം ഉയർത്തിപ്പിടിച്ചുകൊണ്ടും നിയമവാഴ്ചയെ അംഗീകരിച്ചുകൊണ്ടും മന്ത്രിയോട് രാജിവയ്ക്കാൻ ആവശ്യപ്പെടണമെന്ന് ഞങ്ങൾ ശക്തമായി പറയുന്നു. മന്ത്രി രാജിവയ്ക്കരുതെന്നുള്ള അങ്ങയുടെ നിലപാട് ജനാധിപത്യ വിരുദ്ധവും നമ്മുടെ കീഴ്വഴക്കങ്ങൾക്കും ധാർമ്മികതയ്ക്കും നീതിബോധത്തിനും എതിരുമാണ്. പൊതുസമൂഹത്തിനും രാജ്യം മുഴുവനും കൊടുക്കുന്ന സന്ദേശം വളരെ തെറ്റാണ്. വിഷ്വൽ മീഡിയയിൽ ആ സംഭവം ഇപ്പോഴും കാണുമ്പോൾ നമ്മുടെ മനസ്സ് വേദനിക്കുന്നു. അതുകൊണ്ട് മന്ത്രി രാജി വയ്ക്കണമെന്ന് അങ്ങ് പറയണം. രാജി വയ്ക്കാത്ത ഈ നിലപാടിനോട് ഞങ്ങൾക്ക് യാതൊരു യോജിപ്പുമില്ല.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം അവസാനിപ്പിച്ചോ? മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിക്കണം. ദയവായി സീറ്റിലിരിക്കുക. സഭാനടപടികൾ തടസ്സപ്പെടുത്തരുത്.

11.00 AM]

## III ശ്രദ്ധക്ഷണിക്കൽ

<u>കയർ മേഖലയ്ക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ്</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഒരുലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് കയർ വ്യവസായ മേഖല. കോവിഡിന്റെ കാലഘട്ടത്തിൽ ഈ മേഖല നേരിടുന്ന പ്രതിസന്ധി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്.

ഒന്നാം പിണറായി സർക്കാർ, കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന്റെ സമൂലമായ ഉന്നമനത്തിനായി അനുവദിച്ച പദ്ധതികൾ ഈ വ്യവസായത്തിൽ വലിയ മാറ്റമാണുണ്ടാക്കിയത്. സംസ്ഥാനത്തുനിന്ന് ചകിരി ഉല്പാദനം പൂർണ്ണമായും അപ്രത്യക്ഷമായിരുന്നു. ആ ഒരു പശ്ചാത്തലത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചകിരി എടുക്കേണ്ട അവസ്ഥയിലായിരുന്നു. വ്യവസായമാകെ തമിഴ്നാട്ടിലേയ്ക്ക് പറിച്ചുമാറ്റപ്പെടുന്ന ഒരു സാഹചര്യമാണുണ്ടായിരുന്നത്. എന്നാൽ ഈ മേഖലയുടെ സമഗ്രമായ സംരക്ഷണവും വ്യവസായത്തിന്റെ ആധുനിക വൽക്കരണവും ഈ ദിശയിലേയ്ക്കുള്ള പ്രവർത്തനവും ഒന്നാം പിണറായി സർക്കാർ നടത്തുകയും അതിന്റെ ഫലമുണ്ടാകുകയും ചെയ്തു.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു ജനകീയ പ്രശ്നമാണ് ഉന്നയിക്കുന്നത്. ദയവായി സഭാനടപടികളുമായി സഹകരിക്കണം. മുദ്രാവാക്യം വിളിക്കുന്നത് അവസാനിപ്പിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പൂർണ്ണമായും അന്യംനിന്നുപോയ ചികിരി ഉല്പാദനത്തെ മൂന്നിരട്ടിയാക്കി വർദ്ധിപ്പിക്കാനും ചകിരി മില്ലുകളുടെ എണ്ണം 50-ൽനിന്ന് 174 ആക്കി ഉയർത്താനും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിരുന്നു. കയർമേഖലയ്ക്കുവേണ്ട ചകിരിയുടെ രണ്ടര ശതമാനം മാത്രമാണ് കേരളത്തിനകത്തുള്ള മില്ലുകളിൽനിന്ന് നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് 32 ശതമാനമാക്കി ഉയർത്താൻ ഗവൺമെന്റിന് കഴിഞ്ഞു. കയർ ഉല്പാദനം 2015-16 കാലഘട്ടത്തിൽ 7880 ടൺ ആയിരുന്നുവെങ്കിൽ 2020-21-ൽ അത് 26500 ടണ്ണായി ഉയർന്നു. ഉല്പാദനമേഖലയിൽ വലിയ മാറ്റം വന്നു. 2015-16 കാലഘട്ടത്തിൽ കയർ കോർപ്പറേഷൻവഴി സംഭരിച്ചത് 399 കോടി രൂപയുടെ ഉല്പന്നങ്ങളായിരുന്നുവെങ്കിൽ 2016-2021-ലെ പിണറായി സർക്കാരിന്റെ കാലത്ത് 732 കോടി രൂപയുടേതായി. എന്നുവച്ചാൽ 32 ശതമാനം വർദ്ധനവാണുണ്ടായത്. കയർ ഭൂവസ്ത്ര നിർമ്മാണരംഗത്തും 60 ശതമാനത്തിന്റെ വളർച്ച കൈവരിക്കാൻ കഴിഞ്ഞു. ഇതിന്റെയെല്ലാം ഫലമായി തൊഴിൽ ദിനങ്ങളിൽ 5 മടങ്ങ് വർദ്ധനവുണ്ടാക്കാൻ ഒന്നാം പിണറായി സർക്കാരിന് കഴിഞ്ഞിരുന്നു. 2015-16 കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് 1102500 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചിരുന്നതെങ്കിൽ അത് അഞ്ചിരട്ടിയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഒന്നാം പിണറായി ഗവൺമെന്റ് 5393000 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.

ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്, കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ എല്ലാ മേഖലകളും നേരിടുന്ന പ്രതിസന്ധി പോലെയാണ് കയർ മേഖലയും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇന്ന് ഏകദേശം ഒരു ലക്ഷത്തോളം വരുന്ന തൊഴിലാളികൾ വലിയ പ്രയാസം അഭിമുഖീകരിക്കുന്ന സാഹചര്യത്തിലേയ്ക്ക്

വരികയാണ്. വീട്ടുകളിൽ ചകിരി വാങ്ങി കയർ പിരിക്കുന്ന തൊഴിലാളികളും സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്നവരുമായി ഏതാണ്ട് 75000-ത്തോളം വരുന്ന തൊഴിലാളികളുണ്ട്. കയർപിരി സഹകരണസംഘങ്ങളിലും അല്ലാതെയും നിരവധി തൊഴിലാളികളുണ്ട്. ഉല്പാദിപ്പിക്കുന്ന കയർ നമ്മുടെ സംസ്ഥാനത്ത് സംഭരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് സഹകരണസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ അടിയന്തരമായി കയർഫെഡ് വഴി സംഭരിച്ച് ഓണത്തിനുമുൻപ് വില നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപിച്ച എ.എസ്.എം. (ഓട്ടോമാറ്റിക് സ്പിന്നിംഗ് മിൽ)-ൽ ഉല്പാദിപ്പിക്കുന്ന കയർ കെട്ടിക്കിടക്കുകയാണ്. അത് വാങ്ങുന്നതിന് അടിയന്തരമായി നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചെറുകിട തടുക്ക് ഉല്പാദകരുടെ ഉല്പന്നങ്ങൾ സംഭരിക്കാൻ കഴിയുന്നില്ല. അവർ തടുക്ക് ഉല്പാദിപ്പിച്ച് വീടുകളിൽ തന്നെ വച്ചിരിക്കുകയാണ്. ഓണം പ്രമാണിച്ച് കയർ തൊഴിലാളികളുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വില നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ ഓണത്തിനുമുമ്പായി ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകണം. അതുകൊണ്ട് ഒരുലക്ഷത്തിലധികം വരുന്ന കയർ തൊഴിലാളികളുടെ പ്രശ്നത്തിന് അടിയന്തരശ്രദ്ധയുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, നമ്മുടെ നാട്ടിലെ വളരെ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളെ സംബന്ധിച്ചുള്ള പ്രശ്നം ഗൗരവമായിത്തന്നെ സഭയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുണ്ട്. അതിന് മറുപടി പറയാനുള്ള സാഹചര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായരംഗത്ത് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ കയർ രണ്ടാം പുനഃസംഘടന ഈ സർക്കാർ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകുകയാണ്. ......(ബഹളം).... ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇതൊരു ക്രിമിനൽ ഒഫൻസാണ്. പബ്ലിക് പ്ലേസിൽ ഡിസ്റ്റർബൻസുണ്ടാക്കുകയെന്നുള്ളത് ഒഫൻസാണെന്നുള്ള കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കയർ വ്യവസായ മേഖലയെ യന്ത്രവൽക്കരണത്തിലൂടെ ആധുനികവൽക്കരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണി വിപുലീകരിക്കുന്നതിനും പുതിയ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. കേരളത്തിന്റെ കയർ വ്യവസായത്തിന്റെ ഭാവി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. 2011-2015-ൽ

സംസ്ഥാനത്ത് 1000 മുതൽ 4000 വരെ തൊണ്ട് പ്രതിദിനം ചകിരിയാക്കി മാറ്റാൻ കഴിയുന്ന 50 ഡീഫൈബറിംഗ് മില്ലുകളാണ് ഉണ്ടായിരുന്നത്. എന്നാൽ 2020-ൽ 124 പുതിയ മില്ലുകളാണ് ആരംഭിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ ചകിരി ഉല്പാദനം 32 ശതമാനം വർദ്ധിച്ചുവെന്ന കാര്യംകൂടി അറിയിക്കുകയാണ്. സംസ്ഥാനത്ത് ഇന്ന് ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറിനും വിപണി കണ്ടെത്തുന്നതിന് കയർ ഭൂവസ്ത്ര പദ്ധതിക്ക് പ്രധാന സ്ഥാനവുമുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസും കയർ വികസന വകുപ്പും വിവിധ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര പരിപാടിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലുണ്ടായ പരിമിതികൾ കയർ ഭൂവസ്ത്ര പരിപാടി സമയബന്ധിതമായി പൂർത്തീകരിക്കാൻ തടസ്സമായി നിൽക്കുകയാണ്. കയർ തൊഴിലാളികൾക്ക് പരമാവധി സഹായം എത്തിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി ആയിരം രൂപ വീതം നൽകുന്നതിനായി ആദ്യം 13 കോടി രൂപയും പിന്നീട് 11 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംഘങ്ങൾക്ക് PMI (Production and Marketing Incentive) അനുവദിക്കുന്നുണ്ട്. MDA (Marketing Development Assistance) സംസ്ഥാന വിഹിതം അനുവദിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, കയർ ശേഖരിക്കുന്നതിനാവശ്യമായ നിലപാട് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നമേഖലയിൽ വിൽക്കുമ്പോൾ ശരാശരി 15 ശതമാനം സബ്സിഡി നൽകുന്നുണ്ട്. പൊതുവെ കയർ മേഖലയിൽ തൊഴിലാളികൾക്ക് വലിയ ആശ്വാസം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഓണക്കാലത്തിനുമുൻപ് എല്ലാ തുകയും തൊഴിലാളികൾക്ക് ലഭ്യമാകും. കോവിഡ് പശ്ചാത്തലത്തിൽ തൊഴിലാളികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ മുന്നോട്ടുപോകാനുള്ള സാഹചര്യം ഒരുക്കാനാണ് സർക്കാർ പരമാവധി ശ്രമിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഓണത്തിന് മുൻപ് ഇപ്പോഴുള്ള കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക ഓർഡർ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് ഞാൻ വിനീതമായി ചോദിക്കുകയാണ്?

ശ്രീ. പി. രാജീവ്: സർ, അക്കാര്യം പരിഗണനയിലുണ്ട്. ഒരു കാര്യം കൂടി വ്യക്തമാക്കാനുള്ളത്, 2016-ൽ കഴിഞ്ഞ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ തൊഴിലാളിക്ക് ലഭിച്ചിരുന്ന വാർഷികവരുമാനം കേവലം 13,500 രൂപ മാത്രമായിരുന്നു. എന്നാൽ 2020-21-ൽ ഈ ഗവൺമെന്റ് വന്നപ്പോൾ തൊഴിലാളിക്ക് ലഭിക്കുന്ന വാർഷിക വരുമാനം 49,000 രൂപയാണ്. അത് 60,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നു. അദ്ദേഹം ഇവിടെ ഉന്നയിച്ചതുപോല, കയർ സംഭരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിലും മന്ത്രിയോട് രാജിവയ്ക്കാൻ മുഖ്യമന്ത്രി ആവശ്യപ്പെടാത്തതിലും പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി അങ്ങയെ അറിയിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ചു.)

## IV സബ്മിഷൻ

### 1. അമൽകൃഷ്ണയുടെ തിരോധാനം

ശ്രീ. എൻ. കെ. അക്ബർ: സർ, 2021 മാർച്ച് മാസം 18-ാം തീയതിയാണ് ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ചാണാശ്ശേരി സനോജ്-ശില്പ ദമ്പതികളുടെ മൂത്തമകനായ പതിനേഴുകാരൻ അമൽകൃഷ്ണയെ കാണാതാകുന്നത്. അമ്മയോടൊപ്പം ബാങ്കിൽ പോയ മകൻ രാവിലെ 11.30-നാണ് ദുരൂഹസാഹചര്യത്തിൽ കാണാതാകുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയത്തിലും എ-പ്ലസ് നേടിയ പ്ലസ് വൺ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായിരിക്കെയാണ് ഈ തിരോധാനം. നാലുമാസം പിന്നിട്ട ഈ കേസ് ഇപ്പോൾ ക്രൈംബ്രാഞ്ചാണ് അന്വേഷിക്കുന്നത്. മിടുക്കനായ മകനെ കണ്ടെത്താനാകാത്തതുമൂലം കുടുംബം വളരെ ദുഃഖത്തിലാണ്, നാട് ആശങ്കയിലുമാണ്. അമൽകൃഷ്ണയെ കണ്ടെത്താൻ തുടർന്നെടുക്കുന്ന നടപടി വിശദീകരിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 18-3-2021-ന് അമ്മയോടൊപ്പം ബാങ്കിൽ പോയ മകൻ അമൽകൃഷ്ണയെ കാണാനില്ലെന്ന തൃശ്ശൂർ ചേറ്റുവ ചാണാശ്ശേരി വീട്ടിൽ ശ്രീ. സനോജിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ കേരള പോലീസ് ആക്ട് 57-ാം വകുപ്പുപ്രകാരം ക്രൈം നമ്പർ 219/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ബാങ്കിലെയും സമീപത്തെയും സി.സി.ടി.വി. ദൃശ്യങ്ങൾ, മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷൻ, കോൾ ഡീറ്റെയിൽസ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ലാപ്ടോപ്പ് എന്നിവ പോലീസ് പരിശോധിച്ചു. അമൽകൃഷ്ണ ഗാഡ്ജറ്റ്സ് ഉപയോഗിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ളതിനാൽ സൈബർ ഇടങ്ങളിലും പരിശോധിക്കുകയുണ്ടായി. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ, തമിഴ്നാട് പോലീസ്, റെയിൽവേ പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ എന്നിവ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയും അമൽ കൃഷ്ണയുടെ

ഫോട്ടോ അടക്കമുള്ള വിവരങ്ങൾ നൽകി കുട്ടിയെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. നിലവിൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷണം നടത്തിവരുന്നത്.

## 2. കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പയ്യന്നൂർ മണ്ഡലത്തിലുൾപ്പെട്ട ചെറുപുഴ പഞ്ചായത്തിലെ പെരിങ്ങോം റവന്യൂ വില്ലേജിൽ വരുന്നതും, രേഖകളിൽ പെരിങ്ങോം റവന്യൂ വില്ലേജിലാണെങ്കിലും കർണ്ണാടക വനം വകുപ്പ് ഈ പ്രദേശം തങ്ങളുടെതാണെന്ന് അവകാശപ്പെട്ട് അവിടെ താമസിക്കുന്നവരെ നിരന്തരമായി ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന ഒരു പ്രദേശമാണ് ആറാട്ടുകടവ് കോളനി. ഒരു ഭാഗം കർണ്ണാടക വനപ്രദേശവും കണ്ണൂർ ജില്ലയുടെ വടക്കുകിഴക്കൻ മലയോര മേഖലയിലെ അതിരിലൂടെ ഒഴുകുന്ന ചെറുപുഴ പുഴയ്ക്കുമിടയിലുള്ള ഭാഗമാണ് ആറാട്ടുകടവ്. പട്ടികവർഗ്ഗ കോളനിയായ ഇവിടെ പതിനൊന്ന് പട്ടികവർഗ്ഗ കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. ഈ പ്രദേശം വന്യമൃഗ ഭീഷണി നിലനിൽക്കുന്നിടമാണ്. 2019-ആഗസ്റ്റ് മാസത്തെ പ്രളയസമയത്ത് കോളനിയിലെ താമസക്കാരനായ പുതിയവീട്ടിൽ പത്മനാഭനെ ആന ചവിട്ടിക്കൊല്ലുകയുണ്ടായി. അന്ന് ജില്ലാ ഭരണകൂടം ഇടപെട്ട് ഈ കുടുംബങ്ങളെ പുനരധിവാസ ക്യാമ്പിലേയ്ക്ക് മാറ്റി. ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും ചർച്ച ചെയ്ത് പതിനൊന്ന് കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ തീരുമാനിക്കുകയുണ്ടായി. പത്മനാഭന്റെ ഭാര്യയുൾപ്പെടെയുള്ള നാല് കുടുംബങ്ങൾക്ക് വളരെ അകലെ ആറളം ഫാമിലാണ് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽപ്പെടുത്തി ഭൂമി നൽകിയത്. ഈ സ്ഥലവും കാട്ടാന ശല്യവും താമസയോഗ്യമല്ലാത്ത പാറപ്രദേശം ഉൾക്കൊള്ളുന്നതുമാണ്. മൂന്ന് കുടുംബങ്ങൾക്ക് വെള്ളാട് വില്ലേജിലെ ചീക്കാട് ഭൂമി നൽകിയെങ്കിലും അതും താമസയോഗ്യമല്ല. നാല് കുടുംബങ്ങൾക്കും ഇതുവരെ ഒന്നും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ കുടുംബങ്ങൾക്കെല്ലാം ഒന്നായി താമസിക്കാൻ കഴിയുന്ന നിലയിൽ പെരിങ്ങോം റവന്യൂ വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീസർവ്വേ 44/3-ൽ ഭൂമി അനുവദിക്കാവുന്നതാണ്. പതിനൊന്ന് കുടുംബങ്ങൾക്കും ഒന്നായി താമസിക്കാൻ അനുയോജ്യമായ ഈ ഭൂമി കിട്ടിക്കഴിഞ്ഞാൽ ആറാട്ടുകടവ് കോളനിയിലെ ജനങ്ങളുടെ ഭൂപ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കും. പട്ടികജാതി ക്ഷേമ വകുപ്പ് വീട് വയ്ക്കാനുള്ള ധനസഹായം അനുവദിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന്

അടിയന്തരമായി പരിഹാരം കാണുന്നതിനുള്ള നടപടി റവന്യൂ വകുപ്പും ബഹുമാനപ്പെട്ട മന്ത്രിയും മുൻകയ്യെടുത്ത് സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിൽ പെരിങ്ങോം വില്ലേജിൽ ആറാട്ടുകടവ് പട്ടികവർഗ്ഗ കോളനിയിലെ പതിനൊന്ന് കുടുംബങ്ങളിൽ രണ്ട് കുടുംബങ്ങൾക്ക് വെള്ളാട് വില്ലേജിൽ ചീക്കാട് എന്ന സ്ഥലത്ത് 0.4403 ഹെക്ടർ ഭൂമി വീതവും ഒരു കുടുംബത്തിന് ആറളം ഫാമിൽ ഒരേക്കറും ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം കൈവശാവകാശം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരിൽ നാല് കുടുംബങ്ങൾക്ക് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിപ്രകാരം 0.0121 ഹെക്ടർ ഭൂമി വീതം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന നാല് കുടുംബങ്ങൾക്ക് ഭൂസ്വത്തുക്കളില്ല. ആറാട്ടുകടവ് പട്ടികവർഗ്ഗ കോളനിയിലെ മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് പതിച്ചുനൽകിയ ഭൂമി വാസയോഗ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ഈ 11 കുടുംബങ്ങളെയും ഒരേ സ്ഥലത്ത് താമസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പിലെ 2-ാം ഉപവകുപ്പുപ്രകാരം പരമാവധി ഒരേക്കർ ഭൂമി മാത്രമേ ഒരാൾക്ക് പതിച്ച് നൽകാൻ സാധിക്കുകയുള്ളൂ. 96-ാം വകുപ്പിലെ 3-ാം ഉപവകുപ്പുപ്രകാരം ഒരു വ്യക്തിക്ക് ഏതെങ്കിലും ഒരു ഭൂമി കൈവശമുണ്ടെങ്കിൽക്കൂടിയും അയാളുടെ കൈവശമുള്ള ഭൂമിയും നിലവിൽ പതിച്ചുനൽകുന്ന ഭൂമിയും ചേർത്ത് ഒരേക്കർ വിസ്തീർണ്ണം വരുന്നതിനുവേണ്ടിവരുന്ന ഭൂമിമാത്രമേ പതിച്ചുനൽകാൻ സാധിക്കുകയുള്ളൂ എന്നാണ് വ്യവസ്ഥ. ഇപ്രകാരം മിച്ചഭൂമി അനുവദിച്ചാൽ മുമ്പ് പതിച്ച് നൽകിയ ഭൂമി ഏത് നിയമപ്രകാരമാണോ നൽകിയത് ആ നിയമമനുസരിച്ച് പതിവ് നൽകിയ അധികാരിതന്നെ നിയമാനുസൃതം പതിവ് റദ്ദ് ചെയ്ത് ഭൂമി തിരികെ ഏറ്റെടുക്കേണ്ടതുമാണ്. ഇതുപ്രകാരം ആദിവാസി പുനരുദ്ധാരണ പദ്ധതിപ്രകാരം ഭൂമി ലഭിച്ച മൂന്നുപേരുടെയും മൊത്തം ഭൂമിയിൽ കുറച്ചുഭാഗം മാത്രം നിലനിർത്തി ബാക്കി ഭൂമിയുടെ പതിവ് ഒറ്റ ഉത്തരവുപ്രകാരവും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള നാലുപേരുടെ പതിവ് വേറൊരു ഉത്തരവ് പ്രകാരവും റദ്ദ് ചെയ്തതിനുശേഷം ഈ കുടുംബങ്ങൾക്ക് പെരിങ്ങോം വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത ബ്ലോക്ക് നമ്പർ 39-ൽ റീസർവ്വേ 44/3-ൽപെട്ട ഒന്നേകാൽ ഏക്കർ മിച്ചഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പുനൽകുന്നു.

### 3. ക്ഷാമബത്ത കുടിശ്ശിക

ശ്രീ. ഡി. കെ. മുരളി: സർ, ബാംബു കോർപ്പറേഷന്റെ കീഴിലെ പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ കഷ്ടപ്പാടിനെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇവർക്ക് കൂലിയിനത്തിൽ വളരെ തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യകാലത്ത് ഒരു ആശ്വാസമെന്ന നിലയിൽ 149 രൂപ ക്ഷാമബത്ത പ്രഖ്യാപിച്ചിരുന്നതാണ്. എന്നാൽ ഇപ്പോൾ 60 മാസത്തെ ക്ഷാമബത്ത കുടിശ്ശികയാണ്. കുടിശ്ശിക തീർത്തുനൽകി ആ തൊഴിലാളികളെ സഹായിക്കുന്നതിന് സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണം. അതോടൊപ്പം ബാംബു കോർപ്പറേഷനിൽനിന്നും നെയ്ത്തിനാവശ്യമായ ഈറ്റ എത്തിക്കുന്നില്ലെന്ന പരാതിയുണ്ട്. ഈറ്റ എത്തിച്ചാൽ മാത്രമേ ഇവർക്ക് തൊഴിൽ ചെയ്യാൻ സാധിക്കുകയുള്ളൂ. ഈറ്റ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സംസ്ഥാന ബാംബു കോർപ്പറേഷൻ പരമ്പരാഗത വ്യവസായത്തിൽപ്പെട്ടതും ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിലാളികളുടെ ഉന്നമനത്തിനായും രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ്. വനത്തിൽനിന്നും വെട്ടിയെടുക്കുന്ന ഈറ്റ, ബാംബു കോർപ്പറേഷനുകീഴിൽ തൊഴിലെടുക്കുന്ന പതിനായിരത്തോളം വരുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകി കോർപ്പറേഷൻ പറയുന്ന നിരക്കിലുള്ള പനമ്പാണ് നെയ്തുകൊണ്ടിരിക്കുന്നത്. വനത്തിൽനിന്നും വെട്ടിയെടുക്കുന്ന ഒരു കെട്ട് ഈറ്റയ്ക്ക് 254 രൂപ വിലവരുന്നിടത്ത് 54 രൂപ സബ്സിഡി നൽകുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുകാരണം പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ യഥാസമയം നൽകാൻ സാധിക്കാതെ വരികയും ആയത് കോർപ്പറേഷന് കീഴിലുള്ള ഫാക്ടറികളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ കേരള സംസ്ഥാന ബാംബു മിഷൻ വഴി കോർപ്പറേഷന് 11 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുള്ളതും പുതിയ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രസ്തുത പ്രോജക്ടുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കുന്നമുറയ്ക്ക് കോർപ്പറേഷൻ തനത്ഫണ്ടിൽനിന്നുതന്നെ കാലക്രമേണ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ പണം കണ്ടെത്താൻ സാധിക്കുന്നതാണ്. ഇതിലൂടെ കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാകുന്നതാണ്. കേരള സംസ്ഥാന ബാംബു കോർപ്പറേഷന് ഡി.എ. കുടിശ്ശിക തീർക്കുന്നതിനായി 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് തൊഴിലാളികൾക്ക് അർഹതപ്പെട്ട ഡി.എ. ആനുകൂല്യങ്ങൾ ഉടനടി നൽകാൻ സാധിക്കും.

## 4. നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമി

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിൽ ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂരിൽ സ്വന്തമായുള്ള പത്തേക്കർ ഭൂമിയിൽ രാജ്യാന്തര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിന് 1-3-2011-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ തറക്കല്ലിട്ടതാണ്. തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ പ്രസ്തുത അക്കാദമിക്കെതിരായ സമീപനം സ്വീകരിച്ചതിനാൽ തുടർനടപടിയുണ്ടായില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അന്നത്തെ തൊഴിൽ വകുപ്പുമന്ത്രി പ്രത്യേക യോഗം വിളിച്ചുചേർക്കുകയും അക്കാദമി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചാത്തന്നൂരിലെ നാഷണൽ കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപരേഖയ്ക്ക് നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡ് അനുമതി നൽകുകയും ചെയ്തു. തുടർന്ന് പ്രസ്തുത ഡി.പി.ആർ-ന് സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ അക്കാദമിയുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്ന നിലയിലായിരുന്നു പ്രവർത്തനങ്ങൾ നടന്നിരുന്നത്. പക്ഷേ ഡി.പി.ആർ.-ന് സർക്കാർ അംഗീകാരം ലഭിച്ച് ഏറെനാൾ പിന്നിട്ടെങ്കിലും പ്രസ്തുത കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾക്ക് കാലതാമസം നേരിടുകയാണ്. ആയതിനാൽ തൊഴിലാളികൾക്കും അവരുടെ മക്കൾക്കും ഏറെ പ്രയോജനപ്രദമാകുന്ന പ്രസ്തുത കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. ജി. എസ്. ജയലാൽ എം.എൽ.എ. ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിഗണിക്കേണ്ടതുതന്നെയാണ്. ഹൈദരാബാദിലുള്ള National Academy of Construction എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ National Construction & Infrastructure Academy (NCIA) എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് Kerala Building and Other Construction Workers Welfare Board തീരുമാനിച്ചു. അതിന്റെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് Uralungal Labour Contract Co-operative Society-യെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം സമർപ്പിച്ച പ്രോജക്ട്

പ്രൊപ്പോസൽ 7-2-2020-ലെ 09/2020-ാം നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. കാലോചിതമായ ചില കൂട്ടിച്ചേർക്കലുകൾ വരുത്തി ഭേദഗതി വരുത്തിയ രൂപരേഖ അംഗീകാരത്തിനായി Kerala Building and Other Construction Workers Welfare Board സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കി സമർപ്പിച്ച രൂപരേഖയിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച അടിയന്തര നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് എത്രയുംവേഗം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പ്രസ്തുത വിഷയം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ ഒരു പ്രത്യേക യോഗം ഇതുമായി ബന്ധപ്പെട്ട് കൂടുന്നതുമാണ്.

## 5. ടൂറിസം സർക്യൂട്ട്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഓണാട്ടുകരയുടെ ഹൃദയഭൂമിയും പ്രത്യേക കാർഷിക മേഖലയുമാണ് മാവേലിക്കര. ഒൻപതാം നൂറ്റാണ്ടിൽ ഇവിടെയാണ് ബുദ്ധ പ്രതിമ സ്ഥാപിക്കപ്പെട്ടത്. എ.ഡി. 823-ൽ സ്ഥാപിക്കപ്പെട്ട ദക്ഷിണകാശി എന്നറിപ്പെടുന്ന കണ്ടിയൂർ മഹാദേവ ക്ഷേത്രം, 1080 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, 12-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട മാരിയമ്മൻ കോവിൽ, 200 വർഷം പഴക്കമുള്ള ഹിദായത്തുൽ ഇസ്ലാം സമാജം മുസ്ലീം ജമാഅത്ത് ആദിക്കാട്ടൂർ വലിയപള്ളി, നൂറ്റാണ്ടുകൾ പഴക്കമുള്ള മേട്ടുമ്പുറം ഉപ്പൂപ്പാ ഖബർ സ്ഥാനം, യുനെസ്കോയുടെ അംഗീകാരം നേടിയ ചെട്ടികുളങ്ങര ക്ഷേത്രം, കുംഭഭരണി മഹോത്സവം ലോക പ്രശസ്തമാണ്. 400 വർഷത്തിലേറെ പഴക്കമുള്ള ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും 1845-ൽ സ്ഥാപിച്ച സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചും മാവേലിക്കരയിലാണ്. ഈ ആരാധനാലയങ്ങൾ പൗരാണിക ശിൽപ്പചാതുര്യത്തിന് മകുടോദാഹരണവും പതിനായിരക്കണക്കിന് വിശ്വാസികൾ എത്തിച്ചേരുന്നവയുമാണ്. ആധുനിക മലയാള ഭാഷയുടെ തമ്പുരാൻ കേരള പാണിനി എ. ആർ. രാജരാജവർമ്മയുടെ സ്മാരകം 'ശാരദാ മന്ദിരം' ഇവിടെയാണ്. റാണി ലക്ഷ്മീഭായിയുടെ നിർദ്ദേശപ്രകാരം കേണൽ മൺട്രോ സ്ഥാപിച്ച 200 വർഷത്തിലേറെ പഴക്കമുള്ള കോടതിയും 400 വർഷത്തിലേറെ പഴക്കമുള്ള മണ്ഡപത്തിൻകടവ്, ലോക പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ സ്മരണയ്ക്കായി 1915-ൽ സ്ഥാപിച്ച രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണ കേന്ദ്രം, ശിവാനന്ദാശ്രമം, നവോത്ഥാന നായകൻമാരുടെ നാമധേയത്തിൽ ആരംഭിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം മാവേലിക്കരയിൽ നൂറനാടാണ് സ്ഥാപിക്കുന്നത്. മാവേലിക്കരയിലെ നൂറനാട്, പാലമേൽ പഞ്ചായത്തുകൾ ദേശാടന പക്ഷികൾ എത്തിച്ചേരുന്ന പ്രദേശവും പക്ഷി ഗ്രാമവുമാണ്. നൂറനാടിനെ

നന്ദികേശ ശിൽപ്പ പൈതൃക ഗ്രാമമായി സാംസ്കാരിക വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ധാരാളം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം മേഖലയാണ്. ഇതിന് സമീപമുള്ള ഇരപ്പൻപാറ വെള്ളച്ചാട്ടം, വെട്ടിക്കോട് ചാലും വള്ളികുന്നം ചിറയും ടൂറിസ്റ്റുകളെ ആകർഷിക്കുന്നവയാണ്. വള്ളികുന്നം ചിറ ടൂറിസം പദ്ധതിക്ക് 2020-21-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രദേശങ്ങളുൾപ്പെടെ സഞ്ചാരികളെ ആകർഷിക്കുന്ന നിരവധി പ്രദേശങ്ങൾ മാവേലിക്കരയിലുണ്ട്. ഇവയെ ആകെ കോർത്തിണക്കി ഒരു ഹെറിറ്റേജ് ടൂറിസം സർക്യൂട്ട് മാവേലിക്കരയിൽ ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എം. എസ്. അരുൺ കുമാർ ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം പരിഗണിക്കപ്പെടേണ്ടതുതന്നെയാണ്. മാവേലിക്കരയും സമീപപ്രദേശങ്ങളുൾപ്പെട്ട ഓണാട്ടുകര ഏറെ വിനോദ സഞ്ചാര വികസന സാധ്യതയുള്ള മേഖലയാണ്. പൊതുവെ ആ നിലയിലാണ് വിലയിരുത്തപ്പെടുന്നത്. ഓണാട്ടുകരയുടെ ചരിത്രവും പൈതൃകവും വിളിച്ചോതുന്ന ഒട്ടേറെ ശേഷിപ്പുകൾ ഈ പ്രദേശങ്ങളിലുണ്ട്. പ്രകൃതിഭംഗികൊണ്ട് ഏറെ അനുഗ്രഹീതമായ പല പ്രദേശങ്ങളും സഞ്ചാരികളുടെ ശ്രദ്ധയിൽപ്പെടാതെ കിടക്കുന്നു. നൂറനാട്, പാലമേൽ പ്രദേശങ്ങൾ ദേശാടന പക്ഷികളുടെ പറുദീസയാണ്. പക്ഷി നിരീക്ഷകർക്കും പ്രകൃതി സ്നേഹികൾക്കും ഇഷ്ടയിടമായ ഈ മേഖല ഇനിയും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ചെട്ടികുളങ്ങര, ചുനക്കര, പടനിലം തുടങ്ങിയ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും കെട്ടുകാഴ്ചകളും ഏറെ പ്രസിദ്ധമാണ്. ഓണാട്ടുകരയുടെ തനതായ കാർഷിക പാരമ്പര്യവും ചരിത്ര പ്രസിദ്ധങ്ങളായ സ്മാരകങ്ങളും ഉത്സവങ്ങളും പ്രകൃതിഭംഗിയും എല്ലാംതന്നെ സഞ്ചാരികൾക്കും ഭാവി തലമുറകൾക്കുമായി സംരക്ഷിച്ച് അനാവരണം ചെയ്യപ്പെടേണ്ടതുണ്ട്. ബുദ്ധമത പാരമ്പര്യം വിളിച്ചോതുന്നവയാണ് ഈ പ്രദേശങ്ങളിലെ ബുദ്ധ വിഗ്രഹങ്ങളും കെട്ടുകാഴ്ചകളും. ഇവയെല്ലാം സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന വിധത്തിൽ അവതരിപ്പിക്കപ്പെടേണ്ടതുമാണ്. താമരക്കുളം പഞ്ചായത്തിലുൾപ്പെട്ട വയ്യാങ്കരച്ചിറ ഒരു വിനോദസഞ്ചാര കേന്ദ്രമായി ഇതിനോടകംതന്നെ ടൂറിസം വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി വയ്യാങ്കരച്ചിറയിൽ ടോയ്‌ലെറ്റ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, വാക്ക്‌വേ, ബോട്ട്ജെട്ടി, കുട്ടികളുടെ കളിസ്ഥലം, ലൈറ്റിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്രകൃതി രമണീയമായ വള്ളികുന്നം ചിറയെ ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയാണ്. 2021-22-ലെ ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വോളിയം II-ൽ

200 ലക്ഷം രൂപ അടങ്കൽ വരുന്ന ഈ പദ്ധതിക്ക് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓണാട്ടുകര മേഖലയുടെ പൈതൃകവും കൃഷി രീതികളും ഉത്സവങ്ങളും തനത് കലാരൂപങ്ങളുമെല്ലാം കോർത്തിണക്കി ഒരു സർക്യൂട്ട് വികസിപ്പിച്ച് സഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതുവഴി ഈ പ്രദേശങ്ങളുടെ ആകെ വികസനത്തിനും പ്രദേശവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും കഴിയുമെന്ന് കരുതുന്നു. ഈ മേഖലയെ ഒരു ടൂറിസം സർക്യൂട്ട് എന്ന നിലയിൽ വികസിപ്പിക്കുവാനുള്ള സാധ്യത പരിശോധിക്കും. ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിലും ഇത് വിശദമായി ചർച്ച ചെയ്യുന്നതായിരിക്കും.

## 6. സൗജന്യ ഓൺലൈൻ റെയിൽവേ യാത്രാ റിസർവേഷൻ

ശ്രീ. കെ. ബാബു (നെന്മാറ): സർ, മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിലേയ്ക്ക് തിരിച്ചെത്താൻ തീവണ്ടി മാർഗ്ഗം തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് വേണ്ടിയുള്ളതാണ് എന്റെ ഈ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്ത് ക്യാൻസർ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി സർക്കാർ, സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്യാൻസർ രോഗികൾ ഏറ്റവും പ്രധാനമായും ചികിത്സയ്ക്ക് ആശ്രയിക്കുന്നത് തിരുവനന്തപുരത്തെ ആർ.സി.സി.-യെ ആണ്. കാസർഗോഡ് മുതൽ ചികിത്സയ്ക്ക് എത്തുന്ന രോഗികളിൽ 90 ശതമാനവും ആർ.സി.സി.-യിൽ എത്തുന്നത് ട്രെയിൻ മാർഗ്ഗമാണ്. ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ആർ.സി.സി.-യിൽനിന്ന് ലഭിക്കുന്ന പാസുമായി നേരിട്ട് റെയിൽവേ സ്റ്റേഷനിലെത്തി ടിക്കറ്റെടുത്താൽ രോഗികൾക്ക് പൂർണ്ണമായും കൂടെയുള്ള ഒരാൾക്ക് 50 ശതമാനത്തിന്റെയും ഇളവാണ് ഇപ്പോൾ ലഭിക്കുന്നത്. അതൊരു വലിയ സഹായമാണ്. ഈ മഹാമാരിയുടെ കാലത്തും ദിനംപ്രതി 300-ലധികം സൗജന്യ ട്രെയിൻ പാസ്സുകൾ ആർ.സി.സി. മുഖാന്തരം നൽകുന്നുണ്ടെന്നാണ് അറിയുന്നത്. ഓൺലൈൻ വഴി ടിക്കറ്റെടുത്താൽ ആർക്കും ലോകത്ത് എവിടേയ്ക്കും യാത്ര ചെയ്യാമെന്നിരിക്കെ ആർ.സി.സി.-യിൽനിന്നും നൽകുന്ന പാസ്സുമായി കിലോമീറ്റർ അകലെയുള്ള സ്വന്തം സ്ഥലത്തെ റെയിൽവേ സ്റ്റേഷനുകളിൽ നേരിട്ട് ചെന്നുവേണം ഈ പാവപ്പെട്ട രോഗികൾ ടിക്കറ്റെടുക്കാൻ. എന്നാൽ മാത്രമേ അവർക്ക് യാത്ര ചെയ്യാൻ കഴിയൂ എന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതുകൊണ്ട് ആർ.സി.സി.-യിൽ ചികിത്സയ്ക്ക് എത്തുന്നവർക്കുകൂടി ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ആർ.സി.സി.-യിൽത്തന്നെ ഒരു റെയിൽവേ റിസർവേഷൻ കൗണ്ടർ ആരംഭിക്കാനാവശ്യമായ നടപടി ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി(ശ്രീ. വി. അബ്ദുറഹിമാൻ) : സർ, ബഹുമാനപ്പെട്ട നെന്മാറ എം.എൽ.എ.-യുടേത് പ്രസക്തമായൊരു സബ്മിഷനാണ്. ക്യാൻസർ ചികിത്സ, പീരിയോഡിക്കൽ ചെക്കപ്പ് എന്നിവയ്ക്കായി അംഗീകൃത ആശുപത്രി സ്ഥാപനങ്ങളിലെ ഓഫീസർ ഇൻ ചാർജ്ജ് നൽകുന്ന സർട്ടിഫിക്കറ്റോടുകൂടി ടിക്കറ്റെടുക്കുന്ന ക്യാൻസർ രോഗികൾക്ക് നിലവിൽ റെയിൽവേയുടെ യാത്രാ സൗജന്യമുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ട്രെയിനുകൾ സ്പെഷ്യൽ ട്രെയിനുകളായി ഓടിക്കുന്നതിനാൽ ക്യാൻസർ രോഗികൾക്കുള്ള ഈ സൗകര്യം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. രോഗികൾക്ക് സഹായകരമാകുന്ന ഒരു സംവിധാനമാണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ക്യാൻസർ രോഗികൾക്ക് കൺസെഷനോടുകൂടിയ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ചട്ടം 166(1)പ്രകാരമുള്ള കടലാസ്സുകൾ

(I) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 468/2021 | ജി.ഒ.(പി) നമ്പർ 44/2021/ഹോം | 24-6-2021 | അല്ല |
| 2 | 473/2021 | ജി.ഒ.(ആർറ്റി) നമ്പർ 1702/2021/ഹോം | 18-6-2021 | അല്ല |
| 3 | 516/2021 | ജി.ഒ.(പി) നമ്പർ 19/2021/ജിഎഡി | 9-7-2021 | അല്ല |
| 4 | - | സ.ഉ.(എംഎസ്)നമ്പർ 114/2021/പൊഭവ | 3-6-2021 | അല്ല |
| 5 | - | സ.ഉ.(കൈ) നമ്പർ 129/2021/പൊഭവ | 5-7-2021 | അല്ല |

(II) തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 825/2019 | സ. ഉ. (അച്ചടി) നമ്പർ 79/2019/ത.സ്വ.ഭ.വ. | 2-11-2021 | അതെ |

(III) റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 498/2021 | ജി.ഒ.(എംഎസ്.) നമ്പർ 9/2021/എച്ച്എസ്ജി | 2-7-2021 | അല്ല |
| 2 | 509/2021 | ജി.ഒ.(പി) നമ്പർ 90/2021/ആർഡി | 8-7-2021 | അല്ല |

ചട്ടം 166 (ബി) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് & ഡിസാസ്റ്റർ മാനേജ്മെന്റ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

(IV) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 405/2021 | ജി.ഒ.(പി) നമ്പർ 37/2021/ടാക്സസ് | 6-5-2021 | അല്ല |
| 2 | 406/2021 | ജി.ഒ.(പി) നമ്പർ 38/2021/ടാക്സസ് | 6-5-2021 | അല്ല |
| 3 | 441/2021 | ജി.ഒ.(പി) നമ്പർ 41/2021/ടാക്സസ് | 14-6-2021 | അല്ല |
| 4 | 467/2021 | ജി.ഒ.(പി) നമ്പർ 40/2021/ടാക്സസ് | 14-6-2021 | അല്ല |
| 5 | 503/2021 | ജി.ഒ.(പി) നമ്പർ 44/2021/ടാക്സസ് | 06-7-2021 | അല്ല |

(V) സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 443/2021 | ജി.ഒ.(പി) നമ്പർ 95/ 2021/ കോ-ഓപ് | 10-6-2021 | അല്ല |
| 2 | 475/2021 | ജി.ഒ.(പി) നമ്പർ 99/2021/കോ-ഓപ് | 21-6-2021 | അല്ല |

(VI) മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 2020-21 | വാർഷിക റിപ്പോർട്ട് | അല്ല |

VII) മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 421/2021 | ജി.ഒ.(പി) നമ്പർ 47/2021/എൽബിആർ | 14-5-2021 | അല്ല |
| 2 | 423/2021 | ജി.ഒ.(പി) നമ്പർ 48/2021/എൽബിആർ | 14-5-2021 | അല്ല |
| 3 | 425/2021 | ജി.ഒ.(പി) നമ്പർ 44/2021/എൽബിആർ | 11-5-2021 | അല്ല |

(VIII) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 414/2021 | ജി.ഒ.(പി) നമ്പർ 15/ 2021/ ട്രാൻസ് | 24-5-2021 | അല്ല |

(IX) കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 479/2020 | ജി.ഒ.(പി) നമ്പർ 38/2020/എച്ച്&എഫ്ഡബ്ല്യൂഡി | 30-7-2020 | അതെ |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഔഷധി | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

(X) ശ്രീ. ആർ. കിഷോർ കുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്: സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്ട് ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2021 | 5 | ദി കേരള അപ്രോപ്രിയേഷൻ (വോട്ട് ഓൺ അക്കൗണ്ട് നമ്പർ 2) ആക്റ്റ്, 2021 |

(2) ചട്ടം 47 (2) പ്രകാരമുള്ള കടലാസ്സുകൾ

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3825, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5336, നാലാം സമ്മേളനത്തിലെ 218, അഞ്ചാം സമ്മേളനത്തിലെ 165, പതിമൂന്നാം സമ്മേളനത്തിലെ 3865, പതിനാലാം സമ്മേളനത്തിലെ 1892, 1893, 1938, പതിനഞ്ചാം സമ്മേളനത്തിലെ 3507, പതിനാറാം സമ്മേളനത്തിലെ 171, 1978, 1989, 2004, 2005, 2014, 2020, 2027, 2030, 2033, 2037, 2041, 2045, 3643, 3671, 3724, 3791, 5509, 5511, 5513, 5528, പതിനെട്ടാം സമ്മേളനത്തിലെ 79, 167, 1859, 1863, 1895, പത്തൊമ്പതാം സമ്മേളനത്തിലെ 25, 87, 88, 135, 168, 171, 1719, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 56, 72, 97, 114, 1919, 1945, 1955, 1958, 1962, 1963, 1967, 1970, 1990, 1993, 1999, 2000, 2041, പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 15, 16, 20, 30, 32, 34, 35, 37, 45, 47 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും. ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ T 786 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(3) ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 271, 319 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(4) കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 108-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

### (1) കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശകസമിതി അംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

## VIII ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| IX | വാഹന നികുതികൾ | 70,55,16,000 | ----- | 52,91,36,000 | ----- | 88,18,95,000 | ----- | 88,18,95,000 |
| XXXIII | മത്സ്യബന്ധനം | 129,07,25,000 | 79,44,03,000 | 96,80,46,000 | 59,58,04,000 | 161,34,08,000 | 99,30,05,000 | 260,64,13,000 |
| XLI | ഗതാഗതം | 26,87,14,000 | 481,56,65,000 | 20,15,36,000 | 361,17,49,000 | 33,58,93,000 | 601,95,81,000 | 635,54,74,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല)

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഒന്നാം യു.പി.എ. സർക്കാർ തുടങ്ങിവച്ചതും ബി.ജെ.പി. സർക്കാർ തുടർന്നു വരുന്നതുമായ നയങ്ങൾ കേരളത്തിന്റെ വികസനത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളുടെ നടുവിലാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിലേറുന്നത്. പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും മഹാമാരികളുടെയും നടുവിൽ ജനങ്ങളോടുള്ള പ്രതിബദ്ധത കൈവിടാതെ നവകേരളം സൃഷ്ടിച്ച് വരുംകാലത്തിനുവേണ്ടി വികസനം കരുതാനുള്ള ഇച്ഛാശക്തിയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ഇന്ധനവില വർദ്ധനവ് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. സാമാന്യയുക്തിക്ക് നിരക്കാത്ത ഇന്ധന വിലവർദ്ധനവാണ് ഓരോ ദിവസവും ഇന്ത്യയിലെ ജനങ്ങളുടെ തലയ്ക്കുമുകളിൽ തീമഴയായി പെയ്തുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില 89 ഡോളർ ആയിരുന്നപ്പോൾ പെട്രോളിന് 72 രൂപയും ഡീസലിന് 58 രൂപയുമായിരുന്നു. എന്നാൽ അന്താരാഷ്ട്ര മാർക്കറ്റിൽ ഒരു ബാരൽ ക്രൂഡ് ഓയിലിന്റെ വില 89 ഡോളറിൽ നിന്ന് 74 ഡോളറായി താഴുമ്പോഴും പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയർന്ന് 100-ൽ എത്തിനിൽക്കുന്ന സാഹചര്യമാണുള്ളത്. ഈ വില വർദ്ധനവ് വാഹന ഗതാഗത മേഖലയിലും മത്സ്യബന്ധനമേഖലയിലുമൊക്കെ വലിയ പ്രതിസന്ധികളാണ് സൃഷ്ടിച്ചിട്ടുള്ളത്. ആ പ്രതിസന്ധികളുടെ നടുവിലും വരുംകാലത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള നവീകരണ പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കോവിഡ് കാലത്ത് ആധുനിക സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തുകയെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. ഏത് പ്രതിസന്ധികളുടെ നടുവിലും ഒരു സാധ്യത ഒളിച്ചിരിപ്പുണ്ട് എന്നുള്ളതാണ്. ആ സാധ്യതയെ കണ്ടെത്തുക, വിനിയോഗിക്കുക, ഉപയോഗിക്കുക എന്ന കാഴ്ചപ്പാട് ഗതാഗത മേഖലയിൽ നമുക്ക് കാണാനാകും. വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. വെഹിക്കിൾ ലൊക്കേറ്റർ ട്രാക്കിംഗ് സിസ്റ്റം ആരംഭിക്കുകവഴി ഉണ്ടായിട്ടുള്ള മാറ്റം വളരെ വലുതാണ്. കോവിഡ് കാലത്ത് ഓക്സിജൻ വിതരണത്തിനുവേണ്ടി വിദൂര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വാഹനങ്ങളുടെ ഗതി നിയന്ത്രിക്കാനും ഓക്സിജൻ വിതരണം കാര്യക്ഷമമായി നടത്താനും ഈ ട്രാക്കിംഗ് സിസ്റ്റം വഴി നമുക്ക് ഉറപ്പുവരുത്താനാകും. റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സമീപനങ്ങളുണ്ട്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഉപയോഗിച്ച് വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം കേരളത്തിൽ വളരെ ശാസ്ത്രീയമായി, ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴിയുണ്ടാക്കിയ മാറ്റം റോഡപകടങ്ങളുടെ എണ്ണത്തിൽ മാത്രമല്ല,

ക്രിമിനൽ കുറ്റങ്ങൾ കണ്ടെത്തുന്നതുവരെ സഹായിക്കുന്നതിനിടയായിട്ടുണ്ട്. 60 സേവന പ്രക്രിയകൾ ഓൺലൈൻ ആക്കുക മാത്രമല്ല, കോവിഡ് കാലത്ത് 36 സേവനങ്ങൾ സമ്പർക്കരഹിതമായി വിദൂരത്തിരുന്നുകൊണ്ട് നടത്താൻ പറ്റുന്ന സംവിധാനം ഉണ്ടായിരിക്കുന്നു. അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ഇ-മൊബിലിറ്റി അതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. നമുക്ക് എല്ലാവർക്കും അറിയുന്നതുപോലെ കെ.എസ്.ആർ.ടി.സി. കേരളത്തിലെ ഏറ്റവും വലിയ ഒരു പൊതുമേഖലാ സ്ഥാപനം എന്നതിനപ്പുറം ഒരു കരുതലാണ്. 1950-ൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആക്ട് രൂപീകരിച്ചു. 1965-ൽ കെ.എസ്.ആർ.ടി.സി. രൂപീകരിക്കുന്നു. സഞ്ചിതഭാരംകൊണ്ട് ചലിക്കാനാകാതെ കിതച്ചുകിതച്ച് നിന്നുപോകുന്ന അവസ്ഥയിലായിരുന്നു കെ.എസ്.ആർ.ടി.സി-യെന്ന് നമുക്കൊക്കെ അറിയാം. അവിടെ നിന്ന് കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് ഇരിക്കുകയില്ലെന്ന നിശ്ചയദാർഢ്യത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത നിലപാടുകളുടെയടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾവലിയ മാറ്റമാണുണ്ടാക്കിയിട്ടുള്ളത്. കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയുടെ കാലത്ത് വരുമാന നഷ്ടമുണ്ടായി. പ്രതിദിന സഞ്ചാരദൂരം കുറഞ്ഞു. അപ്പോഴും ഈ കാലത്തിന്റെ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ട് സാങ്കേതികവൽക്കരണം കെ.എസ്.ആർ.ടി.സി.-യിൽ നടക്കുകയാണ്. ജീവനക്കാർക്ക് അവരുടെ ശമ്പള ആനുകൂല്യങ്ങൾ ജി-സ്പാർക്ക് വഴി നടപ്പാക്കാനുള്ള ശ്രമം സ്വീകരിച്ചു. ഡീസൽ ബസ്സുകൾ എൽ.എൻ.ജി., സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിനുള്ള സമീപനമുണ്ടായി.

ഷോപ്പ് ഓൺ വീൽ എന്ന നവീന സംരംഭത്തിലൂടെ ഉപയോഗശൂന്യമായ കെ.എസ്.ആർ.ടി.സി. ബസുകളെ കുടുംബശ്രീ കഫേകളാക്കിമാറ്റി. മൂന്നാറിലെ ബസ് ലോഡ്ജ് എന്ന ഏറ്റവും നവീന ആശയവും പ്രാവർത്തികമാക്കി. ചുരുക്കത്തിൽ കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് നിന്നുമിറങ്ങി മെല്ലെ ചലിച്ചുതുടങ്ങുന്ന അവസ്ഥയിലേയ്ക്കെത്തുകയും ഭാവനാപൂർണ്ണമായ നേതൃത്വം വഴി മുമ്പോട്ടുപോകുകയും ചെയ്യുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അതേസമയം ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് സംതൃപ്തമായ തൊഴിലാളികളും വളരെ പ്രാധാന്യമുള്ളതാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. തൊഴിലാളികൾ ഉന്നയിച്ച നിരവധി പ്രധാന പ്രശ്നങ്ങളുണ്ട്. 10 വർഷമായി ശമ്പള പരിഷ്കരണത്തെക്കുറിച്ച് ആലോചിക്കാനുള്ള ആരോഗ്യം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായിരുന്നില്ല. എന്നാൽ ജൂൺ മാസത്തിൽ ശമ്പള പരിഷ്കരണ നടപടികൾ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിരിക്കുന്നു. ഓണത്തിന് മുമ്പുതന്നെ ശമ്പളപരിഷ്കരണം പൂർത്തിയാക്കാനും തൊഴിലാളികളുടെ അസംതൃപ്തി പരിഹരിക്കാനും കഴിഞ്ഞാൽ കൂടുതൽ മുമ്പോട്ടു പോകാനാകും. പിരിച്ചുവിടപ്പെട്ട എംപാനൽ തൊഴിലാളികളെ

തിരിച്ചെടുക്കുമെന്ന ഉറപ്പ് പാലിക്കാനാകണം. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് പൊതുസമൂഹത്തിന് ചില പരാതികളുണ്ട്. ഇടപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും സഞ്ചാര സൗകര്യം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ഇപ്പോഴും സാധ്യമാകുന്നില്ലെന്നതാണത്. ചില ചെറിയ റോഡുകളുള്ള പ്രദേശങ്ങളിൽ തമിഴ്നാട് മാതൃകയിൽ കരാറടിസ്ഥാനത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ കെ.എസ്.ആർ.ടി.സി.-ക്ക് അധിക ചെലവില്ലാതെ കൃത്യമായ വരുമാനം ഉറപ്പുവരുത്താൻ സാധിക്കും. അത്തരം നടപടികൾ സ്വീകരിക്കുമെന്നാണ് കരുതുന്നത്. ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെയും ജനങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധതയുടെയും പ്രതിഫലനമാണ് ഈ വകുപ്പുകളിലൊക്കെ കാണാൻ കഴിയുന്നത്. കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി കാലത്ത് സുഭിക്ഷ കേരളം എന്ന ആശയം കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി മുന്നോട്ടുവയ്ക്കുമ്പോൾ അതനുസരിച്ചുള്ള നിലപാട് ഉൾനാടൻ മത്സ്യകൃഷി മേഖലയിൽ കാണാനാകും. എന്റെ മണ്ഡലമായ കാട്ടാക്കടയിൽ ലോകശ്രദ്ധയാകർഷിക്കപ്പെട്ട ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഏകദേശം നൂറോളം കാർഷിക കുളങ്ങളിലാണ് മത്സ്യകൃഷി ആരംഭിച്ചത്. അങ്ങനെ തുടങ്ങിയപ്പോഴുണ്ടായ നേട്ടം നേരിട്ട് ബോദ്ധ്യപ്പെടാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ബയോഫ്ലോക് യൂണിറ്റുകളും പടുതാ കുളങ്ങളുമൊക്കെ നമുക്കിനിയും വ്യാപകമായി നടപ്പാക്കാൻ കഴിഞ്ഞാൽ വിഷംപുരളാത്ത മത്സ്യം തീൻമേശപ്പുറത്തെത്തിക്കാൻ കഴിയും. അത്തരത്തിലുള്ള മാതൃകാ പ്രവർത്തനങ്ങളാണ് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. 42000 കർഷകർ ഉൾനാടൻ മത്സ്യകൃഷി മേഖലയിലേയ്ക്ക് വന്നിരിക്കുന്നുവെന്നത് വസ്തുതയാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് എൻട്രൻസ് പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നത് വ്യാപകമാക്കുന്നതും എല്ലാ ജില്ലകളിലും അത്തരത്തിലുള്ള പരിശീലനത്തിനായി സൗകര്യം ഏർപ്പെടുത്തുന്നതും വളരെ മെച്ചപ്പെട്ട റിസൽട്ടുണ്ടാക്കുമെന്നാണ് കരുതുന്നത്. ഇന്ന് പ്രതിപക്ഷം സഭയിലില്ല. അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സ്വയം പരിഹാസ്യമാകുന്ന സമീപനമാണ് നിർഭാഗ്യവശാൽ പ്രതിപക്ഷം സ്വീകരിച്ചത്. ഏതാനും മാസങ്ങൾക്കുമുമ്പാണ് ഇടതുപക്ഷത്തിന്റെയും കോൺഗ്രസിന്റെയും എം.പി.മാരുൾപ്പെടെ പാർലമെന്റ് അംഗങ്ങളെ ലോകസഭയിൽ സസ്പെൻഡ് ചെയ്തത്. ഇന്ത്യയിലെമ്പാടും അലയടിച്ചുയർന്ന കർഷക പ്രക്ഷോഭത്തിന്റെ പ്രതിഫലനങ്ങൾ ഇന്ത്യൻ പാർലമെന്റിനകത്തുണ്ടായി. ആ പ്രതിഷേധം തീവ്രവും ശക്തവുമായപ്പോൾ ബി.ജെ.പി. ഗവൺമെന്റ് കോൺഗ്രസിന്റെയും ഇടതുപക്ഷത്തിന്റെയുമുൾപ്പെടെയുള്ള എം.പി.-മാരെ പുറത്തുനിർത്താനാണ് ശ്രമിച്ചത്. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ, ആശയങ്ങളുടെയും നിലപാടുകളുടെയും അടിസ്ഥാനത്തിലുണ്ടാകുന്ന

മുന്നണികളും അവയ്ക്കുണ്ടാകുന്ന മാറ്റങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. 1975 ജൂൺ 25 -ാം തീയതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. അടിയന്തരാവസ്ഥ ഇന്ത്യയിൽ സൃഷ്ടിച്ച വിനാശകരമായ മാറ്റത്തിൽ പ്രതിഷേധിച്ചുകൊണ്ട് കോൺഗ്രസിനകത്തു നിന്നുതന്നെ പ്രതിഷേധമുണ്ടായില്ലേ; ശ്രീമാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ അടിയന്തരാവസ്ഥയ്ക്കെതിരായി പ്രതിഷേധിച്ചു കൊണ്ട് കോൺഗ്രസ് വിട്ട് പുറത്തുവന്നത് നയംമാറ്റമായിരുന്നില്ലേ; നയത്തിനെതിരായ പോരാട്ടമായിരുന്നില്ലേ? നമ്മുടെ നിയമസഭയ്ക്കകത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള അതിക്രമങ്ങളുടെ എത്രയെത്ര കഥകൾ പറയാനുണ്ട്. കേരളത്തിന്റെ ആദരണീയനായ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്-നെതിരായി ചെരിപ്പേറുണ്ടായിട്ടില്ലേ; പശ്ചിമ ബംഗാൾ നിയമസഭയ്ക്കകത്തുനിന്ന് കീറിപ്പറിഞ്ഞ കുർത്തയുമായി ജ്യോതി ബസുവിന് ഇറങ്ങിപ്പോകേണ്ട അവസ്ഥയുണ്ടായിട്ടില്ലേ? ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. ടി. തോമസ് കറുത്ത വെള്ളിയാഴ്ചയെക്കുറിച്ച് പറഞ്ഞു. ആ കറുത്ത വെള്ളിയാഴ്ച ഞങ്ങൾ തിരുവനന്തപുരത്ത് ടിയർഗ്യാസ് ഷെല്ലിന്റെയും ലാത്തിച്ചാർജ്ജിന്റെയും നടുവിലായിരുന്നു. തിരുവനന്തപുരത്ത് മാത്രമല്ല കേരളത്തിലെമ്പാടും സ്ഥിതി അതായിരുന്നു. അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന ഒരു സർക്കാരിനും അവരുടെ നയങ്ങൾക്കുമെതിരായ പോരാട്ടമായിരുന്നു. പരമപവിത്രമായ ഒരു സർക്കാരാണെന്നും അതിനെതിരായി ശബ്ദിക്കാൻ പാടില്ലെന്നുമാണോ പ്രതിപക്ഷം പറയുന്നത്? ഗവൺമെന്റിനെതിരായി പ്രതിഷേധിക്കുമ്പോൾ നൂറ്റിനാൽപ്പത് നിയമസഭാംഗങ്ങളെ നേരിടാൻ എത്ര പോലീസുകാരെയാണ് സമുച്ചയത്തിൽ ഏർപ്പെടുത്തിയിരുന്നത്. തെരുവുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രക്ഷോഭത്തെ നേരിടാൻ പോലീസിനെ കയറൂരി വിട്ടതുപോലെ ഈ നിയമസഭയ്ക്കകത്തും പോലീസിനെക്കൊണ്ട് നിയമസഭാംഗങ്ങളെ നേരിടാനുള്ള ശ്രമമുണ്ടായില്ലേ? ഒരു കുറ്റത്തിന് രണ്ട് ശിക്ഷ പാടില്ലെന്നുള്ളത് ഇന്ത്യൻ നിയമവ്യവസ്ഥയുടെ അടിസ്ഥാനമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സർക്കാർ ജീവനക്കാരനെ നോക്കിക്കാണുന്ന അതേ സമീപനത്തോടെയാണ് നിയമനിർമ്മാണ സഭയിലെ അംഗങ്ങളെയും പരിഗണിക്കുന്നത്. തീർച്ചയായും ഈ പരിഹാസങ്ങൾ യഥാർത്ഥത്തിൽ ബൂമറാങ്ങ് പോലെ പ്രതിപക്ഷത്തിന്റെ നേർക്കാണ് തിരിച്ചുവരുന്നതെന്ന് അവർ മനസിലാക്കണം. ഇന്ത്യൻ ജനാധിപത്യത്തിന്റെ പരീക്ഷണശാലയായ നിയമസഭയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ ഉത്തരവാദിത്വവും ചുമതലയും സ്പീക്കർക്കുള്ളതാണ്. നിയമസഭയുടെ പരിരക്ഷ ചോദ്യം ചെയ്യപ്പെടാനാകാത്തതാണ്. നിയമസഭയിൽ തീർപ്പാക്കി ശിക്ഷാ നടപടികൾ സ്വീകരിച്ച വിഷയത്തെ സംബന്ധിച്ച് ബഹു. സുപ്രീംകോടതി എടുത്ത ഒരു വിധി ചർച്ച ചെയ്യാൻ പാടില്ലാത്തതാണോ? ഇന്ത്യയെന്നുപറയുന്നത്

സംവാദങ്ങളുടെയും ചർച്ചകളുടെയും ജനാധിപത്യത്തിന്റെയും ഭൂമികയാണ്. അവിടെ എല്ലാ വിധികളും നിയമനിർമ്മാണ സഭയെടുക്കുന്ന ഏതുതീരുമാനവും ചർച്ച ചെയ്യപ്പെടാം. സ. വി. ശിവൻകുട്ടി എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രി അനാശാസ്യമോ അവിഹിതമോ സംബന്ധിച്ച കേസിൽ പ്രതിയായിട്ടില്ല, മറിച്ച് ഒരു മുന്നണിയുടെ നയത്തിനെതിരായും അഴിമതിക്കെതിരായും നടത്തിയ രാഷ്ട്രീയ പോരാട്ടത്തിന്റെ മുന്നണിപ്പോരാളിയായാണ് ജനങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. സ. വി. ശിവൻകുട്ടിയെ കേരളത്തിലെ ജനങ്ങൾ നെഞ്ചേറ്റി വാങ്ങും. ബി.ജെ.പി.-യുടെ കേരളത്തിലെ അക്കൗണ്ട് പൂട്ടിക്കാൻ കഴിഞ്ഞ പോരാളിയായാണ് അദ്ദേഹം കേരളീയ സമൂഹത്തിന്റെ മുമ്പിൽ തലയുയർത്തി നിൽക്കുന്നതെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയുക്തം പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പരിഗണിക്കുന്ന വാഹനനികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നിവയ്ക്കാവശ്യമായ IX, XXXIII, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്നത് ഒരു തീരദേശ മണ്ഡലമാണ്. എന്റെ മണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തുകളും കടലോരവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും ധാരാളമായുള്ള മണ്ഡലത്തിൽ ഈ മേഖലയിലേയ്ക്ക് എത്രതുക നീക്കിവയ്ക്കുന്നുവെന്നുള്ളത് ഞങ്ങളെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. ഈ മഹാമാരിക്കാലത്ത്, സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന ഘട്ടത്തിൽ ഏറെ ആശങ്കയോടുകൂടിയാണ് ഓരോ ഇനത്തിലുമുള്ള ധനാഭ്യർത്ഥനകളെയും ഞങ്ങൾ പരിശോധിക്കാൻ ശ്രമിച്ചത്. കഴിഞ്ഞ വർഷത്തേക്കാൾ 11.48 ശതമാനം അധിക വിഹിതമാണ് മത്സ്യമേഖലയ്ക്കായി നീക്കിവച്ചിട്ടുള്ളത്. ഈ മേഖലയ്ക്ക് മാത്രമായി 394.74 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്ന കാര്യം വലിയ സന്തോഷം തരുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ വകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രി ശ്രീ. സജി ചെറിയാനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

തീരദേശത്തിന് പ്രത്യേക പരിഗണന നൽകിയ സർക്കാരാണ് എന്നത് എല്ലാവർക്കുമറിയാം. കഴിഞ്ഞുപോയ 5 വർഷംമുതൽ ഇങ്ങോട്ട് തീരദേശ സംരക്ഷണത്തിന്റെ കാര്യത്തിലായാലും തീരപ്രദേശത്തെ ജനങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിലായാലും പൊതുവായിട്ടുള്ള നിലപാടിലായാലും ആനുകൂല്യങ്ങൾ നല്കുന്നതിലെല്ലാം വളരെ മുന്നോട്ടുപോയ സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. ഇന്ത്യയിൽ ആദ്യമായി മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയത് നമ്മുടെ സംസ്ഥാനമാണ് എന്ന് അഭിമാനകരമായി ഓർക്കുകയാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ

കുത്തകകളെ അനുവദിച്ച കേന്ദ്ര സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്നതിനുപകരം വിവാദങ്ങളുണ്ടാക്കി സംസ്ഥാന സർക്കാരിനെ ആക്ഷേപിച്ച പ്രതിപക്ഷമാണ് ഇവിടെയുള്ളത്. പ്രതിപക്ഷം ഇപ്പോൾ ഇവിടെയില്ല. എങ്കിലും ഒരുകാര്യം ഉറപ്പുണ്ട്, എന്നും പ്രതിപക്ഷമായിരിക്കുവാൻ തക്കരീതിയിലുള്ള സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. കഴിഞ്ഞ നിയമസഭയിൽ കടലാസ് രഹിത നിയമസഭ, ഇ-നിയമസഭ എന്നത് നമ്മുടെ പ്രധാനപ്പെട്ട ആശയമായിരുന്നു. അതോടൊപ്പം തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ജയിക്കുകമാത്രമല്ല ലക്ഷ്യം, ബി.ജെ.പി.-ക്ക് അക്കൗണ്ടില്ലാത്ത നിയമസഭയിൽ പ്രാതിനിധ്യമില്ലാത്ത ഏക സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നുള്ളതു കൂടിയായിരുന്നു. അത് ഞങ്ങൾനേടി. ഏറ്റവും പ്രധാനമായ കാര്യമാണത്. അതിന് തീർച്ചയായും കേരളത്തിലെ സമസ്തജനങ്ങളുടെയും വലിയ രീതിയിലുള്ള പിന്തുണ ഞങ്ങൾക്കുണ്ടാകും. അതുകൊണ്ടുതന്നെയാണ് തിരിച്ച് പ്രതിജ്ഞാബദ്ധമായ സർക്കാരെന്ന നിലയിൽ അങ്ങോട്ടും നല്ലരീതിയിൽ അവരുടെ പൊതുവായ സ്ഥിതി മെച്ചപ്പെടുത്താനുള്ള മുഴുവൻ സമീപനത്തിലും വളരെ കൃത്യമായൊരു ഊന്നൽ ഈ മുന്നണി നല്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കുന്ന ഏറ്റവും നല്ല രീതിയിൽ ആളുകൾ സ്വീകരിച്ച പദ്ധതിയാണ് 'പുനർഗേഹം' പദ്ധതി. വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കടലാക്രമണ ഭീഷണിയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും വീടും നല്കുന്ന പദ്ധതി എത്ര ഗംഭീരമായിട്ടാണ് തീരപ്രദേശത്ത് നടക്കുന്നത്. ആ പദ്ധതി വരുമ്പോൾ പ്രാദേശികമായി അവിടെയും പ്രതിപക്ഷത്തുനിന്നുള്ള ആളുകൾ പ്രശ്നമുണ്ടാക്കുകയാണ്. 10 ലക്ഷം രൂപ സ്വീകരിക്കാൻ സന്നദ്ധരായ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത് സ്വീകരിക്കാൻ വരുമ്പോൾ 10 ലക്ഷം രൂപ പോരാ 15 ലക്ഷം രൂപ വേണം. ഇവിടെ സാമൂഹിക ക്ഷേമ പെൻഷനെ സംബന്ധിച്ച് പറഞ്ഞപ്പോഴും അതുപോരാ അതിനിരട്ടി തരണമെന്നാണ്. പ്രതിപക്ഷം എല്ലാകാര്യത്തിനും ഇങ്ങനെ പ്രശ്നമുണ്ടാക്കുന്ന ഒരു സമീപനമെടുക്കുന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, പുനർഗേഹം പദ്ധതിയിൽ തീർച്ചയായും 10 ലക്ഷം രൂപ കൊടുക്കുന്നത് വലിയ ആശ്വാസകരമായ കാര്യമാണ്. ലാൻഡ് വാല്യൂ സംബന്ധിച്ച് ഒരു ഉത്തരവ് ആ പദ്ധതിയുടെ ഇടയിൽ എങ്ങനെയോ ഉണ്ടായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കും. ഈ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമായി ചില കാര്യങ്ങൾ വരുന്നുണ്ട്; അത് തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അക്കാര്യത്തിൽ നടപടിയുണ്ടാകണം. മൂന്നാമതായി, കാലാവസ്ഥാ വ്യതിയാനമുൾപ്പെടെയുള്ള നിരവധിയായിട്ടുള്ള പുതിയ പ്രശ്നങ്ങൾ വരുമ്പോൾ ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. പക്ഷെ

ഫിഷറീസ് യൂണിവേഴ്സിറ്റി ഇപ്പോഴും ജനങ്ങളിൽനിന്ന് അകലെയാണ്. അവിടെ കോഴ്സുകളും ബാക്കിയുള്ള കാര്യങ്ങളും നടക്കണം. അതിനോടൊപ്പം ആ മേഖലയിൽ വസിക്കുന്ന ആളുകൾക്ക് വളരെ ഗുണം കിട്ടുന്ന ഒരുപാട് പദ്ധതികൾ ആവിഷ്കരിക്കാനും യൂണിവേഴ്സിറ്റിക്ക് കഴിയും. അതുകൊണ്ട് ശാസ്ത്രീയമായ അറിവ് സാധാരണക്കാരിലേയ്ക്ക് കൊണ്ടുവരാൻ എങ്ങനെ സാധിക്കുമെന്നുള്ള കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. കഴിഞ്ഞ 5 വർഷക്കാലം കൈ നിറയെ പദ്ധതികളാണ് പൂവണിഞ്ഞത്. ജനങ്ങളുടെ വിശ്വാസവും സഹകരണവും ആർജ്ജിച്ചുകൊണ്ടാണ് ഓരോ പദ്ധതിയും നടപ്പിലാക്കിയതെന്ന് കാണാൻ കഴിയും. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായി. ശബരിമല വിമാനത്താവളത്തിന് ആവശ്യമായ സാധ്യതാ പഠനം പൂർത്തീകരിച്ചു. അതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് സ്വപ്നം മാത്രമായി അവശേഷിച്ചിരുന്ന ദേശീയ പാതയുടെ സ്ഥലമെടുപ്പിന്റെ ആദ്യഘട്ടത്തിലുണ്ടായ പ്രതിഷേധമൊക്കെ കഴിഞ്ഞു. ഇപ്പോഴാണെങ്കിൽ കുറച്ചുകൂടി സ്ഥലമുണ്ട്. അതുകൂടി ഏറ്റെടുക്കണമെന്ന തരത്തിലേയ്ക്കാണ് ആളുകൾ ചിന്തിച്ചു തുടങ്ങുന്നത്. ദേശീയ പാത സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ഒരു ചെറിയ സമരം പോലും ഇല്ലെന്ന് മാത്രമല്ല അവരുടെ കാര്യങ്ങൾ വളരെ സുതാര്യമായി ജനാധിപത്യപരമായിട്ടുള്ള രീതിയിൽ നടപ്പിലാകുന്നുവെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്. മലയോര ഹൈവേ, തീരദേശ ഹൈവേ ഇവയൊക്കെ യാഥാർത്ഥ്യത്തിലേയ്ക്ക് കടക്കുകയാണ്. 599 കി.മീ. ദൈർഘ്യമുള്ള നമ്മുടെ ദേശീയ ജലപാതയുടെ നിർമ്മാണവും ആരംഭിച്ചു കഴിഞ്ഞു. നാല് മണിക്കൂർകൊണ്ട് തിരുവനന്തപുരത്തുനിന്ന് കാസർഗോഡ് എത്തുന്നതിനുള്ള ഹൈസ്പീഡ് ട്രെയിൻ യാത്ര യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളും ഇതോടൊപ്പം തുടങ്ങുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഗെയിൽ പദ്ധതിയിൽ ദേശീയപാതയെക്കുറിച്ച് സംസാരിച്ചപ്പോൾ ഇവിടെ പ്രതിപക്ഷം വലിയ പദ്ധതികളെക്കുറിച്ച് പറയുന്നതിന് പകരം സ്വർണ്ണക്കടത്തിനെക്കുറിച്ചും നിയമസഭയുടെ കയ്യാങ്കളിയെ സംബന്ധിച്ചുമൊക്കെ ചർച്ചയാക്കാൻ ശ്രമിക്കുകയാണ്. ഞങ്ങൾ ഉറപ്പിച്ചുപറയുന്നു, നമ്മുടെ ആയുധം വിവാദങ്ങളല്ല; വികസനമാണ്. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജനങ്ങളുമായി സംവദിക്കുക അല്ലെങ്കിൽ ജനങ്ങളുടെ മുന്നിലേയ്ക്ക് കൊണ്ടുവരിക എന്നതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. വികസനവും വിവാദവും തമ്മിൽ ഏറ്റുമുട്ടുന്ന ഈ കൊച്ചു കേരളത്തിൽ വികസനത്തിനു മാത്രമേ മറ്റെന്തിനേക്കാളും ജയിക്കാനുള്ള സാധ്യതയുള്ളൂ. ഇനിയെങ്കിലും തെരഞ്ഞെടുപ്പിലേറ്റ തോൽവി പഠിച്ച് ഒരു ക്രിയാത്മക പ്രതിപക്ഷമായി നമ്മുടെ യു.ഡി.എഫ്. മാറേണ്ടതുണ്ട്. കഴിഞ്ഞ പ്രാവശ്യം തെരഞ്ഞെടുപ്പിന്റെ അവസാന മാസങ്ങളിൽ എല്ലാദിവസവും രാവിലെ, ഉച്ചയ്ക്ക്, വൈകിട്ട്, രാത്രി സമയങ്ങളിലായി ഓരോരോ ആരോപണങ്ങൾ, വീണ്ടും വീണ്ടും നിലയ്ക്കാത്ത രീതിയിലുള്ള ആരോപണങ്ങൾ ഉയർത്താനാണ് അവർ ശ്രമിച്ചതെന്ന്

നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുതന്നെ അത്തരം ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ നമുക്കറിയാം, അവിടെപോലും ഒരു ധാരണയില്ല. ഓരോരുത്തരും ഓരോതരത്തിലാണ് വിശേഷിപ്പിക്കുന്നത്. ഐക്യമെന്നത് അതിന്റെ ഉള്ളിലെങ്കിലും വേണ്ടെ; കഴിഞ്ഞ പ്രാവശ്യമുണ്ടായിരുന്ന പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയെ മാറ്റി പുതിയ പ്രതിപക്ഷനേതാവ് വന്നു. സമരത്തിന്റെ തനിരൂപം മാറിയെങ്കിലും ഒരു ക്രിയാത്മകമായ പ്രതിപക്ഷമായി മാറാൻ ഇവർക്ക് ഇനിയും കഴിയുന്നില്ലെന്നുള്ളത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇത് മാറാത്തിടത്തോളംകാലം പ്രതിപക്ഷത്തിന് ഒരു രക്ഷയും കിട്ടാൻപോകുന്നില്ല. ഇന്ന് ഗതാഗതവകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും ഓൺലൈൻ ആക്കാൻ സാധിച്ചത് വളരെ അഭിനന്ദനാർഹമാണ്. പക്ഷെ ഓൺലൈനാക്കിയതിനു ശേഷവും വാഹൻ സാരഥി ആപ് ഉപയോഗിക്കുന്നതിന് തടസ്സമുണ്ട്. അത് പരിഹരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോവിഡും സാമ്പത്തിക പ്രതിസന്ധിയും കടന്ന് രണ്ടാം പിണറായി സർക്കാർ കുതിക്കുകയാണ്. നിങ്ങളുണ്ടാക്കുന്ന വിവാദ പേക്കൂത്തുകളിൽ ഒരിഞ്ചുപോലും ഇടറാതെ ഇടതുപക്ഷ സർക്കാരിന്റെ ഓരോ ചുവടുവയ്പും നടത്തുന്നത് ജനകീയവികാരങ്ങളുടെ സ്പന്ദനമാണെന്ന് തൊട്ടറിഞ്ഞുകൊണ്ടാണ് ഈ നാട്ടിലെ പാവപ്പെട്ടവരുടെയും തൊഴിലാളികളുടെയും ഉറച്ച പിൻതുണയോടുകൂടി നല്ല നയസമീപനങ്ങളോടുകൂടി ആ ഉറപ്പിന്മേൽ ഉറച്ച നിലപാടിൽ ഞങ്ങൾ മുന്നോട്ടുപോകുന്നത്. ആ നിലപാടിനെ കേരളത്തിലെ സമസ്ത ജനങ്ങളും പിന്താങ്ങുമെന്ന് കൂടുതൽ ഉറപ്പിക്കുന്നതാണ് ഈ ധനാഭ്യർത്ഥന. അതിനുള്ള പണം ചെലവഴിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വളരെ സന്തോഷപൂർവ്വം ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

12.00 Noon]

ശ്രീമതി കാനത്തിൽ ജമീല: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ചരിത്രം തിരുത്തി എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നത് പാവപ്പെട്ട ജനവിഭാഗങ്ങളെ ചേർത്തുപിടിച്ചു കൊണ്ടുപോയതിന്റെ ഭാഗമായാണ്. മത്സ്യത്തൊഴിലാളികളും കച്ചവടക്കാരും സാധാരണക്കാരും ഡ്രൈവർമാരുമടങ്ങുന്ന സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങളെ ചേർത്തുപിടിച്ചുകൊണ്ടാണ് ഇടതുപക്ഷ സർക്കാരുകൾ എക്കാലവും നിലകൊണ്ടിട്ടുള്ളത്. അഞ്ചാറുവർഷംമുമ്പ് തിരിഞ്ഞുനോക്കാൻ ആളില്ലാതെ വറുതിയുടെ പിടിയിലമർന്ന തീരദേശം. ദൈവം ഇറങ്ങിവന്നാൽപോലും രക്ഷപ്പെടുത്താൻ കഴിയില്ലെന്നു പറഞ്ഞ് കഴിഞ്ഞ യു.ഡി.എഫ്.-ലെ മന്ത്രി കയ്യൊഴിഞ്ഞ് മൂലയിലിട്ട K.S.R.T.C-യെയാണ് ഏറ്റവും നല്ല രീതിയിലേയ്ക്ക് ഈ ഗവൺമെന്റ് ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്.

മത്സ്യ-ഗതാഗതമേഖലകൾ ഇന്നും പ്രൗഢിയോടെതന്നെയാണ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഭരിച്ചുമുടിച്ച് നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ പുനരുജ്ജീവിപ്പിച്ച് ആധുനികവത്കരിക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. മറ്റൊരു സർക്കാരും നൽകാത്തത്രയും തുക നൽകി ഈ സർക്കാർ കേരളത്തിലെ പൊതുഗതാഗത മേഖലയെ സംരക്ഷിച്ചു. മോട്ടോർ വാഹന വകുപ്പ് സമാനതകളില്ലാത്ത ആധുനികവത്കരണത്തിനാണ് സാക്ഷ്യം വഹിച്ചിട്ടുള്ളത്. കേരളത്തിൽ 13 സബ് ആർ.ടി. ഓഫീസുകളാണ് പുതുതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. വാഹന ചെക്ക്പോസ്റ്റുകളുടെ നവീകരണവും ആധുനികവത്കരണവും പൂർത്തിയായിരിക്കുകയാണ്. ഇപ്പോൾ എല്ലാ കാര്യങ്ങളും ഓൺലൈനിലൂടെയാണ് ചെയ്യുന്നത്. ജനങ്ങൾ ഓഫീസിൽ എത്താതെതന്നെ കാര്യങ്ങൾ വീട്ടിലിരുന്ന് ചെയ്യാൻ കഴിയുന്ന രീതിയാണ് ഇപ്പോഴുള്ളത്. എല്ലാ കാര്യങ്ങളും ഓൺലൈനിലൂടെ ചെയ്യാവുന്ന തരത്തിൽ ആർ.ടി. ഓഫീസുകൾ ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു. ദിവസവും നിരവധി ജീവനുകൾ റോഡിൽ പൊലിഞ്ഞു പോകുന്ന സ്ഥിതിവിശേഷത്തിന് അറുതിവരുത്താൻ വേണ്ടി ഈ സർക്കാരിന്റെ കാലത്ത് റോഡ് സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകിക്കൊണ്ടാണ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ അപകട മേഖലകളിൽ ബ്ലാക്ക് സ്പോട്ട് അടയാളപ്പെടുത്തി അത്തരം സ്ഥലങ്ങളെ സുരക്ഷിതമാക്കുന്നതിന് റോഡ് സുരക്ഷാ ഫണ്ട് ഫലപ്രദമായി ഈ ഗവൺമെന്റ് വിനിയോഗിച്ചു.

ഗതാഗത വകുപ്പും വലിയ മാറ്റങ്ങളാണ് ഇവിടെ വരുത്തിയിട്ടുള്ളത്. ഇന്ത്യയിലെ ആദ്യത്തെ സോളാർബോട്ടും വാട്ടർടാക്സിയും കേരളത്തിലാണ് വന്നിട്ടുള്ളതെന്ന അഭിമാനകരമായ നേട്ടമാണ് നമുക്ക് ലഭ്യമായിട്ടുള്ളത്. തെക്കൻ കേരളത്തിലും ജലഗതാഗത മേഖലയിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. പുതിയ ബോട്ടുകളും പാതകളും ഈ മേഖലയിൽ വന്നുവെന്നത് വലിയ മാറ്റമാണ്. വളരെ വലിയൊരു മേഖലയാണ്; ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കേരളത്തിന്റെ തീരമേഖലയിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ചരിത്രത്തിൽ ഇന്നുവരെ കൈവരിക്കാൻ കഴിയാത്ത നേട്ടങ്ങളാണ് തീരദേശ മേഖലയിൽ കഴിഞ്ഞ സർക്കാർ കൈവരിച്ചിട്ടുള്ളത്. കൈവരിച്ച നേട്ടങ്ങളിലേയ്ക്ക് കരിമഷി ഒഴിക്കുക എന്നുള്ള കാര്യമാണ് യു.ഡി.എഫ്. ചെയ്തുവന്നിട്ടുള്ളത്. തെരഞ്ഞെടുപ്പ് വരുന്നതിനുമുമ്പ് ആഴക്കടൽ മത്സ്യബന്ധനം തീറെഴുതിയെന്ന് പറഞ്ഞുകൊണ്ട് വലിയരീതിയിൽ പ്രചരണം നടത്തിയിട്ടുള്ള കാര്യം നമുക്കോർമ്മയുണ്ട്. ചില വ്യവസായികളെ കരുവാക്കികൊണ്ട് യു.ഡി.എഫ്. വലിയ രീതിയിൽ ക്യാമ്പയിൻ

നടത്തി. കടലോരമേഖലകളിലെല്ലാം വലിയ പ്രചരണം നടത്തിയിട്ടുപോലും കടലിന്റെ മക്കളും അവിടെയുള്ള മത്സ്യത്തൊഴിലാളികളും ഇടതുപക്ഷത്തിനൊപ്പം ചേർന്നുവെന്നുള്ളതാണ് പ്രത്യേകത. അതുകൊണ്ടുതന്നെയാണ് മിന്നുന്ന വിജയം എൽ.ഡി.എഫ്.-ന് നേടാൻ കഴിഞ്ഞിട്ടുള്ളത്. നല്ല നിലയിൽ പ്രവർത്തിച്ച വനിതാമന്ത്രിയെ സ്ത്രീ എന്ന പരിഗണനപോലും നൽകാതെ ആക്ഷേപിച്ചിരുന്നത് നമ്മൾ ഓർക്കുകയാണ്. എന്നിട്ടെന്തായി? ബാലറ്റിലൂടെ ചുട്ട മറുപടിയാണ് തീരദേശമേഖലയിലെ ജനങ്ങൾ യു.ഡി.എഫ്.-ന് കൊടുത്തിട്ടുള്ളത്. കേരളത്തിലെ തീരദേശമേഖല ചുവന്നത് വെറുതെയല്ല, താനെ ചുവന്നതുമല്ല; കടലിന്റെ മക്കളായ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ L.D.F-നെ ചേർത്തുപിടിച്ചതുകൊണ്ടാണ് കടലോരമേഖല ചുവന്നത്. കഴിഞ്ഞ ദിവസങ്ങളിലെല്ലാം കിറ്റ് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് പരിഹസിക്കുന്ന രീതിയാണ് സഭയിൽ നടന്നിട്ടുള്ളത്. കിറ്റ് കൊടുക്കേണ്ട എന്നുള്ള രീതിയിലാണ് പറഞ്ഞത്. തമിഴ്നാട്ടിൽ നാലായിരം രൂപ കൊടുക്കുന്നുണ്ട് അതുപോലെ ഒന്നിച്ചുകൊടുക്കണമെന്നാണ് പറയുന്നത്. പ്രതിപക്ഷത്തുള്ള ആളുകൾ പത്രം വായിക്കുകയോ ടി.വി കാണുകയോ ചെയ്യാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നത്. പാവപ്പെട്ട ജനവിഭാഗത്തിലുള്ളവർ റേഷൻകടയിൽനിന്ന് കിറ്റ് വാങ്ങിക്കൊണ്ട് ക്ലപ്പകയുമായാണ് വീട്ടിലേയ്ക്ക് പോകുന്നത്. കാരണം ഇടതുപക്ഷ സർക്കാരും മുഖ്യമന്ത്രിയുമാണ് അവരുടെ മനസ്സിലുള്ളത്. നമ്മുടെ പാവപ്പെട്ട ജനവിഭാഗത്തിന്റെ അടുക്കള പുകയുന്നത് ഇന്ന് എൽ.ഡി.എഫ്. നൽകുന്ന ഭക്ഷണക്കിറ്റുകൊണ്ടാണെന്നുള്ളത് യു.ഡി.എഫ്.-ന്റെ ആളുകൾ മറന്നു പോയതിനാലാണ് ഈ പരിഹാസ്യരീതിയിലുള്ള വാക്കുകൾ ഉപയോഗിക്കുന്നത്. തമിഴ്നാട്ടിൽ നാലായിരം രൂപ കൊടുക്കുന്നുവെന്ന് പറയുമ്പോൾ, മാസം 1600 രൂപയാണ് പെൻഷനായി കാലാകാലങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. മാസത്തിൽ ഒരുമിച്ച് നാലായിരം രൂപ തമിഴ്നാട്ടിൽ കൊടുക്കുന്നുണ്ടെങ്കിൽ ആ സർക്കാരിനെ അഭിനന്ദിക്കുന്നു. പക്ഷേ കേരളത്തിലുള്ളതുപോലെ ഏത് സംസ്ഥാനത്തിലാണ് കൊടുക്കാൻ കഴിഞ്ഞിട്ടുള്ളത്? പാവപ്പെട്ട ജനവിഭാഗത്തിന് 600 രൂപ പെൻഷൻ കൊടുത്തിരുന്നത് 18 മാസം പിടിച്ചുവച്ചിട്ടുള്ള ആളുകളാണ്, ഇപ്പോൾ അതല്ല വേണ്ടത്, നാലായിരം രൂപ ഒന്നിച്ചുകൊടുത്താൽ മതിയെന്ന് പറയുന്നത്. ഓണത്തിന് രണ്ടുമാസത്തെ പെൻഷനായ 3200 രൂപ ഒന്നിച്ചുകൊടുക്കുന്ന രീതിയാണുള്ളത്. ഇത് മറ്റെവിടെയാണുള്ളത്? യു.ഡി.എഫ്. ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനങ്ങളിൽ 500 രൂപയെങ്കിലും കോവിഡിന്റെ സമയത്ത് ധനസഹായമായി പാവപ്പെട്ടവർക്ക് കൊടുക്കുന്നുണ്ടോയെന്നുള്ളത് യു.ഡി.എഫ്. പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ മൊത്തം മത്സ്യത്തൊഴിലാളികളിൽ 20 ശതമാനം പേർക്കുപോലും ജീവിതോപാധികൾക്കുവേണ്ട ഉപകരണങ്ങൾ സ്വന്തമായി ഇല്ലായിരുന്നു. എന്നാൽ

ഈ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് ഉപകരണങ്ങൾ ലഭ്യമായി. യു.ഡി.എഫ്. എന്താണ് ചെയ്തിട്ടുള്ളതെന്ന് നമുക്കറിയാം. പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് ജീവനും സ്വത്തും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ടവർ ആശ്വാസ സഹായം തേടി അലഞ്ഞൊരു കാലമുണ്ടായിരുന്നു. കേരളം ആ കാലത്തോട് വിട പറഞ്ഞു. മുട്ടത്തറയിലെ 192 ഫ്ലാറ്റുകളിലായി നൂറുകണക്കിന് ജീവിതങ്ങൾ ഇന്ന് പുഞ്ചിരിച്ചുകൊണ്ട് നിൽക്കുകയാണ്. ഇതിന് സമാനമായി നിരവധി ഫ്ലാറ്റുകളുടെ നിർമ്മാണം ഇന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കിഫ്ബി എന്നുപറയുമ്പോൾ അലർജിയായിരുന്നു യു.ഡി.എഫ്-ന്. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ കിഫ്ബിയുടെ പേരിൽ ഒരുപാട് ചർച്ചകളാണ് നടത്തിയിട്ടുള്ളത്. ഇല്ലാത്ത കഥകളുണ്ടാക്കി മുൻ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെയടക്കം പല രീതിയിലുള്ള അഴിമതിയും പറഞ്ഞുകൊണ്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. എന്നാൽ കിഫ്ബി ഫണ്ടുപയോഗിച്ച് കടലോര മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സ്കൂളുകൾ നിലവിൽവന്നു. കിഫ്ബി അനുവദിച്ച 77 കോടി രൂപ ചെലവഴിച്ച് 56 തീരദേശസ്കൂളുകളാണ് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവൃത്തി നടന്നിട്ടുള്ളതും നടക്കാനിരിക്കുന്നതുമായിട്ടുള്ളത്. കിഫ്ബിയുടെ കാര്യത്തിൽ എന്തൊക്കെ പ്രശ്നങ്ങളായിരുന്നു? കിഫ്ബിയെ സംബന്ധിച്ച് ചാനലുകളിലെ അന്തിച്ചർച്ചയിൽ വന്നിരുന്ന് ആരോ എഴുതിക്കൊടുക്കുന്ന കാര്യം അതുപോലെ വിഴുങ്ങി ദഹിക്കാതെ ഛർദ്ദിക്കുന്ന രീതിയിൽ ഒരുപാടുപേർ ചർച്ച ചെയ്തതാണ്. കേരളത്തിലെ ഫിഷറീസ് മേഖലയിൽ മാത്രമല്ല, ആശുപത്രിയും റോഡുകളും വിദ്യാലയങ്ങളുമെല്ലാം കിഫ്ബിയുടെ ഫണ്ടുപയോഗിച്ചാണ് പടുത്തുയർത്തിയിട്ടുള്ളത്.

ദുരന്തമുഖത്ത് ഒരു സർക്കാർ എങ്ങനെ കരുതലായി പ്രവർത്തിച്ചുവെന്നതിന് ഓഖി ദുരന്തനിവാരണ പദ്ധതികളോളം വരുന്ന മറ്റെന്താണുള്ളത്? ഓഖി എന്നത് കേരളത്തെ നടുക്കിയ ദുരന്തമായിരുന്നു, കേരളത്തെ ഇത്രയധികം നടുക്കിയ മറ്റൊരു ദുരന്തവുമുണ്ടായിരുന്നില്ല. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട്, തൊഴിലില്ലാതെ പോയവർക്ക് തൊഴിൽ, മക്കളുടെ വിദ്യാഭ്യാസം ഡിഗ്രിവരെ സൗജന്യമാക്കിയത് തുടങ്ങി ഇത്തരത്തിൽ സാന്ത്വനമേകിയത് ആ സമയത്തായിരുന്നു. വീടും കുടുംബാംഗങ്ങളും നഷ്ടപ്പെട്ട അവസ്ഥയിൽ അവരെ ചേർത്തുപിടിച്ചുകൊണ്ട് ഫ്ലാറ്റും അതുപോലുള്ള എല്ലാ സൗകര്യങ്ങളും നൽകാൻ ഇടതുപക്ഷ ഗവൺമെന്റിന് കഴിഞ്ഞു. സ്വാഭാവിക നീതിപോലും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാതെ പോയ കാലമുണ്ടായിരുന്നു. ഇറ്റാലിയൻ നാവികർ മുന്നും പിന്നും നോക്കാതെ വെടിവച്ചിട്ടുപോയ കാലം നമുക്കോർമ്മയുണ്ട്. നമ്മുടെ തീരദേശമേഖലയ്ക്ക്

നാഥനുണ്ടായത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമല്ലേ? ഒട്ടനവധി വികസനങ്ങളാണ് കടലോര മേഖലയിൽ നടപ്പിലാക്കുന്നത്. ഗ്രാമങ്ങളിലെ പുഴകളിലും തോടുകളിലുമെല്ലാംതന്നെ മത്സ്യം വളർത്താനുള്ള സാഹചര്യമൊരുക്കി ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സാമ്പത്തികമായി ഉയർച്ചയുണ്ടാകുന്ന രീതിയിലേയ്ക്കാണ് സർക്കാർ പോയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇഴഞ്ഞും കിതച്ചും നീങ്ങിയിരുന്ന ഹാർബറുകളെല്ലാം നല്ല രീതിയിൽ പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എന്റെ മണ്ഡലമായ കൊയിലാണ്ടിയടക്കമുള്ള ഹാർബറുകൾ വളരെ നല്ല രീതിയിൽ കമ്മിഷൻ ചെയ്യാൻ കഴിഞ്ഞു. മാത്രമല്ല ഏറ്റവും കൂടുതൽ ഹാർബറുകൾ കമ്മിഷൻ ചെയ്തുവെന്ന റെക്കോർഡ് സ്വന്തമാക്കിയിട്ടുള്ളത് ഈ ഭരണ കാലത്താണ്. ഓരോ വർഷവും സമുദ്ര നിരപ്പ് കൂടിക്കൂടി വരുന്നതായാണ് അന്താരാഷ്ട്ര സമുദ്ര ഗവേഷണ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ പ്രതിഫലനമെന്നോണമാണ് ഓരോ വർഷവും കേരളത്തിന്റെ കടൽത്തീരത്ത് കടൽക്ഷോഭം ശക്തിയാർജ്ജിച്ചുവരുന്നത്. ഈ കാര്യങ്ങളെല്ലാംതന്നെ ദീർഘവീക്ഷണത്തോടെ കണ്ടുകൊണ്ട് തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനാണ് 'പുനർഗേഹം' പദ്ധതി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വീട് നിർമ്മാണത്തിന് പത്ത് ലക്ഷം രൂപ നൽകിക്കൊണ്ട് അവരെ മാറ്റിപ്പാർപ്പിക്കാനുള്ള കാര്യങ്ങൾ ചെയ്തു. കേന്ദ്ര സർക്കാർ മണ്ണെണ്ണ സബ്സിഡി വെട്ടിച്ചുരുക്കിയിട്ടും ഇടതുപക്ഷ സർക്കാർ പാവപ്പെട്ട തൊഴിലാളികളെ കൈവിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളായി മണ്ണെണ്ണ സബ്സിഡി ഇനത്തിൽ 189 കോടി രൂപയാണ് നൽകിയത്. ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന കിറ്റും സൗജന്യ റേഷനും മറ്റ് കാര്യങ്ങളുമെല്ലാം തുടർന്നും നൽകേണ്ടിയിരിക്കുന്നു. എന്റെ മണ്ഡലമായ കൊയിലാണ്ടിയിൽ വലിയ ഭാഗം കടലോരമാണ്. അവിടെ ഇന്നലെയും കടൽക്ഷോഭമുണ്ടായി. അവിടെ പ്രതിരോധത്തിനു വേണ്ടിയുള്ള പുലിമുട്ടുകൾ നിർമ്മിച്ചുകൊണ്ട് സഹായം ചെയ്യണമെന്ന് ഫിഷറീസ് വകുപ്പുമന്ത്രിയോടും ഉറമുഖ വകുപ്പുമന്ത്രിയോടും അപേക്ഷിക്കുന്നു. ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാന തീരദേശ മേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും വേണ്ടി സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയ ഒരു സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. ബഹുമാന്യനായ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം ഈയടുത്ത ദിവസം ചങ്ങനാശ്ശേരിയിൽ ഫിഷറീസിന്റെ സ്റ്റാൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. നല്ല മീനുകൾ സാധാരണക്കാരായ ആളുകൾക്ക് എത്തിച്ചുകൊടുക്കാനുള്ള ഒരു

നൂതന സംരംഭമാണത്. ചങ്ങനാശ്ശേരിയിൽ മാത്രമല്ല കേരളത്തിലെ എല്ലാ ഭാഗത്തും പുതിയ സ്റ്റാളുകൾ പ്രവർത്തനമാരംഭിച്ചു. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഓഖി ദുരന്തത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചുനൽകി. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അതിനുള്ള നഷ്ടപരിഹാരത്തുക നൽകി. വറുതിയുടെ കാലഘട്ടത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ പട്ടിണിക്കിടാതെ സംരക്ഷിച്ച ഗവൺമെന്റാണ് ഇവിടെയുള്ളത്. ട്രോളിംഗ് നിരോധന കാലയളവിൽ ജോലി നഷ്ടപ്പെടുന്ന, യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് സൗജന്യ റേഷൻ നൽകി. കടൽ സുരക്ഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ട്, ഓരോ മത്സ്യബന്ധന യാനവും കടലിൽ പോകുന്നതും തിരികെ വരുന്നതും അറിയുന്നതിനായി 'സാഗര' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് നടപ്പാക്കി. ഉൾനാടൻ ജലസമ്പത്ത് വർദ്ധിപ്പിക്കാൻ പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പാക്കി. ഗതാഗത വകുപ്പുമന്ത്രി ഇന്ന് കെ.എസ്.ആർ.ടി.സി.-യെ നന്നായി നയിച്ചുകൊണ്ടുപോകുന്നു. 2016-2021 കാലഘട്ടത്തിൽ 16,500 കോടി രൂപ ഈ വകുപ്പിലൂടെ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ടാക്സ് ഇനത്തിൽ 13,000 കോടി രൂപയും ഫീസിനത്തിൽ 2,082 കോടി രൂപയും പിഴയിനത്തിൽ 465 കോടി രൂപയും സമാഹരിച്ചു. കോവിഡ് മഹാമാരിയുടെ കാലത്ത് ഓഫീസിലേയ്ക്ക് വരാതെതന്നെ സേവനങ്ങൾ വീട്ടിലെത്തിക്കാൻ സാധിച്ചു. ഇ-മൊബിലിറ്റിയുൾപ്പെടെ എഴുപതോളം ഇലക്ട്രിക് വാഹനങ്ങൾ വകുപ്പ് നിരത്തിലിറക്കി. ഈ രീതിയിലെല്ലാം ഈ വകുപ്പ് മുന്നോട്ടുപോകുകയാണ്.

ഇന്ന് രാവിലെ ഇവിടെ ഒരു അടിയന്തരപ്രമേയം വന്നതിലെ വിഷയം എന്തായിരുന്നു? കെ. എം. മാണി സാറിനെപ്പറ്റി പറഞ്ഞു. 13-3-2015 കറുത്ത വെള്ളിയാഴ്ചയാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. അതിന്റെ സ്രഷ്ടാവ് ആരാണ്. കറുത്ത വെള്ളിയാഴ്ചയുടെ സ്രഷ്ടാവ് അന്നത്തെ യു.ഡി.എഫ്.-ഉം കോൺഗ്രസുമാണെന്ന് ഞങ്ങൾ മനസ്സിലാക്കി. ആ കറുത്ത വെള്ളിയാഴ്ചയ്ക്കുവേണ്ടി അവരാണ് സാഹചര്യമൊരുക്കിയതെന്ന് ഞങ്ങൾക്ക് മനസ്സിലായി. അതുകൊണ്ടാണ് 2016-ലെ ഇലക്ഷൻ കഴിഞ്ഞ് കെ. എം. മാണി സർ വിജയശ്രീലാളിതനായി നിയമസഭയിൽ വന്നതിനുശേഷം ഞങ്ങൾ ചരൽക്കുന്നിൽവച്ച് ഒരു തീരുമാനമെടുത്തു. അത് വേറൊന്നുമല്ലായിരുന്നു, കോൺഗ്രസിന്റെ ഭാഗത്തുനിന്ന് യു.ഡി.എഫ്.-ന്റെ നേതാക്കൾ കാണിച്ച രാഷ്ട്രീയ ഗൂഢാലോചനമൂലമാണ് കെ. എം. മാണി സാറിനെതിരെ കേസ് വന്നതെന്ന് ഞങ്ങൾക്ക് വെളിവായതിന്റെയടിസ്ഥാനത്തിൽ 2016-ൽത്തന്നെ ഞങ്ങൾ യു.ഡി.എഫ്.-നോടുള്ള ബന്ധമവസാനിപ്പിച്ചു. ധൃതരാഷ്ട്രാലിംഗനമെന്ന് ഇന്ന്

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ബഹുമാനപ്പെട്ട സജി ചെറിയാൻ ഇവിടെയിരിപ്പുണ്ട്. ചെങ്ങന്നൂരിൽ ബൈ ഇലക്ഷൻ വന്ന സമയത്ത് യു.ഡി.എഫ്.-ന്റെ അഞ്ച് പ്രബലരായ നേതാക്കന്മാർ കെ. എം. മാണി സാറിന്റെ വീട്ടിലെത്തി യു.ഡി.എഫ്.-ലേയ്ക്ക് തിരിച്ച് വരണമെന്ന് പറയുകയുണ്ടായി. മുൻ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, യു.ഡി.എഫ്. കൺവീനർ എന്നിവരുൾപ്പെടെയുള്ളവർ കെ. എം. മാണി സാറിന്റെ പാലായിലെ വീട്ടിലെത്തി യു.ഡി.എഫ്.-ലേയ്ക്ക് വരാനായി അദ്ദേഹത്തെ ധൃതരാഷ്ട്രാലിംഗനം നടത്തി. അദ്ദേഹത്തെ മുറുകെപ്പിടിച്ചു. ഇത് ചതിയാണെന്ന് പിന്നീട് ഞങ്ങൾക്ക് മനസ്സിലായി. അദ്ദേഹത്തെ രാഷ്ട്രീയപരമായി ഇല്ലാതാക്കാനും അദ്ദേഹത്തിന്റെ പാർട്ടിയെ ഇല്ലാതാക്കാനുംവേണ്ടി നടത്തിയ ശ്രമങ്ങളുടെ ഭാഗമായിരുന്നു അതെന്ന് ഞങ്ങൾ മനസ്സിലാക്കി. ഞങ്ങൾ തിരുവനന്തപുരത്തേയ്ക്ക് ടിക്കറ്റെടുത്തു. പക്ഷേ കൊട്ടാരക്കരയായപ്പോൾ ഞങ്ങളെ ഇറക്കിവിട്ടു. ഞങ്ങൾ ചെയ്തത് എന്താണ്. നല്ലതുപോലെ ജനങ്ങൾ ഇഷ്ടപ്പെടുന്ന, എ.സി. വണ്ടി, എൽ.ഡി.എഫ്.-ന്റെ വണ്ടിയിൽ കയറി ഞങ്ങൾ തിരുവനന്തപുരത്തെത്തി. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നുകൊണ്ട് വളരെ നന്നായി ഞങ്ങളിന്ന് ഭരണം നടത്തുകയാണ്. ഇവിടെ ശ്രീ. പി. ജെ. ജോസഫ് ഉണ്ടല്ലോ. 2016-ൽ ചരൽക്കുന്നിൽ തീരുമാനമെടുത്തപ്പോൾ അദ്ദേഹവും ഞങ്ങളുടെ മുന്നണിയിലുണ്ട്. അന്ന് ചരൽക്കുന്നിൽ കേരളത്തിലെ പതിനാല് ജില്ലകളിലെയും സംസ്ഥാന കമ്മിറ്റി നേതാക്കൾ കൂടിയിരുന്ന് പറഞ്ഞു. 'കോൺഗ്രസാണ്, യു.ഡി.എഫ്. ആണ് നമ്മളെ ചതിച്ചത്, അതുകൊണ്ട് ഈ മുന്നണിയിൽ നമ്മൾ തുടരേണ്ട' എന്ന്. പ്രിയപ്പെട്ട ശ്രീ. പി. ജെ. ജോസഫ് ഉൾപ്പെടെയുള്ള നേതാക്കന്മാരുടെ മീറ്റിംഗിലാണ് തീരുമാനമെടുത്തത്. അതനുസരിച്ചാണ് ഞങ്ങൾ പുറത്തിറങ്ങി നിന്നത്. കറുത്ത വെള്ളിയെ വെളുത്ത വെള്ളിയാക്കാൻ ഞങ്ങൾ എൽ.ഡി.എഫ്.-ൽ വന്നപ്പോൾ സാധിച്ചു എന്ന് അഭിമാനത്തോടെ പറയുന്നു. യു.ഡി.എഫ്.-ന്റെ എല്ലാ രീതിയിലുമുള്ള വഞ്ചന കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞു. ഇവിടെ വീണ്ടും പാവപ്പെട്ട കെ. എം. മാണി സാറിന്റെ പേര് വലിച്ചിഴച്ചുകൊണ്ട് അപമാനിക്കുന്നത് ഇവിടത്തെ യു.ഡി.എഫ്.-ഉം പ്രതിപക്ഷവുമാണ്. അത് ഇനിയെങ്കിലും അവസാനിപ്പിക്കണം. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ നിങ്ങൾ ശാന്തി കൊടുത്തില്ല. മരിച്ചപ്പോഴെങ്കിലും അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തി കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. അതുകൊണ്ട് പ്രിയപ്പെട്ട പ്രതിപക്ഷമേ, നിങ്ങൾ കെ. എം. മാണി സാറിനെ ഓർത്ത് വിലപിക്കണ്ട. അദ്ദേഹം നന്നായി രാഷ്ട്രീയം കളിച്ചു. അൻപത് വർഷവും കറയില്ലാതെ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ നീണ്ടുനിന്ന ആളാണദ്ദേഹം. ഇരുപത്തിയഞ്ച് വർഷം മന്ത്രിയായ

ആളാണ്. തോൽവി എന്തെന്നറിയാതെ കേരള രാഷ്ട്രീയത്തിൽ മിന്നിനിന്ന ഏറ്റവും ബഹുമാന്യനായ നേതാവാണ് കെ. എം. മാണി സർ. അദ്ദേഹത്തെ വീണ്ടുംവീണ്ടും ഈ സഭയിൽ വലിച്ചിഴച്ചുകൊണ്ടുവന്ന പ്രതിപക്ഷത്തിന്റെ സമരം നടന്നിട്ടുണ്ട്. ഇപ്പോൾ ഇവിടെ സമരം നടന്നല്ലോ; പ്രതിപക്ഷം മുദ്രാവാക്യം വിളിച്ച് സഭ തടസ്സപ്പെടുത്തിയല്ലോ; എല്ലാ കാലത്തും പ്രതിപക്ഷാംഗങ്ങൾ സമരം നടത്താറുണ്ട്. പക്ഷേ ആ സമരത്തെ രാഷ്ട്രീയപരമായി വലിച്ചിഴച്ച് രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഇവിടത്തെ യു.ഡി.എഫ്. നടത്തുന്ന ശ്രമങ്ങളെ ഞാൻ അങ്ങേയറ്റം അപലപിക്കുന്നു. ഇത് ഒരു കാരണവശാലും ഈ സഭയ്ക്ക് യോജിച്ചതല്ല. അതോടൊപ്പംതന്നെ മറ്റൊരുകാര്യം, ഇന്നലെ ചങ്ങനാശ്ശേരി ബൈപ്പാസിൽ ബൈക്ക് റെയ്സിംഗിനിടെ മൂന്ന് യുവാക്കൾ മരിച്ച സംഭവം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബൈക്ക് റെയ്സിംഗ് എന്നത് ഒരു തീരാശാപമായി മാറിയിരിക്കുകയാണ്. ഇന്നലെ വൈകുന്നേരം ഏഴുമണിയോടുകൂടിയാണ് റെയ്സ് ചെയ്തുവന്ന ബൈക്ക് മറ്റൊരു ബൈക്കിൽ ഇടിച്ച് മുരുകനാശാരി, സേതുനാഥ് നടേശൻ, പി. എസ്. ശരത് എന്നിവർ മരിക്കാനിടയായത്. ഈ സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി ഇത്തരത്തിൽ ബൈക്ക് റെയ്സിംഗ് നടത്തുന്ന ആളുകളെ നിയമത്തിനുമുൻപിൽ കൊണ്ടുവന്ന് സത്വര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ചങ്ങനാശ്ശേരിയിൽ ബൈക്ക് റെയ്സിംഗിലൂടെ ചെറുപ്പക്കാർ മരിച്ചതിന് സമാനമായ സാഹചര്യം തലശ്ശേരിയിലും ഉണ്ടായിട്ടുണ്ട്. അഫ്ലാഹ് എന്ന ചെറുപ്പക്കാരനാണ് കഴിഞ്ഞ പെരുന്നാൾ രാത്രിയിൽ മരണപ്പെട്ടത്. കാർ ഡ്രിഫ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് മറ്റൊരു ചെറുപ്പക്കാരനും അവിടെ മരിച്ചു. ഇത്തരം സംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന അങ്ങയുടെ അഭിപ്രായത്തെ ഞാനും പിന്തുണയ്ക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ജോബ് മൈക്കിൾ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കോട്ടയത്തുനിന്നും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ഉൾപ്പെടെയുള്ള മലബാർ മേഖലയിലേയ്ക്ക് വൈകുന്നേരം അഞ്ച് മണിക്ക് പ്രൈവറ്റ് ബസ് സർവ്വീസുകളുണ്ടായിരുന്നു. എന്നാൽ കോവിഡ് വന്നതിനുശേഷം പ്രസ്തുത സർവ്വീസുകൾ നിർത്തിവച്ചിരിക്കുകയാണ്. അവ പുനഃസ്ഥാപിച്ച് ബസ് ഓപ്പറേറ്റ് ചെയ്യാനുള്ള അടിയന്തര നടപടികൾ ഗതാഗത വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ ഇപ്പോൾ 'See Kuttanad'

എന്ന പദ്ധതി ഗതാഗത വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കുട്ടനാടിന്റെ ഗേറ്റ്‌വേ എന്നറിയപ്പെടുന്ന ചങ്ങനാശ്ശേരിയിലെ ബോട്ട് ജെട്ടിയിൽനിന്നും ബോട്ട് ടാക്സിവഴി പ്രസ്തുത പദ്ധതി ഓപ്പറേറ്റ് ചെയ്യാനുള്ള നടപടികൂടി ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ കാലഘട്ടത്തിനനു യോജ്യമായി ഗതാഗത വകുപ്പിനെ മുന്നോട്ടുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടും പ്രയോജനകരമായ ധാരാളം കാര്യങ്ങൾ ചെയ്യുന്ന ഫിഷറീസ് വകുപ്പുമന്ത്രിക്ക് പിന്തുണ അറിയിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി.

ശ്രീ. പി. പി. സുമോദ്: സർ, 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലെ ഗതാഗതം, മത്സ്യബന്ധനം, വാഹന നികുതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ എംബ്ലവും ആനവണ്ടി എന്ന പേരും കർണ്ണാടകയുമായുള്ള നീണ്ട നിയമപോരാട്ടത്തിനൊടുവിൽ കേരളത്തിന് സ്വന്തമായത് കഴിഞ്ഞ ജൂൺ മാസത്തിലാണ്. അതിന് ഗതാഗത വകുപ്പിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമുക്കറിയാം കോവിഡ് എന്ന, നമ്മുടെ കണ്ണുകൊണ്ട് കാണാൻ സാധിക്കാത്ത ഒരു സൂക്ഷ്മ വൈറസിന്റെ ആക്രമണത്താൽ നമ്മുടെ സംസ്ഥാനവും രാജ്യവും ലോകവുമെല്ലാം വല്ലാത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ആ പ്രതിസന്ധി മറ്റെല്ലാ മേഖലയെയും ബാധിച്ചതുപോലെ കേരളത്തിന്റെ ഗതാഗത മേഖലയെയും ബാധിച്ചു. അതിലും രൂക്ഷമായി പെട്രോളിയം, ഡീസൽ വില വർദ്ധനവ് വലിയ രൂപത്തിലാണ് നമ്മുടെ ഗതാഗത മേഖലയെ ബാധിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം കേരളത്തിലുൾപ്പെടെ അന്തരീക്ഷ മലിനീകരണത്തിന്റെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് വാഹനങ്ങൾ കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെയുണ്ട്. പൊതുയാത്രാ സൗകര്യത്തിൽനിന്നും ജനങ്ങൾ അകന്ന് സ്വന്തം വാഹനങ്ങളിലേയ്ക്ക് മടങ്ങുന്ന ഒരു കാലമാണ് ഈ കോവിഡ് മഹാമാരിക്കാലം. അതുകൊണ്ട് ഇത്തരക്കാരെ പൊതുയാത്രാ സംവിധാനങ്ങളിലേയ്ക്ക് തിരികെകൊണ്ടുവരിക എന്ന ഏറ്റവും മുഖ്യമായ കടമ ഗതാഗത വകുപ്പ് ഏറ്റെടുക്കേണ്ടതുണ്ട്. കേരളത്തിലെ പൊതുഗതാഗത സംവിധാനത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. സമഗ്രമായ മാറ്റത്തിന് വിധേയമാകുന്ന ഒട്ടേറെ നയങ്ങൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. അത് ഇനിയും ത്വരിതപ്പെടുത്തണം. കെ.എസ്.ആർ.ടി.സി.-യുടെ കുത്തക റൂട്ടുകളായ ദേശസാത്കൃത റൂട്ടുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ നമുക്കാവണം. അതിനായി റൂട്ടുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ കാര്യക്ഷമത കാണിക്കണം. അശാസ്ത്രീയമായ ഷെഡ്യൂളിംഗ് പലപ്പോഴും ഇതിലൊരു പ്രശ്നമായി വരുന്നുണ്ട്. പ്രധാന റൂട്ടുകളെയും

ബൈ റൂട്ടുകളെയും ഒരുപോലെ പ്രയോജനപ്പെടുത്താൻ ഗതാഗത വകുപ്പിന് സാധിക്കണം. അതോടൊപ്പം അന്തർ സംസ്ഥാന സർവ്വീസുകളുടെ കാര്യത്തിൽ നല്ല രീതിയിൽ ശ്രദ്ധചെലുത്താനും കഴിയണം. അന്തർ സംസ്ഥാന സർവ്വീസ് കരാറുകൾ പ്രകാരം കേരളവും തമിഴ്നാടുമൊക്കെ തമ്മിൽ തുല്യമായ കിലോമീറ്റർ ഉപയോഗിക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. അത് കേരളത്തിന് ഏറ്റവും ഗുണകരമായ രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. ഉദാഹരണത്തിന് പാലക്കാട് ജില്ല തമിഴ്നാടുമായി ഏറ്റവും അടുത്തുനിൽക്കുന്ന ജില്ലയാണ്. അവിടെ കേരളത്തിന്റെ അതിർത്തിയായ വാളയാറിൽനിന്ന് കോയമ്പത്തൂരിലേയ്ക്ക് 23 കിലോമീറ്റർ ദൂരം മാത്രമാണുള്ളത്. അതുപോലെതന്നെ മൂന്നാറിൽനിന്ന് ഉദുമൽപേട്ടിലേയ്ക്ക് 29 കിലോമീറ്റർ ദൂരം മാത്രമാണുള്ളത്. കിലോമീറ്ററുകളുമായി ബന്ധപ്പെട്ട് ഇത്തരം മേഖലകൾ കണ്ടെത്തി അത് പ്രയോജനപ്പെടുത്തി കരാറുകൾ ഉണ്ടാക്കാനാവശ്യമായ തീരുമാനങ്ങളിലേയ്ക്ക് ഗതാഗത വകുപ്പ് പോകണം. അതോടൊപ്പംതന്നെ കേരളത്തിലെ വടക്കൻ ജില്ലകൾ പരിശോധിച്ചാൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ എണ്ണം നമുക്ക് ആവശ്യമായതിലും കുറവാണെന്ന് മനസ്സിലാകും. അതുകൊണ്ടുതന്നെ വടക്കൻ ജില്ലകളിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും ശരിയായ യാത്രാ സംവിധാനമൊരുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. പാലക്കാട് ജില്ലയിൽ ഒരു ഡിപ്പോയും ഒരു സബ് ഡിപ്പോയും രണ്ട് ഓപ്പറേറ്റിംഗ് സെന്ററുകളും മാത്രമാണുള്ളത്. എന്റെ മണ്ഡലമായ തരൂരിൽ വടക്കഞ്ചേരി കേന്ദ്രമായി ഏതാണ്ട് അഞ്ച് ഏക്കർ ഭൂമി കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായിട്ടുണ്ട്. അവിടെ ഒരു ഡിപ്പോയും ഒരു ജില്ലാ വർക്ക്ഷോപ്പും ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം. കെ.എസ്.ആർ.ടി.സി. എം.ഡി. ഉൾപ്പെടെയുള്ള ആളുകൾ ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് കേരളത്തിലാകെ ആരംഭിക്കാൻ പറ്റാവുന്ന ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് സ്റ്റേ സെന്ററുകൾ. കെ.എസ്.ആർ.ടി.സി. ബസ്സുകൾ അതിരാവിലെ യാത്ര തുടങ്ങുമ്പോൾ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കുമുൾപ്പെടെ രാത്രിയിൽ സ്റ്റേ ചെയ്ത് രാവിലെ ബസ്സുമായി പോകാൻ കഴിയുന്ന രൂപത്തിൽ കേരളത്തിലാകെ സ്റ്റേ സെന്ററുകൾ ആരംഭിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ ആരംഭിക്കാൻ സാധിച്ചാൽ ഗ്രാമപ്രദേശങ്ങളിലെ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. കെ.എസ്.ആർ.ടി.സി.-യിൽ നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന ഒന്നാണ് ഫീഡർ സർവ്വീസുകൾ. ഉദാഹരണത്തിന് തൃശ്ശൂരിൽ വന്നിറങ്ങുന്ന ഒരു യാത്രാക്കാരന് ഉൾപ്രദേശത്തേയ്ക്കാണ് പോകേണ്ടതെങ്കിൽ ഫസ്റ്റ് - ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി എന്നുള്ള രൂപത്തിൽ ഓട്ടോറിക്ഷ, കാർ ഉൾപ്പെടെയുള്ള സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഫീഡർ സർവ്വീസുകൾ നടത്തുന്നതിന് പ്രോത്സാഹനം

നൽകി പൊതുഗതാഗതത്തെ ശക്തിപ്പെടുത്താനാവശ്യമായ തീരുമാനത്തിലേയ്ക്ക് എത്താൻ സാധിക്കണം. ഇവിടെ സ്വകാര്യ മേഖലയിൽ 2001-ൽ 36000-ത്തോളം ബസ്സുകളുണ്ടായിരുന്നു, എന്നാൽ 2021-ൽ അതിന്റെ എണ്ണം 12500 ആയി കുറഞ്ഞിരിക്കുകയാണ്. കോവിഡ് പ്രതിസന്ധിയുടെ പ്രയാസം ഏറ്റവും കൂടുതൽ ബാധിക്കുന്ന ബസ് തൊഴിലാളികളെ കോവിഡ് പ്രതിസന്ധി കഴിയുന്ന മുറയ്ക്ക് ആ മേഖലയിലേയ്ക്ക് കൊണ്ടുവരാനും അവരുടെ കുടുംബങ്ങളെ സംരക്ഷിക്കാനുമാവശ്യമായ തീരുമാനങ്ങളെടുത്താൽ ആയിരക്കണക്കിന് ബസ് തൊഴിലാളികൾക്ക് ഇതുമായി ബന്ധപ്പെട്ട് സഹായങ്ങൾ ലഭ്യമാകും. അതോടൊപ്പംതന്നെ സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് ആരംഭിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് 'സേഫ് കേരള പദ്ധതി.' 'സേഫ് ശബരിമല പദ്ധതി' വളരെ വിജയകരമായി ശബരിമലയിൽ നടപ്പിലാക്കാൻ സാധിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പട്രോളിംഗ് നടത്തുന്നതിനുവേണ്ടി 85-ഓളം സ്ക്വാഡുകൾ കേരളത്തിലാകെ രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ജി.പി.എസ്. അധിഷ്ഠിത വാഹന നിരീക്ഷണ സംവിധാനമുൾപ്പെടെയുള്ള റോഡ് സുരക്ഷാ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരികയാണ്. അതിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, അങ്ങ് കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനുതകുന്ന നിരവധി നിർദ്ദേശങ്ങൾ പറയുകയുണ്ടായി. അതിൽ ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ പലതിലും ധനകാര്യ സ്ഥാപനങ്ങളുമായിട്ടുള്ള ചില കരാറുകളുടെ ഭാഗമായി കെട്ടിട മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്. അതിനൊരു പ്രത്യേക വ്യവസ്ഥയുണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. പി. പി. സുമോദ്</u>: സർ, വരുമാന വർദ്ധനവ് വേണം. അതോടൊപ്പം തന്നെ സംസ്ഥാന ഇലക്ട്രിക് വെഹിക്കിൾ പോളിസിക്ക് സർക്കാർ അംഗീകാരം കൊടുത്തിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം കുറയ്ക്കലാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. തീർച്ചയായും പെട്രോൾ, ഡീസൽ എന്നിവ ഒഴിവാക്കിക്കൊണ്ട് പൊതുഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്ന നിലയിലേയ്ക്ക് നമുക്ക് അതിനെ കൊണ്ടുവരാൻ സാധിക്കും. ജല ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ പുതിയ പദ്ധതികൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും സേവനം കൊടുക്കുന്ന നിലയിലുള്ള ജീവൻ രക്ഷാ ഉപകരണങ്ങളും പ്രാഥമിക രക്ഷയ്ക്കുള്ള സജ്ജീകരണങ്ങളുമുൾപ്പെടെയുള്ള പദ്ധതിയാണ്

വാട്ടർ ആംബുലൻസ്. പ്രളയം വന്നപ്പോൾ രക്ഷാപ്രവർത്തനമുൾപ്പെടെ നടത്താൻ കേരളത്തിന് സാധിക്കുന്ന വിധത്തിൽ വാട്ടർ ആംബുലൻസ് സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലാദ്യത്തെ സോളാർ യാത്രാ ബോട്ട് 'ആദിത്യ' വൈക്കം-തവണക്കടവ് റൂട്ടിൽ ആരംഭിച്ചു. അതുപോലെ അതിവേഗ എ.സി. ബോട്ട് നടപ്പിലാക്കിയതുൾപ്പെടെ ഒട്ടേറെ മേഖലകളിലൂടെ നമ്മുടെ ഗതാഗത വകുപ്പ് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് കടൽ സുരക്ഷാ പദ്ധതി പ്രകാരം 1000 പരമ്പരാഗത യാനങ്ങൾക്ക് ജി.പി.എസ്.-ഉം 1000 യാനങ്ങൾക്ക് വി.എച്ച്.എഫ്.-ഉം 200 യന്ത്രവൽകൃത യാനങ്ങൾക്ക് വെസ്സൽ ട്രാക്കിംഗ് സിസ്റ്റവും സബ്സിഡിയോടെ ഒരു വർഷത്തിനുള്ളിൽ അനുവദിക്കാനാവശ്യമായ തീരുമാനം ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി പത്ത് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ സഹകരണ സംഘങ്ങൾ മുഖാന്തരം അനുവദിക്കാനാവശ്യമായ തീരുമാനമുണ്ടായി. അതിന്റെ നിർമ്മാണച്ചുമതല കൊച്ചിൻ ഷിപ് യാർഡിനാണ്. അതിന് ഫിഷറീസ് വകുപ്പിനെ അഭിനന്ദിക്കുന്നു. മത്സ്യഫെഡ്ഡുകൾ മുഖാന്തരം സഹകരണ ബാങ്കുകളെ ഉപയോഗപ്പെടുത്തി ആരംഭിച്ച മത്സ്യസ്റ്റാളുകൾ സ്വാഗതാർഹമാണ്. എന്നാൽ പാലക്കാടുൾപ്പെടെയുള്ള ചിലയിടങ്ങളിലെ സഹകരണ ബാങ്കുകളിലെ സ്റ്റാളുകളിൽ വേണ്ടത്ര മത്സ്യം ഇല്ലെന്നുള്ള പോരായ്മയുണ്ട്. അതുകൂടി പരിഹരിക്കാനാവശ്യമായ തീരുമാനമെടുക്കണമെന്നാണ് പറയാനുള്ളത്. ഓഖി പദ്ധതിയിലുൾപ്പെടുത്തി കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഏതാണ്ട് 612 പേർക്ക് ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന National Institute of Watersports എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും പരിശീലനം പൂർത്തീകരിക്കാനാവശ്യമായ തീരുമാനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. അതോടൊപ്പം, നമ്മുടെ പൊതുജലാശയങ്ങളിൽ മത്സ്യോൽപാദനവും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി 370 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കോവിഡ് പ്രതിസന്ധിമൂലം ഗൾഫ് രാജ്യങ്ങളിൽനിന്ന് വരുന്ന കേരളീയർക്ക് ഭാവിയിൽ ഉപജീവനമെന്ന രൂപത്തിൽ ഇത് എല്ലാ ഗ്രാമപ്രദേശങ്ങളിലും ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. മത്സ്യകൃഷിയിലൂടെ മത്സ്യോൽപാദനം നല്ല നിലയിൽ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി കേരളത്തിലാകെ നടപ്പിലാക്കി വരികയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വളരെ പ്രാധാന്യമുള്ള മൂന്ന് ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എന്റെ ചെറുപ്പത്തിൽ കുട്ടനാട് എന്ന സ്ഥലം ബോട്ടുകളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ആളുകളുടെ പ്രദേശമായിരുന്നു. അവർക്ക് മറ്റ് മാർഗ്ഗമില്ല. അന്ന് വളരെ കൃത്യമായി ബോട്ടുകൾ വരികയും ആൾക്കാർ യാത്ര ചെയ്യുകയും ചെയ്തിരുന്നു. 9.15 എന്ന സമയമുണ്ടെങ്കിൽ ചങ്ങങ്കരി-കുട്ടനാട് 80-ന്റെ ജെട്ടിയിൽ എ-6 എന്ന ബോട്ട് വരുന്ന ഒരു കാലഘട്ടം 1969, 1970, 1971, 1972-കളിലുണ്ടായിരുന്നു. എനിക്ക് അത് നല്ല ഓർമ്മയാണ്. അന്ന് അവർക്ക് വലിയ പ്രോത്സാഹനം കൊടുത്തിരുന്ന കാലഘട്ടമാണ്. ഞാൻ അത് ഓർമ്മിക്കാൻ കാരണം ഇവിടെ സംസാരിച്ചവരെല്ലാം ബോട്ടിനെക്കുറിച്ച് പറഞ്ഞപ്പോൾ എന്നെ സപ്പോർട്ട് ചെയ്ത് പറയുന്നുവെന്ന് വിചാരിച്ചാണ് ഞാൻ പറഞ്ഞത്. കാരണം ബോട്ട് ഏറ്റവും ആവശ്യമുള്ള ആളുകൾ ഞങ്ങളാണ്. കോവിഡ് മഹാമാരി ലോകത്താകെ നാശം വിതയ്ക്കുന്ന സങ്കീർണ്ണമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കഴിഞ്ഞ ഒന്നരക്കൊല്ലമായി ലോക്ഡൗണിന് സമാനമായ രീതിയാണ്. ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ ജനങ്ങളും സർക്കാരും ബുദ്ധിമുട്ടുകയാണ്. ഈ പ്രതിസന്ധിഘട്ടത്തിലും കഴിയാവുന്നത്ര സമാശ്വാസ നടപടികളാണ് കേരള സർക്കാർ ജനങ്ങൾക്ക് നൽകിവരുന്നത്. എല്ലാ വരുമാനസ്രോതസ്സുകളും അടഞ്ഞുകിടന്നിട്ടും കഴിയാവുന്നിടത്തോളം സഹായങ്ങൾ ജനങ്ങൾക്ക് നൽകാൻ ഈ സർക്കാർ പരമാവധി ശ്രമിക്കുകയാണ്. കഴിഞ്ഞ നാൽപത് വർഷങ്ങളായി കുവൈറ്റിലുണ്ടായിരുന്ന ഒരു പ്രവാസിയാണ് ഞാൻ. സാമ്പത്തികമായി ഉയർന്ന നിലവാരമുള്ള ഒരു വ്യക്തിയാണ് ഞാനെന്ന് പറയുന്നതിൽ എനിക്ക് പ്രയാസമില്ല. 2018-ൽ കുട്ടനാട്ടിൽ 24 പാടശേഖരങ്ങൾക്ക് മടവീണപ്പോൾ അവർ എന്നെ സമീപിച്ചു. മടകുത്തുന്നതിനാവശ്യമായ കാശ് തരണമെന്ന് അവർ പറഞ്ഞു, കാരണം ഗവൺമെന്റിൽനിന്ന് കാശ് കിട്ടിവരുമ്പോൾ സമയമെടുക്കും. 50 ലക്ഷത്തിലധികം രൂപ ഈ ആൾക്കാർക്ക് കൊടുക്കാൻ സാധിച്ചുവെന്ന് എന്റെ ബാങ്ക് ട്രാൻസാക്ഷൻ നോക്കിയാൽ കാണാൻ കഴിയും. ഇന്ന് വരുമാന സ്രോതസ്സ് അടഞ്ഞുവെന്ന് പറഞ്ഞപ്പോൾ 5000 രൂപ ചോദിച്ചാൽ പേടിയാണ്. സകല വരുമാനവും നിന്നുപോയപ്പോൾ നമ്മൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്ര ഭയാനകമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. എന്റെ ഈ ഗവൺമെന്റ് അനുഭവിക്കുന്ന വേദനയും പ്രതിസന്ധിയും എത്ര കഠിനമാണെന്ന് മനസ്സിലാക്കാൻ എനിക്ക് സാധിക്കുന്നു. ഈ പ്രത്യേക ക്ഷാമക്കാലത്തും ക്ഷേമ പെൻഷനുമാത്രം ഏകദേശം 7000 കോടി രൂപയോളം പാവപ്പെട്ടവർക്ക് നൽകി അവരെ സംരക്ഷിച്ച സർക്കാരാണ് എന്റെ സർക്കാർ എന്ന് പറയുമ്പോൾ അഭിമാനംകൊള്ളുന്നു. സർക്കാർ ജീവനക്കാർ സർക്കാരിന് കൊടുത്ത ഒരു

മാസത്തെ ശമ്പളം ഇപ്പോൾ തിരിച്ചുനൽകിക്കൊണ്ടിരിക്കുകയാണ്. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ എല്ലാ ആൾക്കാർക്കും കിറ്റുകൾ നൽകിയിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ യാതൊരു കുറവുംകൂടാതെ ഈ സർക്കാർ നടത്തിയിട്ടുണ്ട്. ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും കുതിച്ചുചാട്ടമാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. ഈ ആപത്ഘട്ടത്തിലും കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുന്നതു പോലെ കേരളത്തിലെ പ്രത്യേകിച്ച് കുട്ടനാട്ടിലെ മുഴുവൻ ജനങ്ങളെയും തന്റെ ചിറകിനടിയിൽ ചേർത്ത ഒരു സർക്കാരാണ് പിണറായി സർക്കാരെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കുന്നു.

രണ്ടാമത്തെ വിഷയം വാഹന നികുതിയാണ്. ശ്രീ. ആന്റണി രാജു, ശ്രീ. സജി ചെറിയാൻ എന്നീ രണ്ട് മന്ത്രിമാർ വളരെ പ്രത്യേകതയുള്ളവരാണ്. മറ്റ് മന്ത്രിമാർക്ക് പ്രത്യേകതയില്ലെന്നല്ല. അവരുടെ വിഷയം അതായതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. വളരെ നല്ല രീതിയിൽ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ കാണാനും പ്രവർത്തിക്കാനും കഴിവുള്ള രണ്ട് മന്ത്രിമാരാണ്. ശ്രീ. ആന്റണി രാജുവിനോട് പറയാനുള്ളത്, 2018-ലെ വെള്ളപ്പൊക്കം ഏറ്റവും വലിയ രീതിയിൽ ബാധിച്ച സ്ഥലമാണ് കുട്ടനാട്, പ്രത്യേകിച്ചും കൈനകരി. ഒരുപാട് ബോട്ടുകൾ കൊടുക്കണമെന്ന് പറയുന്നതിന്റെ കാരണമാണ് ഞാൻ പറഞ്ഞുവരുന്നത്. അന്ന് സകല ആൾക്കാരെയും ബോട്ടിൽ കയറ്റിക്കൊണ്ടുവന്ന വ്യക്തിയാണ് ഞാൻ. ഞങ്ങൾക്ക് ഏകദേശം 9 ബോട്ടുകളുണ്ട്. ഈ ബോട്ടുകളിൽ ആൾക്കാരെ നിറച്ചു കയറ്റിക്കൊണ്ടുപോയപ്പോൾ എന്റെ കൂടെ ലേക്ക് പാലസ്സിന്റെ മാനേജരുമുണ്ടായിരുന്നു. ജനങ്ങളുടെ കരച്ചിലും അവരുടെ പ്രതിസന്ധിയും കണ്ട് അദ്ദേഹം ബോധംകെട്ട് താഴെവീണു. അത്രയും വലിയ പ്രതിസന്ധിയിൽക്കൂടി കടന്നുപോയ സാഹചര്യമാണത്. ആ സമയത്ത് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡയറക്ടർ ശ്രീ. ഷാജി വി. നായരായിരുന്നു. ഇപ്പോഴും അദ്ദേഹംതന്നെയാണ് ഡയറക്ടർ എന്നാണെന്റെ വിശ്വാസം. ഞാൻ അദ്ദേഹത്തെ ഫോണിൽ വിളിച്ച് ഇങ്ങനെ ഒരു പ്രതിസന്ധിയുണ്ട്, അത്യാവശ്യമായി മൂന്നുനാല് ബോട്ടുകൾ അയച്ചുതരണമെന്ന് പറഞ്ഞു. ഏകദേശം ഒരു പതിനഞ്ച് ഇരുപത് മിനിട്ട് സമയമെടുത്തില്ല, Kerala State Water Transport Department (SWTD)-ന്റെ ബോട്ടുകളെല്ലാം കുട്ടനാട്ടിൽ വന്നു. ഇത് അഭിമാനകരമായ ഒരു സമയമാണ്. കാരണം ഇത്രയും ജനങ്ങളെ രക്ഷിക്കാൻ സാധിച്ചു. സമയോചിതമായ അദ്ദേഹത്തിന്റെ ഇടപെടൽ അഭിനന്ദനാർഹമാണ്. തീർച്ചയായും അതിനൊരു പുരസ്കാരംതന്നെ അദ്ദേഹത്തിന് കൊടുത്താലും കുഴപ്പമില്ലെന്ന് ഞാനും ശ്രീ. തോമസ് ചാണ്ടിയുംകൂടി ചിന്തിച്ചതാണ്. നമ്മൾ ഒരു കാര്യം പറയുമ്പോൾ അത്

ഉൾക്കൊള്ളാനും സഹായിക്കാനും മനസ്സുള്ള ഒരുപാട് ഉദ്യോഗസ്ഥർ SWTD-യിലുണ്ടായിരുന്നു. ജനങ്ങളെയെല്ലാം രക്ഷിക്കാൻ സാധിച്ചത് സർക്കാരിന്റെ സഹായത്തോടെയാണെന്ന് പറയാതിരിക്കാൻ സാധ്യമല്ല. എനിക്ക് പറയാനുള്ള മെയിൻ വിഷയം റോഡുകളുടേതാണ്. അത് ഒരു വലിയ വിഷയംതന്നെയാണ്. നമുക്കറിയാം എൻ.എച്ച്-ലൂടെ പോകുമ്പോൾ പുന്നപ്ര കഴിഞ്ഞിട്ടാണ് എ.സി. റോഡിലേയ്ക്ക് തിരിയുന്ന ജംഗ്ഷൻ വരുന്നത്. ഞാൻ പലപ്പോഴും ഒറ്റയ്ക്കാണ് വണ്ടി ഓടിച്ച് പോകാറുള്ളത്. അങ്ങനെ പോയപ്പോൾ എനിക്കുതന്നെ റൂട്ട് തെറ്റുന്നു. ഏത് രീതിയിൽ സൈഡ് എടുത്തുപോകണമെന്ന് അറിയില്ല. അവിടെ സമാന്തരമായി മനുഷ്യന് കടന്നുപോകത്തക്ക രീതിയിൽ ഒരു സംവിധാനമുണ്ടാകണം ഇല്ലെങ്കിൽ അപകടങ്ങളുണ്ടാകാൻ സാധ്യത ഏറെ കൂടുതലാണ്. സൈൻ ബോർഡ് ഏറ്റവും അത്യാവശ്യമായിട്ടുള്ള കാര്യമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാൻ ഗതാഗത വകുപ്പുമന്ത്രി നല്ലരീതിയിൽ മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സൈൻ ബോർഡ് ഏറ്റവും അത്യാവശ്യമാണ്. ഏറ്റവും കൂടുതൽ അപകടങ്ങൾ നിറഞ്ഞ പ്രദേശമാണത്. അതുകൊണ്ട് ആ പ്രദേശത്തിന് ഒരു പ്രത്യേകത കൊടുക്കണമെന്ന് അദ്ദേഹത്തോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്തായാലും ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നതോടൊപ്പം ഇവരുടെയെല്ലാം പൂർണ്ണ പിന്തുണ പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു. നന്ദി നമസ്കാരം.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, മത്സ്യബന്ധനം, ഗതാഗതം, വാഹനനികുതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. മത്സ്യമേഖലയിലും ഗതാഗത രംഗത്തും വൻകുതിച്ചുചാട്ടം നടത്തുന്നതിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾ പ്രതീക്ഷയോടെയാണ് ഈ സർക്കാരിനെ കാണുന്നത്. പരമ്പരാഗത തൊഴിലാളികളെ ചേർത്തുപിടിക്കുന്ന എൽ.ഡി.എഫ്.-ന്റെ നയങ്ങളെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ തീരദേശമേഖലയെ കടലാക്രമണത്തിൽ നിന്നും ശാശ്വതമായി തടയുന്നതിനുവേണ്ടി ആധുനികവും ശാസ്ത്രീയവുമായ പദ്ധതികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. എന്റെ മണ്ഡലത്തിലെ ചെല്ലാനം കടലാക്രമണത്തിൽപ്പെട്ട് ഒഴുകുന്ന നാടാണ്. ഈ പ്രദേശങ്ങളിലെ കടലാക്രമണത്തിന് ശാശ്വതമായ പരിഹാരം കാണാൻ സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ചെല്ലാനത്തെ കടലാക്രമണത്തെ പ്രതിരോധിക്കാൻ 344 കോടി 20 ലക്ഷം രൂപയുടെ പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടുണ്ട്. അതിന് സർക്കാരിനോടുള്ള നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. മത്സ്യത്തിന്റെ ഒന്നാമത്തെ അവകാശി മത്സ്യംപിടിക്കുന്ന

തൊഴിലാളികളാണ്. അതനുസരിച്ച് നിയമമുണ്ടാക്കുന്നതിനുള്ള തീരുമാനത്തിലാണ് പിണറായി സർക്കാർ. മത്സ്യത്തൊഴിലാളികളെ കടത്തിൽനിന്നും ചൂഷണത്തിൽ നിന്നും കരകയറ്റി നല്ലൊരു ജീവിതം സമ്മാനിക്കാൻ കഴിയണം. മത്സ്യമേഖലയെ ആധുനികവത്കരിച്ച് തൊഴിലാളികൾക്ക് സഹായകരമായ പ്രവർത്തനങ്ങൾ സർക്കാർ തയ്യാറാക്കും. എന്നാൽ ബി.ജെ.പി. സർക്കാർ കടലിനെ ഖനനം ചെയ്ത് കൊള്ളലാഭം കൊയ്യുന്നതിനായി 'Blue Economy' പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയാണ്. കടലിന്റെ ആവാസ വ്യവസ്ഥയെ തകിടം മറിച്ച്, വിദേശികൾ മത്സ്യവും കടലിന്റെ അടിത്തട്ടിലെ വിലപിടിച്ച ധാതുസമ്പത്തും ചോർത്തിക്കൊണ്ടുപോകുന്ന നയമാണത്. അതിനെ തടയാൻ കഴിയാതെവന്നാൽ കരയും ആകാശവും കടലും കൊള്ളയടിക്കപ്പെടും. 'Blue Economy'-യെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ നിലപാടെന്താണെന്ന് അറിയാൻ ആഗ്രഹമുണ്ട്. കടലിലും കായലിലും പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾ കേരളത്തിലുണ്ട്. പല കായലുകളിലും എക്കൽ നിറഞ്ഞുകൊണ്ടിരിക്കുന്നു. മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി കായലുകൾ മാറിക്കൊണ്ടിരിക്കുകയാണ്. കൊച്ചിയിലെ കായലിലാണെങ്കിൽ പായൽ ശല്യവും ഏറുകയാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ തൊഴിലിടമെന്ന നിലയിലും പരിസ്ഥിതി സംരക്ഷണ കേന്ദ്രമെന്ന നിലയിലും കായലുകളെ സംരക്ഷിക്കണം. കായലുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖങ്ങളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ശ്ലാഘനീയമാണ്. മത്സ്യമേഖലയിൽ നടപ്പിലാക്കിയ നടപടികൾ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 8765 കുളങ്ങളിൽ പൊതുപങ്കാളിത്തത്തോടെ മത്സ്യകൃഷി നടപ്പിലാക്കി. വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടുത്തി. നാളിതുവരെ 4326 ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനങ്ങൾ നൽകി. ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കി. 2016-17-ൽ 19.99 കോടി രൂപയും 2017-18-ൽ 25.52 കോടി രൂപയും 2018-19-ൽ 29.17 കോടി രൂപയും 2019-20-ൽ 29.78 കോടി രൂപയും 2020-21-ൽ 32.51 കോടി രൂപയും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളായി ചെലവഴിച്ചു. 'വിദ്യാതീരം പദ്ധതി' പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ്, സിവിൽ സർവ്വീസ് തുടങ്ങിയവയിൽ പരിശീലനം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 604 കുട്ടികൾക്ക് പ്രയോജനം ലഭിച്ചു. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രമായി മൂന്ന് മറൈൻ ആംബുലൻസുകൾ സർവ്വീസ് നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് അഞ്ച് ലക്ഷം

രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയാക്കി ഉയർത്തി. 237800 മത്സ്യത്തൊഴിലാളികളെയും 28,999 അനുബന്ധ തൊഴിലാളികളെയും ഈ അപകട ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവന്നു. 70 കോടി രൂപയുടെ ഫിഷറീസ് വികസന പ്രവൃത്തികളും 61.78 കോടി രൂപയുടെ ഫോർട്ട് വികസന പ്രവൃത്തികളും 81.70 കോടി രൂപയുടെ വ്യവസായ വികസന പ്രവൃത്തികളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു. കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം തുടങ്ങിയ ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ മക്കളായ 2000 വിദ്യാർത്ഥിനികൾക്ക് സൈക്കിൾ നൽകി. മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിച്ചു. ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് പുറമെ പരമാവധി ഒരുലക്ഷം രൂപ ധനസഹായം നൽകി. ഇത്തരം കാര്യങ്ങളാണ് മത്സ്യമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേരളത്തിൽ, ഗതാഗതരംഗത്ത് വലിയ മുന്നേറ്റമാണ് നടക്കുന്നത്. പരമ്പരാഗത രീതിയിൽനിന്ന് മാറിചിന്തിച്ചുകൊണ്ട് കേരളത്തിന്റെ പൊതുഗതാഗതം സി.എൻ.ജി.-ലേയ്ക്ക് ചുവടുവയ്ക്കാൻ തുടങ്ങി. എല്ലാ ഗതാഗത സൗകര്യങ്ങളും ഒരു കുടക്കീഴിലാക്കുന്ന ഡിജിറ്റൽ സംവിധാനം ലോകത്താദ്യമായി കൊച്ചിയിൽ ആരംഭിച്ചു. കൊച്ചിയിൽ മെട്രോ മുതൽ ഓട്ടോറിക്ഷവരെയുള്ള എല്ലാ ഗതാഗത സംവിധാനത്തിന്റെയും സേവനം ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിന് സാധിക്കും. കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് സംവിധാനത്തിലൂടെ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് കീഴിലായിരിക്കുന്ന സംവിധാനമാണ് ഒരുങ്ങുന്നത്. ഈ സംരംഭം ലോകത്തിലാദ്യമായി കൊച്ചിയിൽ ആരംഭിക്കുമ്പോൾ കൊച്ചി നിവാസികൾക്കുവേണ്ടി ഞാൻ നന്ദി പറയുകയാണ്. മോട്ടോർ വാഹന നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിപാലനത്തിലൂടെ അപകടങ്ങൾ ഒഴിവാക്കി റോഡ് സുരക്ഷ ഉറപ്പുവരുത്തി നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് സർക്കാരിന്റെ സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ടുപോകുകയാണ്. മോട്ടോർ വാഹന വകുപ്പ് സംസ്ഥാന റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്ന ഒരു പൊതുജനസേവന വകുപ്പുകൂടിയാണ്. മോട്ടോർ വാഹനവകുപ്പ് ഓരോ വർഷവും എട്ട് ലക്ഷത്തോളം പുതിയ ലൈസൻസുകളും പതിനഞ്ച് ലക്ഷത്തോളം അനുബന്ധ സേവനങ്ങളും പത്ത് ലക്ഷത്തോളം പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനും പതിനഞ്ച് ലക്ഷത്തോളം അനുബന്ധ സേവനങ്ങളും മൂന്ന് ലക്ഷം പെർമിറ്റ് സംവിധാനങ്ങളുടെ സേവനങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ധനസമാഹരണത്തിൽ മോട്ടോർ വാഹനവകുപ്പ് പ്രധാന പങ്കുവഹിക്കുന്നു. ടാക്സ് ഇനത്തിൽ 13,000 കോടി രൂപയും ഫീസിനത്തിൽ 2,082 കോടി രൂപയും പിഴയിനത്തിൽ 465 കോടി രൂപയും ശേഖരിക്കുകവഴി 2016-21 കാലയളവിൽ 15,500 കോടി രൂപയാണ് മോട്ടോർ വാഹനവകുപ്പിലൂടെ സർക്കാരിന് സമാഹരിക്കാൻ കഴിഞ്ഞത്. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമായ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കാൻ സാധിച്ചു. 60 പ്രക്രിയകൾ ഓൺലൈനിലൂടെയാക്കി. അതിൽ 36 സേവനങ്ങൾ പൂർണ്ണമായും സമ്പർക്കരഹിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുകയാണ്. 'വാഹൻ സാരഥി' എന്ന കേന്ദ്രീകൃത സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുവാനും അപേക്ഷയുടെ തൽസ്ഥിതി മനസ്സിലാക്കുവാനും സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസിലേയ്ക്ക് വരാതെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഇതിലൂടെ സാധിച്ചു. ഇതുമൂലം ഏജന്റുമാരുടെയും മധ്യവർത്തികളുടെയും പിടിയിൽനിന്നും ആർ.ടി. ഓഫീസുകളെ വിമുക്തമാക്കി. സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ, സബ് ആർ.ടി.ഓഫീസുകളിലും സുതാര്യമായും അതിവേഗത്തിലും ഫയൽ കൈകാര്യം ചെയ്യുന്നതിനുമായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.

റോഡ് സുരക്ഷ മുൻനിർത്തി സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഒരു എൻഫോഴ്സ്മെന്റ് ടീം പ്രവർത്തിക്കുന്നുണ്ട്. ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ എല്ലാ ദിവസവും 24 മണിക്കൂറും റോഡ് സുരക്ഷ മുൻനിർത്തി പ്രവർത്തിക്കുന്ന 85 സ്ക്വാഡുകളുണ്ട്. 14 ആർ.ടി.ഒ.-മാരും 99 മോട്ടോർ വാഹന ഇൻസ്പെക്ടർമാരും 255 അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടർമാരുമുൾപ്പെടുന്ന 'സേഫ് കേരള' പദ്ധതി നിലവിൽവന്നു. ഈ പദ്ധതി നിലവിൽവന്നതോടുകൂടി പാതകളിലെ റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചു. 2019 -മായി താരതമ്യം ചെയ്യുമ്പോൾ 2020-ൽ 35 ശതമാനം റോഡപകടങ്ങളും അനുബന്ധ പരിക്കുകളും മരണങ്ങളും സംസ്ഥാനത്ത് കുറഞ്ഞിട്ടുണ്ട്. അമിതവേഗതയും അപകടകരമായ ഡ്രൈവിംഗും കണ്ടുപിടിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന പാതകളിൽ റഡാർ-ക്യാമറ സംവിധാനം ഒരുക്കിയിട്ടുണ്ട്. 'സേഫ് കേരള' പദ്ധതി പൂർണമായും നിലവിൽവരുമ്പോൾ ഈ വർഷത്തോടെ നിർമ്മിത ബുദ്ധികൊണ്ട് പ്രവർത്തിക്കുന്ന 700 ക്യാമറകളും നിരത്തുകളിൽ വിന്യസിക്കപ്പെടും. മോട്ടോർ വാഹനവകുപ്പിന്റെ വാഹന പരിശോധന പൂർണ്ണമായും ഡിജിറ്റലാക്കിയിട്ടുണ്ട്. ഇതിനായി ഇ-ചെല്ലാൻ സംവിധാനവും പിഴ സ്വീകരിക്കുവാനായി പി. ഒ. എസ്. ഓൺലൈൻ സംവിധാനവും ഇ-പോർട്ട് സംവിധാനത്തിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം

പിണറായി സർക്കാരിന്റെ വികസന രീതികളിൽ പുതിയ കാൽവയ്പ്പാണ് ഈ സർക്കാർ തുടരുന്നത്. കൊറോണക്കാലത്ത് വിദ്യാഭ്യാസം ഡിജിറ്റൽ സംവിധാനമാക്കി കേരളം ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാവർക്കും സ്വന്തം ഡിജിറ്റൽ പഠനോപകരണങ്ങളുള്ള ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതോടെ പൊതുവിദ്യാഭ്യാസ വകുപ്പ് ജി സ്യൂട്ട് പ്ലാറ്റ്ഫോമിൽനിന്ന് സ്കൂൾ തലത്തിൽ ഓൺലൈൻ ക്ലാസുകൾ തുടങ്ങും. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ പുതിയ ഡിജിറ്റൽ ലേണിങ് മാനേജ്മെന്റ് പ്ലാറ്റ്ഫോമും കൈറ്റ് വികസിപ്പിക്കുകയാണ്. കറുത്ത പൂച്ചയെ ഇരുട്ടിൽത്തപ്പി നടക്കുന്നതുപോലെ പ്രതിപക്ഷത്തിനൊന്നും പറയാനില്ലാത്ത അവസ്ഥയാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. കെ. സുരേന്ദ്രനും ചേർന്ന് നടത്തിയ നുണമഴകളിൽ നനഞ്ഞത് നിങ്ങൾ തന്നെയായിരുന്നു. അതിൽ പാഠം പഠിക്കാതെ വീണ്ടും യു.ഡി.എഫ്.-ബി.ജെ.പി. അദൃശ്യസഖ്യം രൂപീകരിച്ച നിങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടു. ജനങ്ങളുടെ വൻ പിന്തുണയുടെയടിസ്ഥാനത്തിൽ രണ്ടാം പിണറായി സർക്കാർ കേരളത്തിൽ ഉദിച്ചുയർന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒരോന്നായി പാലിക്കുമെന്ന ഉറപ്പോടെ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിക്കഴിഞ്ഞു. ഓണത്തിന് സ്പെഷ്യൽ കിറ്റും കൈ നിറയെ പെൻഷനും നൽകി മാവേലി ഭരിച്ച കാലത്തെപ്പോലെ സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ കേരളമായി മാറിക്കഴിഞ്ഞു. യു.ഡി.എഫ്.-ന് തെറ്റ് തിരുത്താൻ ഇനിയും സമയമുണ്ട്. എന്തിനെയും എതിർക്കുന്ന ശൈലിയാണ് പ്രതിപക്ഷം തുടരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ക്രിയാത്മകമായ പ്രതിപക്ഷമാണെന്ന് പ്രഖ്യാപിച്ചെങ്കിലും ശങ്കരൻ പിന്നെയും തെങ്ങിൽ തന്നെയെന്നാണ് അനുഭവം. ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ കാര്യത്തിൽ മലക്കം മറിച്ചിലിലാണെന്നാണ് സൂചിപ്പിക്കുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ അടിയൊഴുക്കുകൾ ഇപ്പോഴും തിരിച്ചറിയാതിരുന്നില്ല. സ്വന്തമായി ഒരു പ്രസിഡന്റിനെപ്പോലും തെരഞ്ഞെടുക്കാൻ കഴിവില്ലാത്ത പാർട്ടിക്ക് എങ്ങനെയാണ് രാജ്യത്തെ രക്ഷിക്കാൻ കഴിയുന്നത്? പഴയ പ്രതിപക്ഷനേതാവ് വടക്കോട്ട് നോക്കിയിരിക്കുന്നതിനാൽ കഴുത്തിൽ നീരുവന്നിരിക്കുന്നു. പുതിയ പദവി തരുമെന്നാണ് മോഹിപ്പിക്കുന്നത്. പദവി ഏത് കിട്ടിയാലും എന്ത് കാര്യം; ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുന്നുണ്ടോ? ഇല്ല, ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. പഞ്ചാബിലും രാജസ്ഥാനിലുമുള്ള സർക്കാരുകൾ ആടിയുലയുകയാണ്. ആഭ്യന്തര പ്രശ്നത്തിൽ നട്ടം തിരിയുന്ന പാർട്ടിയായി കോൺഗ്രസ്സ് മാറി. ബി.ജെ.പി.-ക്കുപകരം മൃദുഹിന്ദുത്വ പരിപാടികൾ മുന്നിൽ വച്ചാണ് നിങ്ങൾ നീങ്ങുന്നത്. കർഷക സമരങ്ങൾക്ക് മുന്നിൽനിന്ന് കണ്ണടയ്ക്കുകയാണ്. ഒരു പുതിയ പുലരിയെ

വരവേൽക്കുന്ന മലയാളിയുടെ സങ്കൽപ്പങ്ങൾക്ക് നിറം പകർത്തുന്ന പിണറായി സർക്കാരിന്റെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. പ്രേംകുമാർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഗതാഗത മേഖല നാടിന്റെ വികസനത്തിന്റെയും ആധുനികതയുടെയും മുഖമായി വിലയിരുത്തപ്പെടുന്നതാണ്. റോഡ് കണക്ടിവിറ്റിയുടെ കാര്യത്തിൽ ദേശീയ ശരാശരി 0.75 ശതമാനമാണെങ്കിൽ കേരളത്തിൽ അത് മൂന്ന് ശതമാനമാണ്. കേരളത്തിലെ 80 ശതമാനത്തോളം വരുന്ന ജനങ്ങൾക്ക് അവരുടെ വീടുകളിലേയ്ക്ക് വാഹനമെത്തിക്കാൻ കഴിയുന്ന നിലയിൽ കേരളം മാറിയത് അഭിമാനകരമായ നേട്ടമാണ്. കേരളത്തിലെ പശ്ചാത്തല മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞതിന്റെ ഭാഗമാണ് കിഫ്ബി പദ്ധതി. അതിന്റെ ഭാഗമായി നേട്ടങ്ങളെ നല്ലനിലയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഗതാഗത വകുപ്പിന്റെ സേവനങ്ങൾ ആധുനികവത്കരിക്കാനും മെച്ചപ്പെട്ടതാക്കാനും കൂടുതൽ നേട്ടം കൈവരിക്കുന്ന നിലയിലാക്കാനും സാധിച്ചിട്ടുണ്ട്. സേവനങ്ങൾ ഓൺലൈനായി ഉറപ്പുവരുത്താൻ വലിയ തോതിലുള്ള മുന്നേറ്റമുണ്ടായി. ഏത് തരം ഫീസും പിഴയും ഓൺലൈനായി അടയ്ക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തി. ചെക്ക്പോസ്റ്റുകളുടെ നവീകരണം കേരളത്തിൽ ഏറ്റവും പ്രാധാന്യത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റും കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക്പോസ്റ്റും ആ നിലയിൽ മാതൃകാപരമായി മുന്നോട്ടുപോകാൻ കഴിഞ്ഞു. 2011-ൽ കേരളത്തിൽ 60,72,019 വാഹനങ്ങളാണുണ്ടായിരുന്നത്. 2020-ൽ 1,41,84,154 വാഹനങ്ങൾ കേരളത്തിലുണ്ട്. വാഹന അപകടങ്ങളാൽ സംഭവിക്കുന്ന മരണം 2011-ൽ 4145 ആയിരുന്നു. 2020-ലെ കണക്കെടുത്താൽ 2979 പേർ. കേരളത്തിൽ അപകട മരണങ്ങളുടെ എണ്ണം കുറയുന്നു. ഗതാഗതവകുപ്പിൽ നടത്തിയിട്ടുള്ള പരിഷ്കരണങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഭാഗമായി കേരളത്തിൽ 35 ശതമാനം മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചു. കേരള സംസ്ഥാനത്ത് മരണം സംഭവിക്കുന്നത് ആകെ സംഭവിക്കുന്ന മരണത്തിന്റെ 2.9 ശതമാനം മാത്രമാണ്. എന്നാൽ, 9.2 ശതമാനം അപകടങ്ങൾ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്നു. മറ്റ് സംസ്ഥാനങ്ങളിലൊന്നും സംഭവിക്കുന്ന റോഡ് അപകടങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നില്ലെന്നത് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. വാഹനങ്ങളുടെ എണ്ണം ഇരട്ടിയിലധികം പെരുപ്പമുണ്ടായിട്ടും മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിൽ ശ്രദ്ധാപൂർവ്വമായ

ഇടപെടലുകൾ നടത്താൻ കേരളത്തിൽ സാധിക്കുകയുണ്ടായി. സംസ്ഥാനത്ത് അന്താരാഷ്ട്ര സുരക്ഷാ സവിശേഷതയുള്ള ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകുന്ന സാഹചര്യമുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഡ്രൈവിംഗ് ലൈസൻസ് സ്വന്തമാക്കാൻ ഇന്ത്യൻ പൗരൻമാരെ പ്രാപ്തരാക്കുന്നതിന് international driving testing track-cum-coaching centre സ്ഥാപിക്കാൻ കേരളത്തിന് സാധിച്ചു. അതിന്റെ ഭാഗമായി ഗൾഫ് രാജ്യങ്ങളിൽ വാഹനമോടിക്കാനുള്ള ആളുകൾക്ക് അതിനുള്ള സൗകര്യവും സഹായവും ലഭിക്കും. ന്യൂഡൽഹിക്കുശേഷം രണ്ടാമത് തിരുവനന്തപുരത്തെ ഹരിതനഗരമായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സേവന നിലവാരം ഉയർത്തുന്നതിന് തടസ്സം നേരിടുന്നത് റോഡ് വക്കിലെ പാർക്കിംഗാണ്. പൊതുമരാമത്ത്, റെയിൽവേ, ഉൾനാടൻ ജലഗതാഗത അതോറിറ്റി, വിമാനത്താവളം, തീരദേശ ഷിപ്പിംഗ് അതോറിറ്റി എന്നിവയുടെ ഏകോപനം ഗതാഗത പശ്ചാത്തല മേഖലയുടെ നിർമ്മാണം, പരിപാലനം, പ്രവർത്തനം എന്നിവയ്ക്ക് അത്യാവശ്യമാണ്. ഗതാഗത ബാഹുല്യം നേരിടുന്നതിനുള്ള വീതി റോഡുകൾക്കില്ല. നാലിലൊന്ന് മാത്രമാണ് രണ്ടുവരിയോ നാലുവരിയോ ആയിട്ടുള്ളത്. ദേശീയപാതയിൽ പന്ത്രണ്ട് ശതമാനം മാത്രമാണ് നാലുവരിയായിട്ടുള്ളത്. സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റിക്ക് ആറ് ജില്ലകളിൽ കൃത്യമായി കൺട്രോൾ റൂം തുറന്ന് പ്രവർത്തിക്കുന്നതിന് സാധിച്ചുവെന്നുള്ളത് കേരളത്തിൽ ഏറ്റവും പ്രാധാന്യത്തോടെ കാണാൻ കഴിയുന്ന കാര്യമാണ്. മരണനിരക്കും അപകടനിരക്കും കുറയ്ക്കുകയെന്ന നിലപാടിലാണ് ഈ പ്രവർത്തനങ്ങളെ കാണുന്നത്. കേരളത്തിൽ അടിക്കടി അപകടം സംഭവിക്കുന്ന 275 ബ്ലാക്ക് സ്പോട്ടുകൾ നിരത്തുകളിലുള്ളതായി കണ്ടെത്തുകയും അപകട നിവാരണ മാർഗ്ഗം സ്വീകരിക്കാൻ ദേശീയപാത അതോറിറ്റി, പൊതുമരാമത്ത്, പോലീസ് എന്നീ വകുപ്പുകളുടെയും ലോകബാങ്കിന്റെയും സഹകരണത്തോടെ അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്.

1.00 PM]

ഇന്ത്യയിൽ ജലഗതാഗത രംഗത്ത് നടപ്പിലാക്കിവരുന്ന ആദ്യത്തെ സോളാർ യാത്രാ ബോട്ട് 'ആദിത്യ' കേരളത്തിലാണ് പുറത്തിറക്കിയത്. അതുപോലെ ആദ്യത്തെ വാട്ടർ ടാക്സി കേരളത്തിൽ സാധ്യമാക്കുന്നതിന് ഇടപെടാനും ഗവൺമെന്റിന് അത് പൂർത്തീകരിക്കാനും സാധിച്ചു. അതിവേഗ എ.സി. ബോട്ടായ 'ലക്ഷ്യ' കേരളത്തിൽ യാഥാർത്ഥ്യമാക്കാനായി. ഗതാഗതവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കെ.എസ്.ആർ.ടി.സി., കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചുവർഷക്കാലം കേരളം ഭരിച്ചപ്പോൾ 1483 കോടി

രൂപയാണ് കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചത്. എന്നാൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 4445 കോടി രൂപ കെ.എസ്.ആർ.ടി.സി.-യെ ആധുനികവത്കരിക്കുന്നതിന് അനുവദിക്കുകയുണ്ടായി. ആ മേഖലയിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നു. ഇന്ത്യാ രാജ്യത്ത് 1000 പേർക്ക് 22 വാഹനമാണുള്ളത്. കേരളത്തിൽ ആയിരം പേർക്ക് 425 വാഹനമുണ്ട്. അമേരിക്കയിൽ 1000 പേർക്ക് 507 വാഹനമാണുള്ളത്. കേരളത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടെന്ന് ഇതിൽനിന്നും കാണാൻ സാധിക്കും. വാഹനങ്ങളുടെ ഈ വർദ്ധനവിനെ നമ്മുടെ നാട്ടിൽ സുരക്ഷിതമായ യാത്രയ്ക്ക് ഉപയോഗിക്കാൻ കഴിയുന്ന നിലയിലേയ്ക്കുള്ള മാറ്റത്തിനും എല്ലാ നിലയിലുമുള്ള ആധുനികവത്കരണത്തിനും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രാധാന്യം കൊടുത്ത് മുന്നോട്ടുപോകുന്നുവെന്നാണ് കാണാൻ സാധിക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട് അഭിമാനകരമായ മുന്നേറ്റം നമുക്കുണ്ടാക്കാൻ സാധിച്ചു. റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ അർത്ഥത്തിലും നേതൃത്വം കൊടുക്കാൻ ഒരു കമ്മീഷണറെ ചുമതലപ്പെടുത്തുന്ന സാഹചര്യമുണ്ടായി. വിവിധ വകുപ്പുകളുടെ ഏകോപനം അതിന്റെ ഭാഗമായി സാധ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്. കേരളത്തിലെ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയിലൂടെ അപകടങ്ങൾ കണ്ടെത്തുകയും അവയെ എങ്ങനെ തടയാൻ സാധിക്കുമെന്നതിന്റെ പ്രവർത്തനങ്ങൾ ഏറ്റവും അഭിമാനകരമായ നിലയിൽ മുന്നോട്ടുപോവുകയുമാണ്. രണ്ട് ലക്ഷം വാഹനങ്ങൾ ഒരേ സമയം നിരീക്ഷിക്കാൻ കഴിയുന്ന നിലയിൽ കേരളത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ ക്യാമറകൾ സജ്ജമായി ഇന്ന് നമ്മുടെ സമൂഹത്തിൽ അഭിമാനകരമായിട്ടുള്ള മുന്നേറ്റം നടത്തുകയാണ്. അപകടങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഏറ്റവും ശാസ്ത്രീയമായ ഇടപെടലുകളാണ് ഈ വകുപ്പ് നടത്തുന്നത്. അതിനോടൊപ്പം തന്നെ പോലീസും വിദ്യാർത്ഥികളും തമ്മിൽ എല്ലാ അർത്ഥത്തിലും യോജിപ്പോടുകൂടി ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും 60 ശതമാനത്തോളമുള്ള കേരളത്തിലെ നിരത്തുകളിലെ ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ബോധവത്കരണ പരിപാടി നടത്താനും ഹെൽമെറ്റിന്റെ ഉപയോഗം ഏറ്റവും ശാസ്ത്രീയമായ നിലയിൽ നടത്തുന്നതിനുമെല്ലാം കൃത്യവും സമചിത്തതയോടും ആധുനികവശങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തിക്കൊണ്ടും കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഈ മേഖലയിൽ നിരവധി ടെക്നിക്കൽ ജോലികൾ നേരിട്ട് ചെയ്യേണ്ടതുണ്ട്. ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, വാഹന പരിശോധന, എന്നിവയും അപകടത്തിൽപ്പെട്ട

വാഹനങ്ങളുടെ പരിശോധനയ്ക്കും ശാസ്ത്രീയ അന്വേഷണങ്ങൾക്കുംശേഷം അവയുടെ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും അതിന്റെ റിപ്പോർട്ടുകളും മറ്റും കോടതികളിലും സർക്കാരിലും സമർപ്പിക്കേണ്ടതുമായ ജോലികൾ എന്നിവ നിർവ്വഹിക്കുന്ന ജോയിന്റ് ആർ.ടി.ഒ.-യുടെ തസ്തികയ്ക്ക് ടെക്നിക്കൽ യോഗ്യത അത്യന്താപേക്ഷിതമാണെന്നുള്ളത് തിരിച്ചറിയേണ്ടതുണ്ട്. അതിനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉദാഹരണത്തിന് AMVI (Assistant Motor Vehicle Inspector) ആയി ഒരാൾ സർവ്വീസിൽ കയറുന്നു. സർക്കാർ സർവ്വീസിലേയ്ക്ക് ഒരാൾ എൽ.ഡി. ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിക്കുന്നു. AMVI (Assistant Motor Vehicle Inspector) ആയി സർവ്വീസിൽ വരുന്ന ആൾ പിന്നീട് MVI (Motor Vehicle Inspector)-യും അതിനുശേഷം ജോയിന്റ് ആർ.ടി.ഒ.-യും ആകുന്നു. എൽ.ഡി.സി.-യിൽ ജോലിയിൽ പ്രവേശിക്കുന്ന ഒരാൾ സീനിയർ ക്ലാർക്കാകുന്നു, ഹെഡ് അക്കൗണ്ടന്റ് ആകുന്നു, ജൂനിയർ സൂപ്രണ്ടാകുന്നു, സീനിയർ സൂപ്രണ്ടാകുന്നു. സീനിയർ സൂപ്രണ്ട് ആയ വ്യക്തി ജോയിന്റ് ആർ.ടി.ഒ. ആകുന്ന സമയത്ത് അദ്ദേഹത്തിന് ടെക്നിക്കൽ ക്വാളിഫിക്കേഷൻ ആവശ്യമില്ല, അതിനാവശ്യമായ ഒരു ഇടപെടലും വേണ്ടതില്ല എന്നുള്ളതാണ്. എന്നാൽ ആ നയത്തിൽ തീർച്ചയായും മാറ്റം വരുത്തേണ്ടതുണ്ട്. ജോയിന്റ് ആർ.ടി.ഒ. ആയി നിയമിക്കപ്പെടുന്നവർ വാഹനാപകടങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനും പ്രാപ്തമാകുന്ന യോഗ്യതയില്ലാത്തവരായി മാറിയാൽ സ്വാഭാവികമായും അപകടങ്ങൾ കുറയ്ക്കുന്നതിനോ അതിനാവശ്യമായ നിലയിലുള്ള മുന്നേറ്റങ്ങൾക്കോ സാധ്യമാകില്ലെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനാവശ്യമായ ഇടപെടൽകൂടി യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതുണ്ടെന്ന് ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. മറ്റൊന്ന്, നമ്മുടെ സമൂഹത്തിൽ ഇത്തരത്തിലുള്ള എല്ലാ മേഖലയിലുമുള്ള മുന്നേറ്റങ്ങളെയും മാറ്റങ്ങളെയും എല്ലാ അർത്ഥത്തിലും നല്ല നിലയിൽ സ്വീകരിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നതിനുപകരം ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയെ ആ അർത്ഥത്തിൽ ഉപയോഗിക്കുന്നതിന് പകരം എല്ലാ ധനാഭ്യർത്ഥന ചർച്ചകളെയും പ്രതിപക്ഷം പൂർണ്ണമായും തിരസ്കരിക്കുകയോ എതിർക്കുകയോ ചെയ്യുന്ന കാഴ്ചയാണ് കാണുന്നത്. ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാണെന്ന് ഒരു ഭാഗത്ത് പറയുകയും മറുഭാഗത്ത് വെല്ലുവിളികളുടെയും ആക്രോശത്തിന്റെയും സമീപനം സ്വീകരിക്കുകയും ചെയ്യുന്നത് ഈ സഭാസമ്മേളനത്തിലും കാണാൻ സാധിച്ചു. എല്ലാ പ്രതിപക്ഷാംഗങ്ങളും അവരുടെ ചർച്ചയുടെ ഭാഗമായി സൂചിപ്പിക്കുന്നത് ഞങ്ങൾ ഇതിനെ എതിർക്കുന്നുവെന്നാണ്. ഈ രംഗത്ത് മാതൃക കാണിക്കേണ്ട ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേരളത്തിന്റെ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്ന നിലയിലേയ്ക്ക് മാറുന്നു. അദ്ദേഹം സൂചിപ്പിക്കുന്നത്, 'ഒരു പിണറായി വിജയനല്ല

ആയിരം പിണറായി വിജയന്മാർ വന്നാലും സംഘിപ്പട്ടം ചാർത്താനാവില്ല' എന്നാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് സമയത്തും തുടർന്നുവന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ഇതിനുമുമ്പ് നടന്ന ബേപ്പൂർ മോഡലിലുമെല്ലാം ഈ നാടിനെ തങ്ങളുടെ അവസരവാദ രാഷ്ട്രീയത്തിനുവേണ്ടി ജാതിമത സാമുദായിക ശക്തികളുമായി ഒത്തുചേർന്ന് കേരളത്തിൽ കൃത്യമായ വർഗ്ഗീയ താല്പര്യം നടപ്പിലാക്കുന്ന അജണ്ട നടപ്പിലാക്കുന്നതിന്റെ നേതൃത്വമായി പ്രതിപക്ഷം മാറുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ബേപ്പൂർ മോഡൽ നമ്മുടെ മനസ്സിൽനിന്നും പോയിട്ടില്ല. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള സംഘിപ്പട്ടം കൃത്യമായും അണിയാൻ യോഗ്യതയുള്ളവർ തന്നെയാണ് കേരളത്തിലെ യു.ഡി.എഫ്.-ഉം പ്രതിപക്ഷവുമെന്ന് നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ട് മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനുംവേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനത്തിനെ പൂർണ്ണമായും ഈ നിലയിൽ പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുത്ത കേരളത്തിലെ ജനങ്ങൾക്ക് ഒരിക്കൽക്കൂടി അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ സ്ഥാനമാണ് മത്സ്യമേഖലയ്ക്കുള്ളത്. രാജ്യത്ത് ഏകദേശം മൂന്ന് കോടിയിലധികം ആളുകൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഇന്ത്യയിലെ 9 സംസ്ഥാനങ്ങൾ സമുദ്രാതിർത്തി പങ്കിടുന്നവയാണ്. ഈ സംസ്ഥാനങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ അദ്ധ്വാനം കേന്ദ്രസർക്കാരിന് വൻതോതിൽ വിദേശനാണ്യം നേടിക്കൊടുക്കുന്നു. ആയിരക്കണക്കിന് കോടി രൂപ വിദേശങ്ങളിൽനിന്നും വരുന്നു. എന്നാൽ കേന്ദ്രസർക്കാർ ഈ കോവിഡ്കാലത്ത് മത്സ്യത്തൊഴിലാളികൾക്കായി ഒരു ചില്ലിക്കാശുപോലും ചെലവാക്കാൻ തയ്യാറായിട്ടില്ലെന്ന് മാത്രമല്ല പരമാവധി ദുരിതത്തിലാക്കുകയാണെന്ന് പറയേണ്ടിവരും. നമ്മൾ ചർച്ചചെയ്ത ഗതാഗതമേഖലയിൽ കേന്ദ്രസർക്കാരിന്റെ തലതിരിഞ്ഞ നയങ്ങൾ എങ്ങനെയാണ് ബാധിക്കുന്നതെന്ന് നിങ്ങൾക്കറിയാം. പെട്രോൾ വില സെഞ്ച്വറി തികച്ച് നിൽക്കുകയാണ്. എന്തോ വലിയ ഭരണനേട്ടം നേടിയെന്നാണ് ബി.ജെ.പി.-യുടെ ധാരണ. പെട്രോൾ, ഡീസൽ, പാചകവാതക വില വർദ്ധനവ് നമ്മുടെ നാട്ടിൽ ചർച്ചയാകുന്നുണ്ട്. എന്നാൽ പെട്രോളും ഡീസലും ഗ്യാസും മാത്രമല്ല പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലയും ദിനംപ്രതി വർദ്ധിക്കുകയാണ്. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിതം അങ്ങേയറ്റം ദുരിതത്തിലാക്കുന്നു. പാവപ്പെട്ട തൊഴിലാളികളെ ഇങ്ങനെ ദ്രോഹിക്കാതെ,

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണവില വർദ്ധിക്കുന്ന വിഷയത്തിൽ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണം. എണ്ണയടിച്ച് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ചിലപ്പോൾ വെറുംകയ്യോടെയാകും മടങ്ങിയെത്താറുള്ളത്. അദ്ധ്വാനവും മണ്ണെണ്ണയുടെ പണവും നഷ്ടമാകും. കോവിഡ് കാലത്തും മണ്ണെണ്ണയുടെ വില ലിറ്ററിന് 97 രൂപയാണ്. ഇതിനൊരു പരിഹാരം വേണം. വിദേശനാണ്യം നേടുന്ന കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. പ്രശ്നങ്ങൾക്ക് ആകുംവിധമുള്ള പരിഹാരങ്ങൾ കണ്ടെത്താൻ കേരള സർക്കാർ ശ്രമിക്കുന്നുണ്ട്. ഇനിയും എന്തുചെയ്യാനാകുമെന്ന് നമ്മൾ പരിശോധിക്കണം. ദേശീയ നേതാവ് മത്സ്യത്തൊഴിലാളികൾക്കൊപ്പം കടലിൽചാടുന്നത് ഇതിനൊരു പരിഹാരമല്ല. എണ്ണവിലയുടെ കാര്യത്തിലും മത്സ്യത്തൊഴിലാളികളുടെ കാര്യത്തിലും കോൺഗ്രസ് എന്താണ് ചെയ്തിട്ടുള്ളത്; ആറ് പതിറ്റാണ്ട് കാലമായുള്ള കാര്യങ്ങൾ പരിശോധിച്ചാൽ വിദേശനാണ്യം നേടിയവർ മത്സ്യത്തൊഴിലാളികൾക്കായി ഒന്നും ചെയ്തില്ല. എന്നിട്ടിപ്പോൾ വന്ന് കടലിൽ ചാടുകയാണ്. അതുകൊണ്ട് എന്തുപ്രയോജനമാണുള്ളത്. ഈ കോവിഡ് കാലത്തും തീരദേശത്ത് പട്ടിണിയില്ലാതെ മനുഷ്യർ ജീവിക്കുന്നുണ്ട്. എണ്ണവില ദിവസംതോറും വർദ്ധിക്കുമ്പോഴും പട്ടിണി കിടക്കാതെ അവർ പിടിച്ചുനിൽക്കുന്നത് കേരളം ഭരിക്കുന്ന സർക്കാർ കരുതലോടെ കൂടെയുള്ളതുകൊണ്ടാണ്. തീരദേശ മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. മത്സ്യമേഖലയുടെ അവസ്ഥയും തൊഴിലാളികളുടെ ജിവിതവും തൊട്ടറിഞ്ഞ്, സംസ്ഥാന സർക്കാർ അനുവദിച്ച സൗജന്യ റേഷനുകളും റേഷൻ കാർഡുടമകൾക്ക് അനുവദിച്ച കിറ്റുകളും സഹകരണ സംഘങ്ങളും മറ്റ് സാമൂഹ്യസേവന സംഘടനകളും വിതരണം ചെയ്ത ഭക്ഷ്യധാന്യ കിറ്റുകളും, സഹായികൾ നൽകിയിട്ടുള്ള വിവിധ സഹായങ്ങളും കൊണ്ടാണ് ഈ ഭാഗത്തുള്ള മനുഷ്യർ കോവിഡ് കാലത്തും നിലനിൽക്കുന്നത്. കിറ്റ് വിതരണത്തെ പരിഹസിക്കുന്ന കോൺഗ്രസുകാർക്കും ബി.ജെ.പി.-ക്കാർക്കും മനുഷ്യരുടെ വേദനയും വിശപ്പും എന്താണെന്ന് മനസ്സിലാകുന്നില്ല. കിറ്റിനെ നിങ്ങൾ എത്ര പരിഹസിക്കുന്നുവോ അത്രയും നിങ്ങളെ ജനങ്ങൾ വെറുക്കും. ഈ സഭയിൽ എനിക്ക് പ്രത്യേകം പറയാനുള്ള കാര്യം മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ്. ഓൺലൈൻ വിദ്യാഭ്യാസമാണ് കോവിഡ് കാലത്ത് നമ്മൾ പിന്തുടരുന്നത്. പാവപ്പെട്ടവരുടെ മക്കൾ അതിൽനിന്നും പുറത്താകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം അക്കാര്യത്തിൽ വ്യക്തമായ പഠനവും നിരീക്ഷണവും വേണം. പാവപ്പെട്ടവരുടെ മക്കൾ ഓൺലൈൻ ക്ലാസുകളിലെത്തുന്നുവെന്ന് പ്രത്യേകം ഉറപ്പുവരുത്തണം. കോവിഡ് രണ്ടാം തരംഗത്തിൽ കേന്ദ്ര സർക്കാർ വലിയ ദ്രോഹമാണ് സാധാരണക്കാരോട് ചെയ്യുന്നത്. വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല, തൊഴിലാളികൾ

വായ്പകളെടുത്താണ് അവരുടെ തൊഴിലുപകരണങ്ങൾ മുതൽ കുട്ടികളുടെ വിദ്യാഭ്യാസം വരെ നടത്തുന്നത്. ഇപ്പോൾ ജോലിയും വരുമാനവുമില്ലാത്തതിനാൽ വായ്പ തിരിച്ചടയ്ക്കാനായി പണികിട്ടുന്ന ദിവസം വിദ്യാർത്ഥികളടക്കം തങ്ങളുടെ ഗതികേടുകാരണം പണിക്ക് പോകുന്നു. അപ്പോൾ അവരുടെ പഠനം മുടങ്ങും. ഓൺലൈൻ ക്ലാസ് നടക്കുന്നതിൽനിന്നും കുട്ടികൾ പുറത്തുപോകുന്നത് നേരിട്ടുള്ള പഠനത്തിലെന്നതുപോലെ ശ്രദ്ധിക്കപ്പെടുന്നില്ല. ഈ സ്ഥിതിക്കും പരിഹാരം വേണം. വായ്പയുടെ കാര്യത്തിൽ കേന്ദ്ര നിലപാട് തിരുത്തണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പരമ്പരാഗത തൊഴിലുകളിലേർപ്പെടുന്നവർക്കും നേരിട്ട് പണമെത്തിക്കാനുള്ള അടിയന്തര നടപടികൾ ആലോചിക്കാൻ കേന്ദ്രത്തിന് ബാദ്ധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങളുണ്ടെന്നും അവർ പഠനത്തിൽനിന്നും പുറത്തുപോകുന്നില്ലെന്നും ഉറപ്പുവരുത്തണം. മനുഷ്യ ശരീരത്തിന്റെ നിലനില്പിനാവശ്യമായ പ്രോട്ടീനുകൾ ഏറ്റവും കുറഞ്ഞചെലവിൽ ലഭിക്കുന്ന ആഹാരം മത്സ്യമായതിനാൽ ആരോഗ്യ പരിപാലന രംഗത്ത് ഏറ്റവും നിർണ്ണായക പങ്ക് വഹിക്കുന്ന മേഖലയാണ് മത്സ്യമേഖല. പൂർവ്വാധികം ജനങ്ങളും കുട്ടികളും ആരോഗ്യത്തോടെ വളരുന്നത് മത്സ്യമേഖല നിലനിൽക്കുന്നതു കൊണ്ടാണ്. അതിനാൽ ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ ജീവിതത്തെക്കുറിച്ച് നമുക്ക് കൂടുതൽ കരുതൽ വേണം. പ്രളയകാലത്ത് നമ്മുടെ നാടിനെ രക്ഷിച്ച കേരളത്തിന്റെ സൈന്യമാണ് മത്സ്യത്തൊഴിലാളികൾ. മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ വിഷയത്തിലും പ്രത്യേക പരിഗണന വേണം. ടൗട്ടെ ചുഴലിക്കാറ്റ് വരുത്തിയ നാശനഷ്ടങ്ങളിൽനിന്നും കരകയറാൻ മത്സ്യ മേഖലയെ നാം സഹായിക്കണം. കോവിഡ് കാലത്ത് ഈ മേഖലയെ സംരക്ഷിക്കാനും മുന്നോട്ടുനയിക്കാനും ഈ സർക്കാരിന് കഴിയും. ഇതുമായി ബന്ധപ്പെട്ട സർക്കാർ നയങ്ങളെ ശക്തമായി പിന്താങ്ങുന്നു. പൊതുഗതാഗത സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് ഖജനാവിൽനിന്ന് പണം ചെലവഴിച്ച് ഗതാഗതനിരക്ക് വർദ്ധിപ്പിക്കാതെ ജനങ്ങളെ സഹായിച്ച ഈ ഗവൺമെന്റ് വാഹന നികുതികൾ അന്യായമായി വർദ്ധിപ്പിച്ചില്ല. 34 തവണയാണ് പെട്രോളിനും ഡീസലിനും പാചകവാതകത്തിനും രണ്ടാം ബി.ജെ.പി. സർക്കാർ വില വർദ്ധിപ്പിച്ചത്. പെട്രോളിനും ഡീസലിനും അന്യായമായി വിലവർദ്ധിപ്പിക്കുന്നതിന് കോൺഗ്രസും ഉത്തരവാദിയാണ്. ഇന്ധനങ്ങളുടെ വിലവർദ്ധിപ്പിക്കാനുള്ള അവകാശം പെട്രോളിയം കമ്പനികൾക്ക് കൈമാറിയത് കോൺഗ്രസാണ്. ഭരണ നഷ്ടത്തിന്റെ പേരിൽ പാവങ്ങളുടെ കഞ്ഞിയിൽ മണ്ണിടരുതെന്ന ഒരപേക്ഷ കോൺഗ്രസിനോടും ബി.ജെ.പി.-യോടുമുണ്ട്. കോവിഡ്-19 നിരവധി ഓട്ടോ-ടാക്സി തൊഴിലാളികളുടെയും ബസ് ജീവനക്കാരുടെയും തൊഴിൽ നഷ്ടമാക്കി. കഴിഞ്ഞ വർഷത്തിന്റെ ആദ്യഭാഗം തൊഴിലാളികളെ സഹായിച്ചതുപോലെ ഇത്തവണയും

സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അത് ഉറപ്പുണ്ട്. പാവങ്ങളുടെ ആഗ്രഹങ്ങൾ പരിഗണിക്കുന്ന പിണറായി സർക്കാരിനോട് ജനങ്ങൾ അടുത്തുവരികയാണ്. അതുകൊണ്ട് അനുഭവങ്ങളുടെ തീക്ഷ്ണമായ ഓർമ്മയിൽ നിന്നുകൊണ്ട് ഞാൻ രണ്ടാം പിണറായി സർക്കാരിനെ അഭിവാദ്യം ചെയ്യുന്നു, ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹനനികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നിർഭാഗ്യമെന്ന് പറയട്ടെ, കേരളത്തിലെ മത്സ്യത്തൊഴിലാളി കളടക്കമുള്ള സാധാരണക്കാരായ ജനവിഭാഗത്തിന്റെ വിഷയങ്ങൾ ചർച്ചചെയ്യുന്ന ഈ ദിവസംതന്നെ സഭ ബഹിഷ്കരിച്ച പ്രതിപക്ഷം യഥാർത്ഥത്തിൽ ആ ജനവിഭാഗത്തോട് അവർക്കുള്ള ആത്മാർത്ഥതയില്ലായ്മയാണ് തെളിയിക്കുന്നത്. അവർ വാക്കൗട്ട് നടത്തിയെങ്കിലും ഈ സഭ മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാന്യരായ മുഖ്യമന്ത്രിയും സ്പീക്കറും എടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കാനും സ്വാഗതം ചെയ്യാനും ഈ അവസരം വിനിയോഗിക്കുകയാണ്. മാനവരാശിയുടെ പുരോഗതിക്ക് ഏറ്റവും ആക്കം കൂട്ടിയ കണ്ടുപിടിത്തമായിരുന്നു ചക്രത്തിന്റെ കണ്ടുപിടിത്തം. ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്കും അതോടൊപ്പം ചരക്ക് നീക്കത്തിനും ഉതകുന്ന മനുഷ്യന്റെ മഹാകണ്ടുപിടിത്തമായിരുന്നു അത്. എന്നാൽ ഇന്ന് മാനവരാശിയെ പിടിച്ചുകെട്ടിയ ഈ കോവിഡ് മഹാമാരിക്കാലത്ത് മനുഷ്യർക്ക് പുറത്തിറങ്ങാനോ യാത്ര ചെയ്യാനോ കഴിയാതെ ലോക്കായി നിൽക്കുന്ന സന്ദർഭത്തിൽ, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെയും അവിടെ പണിയെടുക്കുന്ന പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളെയും സംരക്ഷിക്കാൻ ഒന്നാം പിണറായി ഗവൺമെന്റ് സ്വീകരിച്ച നിലപാട് രണ്ടാം പിണറായി ഗവൺമെന്റും തുടർന്നുവരുന്നത് അങ്ങേയറ്റം സ്വാഗതാർഹമായ കാര്യമാണ്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം നൽകുന്നതടക്കമുള്ള ബാദ്ധ്യതകൾ സർക്കാരിന്റെ സഹായത്തോടെ നിറവേറ്റപ്പെടുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ 2011-2016 കാലഘട്ടത്തിൽ 1,483 കോടിരൂപയാണ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയതെങ്കിൽ, ഒന്നാം പിണറായി ഗവൺമെന്റിന്റെ 2016-2021 കാലഘട്ടത്തിൽ ഏതാണ്ട് അയ്യായിരത്തോളം കോടി രൂപയാണ് അനുവദിച്ചത്. ഈ ബഡ്ജറ്റിൽ 1,800 കോടിരൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കാൻ ഗവൺമെന്റ് തയ്യാറായി എന്നുള്ളതാണ് ഒരു തൊഴിലാളി പ്രവർത്തകൻ എന്നുള്ള നിലയിൽ വളരെ സന്തോഷമുള്ള കാര്യം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന എട്ട് മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ

കഴിഞ്ഞുവെന്ന് മാത്രമല്ല കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന്റെ പ്രാരംഭ നടപടിയെന്നുള്ള നിലയിൽ 3,000 ഡീസൽ ബസുകൾ സി.എൻ.ജി.- ലേയ്ക്ക് ഘട്ടംഘട്ടമായി മാറുകയാണ്. 300 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. പ്രതികൂല സാഹചര്യത്തിലും തൊഴിലാളികൾക്ക് 1,500 രൂപ അനുവദിച്ചുനൽകി. എന്നാൽ അവരുടെ ശമ്പള പരിഷ്കരണമടക്കമുള്ള കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ ആലപ്പുഴയിൽ നിന്നുള്ള ജനപ്രതിനിധിയെന്ന നിലയിൽ പറയുകയാണ്, ഞങ്ങൾ കായലിനെക്കൂടി ആശ്രയിക്കുന്നവരാണ്. ഞങ്ങളുടെ ഗതാഗതമാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജലഗതാഗതം. ജലഗതാഗത മേഖലയിൽ അത്ഭുതകരമായ മാറ്റങ്ങളാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ആദ്യത്തെ സോളാർ ബോട്ട് ഇവിടെയാണ്. ഇത് വിജയകരമായി പ്രവർത്തിക്കുന്നുവെന്ന് മാത്രമല്ല നാൽപത് രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഈ ബോട്ടിന്റെ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനായി എത്തിച്ചേർന്നിരുന്നു. ഇത് മലയാളികളായ നമ്മുക്കെല്ലാവർക്കും അഭിമാനം പകരുന്ന കാര്യമാണ്. 'വേഗാ-2' എന്ന ടൂറിസം ബോട്ടിൽ 120 പേർക്ക് കയറാം. ഈ ബോട്ടിന്റെ പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. കുടുംബശ്രീയിലെ സഹോദരിമാർ ടൂറിസ്റ്റുകൾക്ക് ഭക്ഷണമടക്കം എത്തിച്ചുകൊടുക്കുകയാണ്. അത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യപിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ്, സോളാർ ബോട്ടുകൾ, അതിവേഗ എ.സി. ബോട്ടായ 'ലക്ഷ്യ', എന്നീ നിലയിൽ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ജലഗതാഗത മേഖലയിലടക്കം വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. അതിന് വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്.

ഈ ധനാഭ്യർത്ഥനകളിൽ ഏറ്റവും പ്രധാനപ്പെട്ടത് മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടതാണ്. മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന് ഏറ്റവും വലിയ പരിരക്ഷ നൽകുന്ന ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത്. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റവും മികച്ചനിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഇന്നത്തെ ഫിഷറീസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ശ്രീ. സജി ചെറിയാൻ നടത്തുന്ന ഇടപെടലിനെ ഈ സന്ദർഭത്തിൽ മുക്തകണ്ഠം പ്രശംസിക്കാൻ ആഗ്രഹിക്കുകയാണ്. രണ്ടാം പിണറായി ഗവൺമെന്റ് തീരദേശ സംരക്ഷണത്തിന് നൽകുന്ന പ്രാധാന്യം അഭിനന്ദനാർഹമാണ്. കടലെന്നു പറഞ്ഞാൽ അതിർത്തിയാണ്. അതിർത്തിയുടെ സംരക്ഷണം കേന്ദ്രത്തിന്റെ കൂടെ

ബാദ്ധ്യതയാണ്. പക്ഷേ കേന്ദ്രഗവൺമെന്റ് കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി ഒരു നയാപൈസപോലും കേരളത്തിന് നൽകുന്നില്ല. എന്നാൽ കടമെടുത്തിട്ടാണെങ്കിലും, കിഫ്ബി മുഖാന്തരമാണെങ്കിലും തീരദേശത്തിന്റെ സംരക്ഷണത്തിനു വേണ്ടി എല്ലാപ്രദേശത്തും ടെട്രപോഡുകൾ അടക്കം ഉപയോഗിച്ചുകൊണ്ട് കടൽ ഭിത്തിനിർമ്മിക്കാൻ എടുത്ത തീരുമാനത്തെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. അതുപോലെ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കൊണ്ടുവന്നതാണ് 'പുനർഗേഹം' പദ്ധതി. ഞാൻ ഗവൺമെന്റിനോട് ആഭ്യർത്ഥിക്കുന്നത്, 'പുനർഗേഹം' പദ്ധതി നടപ്പിലാക്കുമ്പോൾ അവർക്ക് സ്ഥലം വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതുസംബന്ധിച്ച് പരിശോധിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ ഇന്ന് അപ്രതീക്ഷിതമായി നേരിടുന്ന വലിയ പ്രശ്നമാണ് പ്രകൃതിക്ഷോഭവും കടലാക്രമണവും. ഇതിൽ അവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടവുമുണ്ടാകും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എപ്പോഴെങ്കിലും ധനസഹായം കിട്ടിയാൽ കിട്ടി. ഒരു ഇൻഷ്വറൻസ് സ്കീമുണ്ട്. പക്ഷേ തൊഴിലാളിക്ക് അത് ഗുണകരമല്ല. അതിനകത്ത് എഞ്ചിനും വള്ളവും മാത്രമേ വരുന്നുള്ളൂ, അവരുടെ വല ഉൾപ്പെടുന്നില്ല. പ്രീമിയം വളരെ കൂടുതലാണ്. അതുകൊണ്ട് തൊഴിലാളികൾ ആ ഇൻഷ്വറൻസ് സ്കീമിൽ ചേരുന്നില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ ഒരു ഇൻഷ്വറൻസ് സ്കീം കൊണ്ടുവരണം. മത്സ്യബന്ധന ഉപകരണങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം കൊടുക്കാൻ കഴിയണം. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ആൾക്കാരെ മാറ്റി താമസിപ്പിക്കുകയാണ്. തീരദേശത്ത് താമസിക്കുന്ന നൂറ് കണക്കിന് ആൾക്കാർക്ക് പട്ടയം ലഭിച്ചിട്ടില്ല. ഫിഷറീസ് വകുപ്പ് മുൻകയ്യെടുത്ത് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2004-ലെ സുനാമിയുമായി ബന്ധപ്പെട്ട് നൂറ് കണക്കിന് ആൾക്കാരെയാണ് പല കോളനികളിലേയ്ക്കും മാറ്റി താമസിപ്പിക്കേണ്ടിവന്നത്. സുനാമി കോളനികളുമുണ്ട്. 2005-ൽ നിർമ്മിച്ചതാണ്. വളരെ ചെലവ് കുറഞ്ഞ വീടുകളായിരുന്നു. ഇന്ന് അതിന്റെയെല്ലാം അവസ്ഥ വളരെ ശോചനീയമാണ്. അതുകൊണ്ട് ജീർണ്ണിച്ച് നിൽക്കുന്ന ആ സുനാമിനിർമ്മിത വീടുകളെ പുനരുദ്ധരിക്കുന്നതിന് പദ്ധതികളുണ്ടാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇവിടെ വളരെ ആശാവഹമായൊരു തീരുമാനം ഉൾനാടൻ മേഖലയിലെടുത്തിട്ടുണ്ട്. വേമ്പനാട് കായലടക്കമുള്ള മുഴുവൻ ജലാശയങ്ങളെയും

ശുചിയാക്കുന്നതിന് വേണ്ടിയുള്ള വലിയ പദ്ധതിയാണ്. അക്കാര്യം സ്വാഗതാർഹമാണ്. ആ പദ്ധതി വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകണം. പോളപ്പായലിന്റെ കാര്യത്തിലടക്കം പ്രശ്നങ്ങളുണ്ട്. കായലിന്റെ മലിനീകരണത്തിൽ പ്രശ്നമുണ്ട്. തൊഴിലാളികൾക്ക് തൊഴിലെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ഉൾനാടൻ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ, അവരുടെ ജനജീവിതം ഭദ്രമാക്കാൻ ഈ പദ്ധതി അതിവേഗതയിൽ നടപ്പിലാക്കുമ്പോൾ സാധിക്കും. ഇവിടെ ഉൾനാടൻ മത്സ്യകൃഷിയിൽ വലിയ മുന്നേറ്റമുണ്ടായി. മത്സ്യസമ്പത്തിന് വലിയ വളർച്ചയുണ്ടായി. അത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ പിണറായി വിജയൻ ഗവൺമെന്റ് വളരെ ശ്രദ്ധാപൂർവ്വമാണ് അതിലിടപെട്ടത്. അതിന്റെ നേട്ടം സാധാരണ മത്സ്യത്തൊഴിലാളിക്കും ചെറുകൃഷിക്കാരനും കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കണം. അതിൽ മഹാഭൂരിപക്ഷം വരുന്ന ലാഭവും അല്ലെങ്കിൽ സബ്സിഡികളും മിക്കവാറും സമ്പന്നരായവർക്കാണ് കിട്ടാറുള്ളത്. സാധുക്കളായ മത്സ്യത്തൊഴിലാളികൾക്ക് അതിന്റെ ഗുണം കിട്ടുന്നില്ല. അതുകൊണ്ട് അവർക്ക് ഗുണകരമാക്കാൻ കഴിയുന്ന നിലയിൽ ഈ പദ്ധതി കൊണ്ടു പോകുന്നതിനുവേണ്ടി പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ ഗൗരവമായ മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർ പത്തും ഇരുപതും മുപ്പതും വർഷക്കാലം പണമടയ്ക്കും. അതുകഴിയുമ്പോൾ ഒറ്റ പെൻഷൻ എന്ന നിലയിൽ അവർക്ക് പെൻഷൻ കിട്ടുന്നുമുണ്ട്. എന്നാൽ അവർ അടച്ച തുകയുണ്ട്. ആ അടച്ച അംശദായ തുക ടെർമിനൽ ബെനിഫിറ്റ് ഫണ്ട് എന്നുള്ള നിലയിൽ തിരിച്ച് കൊടുക്കാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ ഫിഷറീസ് വകുപ്പ് തയ്യാറാകണ മെന്നഭ്യർത്ഥിക്കുന്നു. മത്സ്യത്തൊഴിലാളിമേഖലയിൽ വിദ്യാഭ്യാസരംഗത്ത് വലിയ മുന്നേറ്റമുള്ള കാലമാണിത്. ഡസൺ കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾ എം.ബി.ബി.എസ്.-നു വരെ പഠിക്കുന്നുണ്ടെന്ന കാര്യം ഞങ്ങൾ അഭിമാനത്തോടെ പറയുകയാണ്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസഗ്രാന്റ് എല്ലാ വർഷവും കൃത്യമായി കൊടുക്കാൻ കഴിയുന്ന രീതിയിൽ ശ്രദ്ധാപൂർവ്വമായ ഇടപെടലുണ്ടാകണം. ഇപ്പോൾ ബി.പി.എൽ. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. രണ്ടുവർഷം കഴിഞ്ഞാലും കാശ് കിട്ടുന്നില്ലെന്നുള്ള അവസ്ഥയുണ്ട്. അങ്ങനെ വരുമ്പോൾ ആ കുട്ടികളുടെ പഠനം മുന്നോട്ടുകൊണ്ടു പോകാൻ കഴിയാത്ത നിലയിൽ പരിതാപകരമായ സാഹചര്യമുണ്ട്. ഗവൺമെന്റ് അതിലിടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട മറ്റൊരു കാര്യമാണ്. അതിൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വായ്പയെടുത്ത് ലാപ്ടോപ്പോ ടാബോ ഫോണോ വാങ്ങാൻ കഴിയുന്ന അവസ്ഥയല്ല.

അതുകൊണ്ട് ഈ ജനവിഭാഗത്തിന്റെ പിന്നാക്കാവസ്ഥ കണക്കിലെടുത്ത് ഇത്തരം ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾ ആരെന്ന് കണ്ടെത്തി അവരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതി ഗവൺമെന്റ് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികൾക്ക് വലിയ ഗുണകരമായിരിക്കുമെന്നതിനാൽ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ കുറെക്കൂടി ശാക്തീകരിക്കുന്നതിന് ഗവൺമെന്റ് സഹായിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളെ സഹകരണ സംഘത്തിന്റെ കീഴിലെ ലേലത്തിൽ കൊണ്ടുവരുന്നതിന് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം വിൽക്കുമ്പോൾ അതിൽനിന്നും ഒരു ചെറിയ ശതമാനം മാറ്റി ഗവൺമെന്റിന്റെ സഹായത്തോടെ ഒരു ഉല്പാദനബോണസ് മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. മത്സ്യവിഭവങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയിലൂടെ വലിയ തൊഴിൽ സാധ്യതകളുണ്ടാക്കാൻ കഴിയും. മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുന്ന പ്രത്യേക തൊഴിൽ സംരംഭപദ്ധതികൾക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നേതൃത്വം കൊടുക്കണം. അതുവഴി മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിലവസരങ്ങൾ പുനർസൃഷ്ടിച്ച് സാമ്പത്തികമായ പ്രയാസങ്ങളിൽനിന്നും കരകയറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഹാർബറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി കേരളത്തിൽ പണിമുടങ്ങിക്കിടക്കുന്ന പല സ്ഥാപനങ്ങളും സന്ദർശിച്ചു. അത് തൊഴിലാളികളിൽ ആത്മവിശ്വാസം പകരുന്നതാണ്. ഹാർബറുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണം. അക്കൂട്ടത്തിൽ ഒരു അഭ്യർത്ഥനയുള്ളത് എന്റെ മണ്ഡലമായ ആലപ്പുഴയിലെ തുമ്പോളിയിലുള്ള ഫിഷ് ലാൻഡിംഗ് സെന്റർ പ്രവർത്തിപ്പിക്കാൻ കഴിയുന്ന നിലയിലാക്കുന്നതിന് നടപടിയുണ്ടാകണമെന്നാണ്. ആലപ്പുഴയിലെ മാരാരിക്കുളം തെക്കുപഞ്ചായത്തിലെ കാട്ടൂർ എന്ന പ്രദേശത്ത് ഒരു മിനി ഫിഷ് ലാൻഡിംഗ് സെന്ററുണ്ട്. അത് വികസിപ്പിക്കാനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ലഭിച്ച വിലയേറിയ നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ധനാഭ്യർത്ഥനയെ സംബന്ധിച്ച

ചർച്ചയിൽ വന്ന എല്ലാ വിമർശനങ്ങളിലും നിർദ്ദേശങ്ങളിലും ഉൾക്കൊള്ളേണ്ട കാര്യങ്ങൾ സ്വീകരിക്കുന്നതാണ്. സർവ്വീസുകൾ മുടങ്ങിപ്പോകുന്ന കാര്യത്തിലും ബസുകൾ ഡിപ്പോകളിൽനിന്നും കൊണ്ടുപോകുന്ന കാര്യത്തിലും ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായി കണക്കിലെടുത്ത് അവ പരിഹരിക്കേണ്ടതാണെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. ബസുകൾ ഡിപ്പോകളിൽനിന്നും പിൻവലിക്കുന്നത് സംബന്ധിച്ചും ബസ് സർവ്വീസുകൾ കൂടുതൽ വ്യാപിപ്പിക്കുന്ന കാര്യത്തിലും യാത്രാസൗകര്യം വർദ്ധിപ്പിക്കണമെന്ന കാര്യത്തിലും ഞാനും ബഹുമാനപ്പെട്ട അംഗങ്ങളോടൊപ്പം തന്നെയാണ്. ഇക്കാര്യത്തിൽ ഓരോ അംഗങ്ങളും ഉന്നയിച്ച സർവ്വീസുകളെ സംബന്ധിച്ച് പേരെടുത്ത് പറഞ്ഞ് അനുഭാവപൂർവ്വം പരിഗണിക്കാമെന്നും ആലോചിക്കാമെന്നും പറയണമെങ്കിൽ എടുക്കുന്ന സമയത്തെക്കുറിച്ച് എല്ലാവർക്കും ബോധ്യമുള്ളതുകൊണ്ട് ഓരോന്നിനും എണ്ണിയെണ്ണി മറുപടി പറയുന്നില്ല. നിലവിലുള്ള സംവിധാനത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നീക്കങ്ങളും മാത്രമെ നമുക്ക് പ്രതീക്ഷിക്കാവൂ എന്ന വസ്തുത പലപ്പോഴും നാം മറന്നുപോകുകയാണ്. കെ.എസ്.ആർ.ടി.സി. നഷ്ടത്തിലോടുന്നുവെന്ന് പറയുമ്പോൾത്തന്നെ എന്തുകൊണ്ടാണ് നഷ്ടമുണ്ടാകുന്നുവെന്നതിനെക്കുറിച്ച് നമ്മൾ പലപ്പോഴും ആലോചിക്കാറില്ല. വർഷങ്ങളായി ഓടിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ് കെ.എസ്.ആർ.ടി.സി. കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്താൻ കഴിയാതെ പോയതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. 1965-ൽ രൂപീകരിച്ച കെ.എസ്.ആർ.ടി.സി. അന്നുമുതൽ നഷ്ടത്തിലാണ്. 1970-ലെ നഷ്ടം 4 കോടിയോളം രൂപ, 1980-ൽ 20 കോടിയോളം രൂപ, 1990-ൽ 100 കോടിയിൽപരം രൂപ, അങ്ങനെ കൂടിക്കൂടി 2020-ലെ നഷ്ടം 1,209.96 കോടി രൂപ, 2021 ആയപ്പോഴേക്കും നഷ്ടം 1,628.12 കോടി രൂപ. കോവിഡ് മഹാമാരി കൂടുതൽ പ്രതിസന്ധിയുണ്ടാക്കിയത് ഗതാഗത മേഖലയിലാണ്. അതിൽത്തന്നെ ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുന്നത് കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. ആണ്. കോവിഡ് മഹാമാരിമൂലമുള്ള ലോക്ഡൗൺ കാരണം ഒരു വശത്ത് യാത്രക്കാർ തീരെയില്ലാത്ത അവസ്ഥ. അതുകാരണം വരുമാനം കുത്തനെയിടിഞ്ഞു. മറുവശത്ത് മാറിമറി ഭരിച്ച കേന്ദ്രഗവൺമെന്റുകളുടെ തെറ്റായ നയങ്ങളും നിലപാടുകളുംമൂലം ഇന്ധനവില കുത്തനെ ഉയർന്നുകൊണ്ടേയിരിക്കുന്നു. 2020-ലെ ഡീസലിന്റെ ആവറേജ് വില ഒരു ലിറ്ററിന് 67 രൂപ 29 പൈസ. 2021 ജൂലൈ 29 (ഇന്ന്) 96 രൂപ 52 പൈസ. ഒരു വർഷത്തിനിടയിൽ ഡീസലിന്റെ മാത്രം വില വർദ്ധിപ്പിച്ചത് 29 രൂപ 21 പൈസയാണ്. ഈ യാഥാർത്ഥ്യങ്ങളുടെ നടുവിൽനിന്നുവേണം കെ.എസ്.ആർ.ടി.സി.-യെ വിമർശിക്കുവാൻ. ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസായി പ്രവർത്തിക്കുമ്പോൾ, ജനോപകാരപ്രദമായി പ്രവർത്തിക്കുമ്പോൾ,

വിദ്യാർത്ഥികളുൾപ്പെടെ പലർക്കും ഇളവുകളും സൗജന്യയാത്രയും നൽകുമ്പോൾ, ആദിവാസിമേഖലയിലും തോട്ടം മേഖലയിലും പൊതുജനസൗകര്യാർത്ഥം വരുമാനം നോക്കാതെ സർവ്വീസ് നടത്തുമ്പോൾ, ലോക്ഡൗൺ കാലഘട്ടത്തിൽ എട്ടും പത്തും യാത്രക്കാർക്കുവേണ്ടി മാത്രം സർവ്വീസുകൾ നടത്തുമ്പോൾ, ജീവനക്കാർക്ക് മുടങ്ങാതെ ശമ്പളം നൽകുമ്പോൾ, വിരമിച്ചവർക്ക് പെൻഷൻ നൽകുമ്പോൾ, ജീവനക്കാർക്കും യാത്രക്കാർക്കും വിശ്രമകേന്ദ്രങ്ങൾ ഒരുക്കുമ്പോൾ വ്യാവസായികാടിസ്ഥാനത്തിൽ കച്ചവട മന:സ്ഥിതിയോടെ മാത്രം കണ്ട് ലാഭമുണ്ടാക്കാൻ കഴിയില്ല. കോവിഡ് മഹാമാരിമൂലം കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് നാം അഭിമുഖീകരിക്കുന്നത്. ഈ പ്രതിസന്ധികളുടെ നടുവിലും കെ.എസ്.ആർ.ടി.സി.-ക്കും കേരളത്തിനും പ്രതീക്ഷ നൽകുന്നത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. കെ.എസ്.ആർ.ടി.സി.-യുടെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക സഹായം നൽകിയ സർക്കാർ ഏതെന്ന് ചോദിച്ചാൽ ഒരു ഉത്തരമേയുള്ളൂ, ശ്രീ. പിണറായി വിജയൻ സർക്കാർ. ഒന്നാം പിണറായി സർക്കാർ യു.ഡി.എഫ്.-നേക്കാൾ അധികമായി നൽകിയത് 3477.19 കോടി രൂപയാണ്. മാത്രമല്ല, കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ വിതരണം നിലച്ചപ്പോൾ 2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽച്ചേർന്ന ഉന്നതതലയോഗ തീരുമാനപ്രകാരം സഹകരണ ബാങ്കുകളുടെ കൺസോർഷ്യംവഴി 2018 മുതൽ സർക്കാർ പെൻഷൻ മുടങ്ങാതെ നൽകിവരികയാണ്. 2021 ജൂൺ മാസം വരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. ജൂലൈ മാസം മുതലുള്ള പെൻഷന് സഹകരണ ബാങ്കുകൾ നൽകുന്ന തുകയ്ക്കുള്ള പലിശ 10 ശതമാനത്തിൽനിന്നും 8.5 ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ച സഹകരണ വകുപ്പിന് കെ.എസ്.ആർ.ടി.സി.-യ്ക്കുവേണ്ടി നന്ദി രേഖപ്പെടുത്തുകയാണ്. എം.ഒ.യു. ഒപ്പുവയ്ക്കുന്നതോടുകൂടി ഈ മാസത്തെ പെൻഷൻ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ ശമ്പള പരിഷ്കരണം 2010-നുശേഷം നടന്നിട്ടില്ല. സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി തട്ടിച്ചുനോക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം ആകർഷണീയമല്ല. ദീർഘകാല കരാറിന്റെയടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കാൻ ബന്ധപ്പെട്ടവരുമായുള്ള ചർച്ചകൾ നടന്നുവരികയാണ്. കെ.എസ്.ആർ.ടി.സി.-യെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിൽനിന്നും കരകയറ്റാനും കാര്യക്ഷമമാക്കാനുമുള്ള പദ്ധതികൾക്ക് രൂപം നൽകിവരികയാണ്. നിലവിൽ ഇന്ധനമായി ഉപയോഗിക്കുന്ന ഡീസൽ വളരെ ചെലവേറിയതാണ്. നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ മൂവായിരം ഡീസൽ ബസ്സുകൾ

മൂന്നുവർഷംകൊണ്ട് സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യാൻ ഗവൺമെന്റ് പദ്ധതിയിട്ടുകഴിഞ്ഞു. മൂവായിരം ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറാൻ ആകെ വേണ്ടിവരുന്നത് 300 കോടി രൂപയാണ്. ഇതുമൂലം പ്രതിവർഷം 500 കോടിയിൽപ്പരം രൂപയാണ് ചെലവിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് കുറയുന്നത്. 2021-22 സംസ്ഥാന ബഡ്ജറ്റിൽ ആദ്യഘട്ടത്തിൽ 1000 ബസ്സുകൾ സി.എൻ.ജി.-യിലേക്ക് മാറ്റാൻ 100 കോടിരൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതുകൂടാതെ 259 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ പുതിയ 310 സി.എൻ.ജി. ബസ്സുകളും 50 ഇലക്ട്രിക് ബസ്സുകളും വാങ്ങാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. ഹരിത ഇന്ധനത്തിലേയ്ക്ക് ചുവടുമാറ്റുന്നതിന്റെ ഭാഗമായി നിലവിലുള്ള 400 ബസ്സുകളെ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ഡയറക്ടർ ബോർഡിൽ 15 അംഗങ്ങളാണുണ്ടായിരുന്നത്. എട്ട് അനൗദ്യോഗിക അംഗങ്ങളും 7 ഔദ്യോഗിക അംഗങ്ങളും. പ്രൊഫ. സുശീൽഖന്നയുടെ റിപ്പോർട്ടിൽ കെ.എസ്.ആർ.ടി.സി.-യെ കാര്യക്ഷമമാക്കുന്നതിന് പ്രൊഫഷണൽസിനെ വച്ച് ബോർഡ് രൂപീകരിക്കണ മെന്നാണ് നിർദ്ദേശിച്ചിരുന്നത്. കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിനെ സമൂലമായി പുനഃസംഘടിപ്പിക്കുമെന്ന് എൽ.ഡി.എഫ്. പ്രകടന പത്രികയിലും വാഗ്ദാനം നൽകിയിരുന്നു. ഈ വാഗ്ദാനം നിറവേറ്റിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി ഏഴ് പ്രൊഫഷണൽസിനെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യുടെ ബോർഡ് കഴിഞ്ഞമാസം പുനഃസംഘടിപ്പിച്ചു. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ വൽക്കരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മുഴുവൻ ജീവനക്കാരുടെയും ശമ്പളവും സർവ്വീസ് സംബന്ധമായ വിവരങ്ങളും ജി-സ്പാർക്ക് വഴി ഓൺലൈനായി നൽകാനുള്ള ശ്രമകരമായ ദൗത്യം ചുരുങ്ങിയ സമയത്തിനുള്ളിൽ ജൂൺ മാസം രണ്ടാം തീയതി നടപ്പിലാക്കിക്കഴിഞ്ഞു. ഇരുപത്തി ഏഴായിരത്തോളം വരുന്ന ജീവനക്കാരുടെ ശമ്പളം, ലീവ്, പി.ഫ്. തുടങ്ങിയവയെല്ലാം മാന്വൽ ആയി ചെയ്യുന്നതു മൂലമുണ്ടാകാവുന്ന ന്യൂനതകളും ക്രമക്കേടുകളും പരിഹരിക്കാൻ ജി-സ്പാർക്ക് സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക ചോർച്ചയും അഴിമതിയും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഫിനാൻഷ്യൽ മാനേജുമെന്റും ഇൻവെന്ററി മാനേജുമെന്റ് സിസ്റ്റവും സുതാര്യമായും കൃത്യതയോടെയും നടപ്പിലാക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശരിയായ രീതിയിൽ നടത്തുന്നതിനും വിവരസാങ്കേതികവിദ്യയുടെ കീഴിൽക്കൊണ്ടു വരുന്നതിനും തീരുമാനിച്ചതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യെ ഇ.ആർ.പി. സിസ്റ്റത്തിലേയ്ക്ക് (Enterprise Resource Planning system)

കൊണ്ടുവരാൻ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചുകഴിഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് 2010 മുതൽ 2013 വരെയുള്ള സാമ്പത്തിക വർഷത്തെ കണക്കുകളിൽ സസ്പെൻസ് അക്കൗണ്ടിലെ നൂറു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ക്രമക്കേടുകൾ ബോദ്ധ്യപ്പെടുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച കണ്ടെത്തുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ ഈ സാമ്പത്തിക ക്രമക്കേടിനെക്കുറിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോവഴി അന്വേഷണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി ജൂൺ മാസംതന്നെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എഴുപതോളം ഡിപ്പോകളിലെ കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും പൊതുജനങ്ങൾക്കുകൂടി ഇന്ധനം നിറയ്ക്കുന്നതിനുള്ള സംവിധാനം ഒരുങ്ങുകയാണ്. നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ഇത്തരത്തിൽ എട്ട് പമ്പുകളെങ്കിലും ആഗസ്റ്റ് മാസം (അടുത്തമാസം) തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. ഇതിനായിവരുന്ന മുഴുവൻ ചെലവുകളും ഇന്ധന കമ്പനികൾതന്നെ വഹിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. വാടകയിനത്തിലും കമ്മിഷൻ ഇനത്തിലും ലഭിക്കുന്ന വരുമാനത്തിനുപുറമേ ആയിരത്തി ഇരുന്നൂറിൽപ്പരം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവനം കൂടി ഈ മേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയും. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ശുചിമുറികളിലെ ശോചനീയാവസ്ഥ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആധുനികരീതിയിലുള്ള വൃത്തിയും വെടിപ്പുമുള്ള ശുചിമുറികൾ ഒരുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തനം നടത്തുന്നതിനെക്കുറിച്ചും പരിഗണിച്ചു വരികയാണ്. സർവ്വീസ് യോഗ്യമല്ലാത്ത പഴയ ബസ്സുകൾ കണ്ടം ചെയ്യുന്നതിനുപകരം മിൽമ, കുടുംബശ്രീ, എണ്ണക്കമ്പനികൾ, ഹോർട്ടികോർപ്പ്, ട്രൈബൽ വികസന വകുപ്പ് എന്നിവയുമായി ചേർന്ന് 'ഷോപ്പ് ഓൺ വീൽസ്' പദ്ധതിക്ക് തുടക്കം കുറിച്ചു. മൂന്നാറിൽ ഇത്തരം അഞ്ച് ബസ്സുകൾ ബസ് ലോഡ്ജുകളായി മാറ്റിക്കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി കൈകോർത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളിൽ സൂപ്പർമാർക്കറ്റുകൾ തുടങ്ങുവാനുള്ള പുതിയ സംരംഭത്തിന് തുടക്കംകുറിക്കുകയാണ്. ഈ വരുന്ന ആഗസ്റ്റ് 17-ന് (ചിങ്ങം ഒന്നിന്) തിരുവനന്തപുരം തമ്പാനൂരിൽ ആദ്യത്തെ സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ് കെ.എസ്.ആർ.ടി.സി.-യുടെ കെട്ടിടത്തിൽ ആരംഭിക്കുകയാണ്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരണവുമായി മാനേജ്മെന്റ് മുമ്പോട്ട് പോകുകയാണ്. 100 ശതമാനം സർക്കാർ ഉടമസ്ഥതയിലുള്ള സ്വതന്ത്ര കമ്പനിയായിരിക്കും സ്വിഫ്റ്റ്. ദീർഘദൂര ബസ്സുകൾ കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിനുകീഴിൽ സെൻട്രൽ കമാൻഡറിനുകീഴിൽ കാര്യക്ഷമമായി

ഓടിക്കും. കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്ന പുതിയ ബസ്സുകൾ ഇതിനായി ഉപയോഗിക്കും. കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറും തന്നെയായിരിക്കും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും. 10 വർഷത്തിനുള്ളിൽ സ്വിഫ്റ്റിന്റെ മുഴുവൻ ആസ്തികളും കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കും. കെ.എസ്.ആർ.ടി.സി.-യുമായി കൈകോർത്തായിരിക്കും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രവർത്തനങ്ങൾ. കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കൂടുതൽ വ്യാപിപ്പിക്കണമെന്ന നിരന്തരമായ ആവശ്യമാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. ഞാൻ മന്ത്രിയായതിനു ശേഷം ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്തംഗങ്ങൾ, കോർപ്പറേഷൻ കൗൺസിലർമാർ, മുനിസിപ്പൽ കൗൺസിലർമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവരിൽനിന്നും എനിക്ക് കിട്ടിയ നിവേദനങ്ങൾക്ക് കയ്യുംകണക്കുമില്ല. ഗ്രാമീണ മേഖലകളിൽ ബസ്സുകൾ എത്തിപ്പെടാത്ത നിരവധി പ്രദേശങ്ങൾ ഇന്നും കേരളത്തിലുണ്ട്. ബഹുമാനപ്പെട്ട ഐ. ബി. സതീഷ് ഉൾപ്പെടെ പല അംഗങ്ങളും ഇതേക്കുറിച്ച് വളരെ ശക്തമായ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഇത്തരം മേഖലകളിൽ അധിവസിക്കുന്നവരുടെ സ്വപ്നമാണ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്. ആവശ്യമായ എല്ലാ പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി.-യുടെ ആനവണ്ടി പ്രാപ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടി' എന്ന സുപ്രധാനമായ പദ്ധതിക്ക് പിണറായി സർക്കാർ രൂപം നൽകുകയാണ്. ബാദ്ധ്യതകൾ പങ്കുവച്ച് ബസ് സർവ്വീസുകൾ വ്യാപിപ്പിക്കുകയെന്നാണ് കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടി പദ്ധതിയുടെ ലക്ഷ്യം. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ-ഗ്രാമവികസന-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുമായുള്ള വിശദമായ ചർച്ച പൂർത്തിയായിക്കഴിഞ്ഞു. ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വേണമെങ്കിലും ഓടിക്കുവാൻ സന്നദ്ധമാകുകയാണ്. ബസ് ജീവനക്കാരുടെ ശമ്പളം, മെയിന്റനൻസ്, ടയർ, ടാക്സ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ചെലവുകൾ കെ.എസ്.ആർ.ടി.സി. വഹിക്കും. 'ഗ്രാമവണ്ടി' പദ്ധതി ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്ധനച്ചെലവ് മാത്രം വഹിക്കണം. ഗ്രാമീണ റോഡുകളിലൂടെ ഓടിക്കാൻ കഴിയുന്ന ചെറിയ 24 സീറ്റർ ബസ്സുകൾ, 32 സീറ്റർ ബസ്സുകൾ തുടങ്ങിയവ ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറായാൽ സമയ ബന്ധിതമായി ഗ്രാമവണ്ടി തുടങ്ങാനാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കുവേണ്ടി പേര് നിശ്ചയിക്കണമെന്ന് ചില എം.എൽ.എ.-മാരോട്

ആവശ്യപ്പെട്ടപ്പോൾ പ്രതിപക്ഷത്തുള്ള ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ആണ് 'ഗ്രാമവണ്ടി' എന്ന പേര് നിർദ്ദേശിച്ചത്. ഏതായാലും പ്രതിപക്ഷത്തിന്റെ ഇക്കാര്യത്തിലുള്ള സഹകരണത്തിന് നന്ദിയുണ്ട്. മത്സ്യവിപണനത്തിനായി യാത്ര ചെയ്യുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി കെ.എസ്.ആർ.ടി.സി.യും ഫിഷറീസ് വകുപ്പും ചേർന്ന് സൗജന്യമായി 'സമുദ്ര ബസ് സർവ്വീസ്' ആഗസ്റ്റ് മാസം ആരംഭിക്കുകയാണ്. ഇന്ത്യയിലാദ്യമായി മത്സ്യവിപണന സ്ത്രീകൾക്ക് സൗജന്യമായി പിണറായി സർക്കാർ ബസ് യാത്രാ സൗകര്യമൊരുക്കുന്ന ചരിത്ര സംഭവത്തിന് കേരളം സാക്ഷ്യം വഹിക്കാൻ പോകുകയാണ്. സിറ്റികളിലെ പ്രധാന ഓഫീസുകൾ, ഇതര സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് കൃത്യമായ ഇടവേളകളിൽ യാത്ര സുഗമമാക്കുന്നതിന് നിലവിലുള്ള ലോ ഫ്ലോർ ബസ്സുകൾ ക്രമീകരിച്ച് സിറ്റി സർക്കുലർ ആരംഭിക്കുകയാണ്. തുടക്കത്തിൽ തിരുവനന്തപുരം നഗരത്തിൽ ഏഴ് സർക്കുലർ സർവ്വീസുകൾ ആഗസ്റ്റ് 17 (ചിങ്ങം ഒന്ന്)-ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 88 ബസ്സുകളാണ് ആകർഷണീയമായ സംവിധാനത്തോടുകൂടി തയ്യാറെടുക്കുന്നത്. 50 രൂപ ടിക്കറ്റെടുത്താൽ 24 മണിക്കൂർ സമയം സിറ്റി സർക്കുലറിൽ യാത്ര ചെയ്യാൻ കഴിയുന്ന സംവിധാനവും പ്രത്യേകമായി ഉദ്ദേശിക്കുന്നു. പ്രൈവറ്റ് മേഖല ഇല്ലാതാക്കണമെന്ന നയമല്ല ഗവൺമെന്റിന്റേത്. പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യുന്നവരും ബസ് സർവ്വീസ് നടത്തുന്നവരും നമ്മുടെ സഹോദരങ്ങൾ തന്നെയാണ്. ഗതാഗത സംവിധാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ ബസ് സംവിധാനവും ചേർന്ന മേഖലയെക്കുറിച്ച് മാത്രമേ നമുക്ക് ചിന്തിക്കാൻ കഴിയൂ. പ്രൈവറ്റ് മേഖലയെ മനഃപൂർവ്വം ഉപദ്രവിക്കേണ്ട യാതൊരു കാര്യവുമില്ല. എന്നാൽ പ്രൈവറ്റ് മേഖലയെ വല്ലാതെ ലാളിക്കേണ്ട കാര്യവുമില്ല. കെ.എസ്.ആർ.ടി.സി.-യുടെയും സ്വകാര്യ ബസുടമകളുടെയും താല്പര്യങ്ങളെ പരസ്പരം ഹനിക്കാതെ കൊണ്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മോട്ടോർ വാഹനങ്ങൾക്ക് ആഗസ്റ്റ് 31 വരെ ടാക്സ് അടയ്ക്കുന്നതിന് എക്സ്റ്റൻഷൻ ഇപ്പോൾത്തന്നെ ഗവൺമെന്റ് നൽകിയിട്ടുണ്ട്. രണ്ട് ക്വാർട്ടറിലെ ടാക്സ് പൂർണ്ണമായും ഒഴിവാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോട്ടയം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വർഷങ്ങളായി സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ നിയമപ്രകാരം പ്രൈവറ്റ് ബസ്സുകൾക്ക് ഇപ്പോൾ 140 കിലോമീറ്ററാണ് ഓടിക്കാൻ കഴിയുക. രാത്രികാലത്ത് ധാരാളം യാത്രക്കാർക്ക് സൗകര്യമുള്ള സ്വകാര്യ ബസുകൾ നല്ല നിലയിൽ പ്രവർത്തനം നടത്തുന്നുണ്ട്. സെപ്റ്റംബർ 30 കഴിഞ്ഞാൽ അവർക്കുള്ള കാലാവധി അവസാനിക്കുകയാണ്. ആ സർവ്വീസുകൾ തുടർന്നും നടത്താനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. ആന്റണി രാജു: സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ജോബ് മൈക്കിൾ, എം.എൽ.എ.-യും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. പ്രൈവറ്റ് ബസ്സുകളുടെ 140 കിലോമീറ്റർ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വാഹന ഉടമകളുടെ അഭിപ്രായം ഒരിക്കൽക്കൂടി കേട്ട് തീരുമാനിക്കാൻ ഞാൻ ചാർജ്ജെടുത്തതിനുശേഷം നിർദ്ദേശിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഹിയറിംഗ് നിർത്തിവച്ചിരുന്നത് പുനഃരാരംഭിക്കുവാൻ തീരുമാനിച്ചു. അവരുടെ അഭിപ്രായംകൂടി കേട്ടതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ. തലശ്ശേരി - ചങ്ങനാശ്ശേരി ഭാഗങ്ങളിൽ നടന്ന, നമ്മെയെല്ലാം വേദനിപ്പിക്കുന്ന രണ്ട് അപകടങ്ങളുടെ കാര്യം എം.എൽ.എ. മാരായ ശ്രീ. ജോബ് മൈക്കിളും ശ്രീ. എ. എൻ. ഷംസീറുമൊക്കെ എന്നോട് നേരിട്ടും സഭയിലും സൂചിപ്പിക്കുകയുണ്ടായി. തലശ്ശേരിയിലെ അഫ്ലാഹ് ഫറാസ് എന്ന ബിടെക് വിദ്യാർത്ഥിയുൾപ്പെടെ നാലുപേരുടെ വിലപ്പെട്ട ജീവനുകളാണ് കഴിഞ്ഞ ദിവസങ്ങളിൽ നഷ്ടപ്പെട്ടത്. അവരുടെ ബന്ധുക്കളുടെ ദുഃഖത്തിൽ പങ്കുചേരുകയാണ്. അമിതവേഗത നിയന്ത്രിക്കാനായി വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകളും 240 റഡാർ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. സേഫ് കേരളയുടെ ഭാഗമായി നിർമ്മിതബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പ്രവർത്തിക്കുന്ന 700 എ.എൻ.പി.ആർ. ക്യാമറകൾ ഉടൻതന്നെ വിന്യസിക്കുന്നതാണ്. അമിത വേഗതയ്ക്കും അലക്ഷ്യമായ ഡ്രൈവിംഗിനും 1988-ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 183 പ്രകാരം പിഴ ചുമത്തുകയും പിഴയടയ്ക്കാത്ത വാഹനങ്ങളെ വാഹന ഡാറ്റാ ബേസിൽ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുകയും ചെയ്തുവരുന്നുണ്ട്. അപകടകരമായ രീതിയിൽ വാഹനം ഓടിക്കുന്നവരെ മോട്ടോർ വാഹന നിയമം സെക്ഷൻ 184 പ്രകാരം ലൈസൻസിന്മേൽ നടപടിയെടുക്കും. ഇപ്രകാരമുള്ള അലക്ഷ്യമായ ഡ്രൈവിംഗ് തടയാനും കർശന പരിശോധന നടത്താനും എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താനും നിർദ്ദേശം നൽകിക്കഴിഞ്ഞു. ചങ്ങനാശ്ശേരി, തലശ്ശേരി അപകടങ്ങൾ സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട സേഫ് കേരള എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പാലനത്തിലൂടെ അപകടങ്ങളൊഴിവാക്കി റോഡ് സുരക്ഷ ഉറപ്പുവരുത്തി നൂതനമായ വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് സർക്കാരിന്റെ സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ ധനസമാഹരണത്തിൽ മോട്ടോർ വാഹന വകുപ്പ് വഹിക്കുന്ന പങ്ക് വളരെ പ്രധാനമാണ്. ടാക്സിനത്തിൽ പതിമൂന്നായിരം കോടി രൂപയും ലീസ്

ഇനത്തിൽ 2082 കോടി രൂപയും പിഴയിനത്തിൽ 465 കോടി രൂപയും ശേഖരിക്കുകവഴി 2016-2021 കാലഘട്ടത്തിൽ 15500 കോടി രൂപയാണ് കേരള മോട്ടോർ വാഹന വകുപ്പ് സർക്കാരിലേയ്ക്ക് സമാഹരിച്ചത്. സംസ്ഥാനത്തിന്റെ ഫ്ലാഗ്ഷിപ് പ്രോഗ്രാമായ ഈസ് ഓഫ് ഡൂയിംഗ് ഗവൺമെന്റ് ബിസിനസ്സിന്റെ ഭാഗമായി വകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 60 സേവന പ്രക്രിയകൾ ഓൺലൈനായിക്കഴിഞ്ഞു. 36 സേവനങ്ങൾ പൂർണ്ണമായും സമ്പർക്കരഹിതമായി പൊതുജനങ്ങൾക്ക് ലഭ്യമായിക്കഴിഞ്ഞു. കേന്ദ്രീകൃത സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോമിലൂടെ (വാഹൻസാരഥി) ജനങ്ങൾക്ക് സേവനങ്ങളെത്തിക്കാനും അപേക്ഷകരുടെ തൽസ്ഥിതി മനസ്സിലാക്കാനും സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലായി ഒരു എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ എല്ലാ ദിവസവും 24 മണിക്കൂറും റോഡ് സുരക്ഷ മുൻനിർത്തി പ്രവർത്തിക്കുന്ന 85 സ്ക്വാഡുകളാണ് സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിലവിൽ വന്നിരിക്കുന്നത്. ഈ പദ്ധതി നിലവിൽ വന്നതോടെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും അതിലൂടെ റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. 2019-മായി 2020 താരതമ്യം ചെയ്താൽ 32 ശതമാനം അപകടങ്ങളും അനുബന്ധ പരിക്കുകളും മരണവും സംസ്ഥാനത്ത് കുറഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. അമിതവേഗതയും അപകടകരമായ ഡ്രൈവിംഗും കണ്ടുപിടിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന പാതകളിൽ റഡാർ ക്യാമറ സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സേഫ് കേരള പദ്ധതി പൂർണ്ണമായും നിലവിൽ വരുമ്പോൾ ഈ വർഷത്തോടെ നിർമ്മിതബുദ്ധികൊണ്ട് പ്രവർത്തിക്കുന്ന എഴുന്നൂറോളം ക്യാമറകൾ നിരത്തുകളിൽ വിന്യസിക്കും. മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധന പൂർണ്ണമായും ഡിജിറ്റലാക്കിയിട്ടുണ്ട്. ഇതിനായി ഇ-ചെലാൻ സംവിധാനവും പിഴ സ്വീകരിക്കാനായി പി.ഒ.എസ്. ഓൺലൈൻ സംവിധാനവും ഇ-കോർട്ട് സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ഇ-മൊബിലിറ്റി നയത്തിന്റെ ഭാഗമായി വാഹന പരിശോധനയ്ക്കായി എഴുപതോളം ഇലക്ട്രിക് വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പ് നിരത്തിൽ വിന്ന്യസിച്ചിട്ടുണ്ട്. ഇതിലൂടെ അന്തരീക്ഷ മലിനീകരണം കുറച്ചുകൊണ്ട് ഇലക്ട്രിക് മൊബിലിറ്റിയെ പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ പത്തിടങ്ങളിൽ കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുന്നതിന് ഇതിനകം നടപടി സ്വീകരിച്ചുകഴിഞ്ഞു. അതിൽ ആറിടങ്ങളിൽ വാഹനങ്ങളുടെ പരിശോധനയും ഡ്രൈവിംഗ് ടെസ്റ്റുകളും ഈ കേന്ദ്രങ്ങൾ വഴിയാണ് നടത്തിവരുന്നത്. രണ്ടിടങ്ങളിൽ പണി പൂർത്തിയാകുകയും

ഉടൻ പ്രവർത്തനമാരംഭിക്കുകയും ചെയ്യുന്നതാണ്. മറ്റ് രണ്ടിടങ്ങളിൽ ഒരിടത്ത് പണി പൂർത്തിയായിവരുന്നു. ഒരിടത്ത് പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. പി.പി.പി. മോഡൽ രീതിയിൽ സംസ്ഥാനത്ത് 75 ഇടങ്ങളിലും കമ്പ്യൂട്ടർവൽക്കൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുന്നതിനുള്ള കരട് ടെണ്ടർ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

2018-19 പ്രളയത്തിലെ രക്ഷാപ്രവർത്തനത്തിലും കോവിഡ്-19-ന്റെ പ്രതിരോധ പ്രവർത്തനത്തിലും മോട്ടോർ വാഹന വകുപ്പ് നിസ്തുലമായ പങ്കാണ് വഹിച്ചത്. ദുരന്തമുഖത്ത് അടിയന്തരമായി വാഹനങ്ങളെത്തിക്കാനും പൊതുജനങ്ങളുടെയും രക്ഷാപ്രവർത്തകരുടെയും യാത്രാ സൗകര്യങ്ങളൊരുക്കുന്നതിനും പരിക്കേറ്റവരുടെയും രോഗികളുടെയും യാത്രയ്ക്കായി ആംബുലൻസുകളൊരുക്കാനും മോട്ടോർ വാഹന വകുപ്പ് മുന്നിൽത്തന്നെ നിൽക്കുകയുണ്ടായി. പശ്ചിമബംഗാൾ പോലെയുള്ള ദൂരസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കുള്ള ഓക്സിജൻ സിലിണ്ടറുകളുടെ നീക്കം ഏകോപിപ്പിച്ചതാണ് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏറ്റവും നിർണ്ണായകമായത്. ഇതുമൂലം സംസ്ഥാനത്ത് ഓക്സിജൻ ക്ഷാമം വരാതെ കരുതലോടെ സംരക്ഷിക്കാൻ കേരള ഗതാഗത വകുപ്പിന് കഴിഞ്ഞുവെന്നത് ഈ വകുപ്പിന്റെ ശോഭയാർന്ന നേട്ടമാണ്. കെ.ടി.ഡി.എഫ്.സി.-യെ ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. വിദഗ്ദ്ധ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി റീ-വാമ്പിംഗ് പ്ലാൻ തയ്യാറാക്കി വരികയാണ്. കേരള സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ 15 കോടി രൂപ പലിശ സബ്സിഡിയോടുകൂടി 200 കോടി രൂപയുടെ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി കെ.ടി.ഡി.എഫ്.സി. പുതിയ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ഗതാഗത വകുപ്പിന്റെ കീഴിലാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായി സമഗ്രമായ നിയമത്തിന്റെ അടിത്തറയിൽ രൂപീകരിച്ചതാണ് കെ.എം.ടി.എ. (കൊച്ചി മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റി). നഗര-ഗതാഗത സങ്കീർണ്ണത ഒഴിവാക്കാൻ എല്ലാ ഗതാഗത സംവിധാനങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും ഒരു കുടക്കീഴിലാക്കി ഏകോപിപ്പിച്ച് പൊതുജനങ്ങളുടെ വിരൽത്തുമ്പിലെത്തിക്കുന്ന കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് ലോകത്തുതന്നെ ആദ്യമായി കൊച്ചിയിൽ കഴിഞ്ഞയാഴ്ച ആരംഭിച്ചുകഴിഞ്ഞു.

സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കാര്യം ഞാൻ കൂടുതലായി വിശദീകരിക്കുന്നില്ല. നിരവധി പദ്ധതികളാണുള്ളത്. ബേക്കൽ മുതൽ കോവളം

വരെയുള്ള 616 കിലോമീറ്റർ ദൈർഘ്യമുള്ള ജലപാത കേരളത്തിന്റെ സമ്പത്താണ്. നമ്മുടെ റോഡുകളിലൂടെയുള്ള വാഹനങ്ങളുടെ ബാഹുല്യം വർദ്ധിപ്പിക്കുന്ന തിനുപകരം ജലപാത ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ റോഡപകടങ്ങളും വാഹന ഗതാഗതത്തിന്റെ തിരക്കും കുറയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ് കോവളം - ബേക്കൽ ജലപാത. കൊല്ലം മുതൽ കോട്ടപ്പുറം വരെ ജലഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് പൂർണ്ണമായിരിക്കുകയാണ്. കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ആ പ്രദേശത്ത് കൂടുതൽ ബോട്ടുകളിറക്കി യാത്ര സുഗമമാക്കാനുള്ള പ്രവർത്തനവും നടത്തിവരികയാണ്. ഈ ധനാഭ്യർത്ഥനയെ ഏകാഭിപ്രായത്തോടെ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, യു.ഡി.എഫ്. സഭാനടപടികൾ ബഹിഷ്കരിച്ചെങ്കിലും ഫലപ്രദമായ ചർച്ചകളിലൂടെ ഈ ധനാഭ്യർത്ഥനയെ സമ്പുഷ്ടമാക്കാൻ മുന്നോട്ടുവന്ന എല്ലാ എം.എൽ.എ.-മാരോടും നന്ദി അറിയിക്കുകയാണ്. കേരളതീരത്തിന്റെ പൊതുസ്ഥിതി എന്നുപറയുന്നത് പാവങ്ങളിൽ പാവങ്ങളായ ഒരു ജനവിഭാഗമാണ് അവിടെ താമസിക്കുന്നത് എന്നുള്ളതാണ്. ഈ ജനവിഭാഗത്തിന്റെ മുന്നേറ്റത്തിനുവേണ്ടി ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തനമാണ് കഴിഞ്ഞ അഞ്ചുവർഷം പിണറായി വിജയൻ ഗവൺമെന്റ് നടപ്പാക്കിയത്. ഫിഷറീസ് മേഖലയിൽനിന്നുള്ള ആഭ്യന്തര ഉത്പാദനം 10736.10 കോടി രൂപയാണ്. ഇത് ആകെയുള്ള വരുമാനത്തിന്റെ 1.46 ശതമാനമാണ്. പ്രാഥമിക മേഖലയുടെ 13.96 ശതമാനവും മത്സ്യമേഖലയാണ് സംഭാവന ചെയ്യുന്നത്. 5020.34 കോടി രൂപ മത്സ്യ കയറ്റുമതിയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ഇതെല്ലാം ഉണ്ടെങ്കിലും ഇവരുടെ ആളോഹരി വരുമാനം അല്ലെങ്കിൽ ജീവിത നിലവാരം പൊതുവിഭാഗത്തേക്കാൾ വളരെ താഴെയാണ്. പൊതുവിഭാഗത്തിൽ പെടുന്നവർക്ക് രണ്ട് ദിവസം ഭക്ഷണം കഴിക്കാനുള്ള വരുമാനം ലഭിക്കുകയാണെങ്കിൽ ഇവർക്ക് ഒരു ദിവസം കഴിക്കാൻ മാത്രമുള്ള വരുമാനമാണ് ലഭിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം 1,19,330 രൂപയാണെങ്കിൽ പൊതുവിഭാഗത്തിന്റേത് 2,45,323 രൂപയാണ്. ഇതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ഇവരുടെ സമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളെയെല്ലാം സ്പർശിക്കുന്ന വിധത്തിലുള്ള ഒരു പ്രവർത്തനമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾകൊണ്ട് ഈ മേഖലയിൽ വളരെ നല്ലമാറ്റം ഉണ്ടായെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഉൾനാടൻ പീലിംഗ് അടക്കമുള്ള അനുബന്ധ മേഖലയിൽ നല്ലനിലയിലുള്ള ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തുന്നത്. 2016-17 മുതൽ 2020-21 വരെ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, കുഫോസ് എന്നീ 3 മേഖലകൾക്കായി 2303.14 കോടി രൂപ അനുവദിച്ചതിൽ 81.97 ശതമാനം തുക ചെലവഴിച്ചു. 2021-22 വർഷം ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്, KUFOS എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ളത് 394.74 കോടി രൂപയാണ്. സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷം 7491.45 കോടി രൂപയാണ് ഈ മേഖലയ്ക്കാകെ വകയിരുത്തിയത്. കൂടാതെ ഇറിഗേഷന്റെ ഏകദേശം 250 കോടി രൂപകൂടി വരുമ്പോൾ തീരദേശ മേഖലയിൽ വിവിധ പദ്ധതികൾക്കായി 7,741.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിലും കഴിഞ്ഞ ഗവൺമെന്റിന്റെ ബഡ്ജറ്റിലും കിഫ്ബിവഴി ധാരാളം പദ്ധതികൾക്ക് പണം അനുവദിക്കുകയും തീരദേശ മേഖലയിൽ അവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. 1894 കോടി രൂപയുടെ പദ്ധതികളാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ ചില പ്രവർത്തനങ്ങൾ ആരംഭിച്ചു. കൂടാതെ റോഡ്, വിദ്യാഭ്യാസ ഗ്രാന്റ്, മണ്ണെണ്ണയുടെ സബ്സിഡി, ലൈഫ് മിഷനുവേണ്ടി ചെലവഴിച്ചതും ഉൾപ്പെടെ 2180 കോടി, ഇവയെല്ലാം ചേർത്ത് മൊത്തത്തിൽ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക സഹായമായ 11000 കോടി രൂപ കേരളത്തിലെ തീരദേശ മേഖലയിൽ മുടക്കിയ ഗവൺമെന്റാണിത്. ഉൾനാടൻ മത്സ്യമേഖലയിൽ വലിയ രീതിയിലുള്ള ഇടപെടൽ നടത്തി. 433 കോടി രൂപയുടെ പ്രവർത്തനങ്ങൾ അനുവദിച്ചതിൽ 312 കോടി രൂപ ചെലവഴിച്ചു. തീരദേശമേഖലയിൽ സാമൂഹിക അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി 1226 കോടി രൂപ അനുവദിച്ചതിൽ 1193 കോടി രൂപ ചെലവഴിച്ചു. പീലിംഗ് തുടങ്ങിയ എല്ലാ അനുബന്ധ മേഖലകളേയും ഒന്നായിക്കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുത്തു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തീരദേശമെന്നോ ഉൾനാടെന്നോ ഇല്ലാതെ എല്ലാ മത്സ്യത്തൊഴിലാളികളെയും ഒന്നായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കാനാണുദ്ദേശിക്കുന്നത്.

ഭവന നിർമ്മാണ രംഗത്തെപ്പറ്റി ചർച്ചകൾ വന്നു. ഭവന നിർമ്മാണ രംഗത്ത് ശ്രദ്ധേയമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിയത്. 2016-17-ൽ മാത്രം വിവിധ പദ്ധതികളിലുൾപ്പെടുത്തി 3585 പേർക്ക് വീട് വച്ചുനൽകി. 2016-17-ൽ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീടുവച്ചു കൊടുക്കുക എന്ന പദ്ധതിയിൽ 1418 പേർക്ക് സഹായം നൽകി. പുനർഗേഹം പദ്ധതി പൂർത്തീകരിക്കുന്നതോടെ

തീരദേശത്ത് വലിയ മാറ്റങ്ങളുണ്ടാകും. അതിന്റെ ഭാഗമായി 1366 ഫ്ലാറ്റുകൾ പണിതുകൊണ്ടിരിക്കുകയാണ്. 100 ഇന പരിപാടിയിലുൾപ്പെടുത്തി 308 എണ്ണം ഉദ്ഘാടനം ചെയ്ത് തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കും. വ്യക്തിഗതമായി ആളുകൾക്ക് കൊടുത്ത പണമുപയോഗിച്ച് 2129 വീടുകൾ പണിതു കൊണ്ടിരിക്കുകയാണ്. പുനർഗേഹം പദ്ധതിയിൽ 1594 ആളുകൾക്ക് സഹായം നൽകി നിർമ്മാണം വിവിധ ഘട്ടത്തിലാണ്. ലൈഫ് പദ്ധതിയിൽ 2011 ആളുകൾക്ക് വീട് വയ്ക്കാൻ സഹായം നൽകി. കൂടാതെ ഭൂമി വാങ്ങി വീട് വയ്ക്കുന്ന 374 പേർക്ക് സഹായം നൽകിയതുൾപ്പെടെ ലൈഫ് പദ്ധതിയിൽ 2385 പേർക്ക് സഹായം നൽകി. കേരളത്തിൽ 10853 മത്സ്യത്തൊഴിലാളികൾക്ക് വീട് കൊടുത്തതിലൂടെ ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണ് ഈ ഗവൺമെന്റിനുള്ളത്. പുനർഗേഹം പദ്ധതി ശക്തിപ്പെടുത്തുമ്പോൾ തീരദേശത്ത് 50 മീറ്ററിനുള്ളിലുള്ള 20835 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കും. അത് അടുത്ത അഞ്ചുവർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മത്സ്യത്തൊഴിലാളി സ്ത്രീകളെ ശാക്തീകരിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അതിലൊന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സൂചിപ്പിച്ച, കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് 'സമുദ്ര' ബസ് സർവ്വീസാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മെട്രോപൊളിറ്റൻ സിറ്റികളിൽ വന്ന് ബിസിനസ് നടത്തി പോകാൻ കഴിയുന്ന സംവിധാനമാണിത്. തലച്ചുമടായി കൊണ്ടുനടന്ന് മത്സ്യം വിൽക്കുന്നവർക്ക് സാഫ് മുഖേന പലിശ രഹിത വായ്പ നൽകുന്നു. സീഫുഡ് റസ്റ്റോറന്റ് എല്ലാ ജില്ലകളിലും ആരംഭിക്കാൻ പോകുകയാണ്. മത്സ്യ വിഭവങ്ങളുമായി ബന്ധപ്പെട്ട ഏറ്റവും നല്ല ഭക്ഷണശാലകൾ എല്ലാ ജില്ലയിലും ആരംഭിക്കും. അതിൽ മൂന്നെണ്ണം രണ്ടുമാസത്തിനുള്ളിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ എല്ലാ പ്രധാനപ്പെട്ട ടൗണുകളിലും ചെറിയ സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 916 വനിതാ സംരംഭങ്ങൾ ആരംഭിച്ചു. ഒരു ഗ്രൂപ്പിന് 5,00,000 രൂപ വരെ ഗ്രാന്റ് കൊടുക്കുന്ന പദ്ധതി വലിയ തോതിൽ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കോവിഡുമായി ബന്ധപ്പെട്ട വലിയ പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതിനാൽ 206,774 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1,000 രൂപ വീതം നൽകുന്നതിന് 34.629 കോടി രൂപ നൽകി. 2021-ൽ 122,377 കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷ്യ കിറ്റ് നൽകി. ഭക്ഷ്യകിറ്റ് നൽകുന്നത് മോശമാണെന്ന് പറയുന്നവരുടെ മുമ്പിൽ, പ്രയാസമനുഭവിക്കുന്ന ഈ വിഭാഗങ്ങൾക്ക് നൽകിയ സഹായങ്ങളെക്കുറിച്ച് എത്രപറഞ്ഞാലും കൂടുതലാകുന്നില്ല. ചരിത്രത്തിലാദ്യമായി, ഈ ഗവൺമെന്റ് വന്നതിനുശേഷം കാലാവസ്ഥ മുന്നറിയിപ്പിന്റെ ഭാഗമായി കടലിൽ പോകാൻ കഴിയാത്ത

തൊഴിലാളികൾക്ക് ദിവസം 200 രൂപ വീതം 6 ദിവസം കണക്കാക്കി 1,200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ചു. മത്സ്യ അനുബന്ധമേഖലയിലെ തൊഴിലാളികളായ 324,742 പേർക്ക് 32.47 കോടി രൂപ കോവിഡുമായി ബന്ധപ്പെട്ട് സഹായം നൽകി. കേന്ദ്ര ഗവൺമെന്റിന്റെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ രണ്ട് വർഷമായി പണംകിട്ടുന്നില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കി 2021-22 വർഷം 25 കോടി രൂപ ഇതിനകം അനുവദിച്ചുകഴിഞ്ഞു. ഇത്തരത്തിൽ കോടിക്കണക്കിന് രൂപ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിത്തന്നെ നല്ല മാറ്റമാണ് ഉൾനാടൻ തീരദേശ മേഖലയിൽ കാണാൻ കഴിയുന്നത്.

നമ്മുടെ ഓഫീസ് സംവിധാനം വളരെ മെച്ചപ്പെടുത്താനാണുദ്ദേശിക്കുന്നത്. കടലാസുരഹിത ഓഫീസ് പദ്ധതിയുടെ ഭാഗമായി ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽവന്നു. അത് താഴെതലം മുതൽ നടപ്പാക്കാനാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള കോൾ സെന്റർ ആരംഭിച്ചു. ഹാർബറുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ നീക്കങ്ങളും മനസിലാക്കാൻ കഴിയുന്ന സംവിധാനങ്ങൾ ഡയറക്ടറേറ്റിൽ ആരംഭിച്ചു. മത്സ്യഫെഡിന്റെ നൂറാമത് ഫിഷ് മാർട്ട് ചങ്ങനാശ്ശേരിയിൽ ശ്രീ. ജോബ് മൈക്കിളിന്റെ മണ്ഡലത്തിൽ ആരംഭിച്ചു. അടുത്ത ഒരു വർഷംകൊണ്ട് 100 സ്റ്റാളുകൾകൂടി കേരളത്തിൽ ആരംഭിക്കാൻ പോകുന്നു. നൂറിന പരിപാടിക്കിടയിൽത്തന്നെ 20 സ്റ്റാളുകൾ ഉദ്ഘാടനം ചെയ്യും. വകുപ്പിന്റെ ഓഫീസുകളുമായി ബന്ധപ്പെട്ട നല്ല രൂപത്തിലുള്ള മാറ്റങ്ങൾ താഴെത്തലത്തിൽ നിന്ന് ആരംഭിക്കും. ഇപ്പോൾ നമ്മൾ ഏറ്റെടുക്കുന്ന ഏറ്റവും നല്ല പ്രവർത്തനം മത്സ്യോല്പാദനം ഇരട്ടിയാക്കി ഭക്ഷ്യ സുരക്ഷ നടപ്പാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമായ 'കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ'-യുടെ ഭാഗമായ ജനകീയ മത്സ്യകൃഷി പദ്ധതി കഴിഞ്ഞ 10-ാം തീയതി ഉദ്ഘാടനം ചെയ്തു. 'എവിടെയെല്ലാം ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി' എന്നതാണ് ക്യാമ്പയിൻ. 2016-17-ൽ ഉല്പാദിപ്പിച്ചിരുന്നത് 1.88 ലക്ഷം മെട്രിക് ടൺ മത്സ്യമായിരുന്നെങ്കിൽ 2020-2021-ൽ അത് 2.24 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരിക്കുകയാണ്. 2020-21 വർഷം കഴിയുമ്പോൾ, അടുത്ത ഒരു വർഷംകൊണ്ട് 34947 മെട്രിക് ടൺ അധികമായി ഉല്പാദിപ്പിക്കാൻ കഴിയും. ഒരു ഹെക്ടറിന് ഒരു ടൺ എന്ന പരമ്പരാഗത രീതിമാറ്റി രണ്ട് സെന്റിന് ഒരു ടൺ എന്ന നിലയിലേയ്ക്ക് മത്സ്യോല്പാദനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 16666 ഹെക്ടർ പാടശേഖരത്തിൽ ഒരു നെല്ലും ഒരു മീനും പദ്ധതിയും 2600

ഹെക്ടറിൽ ചെമ്മീൻ കൃഷിയും 6000 ഹെക്ടർ കുളങ്ങളിൽ ശാസ്ത്രീയ മത്സ്യകൃഷിയും നടപ്പാക്കി വരുന്നുണ്ട്. 40000 ആളുകൾക്ക് ജീവനോപാധി കൊടുക്കാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും വലിയ വിജയം. ഇതിന്റെ ഭാഗമായി 28 റിസർവോയറുകളിൽക്കൂടി മത്സ്യകൃഷി ആരംഭിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിനാവശ്യമായ എല്ലാ മത്സ്യവിഭവങ്ങളും ഉല്പാദിപ്പിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ഉൾനാടൻ മത്സ്യമേഖലയിൽ നടപ്പാക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. മത്സ്യവിത്ത് ഉല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 5 കോടി മത്സ്യകുഞ്ഞുങ്ങളെയാണ് ഉല്പാദിപ്പിക്കുന്നത്. 31 ഹാച്ചറികളിലായി പ്രവർത്തനം നടന്നുവരുന്നു. ചിലതുകൂടി ആരംഭിക്കാനുണ്ട്. 12 കോടി ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കും. 2024-ൽ 5 കോടിയിൽനിന്ന് 12 കോടിയായി മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചുകൊണ്ട് മത്സ്യകൃഷി വ്യാപിപ്പിക്കാനാണ് ടാർജറ്റിട്ടിരിക്കുന്നത്. എവിടെ ജലാശയമുണ്ടോ അവിടെയെല്ലാം മത്സ്യകൃഷി എന്നതിൽ സമ്പൂർണ്ണമായി എത്തിക്കാനുള്ള പ്രവർത്തനം ആരംഭിക്കുന്നത്.

2.00 PM]

ശ്രീമതി ശാന്തകുമാരി കെ.: സർ, ഉൾനാടൻ മത്സ്യകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ Fish Farmers Development Agency നിലവിലുണ്ട്. അതിന്റെ കീഴിൽ ഓരോ പഞ്ചായത്തിലുമുള്ള കോ-ഓർഡിനേറ്റർമാർ രണ്ടോമൂന്നോ നാലോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുകൊണ്ടാണ് മത്സ്യകൃഷി ചെയ്യുന്നത്. സ്വാഭാവികമായും ഇതിന്റെ വർദ്ധനവ് ഉണ്ടാക്കിയെടുക്കണമെങ്കിൽ കോ-ഓർഡിനേറ്റർമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ ഇടപെടലുകൾക്ക് വഴങ്ങാതിരിക്കുന്നതായിരിക്കും നല്ലത്. നമുക്ക് സമയം പാലിക്കേണ്ടതുണ്ട്.

ശ്രീ. എ. പ്രഭാകരൻ: സർ, കേരളത്തിനാവശ്യമായ മത്സ്യവിത്ത് ആന്ധ്രാപ്രദേശിൽനിന്നും മറ്റും കൊണ്ടുവരുന്ന അവസ്ഥ അവസാനിപ്പിച്ച് കേരളത്തിൽത്തന്നെ അവ ഉല്പാദിപ്പിച്ചുകൂടെ; മാത്രമല്ല, അവിടെ നിന്നുവരുന്നത് ഗുണനിലവാരമില്ലാത്തതുമാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ മത്സ്യവിത്ത് ഉല്പാദനത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചത്. അതിനെക്കുറിച്ചാണ് വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. തീർച്ചയായും നമ്മൾ സ്വയം പര്യാപ്തതയിലേയ്ക്ക് പോകാൻവേണ്ടിയാണ് ഈ മൂന്നുവർഷത്തെ പ്രോഗ്രാം

നടപ്പാക്കുന്നത്. അതുവഴി 12 കോടി മത്സ്യക്കുഞ്ഞുങ്ങൾ ഉല്പാദിപ്പിക്കുന്നു. അതുകൊണ്ട് സ്വയംപര്യാപ്തതയിൽ എത്തുമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ, അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ഇറക്കുമതി കുറച്ചുകൊണ്ട് നമുക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന വരാൽ, കരിമീൻ മുതലായ മീൻകുഞ്ഞുങ്ങളെക്കൂടി ഉല്പാദിപ്പിച്ചുകൊണ്ട് കേരളത്തിലെ മാർക്കറ്റുകളിൽ സുലഭമായി ഇത് എത്തിക്കാനാണുദ്ദേശിക്കുന്നത്. എക്സ്പോർട്ട് ക്വാളിറ്റിയടക്കമുള്ള സംവിധാനത്തെക്കുറിച്ചും ഇപ്പോൾ ആലോചിക്കുന്നുണ്ട്. അതുപോലെത്തന്നെ 5 വർഷംകൊണ്ട് കാർപ്പ്, കാര, ചെമ്മീൻ, നാടൻ ചെമ്മീൻ, ആറ്റുകൊഞ്ച് തുടങ്ങി ഏതാണ്ട് 1,214 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഈപ്പറയുന്ന ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടെന്നുള്ള കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു.

ഈ ഗവൺമെന്റ് വന്നതിനുശേഷം ഏറ്റെടുത്ത ഏറ്റവും പ്രധാനപ്പെട്ട പ്രോഗ്രാമാണ് മാതൃകാ മത്സ്യഗ്രാമപദ്ധതി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഞാനും മുൻകയ്യെടുത്ത് ചർച്ച ചെയ്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചെല്ലാനം ഫിഷിംഗ് ഹാർബറാണ് ഇതിനായി ഏറ്റെടുത്തത്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള വലിയൊരു പ്രോജക്ടാണിത്. 16 കോടി രൂപയുടെ ടെട്രാപോഡ് പദ്ധതി, റോഡ് നവീകരണം തുടങ്ങിയ മറ്റ് കുറെ പദ്ധതികൾ ഇവിടെ ഇപ്പോൾ നടക്കുന്നുണ്ട്. മാതൃകാ മത്സ്യഗ്രാമം പദ്ധതി KUFOS (Kerala University of Fisheries and Ocean Studies) യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഡി.പി.ആർ. തയ്യാറാക്കി. അത് നടപ്പാക്കുന്നതിന്റെ പ്രത്യേകത കേരളത്തിലെ മത്സ്യഗ്രാമങ്ങളിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനും എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കാനും കഴിയുന്ന ഒരു നൂതന പദ്ധതി ചെല്ലാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2009-ൽ ആരംഭിച്ച തീരദേശ വികസന കോർപ്പറേഷൻ അതിന്റെ കാര്യങ്ങൾ നന്നായി നടപ്പാക്കുന്നുണ്ട്. ഏതാണ്ട് 1000 കോടി രൂപയുടെ പ്രവൃത്തികൾ ആ മേഖലയിൽ നടക്കുന്നുണ്ട്. അതൊന്നും ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. മത്സ്യബന്ധന അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ മേഖല, ഭവന നിർമ്മാണരംഗം, മത്സ്യമാർക്കറ്റുകളുൾപ്പെടെ ധാരാളം തീരദേശ സംരക്ഷണ പദ്ധതികൾ, ഏതാണ്ട് 209 കോടി രൂപയുടെ മത്സ്യബന്ധന ഹാർബറുകൾ അങ്ങനെ നിരവധി മേഖലകളിൽ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ നടക്കുമ്പോൾ തീരദേശ വികസന കോർപ്പറേഷനെ കൂടുതൽ പ്രൊഫഷണലൈസ് ചെയ്യാൻവേണ്ടിയാണ് ഗവൺമെന്റ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. മാർക്കറ്റുകളുടെ നവീകരണത്തപ്പറ്റി ഇവിടെ പറഞ്ഞല്ലോ; അതിൽ തൊഴിൽ കൊടുക്കാൻ കഴിയുന്ന

സംരംഭങ്ങളായ സീഫുഡ് റെസ്റ്റോറന്റുകൾ, ഉൾനാടൻ മേഖലയിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ചെറിയ റെസ്റ്റോറന്റുകൾ, അതുപോലെ ഇപ്പോൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ ഉണക്കമത്സ്യ ഉല്പന്നങ്ങൾ എത്തിക്കുന്ന ഒരു പ്രോജക്ടും കൊല്ലത്ത് ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. ഈ വിഷയം ഇവിടെ ഉന്നയിച്ചിരുന്നു. കേരളത്തിൽ വ്യാപകമായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഉപോല്പന്നങ്ങൾ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. 'പരിവർത്തനം' എന്ന ഒരു പദ്ധതിയാണ് ഈ കാര്യത്തിൽ നടത്താനുദ്ദേശിക്കുന്നത്. ഞാൻ ഒരു കാര്യം ഉറപ്പിച്ചു പറയുന്നു, ഗവൺമെന്റിന്റെ 40 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുന്ന പദ്ധതിയിൽ, ഒരു പ്രധാന ഭാഗം തൊഴിൽ ലഭ്യത കേരളത്തിലെ മത്സ്യമേഖലയുമായി ബന്ധപ്പെട്ടായിരിക്കും. ഇപ്പോൾ അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയാണ്. ആ കാര്യം പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ മത്സ്യത്തൊഴിലാളി കടാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങൾ പരിശോധിച്ചു. 200 കോടിയോളം രൂപ 2007 വരെയുള്ള കടാശ്വാസമായി കൊടുത്തിരിക്കുകയാണ്. ഗവൺമെന്റ് നന്നായി പരിഗണിക്കേണ്ട ഒരു മേഖലയാണിത്. കടമെടുത്ത ആളുകൾക്ക് വളരെയേറെ പ്രയാസമുണ്ട്. അവരുടെ കടാശ്വാസ പ്രശ്നങ്ങൾ പരിഹരിക്കാൻ കടാശ്വാസകമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. NIFAM- (National Institute of Fisheries Administration & Management)-ന്റെ മീറ്റിംഗ് എറണാകുളത്തുവച്ച് നടന്നപ്പോൾ ഞാനും പങ്കെടുത്തിരുന്നു; അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. ഇതിനെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായി ഉയർത്താൻ കഴിയണം. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളും മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവർക്കും ട്രെയിനിംഗും മറ്റ് സംവിധാനങ്ങളും നമുക്ക് ഒരുക്കാൻ സാധിക്കും. ഹ്രസ്വകാല പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, നൈപുണ്യ വികസനം, സ്കിൽ ഡെവലപ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഈ സ്ഥാപനത്തെ ഒരു മികവിന്റെ കേന്ദ്രമാക്കി മാറ്റാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ചുകൊണ്ട് സംസ്ഥാനത്ത് ഏറ്റവും ആധുനികമായ സാങ്കേതിക സംവിധാനം ഉപയോഗിച്ചു കൊണ്ടുള്ള ഒരു മാനേജ്മെന്റ് സിസ്റ്റം കേരളത്തിലെ മത്സ്യമേഖലയിൽ ഉടൻ നടപ്പാക്കുമെന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഉത്തരവാദിത്തമുള്ള വ്യവസായം എന്നുപറഞ്ഞതുപോലെ, ഉത്തരവാദിത്ത മത്സ്യബന്ധനം എന്ന അവബോധമാണ് കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യമായി പറയാൻ

ഞാനുദ്ദേശിക്കുന്നത്. അതുപോലെതന്നെ ഈ പദ്ധതിയിൻകീഴിൽ ഓൺലൈൻ ഫിഷറീസ് പരിശീലനം, ഇ-കൊമേഴ്സ് തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ സാദ്ധ്യതകളും കണ്ടെത്താനാണുദ്ദേശിക്കുന്നത്. ഫിഷറീസിന്റെ അഡ്മിനിസ്ട്രേഷൻ, മത്സ്യസമ്പത്ത് സംരക്ഷണം, മാനേജ്മെന്റ് ഈ കാര്യങ്ങളിലൊക്കെ നമ്മൾ വളരെ പിന്നിലാണ്. അത്തരം കാര്യങ്ങളിൽ നമുക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. റഫറൻസ്, ഡാറ്റാ പ്രോസ്സസിംഗ്, ഡോക്യുമെന്റേഷൻ, എക്സ്റ്റൻഷൻ ഉപാധികൾ, പ്രസിദ്ധീകരണങ്ങൾ ഇതെല്ലാംതന്നെ നിഫാമിനെ ഉപയോഗിച്ച് ചെയ്യാവുന്നതാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. അതിനെ വേണ്ടത്ര ഉയർത്തിക്കൊണ്ടുവരാൻ കഴിയണം. അങ്ങനെ ചെയ്താൽ മത്സ്യമേഖലയെയും അതിന്റെ സ്ഥാപനങ്ങളെയും മുഴുവൻ മത്സ്യത്തൊഴിലാളികളെയും കൂടുതൽ മെച്ചപ്പെടുത്തി പ്രൊഫഷണലൈസ് ചെയ്യാൻ സാധിക്കും. ഏറ്റവും സ്കോപ്പുള്ള ഒരു മേഖല അലങ്കാര മത്സ്യകൃഷിയാണ്. ഇപ്പോൾ ഞങ്ങൾ അതിനെപ്പറ്റി ചർച്ച ചെയ്തു. കേരളത്തിൽ അതിന്റെ പങ്ക് ഒരു ശതമാനത്തിന് താഴെയാണ്. ലോകം മുഴുവൻ സ്കോപ്പുള്ള ആയിരങ്ങൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന കൃഷിക്കാർക്ക് സഹായം ചെയ്യുന്ന ഒരു സംവിധാനമാണിത്. 'KAVIL' (Kerala Aqua Ventures International Limited) എന്ന സ്ഥാപനത്തിൽ ഞാൻ പോകുകയും അവിടെയുള്ള മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. അതിന്റെ ഭാഗമായി നമ്മൾ പുതിയ ഹാച്ചറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിദേശ വിപണിയിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു പ്രോജക്ടാണിത്. കണ്ണൂരിൽ അതിന്റെ ഒരു ഹാച്ചറി ആരംഭിക്കാനുദ്ദേശിക്കുന്ന കാര്യം ഞാൻ ഇവിടെ പ്രത്യേകമായി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഇവിടെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചതിൽ എനിക്ക് വളരെ സങ്കടമുണ്ട്. കാരണം കിറ്റുകൾ കൊടുത്തതുകൊണ്ടാണ് നമ്മൾ ജയിച്ചത് എന്നൊക്കെ അവർ പറഞ്ഞു; അതൊന്നുമല്ല വസ്തുത. ഞാൻ പല തീരദേശ മണ്ഡലങ്ങളിലും പോയിരുന്നു. തീരദേശത്ത് 47 അസംബ്ലി മണ്ഡലങ്ങളാണുള്ളത്. അതിൽ 38 മണ്ഡലങ്ങളിലും ഇടതുപക്ഷം ജയിച്ചുവെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം കഴിഞ്ഞ അഞ്ചുവർഷം നമ്മൾ നടപ്പാക്കിയ കാര്യങ്ങൾക്ക് കിട്ടിയ അംഗീകാരമാണ്. യു.ഡി.എഫ്. ആകെ 9 സ്ഥലങ്ങളിൽ കഷ്ടിച്ചാണ് ജയിച്ചത്. എന്റെ ജില്ലയിലെ ഹരിപ്പാട് ഉൾപ്പെടെയുള്ള ചില മണ്ഡലങ്ങൾ നമ്മൾ ഒന്നുകൂടി ശ്രമിച്ചിരുന്നെങ്കിൽ അവിടെയും വിജയം ഉറപ്പാക്കാമായിരുന്നു. കരുനാഗപ്പള്ളി, കോവളം തുടങ്ങിയ മണ്ഡലങ്ങൾ നഷ്ടപ്പെട്ടത് നമ്മുടെ ശ്രദ്ധക്കുറവു കൊണ്ടുതന്നെയാണ്. ഞാൻ അതിനെപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല.

അതുകൊണ്ട് കേരളത്തിന്റെ തീരദേശമേഖല ഇടതുപക്ഷത്തോടൊപ്പംതന്നെ നിൽക്കും. കഴിഞ്ഞ അഞ്ചുവർഷം ചെയ്ത കാര്യങ്ങൾക്ക് അംഗീകാരം കിട്ടി. കോവിഡിനെയും ടൗട്ടേ , ഓഖി എന്നീ ചുഴലിക്കാറ്റുകളെയും പ്രളയത്തെയും അതിജീവിച്ച കാലമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം. കേന്ദ്രഗവൺമെന്റ് നിലപാടുകളിൽ രണ്ട് വിഷയങ്ങൾ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഒന്ന്, നീല സാമ്പത്തിക (Blue economy) വ്യവസ്ഥ സംബന്ധിച്ച അപകടകരമായ വിഷയം ചർച്ച ചെയ്യണം. വനത്തിന്റെ അവകാശം ആദിവാസികൾക്കെന്നപോലെ കടലിന്റെ അവകാശം മത്സ്യത്തൊഴിലാളി കൾക്കാണെന്ന് തീരുമാനിക്കുന്ന ഒരു കാലത്ത്, മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും വഴിയാധാരമാക്കുന്ന, തീരത്തുനിന്നും അകറ്റുന്ന, വലിയ പരിവർത്തനത്തിന് തീരത്തെ വിധേയമാക്കുന്ന ബ്ലൂ ഇക്കണോമി എന്നൊരു നയം രാജ്യത്ത് നടപ്പാക്കാൻ ശ്രമിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെ ശക്തമായി നേരിടേണ്ടതുണ്ട്. സമുദ്രത്തിന്റെ എല്ലാ ആവാസവ്യവസ്ഥകളെയും തകർക്കുന്ന നിലപാടാണ് ഈ നിയമത്തിലൂടെ കൊണ്ടുവരുന്നത്. കടൽ ധാതുഖനനമുൾപ്പെടെ നടത്തുക എന്ന തെറ്റായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. മത്സ്യബന്ധനവും അനുബന്ധമേഖലകളും രാജ്യത്തെ അഞ്ചുകോടി ജനങ്ങളുടെ ഉപജീവന മാർഗ്ഗമാണ്. ഈ ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗം തകർത്ത് ടൂറിസത്തെ പ്രൊമോട്ട് ചെയ്യാൻ, സമ്പന്നർക്ക് തീരത്തിന്റെ അവകാശം കൊടുക്കുന്ന ഈ നയത്തെ ശക്തമായി എതിർത്ത് പരാജയപ്പെടുത്തേണ്ടതുണ്ട്. ഒരു മത്സ്യനിയമം കഴിഞ്ഞ ദിവസം പാർലമെന്റിൽ വന്നു. ഈ നിയമത്തെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ മത്സ്യബന്ധന നിയമം 2019-ൽ അപകടകരമായ നിർദ്ദേശങ്ങളാണ് വന്നിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ കടൽ വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളുണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരം കൊടുക്കുന്ന ഒരു ബില്ലാണ് പാസ്സാക്കാൻ പോകുന്നത്. സംസ്ഥാന ഗവൺമെന്റ് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണിത്. നമ്മുടെ ഫെഡറൽ സംവിധാനത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ് അതിൽ വരുന്നത്. അതുപോലെ പങ്കാളിത്ത മാനേജ്മെന്റിനെ ക്കുറിച്ച് വളരെ പ്രധാനമായി അതിൽ പറയുന്നു, കടലിലെ മത്സ്യവിഭവങ്ങളുടെ കൈകാര്യ കർത്താവായ മത്സ്യത്തൊഴിലാളികളെ ചുമതലയിലുൾപ്പെടുത്തേ ണ്ടതിനുപകരം മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ആ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ഒന്നിലധികം ലൈസൻസുകൾ (multiple licensing) എന്ന പദ്ധതി ഈ നിയമത്തിലൂടെ കൊണ്ടുവരും. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വളരെ അപകടകരമായ ബ്ലൂ ഇക്കണോമിയും 2019-ലെ ഇന്ത്യൻ മത്സ്യബന്ധന നിയമവും സംബന്ധിച്ച് വളരെ ഗൗരവമായി ഇവിടെ ചർച്ച

ചെയ്യണം. അതിന് കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഒരു നിലപാടിനെക്കുറിച്ചുകൂടി പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് സബ്സിഡൈസ് ചെയ്ത് 25 രൂപയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ തീരുമാനിച്ചു. മത്സ്യഫെഡിനെ അതിന്റെ ഏജൻസിയാക്കാൻ നിരവധി തവണ സമ്മർദ്ദം ചെലുത്തി. ഞാനും ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും ഇതുസംബന്ധിച്ച് രണ്ടുതവണ യോഗം ചേർന്നു. കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുന്നില്ല. കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് 25 രൂപയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നമ്മൾ തയ്യാറാണെങ്കിലും, അതിനുവേണ്ടി ഹോൾസെയിൽ ഏജൻസിപോലും സംസ്ഥാനത്തെ മത്സ്യഫെഡിന് നൽകുന്നില്ലെങ്കിൽ കേന്ദ്രഗവൺമെന്റ് സമീപനം നമുക്ക് പറയാതിരിക്കാൻ സാധിക്കുമോ? പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് വലിയതരത്തിൽ ബോട്ടുകളെയും യാനങ്ങളെയും ബാധിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ രണ്ടുവർഷമായി സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഒരുരൂപപോലും നൽകുന്നില്ല. ഇവിടെ സൂചിപ്പിച്ച നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ തീരദേശ മേഖലയിലുണ്ടാകുന്ന അപകടങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്ത് യോജിച്ച തീരുമാനമെടുത്ത് ആവശ്യമായ പ്രക്ഷോഭങ്ങൾ നടത്തണമെന്നാണ് എന്റെ അഭിപ്രായം. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിയെങ്കിലും വേണ്ടരീതിയിൽ അവർ അത് പ്രയോജനപ്പെടുത്തുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ അടുത്ത ദിവസങ്ങളിലുണ്ടായ മരണങ്ങളെല്ലാം ഞാൻ പരിശോധിച്ചു. വിഴിഞ്ഞവും കാസർഗോഡുമടക്കം മരണം സംഭവിച്ച എല്ലാ സ്ഥലങ്ങളും ഞാൻ സന്ദർശിച്ചു. മത്സ്യത്തൊഴിലാളികൾ സുരക്ഷാസംവിധാനങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. അക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. ഇപ്പോൾ കൂടുതൽ സുരക്ഷാ ഉപകരണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ആഴക്കടൽ മത്സ്യബന്ധനവും വളരെ പ്രധാനമാണ്. ഈ മേഖലയിൽ നിരവധി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ മാത്രമുള്ള മത്സ്യബന്ധനംകൊണ്ട് ഇനിയും നമുക്ക് ജീവിക്കാൻ സാധിക്കില്ല. അതുകൊണ്ട് ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ട പുതിയ സംവിധാനങ്ങളെസംബന്ധിച്ച് ആലോചിക്കുകയും അതനുസരിച്ച് മുന്നോട്ടുപോകാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എല്ലാ ഹാർബറുകളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുമുന്നോടിയായി കൊല്ലം ശക്തികുളങ്ങര, അഴീക്കൽ എന്നീ ഹാർബറുകൾ ഞാൻ നേരിട്ട് സന്ദർശിച്ചു. അതിനുവേണ്ട

പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. തലായി ഹാർബറും അന്താരാഷ്ട്ര നിലവാരത്തിൽ സ്റ്റാൻഡേർഡൈസ് ചെയ്യുന്നകാര്യം പരിഗണനയിലാണ്. എല്ലാ ഹാർബറുകളുടെയും കൺട്രോൾ റൂം തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ കണക്ട് ചെയ്യുന്നവിധത്തിലുള്ള സംവിധാനം ആരംഭിച്ചു. ഇടനിലക്കാരെ ഒഴിവാക്കുക എന്നത് ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നയമാണ്. മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യത്തിന് വില ലഭിക്കാതെ അവർ കടുത്ത ചൂഷണത്തിന് ഇരയാവുകയാണ്. അതുകൊണ്ട് ഇടനിലക്കാരെ ഒഴിവാക്കുക എന്ന ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതനയം നടപ്പാക്കുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മത്സ്യ സഹകരണ സ്ഥാപനങ്ങളെപ്പറ്റി ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. ഇവിടെ പറഞ്ഞു. മത്സ്യ സഹകരണ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. അത് പരിഹരിക്കുന്നതിന് മത്സ്യസഹകരണ സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ സമീപനങ്ങളും നിയമങ്ങളുമുണ്ടാക്കും. കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള സമീപനം സ്വീകരിക്കണമെന്ന് ആഗ്രഹിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈന്യമാണെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ. ഇതൊരു തുടർഭരണം മാത്രമല്ല, തുടർച്ചയായ ഭരണമാണ് വരാൻപോകുന്നത് എന്നതിന്റെ സൂചനയാണ്. അതിന്റെ ഭാഗമായി കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ഹാർബറുകളിൽ അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുവേണ്ടി പരിശീലനം നൽകി ചെറുപ്പക്കാരായ മത്സ്യത്തൊഴിലാളികളെ നിയോഗിക്കുന്നതിന് ഒരു സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തും. മാസ്റ്റർ കൺട്രോൾ വഴി ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഇവരെ ഏകോപിപ്പിക്കുന്ന സംവിധാനവും ആലോചിക്കുന്നുണ്ട്. അതുപോലെ ഏറ്റവും പ്രധാനമാണ് ജില്ലാ-വില്ലേജുതല മാനേജുമെന്റ് കൗൺസിൽ, നിലവിൽ ഈ സംവിധാനം മെച്ചപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്.

കുട്ടികളുടെ വിദ്യാഭ്യാസം ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നമാണ്. ഉന്നതവിദ്യാഭ്യാസം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം നൽകുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഡിജിറ്റൽ എഡ്യൂക്കേഷന്റെ കണക്ക് ഞങ്ങളെടുത്തു. തീരദേശത്തെ ഏതാണ്ട് 34000 കുട്ടികൾക്ക് ലാപ്ടോപ്പ്/ടാബ് വിതരണം ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടി ജ്യോതിർഗമയ എന്ന പദ്ധതി ഗവൺമെന്റ് നടപ്പാക്കും. ഈ പദ്ധതിപ്രകാരം മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പ്/ ടാബ് വിതരണം ചെയ്യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ അനാഥരാകില്ല, അവരെ ഏറ്റെടുത്ത് പഠിപ്പിച്ച്, ഈ പദ്ധതി ശക്തിപ്പെടുത്തും. ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും

പൂർത്തീകരിച്ച കുട്ടികൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന തൊഴിൽ മേളകൾ തീരദേശത്തും ജില്ലാ കേന്ദ്രങ്ങളിലും സംഘടിപ്പിക്കും. അതുപോലെ പീലിംഗ് തൊഴിലാളികളുടെ സ്ഥിതിയും അതിദയനീയമാണ്. അവർക്ക് ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻപോലും കഴിയാത്ത അവസ്ഥയാണ്, ഈ മേഖലയിൽ കടുത്ത ചൂഷണമാണ് നടക്കുന്നത്. അതുകൊണ്ട് കേരളത്തിലെ മുഴുവൻ പീലിംഗ് ഷെഡ്ഡുകളും നവീകരിക്കാനുള്ള തീരുമാനമെടുത്ത്, ശക്തമായ ഇടപെടൽ ഈ മേഖലയിൽ നടത്താനാണുദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് കേരളത്തിലെ എല്ലാ മാർക്കറ്റുകളും ആധുനികവൽക്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ 25 മാർക്കറ്റുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള മാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അനുബന്ധ വ്യവസായങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, തൊഴിൽ കൊടുക്കാനുള്ള സംവിധാനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കാനും നിയമവിരുദ്ധമായ മത്സ്യബന്ധനം കർശന നടപടികളിലൂടെ നേരിടാനുമാണുദ്ദേശിക്കുന്നത്. ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് തുടങ്ങിയ വിവിധ വകുപ്പുകൾ ഇപ്പോൾ മത്സ്യമേഖല രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഞാനും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന് യോഗം കൂടി, ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 590 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിലെ തീരമേഖലയിൽ 57 കിലോമീറ്റർ ക്രൂഷ്യൽ പോയിന്റാണ്. അവിടെയാണ് അപകടമരണങ്ങൾ കൂടുതലുണ്ടാകുന്നത്. ജലവിഭവ വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ചേർന്ന് അവിടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ജോയിന്റ് ഇൻസ്പെക്ഷന്റെ ഭാഗമായി സർക്കാർ സഹായത്തോടെ, അടുത്ത അഞ്ചുവർഷംകൊണ്ട് തീരത്തിന്റെ കണ്ണീരിന് പരിഹാരം കാണുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഞങ്ങൾ നടപ്പാക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഉൾനാടൻ മത്സ്യകൃഷി ശക്തിപ്പെടുത്തുവാനാണുദ്ദേശിക്കുന്നത്. ഭവനം നഷ്ടപ്പെട്ടവർക്ക് ഭവനം നൽകുന്ന പ്രധാനപ്പെട്ട പ്രശ്നം ഇവിടെ ഉന്നയിച്ചു. ഭവനം നഷ്ടപ്പെട്ടവർക്കെല്ലാം ഭവനം കൊടുക്കാനുള്ള സംവിധാനമൊരുക്കും. മത്സ്യഭവനുകളെ ശാക്തീകരിക്കും. അതിനുവേണ്ട പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. അതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ഒരു രാഷ്ട്രീയകാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എന്റെ നേതാവായ, ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ സംബന്ധിച്ച വിഷയത്തിലെ സഭാ ബഹിഷ്കരണമാണ് ഇന്നിവിടെ

നടന്നത്. വളരെ സങ്കടകരമായ കാര്യമാണിത്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത നേതാവാണ് ശ്രീ. വി. ശിവൻകുട്ടി. അദ്ദേഹത്തെ ഒരു വിപ്ലവകാരിയും കമ്മ്യൂണിസ്റ്റുമായി രൂപപ്പെടുത്തിയത് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനമാണ്. അദ്ദേഹം എന്താണെന്ന് പ്രതിപക്ഷനേതാക്കൾ തിരിച്ചറിയണമെന്ന അഭിപ്രായം എനിക്കുണ്ട്. വിദ്യാഭ്യാസ രംഗത്ത് കോൺഗ്രസ്സ് നടപ്പാക്കിയ നിലപാടുകൾക്കെതിരായ പോരാട്ടത്തിൽ കൊടിയ മർദ്ദനത്തിന് ഇരയായ വ്യക്തിയാണ് ശ്രീ. വി. ശിവൻകുട്ടി. ആ പോരാട്ടവീര്യം അദ്ദേഹം മരിച്ചാലും നഷ്ടപ്പെടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി അംഗീകരിച്ചുകൊണ്ടുതന്നെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ കാര്യങ്ങൾ പറഞ്ഞു. അതുകൊണ്ടുതന്നെ ശ്രീ. വി. ശിവൻകുട്ടിയെ രാജി വയ്പ്പിക്കുവാൻ പോകുന്നതിനൊപ്പം അദ്ദേഹത്തെ ചൂണ്ടിക്കാട്ടി സി.പി.ഐ.(എം).-നെയും ഇടതുപക്ഷ ഗവൺമെന്റിനെയും ദുർബ്ബലപ്പെടുത്താമെന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ, അത് കേരളത്തിൽ നടപ്പാകില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ബൈ ഇലക്ഷനിലൂടെയാണ് ഞാൻ നിയമസഭയിലേയ്ക്ക് ആദ്യം വന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. രമേശ് ചെന്നിത്തലയുടെയും ബൂത്തുകളിൽ എനിക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. അവർ രണ്ടുപേരും എന്റെ നാട്ടുകാരാണ്. അന്ന് ഞാൻ നിയമസഭയിൽ നടത്തിയ എന്റെ ആദ്യത്തെ പ്രസംഗത്തിൽ ഞാൻ പറഞ്ഞ ഒരുകാര്യം കേട്ടശേഷം എന്താണ് അങ്ങനെ പറഞ്ഞതെന്ന് ശ്രീ. രമേശ് ചെന്നിത്തല എന്നോട് വ്യക്തിപരമായി ചോദിച്ചു. അടുത്ത തെരഞ്ഞെടുപ്പിൽ 100 സീറ്റ് വാങ്ങി തുടർഭരണം വരുമെന്ന് ഞാൻ പ്രഖ്യാപിച്ചു. ഇപ്പോൾ ഞാൻ പറയുന്നു, തുടർഭരണമല്ല, തുടർച്ചയായ ഭരണമായിരിക്കും ഇടതുപക്ഷത്തിന് ലഭിക്കാൻ പോകുന്നത്. ഈ ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.